شاتان تذبحان

രണ്ട് ആടുകൾ അറുക്കപ്പെടും

(ഇൽഹാം മസീഹ് മൗഊദ്)

# രണ്ട് രക്തസാക്ഷിത്വങ്ങളുടെ ആഖ്യാനം

(തദ്കിറത്തുശ്ശഹാദത്തയ്ൻ)

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)
വാഗ്ദത്ത മഹ്ദീ മസീഹ്

# രണ്ട്
# രക്തസാക്ഷിത്വങ്ങളുടെ
# ആഖ്യാനം
## (തദ്കിറത്തുശ്ശഹാദത്തയ്ൻ)


## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)
### വാഗ്ദത്ത മഹ്ദീ മസീഹ്

വിവർത്തകൻ:

**ടി.അഹ്മദ് സഊദ്**



പ്രസാധകർ

**മജ്‌ലിസ് അൻസാറുല്ലാഹ്,**

**കോഴിക്കോട് ജില്ല**

**Randu Rakthasakshithwangalude Akhyanam**
(original URDU- Tadhkiratush-Shahadatain)

By: **Hadhrat Mirza Ghulam Ahmad(A)**
**Promised Mahdi & Messiah**

Malayalam Translation : T.Ahmed Saeed, Kozhikode

Typing : Siddeequa Beebi

Published by : Majlis Ansarullah, Kozhikode Zila

Printed at : Aone Offset Printers, Ramnattukara,Kozhikode

Distributors: Islam International Publications, Kannur, Kerala

Copies: 1000

I[st] Edition: September 2021

Price: 250/-

Our Official WebSite : www.alislam.org

# പ്രസ്താവന

ഹദ്റത്ത് മസീഹ് മൗഊദ്(അ) 1903ൽ രചിച്ച ഗ്രന്ഥമാണിത്. അതിലുള്ള ഉർദു ഭാഗം അഫ്ഗാനിസ്ഥാനിലെ ഖോസ്ത് പ്രവിശ്യയിലെ പൗരപ്രമുഖനായിരുന്ന ഹദ്റത്ത് സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ്(റ)ന്റെയും അദ്ദേഹത്തിന്റെ ശിഷ്യനായ ഹദ്റത്ത് മിയാ അബ്ദുർ റഹ്മാൻ സാഹിബ് (റ)ന്റെയും ശഹാദത്ത് സംഭവങ്ങളുടെ വിവരണമാണ്. അറബി ഭാഗം '**ഇതു ദുആയുടെ സമയമാണ്. യുദ്ധം ചെയ്യാനും ശത്രുക്കളെ വധിക്കാനുമുള്ള സമയമല്ല**', ' **വഹ്‌യുടെ യാഥാർഥ്യവും അതു കരസ്ഥമാക്കാനുള്ള മാർഗങ്ങളെ കുറിച്ചുള്ള വിവരണവും**' , '**ദൈവ സാമിപ്യം നേടിയവരുടെ അടയാളങ്ങൾ**' എന്നീ മൂന്ന് ഉപന്യാസങ്ങൾ അടങ്ങുന്നതാണ്.

അഹ്മദിയ്യാ ജമാഅത്തിലെ ആദ്യ രണ്ടു ശുഹദാക്കളായ ഹദ്റത്ത് മിയാ അബ്ദുർ റഹ്മാൻ സാഹിബ്(റ), ഹദ്റത്ത് സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ്(റ) എന്നിവരുടെ അഹ്മദിയ്യത്ത് സ്വീകരണം, ശഹാദത്ത് സംഭവം എന്നിവയാണ് ഈ ഗ്രന്ഥത്തിലെ മുഖ്യ പ്രതിപാദ്യവിഷയം. ബറാഹീനെ അഹ്മദിയ്യയിൽ രേഖപ്പെട്ടിട്ടുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെളിപാടായ '**രണ്ട് ആടുകൾ ബലി കഴിക്കപ്പെടും. ഭൂമിയിൽ സർവതും നശ്വരമാണ്'**' എന്നതിന്റെ സാക്ഷാൽക്കാരമായിരുന്നു ഈ രണ്ടു രക്തസാക്ഷിത്വങ്ങളും'. ആയതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിന് ഈ സംഭവങ്ങൾ മഹത്തായ ദൃഷ്ടാന്തമെന്നോണമാണ് നടന്നിട്ടുള്ളത്. ഹദ്റത്ത് സാഹിബ് സാദാ അബ്ദുൽ ലത്തിഫ് സാഹിബ്(റ) അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിന് നിദാനമായ എല്ലാ പ്രമാണങ്ങളും അദ്ദേഹം ഇതിൽ വിവരിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ഹദ്റത്ത് ഈസബ്നു മർയമിന്റെ പതിനാറ് സവിശേഷതകളിൽ തനിക്കുള്ള സാദൃശ്യവും സവിസ്തരം ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്.

ശഹാദത്തിന്റെ കരളലിയിക്കുന്ന സംഭവങ്ങൾ വിവരിച്ച ശേഷം അദ്ദേഹം പരലോകജീവിതത്തിനുള്ള തയ്യാറെടുപ്പുകൾ നടത്താനും ദീനിനെ ദുനിയാവിനേക്കാൾ മുന്തിക്കാനും തന്റെ ജമാഅത്തിന്റെ ഉപദേശിക്കുന്നുണ്ട്. കൂടാതെ അഹ്മദിയ്യാ ജമാഅത്തിനെ വ്യതിരിക്തമാക്കുന്ന വിശ്വാസാദർസങ്ങളെ കുറിച്ച് അദ്ദേഹം ചുരുക്കി വിവരിച്ചിട്ടുണ്ട്.

തന്റെ സത്യസാക്ഷ്യത്തിനുള്ള അനേകം പ്രമാണങ്ങൾ സമർപ്പിച്ചതിൽ ഖുർആനികസാക്ഷ്യമായ فَقَدْ لَبِثْتُ فِيْكُمْ عُمُرًا مِّنْ قَبْلِهٖ (വിശുദ്ധ ഖുർആൻ 10:17) എന്നതിനെ ഉദ്ദരിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പറയുന്നു,

*"ഇയാൾ മുമ്പേ തന്നെ കളവും കറ്റുകെട്ടും ശീലമാക്കിയ ആളാണെന്നും, ഇതും ഇയാൾ കളവാണ് പറഞ്ഞിരിക്കുന്നതെന്നും നിങ്ങൾക്ക് തോന്നുമാറ് നിങ്ങൾക്ക് എന്റെ മുൻകാല ജീവിതത്തിൽ ഒരു തരത്തിലുള്ള കളങ്കവും കറ്റു കെട്ടും കളവും വഞ്ചനയും കണ്ടെത്താൻ സാധ്യമല്ല. എന്റെ ജീവിതത്തിൽ എന്തെങ്കിലും കുറ്റം കണ്ടുപിടിക്കാൻ കഴിവുള്ളവർ നിങ്ങളിൽ ആരാണുള്ളത്? ഇത് അല്ലാഹുവിന്റെ അനുഗ്രഹം മാത്രമാണ്. ചിന്തിക്കുന്നവർക്ക് ഒരു തെളി വായിത്തീരാൻ വേണ്ടി അവൻ എന്നെ തുടക്കം മുതൽ തഖ്‌വയിൽ നിലനിർത്തി യിരിക്കുകയാണ്."*

അതുപോലെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ പ്രോജ്ജ്വലമായ ഭാവിയെ കുറിച്ച് ദീർഘദർശനം ചെയ്തുകൊണ്ട് പറയുന്നു, *"അല്ലയോ ജനങ്ങളെ, നിങ്ങൾ കേട്ടു കൊള്ളുക. തന്റെ ഈ ജമാഅത്തിനെ എല്ലാ രാജ്യത്തും വ്യാപിപ്പിക്കുമെന്നത് ആകാശഭൂമികളെ സൃഷ്ടിച്ചവനായ അവന്റെ പ്രവചനമാണ്. ന്യായപൂർത്തികൾ കൊണ്ടും തെളിവുകൾ കൊണ്ടും എല്ലാവരുടെ മേലും അവർക്ക് അവൻ വിജ യം നല്കുന്നതാണ്. ആ ദിവസങ്ങൾ വന്നുകൊണ്ടിരിക്കുന്നു. അല്ല അത് സമീപ ത്തെത്തിയിരിക്കുന്നു. അതായത് ലോകത്ത് ആദരപൂർവം സ്മരിക്കപ്പെടുന്ന ഒരേയൊരു മതം ഇത് മാത്രമായിരിക്കും."*

**1. ഇത് ദുആയുടെ സമയമാണ്. യുദ്ധം ചെയ്യാനും ശത്രുക്കളെ വധിക്കാനു മുള്ള സമയമല്ല.**

ഈ പ്രബന്ധത്തിൽ മസീഹ് മൗഊദ്(അ) ഇസ്‌ലാമിന്റെ പ്രചരണത്തിനു വാളിന്റെ ആവശ്യമില്ലെന്ന് സ്ഥാപിക്കുന്നു. അല്ലാഹു വാഗ്ദത്ത മസീഹിനായി ദുആയെ വാനലോക ആയുധമായി നിർണയിച്ചിരിക്കുകയാണ്. അതു പോലെ വാഗ്ദത്ത മസീഹ് ദു:ആ മുഖേന വിജയം പ്രാപിക്കുമെന്നും പ്രമാണങ്ങളും തെളിവുകളും ആയിരിക്കും അദ്ദേഹത്തിന്റെ ആയുധമെന്നും മുൻപ്രവാചക ന്മാർ പ്രവചിച്ചിട്ടുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ വാദത്തെ പ്രബല പ്പെടുത്താനായി അവതരിപ്പിച്ച സംഗതി, മുസ്‌ലിംങ്ങൾ മതയുദ്ധങ്ങൾ നടത്തണ മെന്ന് ദൈവം ഇച്ഛിച്ചിരുന്നെങ്കിൽ ആയുധ നിർമാണം, യുദ്ധ നിപുണത എന്നി വയിൽ അവർക്ക് അവൻ ഇതരമതസ്ഥരേക്കാൾ കൂടുതൽ പ്രാഗത്ഭ്യം നല്കു മായിരുന്നു എന്നതാണ്. പറയുന്നു,

"انّها ملحمة سلاحها قلم الحديد لا السيف و المدىٰ"

അതായത് സാത്താനുമായി അന്ത്യയുദ്ധത്തിനുള്ള ആയുധം വാളല്ല, മറിച്ച് തൂലികയാണ്.

അതുപോലെ അദ്ദേഹം ഇതിൽ മസീഹ് വാദവും പ്രവാചകത്വവാദവും സമർപ്പി ക്കുകയുണ്ടായി. പ്രവാചകത്വവാദവുമായി ബന്ധപ്പെട്ട് ഉയരുന്ന ഒരു ആരോപ

ണത്തെ കുറിച്ചും അദ്ദേഹം ഇതിൽ പരാമർശിക്കുന്നുണ്ട്. മുഹമ്മദിയ്യ സമുദായ ത്തിൽ വാഗ്ദത്ത മസീഹിനെ അല്ലാതെ സച്ചരിതരായ ഖലീഫമാരെയും മറ്റും പ്രവാചകൻ എന്നു വിളിക്കാത്തതിന്റെ കാരണമെന്താണെന്ന് ഹദ്റത്ത് സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദ്(റ) ചോദിച്ചതായിരുന്നു .

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു , ഖത്തമുന്നുബുവ്വത്തിന്റെ യാഥാർ ഥ്യത്തെ കുറിച്ച് ജനങ്ങളിൽ ആശയക്കുഴപ്പമില്ലാതിരിക്കാൻ വേണ്ടിയാണ് ഖലീഫ മാർക്ക് നബി എന്ന നാമധേയം നല്കാതിരുന്നത്. എന്നാൽ റസൂലുല്ലാഹ്(സ)ന്റെ പ്രവാചകത്വത്തിനു ശേഷം ഒരു ദീർഘകാലം കഴിഞ്ഞു കടന്നതിനാൽ മുഹ മ്മദിയ്യാ പരമ്പരയെ മൂസവിയ്യാ പരമ്പരയുമായി താദാത്മ്യപ്പെടുത്തുന്നതിനായി അല്ലാഹു വാഗ്ദത്ത മസീഹിനെ നബി എന്ന അഭിധാനത്തോടെ അയച്ചിരിക്കുക യാണുണ്ടായത്.

**2. വഹ്‌യുടെ യാഥാർഥ്യവും അത് കരസ്ഥമാക്കാനുള്ള മാർഗങ്ങളെ കുറിച്ചുള്ള വിവരണവും**

ഈ ലഘുപ്രബന്ധത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) യഥാർഥത്തിൽ വഹ്‌യ് കൊണ്ടുള്ള വിവക്ഷ, അത് പ്രാപിക്കുന്നതിനുള്ള വഴികൾ, വഹ്‌യും ഇൽഹാമും നേടുന്നവർക്ക് വേണ്ട സവിശേഷതകൾ എന്നിവയെ സവിശദം പ്രതിപാദിച്ചിരി ക്കുന്നു.

**3. ദൈവസാമീപ്യം നേടിയവരുടെ അടയാളങ്ങൾ**

ഇത് രണ്ടാമത്തെ അറബിപ്രബന്ധത്തിന്റെ തുടർച്ചയാണ്. ഇതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൈവസന്നിധാനത്തിൽ സമീപസ്ഥാനം ലഭിച്ചവരുടെ സർവ സവിശേഷതകളും വളരെ പ്രൗഢമായ അറബിഭാഷയിൽ വിശദാംശങ്ങളോടെ വിവരിച്ചിരിക്കുകയാണ്. അദ്ദേഹം താൻ വാഗ്ദത്ത മസീഹും ദുൽഖർനൈനും ആണെന്ന വാദം ഇതിലും ഉന്നയിച്ചിട്ടുണ്ട്.

**- പ്രസാധകർ**



**വാഗ്ദത്ത മഹ്ദീ മസീഹ്**
**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)**

# വാഗ്ദത്ത മഹ്ദീ മസീഹ്
# ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) 1835 ൽ ഇന്ത്യയിലെ ഖാദിയാൻ (പഞ്ചാബ്) എന്ന ഗ്രാമത്തിൽ ഭൂജാതനായി. അദ്ദേഹം തന്റെ ആരംഭകാലംമുതൽ തന്നെ ദൈവിക ആരാധനകളിലും വിശുദ്ധഖുർആന്റെയും ഇതരഗ്രന്ഥങ്ങളുടെയും പാരായണത്തിൽ വ്യാപൃതനായിരുന്നു. അക്കാലഘട്ടത്തിൽ ഇസ്‌ലാം നാലു ഭാഗത്തു നിന്നും അക്രമിക്കപ്പെടുകയായിരുന്നു. ഈ ശോച്യാവസ്ഥയിൽ ഏറെ ഖിന്നനായിരുന്ന ആ മഹാത്മാവ് ഇസ്‌ലാമിനെ പ്രതിരോധിച്ചു കൊണ്ടും അതിന്റെ പ്രോജ്ജ്വലമായ അധ്യാപനങ്ങളെ പ്രചരിപ്പിച്ചു കൊണ്ടും തൊണ്ണൂറിലധികം ഗ്രന്ഥങ്ങളും ആയിരക്കണക്കിന് കത്തുകളും പ്രസിദ്ധീകരിക്കുകയും നിരവധി മതസംവാദങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്തു. സൃഷ്ടികളും സ്രഷ്ടാവുമായുള്ള ബന്ധം സജീവമാക്കുന്ന ജീവൽമതമാണ് ഇസ്‌ലാമെന്നും ഈ സരണിയിലൂടെ മാത്രമേ മനുഷ്യന് നൈതികവും ആത്മീയവുമായ പരിപക്വത ആർജിക്കാൻ കഴിയുകയുള്ളു എന്നും അദ്ദേഹം വിശദീകരിച്ചു.

അദ്ദേഹം ചെറുപ്രായത്തിൽ  തന്നെ വിശുദ്ധ സ്വപ്നങ്ങളാലും ജാഗ്രതാ ദർശനങ്ങളാലും ദിവ്യഭാഷണങ്ങളാലും അനുഗൃഹീതനായിരുന്നു. ആ ദിവ്യാത്മാവ് ദൈവിക നിർദേശപ്രകാരം 1889ൽ തന്റെ അനുയായികളിൽ നിന്നും ബയ്അത്ത് (അനുസരണ പ്രതിജ്ഞ) സ്വീകരിച്ചുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് അടിത്തറ പാകി. വിവിധ മതാനുയായികൾ പ്രതീക്ഷിക്കുന്ന വാഗ്ദത്ത ലോകോദ്ധാരകനും തിരുനബി(സ)യുടെ പ്രവചനം അനുസരിച്ചുള്ള വാഗ്ദത്ത മഹ്ദീ മസീഹുമായി ദൈവം തന്നെ നിയോഗിച്ചിരിക്കുന്നെന്ന് നിരന്തരമായ  ദിവ്യവാണികളുടെ അടിസ്ഥാനത്തിൽ ആ പുണ്യാത്മാവ് വാദിച്ചു. ഇന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് 200ൽ അധികം രാഷ്ട്രങ്ങളിൽ സ്ഥാപിതമായിരിക്കുന്നു.

1908 ൽ അദ്ദേഹം ദിവംഗതനായി. തുടർന്ന് വിശുദ്ധ ഖുർആന്റെ വാഗ്ദാനവും തിരുനബി(സ)ന്റെ പ്രവചനവും അനുസരിച്ച് യഥാർഥ ഇസ്‌ലാമിക ഖിലാഫത്ത് പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ഈ പ്രസ്ഥാനത്തിന്റെ ആഗോള സാരഥി ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്(അയ്യദഹുല്ലാഹ്) ആകുന്നു.

# തദ്കിറത്തുശ്ശഹാദത്തയ്ൻ

ഇക്കാലത്ത് ആകാശത്തിൻ കീഴിൽ പല തരത്തിലുമുള്ള അതിക്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും ഞാൻ താഴെ വിവരിക്കാൻ പോകുന്ന അതിക്രമം ഹൃദയത്തെ ഉലക്കുന്നതും ശരീരത്തെ വിറകൊള്ളിക്കുന്നതും വേദനാജനകവുമായ ഒരത്യാഹിതമാണ്.

ഈ കാര്യം ക്രമപ്രകാരം വിവരിക്കണമെങ്കിൽ, ആദ്യമായി ഈ കാലഘട്ടത്തിലെ അവസ്ഥയും, ഭൂമിയിൽ പല തരത്തിലുള്ള വഴികേടും പാപങ്ങളും മാർഗ്ഗഭ്രംശങ്ങളും നിറഞ്ഞതായി കണ്ടുകൊണ്ട് അല്ലാഹു എന്നെ സത്യപ്രചാരണത്തിനായും സംസ്കരണത്തിനായും അയച്ച കാര്യം വിവരിക്കേണ്ടത് അത്യാവശ്യമാണ്. ഈ കാലം എന്നാൽ ഈ ലോകത്തെ ജനങ്ങൾ ഹിജ്റ 13ാം നൂറ്റാണ്ട് അവസാനിച്ച് 14ാം നൂറ്റാണ്ടിൽ പ്രവേശിച്ച അവസരമായിരുന്നു. അപ്പോൾ ഞാൻ ദൈവകൽപന അനുസരിച്ചുകൊണ്ട് പൊതുജനങ്ങളിൽ എഴുത്തു മുഖേനയുള്ള വിജ്ഞാപനങ്ങളും പ്രസംഗങ്ങളും കൊണ്ട്, ഈ നൂറ്റാണ്ടിന്റെ ആദ്യത്തിൽ അല്ലാഹുവിൽ നിന്ന് ദീനിന്റെ പുനരുദ്ധാരണത്തിനായും ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടുപോയ സത്യവിശ്വാസം നിലനിർത്തുന്നതിനു വേണ്ടിയും, വരാനുള്ള ആൾ ഞാൻ തന്നെയാണെന്ന് വിളംബരപ്പെടുത്താൻ തുടങ്ങി. അല്ലാഹുവിൽ നിന്ന് ശക്തി കരസ്ഥമാക്കിക്കൊണ്ട് അവന്റെ കയ്യിൽ നിന്നുള്ള ആകർഷണം കൊണ്ടുമാത്രം, ലോകത്തെ സംസ്കരണം, തഖ്‌വ, സന്മാർഗ്ഗം എന്നിവയിലേക്ക് വലിച്ചടുപ്പിക്കുവാനും അവരുടെ വിശ്വാസപരവും കർമ്മപരവുമായ പിഴവുകൾ ദൂരീകരിക്കുവാനും വേണ്ടിയാണ് ഞാൻ വന്നത്. അതിനുശേഷം ചില വർഷങ്ങൾ കഴിഞ്ഞപ്പോൾ ഈ ഉമ്മത്തിലേക്കായി വളരെ മുമ്പേ തന്നെ വാഗ്ദാനം ചെയ്യപ്പെട്ട മസീഹും 1300 വർഷങ്ങൾക്ക് മുമ്പ് നബി തിരുമേനി(സ) സുവിശേഷം നൽകിയതും ഇസ്ലാമിന്റെ അധ:പതനത്തിന്റെയും മാർഗ്ഗഭ്രംശത്തിന്റെയും കാലത്ത്, അല്ലാഹുവിൽ നിന്ന് നേരിട്ട് മാർഗ്ഗദർശനം ലഭിച്ചതും ആ ആകാശീയ ഭക്ഷണത്തളികയെ പുതിയ രൂപത്തിൽ മനുഷ്യരുടെ മുമ്പിൽ സമർപ്പിക്കുന്നതിനായി അല്ലാഹുവിന്റെ തഖ്ദീർ നിശ്ചയിച്ചതുമായ ആ അവസാനത്തെ മഹ്ദിയും ഞാൻ തന്നെയാണെന്ന് ദൈവീകഭാഷണം മു

ഖേന എന്റെ മേൽ വിശദമായി വ്യക്തമാക്കപ്പെട്ടു. ദിവ്യഭാഷണങ്ങളും ദൈവീക സംബോധനകളും തുടർച്ചയായി ഈ കാര്യത്തിൽ ഉണ്ടാവുകയും ഒരു സംശയത്തിനും ഇടയില്ലാത്തവിധം ഈ കാര്യം സ്പഷ്ടമാക്കുകയും ചെയ്തു. ഓരോ വഹ്‌യും ഒരു ഉരുക്കുദണ്ഡു പോലെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങി. എല്ലാ ദിവ്യഭാഷണങ്ങളും മഹത്തായ പ്രവചനങ്ങളാൽ പൂരിതമായിരുന്നു. അവ പകൽവെളിച്ചം പോലെ പൂർത്തിയാവുകയും ചെയ്തു. അവയുടെ തുടർച്ചയും ആധിക്യവും ദിവ്യശക്തികളുടെ പ്രഭാവവുമെല്ലാം തന്നെ യാതൊരു പങ്കുകാരനുമില്ലാത്ത ദൈവത്തിന്റെ വചനങ്ങളാണെന്ന് ഏറ്റുപറയാൻ എന്നെ നിർബന്ധിതനാക്കി. അവന്റെ വചനസമാഹരങ്ങളാണ് വിശുദ്ധ ഖുർആനും. ഞാനിവിടെ തൗറാത്തിന്റെയും ഇഞ്ചീലിന്റെയും പേരെടുത്തു പറയുന്നില്ല. കാരണം, തൗറാത്തും ഇഞ്ചീലും മാറ്റത്തിരുത്തലുകൾ ചെയ്യുന്നവരുടെ കൈയ്യേറ്റങ്ങൾക്ക് വിധേയമായതിനാൽ ഇപ്പോൾ ഈ ഗ്രന്ഥങ്ങളെ ദൈവീക വചനങ്ങളെന്ന് പറയാൻ സാധ്യമല്ല. ചുരുക്കത്തിൽ അല്ലാഹുവിൽ നിന്ന് എന്റെ മേൽ ഇറങ്ങിയ സ്പഷ്ടവും വ്യക്തവുമായ ആ വഹ് യുകൾ മുഖേന ഞാൻ എന്റെ ദൈവത്തെയാണ് കണ്ടിരിക്കുന്നത്. ആ വഹ്‌യുകൾ ആകാശീയ അടയാളങ്ങൾ മുഖേന ഹഖുൽ യഖീന്റെ സ്ഥാനത്ത് എത്തി. എന്നുമാത്രമല്ല, അതിന്റെ ഓരോ ഭാഗവും അല്ലാഹുവിന്റെ വചനങ്ങളായ വിശുദ്ധ ഖുർആനുമായി ഒത്തു നോക്കുമ്പോൾ അവയ്ക്കനുസൃതമായിട്ടുള്ളതാണെന്ന് വ്യക്തമാവുകയും ചെയ്തു. അതിനെ സാക്ഷ്യപ്പെടുത്തികൊണ്ട് മഴപോലെ ആകാശീയ അടയാളങ്ങൾ വർഷിച്ചു. ആ ദിവസങ്ങളിൽ തന്നെ റമളാൻ മാസത്തിൽ സൂര്യനും ചന്ദ്രനും ഗ്രഹണം സംഭവിച്ചു. ഈ മഹ്ദിയുടെ കാലത്ത് റമളാൻ മാസത്തിൽ സൂര്യനും ചന്ദ്രനും ഗ്രഹണം ഉണ്ടാകുമെന്ന് എഴുതപ്പെട്ടിട്ടുണ്ട്. അതേപോലെ, അക്കാലത്ത് പഞ്ചാബിൽ വ്യാപകമായി പ്ലേഗ് രോഗം പടർന്നു. വിശുദ്ധ ഖുർആനിൽ ഈ കാര്യം വിവരിക്കുകയും മുൻകാലത്തെ നബിമാർ ആ കാലഘട്ടത്തിൽ മാരകരോഗങ്ങൾ പൊട്ടിപ്പുറപ്പെടുമെന്ന വിവരവും നൽകിയിട്ടുണ്ട്. ഒരു ഗ്രാമവും പട്ടണവും ആ കെടുതിയിൽ നിന്ന് രക്ഷ പ്രാപിക്കുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. ആകയാൽ, അങ്ങിനെ തന്നെ സംഭവിച്ചു. ഇപ്പോൾ അങ്ങിനെ തന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നു. പ്ലേഗ് രോഗത്തിന്റെ യാതൊരുവിധ അടയാളവും ഇല്ലാതിരുന്ന കാലത്ത് ഏകദേശം 22 വർഷം മുമ്പ് പ്ലേഗ് പൊട്ടിപ്പുറപ്പെടുമെന്ന വിവരം അല്ലാഹു എന്നെ അറിയിച്ചിരുന്നു. ഇത്

സംബന്ധമായ പരാമർശങ്ങൾ തുടർച്ചയായി പലപ്പോഴും ഉണ്ടായികൊണ്ടിരുന്നു. അങ്ങിനെ താഴെ ചേർത്ത വഹ്‌യുകളിൽ എന്നെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു ഇപ്രകാരം പറഞ്ഞു:

اتیٰ امر الله فلا تستعجلوه بشارة تلقاها النبیون. ان اللّٰه مع الذین اتقوا والذین هم محسنون. انه قوی عزیز. وانه غالب علی امره ولکن اکثرالناس لایعلمون. انما امره اذا اراد شیئًا ان یقول له کن فیکون. ا تفرّون منی وانا من المجرمین منتقمون. یقولون ان هذا الا قول البشر و اعانه علیه قوم اٰخرون. جاهل او مجنون. قل ان کنتم تحبون اللّٰه فاتبعونی یحببکم اللّٰه. انا کفیناک المستهزئین. انی مهین من اراد اهانتک. وانی معین من اراد اعانتک. وانی لایخاف لدیّ المرسلون. اذا جاء نصراللّٰه والفتح وتمت کلمة ربک هذا الذی کنتم به تستعجلون. واذا قیل لهم لا تفسدوا فی الارض قالوا انما نحن مصلحون. الا انهم هم المفسدون. وان یتخذونک الاهزوا اهٰذا الذی بعث اللّٰه بل اتیناهم بالحق فهم للحق کارهون. وسیعلم الذین ظلموا ایّ منقلبٍ ینقلبون. سبحانهٗ وتعالیٰ عمایصفون. ویقولون لست مرسلاً. قل عندی شهادة من اللّٰه فهل انتم تؤمنون. انت وجیهٌ فی حضرتی. اخترتک لنفسی. اذا غضبتَ غضبتُ وکلما احببتَ احببتُ. یحمدک اللّٰه من عرشه. یحمدک اللّٰه ویمشی الیک. انت منی بمنزلة لَا یعلمها الخلق. انت منی بمنزلة توحیدی وتفریدی. انت من ماء نا وهم من فشل. الحمدللّٰه الذی جعلک المسیح ابن مریم. وعلمک مالم تعلم. قالوا انّٰی لک هٰذا قل هواللّٰه عجیب لارآدّ لفضلهٖ. لایسئل عمایفعل وهم یسئلون. ان ربک فعّال لما یرید خلق اٰدم فاکرمه. اردت ان استخلف فخلقت اٰدم. وقالوا ا تجعل فیها من یفسد فیها قال انی اعلم ما لا تعلمون. یقولون ان هذا الااختلاق. قل اللّٰه ثم ذرهم فی خوضهم یلعبون. وبالحق انزلناه وبالحق نزل. ومماارسلناک الارحمة للعالمین. یا احمدی انت مرادی ومعی. سرّک سرّی. شانک عجیب واجرک قریب. انی انرتک واخترتک یاتی علیک زمن کمثل زمن موسیٰ. ولا تخاطبنی فی الّذین ظلموا انهم مغرقون. ویمکرون ویمکراللّٰه واللّٰه خیرالماکرین. انه کریم تمشّی امامک وعادی لک من عادی وسوف

يعطيك ربّك فترضٰى. انا نرث الارض ناكلها من اطرافها. لتنذرقومًا ما انذراٰباء هم ولتستبين سبيل المجرمين. قل انى امرت وانا اوّل المومنين. قل يوحٰى اليّ انما اِلٰهكم الٰه واحد. والخيركله فى القراٰن. لايمسه الا المطهرون. فبايّ حديث بعده تؤمنون يريدون ان لايتم امرك. واللّٰه يابى الاان يتم امرك. وماكان اللّٰه ليتركك حتّٰى يميز الخبيث من الطيب. هوالذى ارسل رسوله بالهدىٰ ودين الحق ليظهره على الدين كله وكان وعداللّٰه مفعولا. انّ وعداللّٰه اتى. وركل وركى. يعصمك اللّٰه من العدا. ويسطو بكل من سطا.حلّ غضبه على الارض. ذٰلك بما عصوا وكانوا يعتدون. الامراض تشاع والنفوس تضاع. امرمن السماءِ. امرمن اللّٰه العزيز الاكرم. ان اللّٰه لايغيّرما بقومٍ حتّٰى يغيروا ما بانفسهم. انه اوى القرية. لَاعَاصم اليوم الااللّٰه. اصنع الفلك باعيننا ووحينا. انه معك ومع اهلك. انى احافظ كل من فى الدار. الاالذين علوا من استكبار واحافظك خاصة. سلام قولًا من رب رّحيم. سلام عليكم طبتم. وامتازوا اليوم ايهاالمجرمون. انى مع الرسول اقوم وافطر و اصوم والوم من يلوم. واعطيك مايدوم. واجعل لك انوار القدوم. ولن ابرح الارض الى الوقت المعلوم. انى انا الصاعقة وانى انا الرحمٰن ذواللطف والندىٰ.

"അല്ലാഹുവിന്റെ കൽപന ഇതാ വരുന്നു! അത്കൊണ്ട് നിങ്ങൾ ധൃതിപ്പെടേണ്ട. പ്രവാചകന്മാർക്ക് ലഭിച്ചുവന്നിട്ടുള്ള സുവാർത്തയാണിത്. സൂക്ഷ്മത കൈകൊള്ളുകയും നന്മ ചെയ്യുകയും ചെയ്യുന്നവരാരോ, തീർച്ചയായും അല്ലാഹു അവരുടെ കൂടെയാകുന്നു. (തീർച്ചയായും അവൻ പ്രബലനും പ്രതാപവാനുമാകുന്നു.) അവൻ തന്റെ കാര്യം പൂർത്തിയാക്കുന്നതിൽ എല്ലാവരേയും ജയിക്കുന്നവനാകുന്നു. പക്ഷെ, ജനങ്ങളിൽ ബഹുഭൂരിഭാഗവും കാര്യമറിയുന്നില്ല. തീർച്ചയായും അവൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാവുക എന്ന് മാത്രമാണ് അവന്റെ കൽപന. അങ്ങിനെ ഒരു കാര്യം നടപ്പിലാകുന്നു. നിങ്ങൾ എന്നിൽ നിന്ന് ഓടി അകലുകയാണോ? നാം കുറ്റവാളികളോട് പ്രതിക്രിയ ചെയ്യുന്നവനാണ്. ഇത് കേവലം, മനുഷ്യന്റെ വാക്കുകളാണെന്നും അതിന് മറ്റൊരു കൂട്ടർ അവനെ സഹായിച്ചിട്ടുണ്ടെന്നും അവർ പറയുന്നു. (ഇയാൾ) വിവരദോഷിയോ ഭ്രാന്തനോ ആണെന്ന് (അവർ പറയുന്നു). പറയുക, നിങ്ങൾ അല്ലാ

ഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്. പരിഹസിക്കുന്നവർക്കെതിരെ തീർച്ചയായും നാം നിനക്ക് മതിയായവനാകുന്നു. നിന്നെ ഇകഴ്ത്താൻ ഉദ്ദേശിക്കുന്നവനെ നാം ഇകഴ്ത്തുന്നതാണ്. നിന്നെ സഹായിക്കാൻ ഉദ്ദേശിക്കുന്നവനെ നാം സഹായിക്കുന്നതാണ്. എന്റെ സന്നിധിയിൽ ദൂതന്മാർ ഭയപ്പെടുകയില്ല. അല്ലാഹുവിന്റെ സഹായവും വിജയവും വരികയും നിന്റെ നാഥന്റെ വചനം പൂർത്തിയാവുകയും ചെയ്യുമ്പോൾ നിങ്ങൾ ധൃതികാണിച്ചത് ഇതിന് വേണ്ടിത്തന്നെയാണെന്ന് പറയപ്പെടും. നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കരുതെന്ന് പറയപ്പെടുമ്പോൾ തങ്ങൾ നന്മ പ്രവർത്തിക്കുന്നവർ മാത്രമാണെന്ന് അവർ പറയും. അറിയുക! തീർച്ചയായും അവർ തന്നെയാണ് നാശകാരികൾ. അവർ നിന്നെ പരിഹസിക്കുക മാത്രമാണ് ചെയ്യുന്നത്. ഇവനെയാണൊ അല്ലാഹു നിയമിച്ചത് എന്ന് പരിഹസിച്ചുകൊണ്ട് അവർ ചോദിക്കുന്നു. എന്നാൽ നാം അവർക്ക് സത്യമാണ് നൽകിയത്. അവർ സത്യം ഗ്രഹിക്കാൻ ഇഷ്ടപ്പെടുന്നില്ല. അക്രമം പ്രവർത്തിച്ചവർ ഏത് സ്ഥലത്തേക്കാണ് തിരിച്ചു ചെല്ലുക എന്ന് താമസിയാതെ അറിയുന്നതാണ്. അവൻ പരിശുദ്ധനാണ്. അവർ വിശേഷിപ്പിക്കുന്നതിൽ നിന്നെല്ലാം അവൻ പരിശുദ്ധനാണ്. അവർ വിശേഷിപ്പിക്കുന്നതിൽ നിന്നെല്ലാം അവൻ ഉന്നതനുമാണ്. നീ ദൂതനല്ല എന്നവർ പറയുന്നു. പറയുക, എന്റെയടുത്ത് അല്ലാഹുവിൽ നിന്നുള്ള സാക്ഷ്യം ഉണ്ടാകുന്ന പക്ഷം നിങ്ങൾ വിശ്വാസികളായിത്തീരുമോ? നീ എന്റെ സമക്ഷത്തിൽ ആദരണീയനാണ്. എനിക്കായി ഞാൻ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു. നീ ആരോടെങ്കിലും കോപിക്കുമ്പോൾ ഞാനും അവനോട് അനിഷ്ടം പ്രകടിപ്പിക്കുന്നു. നീ ഇഷ്ടപ്പെടുന്ന എല്ലാറ്റിനേയും ഞാനും ഇഷ്ടപ്പെടുന്നു. അല്ലാഹു തന്റെ സിംഹാസനത്തിൽ ഇരുന്നുകൊണ്ട് നിന്നെ വാഴ്ത്തുന്നു. അല്ലാഹു നിന്നെ വാഴ്ത്തുകയും നിന്നിലേക്ക് നടന്നടുക്കുകയും ചെയ്യുന്നു. നീ എന്നിൽ നിന്നാണ്. ഒരു സൃഷ്ടിയും അറിയാത്ത സ്ഥാനത്താണ് നീ. നീ എന്നിൽ നിന്നാണ്. എന്റെ തൗഹീദിന്റെയും ഏകത്വത്തിന്റെയും പോലെയുള്ള സ്ഥാനത്താണ് നീ. നീ നമ്മുടെ വെള്ളത്തിൽ നിന്നും അവർ ഭീരുത്വത്തിൽ നിന്നുമാണ്. നിന്നെ മസീഹ്ബ്നു മറിയം ആയി നിയോഗിക്കുകയും നീ അറിയാതിരുന്നത് നിന്നെ പഠിപ്പിക്കുകയും ചെയ്ത അല്ലാഹുവിനാണ് സർവ്വ സ്തുതിയും. 'ഈ പദവി നിനക്ക് എവിടെ നിന്ന് കിട്ടി?' എന്നവർ ചോദിക്കുന്നു. പറയുക, അല്ലാഹു അത്ഭുതമുള്ളവ

നാണ്. അവന്റെ അനുഗ്രഹങ്ങളെ തടയുന്നവൻ ആരുമില്ല. അവന്റെ ചെയ്തികളെപ്പറ്റി അവൻ ചോദിക്കപ്പെടുകയില്ല. എന്നാൽ ജനങ്ങൾ ചോദിക്കപ്പെടും. തീർച്ചയായും നിന്റെ നാഥൻ താൻ ഉദ്ദേശിക്കുന്ന തെന്തും(നിർവിഘ്നം) പ്രവർത്തിക്കുന്നവനാകുന്നു. അവൻ ആദമിനെ സൃഷ്ടിക്കുകയും അവന് ആദരവ് നൽകുകയും ചെയ്തു. ഇക്കാലത്ത്,ഞാൻ ഭൂമിയിൽ ഖലീഫയെ നിയമിക്കാൻ തീരുമാനിച്ചു. അതിനാൽ ആദമിനെ സൃഷ്ടിച്ചു. അവർ  പറഞ്ഞു, അവിടെ കുഴപ്പമുണ്ടാക്കുന്നവരെ നീ നിശ്ചയിക്കുകയാണോ? അവൻ പറഞ്ഞു: നിശ്ചയമായും നിങ്ങൾ അറിയാത്തത് ഞാൻ അറിയുന്നുണ്ട്. ഇത് കറ്റുകെട്ട് മാത്രമാണെന്ന് അവർ പറയുന്നു. പറയുക, അല്ലാഹുവാണ് ഈ പ്രസ്ഥാനത്തെ സ്ഥാപിച്ചിട്ടുള്ളത്. എന്നിട്ട് അവരുടെ വ്യർത്ഥസംസാരങ്ങളിൽ വിനോദിക്കുന്നവരായി അവരെ വിട്ടേയ്ക്കുക. സത്യപൂർണ്ണമായ നിലയിൽ നാം ഇത് അവതരിപ്പിച്ചിരിക്കുന്നു. സത്യപൂർണ്ണമായ നിലയിൽ അത് ഇറങ്ങുകയും ചെയ്തിരിക്കുന്നു. സർവ്വലോകങ്ങൾക്കും അനുഗ്രഹമായിട്ടല്ലാതെ നാം നിന്നെ അയച്ചിട്ടില്ല. അല്ലയോ എന്റെ അഹ്മദ്! നീ എന്റെ ഉദ്ദേശ്യമാണ്. എന്റെ കൂടെയാണ്. നിന്റെ രഹസ്യം എന്റെ രഹസ്യമാണ്. നിന്റെ മഹത്വം അത്ഭുതാവഹമാണ്. നിനക്കുള്ള പ്രതിഫലം അടുത്തെത്തിക്കഴിഞ്ഞിരിക്കുന്നു. ഞാൻ നിന്നെ പ്രകാശപൂരിതനാക്കിയിരിക്കുന്നു. ഞാൻ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു. മൂസായുടെ കാലഘട്ടം പോലെയൊരു കാലഘട്ടം നിന്റെ മേലും വരാനിരിക്കുന്നു. അധർമ്മം പ്രവർത്തിച്ചവരുടെ കാര്യത്തിൽ നീ എന്നോട് ഒന്നും സംസാരിക്കരുത്. തീർച്ചയായും അവർ മുക്കിക്കൊല്ലപ്പെടുന്നവരാണ്. അവർ തന്ത്രം പ്രയോഗിക്കുകയായിരുന്നു. അല്ലാഹു മറുതന്ത്രം പ്രയോഗി ക്കുകയായിരുന്നു. തന്ത്രം പ്രയോഗിക്കുന്നവരിൽ ഏറ്റവും ഉത്തമനാണ് അല്ലാഹു. അവൻ നിന്റെ മുമ്പിലായി നടക്കുന്ന ആദരണീയനാണ്. നിന്നോട് ശത്രുത പുലർത്തുന്നവരെ അവൻ ശത്രുവായി കാണുന്നു. നിന്റെ നാഥൻ തീർച്ചയായും നിനക്ക് പല അനുഗ്രഹങ്ങളും നൽകും. അപ്പോൾ നീ തൃപ്തനായിത്തീരും. തീർച്ചയായും നാം ഭൂമിയുടെ അവകാശിയായി തീരുന്നതാണ്. അതിന്റെ അറ്റങ്ങൾ മുതൽ നാം അതിനെ ചുരുക്കികൊണ്ടിരിക്കുകയും ചെയ്യുന്നതാണ്, നീ ഒരു ജനതയ്ക്ക് മുന്നറിയിപ്പ് നൽകപ്പെടുന്നതിനുവേണ്ടി. അവരുടെ പൂർവ്വപിതാക്കൾക്ക് മുന്നറിയിപ്പ് നൽകപ്പെട്ടിട്ടില്ല. കുറ്റവാളികളുടെ മാർഗ്ഗം വേർതിരിച്ചു വ്യക്തമാകുന്നതിനുവേണ്ടി. പറയുക, ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. ഞാൻ

വിശ്വാസികളിൽ ഒന്നാമനുമാണ്. പറയുക: നിങ്ങളുടെ ദൈവം ഒരേയൊരു ദൈവമാണെന്ന് എനിക്ക് ദിവ്യസന്ദേശം നൽകപ്പെട്ടിരിക്കുന്നു. എല്ലാവിധ നന്മകളും വിശുദ്ധ ഖുർആനിൽ ഉണ്ട്. പരിശുദ്ധരാക്കപ്പെട്ടവരല്ലാതെ ഇതിനെ സ്പർശിക്കുകയില്ല. ഇനി ഇതിനപ്പുറം ഏതൊരു വചനത്തിലാണ് അവർ വിശ്വസിക്കുക? നിന്റെ കാര്യം പൂർത്തിയാക്കരുത് എന്ന് അവർ ഉദ്ദേശിക്കുന്നു. എന്നാൽ നിന്റെ കാര്യം പൂർണ്ണതയിലെത്തിക്കാനാണ് അല്ലാഹു ഇച്ഛരിക്കുന്നത്. നല്ലതും ചീത്തയും വേർതിരിക്കുന്നതുവരെ അല്ലാഹു നിന്നെ വിട്ടുകളയുകയില്ല തന്നെ. തന്റെ ദൂതനെ (അതായത് ഈ വിനീതനെ) നേർമാർഗ്ഗത്തോടും സത്യമതത്തോടും കൂടി അയച്ചവനത്രെ അവൻ. അവൻ അതിനെ എല്ലാ മതങ്ങളുടേയും മേൽ വിജയിപ്പിക്കുന്നതിനുവേണ്ടി. അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തീകരിക്കപ്പെടുക തന്നെ ചെയ്യും. അല്ലാഹുവിന്റെ വാഗ്ദാനം വരിക തന്നെ ചെയ്യും. അല്ലാഹുവിന്റെ വാഗ്ദാനം വന്നു. അവൻ ഒരു കാൽ ഭൂമിയിൽ വെക്കുകയും ദോഷം പരിഹരിക്കുകയും ചെയ്തു. അല്ലാഹു നിന്നെ ശത്രുക്കളിൽ നിന്ന് രക്ഷിക്കും. ആക്രമണത്തിന്റെ വഴിയിലൂടെ നിന്നെ ആക്രമിക്കുന്നവനെ അല്ലാഹു ആക്രമിക്കുന്നതാണ്. അവന്റെ കോപം ഭൂമിയിൽ ഇറങ്ങി. അത് അവർ ആജ്ഞ ലംഘിച്ചതുകൊണ്ടും അതിരു കവിഞ്ഞു പ്രവർത്തിച്ചതു കൊണ്ടുമാണ്. മഹാമാരികൾ പടരും. ജീവനുകൾ നഷ്ടപ്പെടും. ഇത് ആകാശത്തിൽ നിന്നുള്ള കൽപനയാണ്. ഇത് പ്രതാപവാനും ആദരണീയനുമായ അല്ലാഹുവിൽ നിന്നുള്ള കൽപനയാണ്. ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് സ്വയം മാറ്റം വരുത്തുന്നതു വരെ അവരുടെ സ്ഥിതിക്ക് അല്ലാഹു മാറ്റം വരുത്തുന്നില്ല. നിശ്ചയമായും അവൻ ഈ പട്ടണത്തെ അതായത് ഖാദിയാനെ അൽപം പരീക്ഷണങ്ങൾക്ക് ശേഷം❖ രക്ഷിക്കുന്നതാണ്. ഇന്ന് അല്ലാഹുവല്ലാതെ രക്ഷക

---

❖ കഠിനമായ പ്രയാസങ്ങളിൽ നിന്നും പരീക്ഷണങ്ങളിൽ നിന്നും ഒരാൾക്ക് അഭയം നൽകുകയും അധികമായ വിഷമങ്ങളിൽ നിന്നും നഷ്ടങ്ങളിൽ നിന്നും രക്ഷിക്കുക എന്നുള്ളതിനുമാണ് 'അവാ' എന്ന വാക്ക് അറബിഭാഷയിൽ ഉപയോഗിക്കപ്പെടാറുള്ളത്. ഉദാഹരണമായി അല്ലാഹു പറയുന്നു,'اَلَمْ یَجِدْكَ یَتِیْمًا فَاٰوٰی'. ഇതേ പ്രകാരം വിശുദ്ധഖുർആനിലുടനീളം എവിടെയെല്ലാം ഏതെങ്കിലും വ്യക്തിക്കോ സമുദായത്തിനോ കഠിനമായ വിഷമഘട്ടങ്ങൾക്ക് ശേഷം സമാധാനം നൽകപ്പെട്ടതായ പരാമർശമുണ്ടോ അവിടെയെല്ലാം 'ആവാ' , 'അവാ' എന്നീ വാക്കുകളാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നത്.

നായി മറ്റൊരുമില്ല. ആ കപ്പൽ നമ്മുടെ കൺ മുമ്പാകെയും നമ്മുടെ അറിയിപ്പ് പ്രകാരവും നിർമ്മിക്കുക. അവൻ നിന്റേയും നിന്റെ കുടുംബത്തിന്റേയും കൂടെയാണ്. നിശ്ചയമായും നിന്റെ വീട്ടിലുള്ള വരെയെല്ലാം ഞാൻ സംരക്ഷിക്കുന്നതുമാണ്. അഹങ്കാരം കാരണം പൊങ്ങച്ചം കാണിച്ചവരെ കൂടാതെ, പ്രത്യേകിച്ച്, നിന്നെ ഞാൻ സംരക്ഷിക്കുന്നതാണ്. തികച്ചും സമാധാനം. കരുണാമയനായ നിന്റെ നാഥന്റെ വാക്കുകളാണിത്. നിങ്ങളുടെ മേൽ സമാധാനം ഉണ്ടാകട്ടെ. നിങ്ങൾ സന്തോഷിക്കുകയും ചെയ്യുക. കുറ്റവാളികളെ, ഇന്ന് സ്വയം വേർതിരിയുക. നിശ്ചയമായും ഞാൻ എന്റെ ദൂതനോടൊപ്പം നില കൊള്ളുകയും നോമ്പ് നോൽക്കുകയും തുറക്കുകയും ചെയ്യുന്നു. ആക്ഷേപിക്കുന്നവനെ ഞാൻ ആക്ഷേപിക്കുന്നതാണ്. സുദീർഘകാലം നിലനിൽക്കുന്ന കാര്യം ഞാൻ നിനക്ക് നൽകും. എന്റെ പ്രഭാവത്തിന്റെ പ്രകാശം നിന്നിൽ വെക്കും. നിശ്ചിതസമയം വരുംവരെ ഞാൻ ഭൂമിയിൽനിന്ന് വിട്ടുനിൽക്കുകയില്ല. നിശ്ചയമായും ഞാൻ ശിക്ഷിക്കുന്നവനാണ്. ഞാൻ തന്നെയാണ് പരമകാരുണികനും കരുണാമയനും പൊറുത്തുകൊടുക്കുന്നവനും.”

## രണ്ട് ശുഹദാക്കളെക്കുറിച്ചുള്ള സംഭവവിവരണം

നിരന്തരം അല്ലാഹുവിന്റെ വഹ്‌യുകൾ എന്റെ മേൽ ഇറങ്ങിക്കൊണ്ടിരുന്ന ആ ദിവസങ്ങളിൽ മഹത്തായതും ശക്തമായതുമായ അടയാളങ്ങൾ വെളിപ്പെടുകയും വാഗ്ദത്ത മസീഹാണ് ഞാനെന്നുള്ള എന്റെ വാദം തെളിവുകൾ സഹിതം ലോകത്ത് പ്രചരിക്കുകയും ചെയ്തപ്പോൾ കാബൂളിന്റെ അതിർത്തിപ്രദേശമായ ‘ഖോസ്ത്‘ എന്ന സ്ഥലത്തെ മഹാനായ ഒരു സഹോദരൻ, അദ്ദേഹത്തിന്റെ പേര് ‘മൗലവി അബ്ദുൽ ലത്തീഫ്’ എന്നാണ്, അദ്ദേഹത്തിന് യാദൃശ്ചികമായി എന്റെ ഗ്രന്ഥങ്ങൾ ലഭിച്ചു. ബുദ്ധിപരവും പ്രമാണപരവുമായ എല്ലാ തെളിവുകളും ദൈവീകസഹായങ്ങളും തുടങ്ങി ഞാൻ ആ ഗ്രന്ഥങ്ങളിലെഴുതിയതെല്ലാം തന്നെ അദ്ദേഹത്തിന്റെ കൺമുമ്പിലൂടെ കടന്നുപോയി. ആ മഹാൻ അങ്ങേയറ്റം ആന്തരീക പരിശുദ്ധിയാർജ്ജിച്ച വ്യക്തിയും ജ്ഞാനിയും ബുദ്ധിമാനും ദൈവഭക്തനും ദൈവഭയമുള്ള ആളുമായിരുന്നതിനാൽ ഈ തെളിവുകളെല്ലാം തന്നെ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ശക്തമായ പ്രതികരണം സൃഷ്ടിക്കുകയും ഈ വാദത്തെ സാക്ഷ്യപ്പെടുത്തുന്ന കാര്യത്തിൽ അദ്ദേഹത്തിന്ന് ഒരു ബുദ്ധിമുട്ടും നേരിടുകയും ചെയ്തില്ല. അദ്ദേഹത്തിന്റെ പരിശുദ്ധമായ സാമാന്യബുദ്ധി ഒരു തടസ്സവും കൂടാതെ

ഈ വ്യക്തി അല്ലാഹുവിൽ നിന്നുള്ള ആളാണെന്നും ഈ വാദങ്ങളെല്ലാം സത്യമാണെന്നും അംഗീകരിക്കുകയുമുണ്ടായി. അതിനു ശേഷം അദ്ദേഹം എന്റെ ഗ്രന്ഥങ്ങളെയെല്ലാം അങ്ങേയറ്റത്തെ സ്നേഹത്തോടുകൂടി നോക്കുവാൻ തുടങ്ങി. അങ്ങനെ അദ്ദേഹത്തിന്റെ ആത്മാവ് ശുദ്ധമായ അവസ്ഥയിലും പൂർണ്ണ തയ്യാറെടുപ്പോടും കൂടി എന്നിലേക്ക് ആകർഷിക്കപ്പെട്ടു. ഏത് വരെയെന്നാൽ, ഞാനുമായി കണ്ടുമുട്ടാതെ ദൂരെ കഴിഞ്ഞുകൂടുക എന്നുള്ളത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അസഹ്യമായിത്തീർന്നു. അവസാനം ഈ അനിതരസാധാരണമായ ആകർഷണത്തിന്റെയും പ്രേമത്തിന്റെയും ആത്മാർത്ഥതയുടേയും ഫലമായി ഈ ഉദ്ദേശത്തോടുകൂടി അദ്ദേഹം കാബൂൾ ഭരണകൂടത്തിൽ നിന്നും അനുവാദം കിട്ടുന്നതിനും ഹജ്ജ് ചെയ്യുന്നതിനും വേണ്ടിയുള്ള ഉറച്ച തീരുമാനത്തോടുകൂടി കാബൂൾ അമീറിനോട് ഈ യാത്രക്കായി അപേക്ഷിക്കുകയുണ്ടായി. കാബൂൾ അമീറിന്റെ ദൃഷ്ടിയിൽ അദ്ദേഹം മഹാനായ ഒരു പണ്ഡിതനും പണ്ഡിതന്മാരുടെ തലവനുമായി പരിഗണിക്കപ്പെട്ടിരുന്നതിനാൽ അദ്ദേഹത്തിന് അനുവാദം കിട്ടി എന്ന് മാത്രമല്ല അദ്ദേഹത്തിന് പണം നൽകി സഹായിക്കുകയും ചെയ്തു. അങ്ങിനെ അദ്ദേഹം അനുവാദം കരസ്ഥമാക്കിയശേഷം ഖാദിയാനിൽ എത്തി. ആരുടെ കയ്യിലാണോ എന്റെ ജീവൻ ഉള്ളത് ആ ദൈവത്തെ മുൻനിർത്തി ഞാൻ സത്യം ചെയ്തു പറയുകയാണ് അദ്ദേഹവുമായി ഞാൻ കണ്ടുമുട്ടിയപ്പോൾ അദ്ദേഹത്തിന് എന്നോടുള്ള അനുസരണത്തിലും എന്റെ വാദങ്ങൾ അംഗീകരിക്കുന്നതിലും പൂർണ്ണമായും എന്നിൽ ലയിക്കുന്നവനായും കാണപ്പെട്ടത് ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അസാദ്ധ്യമാണ്. അത്തർ നിറച്ച കുപ്പി കണക്കെ എന്നോടുള്ള പ്രേമത്താൽ അദ്ദേഹം കാണപ്പെട്ടു. പ്രകാശമാനമായ അദ്ദേഹത്തിന്റെ ഹൃദയവും പ്രകാശപൂരിതമാണെന്ന് എനിക്ക് മനസ്സിലാകുന്നുണ്ടായിരുന്നു. ആ മഹാനിൽ അസൂയ ഉളവാക്കുന്ന ഒരു പ്രത്യേക സവിശേഷത, അദ്ദേഹം യഥാർത്ഥത്തിൽ ദീനിനെ ദുനിയാവിനെക്കാൾ മുന്തിക്കുന്നു എന്നതായിരുന്നു. വാസ്തവത്തിൽ അദ്ദേഹം ദൈവത്തെ ഭയന്നുകൊണ്ട് തന്റെ തഖ്വയെയും ദൈവീക അനുസരണത്തേയും അതിന്റെ പാരമ്യത്തിൽ എത്തിക്കുന്ന സാത്വികരായ മഹത്തുക്കളിൽപ്പെട്ട ആളായിരുന്നു. ദൈവത്തെ സന്തോഷിപ്പിക്കുവാനും അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും വേണ്ടി തന്റെ ജീവനെയും മാനത്തെയും ധനത്തെയുമെല്ലാം പാഴ്വസ്തുക്കളെപ്പോലെ ഉപേക്ഷിക്കാൻ തയ്യാ

റായി പുറപ്പെട്ട ആളായിരുന്നു. അദ്ദേഹത്തിന്റെ വർധിതമായ വിശ്വാസശക്തിയെ ഞാൻ ഏറ്റവും ഉയർന്ന ഒരു പർവ്വതത്തോട് ഉപമിക്കുകയാണെങ്കിൽ എന്റെ ഈ ഉപമ അപൂർണ്ണമായിപ്പോ കുമോ എന്നുപോലും ഞാൻ ഭയപ്പെടുന്നു. ജനങ്ങളിൽ ഭൂരിപക്ഷ വും ബൈഅത്തിന് ശേഷവും എന്റെ വാദങ്ങളെ അംഗീകരിച്ചതിന് ശേഷവും ദുനിയാവിനെ ദീനിനുമേൽ മുന്തിക്കുക എന്ന വിഷമ യമായ ബീജത്തിൽ നിന്നും പൂർണ്ണമായും മോചിതരാകുന്നില്ല എന്നുമാത്രമല്ല, അതിന്റെ ചെറിയൊരു കലർപ്പെങ്കിലും അവരിൽ ശേഷിച്ചുപോകാറുണ്ട്. ജീവന്റെ കാര്യത്തിലായാലും മാനത്തിന്റെ കാര്യത്തിലായാലും ധനത്തിന്റെ കാര്യത്തിലായാലും സ്വഭാവ ത്തിന്റെ കാര്യത്തിലായാലും ഒരു ഗോപ്യമായ ലുബ്ദ് അവരുടെ അപൂർണ്ണ ആത്മാവുകളിൽ കാണപ്പെടുന്നു. അത്കൊണ്ട് തന്നെ അവരെ സംബന്ധിച്ച് പലപ്പോഴും എന്റെ അവസ്ഥ ഞാനെന്തെ ങ്കിലും ദീനിസേവനങ്ങൾ അവരെ ഏൽപിക്കുന്നത് അവർക്ക് ഒരു പരീക്ഷണമായി തീർന്നേക്കുമോ എന്നും ആ സേവനത്തെ തങ്ങ ളുടെ മേലുള്ള ഭാരമായി മനസ്സിലാക്കിക്കൊണ്ട് അവർ തങ്ങളുടെ ബൈഅത്തിൽ നിന്ന് പിൻതിരിഞ്ഞുപോകുമോ എന്നും ഭയന്നു കൊണ്ടാണ്. എന്നാൽ, പരേതനായ ആ മഹാനെ ഞാൻ ഏത് വാക്കുകളിലാണ് പുകഴ്ത്തേണ്ടത്. അദ്ദേഹം തന്റെ ധനത്തെയും മാനത്തെയും ജീവനെയും എന്നെ അനുസരിക്കുന്നതിന് വേണ്ടി ഒരു പാഴ്വസ്തു വലിച്ചെറിയുന്നതുപോലെ ഉപേക്ഷിക്കുകയാണ് ചെയ്തത്. ജനങ്ങളിൽ ഭൂരിപക്ഷം പേരെയും ഞാൻ കണ്ടത് അവ രുടെ ആദ്യവും അവസാനവും ഒരുപോലെ അല്ലാത്ത രീതിയി ലാണ്. നിസ്സാരമായ പൈശാചിക പ്രേരണകളും പിഴവുകളും ദുസ്സ ഹവാസവും പലപ്പോഴും അവരെ വീഴ്ത്തിക്കളയുകയാണ് ചെയ്യു ന്നത്. എന്നാൽ പരേതനായ ആ വീരപുരുഷന്റെ സ്ഥിരചിത്തത ഞാൻ വിവരിക്കുകയാണെങ്കിൽ ഏത് വാക്കുകളിലാണ് ഞാൻ വിവ രിക്കേണ്ടത്? അദ്ദേഹം ദൃഢവിശ്വാസമാകുന്ന പ്രകാശത്തിൽ ഒരോ നിമിഷവും മുന്നേറിക്കൊണ്ടേയിരുന്നു. അദ്ദേഹം എന്റെയടുത്ത് വന്നപ്പോൾ, ഏതെല്ലാം തെളിവുകളുടെ അടിസ്ഥാനത്തിലാണ് താങ്കൾ എന്നെ തിരിച്ചറിഞ്ഞതെന്ന് ഞാൻ അദ്ദേഹത്തോട് ചോ ദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു, 'ഒന്നാമതായി വിശുദ്ധ ഖുർ ആൻ തന്നെയാണ് താങ്കളിലേക്ക് എനിക്ക് മാർഗ്ഗദർശനം നൽകി യത്.' തുടർന്ന് അദ്ദേഹം പറഞ്ഞു, "നാം ഉള്ള ഈ കാലത്തെ ക്കുറിച്ച് വ്യക്തമായി മനസ്സിലാക്കിയ പ്രകൃതത്തിലുള്ള ഒരാളായി

രുന്നു ഞാൻ. ഈ കാലത്തെ ഭൂരിപക്ഷ മുസ്‌ലിംകളും ഇസ്‌ലാമികമായ ആത്മീയതയിൽനിന്ന് വളരെയധികം ദൂരപ്പെട്ടു കിടക്കുകയാണ്. അവർ തങ്ങളുടെ നാവ് കൊണ്ട് തങ്ങൾ വിശ്വസിച്ചെന്ന് പറയുന്നുണ്ടെങ്കിലും അവരുടെ ഹൃദയങ്ങൾ വിശ്വാസികളുടേതല്ല. അവരുടെ വാക്കുകളും പ്രവൃത്തികളും അനാചാരങ്ങളിലും ശിർക്കിലും വിവിധങ്ങളായ പാപങ്ങളിലും നിറഞ്ഞുനിൽക്കുകയാണ്. അതേപ്പോലെ ബാഹ്യമായ ആക്രമണങ്ങളും അതിന്റെ പാരമ്യത്തിലെത്തി നിൽക്കുകയാണ്. ഭൂരിപക്ഷം ഹൃദയങ്ങളും അന്ധകാരമാകുന്ന മറകളിൽ ബോധവും ചലനവുമില്ലാതെ മരിച്ചവരെപ്പോലെ ആയിത്തീർന്നിരിക്കുകയാണ്. നബി തിരുമേനി(സ) കൊണ്ടുവന്ന ദീനും തഖ്‌വയും, സ്വഹാബാക്കൾക്ക് അത്മുഖേന നൽകപ്പെട്ട അധ്യാപനങ്ങളും, ആ പരിശുദ്ധ സംഘത്തിന് ലഭ്യമായ സത്യവും ദൃഢവിശ്വാസവും ഈമാനും ഇപ്പോൾ ഗുരുതരമായ അനാസ്ഥ കാരണം നഷ്ടപ്പെട്ടുപോയിരിക്കുകയാണ്. അതിൽ എന്തെങ്കിലും ശേഷിക്കുന്നുണ്ടെങ്കിൽ തന്നെ ഇല്ലാത്തതിന് തുല്യമാണ്. അതേപ്പോലെ ഇസ്‌ലാം ഒരു മൃതാവസ്ഥയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണെന്നും അദൃശ്യതയിൽ നിന്ന് ആരെങ്കിലും ദൈവത്തിൽ നിന്നുള്ള പരിഷ്ക്കർത്താവായി ആവിർഭവിക്കുവാനുള്ള സമയം വന്നിരിക്കുന്നുവെന്നും ഞാൻ മനസ്സിലാക്കിയിരുന്നു. അതുമാത്രമല്ല, ഈ കാലം അതീവ ശോചനീയമായിക്കൊണ്ടിരിക്കുകയാണെന്ന എന്റെ പരിഭ്രമം ദിവസം കഴിയുന്തോറും വർദ്ധിച്ചുകൊണ്ടേയിരുന്നു. ഈ ദിവസങ്ങളിലാണ് ഒരാൾ പഞ്ചാബ് നാട്ടിലെ ഖാദിയാനിൽ വാഗ്ദത്ത മസീഹാണെന്ന് വാദിച്ചു എന്ന ശബ്ദം എന്റെ കർണ്ണപുടങ്ങളിൽ വന്നുപതിച്ചത്. അങ്ങനെ ഞാൻ വളരെ പ്രയാസപ്പെട്ട് അദ്ദേഹത്തിന്റെ ചില ഗ്രന്ഥങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. നീതിബോധത്തോടുകൂടി അവയിൽ വിചിന്തനം നടത്തുകയും പിന്നീട് വിശുദ്ധ ഖുർആനുമായി ആ കാര്യങ്ങൾ താരതമ്യം ചെയ്യുകയും ചെയ്തപ്പോൾ വിശുദ്ധ ഖുർആൻ അവയിൽ പരാമർശിക്കപ്പെട്ട ഓരോ കാര്യത്തെയും സാക്ഷ്യപ്പെടുത്തുന്നതായി കണ്ടു. അങ്ങിനെ ആദ്യമായി എന്നെ ഇതിലേക്ക് പ്രേരിപ്പിച്ച കാര്യം ഈസാ(അ) മരിച്ചുപോയെന്നും ഇനി തിരിച്ചുവരികയില്ലെന്നുമുള്ള വിശുദ്ധ ഖുർആന്റെ പരാമർശം ഒരു വശത്തും, മറുവശത്ത് മൂസവി സമുദായത്തിനനുസൃതമായി ഈ ഉമ്മത്തിന്റെയും പ്രയാസങ്ങളുടെയും മാർഗ്ഗഭ്രംശങ്ങളുടെയും കാലഘട്ടത്തിൽ മൂസവി ഉമ്മത്തിനെ പുന: സ്ഥാപിക്കാനും നിലനിർത്താനും വേണ്ടി അയക്കപ്പെട്ട ഖലീഫമാരുടെ

രൂപത്തിൽ ഈ ഉമ്മത്തിലും ഖലീഫമാർ അയക്കപ്പെടുമെന്നുമുള്ള വാഗ്ദാനവുമാണ്. അവരിൽ ഈസാ(അ) മൂസവി ഉമ്മത്തിൽ അവസാനമായി ആവിർഭവിച്ച ഖലിഫയായിരുന്നു. അതേപോലെ അദ്ദേഹം യുദ്ധങ്ങൾക്കായി നിയോഗിക്കപ്പെട്ട ഖലീഫയുമായിരുന്നില്ല. അതിനാൽ അദ്ദേഹത്തിന്റെ രൂപത്തിൽതന്നെ ഈ ഉമ്മത്തിലും അവസാനകാലത്ത് ഒരാൾ ആഗതനാകുമെന്ന് ദൈവീക വചനങ്ങളിൽ നിന്ന് തീർച്ചയായും മനസ്സിലാക്കപ്പെടുന്നു."

ഇതുപോലുള്ള പല വൈജ്ഞാനികവും ബുദ്ധിപരവുമായ വചനങ്ങൾ അദ്ദേഹത്തിന്റെ വായിൽ നിന്നും ഞാൻ കേട്ടു. അവയിൽ ചിലതെല്ലാം ഓർമ്മയിലുണ്ട്. ചിലതെല്ലാം മറന്നുപോയി. അദ്ദേഹം കുറേ മാസങ്ങൾ എന്റെ കൂടെ താമസിച്ചു. അദ്ദേഹത്തിന് എന്റെ വാക്കുകളിൽ എത്രത്തോളം താൽപര്യമുണ്ടായി എന്നുവെച്ചാൽ, അദ്ദേഹം എന്റെ വാക്കുകൾക്ക് ഹജ്ജിനെക്കാളും മുൻഗണന നൽകി. അദ്ദേഹം പറഞ്ഞു, "സത്യവിശ്വാസത്തെ ബലപ്പെടുത്തുന്ന ഇത്തരം ജ്ഞാനങ്ങൾ എനിക്ക് ആവശ്യമാണ്. ജ്ഞാനത്തിന് കർമ്മത്തിന് മേൽ മുൻഗണനയുണ്ട്." അങ്ങിനെ അദ്ദേഹം പൂർണ്ണമായും സന്നദ്ധനാണെന്ന് കണ്ട ഞാൻ എന്റെ കഴിവിന്റെ പരമാവധി എനിക്കറിയാവുന്ന വൈജ്ഞാനിക അറിവുകളെല്ലാം അദ്ദേഹത്തിന്റെ ഹൃദയത്തിലേക്ക് പകർന്നുകൊടുത്തു. അദ്ദേഹത്തെ ഇത്തരത്തിൽ കാര്യങ്ങൾ ഗ്രഹിപ്പിച്ചുകൊണ്ട് പറഞ്ഞു, നോക്കൂ, വിശുദ്ധ ഖുർആനിൽ വളരെ വ്യക്തമായ രീതിയിൽ അല്ലാഹു പറയുന്നു.

إِنَّآ أَرْسَلْنَآ إِلَيْكُمْ رَسُولًا شَاهِدًا عَلَيْكُمْ كَمَآ أَرْسَلْنَآ إِلَىٰ فِرْعَوْنَ رَسُولًا ﴿١٦﴾*

ഇതിന്റെ അർത്ഥം ഇപ്രകാരമാണ്. 'നാം ഒരു റസൂലിനെ നിങ്ങളുടെ മേൽ സാക്ഷിയാക്കിക്കൊണ്ട്, അതായത് എത്രത്തോളം മോശമായ അവസ്ഥയിലാണ് നിങ്ങൾ എന്നതിന് സാക്ഷിയായികൊണ്ട് ഫിർഔനിലേക്ക് അയക്കപ്പെട്ട റസൂലിനെപ്പോലെ നിങ്ങളിലേക്കും ഒരു റസൂൽ അയക്കപ്പെട്ടിരിക്കുന്നു.' ഈ ആയത്തിൽ അല്ലാഹു നമ്മുടെ നബിതിരുമേനി(സ)യെ മൂസാനബിക്ക് സദൃശ്യനായി പ്രഖ്യാപിച്ചിരിക്കുകയാണ്. അതിനുപുറമെ സൂറ:നൂറിൽ മുഹമ്മദിയ്യാ ഖിലാഫത്ത് പരമ്പരയെ മൂസവിയ്യാ ഖിലാഫത്ത് പരമ്പരയുമായി സാദൃശ്യപ്പെടുത്തിപ്പറഞ്ഞിരിക്കുകയാണ്. ആയതിനാൽ ഈ സദൃശ്യം സ്ഥിരീകരിക്കപ്പെടണമെങ്കിൽ ഏറ്റവും കുറഞ്ഞത് ഈ രണ്ട് പര

* വിശുദ്ധ ഖുർആൻ 73:16,

മ്പരകളുടേയും ആദ്യത്തിലും അവസാനത്തിലും സദൃശ്യത പ്രകട മാകേണ്ടത് നിർബന്ധമാണ്. അതായത്, ഈ പരമ്പരയുടെ ആദ്യ ത്തിൽ മൂസായുടെ സദൃശ്യനും ഈ പരമ്പരയുടെ അവസാനത്തിൽ ഈസായുടെ സദൃശ്യനും ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണ്. നമ്മുടെ എതിരാളികളായ പണ്ഡിതന്മാർ ഇസ്ലാമിക പരമ്പര യുടെ തുടക്കം മൂസാ(അ)യുടെ സദൃശ്യനാൽ ആരംഭിച്ചെന്ന് സമ്മ തിക്കുന്നുണ്ടെങ്കിലും ഈ പരമ്പരയുടെ അവസാനത്തിൽ ഈസ യുടെ സദൃശ്യനായിരിക്കുമെന്ന കാര്യം തങ്ങളുടെ ദുർവാശി കാര ണം സ്വീകരിക്കുന്നില്ല. അങ്ങിനെയാകുമ്പോൾ അവർ ബോധ പൂർവ്വം വിശുദ്ധഖുർആനെ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്. നബി തിരുമേനി(സ)യെ മൂസാ(അ)യുടെ സദൃശ്യനായിട്ടാണ് വിശുദ്ധ ഖുർആൻ പ്രഖ്യാപിച്ചതെന്നത് സത്യമല്ലേ? അതേപോലെ നബി തിരുമേനി(സ) മൂസാ(അ)യുടെ സദൃശ്യനാണെന്ന് പ്രഖ്യാപിക്കുക മാത്രമല്ല كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ* എന്ന ആയത്തിൽ മുഹമ്മദി യ്യാ ഖിലാഫത്തിന്റെ പരമ്പരയെ മൂസവിയ്യാ ഖിലാഫത്തിന്റെ പരമ്പ രയുമായി ഖുർആൻ സാദൃശ്യപ്പെടുത്തിപ്പറഞ്ഞതുമെന്നതും സത്യ മല്ലേ? ആകയാൽ ഈ വീക്ഷണത്തിൽ സ്പഷ്ടമാകുന്നത്, ഇസ്ലാ മിക ഖിലാഫത്ത് പരമ്പരയുടെ അവസാനത്തിൽ ഈസാ(അ)യു ടെ ഒരു സദൃശ്യൻ ഉണ്ടാവേണ്ടത് അനിവാര്യമാണെന്നാണ്. ആദ്യ വും അവസാനവും തമ്മിലുള്ള സാദൃശ്യം വ്യക്തമാക്കുന്നത് മുഴു വൻ പരമ്പരയും തമ്മിലുള്ള സാദൃശ്യത്തെയാണ്. അതുകൊണ്ടാ ണ് അല്ലാഹുവിന്റെ പരിശുദ്ധ നബിമാരുടെ ഗ്രന്ഥങ്ങളിലെല്ലാ യിടത്തും ഈ രണ്ട് സദൃശ്യങ്ങളിൽ ഊന്നൽ നൽകിയിരിക്കുന്നത്. മാത്രമല്ല, ആദ്യത്തിലും അവസാനത്തിലുമുള്ള ശത്രുക്കളുടെ സാദൃശത്തെപോലും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി, അബൂജഹലിനെ ഫിർഔനുമായി സാദൃശ്യപ്പെടുത്തിപ്പറയുകയും അവസാന കാലത്തെ മസീഹിന്റെ ശത്രുക്കളെ കോപത്തിന് പാത്ര മായ യഹൂദികളോട് ഉപമിക്കുകയും ചെയ്തിട്ടുണ്ട്.

'كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ' എന്ന ആയത്തിൽ സൂചിപ്പിച്ചിരിക്കു ന്നത്, ഈ ഉമ്മത്തിലെ അവസാനത്തെ ഖലീഫ നബിതിരുമേ നി(സ)ന് ശേഷം, മൂസാ(അ)ക്ക് ശേഷം ഈസാ(അ) വന്ന അതേ കാലഘട്ടത്തിന് തുല്യമായ കാലത്ത് വരുമെന്നാണ്. അതായത്

---

* വിശുദ്ധ ഖുർആൻ 24:56

പതിനാലാം നൂറ്റാണ്ടിൽ. കാരണം 'കമാ' എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്ന സാദൃശ്യം കാലഘട്ടത്തിന്റെ സദൃശ്യത്തിലും ഉൾപ്പെട്ടിരിക്കുന്നു. ഈസബ്നുമറിയം(അ) തന്റെ നുബുവ്വത്ത് വാദം നടത്തിയ കാലഘട്ടം ഹദ്റത്ത് മൂസാ(അ)യുടെ പതിനാലാം നൂറ്റാണ്ട് കാലഘട്ടത്തിലായിരുന്നു എന്ന കാര്യത്തിൽ യഹൂദികളിലെ എല്ലാ വിഭാഗങ്ങളും ഏകാഭിപ്രായക്കാരാണ്. ക്രിസ്ത്യാനികളിൽ പ്രൊട്ടസ്റ്റന്റ് വിഭാഗക്കാർ കരുതുന്നത് മൂസാ(അ)ക്ക് ശേഷം 15ാം നൂറ്റാണ്ടിൽ കുറച്ച് വർഷങ്ങൾ കഴിഞ്ഞതിനുശേഷമാണ് ഹദ്റത്ത് ഈസാ(അ) നുബുവ്വത്ത് വാദം നടത്തിയത് എന്നാണ്. പ്രൊട്ടസ്റ്റന്റ്കാരുടെ ഈ വാദത്തിന് യഹൂദികളുടെ ഏകകണ്ഠമായ അഭിപ്രായത്തിനു മുമ്പിൽ യാതൊരു വിലയുമില്ല തന്നെ. അവരുടെ ഈ വാദത്തിന്റെ വിശ്വാസ്യത തെളിഞ്ഞാൽ പോലും ചെറിയൊരു വ്യത്യാസം കൊണ്ട് സാദൃശ്യതയിൽ ഒരു ഭംഗവും വരുന്നില്ല. പോരാത്തതിന് സാദൃശ്യത എന്നതിന് അൽപം വ്യത്യാസം ഉണ്ടാവേണ്ടത് തന്നെയാണ്. അതേപോലെ തന്നെ വിശുദ്ധ ഖുർആന്റെ വീക്ഷണത്തിൽ, മുഹമ്മദിയ്യാ പരമ്പരയും മൂസവിയ്യാ പരമ്പരയും തമ്മിൽ എല്ലാവിധ നന്മയിലും തിന്മയിലും തന്നെ സാദൃശ്യത വെച്ചു പുലർത്തുന്നുണ്ട്. ഈ കാര്യത്തിലേക്കാണ് താഴെ കൊടുക്കുന്ന ആയത്തുകളിൽ സൂചനയുള്ളത്. ഒരിടത്ത് യഹൂദികളെക്കുറിച്ച് എഴുതിയിരിക്കുന്നത് * فَيَنْظُرَ كَيْفَ تَعْمَلُوْنَ എന്നും മറ്റൊരിടത്ത് മുസ്ലിംകളെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ** لِنَنْظُرَ كَيْفَ تَعْمَلُوْنَ എന്നുമാണ്. ഈ രണ്ട് ആയത്തുകളുടേയും അർത്ഥം 'അല്ലാഹു നിങ്ങൾക്ക് ഖിലാഫത്തും ഭരണവും നൽകിയതിനു ശേഷം നിങ്ങൾ നേർമാർഗ്ഗത്തിൽ എത്രത്തോളം നിലനിൽക്കുന്നു എന്ന കാര്യം അവൻ നോക്കികാണുമെന്നാണ്'. ഈ ആയത്തുകളിൽ യഹൂദികൾക്ക് വേണ്ടി ഉപയോഗിച്ച പദം തന്നെയാണ് മുസ്ലിംകൾക്ക് വേണ്ടിയും ഉപയോഗിച്ചത്. അതായത് ഒരേ ആയത്തിന്റെ കീഴിൽ തന്നെ രണ്ടു കൂട്ടരേയും ഉൾപ്പെടുത്തിയിരിക്കുകയാണ്. അല്ലാഹു മുസ്ലിംകളിൽ ചിലരെ യഹൂദികളായി പ്രഖ്യാപിച്ചതിന് ഈ ആയത്തുകളെക്കാൾ മറ്റെന്ത് തെളിവാണ് വേണ്ടത്? ഇതിൽ വളരെ വ്യക്തമായി സൂചിപ്പിച്ചിരിക്കുന്നത് യഹൂദികൾ അതായത് അവരുടെ പണ്ഡിതന്മാർ എന്തെല്ലാം തിന്മകളാണ് സ്വായത്തമാക്കി

---

* വിശുദ്ധ ഖുർആൻ 7:130 , * വിശുദ്ധ ഖുർആൻ 10:15

യത് അതേ പോലെ ഈ ഉമ്മത്തിലെ പണ്ഡിതന്മാരും ആ തിന്മകളിൽ ഉൾപ്പെടുമെന്നാണ്. ഇതേയൊരു ആശയമാണ് غَيْرِ الْمَغْضُوبِ عَلَيْهِمْ * എന്ന ആയത്ത് സൂചിപ്പിക്കുന്നത്. കാരണം, ആ ആയത്തിൽ مَغْضُوبِ عَلَيْهِمْ എന്നതു കൊണ്ടുള്ള വിവക്ഷ യഹൂദികളാണെന്നും ഹദ്റത്ത് ഈസാ(അ)യെ നിഷേധിച്ച കാരണത്താൽ അവരുടെ മേൽ കോപം ഇറങ്ങിയിരുന്നു എന്നുമാണ് എല്ലാ വ്യാഖ്യാതാക്കളുടേയും ഏകകണ്ഠമായ അഭിപ്രായം. സഹീഹായ ഹദീസുകളിൽ مَغْضُوبِ عَلَيْهِمْ എന്നത് കൊണ്ട് വിവക്ഷിച്ചിരിക്കുന്നത് യഹൂദികളാണെന്നും അവർ ഈ ലോകത്ത് വെച്ച് തന്നെ ദൈവകോപത്തിന് പാത്രീഭൂതരായിരുന്നു എന്നുമാണ്. യഹൂദികളെ مَغْضُوبِ عَلَيْهِمْ ആക്കുവാനായി ഹദ്റത്ത് ഈസാ(അ)യുടെ നാവിൽ നിന്ന് ശാപവചനങ്ങൾ പുറപ്പെട്ടിരുന്നു എന്ന് വിശുദ്ധ ഖുർആൻ സാക്ഷ്യം വഹിക്കുന്നു. അതിനാൽ വളരെ വ്യക്തമായും സ്പഷ്ടമായും مَغْضُوبِ عَلَيْهِمْ എന്നത് കൊണ്ടുള്ള വിവക്ഷ ഹദ്റത്ത് ഈസാ(അ)യെ കുരിശിലേറ്റി കൊല്ലാൻ ശ്രമിച്ച യഹൂദികൾ തന്നെയാണ്. 'അല്ലാഹുവേ, ഈസാ(അ)യെ വധിക്കാൻ ശ്രമിച്ച യഹൂദികളെപ്പോലെ ഞങ്ങളെ ആക്കരുതേ' എന്ന ദുആ അല്ലാഹു നമ്മെ പഠിപ്പിച്ച കാര്യം വ്യക്തമായി പറഞ്ഞു തരുന്നത് മുഹമ്മദിയ്യാ ഉമ്മത്തിലും ഒരു ഈസാ ജനിക്കുമെന്നാണ്. അല്ലെങ്കിൽ ഈ ദുആയുടെ ആവശ്യം എന്തായിരുന്നു? കൂടാതെ മേൽ ഉദ്ധരിച്ച ആയത്തിൽ നിന്നും വ്യക്തമാകുന്നത്, ഒരു കാലത്ത് മുസ്‌ലിം പണ്ഡിതന്മാർ, യഹൂദി പണ്ഡിതന്മാർക്ക് സദൃശ്യരായിത്തീരുമെന്നും യഹൂദികളായിപ്പോകുമെന്നുമാണ്. എന്നിട്ട് ഈ യഹൂദികളെ സംസ്കരിക്കുന്നതിനായി 'ഇസ്രായേലി ഈസാ', ആകാശത്ത് നിന്ന് ഇറങ്ങുമെന്നത് തികച്ചും ബുദ്ധിക്ക് യോജിക്കാത്ത കാര്യമാണ്. കാരണം ഒന്നാമതായി പുറത്ത് നിന്ന് ഒരു നബി വരുന്നത് കൊണ്ട് 'ഖത്തമുന്നുബുവ്വത്തിന്റെ മുദ്ര'യാണ് തകർന്നു പോകുന്നത്. വിശുദ്ധ ഖുർആൻ വളരെ വ്യക്തമായി നബി(സ)യെ ഖാത്തമുൽ അമ്പിയാ ആയാണ് പ്രഖ്യാപിക്കുന്നത്. അതിനു പുറമെ, വിശുദ്ധ ഖുർആൻ ഈ ഉമ്മത്തിനെ കുറിച്ച് ശ്രേഷ്ഠസമുദായമാണെന്ന് പറയുന്നുണ്ട്. അങ്ങനെയാകുമ്പോൾ, യഹൂദികളായിത്തീരാൻ ഈ സമുദായവും, എന്നാൽ അവരെ ഉദ്ധരിക്കാനുള്ള ഈസാ പുറത്ത് നിന്നാണ് വരിക എന്ന വിശ്വാസവും എത്ര ലജ്ജാകരമാണ്. ഏതെ

* വിശുദ്ധ ഖുർആൻ 1:8

ങ്കിലും കാലത്ത് ഈ ഉമ്മത്തിലെ ഭൂരിപക്ഷം പണ്ഡിതന്മാർ യഹൂദികളായിത്തീരുമെന്നത്, അതായത് യഹൂദി സ്വഭാവക്കാരായിത്തീരുമെന്നുള്ള കാര്യം സത്യമാണെങ്കിൽ പിന്നെ ആ യഹൂദികളെ ശരിയാക്കാനായി പുറത്ത് നിന്ന് ഒരു ഈസാ വരികയില്ല എന്നതും സത്യമാണ്. മറിച്ച്, ചില ആളുകളുടെ പേര് 'യഹൂദ്' എന്ന് വെക്കപ്പെടുന്നപ്പോലെ തന്നെ, ഒരാളുടെ പേർ 'ഈസാ'എന്ന് വെക്കപ്പെടുകയായിരിക്കും ഉണ്ടാവുക. ഖുർ ആനിലും ഹദീസിലും ഈ ഉമ്മത്തിലെ ചിലരുടെ പേർ 'യഹൂദ്' എന്ന് വെക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം നിഷേധിക്കാൻ സാധ്യമല്ല. ഇതുതന്നെയാണ് غَيْرِ الْمَغْضُوْبِ عَلَيْهِمْ ※ എന്ന ആയത്തിൽ നിന്ന് വ്യക്തമാകുന്നത്. കാരണം, ഈ ഉമ്മത്തിലെ ചിലർ യഹൂദികളായി മാറുന്നില്ല. എങ്കിൽപ്പിന്നെ ഒരിക്കലും തന്നെ ഈ ദുആ പഠിപ്പിക്കില്ലായിരുന്നു. ലോകത്ത് അല്ലാഹുവിന്റെ ഗ്രന്ഥങ്ങൾ ആവിർഭവിച്ചത് മുതൽ അല്ലാഹുവിന്റെ ഭാഷാശൈലി ഏതെങ്കിലും സമുദായത്തെ ഏതെങ്കിലും കാര്യത്തിൽ നിന്ന് തടയാനായി അവൻ പറയുന്നത്, ഉദാഹരണമായി, നിങ്ങൾ വ്യഭിചരിക്കരുത്, മോഷ്ടിക്കരുത് അല്ലെങ്കിൽ യഹൂദികളായിത്തീരരുത് എന്നൊക്കെയാണ്. ഇത്തരം നിരോധനങ്ങളിൽ ഒരു പ്രവചനം അടങ്ങിയിരിക്കുന്നു. അതായത് അവരിൽ ചിലർ ഇത്തരം കുറ്റങ്ങളിൽ ചെന്നുപെടാൻ സാധ്യതയുണ്ടെന്നാണ്. അല്ലാഹു ഏതെങ്കിലും ഒരു സമൂഹത്തെയോ സമുദായത്തെയോ, ഏതെങ്കിലും ചെയ്യാത്ത കാര്യങ്ങളെ തൊട്ട് വിരോധിച്ചതായും പിന്നീട് അവരെല്ലാവരും തന്നെ അതിൽ നിന്ന് ഒഴിഞ്ഞു നിന്നതുമായുള്ള ഉദാഹരണം സമർപ്പിക്കാൻ ലോകത്ത് ഒരു വ്യക്തിക്കും തന്നെ സാധ്യമല്ല. മറിച്ച്, ചിലരെങ്കിലും തീർച്ചയായും ഇത്തരം ചെയ്തികൾക്ക് വശംവദരായിത്തീരാറുണ്ട്. തൗറാത്തിൽ അല്ലാഹു യഹൂദികളോട് നിങ്ങൾ തൗറാത്തിൽ ഒരുവിധ മാറ്റത്തിരുത്തലുകളും നടത്തരുതെന്ന് കൽപിച്ചിരുന്നു. എന്നാൽ ആ കൽപനയുടെ ഫലം ഇതായിരുന്നു. ചില യഹൂദികൾ തൗറാത്തിൽ മാറ്റത്തിരുത്തലുകൾ നടത്തുകയുണ്ടായി. വിശുദ്ധ ഖുർആനിൽ അല്ലാഹു മുസ്‌ലിംകളോട് നിങ്ങൾ വിശുദ്ധ ഖുർആനിൽ മാറ്റത്തിരുത്തലുകൾ നടത്തരുതെന്ന് ഒരിടത്തും കൽപിച്ചിട്ടില്ല. മറിച്ച്, അവൻ പറഞ്ഞത് ※※ اِنَّا نَحْنُ نَزَّلْنَا الذِّكْرَ وَ اِنَّا لَهٗ لَحٰفِظُوْنَ എന്നാണ്. അതായത് 'നാം തന്നെയാണ് വിശുദ്ധ ഖുർആനെ ഇറക്കിയത് നാം

※ **വിശുദ്ധ ഖുർആൻ 1:8, ※ ※ വിശുദ്ധ ഖുർആൻ 15:10**

തന്നെ ഇതിനെ സംരക്ഷിക്കുകയും ചെയ്യും' എന്നാണ്. ഈ കാരണം കൊണ്ടുതന്നെയാണ് വിശുദ്ധ ഖുർആൻ മാറ്റത്തിരുത്തലുകളിൽ നിന്നും സുരക്ഷിതമായി നിലകൊള്ളുന്നത്. ചുരുക്കത്തിൽ, അല്ലാഹു തന്റെ ഏതെങ്കിലും ഗ്രന്ഥത്തിൽ ഏതെങ്കിലും സമൂഹത്തെയോ സമുദായത്തെയോ ഏതെങ്കിലും ചീത്ത കാര്യത്തിൽ നിന്ന് തടയുകയോ അല്ലെങ്കിൽ നല്ല കാര്യത്തിനായി കൽപിക്കുകയോ ചെയ്യുകയാണെങ്കിൽ, ജനങ്ങളിൽ ചിലർ അവന്റെ ഈ കൽപനകളെ എതിർക്കുമെന്ന കാര്യം അവന് മുമ്പേ തന്നെ അറിവ് ഉണ്ടായിരിക്കുമെന്നത് വളരെ വ്യക്തവും എല്ലാവരാലും അംഗീകരിക്കപ്പെട്ട  അല്ലാഹുവിന്റെ നടപടിക്രമമാണ്. ആകയാൽ ഈസാ(അ)യെ ക്രൂശിക്കാൻ ശ്രമിക്കുകയും അങ്ങനെ ഈ ലോകത്ത് തന്നെ അവരുടെ മേൽ ദൈവകോപമാകുന്ന ശിക്ഷ ഇറങ്ങുകയും ചെയ്ത യഹൂദികളെപ്പോലെ ആകരുതെന്ന് ദുആ ചെയ്യണമെന്നാണ് അല്ലാഹു സൂറ:ഫാത്തിഹയിലെ ദുആയിൽ പറഞ്ഞിരിക്കുന്നത്. ഈ ഉമ്മത്തിലെ പണ്ഡിതന്മാരെന്ന് പറയപ്പെടുന്ന ചിലർ അവരുടെ ദുഷ്ടതയും കാലത്തിന്റെ മസീഹിനെ നിഷേധിച്ച കാരണത്താലും യഹൂദികൾക്ക് സമന്മാരായിത്തീരുമെന്ന കാര്യം അല്ലാഹുവിന്റെ അറിവിൽ വ്യക്തമായിട്ടുണ്ടായിരുന്നെന്ന് ഇതിൽനിന്ന് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അല്ലാത്തപക്ഷം വ്യക്തമായ ഈ ഒരു ദുആ പഠിപ്പിക്കേണ്ട ഒരു ആവശ്യവും ഇല്ലായിരുന്നു. ഈ ഉമ്മത്തിലെ പണ്ഡിതന്മാർക്ക് ഒരിക്കലും തന്നെ അതുപോലുള്ള യഹൂദികളായിത്തീരാനും ഇസ്രായേലി കുടുംബങ്ങളിലെ അംഗങ്ങളായിത്തീരാനും, അതേപ്പോലെ ദീർഘകാലം മുമ്പ് ഈ ലോകത്ത് നിന്ന് തിരോധാനം ചെയ്യപ്പെട്ട ഈസബ്നു മറിയമിനെ ക്രൂശിക്കാനും സാധിക്കുകയില്ല എന്നത് വളരെ സ്പഷ്ടമായ കാര്യമാണ്. കാരണം ഈ കാലത്ത് ആ യഹൂദികളും ആ ഈസായും ഭൂമിയിൽ ശേഷിച്ചിരിപ്പില്ല. ഇതിൽ നിന്ന് വ്യക്തമാകുന്നത്, ഈ ആയത്തിൽ ആ ഭാവികാല സംഭവത്തെ കുറിച്ചുള്ള സൂചനയാണെന്നും ഈ ഉമ്മത്തിൽ ഈസാ മസീഹിന് സദൃശ്യനായ ഒരു വ്യക്തി അവസാന കാലത്ത് ആവിർഭൂതരാകുമെന്നുമാണ്. അദ്ദേഹത്തിന്റെ കാലത്ത് മുസ്ലിം പണ്ഡിതന്മാരിൽ ചിലർ ആ യഹൂദി പണ്ഡിതന്മാർ ഈസാ(അ)യെ ദ്രോഹിച്ചതുപോലെ അദ്ദേഹത്തെ ദ്രോഹിക്കുമെന്നും അദ്ദേഹത്തെ ചീത്ത പറയുമെന്നുമാണ്. യഹൂദികളായി തീരുക എന്നതിന്റെ അർത്ഥം യഹൂദി

കളുടെ എല്ലാ ദു:സ്വഭാവങ്ങളും എല്ലാ ദുർവൃത്തികളും മുസ്‌ലിം പണ്ഡിതന്മാരിലും ഉണ്ടായിത്തീരുമെന്നാണ് സഹീഹായ ഹദീസുകളിൽ നിന്ന് മനസ്സിലാകുന്നത്. അതായത്, ബാഹ്യത്തിൽ അവർ മുസ്‌ലിംകളെന്ന് പറയപ്പെടുമെങ്കിലും അവരുടെ ഹൃദയം മാറിമറിഞ്ഞുകൊണ്ട് ഹദ്റത്ത് ഈസാ(അ)യെ പീഡനത്തിന് വിധേയനാക്കി ദൈവകോപത്തിന് പാത്രീഭൂതരായ യഹൂദികൾക്ക് തുല്യരായിത്തീരുമെന്നാണ്. മുസ്‌ലിംകളെന്ന് പറയുന്നവരായിരിക്കും യഹൂദികളായിത്തീരുക എന്നിരിക്കെ, ഈ യഹൂദികളെ പുനരുദ്ധരിക്കുവാനായി മസീഹ് പുറത്ത് നിന്നായിരിക്കും വരിക എന്നത് യഥാർത്ഥത്തിൽ ഈ അനുഗൃഹീത സമുദായത്തിൽ അഭിമാനക്ഷതമല്ലേ ഉണ്ടാക്കുന്നത്? ഇത് വിശുദ്ധ ഖുർആന്റെ അധ്യാപനത്തിന് തികച്ചും വിരുദ്ധമാണ്. വിശുദ്ധ ഖുർആൻ മുഹമ്മദീയ പരമ്പരയെ തിന്മയിൽ മാത്രമല്ല എല്ലാവിധ നന്മയിലും തിന്മയിലും മൂസവി പരമ്പരക്ക് സാദൃശ്യമായിട്ടാണ് പറഞ്ഞിരിക്കുന്നത്. അതിനുപുറമെ ❋ غَيْرِ الْمَغْضُوبِ عَلَيْهِمْ എന്നതിൽ വ്യക്തമായി സൂചിപ്പിച്ചത്, ആ ജനങ്ങൾ അവരുടെ പുനരുദ്ധാരണത്തിന്നായി വരുന്ന ഒരു ദൈവനിയോഗിതനെ നിന്ദ്യതയോടെ നിരാകരിക്കുമെന്നും, അദ്ദേഹത്തെ തള്ളിപ്പറയുമെന്നും അദ്ദേഹത്തെ വധിക്കാൻ ശ്രമിക്കുമെന്നും തങ്ങളുടെ കോപാവേശങ്ങൾ അദ്ദേഹത്തിന്നെതിരിൽ കത്തിജ്വലിപ്പിക്കുമെന്നതിനാൽ അവർ യഹൂദികളെന്ന് വിളിക്കപ്പെടുമെന്നുമാണ്. അത്കൊണ്ടാണ് അവർ ആകാശത്ത് مَغْضُوبِ عَلَيْهِمْ എന്ന് പറയപ്പെടുന്നവരായിത്തീരുന്നത്. ഹദ്റത്ത് ഈസാ(അ)യെ നിരാകരിച്ച ആ യഹൂദികൾ അവരുടെ ഈ കളവാക്കലിന്റെ ഫലമായി അവസാനം കഠിനമായ പ്ലേഗ് രോഗത്തിൽ അകപ്പെടുകയും അതിനുശേഷം റോമിലെ ടൈറ്റസ്സിന്റെ കരങ്ങളാൽ നശിപ്പിക്കപ്പെട്ട് നാമാവശേഷരാക്കപ്പെടുകയുമുണ്ടായി. غَيْرِ الْمَغْضُوبِ عَلَيْهِمْ എന്നതിൽ നിന്ന് വ്യക്തമാകുന്നത്, ഈ ലോകത്ത് തന്നെ അവരുടെ മേൽ ദൈവകോപം ഇറങ്ങുമെന്നാണ്. കാരണം പരലോകത്തുള്ള കോപത്തിൽ എല്ലാ അവിശ്വാസികളും ഉൾപ്പെടുന്നതാണ്. അത്പോലെതന്നെ പരലോകത്ത് എല്ലാ അവിശ്വാസികളും مَغْضُوبِ عَلَيْهِمْ ആണ്. പിന്നെ എന്ത് കൊണ്ടാണ് ഈ ആയത്തിൽ അല്ലാഹു ഹദ്റത്ത് ഈസായെ ക്രൂശിക്കാൻ ശ്രമിക്കുകയും മറിച്ച് തങ്ങളുടെ അഭിപ്രായപ്രകാരം ക്രൂശിച്ചെന്ന് കരുതുകയും ചെയ്യുന്ന യഹൂദികളുടെ പേര് مَغْضُوبِ عَلَيْهِمْ

❋ **വിശുദ്ധ ഖുർആൻ 1:8**

എന്ന് വെച്ചിരിക്കുന്നത്? ആകയാൽ ഇതിൽനിന്ന് മനസ്സിലാക്കേണ്ടത് അവരുടെ മേൽ ഈ ലോകത്ത് വെച്ച്തന്നെ അല്ലാഹുവിന്റെ കോപം ഇറങ്ങി എന്നതിനാലാണ് ആ യഹൂദികൾക്ക് مَغْضُوْبِ عَلَيْهِمْ എന്ന വിശേഷണം നൽകപ്പെട്ടത്. അതിന്റെ അടിസ്ഥാനത്തിലാണ് സൂറ: ഫാത്തിഹയിൽ ഈ ഉമ്മത്തിനെ, 'ഞങ്ങളെ ആ യഹൂദികളെപ്പോലെയാക്കരുതേ' എന്ന ദുആ പഠിപ്പിക്കപ്പെട്ടിരിക്കുന്നത്. ഇതൊരു പ്രവചനമായിരുന്നു. അതായത്, ഈ ഉമ്മത്തിലേക്കുള്ള മസീഹ് ആവിർഭൂതരാകുമ്പോൾ ആ യഹൂദികളും അദ്ദേഹത്തിന്നെതിരിൽ വരുമെന്നും അങ്ങിനെ ഈ ലോകത്ത് വെച്ച് തന്നെ അല്ലാഹുവിന്റെ കോപം അവരുടെ മേൽ ഇറങ്ങുമെന്നാണ്. നിങ്ങളിൽ നിന്ന് ഒരു മസീഹ് ആവിർഭൂതനാകുമെന്നത് സുനിശ്ചിതമാണ് എന്ന സാരമാണ് ഈ ദുആയിൽ അടങ്ങിയിരിക്കുന്നത്. അദ്ദേഹത്തിന്നെതിരിൽ യഹൂദികൾ ഉണ്ടാകുമെന്നും അവരുടെ മേൽ ഈ ലോകത്ത് വെച്ച് തന്നെ ദൈവകോപം ഇറങ്ങുമെന്നും അതിനാൽ ആ യഹൂദികളായിത്തീരാതിരിക്കാൻ വേണ്ടി നിങ്ങൾ ദുആ ചെയ്തുകൊണ്ടിരിക്കുക എന്നുമാണ് ഇതിന്റെ സാരാംശം.

എല്ലാ അവിശ്വാസികളും അവസാനനാളിൽ ദൈവകോപത്തിന് പാത്രീഭൂതരായിത്തീരുമെന്നത് സാധാരണയായി മനസ്സിലാക്കാവുന്നതാണ്. എന്നാൽ ഇവിടെ കോപം എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഐഹീക ലോകത്തെ കോപമാണ്. അത് കുറ്റവാളികൾക്ക് ശിക്ഷ നൽകാനായി ഐഹീക ലോകത്ത് തന്നെയാണ് ഇറങ്ങാറുള്ളത്. ഹദ്റത്ത് ഈസാ(അ)യെ ഉപദ്രവിക്കുകയും വിശുദ്ധ ഖുർആന്റെ വിവരണപ്രകാരം അദ്ദേഹത്തെ ശാപഗ്രസ്തനാണെന്ന് പറയുകയും ചെയ്ത യഹൂദികളായ ആ ജനങ്ങളിലായിരുന്നു ഈ ലോകത്ത് വെച്ച് തന്നെ ശിക്ഷ ഇറങ്ങിയത്. അതായത്, ആദ്യമായി കഠിനമായ പ്ലേഗ് രോഗത്താൽ അവർ നശിപ്പിക്കപ്പെട്ടു. അതിനുശേഷം ശേഷിച്ചവർ റോമിലെ ടൈറ്റസ്സിന്റെ കരങ്ങളാൽ കഠിനമായി പീഡിപ്പിക്കപ്പെട്ട് നാട്ടിൽ നിന്ന് ചിന്നിച്ചിതറിക്കപ്പെടുകയുണ്ടായി. غَيْرِ الْمَغْضُوْبِ عَلَيْهِمْ എന്നതിൽ ഒളിഞ്ഞിരിക്കുന്നത് ഈയൊരു മഹത്തായ പ്രവചനമാണ്. അതായത് മുസ്‌ലിംകളിൽപ്പെട്ട യഹൂദികളെന്ന് പറയപ്പെടുന്ന ജനങ്ങളും മുൻകാല മസീഹിന്റെ രൂപത്തിൽ വരുന്ന ഒരു മസീഹിനെ തള്ളിപ്പറയുമെന്നാണ്. അദ്ദേഹം ജിഹാദ് ചെയ്യുകയുമില്ല, വാളെടുക്കുകയുമില്ല. മറിച്ച്, പരിശുദ്ധമായ അധ്യാപനങ്ങളും ആകാശീയ അടയാളങ്ങളും കൊണ്ട് ദീൻ പ്രചരിപ്പി

ക്കുകയും ഈ അവസാന മസീഹിനെ തള്ളിപ്പറഞ്ഞതിന് ശേഷവും ലോകത്ത് പ്ലേഗ് പൊട്ടിപ്പുറപ്പെടുകയും മുൻകാല പ്രവാചകന്മാർ പറഞ്ഞുവന്ന കാര്യങ്ങളെല്ലാം പൂർത്തിയാവുകയും ചെയ്യും എന്നുമാണ്. അവസാനകാലത്ത് വീണ്ടും അതേ മസീഹ്ബ്നു മറിയം തന്നെ ലോകത്തേക്ക് വരുമോ എന്ന സംശയം വിശുദ്ധ ഖുർആന്റെ താൽപര്യങ്ങൾക്ക് തികച്ചും വിരുദ്ധമാണ്. വിശുദ്ധ ഖുർആനെ തഖ്‌വയോടേയും വിശ്വാസത്തോടേയും നീതിയോടേയും ഗഹനതയോടേയും പഠിക്കുന്ന ഒരാളുടെ മേൽ സർവ്വശക്തനായ അല്ലാഹു ഈ മുഹമ്മദീ ഉമ്മത്തിനെ മൂസവീ ഉമ്മത്തിനോട് തികച്ചും സാമ്യപ്പെടുത്തിയാണ് ജനിപ്പിച്ചിരിക്കുന്നത് എന്ന് പകലുപോലെ വ്യക്തമാകുന്നതാണ്. അവരുടെ നല്ല കാര്യങ്ങൾക്ക് തത്തുല്യമായി നല്ല കാര്യങ്ങൾ വിവരിക്കുകയും ചീത്ത കാര്യങ്ങൾക്ക് സമാനമായി ചീത്ത കാര്യങ്ങൾ വിവരിക്കുകയുമാണ് ചെയ്തത്. ഈ ഉമ്മത്തിൽ ചിലർ ബനീ ഇസ്രായേലിലെ നബിമാർക്ക് തുല്യരും ചിലർ غَيْرِ الْمَغْضُوبِ عَلَيْهِمْ ആയ യഹൂദികളോട് സാദൃശ്യമുള്ളവരും ആയിരിക്കും. ഇതിനുള്ള ഉദാഹരണം ഇപ്രകാരമാണ്. അതായത് ഒരു വീടു പോലെ അവിടെ, ഉന്നതരും മാന്യന്മാരുമായ ആളുകൾക്ക് ഇരിക്കാനായി ഏറ്റവും മുന്തിയതും ഭംഗിയുള്ളതുമായ മുറികൾ ഒരുക്കിയിട്ടുണ്ട്. അതേപ്പോലെ അതിന്റെ ചില ഭാഗത്ത് കക്കൂസുകളും മറ്റു വൃത്തികെട്ട സ്ഥലങ്ങളുമുണ്ട്. ആ വീട്ടിന്റെ ഉടമസ്ഥൻ അതുപോലുള്ള മറ്റൊരു കൊട്ടാരം പണിയാനും അവിടെ ആദ്യത്തെ കൊട്ടാരത്തിലുണ്ടായിരുന്ന സൗകര്യങ്ങൾ ഒരുക്കാനും ആഗ്രഹിക്കുന്നു. ഈ രണ്ടാമത്തെ കൊട്ടാരം ഇസ്‌ലാമാകുന്ന കൊട്ടാരവും ആദ്യത്തെ കൊട്ടാരം മൂസവി പരമ്പരയുടെ കൊട്ടാരവുമായിരുന്നു. ഈ രണ്ടാമത്തെ കൊട്ടാരം ഒരുകാര്യത്തിലും ആദ്യത്തെ കൊട്ടാരത്തെ ആശ്രയിക്കേണ്ടതില്ല. വിശുദ്ധ ഖുർആൻ തൗറാത്തിനെ ആശ്രയിക്കുന്നില്ല. അതേപോലെ ഈ ഉമ്മത്തിന് ഒരു ഇസ്രായേലി നബിയുടെ ആവശ്യമില്ല. പരിപൂർണ്ണമായതെന്തെല്ലാം ഈ ഉമ്മത്തിന് ലഭ്യമാകുന്നുവോ അതെല്ലാം നബി(സ)യുടെ പ്രഭാവത്താൽ പരിപാലിക്കപ്പെട്ടവയും അതിന് ലഭ്യമാകുന്ന വഹ്‌യ് (ദിവ്യവെളിപാട്) മുഹമ്മദീ വഹ്‌യുടെ പ്രതിഛായയുമാണ്. ഈയൊരു കാര്യമാണ് നാം മനസ്സിലാക്കേണ്ടത്. എന്നാൽ സങ്കടമെന്ന് പറയട്ടെ, നമ്മുടെ എതിരാളികൾ ഹദ്റത്ത് ഈസായെ വീണ്ടും കൊണ്ടുവരികയാണ്. ഒരു ഇസ്രായേലി പ്രവാചകൻ വന്നു കൊണ്ട്

ഈ ഉമ്മത്തിനെ പുനഃദ്ധരിക്കുമെന്നത് ഇസ്‌ലാമിന് അഭിമാനമാണോ അതോ അഭിമാനക്ഷതമാണോ എന്ന കാര്യം ഇവർ മനസ്സിലാക്കുന്നില്ല.

അതിനുപുറമെ, അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ യാതൊരു തെളിവുകളുമില്ലാത്ത വ്യർത്ഥമായ വിശ്വാസങ്ങൾക്ക് ഊന്നൽ നൽകുക എന്നത് അങ്ങേയറ്റം നിർലജ്ജാകരമായ ചിന്തയാണ്. നബി(സ) തിരുമേനിയോട് ആകാശത്തേക്ക് കയറിപ്പോകാൻ അപേക്ഷിച്ചപ്പോൾ വിശുദ്ധ ഖുർആനിൽ പറയപ്പെട്ടതുപോലെ അദ്ദേഹം ഇങ്ങിനെ പറഞ്ഞുകൊണ്ട് ആ ആവശ്യം തള്ളുകയായിരുന്നു.

قُلْ سُبْحَانَ رَبِّي هَلْ كُنتُ إِلَّا بَشَرًا رَّسُولًا* (പറയുക, എന്റെ നാഥൻ പരിശുദ്ധനാണ്, ഞാനൊരു ദൂതനായ മനുഷ്യൻ മാത്രമാണ്.) ഈസാ(അ) മനുഷ്യനായിരുന്നില്ലേ? അപേക്ഷിക്കാതെ തന്നെ അദ്ദേഹത്തെ ആകാശത്തേക്ക് കയറ്റിയിരിക്കുകയാണോ! വിശുദ്ധഖുർആനിൽ رفع الى الله എന്നാണ് പരാമർശിച്ചിട്ടുള്ളത്. رفع الى السّماء എന്നല്ല. ഇതൊരു ആത്മീയമായ പരാമർശമാണ്. യഹൂദികൾ ആക്ഷേപിച്ചിരുന്നത്, മരത്തിൽ തൂക്കപ്പെടുന്ന ആൾ മറ്റു നബിമാരെപ്പോലെ അല്ലാഹുവിങ്കലേക്ക് ആത്മീയമായി ഉയർത്തപ്പെടുകയില്ല എന്നായിരുന്നു. ഈ ആക്ഷേപത്തെ ഖണ്ഡിക്കേണ്ടത് അത്യാവശ്യമായിരുന്നു. എന്നാൽ വിശുദ്ധ ഖുർആൻ ഈ ആക്ഷേപത്തെ എവിടെയാണ് നിരാകരിച്ചിട്ടുള്ളത്. അതായത്, ഈ എല്ലാ തെളിവുകളുടേയും അടിസ്ഥാനം ഇതായിരുന്നു. യഹൂദികൾ പറഞ്ഞിരുന്നത് ഈസാ(അ) ക്രൂശിതനായി എന്നാണ്. ആര് ക്രൂശിക്കപ്പെടുന്നുവോ അയാൾ ദൈവത്തിലേക്ക് ഉയർത്തപ്പെടുകയില്ല എന്നാണ്. അതിനാൽ മറ്റു നബിമാരെപ്പോലെ ഈസ(അ)ന് ആത്മീയ ഉയർത്തൽ ഉണ്ടായിട്ടില്ല എന്നുമാണ്. അതിനാൽ അദ്ദേഹം വിശ്വാസിയല്ല, മോക്ഷപ്രാപ്തനുമല്ല. ഈ ആദ്യകാലശങ്കകളെ അവസാനിപ്പിക്കേണ്ടത് വിശുദ്ധ ഖുർആന്റെ ഉത്തരവാദിത്വമായിരുന്നതിനാൽ ഈസാ(അ)യും മറ്റു നബിമാരെപ്പോലെ തന്നെ ഉയർത്തപ്പെട്ടിരിക്കുന്നു എന്ന വിധി വിശുദ്ധ ഖുർആൻ പ്രഖ്യാപിച്ചിരിക്കുകയാണ്. അല്ലാഹുവിന് ഈയൊരു ശങ്കയിൽ വിധി കൽപിക്കേണ്ടതുണ്ടായിരുന്നു. അല്ലാഹു ഈ ആയത്തുകളിൽ ഈ വിധി വ്യക്തമാക്കിയില്ലായിരുന്നുവെങ്കിൽ പിന്നെ എവിടെ വെച്ചാണ് ഇങ്ങനെയൊരു തീരുമാനം എടുക്കുക? നഊദുബില്ലാഹ്, ഇത്തരത്തിലുള്ള വിവേക

* **വിശുദ്ധ ഖുർആൻ 17:94**

ശൂന്യത അല്ലാഹുവിൽ ആരോപിക്കാൻ സാധ്യമാണോ? അല്ലാഹു ഈ കാര്യം ഇങ്ങനെ തെറ്റിദ്ധരിച്ചു എന്ന് പറയാവുന്നതാണോ? അതായത്, യഹൂദികൾ ആത്മീയ ഉയർച്ചയെക്കുറിച്ച് പറഞ്ഞപ്പോൾ അല്ലാഹു പറഞ്ഞത് ഈസാ(അ)യെ സ്ഥൂലശരീരത്തോടുകൂടി രണ്ടാം ആകാശത്ത് ഉയർത്തിയിരുത്തി എന്നാണ് മോക്ഷത്തിന് സ്ഥൂലശരീരത്തോടുകൂടി ഉയർത്തപ്പെടണമെന്ന് നിബന്ധനയില്ല. ആത്മീയ ഉയർച്ച മാത്രമാണ് അതിനുള്ള നിബന്ധനയെന്ന് വളരെ വ്യക്തമായ കാര്യമാണ്.

ആകയാൽ, ഇവിടെ ഈയൊരു അഭിപ്രായ വ്യത്യാസം അവസാനിപ്പിക്കേണ്ടതിന് ഈസാ(അ) ശാപഗ്രസ്തനല്ലെന്നും മറിച്ച് അദ്ദേഹത്തിന് ആത്മീയ ഉയർച്ചയാണ് ലഭിച്ചിരുന്നതെന്നും ഇവിടെ പറയേണ്ടിയിരിക്കുന്നു. അതിനുപുറമെ വിശുദ്ധ ഖുർആനിൽ നിന്ന് *'റഫഅ'* എന്നതിന് മുമ്പ് **'തവഫ്ഫ'** എന്ന വാക്ക് ഉപയോഗിക്കപ്പെട്ടത്, എല്ലാ വിശ്വാസികൾക്കും മരണശേഷം ലഭ്യമാകുന്ന ഉയർച്ചയാണ് എന്നതിന് ഇത് വ്യക്തമായ തെളിവാണ്. 'തവഫ്ഫ' എന്നതിന് ഹദ്റത്ത് ഈസാ(അ)യെ ജീവനോടെ ആകാശത്തേക്ക് ഉയർത്തി എന്ന് അർത്ഥം നൽകുന്നതും യഹൂദികളെപ്പോലെ, വിശുദ്ധ ഖുർആനിലുള്ള മാറ്റത്തിരുത്തലാണ്. വിശുദ്ധ ഖുർആനിലും എല്ലാ ഹദീസുകളിലും 'തവഫ്ഫ' എന്ന വാക്ക് ആത്മാവിനെ പിടിക്കുന്നതിന് വേണ്ടി ഉപയോഗിച്ചതായിട്ടാണ് കാണപ്പെടുന്നത്. ഒരിടത്തും തന്നെ ഏതെങ്കിലും വ്യക്തി സ്ഥൂലശരീരത്തോടു കൂടി ആകാശത്തേക്ക് ഉയർത്തപ്പെട്ടു എന്ന അർത്ഥത്തിൽ അത് ഉപയോഗിക്കപ്പെട്ടിട്ടില്ല, ഇതിനു പുറമെ ഈ അർത്ഥത്തിന്റെ അടിസ്ഥാനത്തിൽ വിശുദ്ധ ഖുർആനിൽ ഒരിടത്തും തന്നെ ഈസാ(അ) യുടെ മരണത്തെക്കുറിച്ച് പരാമർശമേയില്ല എന്ന് സമ്മതിക്കേണ്ടി വരും. അദ്ദേഹത്തിന് മരണമേയില്ല. കാരണം ഏതെല്ലാം സ്ഥലത്ത് ഹദ്റത്ത് ഈസാ(അ)യെ സംബന്ധിച്ച് 'തവഫ്ഫ' എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ടോ അവിടെയെല്ലാം സ്ഥൂലശരീരത്തോടുകൂടി അദ്ദേഹം ആകാശത്തേക്ക് പോയെന്നോ, പോകുമെന്നോ അർത്ഥം നൽകുകയാണെങ്കിൽ പിന്നെ അദ്ദേഹത്തിന് മരണമുണ്ട് എന്ന് എങ്ങനെ സ്ഥാപിക്കാൻ കഴിയും? മാത്രമല്ല മനുഷ്യന് വീണ്ടും ഈ ലോകത്തേക്ക് വരാൻ സാധിക്കുമായിരുന്നെങ്കിൽ പിന്നെ അല്ലാഹു ഹദ്റത്ത് ഈസാ(അ)യെ യഹൂദികളുടെ മുമ്പിൽ ലജ്ജിതനാക്കിയതെന്തിനാണ്? കാരണം, ഹദ്റത്ത് ഈസാ(അ) മസീഹി

യത്ത് വാദം പുറപ്പെടുവിച്ചപ്പോൾ അതിന് എതിർവാദമായി യഹൂദികൾ പറഞ്ഞത് ഞങ്ങൾക്ക് നിന്നെ സത്യവാനെന്ന് വിശ്വസിക്കാൻ സാധ്യമല്ല എന്നാണ്. കാരണം, വരാനുള്ള സത്യമസീഹ് വരുന്നതിന് മുമ്പ് തീർച്ചയായും ഇൽയാസ് നബി വീണ്ടും ലോകത്ത് ആഗതരാകണമെന്ന വാഗ്ദാനം മലാഖി നബിയുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നു എന്നതാണ്. എന്നാൽ ഇൽയാസ് നബി ഇതു വരെ ലോകത്ത് ആഗതരായിട്ടില്ല. അതിനാൽ ഞങ്ങൾക്ക് നിന്നെ സത്യാവാനാണെന്ന് വിശ്വസിക്കാൻ സാധ്യമല്ല. അപ്പോൾ ഹദ്റത്ത് മസീഹ് അവർക്ക് മറുപടി നൽകിയത് വരാനുള്ള 'ഇൽയാസ്' വന്നിരിക്കുന്നു, അത് യോഹന്നാനാണ് എന്നാണ്. അദ്ദേഹത്തെ മുസ്‌ലിംകൾ 'യഹ്‌യാ' എന്നാണ് വിളിക്കുന്നത്. ഈ മറുപടി കേട്ടപ്പോൾ യഹൂദികൾ അങ്ങേയറ്റം കോപിഷ്ഠരാവുകയും ഹദ്റത്ത് ഈസാ(അ)യെ കറ്റുകെട്ടുകാരനെന്നും കള്ളം പറയുന്നവനെന്നും വിളിക്കുകയുണ്ടായി. അങ്ങിനെ ഇപ്പോഴും അവർ തങ്ങളുടെ ഗ്രന്ഥങ്ങളിലും മറ്റും (അവയിൽ ചിലത് എന്റെ പക്കലുണ്ട്) ഹദ്റത്ത് ഈസാ(അ)യെ നിരാകരിക്കുകയാണ് ചെയ്യുന്നത്. ഗ്രന്ഥങ്ങളിൽ അവർ എഴുതുന്നത് ഖിയാമത്ത് നാളിൽ അല്ലാഹു തങ്ങളോട് നിങ്ങൾ എന്തുകൊണ്ടാണ് ആ വ്യക്തിയെ സ്വീകരിക്കാതിരുതെന്ന് ചോദിക്കുമ്പോൾ ഞങ്ങൾ മലാഖി നബിയുടെ പുസ്തകം അവന്റെ മുമ്പിൽ വെച്ച് കൊണ്ട് പറയും, അല്ലാഹുവേ, ഇൽയാസ് നബി രണ്ടാമതും ലോകത്ത് ഇറങ്ങാതെ ബനീഇസ്രായേലുകൾക്ക് വേണ്ടി വാഗ്ദാനം ചെയ്യപ്പെട്ട സത്യമസീഹ് ആവിർഭവിക്കുകയില്ല എന്ന് നീ തന്നെ വ്യക്തമായ വാക്കുകളിൽ പറഞ്ഞിരുന്നതാണല്ലോ. ഇൽയാസ് നബി ലോകത്ത് വീണ്ടും വന്നിട്ടില്ല. അതിനാൽ ഞങ്ങൾ ആ വ്യക്തിയെ സ്വീകരിച്ചതുമില്ല. ഇൽയാസിന്റെ സദൃശ്യൻ വന്നാലല്ലാതെ സത്യമസീഹ് വരികയില്ല എന്നല്ലല്ലോ ഞങ്ങളോട് പറഞ്ഞത്? മറിച്ച് ഞങ്ങളോട് പറയപ്പെട്ടത്, സത്യമസീഹിന് മുമ്പായി യഥാർത്ഥത്തിലുള്ള ഇൽയാസ് വീണ്ടും വരേണ്ടത് നിർബന്ധമാണെന്നാണ്. ആ കാര്യം പൂർത്തിയായിട്ടുമില്ല.

അതിനുപുറമെ, പണ്ഡിതനായ ഒരു യഹൂദി (അദ്ദേഹത്തിന്റെ പുസ്തകം എന്റെ പക്കലുണ്ട്) ഈ തെളിവ് വളരെ അഭിമാനപൂർവ്വം പൊതുജനങ്ങളുടെ മുമ്പിൽ സമർപ്പിച്ചുകൊണ്ട് പറയുന്നത്, ഇങ്ങിനെയുള്ള വ്യാഖ്യാനങ്ങൾ നൽകുകയും തന്റെ ആചാര്യനായ യോഹന്നാനെ വെറുതെ ഇൽയാസ് ആണെന്ന് പ്രഖ്യാപിക്കുകയും

ചെയ്യുന്ന ഒരു കറ്റുകെട്ടുകാരനെ ഞങ്ങൾക്ക് എങ്ങിനെ സ്വീകരിക്കാൻ സാധിക്കും എന്നാണ്. അതിനുശേഷം അയാൾ വളരെ ആവേശത്തോടെ ഹദ്റത്ത് മസീഹിനെക്കുറിച്ച് വളരെ നിന്ദ്യമായ വാക്കുകളിലാണ് പരാമർശിക്കുന്നത്. അത് ഇവിടെ എടുത്തെഴുതാൻ നമുക്ക് സാധ്യമല്ല. വിശുദ്ധ ഖുർആൻ ഇറങ്ങിയില്ലായിരുന്നുവെങ്കിൽ ഈയൊരു കാര്യത്തിൽ ബാഹ്യമായി യഹൂദികൾ സത്യത്തിലാണെന്ന് ധരിച്ചുപോയേനെ. കാരണം വാസ്തവത്തിൽ മസീഹിന് മുമ്പ് ഇൽയാസിന്റെ സദൃശ്യനാണ് വരേണ്ടത് എന്ന വാക്കുകൾ മലാഖി നബിയുടെ ഗ്രന്ഥത്തിലില്ല. മറിച്ച്, വ്യക്തമായി അതിൽ എഴുതിയിരിക്കുന്നത് ഈ മസീഹിന് മുമ്പ് നിർബന്ധമായും ഇൽയാസ് തന്നെയാണ് വീണ്ടും വരേണ്ടതെന്നാണ്. ഹദ്റത്ത് ഈസാ(അ)യുടെ ദൈവീകത്വത്തിന് വേണ്ടി ക്രിസ്ത്യാനികൾ വിലപിക്കുന്നുണ്ടെങ്കിലും ഈയൊരവസ്ഥയിൽ അദ്ദേഹത്തിന്റെ പ്രവാചകത്വം പോലും വ്യക്തമാകുന്നില്ല. യഹൂദികൾ സത്യത്തിലാണെന്ന് തോന്നുകയും ചെയ്യുന്നു. ആകയാൽ ഹദ്റത്ത് മസീഹിന്റെ സത്യസാക്ഷ്യം വെളിപ്പെടുത്തിയത് ക്രിസ്ത്യാനികളുടെ മേലുള്ള വിശുദ്ധ ഖുർആന്റെ ഒരു ഔദാര്യമാണ്.

ഇവിടെ ബാക്കിയാകുന്ന ഒരു ചോദ്യം മലാഖി നബിയുടെ പുസ്തകത്തിൽ വ്യക്തമായ വാക്കുകളിൽ എഴുതിയിരിക്കുന്നത്, ഇല്ല്യാസ് നബി രണ്ടാമതും ഈ ലോകത്തേക്ക് വന്നതിന് ശേഷമല്ലാതെ ഇസ്രായേൽ സന്തതികൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട ആ സത്യമസീഹ് ഈ ലോകത്തേക്ക് വരികയില്ല എന്നതാണ്. അങ്ങിനെയെങ്കിൽ പിന്നെ ഈ അവസ്ഥയിൽ യഹൂദികൾ ഹദ്റത്ത് മസീഹിനെ സ്വീകരിക്കാതിരിക്കുകയും അദ്ദേഹത്തെ കാഫിറും മുർത്തദ്ദും മുൽഹിദുമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തതിൽ അവരെ എങ്ങനെ കുറ്റപ്പെടുത്താനാകും? അവരുടെ ഉദ്ദേശശുദ്ധിയെ വിലയിരുത്താൻ അവർ ദൈവീക ഗ്രന്ഥത്തിലെ പ്രതിപാദനമനുസരിച്ച് തന്നെയാണ് അവർ അങ്ങിനെ പ്രവർത്തിച്ചത് എന്ന കാര്യം ധാരാളമല്ലേ? മലാഖി നബിയുടെ പുസ്തകത്തിൽ ഇൽയാസിന്റെ സദൃശ്യനാണ് വീണ്ടും വരുന്നതെന്ന് പറഞ്ഞിരുന്നതെങ്കിൽ ആ അവസ്ഥയിൽ യഹൂദികൾ കുറ്റക്കാരാകുമായിരുന്നു. കാരണം, യഹ്യാ നബിയെ ഇൽയാസിന്റെ സദൃശ്യനായി വിലയിരുത്താൻ കൂടുതൽ ചർച്ചകളുടെ ആവശ്യം തന്നെ ഉണ്ടായിരുന്നില്ല.

ഈ ചോദ്യത്തിനുള്ള മറുപടി ഒരാൾ വീണ്ടും ഭൂമിയിലേക്ക് വരിക

എന്നത് അല്ലാഹുവിന്റെ നടപടി ക്രമമല്ലെന്നും അങ്ങിനെയുള്ള മാതൃക മുമ്പുണ്ടായിട്ടില്ലെന്നും യഹൂദികൾക്ക് വ്യക്തമായി അറിയാമായിരുന്നു. അതിനാൽ ഇത് ദൈവീക ഗ്രന്ഥങ്ങളിൽ പ്രയുക്തമായ നൂറുക്കണക്കിന് ആലങ്കാരിക പ്രയോഗങ്ങളെപ്പോലുള്ള ഒരു പ്രയോഗം മാത്രമാണ്. അങ്ങനെയുള്ള ആലങ്കാരിക പ്രയോഗങ്ങളെ സംബന്ധിച്ച് യഹൂദികൾ അറിവില്ലാത്തവരായിരുന്നില്ല. ഇതിനുപുറമെ ഹദ്റത്ത് ഈസാ(അ)യോടൊപ്പം പല അടയാളങ്ങളും ഉണ്ടായിരുന്നു. അതോടൊപ്പം ശരിയായി കാര്യങ്ങൾ ഗ്രഹിക്കുവാനുള്ള ഒരുപാട് ഘടകങ്ങളും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. അത് മുഖേന യഹൂദികൾക്ക് അദ്ദേഹത്തെ തിരിച്ചറിയുവാനും അദ്ദേഹത്തെ വിശ്വസിക്കുവാനും സാധിക്കുമായിരുന്നു. എന്നാൽ ദിവസം കഴിയുന്തോറും അവർ അവരുടെ ദുഷ്ടതയിൽ മുന്നേറികൊണ്ടേയിരുന്നു. സത്യവാന്മാരിൽ കാണപ്പെടാറുള്ള പ്രകാശം അവർ തീർച്ചയായും ഹദ്റത്ത് ഈസാനബി(അ)യിലും ദർശിച്ചതായിരുന്നു. എന്നാൽ ദുശ്ശാഠ്യവും ലുബ്ധും ദുഷ്ടതയും അവർ ഉപേക്ഷിച്ചില്ല. പക്ഷേ, മനസ്സിലാക്കേണ്ട കാര്യം ഈ ചോദ്യം യഹൂദികളുമായി ബന്ധപ്പെട്ടത് മാത്രമാണെന്നാണ്. അവർക്ക് ആദ്യമേ തന്നെ ഈയൊരു പരീക്ഷണമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ മുസ്‌ലിംകൾ തഖ്‌വ കൈകൊള്ളുന്നവരായിരുന്നെങ്കിൽ വിശുദ്ധ ഖുർആൻ അവരെ ഈ പരീക്ഷണത്തിൽ നിന്ന് രക്ഷിക്കുമായിരുന്നു. കാരണം വ്യക്തമായ വാക്കുകളിൽ തന്നെ ഈസാ(അ) മരിച്ചുപോയിരിക്കുന്നെന്ന് പറഞ്ഞു തന്നിരിക്കുന്നു. ഇത് മാത്രമല്ല മറിച്ച് സൂറ:അൽമാഇദയിൽ അദ്ദേഹം വീണ്ടും വരികയില്ല എന്ന കാര്യം വ്യക്തമായി മനസ്സിലാക്കിത്തന്നിരിക്കുന്നു. കാരണം, فَلَمَّا تَوَفَّيْتَنِي * എന്നുള്ള ആയത്തിൽ ഈ കാര്യം തന്നെയാണ് പരാമർശിച്ചിരിക്കുന്നത്. അതായത് ഖിയാമത്ത് നാളിൽ അല്ലാഹു ഹദ്റത്ത് ഈസാ(അ)യോട് ചോദിക്കും, നിന്നേയും നിന്റെ മാതാവിനേയും ദൈവമായി കണക്കാക്കണമെന്ന് നീ തന്നെയായിരുന്നോ പറഞ്ഞിരുന്നത്? അപ്പോൾ ഹദ്റത്ത് ഈസാ(അ) മറുപടി പറയും. 'അല്ലാഹുവേ, ഞാൻ അങ്ങിനെ പറഞ്ഞിരുന്നുവെങ്കിൽ നീ അറിയുമല്ലോ? കാരണം നിന്റെ അറിവിൽപ്പെടാത്ത ഒരു വസ്തുവും തന്നെയില്ലല്ലോ! നീ പറയാത്തതൊന്നും ഞാൻ പറഞ്ഞിരുന്നില്ല. അതിനു ശേഷം നീ എന്നെ മരിപ്പിച്ചപ്പോൾ പിന്നെ നീ

* വിശുദ്ധഖുർആൻ 5:118

തന്നെയായിരുന്നു അവരുടെ മേൽനോട്ടക്കാരൻ. അവരുടെ അവസ്ഥയെക്കുറിച്ച് എനിക്ക് ഒന്നും തന്നെ അറിയില്ലായിരുന്നു'!

ഹദ്റത്ത് ഈസാ(അ) ഖിയാമത്തിന് മുമ്പ് വീണ്ടും ലോകത്ത് വരുമെന്നും നാൽപത് വർഷം ലോകത്ത് ജീവിക്കുമെന്നും കുരിശിനെ ഉടക്കുമെന്നും ക്രിസ്ത്യാനികളുമായി യുദ്ധം ചെയ്യുമെന്നുമൊക്കെയുള്ള കാര്യം സത്യമാണെങ്കിൽ നീ എന്നെ മരിപ്പിച്ചതിന് ശേഷം ക്രിസ്ത്യാനികൾ ഏത് മാർഗ്ഗമാണ് അവലംബിച്ചത് എന്ന കാര്യം എനിക്കറിയില്ല എന്ന് ഖിയാമത്ത് നാളിൽ അല്ലാഹുവിന്റെ സന്നിധിയിൽ അദ്ദേഹത്തിന് പിന്നെ എങ്ങനെ പറയാൻ സാധിക്കും? അദ്ദേഹം എനിക്ക് അറിയില്ല എന്ന് തന്നെയുള്ള ഉത്തരമാണ് നൽകുന്നതെങ്കിൽ ലോകത്ത് അദ്ദേഹത്തേക്കാൾ വലിയ കള്ളം പറയുന്നയാൾ വേറെ ഉണ്ടാവുകയില്ല. കാരണം ലോകത്ത് വീണ്ടും വരികയും ക്രിസ്ത്യാനികൾ തന്നെ ദൈവമാക്കി ആരാധിക്കുന്നത് കാണുകയും അവരോട് യുദ്ധം ചെയ്യുകയും ചെയ്ത ശേഷം അല്ലാഹുവിന്റെ സന്നിധിയിൽ എനിക്ക് ശേഷം അവർ ചെയ്തതെന്താണെന്ന് എനിക്കൊന്നും തന്നെ അറിയില്ല എന്ന് ഒരാൾ പറയുകയാണെങ്കിൽ അയാളെക്കാൾ വലിയ കളവ് പറയുന്നവൻ മറ്റാരാണ്? ശരിയായ ഉത്തരം ഇതായിരുന്നു വേണ്ടിയിരുന്നത്. അതായത് എന്റെ ദൈവമേ, എനിക്ക് ക്രിസ്ത്യാനികളുടെ വഴികേടിനെക്കുറിച്ച് വ്യക്തമായ അറിവുണ്ട് . കാരണം, ഞാൻ വീണ്ടും ലോകത്ത് പോയി നാൽപത് വർഷം അവിടെ താമസിച്ചു, കുരിശിനെ ഉടച്ചു. ഞാൻ തെറ്റൊന്നും ചെയ്തിട്ടില്ല. അവർ മുശ്രിക്കുകളാണെന്ന് എനിക്ക് മനസ്സിലായപ്പോൾ ഞാൻ അവരുടെ ശത്രുവായിത്തീരുകയും ചെയ്തു. എന്നാൽ ഖിയാമത്തിന് മുമ്പായി ഹദ്റത്ത് ഈസാ(അ) നാൽപത് വർഷം ലോകത്ത് താമസിക്കുകയും അദ്ദേഹത്തെ ദൈവമാക്കിയവർക്ക് ശിക്ഷ നൽകുകയും ചെയ്തതിന് ശേഷം അല്ലാഹുവിന്റെ അദ്ദേഹത്തോടുള്ള ഈ ചോദ്യം തന്നെ അസ്ഥാനത്തായിരിക്കും. കാരണം അല്ലാഹുവിനറിയാം ആ വ്യക്തിയെ ആരാധ്യനാക്കിയ കാര്യം അറിഞ്ഞ ശേഷം ആ ജനങ്ങൾക്ക് ശിക്ഷ നൽകിയിട്ടുണ്ട് എന്ന്. എന്നിട്ടും ഇങ്ങിനെ ഒരു ചോദ്യം ചോദിക്കുന്നത് അവന്റെ അന്തസ്സിന് നിരക്കാത്തതാണ്. ചുരുക്കത്തിൽ, ഈസാ(അ) മരിച്ചുപോയെന്നും വീണ്ടും ലോകത്തേക്ക് വരികയില്ലെന്നും പകരം അദ്ദേഹത്തിന്റെ സദൃശ്യനാണ് തീർച്ചയായും വരേണ്ടതെന്നുമുള്ള കാര്യം എത്രത്തോളം വ്യക്തമായി

മുസ്‌ലിംകളോട് പറഞ്ഞിട്ടുണ്ടോ, ഇത്ര വ്യക്തമായി മലാഖി നബിയുടെ പുസ്തകത്തിൽ പറഞ്ഞിരുന്നെങ്കിൽ യഹൂദികൾ നശിക്കുമായിരുന്നില്ല. ആകയാൽ ഇത്രത്തോളം വ്യക്തതകളോടുകൂടിയ കാര്യം അല്ലാഹുവിന്റെ പരിശുദ്ധ വചനങ്ങളിലുണ്ടായിരുന്നിട്ടു കൂടി ഹദ്റത്ത് ഈസാ(അ)യുടെ രണ്ടാം വരവിനെ പ്രതീക്ഷിച്ചിരിക്കുന്ന ഇവർ യഹൂദികളെക്കാൾ തരംതാണവരാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

നമ്മുടെ എതിരാളികളായ മൗലവിമാർ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നത് വിശുദ്ധ ഖുർആനിലില്ലെങ്കിലും ഹദീസുകളിൽ നിന്ന് ഈസാ നബി(അ) രണ്ടാമതും ഈ ലോകത്തേക്ക് വരുമെന്ന് തെളിയുന്നുണ്ടല്ലോ എന്ന് പറഞ്ഞുകൊണ്ടാണ്. എന്നാൽ 'ഈസാ' എന്ന് പേരുണ്ടായിരുന്നതും 'ഇഞ്ചീൽ' ഇറക്കപ്പെട്ടിരുന്നതുമായ അതേ ഇസ്രായേലി പ്രവാചകൻ നബി(സ) തിരുമേനി ഖാത്തമുൽ അമ്പിയാ ആയിരിക്കെ വീണ്ടും ലോകത്തേക്ക് വരുമെന്ന് ഹദീസുകളിൽ എവിടെ ഏത് സ്ഥലത്താണ് എഴുതിയിരിക്കുന്നത് എന്ന് നമുക്ക് മനസ്സിലാകുന്നില്ല. 'ഈസാ' അല്ലെങ്കിൽ 'ഇബ്നു മറിയം' എന്ന പേര് കൊണ്ട് മാത്രം ചതി പറ്റുകയാണെങ്കിൽ പിന്നെ വിശുദ്ധ ഖുർആനിലെ സൂറ: തഹ്‌രീമിലും ഉമ്മത്തിലെ ചിലരുടെ 'ഈസാ' എന്നും 'ഇബ്നു മറിയം' എന്നും പേര് വെക്കപ്പെട്ടതായിട്ടുണ്ടല്ലോ. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഈ ഉമ്മത്തിലെ ചിലരുടെ പേരും 'ഈസാ' എന്നോ 'ഇബ്നു മറിയം' എന്നോ വെക്കപ്പെട്ടിരിക്കുന്നു എന്നത് തന്നെ ധാരാളമാണ്. കാരണം അല്ലാഹു പ്രസ്തുത സൂറത്തിൽ ഉമ്മത്തിലെ ചിലരെ മറിയമായി ഉപമിക്കുകയും അതിന് ശേഷം ആത്മാവ് ഊതി എന്ന് പറയുകയും ചെയ്തപ്പോൾ അതിൽ നിന്ന് വ്യക്തമാകുന്നത് മറിയമിൽ ഊതപ്പെട്ട ആത്മാവ് 'ഈസാ' ആയിരുന്നു എന്നാണ്. ഈ ഉമ്മത്തിലെ ഒരു വ്യക്തി അല്ലാഹു നൽകിയ തഖ്‌വയുടെ അടിസ്ഥാനത്തിൽ ആദ്യം മറിയമാകുകയും പിന്നീട് ഈസാ ആയിത്തീരുകയും ചെയ്തു എന്ന കാര്യമാണ് ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. ഉദാഹരണമായി ബറാഹീനെ അഹ്മദിയ്യായിൽ അല്ലാഹു ആദ്യം എന്റെ പേര് 'മറിയം' എന്ന് വെക്കുകയും അതിന് ശേഷം ആത്മാവ് ഊതിയ കാര്യം പരാമർശിച്ചുകൊണ്ട് പിന്നെ അവസാനം എന്റെ പേര് 'ഈസാ' എന്ന് വെക്കുകയും ചെയ്തിരിക്കുന്നു.

ഹദീസുകളിൽ വ്യക്തമായി എഴുതിയിരിക്കുന്നത്, നബി(സ) തിരു

മേനി മിഅ്റാജ് രാത്രിയിൽ ഹദ്റത്ത് ഈസാ(അ)യെ മരിച്ചവരുടെ ആത്മാക്കളുടെ കൂടെ തന്നെയാണ് കണ്ടതെന്നാണ്. നബി(സ) അർശ് വരെ എത്തിയെങ്കിലും സ്ഥൂലശരീരത്തോടുകൂടിയുള്ള ഒരു ഈസായെ അവിടെ അദ്ദേഹത്തിന് വേറെ കാണാൻ കഴിഞ്ഞിരുന്നില്ല. കണ്ടതെന്തായാലും വഫാത്തായ യഹ്‌യായുടെ കൂടെ കണ്ടത് ആത്മാവ് മാത്രമാണ്. ജീവിച്ചിരിക്കുന്നവർ മരിച്ചവരുടെ സ്ഥലത്ത് പ്രവേശിക്കപ്പെടുകയില്ല എന്ന കാര്യം വ്യക്തമാണ്. ചുരുക്കത്തിൽ അല്ലാഹു തന്റെ വാക്കുകൾ കൊണ്ട് ഹദ്റത്ത് ഈസായുടെ വഫാത്ത് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അതേപ്പോലെ റസൂലുള്ളാഹി(സ) തന്റെ പ്രവൃത്തികൊണ്ട്, അതായത് താൻ കണ്ടതായി പറഞ്ഞുകൊണ്ട് അതേ സാക്ഷ്യം തന്നെയാണ് നൽകിയിരിക്കുന്നത്. ഇനി ആരെങ്കിലും ഈ കാര്യം മനസ്സിലാക്കുന്നില്ലെങ്കിൽ പിന്നെ അല്ലാഹു തന്നെ അവർക്ക് മനസ്സിലാക്കികൊടുക്കും.

ഇതിനുപുറമെ ജനങ്ങളെ വീണ്ടും ലോകത്തേക്ക് അയക്കുക എന്നുള്ളത് അല്ലാഹുവിന്റെ ശീലമല്ല എന്നുള്ളത് യഹൂദികളെ ക്കാൾ കൂടുതൽ അവർക്കനുഭവമാണ്. അല്ലാത്തപക്ഷം ഈസായെ അപേക്ഷിച്ച് ഹദ്റത്ത് സയ്യിദ്നാ മുഹമ്മദ് മുസ്തഫാ(സ) വീണ്ടും ലോകത്തേക്ക് വരുന്നതായിരുന്നു ഏറ്റവും ആവശ്യമായിട്ടുള്ളത്. അതിൽ തന്നെയായിരുന്നു നമ്മുടെ സന്തോഷവും. എന്നാൽ അല്ലാഹു إِنَّكَ مَيِّتٌ* എന്ന് പറഞ്ഞുകൊണ്ട് ആ പ്രതീക്ഷ കൂടി അകറ്റിയിരിക്കുകയാണ്. ലോകത്തേക്ക് വീണ്ടും വരുവാനുള്ള കവാടം തുറന്നിരിക്കുകയാണെങ്കിൽ പിന്നെ, അല്ലാഹു എന്തു കൊണ്ടാണ് ചില ദിവസത്തേക്കെങ്കിലും ഇൽയാസ് നബിയെ വീണ്ടും ലോകത്തേക്ക് അയക്കാതിരുന്നതും, അങ്ങിനെ ലക്ഷക്കണക്കിന് യഹൂദികളെ നരകപ്രാപ്തരാക്കിയ കാര്യവും ചിന്താർഹമാണ്. അവസാനം ഹദ്റത്ത് മസീഹ് തന്നെ വിധി പറഞ്ഞത്, വീണ്ടും വരിക എന്നാൽ ഒരു സദൃശ്യന്റെ വരവിനെയാണ് സൂചിപ്പിക്കുന്നത് എന്നാണ്. ഈ വിധി ഇന്നുവരെ ഇഞ്ചീലിൽ എഴുതപ്പെട്ടതായി നിലനിൽക്കുന്നുണ്ട്. എന്നിട്ടും ഒരിക്കൽ വിധി പറയപ്പെട്ടതാണെന്നും അപകടകരമായ മാർഗ്ഗമാണെന്നും വ്യക്തമായിട്ടുകൂടി അതേ മാർഗ്ഗത്തിൽ തന്നെ ചരിക്കുന്നത് ബുദ്ധിമാന്മാരുടെ പ്രവൃത്തിയല്ല. യഹൂദികൾ ഇല്യാസ് നബി വീണ്ടും ലോകത്തേക്ക് വരുമെന്ന കാര്യത്തിൽ ശഠിച്ചുകൊണ്ട് നിഷേധവും ധിക്കാരവുമല്ലാതെ അവർക്ക് ഒരു ഗുണ

---

* വിശുദ്ധ ഖുർആൻ 39:31

വും ലഭിച്ചില്ല എന്നിരിക്കെ ഈ കാലത്തെ മുസ്‌ലിംകൾ ഇതിൽ നിന്ന് എന്ത് ഗുണമാണ് പ്രതീക്ഷിക്കേണ്ടത്? ഏതൊരു മാളത്തിൽ നിന്ന് ഒരു വലിയ സംഘം കടിയേൽക്കപ്പെട്ട് നാശമടഞ്ഞിരിക്കെ, പിന്നെ ഈ ജനങ്ങൾ എന്തിനാണ് അതേ മാളത്തിൽ തന്നെ കൈയ്യിടുന്നത്. لا يلدغ المؤمن من جحر واحد مرّتين ❖ എന്ന ഹദീസ് ഓർമ്മയില്ലേ? ഇതിൽ നിന്ന് വ്യക്തമാകുന്നത് അവർ മരണത്തെ മറന്നു കളഞ്ഞു എന്നാണ്. ഈ ജനങ്ങൾ അഞ്ചുനേരത്തെ നമസ്കാരങ്ങളിൽ ചൊല്ലുന്ന സൂറത്തിലുള്ള غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ * എന്നതിന്റെ അർത്ഥത്തെക്കുറിച്ച് ചിന്തിക്കാത്തതെന്താണ്?

അതേ പോലെ നബി(സ) തിരുമേനി വഫാത്തായപ്പോൾ ചില സഹാബി മാർക്കും നബി(സ) തിരുമേനി വീണ്ടും ലോകത്തേക്ക് വരുമെന്ന ചിന്ത ഉദിച്ചപ്പോൾ, ഹദ്റത്ത് അബൂബക്കർ(റ) وَمَا مُحَمَّدٌ إِلَّا رَسُولٌ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ *** എന്ന ആയത്ത് ചൊല്ലികൊണ്ട് ആ ചിന്തയെ അകറ്റിയ കാര്യവും ഇവർ ഓർക്കുന്നില്ലേ? ഈ ആയത്തിന്റെ സാരം മനസ്സിലാക്കി കൊടുത്തുകൊണ്ട് പറഞ്ഞു, ഒരു നബിയും തന്നെ മരിച്ചു പോകാത്തവരായിട്ടില്ല എന്ന്. അങ്ങിനെയിരിക്കെ നബി(സ)തിരുമേനി വഫാത്തായെങ്കിൽ ദു:ഖിക്കേണ്ട കാര്യമില്ല. ഈ കാര്യം എല്ലാവർക്കും ഒരുപോലെയാണ്.

600 ഓളം വർഷമായിട്ട് ഈസാ ആകാശത്ത് ജീവിച്ചിരിക്കുന്നു എന്ന ചിന്ത സഹാബാക്കളുടെ ഹൃദയങ്ങളിൽ ഉണ്ടായിരുന്നെങ്കിൽ തീർച്ചയായും അവർ അപ്പോൾ ഈ കാര്യം ഹദ്റത്ത് അബൂബക്കർ(റ)ന്റെ മുമ്പിൽ സമർപ്പിക്കുമായിരുന്നു എന്നത് പ്രകടമാണ്. എന്നാൽ ആ ദിവസം എല്ലാവരും തന്നെ എല്ലാ നബിമാരും മരിച്ചു പോയിരിക്കുന്നു എന്ന് സമ്മതിക്കുകയും ഇനി ആരുടെയെങ്കിലും ഹൃദയത്തിൽ ഈസാ(അ) ജീവിച്ചിരിക്കുന്നു എന്ന ചിന്ത ഉണ്ടായിരുന്നെങ്കിൽപോലും അതിനെ ഒരു പാഴ്‌വസ്തുവിനെ പോലെ തങ്ങളുടെ ഹൃദയങ്ങളിൽ നിന്ന് എറിഞ്ഞു കളയുകയാണ് ചെയ്തത്. ഞാനിത് പറയുന്നത്, ക്രിസ്തീയ മതവുമായുള്ള സാമീപ്യത്തിന്റെ ഫലം കാരണത്താൽ ഏതെങ്കിലും വിവേകശൂന്യനായ വ്യക്തി അയാൾക്ക് ലഭിച്ച ശരിയല്ലാത്ത വിവരങ്ങൾ കാരണം ഒരു

---

❖ ഒരു വിശ്വാസി ഒരു മാളത്തിൽ നിന്ന് രണ്ട് പ്രാവശ്യം കടി ഏൽക്കുകയില്ല.

* * വിശുദ്ധ ഖുർആൻ 1:8, * * * വിശുദ്ധ ഖുർആൻ 3:145

പക്ഷെ, ഈസാ ഇതുവരെ ജീവിച്ചിരിക്കുന്നു എന്ന് ചിന്തിച്ചിരുന്നെങ്കിൽ പോലും അബൂബക്കർ സിദ്ദീഖ്(റ)ന്റെ ഈ ഉപദേശപ്രസംഗത്തിന് ശേഷം നബി(സ) തിരുമേനിക്ക് മുമ്പ് എത്ര നബിമാരുണ്ടായിരുന്നുവോ അവരെല്ലാവരും മരിച്ചിരിക്കുന്നു എന്ന കാര്യത്തിൽ സഹാബാക്കൾ ഏകകണ്ഠരായി എന്നതിൽ യാതൊരു സംശയവുമില്ല. ഇത് സഹാബാക്കളുടെ ആദ്യത്തെ ഇജ്മാഅ് (ഏകകണ്ഠാഭിപ്രായം) ആയിരുന്നു. എല്ലാ സഹാബാക്കളും നബി(സ) തിരുമേനിയോടുള്ള പ്രേമത്തിൽ അങ്ങേയറ്റം മുഴുകിയവരായിരുന്നു. എന്നിരിക്കെ മുഴുവൻ പ്രവാചകന്മാരുടേയും നേതാവായ അവരുടെ മഹാനായ നബിക്ക് 64 വർഷത്തിന്റെ ആയുസ്സ് പോലും പൂർത്തിയാക്കാൻ സാധിച്ചില്ലെന്നും എന്നാൽ ഈസാ 600 വർഷത്തോളമായി ആകാശത്ത് ജീവിച്ചിരിക്കുന്നെന്നും എങ്ങനെ സമ്മതിച്ചുകൊടുക്കാൻ സാധിക്കും? നബി(സ) തിരുമേനിയോടുള്ള ഈ പ്രേമം ഈസാ(അ)യെ സംബന്ധിച്ച് ഈയൊരു പ്രത്യേക മഹത്വം നൽകുന്നതിന് അവർക്ക് ഒരിക്കലും അനുവാദം നൽകുന്നില്ല തന്നെ. നബി(സ) തിരുമേനിയെ നിന്ദിക്കുന്ന ഇത്തരം വിശ്വാസങ്ങളിൽ ശാപം ഇറങ്ങട്ടെ. അവർ ആ ജനങ്ങൾ നബി(സ) തിരുമേനിയുടെ പ്രേമികളായിരുന്നു. അവരുടെ പ്രിയപ്പെട്ട നബി മരിച്ചുപോയെന്നും ഈസാ ആകാശത്ത് ജീവിച്ചിരിക്കുന്നെന്നും കേട്ട മാത്രയിൽ തന്നെ അവർ ജീവിച്ചിരിക്കെ തന്നെ മരിച്ചു പോകുമായിരുന്നു. ആ നബി അവർക്ക് മാത്രമല്ല, അല്ലാഹുവിനും എല്ലാ നബിമാരെക്കാളും കൂടുതൽ പ്രിയപ്പെട്ടതായിരുന്നു. ക്രിസ്ത്യാനികൾ അവരുടെ ദൗർഭാഗ്യം കാരണമായി ഈ സ്വീകാര്യനായ നബിയെ തിരസ്കരിക്കുകയും എന്നാൽ അദ്ദേഹത്തെ (ഈസാ) ഉയർത്തിക്കൊണ്ട് ദൈവമാക്കുകയും ചെയ്തപ്പോൾ അല്ലാഹുവിന്റെ ആത്മാഭിമാനം ആവശ്യപ്പെട്ടത് മുഹമ്മദിന്റെ അടിമകളിൽ നിന്ന് ഒരു അടിമയെ അതായത് ഈ വിനീതനെ അദ്ദേഹത്തിന്റെ (ഈസാ) സദൃശ്യനാക്കി കൊണ്ട് ഈ ഉമ്മത്തിൽ ജനിപ്പിക്കുക എന്നാണ്. എല്ലാ അനുഗ്രഹങ്ങളും അല്ലാഹുവിന്റെ നിയന്ത്രണത്തിലാണുള്ളത് എന്ന് ക്രിസ്ത്യാനികൾ മനസ്സിലാക്കുവാൻ വേണ്ടി, അദ്ദേഹത്തെ (ഈസാ) അപേക്ഷിച്ച് തന്റെ അനുഗ്രഹങ്ങളുടേയും പാരിതോഷികങ്ങളുടേയും പങ്ക് കൂടുതലായി അവന് നൽകി.

ചുരുക്കത്തിൽ, ഈസബ്നുമറിയമിന്റെ സദൃശ്യൻ ആവിർഭവിക്കുന്നതിനുള്ള ഒരു ഉദ്ദേശം അദ്ദേഹത്തിന്റെ ദൈവീകത്വത്തെ ഛിന്നഭി

ന്നമാക്കുക എന്നുള്ളതാണ്. മനുഷ്യൻ സ്ഥൂലശരീരത്തോടുകൂടി ആകാശത്ത് പോയി താമസമാക്കുക എന്നത് മലക്കുകൾ സ്ഥൂല ശരീരത്തോടു കൂടി ഭൂമിയിൽ വന്ന് വസിക്കുന്നത് പോലെ തന്നെ അല്ലാഹുവിന്റെ നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്.

وَلَنْ تَجِدَ لِسُنَّةِ اللهِ تَبْدِيْلًا ❋

അതിനുപുറമെ ഹദ്റത്ത് ഈസാ(അ)യെ കുരിശിലേറ്റിയ സമയത്ത് അദ്ദേഹത്തിന്റെ തബ്‌ലീഗ് അപൂർണമായിരുന്നു. അതേപ്പോലെ ആ സമയത്ത് യഹൂദികളിലെ പത്ത് വിഭാഗങ്ങൾ മറ്റു രാജ്യങ്ങളിലായി ശേഷിക്കുന്നുണ്ടായിരുന്നു. അവർക്ക് അദ്ദേഹത്തിന്റെ പേരുകൂടി അറിയാമായിരുന്നില്ല. അങ്ങനെയിരിക്കെ തന്റെ നിയോഗോദ്ദേശ്യത്തെ അപൂർണമായി ഉപേക്ഷിച്ചുകൊണ്ട് ആകാശത്ത് പോയിരിക്കുവാൻ അദ്ദേഹത്തിന് തോന്നുമോ? ഇത്തരം കാര്യങ്ങളൊന്നും ഈ വിവരം കെട്ട സമൂഹം ചിന്തിക്കുന്നില്ല. ഇതിലും അത്ഭുതകരമായിട്ടുള്ളത്, ഇസ്‌ലാമിക ഗ്രന്ഥത്തിൽ ഹദ്റത്ത് ഈസായെ 'നബി സയ്യാഹ്' (ഏറ്റവും യാത്ര ചെയ്യുന്ന പ്രവാചകൻ) എന്നാണ് എഴുതിയിരിക്കുന്നത്. എന്നാൽ അദ്ദേഹം മൂന്നര വർഷം തന്റെ ഗ്രാമത്തിൽ കഴിച്ചുകൂട്ടുക മാത്രം ചെയ്തുകൊണ്ട് പിന്നീട് ആകാശ രാജ്യത്തേക്കുള്ള യാത്രക്കാരനായിത്തീരുകയാണ് ചെയ്തത്.

അടിസ്ഥാനരഹിതമായ കെട്ടുകഥകളിൽ വിശ്വസിച്ചുകൊണ്ട് ഹദ്റത്ത് ഈസായെ ദൈവമാക്കിയിരിക്കുകയാണ്. ഇനി അദ്ദേഹം ആകാശത്ത് നിന്ന് മലക്കുകളോടൊപ്പം ഇറങ്ങുന്ന അത്ഭുതം കൂടി കാണിക്കുകയാണെങ്കിൽ അവസ്ഥ എന്തായിരിക്കും? ആരാണോ ഇറങ്ങാനുണ്ടായിരുന്നത് ആ വ്യക്തി കൃത്യസമയത്ത് തന്നെ ഇറങ്ങി വന്നിരിക്കുന്നു. ഇത് സംബന്ധമായുള്ള എല്ലാ പ്രവചനങ്ങളും ഇന്ന് പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. എല്ലാ നബിമാരുടെ ഗ്രന്ഥങ്ങളും ഈ ഒരു കാലത്തെക്കുറിച്ച് തന്നെയാണ് പറയുന്നത്. ക്രിസ്ത്യാനികളുടെ വിശ്വാസവും ഈ കാലത്ത് തന്നെ വാഗ്ദത്ത മസീഹിന്റെ ആഗമനം സുനിശ്ചിതമാണെന്നായിരുന്നു. ആ ഗ്രന്ഥങ്ങളിലെല്ലാം വ്യക്തമായി എഴുതിയിരിക്കുന്നത്! ആദം നബി മുതൽ ആറാം സഹസ്രാബ്ദത്തിന്റെ അവസാനത്തിൽ വാഗ്ദത്ത മസീഹ് വരുമെന്നാണ്; അതിനാൽ ആറാം സഹസ്രാബ്ദത്തിന്റെ അവസാന

---

❋ വിശുദ്ധ ഖുർആൻ 48:24

മായിരിക്കുകയാണ്. അതു പോലെതന്നെ അതിനു മുമ്പായി വാൽ നക്ഷത്രം പ്രത്യക്ഷപ്പെടുമെന്നും എഴുതിയിരിക്കുന്നു. അത് പ്രത്യക്ഷപ്പെട്ടിട്ട് ഏറെകാലമായി. അതേപോലെ അദ്ദേഹത്തിന്റെ കാലത്ത് ഒരേ റമളാൻ മാസത്തിൽ തന്നെ സൂര്യനും ചന്ദ്രനും ഗ്രഹണം സംഭവിക്കുമെന്നും എഴുതിയിരിക്കുന്നു. ഈ പ്രവചനവും പൂർത്തിയായിട്ട് ഏറെ കാലമായിരിക്കുന്നു. അദ്ദേഹത്തിന്റെ കാലത്ത് വളരെ ശക്തമായ രീതിയിൽ പ്ലേഗ് പൊട്ടിപ്പുറപ്പെടുമെന്നും എഴുതിയിരുന്നു. ഈയൊരു കാര്യം ഇഞ്ചീലിലും രേഖപ്പെടുത്തിയിട്ടുണ്ട്. പ്ലേഗ് ഇത് വരെയായിട്ടും ഒഴിഞ്ഞുപോയിട്ടില്ല എന്ന കാര്യം കാണാവുന്നതാണ്. വിശുദ്ധ ഖുർആനിലും ഹദീസുകളിലും പൂർവ്വ ഗ്രന്ഥങ്ങളിലും എഴുതിയിരിക്കുന്നത് അക്കാലത്ത് തീ കൊണ്ട് ചലിക്കുന്ന ഒരു പുതിയ വാഹനം ഇറങ്ങുമെന്നാണ്. അതിനാൽ അന്ന് ഒട്ടകം പ്രയോജനമില്ലാത്തതായിത്തീരും. ഈ അവസാനം പറയപ്പെട്ട ഭാഗം സഹീഹ് മുസ്ലിമിലെ ഹദീസിലും ഉണ്ട്. ഇപ്പോൾ ഉള്ള തീവണ്ടിയാണ് ആ യാത്രാവാഹനം. പിന്നെ എഴുതിയിരുന്നത് ആ വാഗ്ദത്ത മസീഹ് നൂറ്റാണ്ടിന്റെ ആരംഭത്തിൽ ആവിർഭവിക്കുമെന്നാണ്. അങ്ങിനെ ഇപ്പോൾ ഈ നൂറ്റാണ്ടിലെ 21 വർഷവും കഴിഞ്ഞിരിക്കുന്നു. ഈ അടയാളങ്ങളെല്ലാം ഉണ്ടായിരിക്കെ ഏതൊരാൾ എന്നെ തിരസ്കരിക്കുന്നുവോ അവൻ എന്നെ മാത്രമല്ല മുഴുവൻ നബിമാരെയുമാണ് തിരസ്കരിക്കുന്നത്. അല്ലാഹുവിനോടാണ് അവൻ യുദ്ധം ചെയ്യുന്നത്. അവൻ ജനിച്ചില്ലായിരുന്നുവെങ്കിൽ അവന് അത് ഉത്തമമായിരുന്നു. എല്ലാ വിധത്തിലുള്ള ദൂഷ്യങ്ങളും നാശങ്ങളും ഇസ്ലാമിൽ സംജാതമായി എന്ന കാര്യം നിങ്ങൾ ഓർത്തുകൊള്ളുക. ഏതുവരെയെന്നാൽ ഈ ഇന്ത്യാരാജ്യത്ത് 29 ലക്ഷം മനുഷ്യർ മതപരിത്യാഗികളായി ക്രിസ്ത്യാനികളായിത്തീർന്നു. അതിനുള്ള പ്രധാന കാരണം മുസ്ലിംകൾ ഹദ്റത്ത് ഈസായെ സംബന്ധിച്ച് അകാരണവും അതിശയോക്തിപരവുമായ പ്രതീക്ഷകൾ വെച്ചുപുലർത്തുകയും അദ്ദേഹത്തിന്റെ ഓരോ ഗുണത്തിനും പ്രത്യേക സവിശേഷതകൾ നൽകിക്കൊണ്ട് ഏകദേശം ക്രിസ്ത്യാനികളുടെ സമീപത്തെത്തി നിൽക്കുകയായിരുന്നു അവർ. ഏതുവരെയെന്നാൽ മാനുഷികമായ ചില പ്രത്യേകതകൾ സയ്യിദുനാ നബി(സ)തിരുമേനിയെ സംബന്ധിച്ച് അവർ മനസ്സിലാക്കിയിരുന്നത് ഏതെങ്കിലും ചരിത്ര ഗ്രന്ഥത്തിൽ ഇതേ പ്രത്യേകതകൾ ഹദ്റത്ത് ഈസാ(അ)യെക്കുറിച്ച് എഴുതപ്പെട്ടിട്ടുണ്ടെങ്കിൽ അത് അവർ സമ്മതിക്കാൻ തയ്യാറാവാതെ, അവർ അതിന് തൗബാ

ചെയ്യാൻ ഒരുങ്ങുന്നു. ഉദാഹരണമായി ഹദ്റത്ത് നബി(സ) തിരുമേനി ഇടക്കൊക്കെ രോഗിയാവാറുണ്ടെന്നുള്ളത് വ്യക്തമാണ്. അദ്ദേഹത്തിന് പനി വരാറുണ്ടായിരുന്നു. അദ്ദേഹം മരുന്ന് കഴിക്കാറുണ്ടായിരുന്നു. ചിലപ്പോഴോക്കെ കൊമ്പുവെക്കൽ ചികിത്സയും നടത്താറുണ്ടായിരുന്നു. എന്നാൽ ഇതേ പ്രകാരം ഹദ്റത്ത് മസീഹിനെ സംബന്ധിച്ച് അദ്ദേഹത്തിന് പനി വന്നപ്പോഴോ അല്ലെങ്കിൽ മറ്റെന്തെങ്കിലും രോഗാവസ്ഥയിലോ അദ്ദേഹത്തെ ഡോക്ടറുടെ അടുക്കലേക്ക് കൊണ്ടുപോയി എന്നൊക്കെ എഴുതിയത് കണ്ടുപോയാൽ ഉടനെ അവർ ഞെട്ടിത്തെറിക്കുകയും ഇതൊന്നും മസീഹിന്റെ അന്തസ്സിന് ചേർന്നതല്ല എന്ന് പറയുകയും ചെയ്യും. എന്നാൽ അദ്ദേഹം ഒരു വിനീതനായ മനുഷ്യൻ മാത്രമായിരുന്നു. മാനുഷികമായ എല്ലാ ബലഹീനതകളും പൂർണ്ണമായും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന് നാല് സ്വന്തം സഹോദരന്മാരുണ്ടായിരുന്നു. അവരിൽ ചിലർ അദ്ദേഹത്തിന്റെ എതിരാളികളായിരുന്നു. അദ്ദേഹത്തിന് രണ്ട് സ്വന്തം സഹോദരിമാരുണ്ടായിരുന്നു. കുരിശിൽ കുന്തം കൊണ്ടുള്ള കുത്തേറ്റപ്പോൾ ബോധരഹിതനായിത്തീർന്ന ഒരു ബലഹീനനായ ആളായിരുന്നു അദ്ദേഹം. എന്നാൽ കഷ്ടമെന്ന് പറയട്ടെ, മുസ്ലിംകൾ ഹദ്റത്ത് ഈസായെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറഞ്ഞപോലെ അദ്ദേഹം മരിച്ചുപോയി എന്നും അദ്ദേഹത്തിന്റെ രണ്ടാം വരവ് സംഭവ്യമല്ലെന്നും മനസ്സിലാക്കിയിരുന്നുവെങ്കിൽ ഇസ്ലാമിന് സംഭവിച്ച ഈ നാശം ഉണ്ടാകുമായിരുന്നില്ല, ക്രിസ്തുമതത്തിന് വേഗം തന്നെ അന്ത്യം സംഭവിക്കുകയും ചെയ്യുമായിരുന്നു. ഇക്കാലത്ത് അല്ലാഹു ആകാശത്ത് നിന്ന് ഇസ്ലാമിന്റെ കൈകൾക്ക് ഒരു താങ്ങ് നൽകിയിരിക്കുന്നു എന്നതിൽ അല്ലാഹുവിനെ സ്തുതിക്കുന്നു.

ഈ കാര്യങ്ങളെല്ലാമായിരുന്നു ഞാൻ സാഹിബ് സാദാ മൗലവി അബ്ദുൽ ലത്തീഫ് സാഹിബിനോട് പറഞ്ഞിരുന്നത്. ഹദ്റത്ത് ഈസാ(അ)ന് മതപരമായ വീക്ഷണത്തിൽ പതിനാറ് സവിശേഷതകളാണ് ഉള്ളത് എന്ന കാര്യവും ഞാൻ അവസാനം അദ്ദേഹത്തിന് മനസ്സിലാക്കിക്കൊടുത്തു.

ഒന്നാമത്തേത്, ഇസ്റായേൽ നബിമാരുടെ ഗ്രന്ഥങ്ങൾ സാക്ഷ്യപ്പെടുത്തുന്നത് പോലെ അദ്ദേഹം ഇസ്റായേൽ സന്തതികൾക്കുള്ള വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനായിരുന്നു. രണ്ടാമത്തേത്, യഹൂദികൾക്ക് തങ്ങളുടെ ഭരണം നഷ്ടപ്പെട്ടുപോയ സമയത്താണ് മസീ

ഹ് വന്നത് എന്നതാണ്. അതായത് ആ രാജ്യത്ത് യഹൂദികളുടെ ഒരു ഭരണവും ഉണ്ടായിരുന്നില്ല. എന്നാൽ യഹൂദികളിലെ ചില വിഭാഗങ്ങൾ പോയി താമസിച്ച വേറെ ഏതെങ്കിലും രാജ്യത്ത് അവരുടെ ഭരണം സ്ഥാപിക്കപ്പെട്ടിരിക്കാൻ സാധ്യതയുണ്ട്. അതുകൊണ്ടായിരിക്കാം അഫ്ഘാൻകാരെയും കാശ്മീരികളെയും യഹൂദികളിൽപ്പെട്ടവരായിട്ട് കരുതുന്നത്. അവർ ഇസ്‌ലാം സ്വീകരിച്ചതിന് ശേഷം ഭരണകർത്താക്കളായി തീർന്നിരിക്കാമെന്ന കാര്യത്തെ നിഷേധിക്കാൻ സാധ്യമല്ല. ഏതായിരുന്നാലും ഹദ്റത്ത് മസീഹിന്റെ ആവിർഭാവക്കാലത്ത് ആ രാജ്യത്ത് യഹൂദികൾക്ക് ഭരണം നഷ്ടപ്പെട്ടിരുന്നു. അവർ റോമാസാമ്രാജ്യത്തിന്റെ കീഴിൽ ജീവിതം നയിച്ചുവരികയായിരുന്നു. റോമാ സാമ്രാജ്യം ഇംഗ്ലീഷ് സാമ്രാജ്യവുമായി വളരെ സാദൃശ്യമുള്ളതായിരുന്നു. മൂന്നാമത്തേത്, യഹൂദികൾ പല കക്ഷികളായി പിരിഞ്ഞ അവസരത്തിലാണ് അദ്ദേഹം വന്നത് എന്നാണ്. ഓരോ കക്ഷിയും അന്യോന്യം ശത്രുക്കളായിരുന്നു. അവരെല്ലാവരും തമ്മിൽ ശക്തമായ ശത്രുതയും വഴക്കുകളും രൂപപ്പെട്ട് കഴിഞ്ഞിരുന്നു. തൗറാത്തിലെ ഭൂരിപക്ഷം കൽപനകളും അവർ തമ്മിലുള്ള പല അഭിപ്രായ വ്യത്യാസങ്ങളും കാരണമായി സംശയാസ്പദമായി തീർന്നിരുന്നു. ഏകദൈവ വിശ്വാസത്തിൽ മാത്രമേ അവർ തമ്മിൽ ഐക്യമുണ്ടായിരുന്നുള്ളൂ. മറ്റു മിക്ക മതപ്രശ്നങ്ങളിലും അവർ തമ്മിൽ ശത്രുതയിലായിരുന്നു. ഒരു ഉപദേശകനും തന്നെ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കുവാനും ഒരു തീരുമാനമെടുക്കുവാനും സാധിക്കുമായിരുന്നില്ല. ഈയൊരു സാഹചര്യത്തിൽ അവർ ഒരു ആകാശീയ കൽപന, അതായത് അല്ലാഹുവിൽ നിന്ന് പുതിയതായ ദിവ്യസന്ദേശങ്ങൾ ലഭിച്ച് സത്യമാർഗത്തിലുള്ളവരെ സഹായിക്കുന്ന ഒരു വിധികർത്താവിനെ പ്രതീക്ഷിക്കുകയായിരുന്നു അവർ. സ്വാഭാവികമായും ഈ മാർഗഭ്രംശത്തിന്റെ കലർപ്പ് അവരിലെ എല്ലാ കക്ഷികളിലും പടർന്നുകഴിഞ്ഞിരുന്നു. അതിനാൽ യഥാർത്ഥ സത്യത്തിലുള്ളവരാണെന്ന് ആരെക്കുറിച്ചും പറയാൻ സാധ്യമല്ലായിരുന്നു. എല്ലാ കക്ഷികളിലും ഒന്നല്ലെങ്കിൽ മറ്റൊരു തരത്തിൽ ആകെ കളവും അതിശയോക്തികളും കലർന്നു കഴിഞ്ഞിരുന്നു. ഈയൊരു കാരണം കൊണ്ടുതന്നെയായിരുന്നു യഹൂദികളിലെ എല്ലാ കക്ഷികളും ഹദ്റത്ത് മസീഹിനെ ശത്രുവായി കണ്ടതും അദ്ദേഹത്തിന്റെ ജീവനെടുക്കാൻ തുനിയുകയും ചെയ്തിരുന്നത്. കാരണം ഓരോ കക്ഷിയും ആഗ്രഹിച്ചിരുന്നത് ഹദ്റത്ത് മസീഹ് പൂർണ്ണമായും അവരെ അംഗീകരിക്ക

ണമെന്നും അവരാണ് സത്യമാർഗത്തിലുള്ളവരെന്നും സാത്വിക രെന്ന് മനസ്സിലാക്കണമെന്നും അവരുടെ എതിരാളികളെ വ്യാജ രെന്ന് പറയണമെന്നുമായിരുന്നു. എന്നാൽ അങ്ങനെയുള്ള മുഖസ് തുതി പാടൽ അല്ലാഹുവിന്റെ ഒരു നബിയെ സംബന്ധിച്ചിടത്തോളം അസാധ്യമായിരുന്നു. നാലാമത്തേത്, മസീഹിബ്നു മറിയമിന് ജിഹാദിനുള്ള കൽപന ഇല്ല എന്നതായിരുന്നു. മതത്തിന്റെ പുരോ ഗതിക്കായി - എന്ത് ഉദ്ദേശത്തിന് വേണ്ടിയായിരുന്നാലും - വാൾ ഉപയോഗിച്ചിരുന്നു എന്ന കാരണത്താൽ ഗ്രീക്കുക്കാരുടേയും റോമാ ക്കാരുടെയും, ദൃഷ്ടിയിൽ മൂസാ(അ)ന്റെ മതത്തിന് പേരു ദോഷം സംഭവിച്ചിട്ടുണ്ടായിരുന്നു. അതിനാൽ ഇപ്പോൾ പോലും അവരുടെ ഗ്രന്ഥങ്ങളിൽ മൂസാനബി(അ)യുടെ മതത്തിന്നെതിരായുള്ള ആ ക്ഷേപം, ലക്ഷക്കണക്കിന് മുലകുടിക്കുന്ന കുട്ടികളെ അദ്ദേഹത്തി ന്റെ കൽപന പ്രകാരവും അതിന് പുറമെ അദ്ദേഹത്തിന്റെ ഖലീഫ യായിരുന്ന യശൂഅ്ന്റെ കൽപന പ്രകാരവും വധിച്ചിരുന്നു എന്നാ ണ്. അതിന് പുറമെ ദാവൂദിന്റേയും മറ്റു നബിമാരുടെയും യുദ്ധങ്ങ ളും ഈ ആക്ഷേപത്തിന് ഒന്നുകൂടി ഊന്നൽ നൽകുന്നവയായി രുന്നു. ആകയാൽ മാനുഷിക പ്രകൃതത്തിന് ഈ കഠിനമായ കൽ പനയെ സഹിക്കാൻ കഴിയുന്നതായിരുന്നില്ല. ഇതരമതസ്ഥരിലും ഇത്തരത്തിലുള്ള ചിന്തകൾ അതിന്റെ പാരമ്യത്തിലെത്തിയപ്പോൾ രഞ്ജിപ്പുകൊണ്ടും സമാധാനം കൊണ്ടും മാത്രം മതപ്രചരണം നടത്തുവാനും ഇതര സമുദായങ്ങളിൽ തൗറാത്തിന്നെതിരായുള്ള ആക്ഷേപങ്ങളെ ഇല്ലായ്മ ചെയ്യുക എന്ന ഉദ്ദേശത്തോടു കൂടി ഒരു പ്രവാചകനെ അയക്കുവാൻ അല്ലാഹു ആഗ്രഹിച്ചു. അങ്ങനെയു ള്ള ആ രഞ്ജിപ്പിന്റെ പ്രവാചകൻ ഈസബ്നു മറിയം ആയിരുന്നു. അഞ്ചാമത്തേത്, ഹദ്റത്ത് ഈസാ(അ)യുടെ കാലത്ത് യഹൂദി പണ്ഡിതന്മാരുടെ ജീവിതരീതി പൊതുവിൽ അങ്ങേയറ്റം കുത്തഴി ഞ്ഞു പോയതായിരുന്നു. അവരുടെ വാക്കും പ്രവൃത്തിയും തമ്മിൽ യാതൊരു താരതമ്യവും ഉണ്ടായിരുന്നില്ല. അവരുടെ നമസ്കാരവും അവരുടെ നോമ്പും മറ്റുള്ളവരെ കാണിക്കാൻ വേണ്ടി മാത്രമുള്ളതാ യിരുന്നു. സ്ഥാനമോഹികളായിരുന്ന യഹൂദി പണ്ഡിതന്മാർ റോമാ സാമ്രാജ്യത്തിനു കീഴിൽ ഭൗതീകതയുടെ കീടങ്ങളായിത്തീരുകയും തങ്ങളുടെ എല്ലാ കഴിവുകളും അതിനുവേണ്ടി മാത്രം വിനിയോഗി ക്കുകയും ചെയ്തിരുന്നു. വഞ്ചനകൊണ്ടും വിശ്വാസലംഘനം കൊണ്ടും ചതികൊണ്ടും കള്ളസാക്ഷ്യം കൊണ്ടും വ്യാജ ഫത്വ കൾ കൊണ്ടും അവർ ഭൗതീകത സമ്പാദിക്കുകയായിരുന്നു. അവ

രിൽ സാത്വികരുടെ വസ്ത്രവും വലിയ വലിയ ജുബ്ബകളുമല്ലാതെ ആത്മീയതയുടെ ഒരു തരിമ്പും ശേഷിച്ചിരുന്നില്ല. അവർ റോമാ സാമ്രാജ്യത്തിലെ ഭരണകർത്താക്കളുടെ ആദരവ് പിടിച്ചുപറ്റാൻ അങ്ങേയറ്റം ആഗ്രഹിക്കുന്നവരായിരുന്നു. പലതരത്തിലുള്ള നീക്കുപോക്കുകൾ നടത്തിയും വ്യാജപ്രശംസകൾ പാടിയും അവർ ഭരണകൂടത്തിന്റെ ആദരവും അതോടൊപ്പം ഒരു പരിധി വരെ ഭരണവും കൈക്കലാക്കിയിരുന്നു. അവർ ഭൗതീകത മാത്രം ആഗ്രഹിച്ചിരുന്നതിനാൽ തൗറാത്ത് അനുസരിച്ച് പ്രവൃത്തിക്കുന്നത് മൂലം ലഭ്യമാകുന്ന ആദരവിനെ പോലും വില കൽപിക്കാതെ ഭൗതീകാരാധനയുടെ കീടങ്ങളായി തീർന്നിരുന്നു. എല്ലാവിധ അന്തസ്സുകളും ഭൗതീകപ്രതാപങ്ങളിൽ മാത്രമാണെന്നായിരുന്നു അവർ മനസ്സിലാക്കിയിരുന്നത്. അതുകൊണ്ട് തന്നെയായിരുന്നു റോമാ സാമ്രാജ്യത്തിന്റെ വകയായി ആ രാജ്യത്തിന് നിയമിക്കപ്പെട്ടിരുന്ന ഗവർണറുടെ മേലും ഒരു പരിധി വരെ അവർക്ക് സ്വാധീനം ചെലുത്താൻ കഴിയുമായിരുന്നു. കാരണം അവരുടെ ഭൗതീകാരാധകരായ വലിയ വലിയ മൗലവിമാർ ദീർഘയാത്രകൾ ചെയ്ത് കൈസറുമായി കൂടികാഴ്ച നടത്തുകയും ഭരണകൂടവുമായിട്ടുള്ള അവരുടെ ബന്ധങ്ങൾ നിലനിർത്തുകയും ചെയ്യാറുണ്ടായിരുന്നു. അവരിൽ പലരും തന്നെ ഭരണകൂടത്തിൽ നിന്ന് സഹായധനം കൈപറ്റുന്നവരായിരുന്നു. ഇങ്ങനെയൊക്കെ തങ്ങൾ ഭരണകൂടത്തിന്റെ വലിയ ഗുണകാംക്ഷികളാണെന്ന് ഭാവിക്കാറുണ്ടായിരുന്നു. അതിനാൽ, അവർ ഒരു ഭാഗത്ത് കൈസറിന്റെ സംരക്ഷണത്തിലായിരുന്നിട്ടുകൂടി വ്യാജപ്രശംസകളിലൂടെ അവർ കൈസറിലും അവരുടെ വലിയ ഭരണകർത്താക്കളിലും തങ്ങളെക്കുറിച്ച് ശുഭകാംക്ഷികളാണെന്ന ധാരണ ഉണ്ടാക്കിയിരുന്നു. ഇത്തരം കുടിലതന്ത്രങ്ങൾ കാരണം അവരുടെ പണ്ഡിതന്മാർ സാമ്രാജ്യത്തിലെ ഭരണകർത്താക്കളുടെ ദൃഷ്ടിയിൽ ബഹുമാന്യരായി പരിഗണിക്കപ്പെട്ടുപോരുകയും അവർക്ക് അതിനനുസൃതമായ സ്ഥാനങ്ങൾ നൽകുകയും ചെയ്തുപോന്നിരുന്നു. അതിനാൽ ഈസബ്നുമറിയം എന്ന് പേരുള്ള ആ പാവം ഗലീലിയക്കാരൻ, ഈ ദുഷ്ടന്മാരെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം പ്രകോപനത്തിന് കാരണക്കാരനായിത്തീർന്നിരുന്നു. അദ്ദേഹത്തിന്റെ മുഖത്ത് അവർ കാർക്കിച്ചു തുപ്പി എന്ന് മാത്രമല്ല ഗവർണറെ കൊണ്ട് കൽപന പുറപ്പെടുവിച്ച് അദ്ദേഹത്തെ ചാട്ടവാറുകൊണ്ട് അടിപ്പിക്കുകയും ചെയ്തു. കള്ളന്മാരോടും തെമ്മാടികളോടുമൊപ്പം അദ്ദേഹത്തെ ജയിലിലടക്കുകയും ചെയ്തിരുന്നു. എന്നാൽ അദ്ദേഹത്തിന്റേ

തായി കുറ്റം ഒന്നും തന്നെ ഉണ്ടായിരുന്നില്ല. യഹൂദികളെ സന്തോഷിപ്പിക്കാൻ വേണ്ടി സർക്കാറിന്റെ ഭാഗത്ത് നിന്നുള്ള ഒരു പ്രവൃത്തി മാത്രമായിരുന്നു അത്. കാരണം ഭൂരിപക്ഷ വിഭാഗത്തിന് പരിഗണന നൽകുക എന്നുള്ളത് ഭരണകൂടങ്ങളുടെ ഒരു പ്രവർത്തന തന്ത്രമാണ്. അപ്പോൾ പിന്നെ ഈ സാധുവിനെ ആര് പരിഗണിക്കുമായിരുന്നു? കോടതിയിടപെടലിന്റെ ഫലമായി അവസാനം അദ്ദേഹം യഹൂദി മൗലവിമാരുടെ അധീനതയിൽ ഏൽപിക്കപ്പെട്ടു. അങ്ങനെ അവർ അദ്ദേഹത്തെ കുരിശിലേറ്റി. ആകാശഭൂമികളുടെ ഉടമസ്ഥനായ അല്ലാഹു ഇത്തരം കോടതികളുടെ മേൽ ശാപം ചൊരിയുന്നു. എന്നാൽ കഷ്ടമെന്ന് പറയട്ടെ, ഇത്തരം ഭരണകൂടങ്ങൾക്ക് ആകാശങ്ങളുടെ ദൈവത്തിൽ യാതൊരു ദൃഷ്ടിയുമില്ല. ആ രാജ്യത്തെ ഗവർണറായിരുന്ന പിലാത്തോസും അദ്ദേഹത്തിന്റെ പത്നിയും ഹദ്റത്ത് ഈസാ(അ)നെ രഹസ്യമായി വിശ്വസിക്കുന്നവരും അദ്ദേഹത്തെ മോചിതനാക്കാൻ ആഗ്രഹിക്കുന്നവരുമായിരുന്നു. എന്നാൽ തങ്ങളുടെ ഭൗതീക ഇടപെടലുകൾ മുഖേന കൈസറിന്റെ ആദരവ് പിടിച്ചുപറ്റിയിരുന്ന ഉന്നതരായ യഹൂദി പണ്ഡിതന്മാർ, ഈ വ്യക്തിക്ക് ശിക്ഷ നൽകാത്ത പക്ഷം ഞങ്ങൾ നിന്നെ കുറിച്ച് കൈസറിന്റെ സന്നിധിയിൽ പരാതിപ്പെടുമെന്ന് ഭീഷണിപ്പെടുത്തിയപ്പോൾ ഭീരുവായിരുന്ന അയാൾ പേടിച്ചുപോയി. അങ്ങനെ തന്റെ ഉദ്ദേശത്തിൽ ഉറച്ചുനിൽക്കാൻ അയാൾക്ക് സാധിച്ചില്ല. ബഹുമാന്യരായ ചില യഹൂദി പണ്ഡിതന്മാർക്ക് കൈസറിന്റെ അടുക്കൽ നല്ല സ്വാധീനമുണ്ടായിരുന്നു എന്നതായിരുന്നു ഈ ഭയത്തിന് കാരണം. ഹദ്റത്ത് ഈസാ(അ)യെ സംബന്ധിച്ച് അദ്ദേഹം കുഴപ്പക്കാരനാണെന്നും ഉള്ളുകൊണ്ട് ഗവൺമെന്റിന്റെ ശത്രുവാണെന്നും തന്റെ ഒരു സംഘത്തെ ഉണ്ടാക്കിക്കൊണ്ട് കൈസറിനെ ആക്രമിക്കാൻ ശ്രമിക്കുകയാണെന്നും മറ്റുമുള്ള വിവരങ്ങൾ അവർ രഹസ്യമായി നൽകാറുണ്ടായിരുന്നു. എന്നാൽ ബാഹ്യമായിട്ടുണ്ടായിരുന്ന പ്രയാസം, സാധാരണക്കാരനും സാധുവുമായ ഈ മനുഷ്യന് കൈസറുമായോ അവരുടെ ഭരണകർത്താക്കളുമായോ യാതൊരു ബന്ധവുമുണ്ടായിരുന്നില്ല എന്നതായിരുന്നു. കപടന്മാരെ പോലെയും ഭൗതീകത ആഗ്രഹിക്കുന്നവരെ പോലെയും അദ്ദേഹത്തിന്ന് അവരെ ഒരു പരിചയവും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ വിശ്വാസം അല്ലാഹുവിൽ മാത്രമായിരുന്നു. ഭൂരിപക്ഷം യഹൂദി പണ്ഡിതന്മാരും, അവരുടെ ഭൗതികാസക്തിയും കുടിലതന്ത്രങ്ങളും വ്യാജപ്രശംസാ നിലപാടും കൊണ്ട് ഭരണകൂടത്തിൽ കടന്നു കയറിയിരുന്നു. യഥാർഥ

ത്തിൽ അവർ ഭരണകൂടത്തിന്റെ സുഹൃത്തുക്കളായിരുന്നില്ല. എന്നാൽ ഭരണകൂടം അവർ സുഹൃത്തുക്കളാണെന്ന് തോന്നിക്കുന്ന ചതിയിൽ അകപ്പെട്ടു പോയിരുന്നതായിട്ടാണ് മനസ്സിലാകുന്നത്. അതിനാൽ അവർക്ക് വേണ്ടി നിരപരാധിയായ ഒരു ദൈവദൂതൻ എല്ലാ തരത്തിലും നിന്ദ്യനാക്കപ്പെടുകയുണ്ടായി. എന്നാൽ ആകാശത്ത് നിന്ന് കാണുന്നവനും ഹൃദയങ്ങളുടെ അധിപനുമായവന്റെ ദൃഷ്ടിയിൽ നിന്ന് ആ ദുഷ്ടന്മാർക്കൊന്നും മറഞ്ഞിരിക്കാൻ സാധ്യമാകുമായിരുന്നില്ല. അവസാനം ഹദ്റത്ത് ഈസാ(അ)നെ കുരിശിൽ കയറ്റിയതിന് ശേഷവും അല്ലാഹു അദ്ദേഹത്തെ മരണത്തിൽ നിന്ന് രക്ഷിക്കുകയും അദ്ദേഹം ഹൃദയവേദനയോടു കൂടി തോട്ടത്തിൽ വെച്ച് ചെയ്ത ആ പ്രാർഥന സ്വീകരിക്കുകയും ചെയ്തു. എഴുതിയിരിക്കുന്നത് പോലെ, അതായത് ഈ ദുഷ്ടന്മാരായ യഹൂദികൾ തന്റെ ജീവന്റെ ശത്രുക്കളാണെന്നും തന്നെ അവർ വിടുകയില്ലെന്നും മസീഹിന് ദൃഢവിശ്വാസമായപ്പോൾ രാത്രികാലത്ത് അദ്ദേഹം ഒരു തോട്ടത്തിൽ പോയി പൊട്ടിക്കരഞ്ഞുകൊണ്ട് ഇങ്ങനെ ദുആ ചെയ്തു. 'എന്റെ രക്ഷിതാവേ, എന്നിൽ നിന്ന് ഈ പാനപാത്രം അകറ്റേണമേ. നിനക്ക് ഇത് അസാധ്യമല്ല. നീ ആഗ്രഹിക്കുന്നത് പ്രവർത്തിക്കുന്നവനാണ്.' ഇവിടെ അറബി ഇഞ്ചീലിൽ എഴുതിയിരിക്കുന്ന വാക്കുകൾ فبكىٰ بدموع جارية و عبرات متحدّرة فسُمِع لتقواه അതായത് യേശു മിശിഹാ ദുആ ചെയ്തുകൊണ്ട് ഇത്രത്തോളം വിലപിച്ചു. അദ്ദേഹത്തിന്റെ കണ്ണുനീർ മുഖത്തിലൂടെ ഒഴുകി. കണ്ണുനീർ വെള്ളം പോലെ അദ്ദേഹത്തിന്റെ കവിളിലൂടെ ഒഴുകാൻ തുടങ്ങി. അദ്ദേഹം കഠിനമായി വിലപിക്കുകയും അങ്ങേയറ്റം വേദനിക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹത്തിന്റെ തഖ്‌വ നിമിത്തം അദ്ദേഹത്തിന്റെ ദുആ കേൾക്കപ്പെടുകയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ചില സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെട്ട് അദ്ദേഹത്തെ ജീവനോടെ കുരിശിൽ നിന്ന് ഇറക്കപ്പെടുകയും ചെയ്തു. അതിന് ശേഷം രഹസ്യമായി തോട്ടക്കാരന്റെ വേഷത്തിൽ, അദ്ദേഹത്തെ കല്ലറയിൽ വച്ചിരുന്ന തോട്ടത്തിൽ നിന്ന് പുറത്ത് വരികയും അല്ലാഹുവിന്റെ കലപന പ്രകാരം മറ്റൊരു രാജ്യത്തേക്ക് തന്റെ മാതാവിനോടൊപ്പം പോവുകയും ചെയ്തു. അത് സംബന്ധമായി അല്ലാഹു പറയുന്നു, اٰوَيْنٰهُمَآ اِلٰى رَبْوَةٍ ذَاتِ قَرَارٍ وَّمَعِيْنٍ* അതായത് കുരിശിന്റേതായ ആപത്തുകൾക്കും പ്രയാസങ്ങൾക്കും ശേഷം നാം മസീഹിനേയും അ

* വിശുദ്ധ ഖുർആൻ 23:51

ദ്ദേഹത്തിന്റെ മാതാവിനേയും ഉയർന്നതും ജലസമൃദ്ധവും സുഖപ്രദവുമായ ഒരു രാജ്യത്ത് എത്തിച്ചു. ഹദീസിൽ വന്നിരിക്കുന്നത്, ഈസബ്നുമറിയം(അ) നൂറ്റിഇരുപത് വയസ്സ് വരെ ജീവിച്ചെന്നും അതിന് ശേഷം വഫാത്തായി തന്റെ അല്ലാഹുവിന്റെ പക്കൽ എത്തുകയും പാരത്രികലോകത്ത് യഹ്യാ(അ)നോടൊപ്പം ചേർന്ന് അദ്ദേഹത്തിന്റെ സഹവാസിയായിത്തീരുകയും ചെയ്തു എന്നാണ്. കാരണം അദ്ദേഹത്തിന്റെ സംഭവവും യഹ്യാ നബിയുടെ സംഭവവും തമ്മിൽ ഒരു സാമ്യമുണ്ടായിരുന്നു. അദ്ദേഹം സാത്വികനായ ഒരു മനുഷ്യനായിരുന്നെന്നും നബിയുമായിരുന്നെന്നും ഉള്ളതിൽ യാതൊരു സംശയവും ഇല്ല. എന്നാൽ അദ്ദേഹത്തെ ദൈവമാണെന്ന് പറയുന്നത് കുഫ്റാണ്. ഇതുപോലുള്ള ലക്ഷക്കണക്കിന് മനുഷ്യർ ലോകത്ത് കഴിഞ്ഞു കടന്നിട്ടുണ്ട്. ഇനി ഉണ്ടാവുകയും ചെയ്യുന്നതാണ്. അല്ലാഹു ആരേയും തെരഞ്ഞെടുക്കുന്ന കാര്യത്തിൽ ഒരിക്കലും ക്ഷീണിച്ചിട്ടില്ല. ക്ഷീണിക്കുകയുമില്ല. ആറാമത്തെ സവിശേഷത, ഹദ്റത്ത് ഈസാ(അ) റോമാ സാമ്രാജ്യത്തിലെ കൈസറിന്റെ ഭരണത്തിൻ കീഴിലെ പ്രജയായിരിക്കെ ആണ് നിയോഗിതനായത് എന്നാണ്. ഏഴാമത്തെ സവിശേഷത, റോമാ സാമ്രാജ്യത്തിന് ക്രിസ്തീയ മതത്തോട് ശത്രുത ഉണ്ടായിരുന്നു. എന്നാൽ അവസാനം ക്രിസ്തീയ മതം കൈസറിന്റെ സമൂഹത്തിൽ കടന്നു കയറുകയും ഏതു വരെയെന്നാൽ അൽപകാലത്തിന് ശേഷം റോമിലെ കൈസർ സ്വയം ക്രിസ്ത്യാനിയായിത്തീരുകയും ചെയ്തു. എട്ടാമത്തെ സവിശേഷത, മുസ്ലിംകൾ ഈസാ(അ) എന്ന് പറയുന്ന യേശു മിശിഹായുടെ കാലത്ത് ഒരു പുതിയ നക്ഷത്രം വെളിപ്പെട്ടിരുന്നു. ഒമ്പതാമത്തെ സവിശേഷത, അദ്ദേഹത്തെ കുരിശിലേറ്റിയ സമയത്ത് സൂര്യന് ഗ്രഹണം സംഭവിച്ചിരുന്നു. പത്താമത്തെ സവിശേഷത, അദ്ദേഹത്തെ ദ്രോഹിച്ചതിന്റെ ഫലമായി യഹൂദികളിൽ കഠിനമായ രൂപത്തിൽ പ്ലേഗ് രോഗം പരന്നിരുന്നു. പതിനൊന്നാമത്തെ സവിശേഷത, അദ്ദേഹത്തിന്നെതിരിൽ മതപരമായ വിദ്വേഷം കൊണ്ട് മാത്രം കേസുകൾ ഉണ്ടാക്കപ്പെട്ടു. അതിന് പുറമെ അദ്ദേഹം റോമാ സാമ്രാജ്യത്തിന്റെ ശത്രുവാണെന്നും അവിടെ കുഴപ്പം സൃഷ്ടിക്കാൻ ശ്രമിക്കുകയാണെന്നും വരുത്തിത്തീർത്തു. പന്ത്രണ്ടാമത്തെ സവിശേഷത, അദ്ദേഹത്തെ കുരിശിലേറ്റിയപ്പോൾ അദ്ദേഹത്തോടൊപ്പം ഒരു കള്ളനേയും കുരിശിലേറ്റപ്പെട്ടിരുന്നു. പതിമൂന്നാമത്തെ സവിശേഷത, മരണശിക്ഷ കേൾപ്പിക്കാനായി അദ്ദേ

ഹത്തെ പിലാത്തോസിന്റെ മുമ്പാകെ ഹാജരാക്കിയപ്പോൾ പിലാത്തോസ് പറഞ്ഞു, ഞാൻ ഇയാളിൽ ഒരു കുറ്റവും കാണുന്നില്ല. പതിനാലാമത്തെ സവിശേഷത, അദ്ദേഹത്തിന് പിതാവില്ലാതിരുന്നത് കൊണ്ട് ബനീ ഇസ്റായേലിൽ പെട്ടവനായിരുന്നില്ല. എന്നാൽ മൂസാ(അ)ക്ക് ശേഷം പതിനാലാം നൂറ്റാണ്ടിൽ അവതീർണരായ ആ പരമ്പരയിലെ അവസാനത്തെ പ്രവാചകനായിരുന്നു. പതിനഞ്ചാമത്തെ സവിശേഷത, യശൂഅ് ബ്നു മറിയമിന്റെ കാലത്തുണ്ടായിരുന്ന കൈസറിന്റെ ഭരണത്തിൽ പല പുതിയ കാര്യങ്ങളും പ്രജകളുടെ സുഖത്തിനും അവരുടെ യാത്രാസൗകര്യങ്ങൾക്കും വേണ്ടി നടപ്പിലാക്കിയിരുന്നു. റോഡുകൾ നിർമ്മിക്കപ്പെട്ടിരുന്നു. സത്രങ്ങൾ തയ്യാറാക്കിയിരുന്നു. ഇംഗ്ലീഷുകാരുടെ കോടതികൾക്ക് സമാനമായ പരിഷ്കാരങ്ങൾ അക്കാലത്ത് കോടതികളിൽ നടപ്പാക്കിയിരുന്നു. മസീഹിനുണ്ടായിരുന്ന പതിനാറാമത്തെ സവിശേഷത, അദ്ദേഹത്തിന് പിതാവില്ലാതെ ജനിച്ചതിനാൽ ആദം(അ)ന് സദൃശ്യനായിരുന്നു എന്നതാണ്. ഈ പതിനാറ് സവിശേഷതകളാണ് മൂസാ(അ)യുടെ പരമ്പരയിൽ ഹദ്റത്ത് ഈസാ(അ)ന് നൽകപ്പെട്ടിരുന്നത്. പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളിൽ വാഗ്ദത്തം നൽകിയിരുന്ന പ്രകാരം തന്നെ അല്ലാഹു മൂസവീ പരമ്പരയെ നശിപ്പിച്ച് മുഹമ്മദീ പരമ്പര സ്ഥാപിച്ചു. അപ്പോൾ യുക്തിജ്ഞനും സർവജ്ഞനുമായ അവൻ ഈ രണ്ട് പരമ്പരകളുടേയും ആദ്യത്തിലും അവസാനത്തിലും പരിപൂർണ്ണമായ സാദൃശ്യം സൃഷ്ടിക്കണമെന്ന് ആഗ്രഹിച്ചു. അങ്ങനെ അവൻ നബി(സ)തിരുമേനിയെ നിയോഗിച്ചുകൊണ്ട് മൂസാ(അ)യുടെ സാദൃശ്യനാണെന്ന് പ്രഖ്യാപിച്ചു.

إِنَّآ أَرْسَلْنَآ إِلَيْكُمْ رَسُولًا شَاهِدًا عَلَيْكُمْ كَمَآ أَرْسَلْنَآ إِلَىٰ فِرْعَوْنَ رَسُولًا ۝١٦ * എന്ന ആയത്തിൽ നിന്ന് ഇത് വ്യക്തമാണ്. ഹദ്റത്ത് മൂസ(അ) അവിശ്വാസികൾക്കെതിരിൽ വാളെടുത്തിട്ടുണ്ടായിരുന്നു. നബി(സ)തിരുമേനിയും മക്കയിൽ നിന്ന് പുറത്താക്കപ്പെടുകയും ശത്രുക്കൾ പിന്തുടരുകയും ചെയ്തപ്പോൾ മുസ്ലിംകളുടെ സംരക്ഷണത്തിനായി വാളെടുക്കുകയുണ്ടായി. അതേപ്പോലെ തന്നെ ഹദ്റത്ത് മൂസാ(അ)യുടെ കൺമുമ്പിൽ വെച്ച് അദ്ദേഹത്തിന്റെ കഠിനശത്രുവായിരുന്ന ഫിർഔൻ (വെള്ളത്തിൽ) മുക്കപ്പെടുകയുണ്ടായി. അതേപ്പോലെ തന്നെ നബി(സ)തിരുമേനിയുടെ മുമ്പിൽ വെച്ച് അദ്ദേഹത്തിന്റെ കഠിനശത്രുവായിരുന്ന അബൂജഹൽ കൊല്ലപ്പെടുകയുണ്ടായി. ഇത് പോലെ

* വിശുദ്ധ ഖുർആൻ 73:16

യുള്ള ഒരുപാട് സാദൃശ്യതകൾ വേറേയുമുണ്ട്. അതെല്ലാം വിവരിക്കുകയാണെങ്കിൽ ദീർഘിച്ചു പോകും. ഇത് പരമ്പരയുടെ തുടക്കത്തിലുള്ള സാദൃശ്യതകളാണ്. എന്നാൽ മുഹമ്മദീ പരമ്പരയിലെ അവസാനത്തെ ഖലീഫയിലും അതേ സാദൃശ്യതയുണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ മാത്രമേ മുഹമ്മദീ പരമ്പരയിലെ ഇമാമിന്റെ കാര്യത്തിലും, മൂസവീ പരമ്പരയുമായിട്ട് സാദൃശ്യം ഉണ്ട് എന്ന് അല്ലാഹു പറഞ്ഞത് ശരിയാവുകയുള്ളൂ. എപ്പോഴും തന്നെ സാദൃശ്യത നിരീക്ഷിക്കപ്പെടുന്നത് ആദ്യത്തിലും അവസാനത്തിലുമാണ്. എന്നാൽ ഇടയിലുള്ള സുദീർഘമായ കാലത്തെ പൂർണമായും വിലയിരുത്തുക എന്നത് അസാധ്യമാണ്. എന്നിരുന്നാലും ആദ്യവും അവസാനവും തമ്മിലുള്ള സാദൃശ്യതയിലൂടെ ഇടയിലുള്ള കാലത്തും തീർച്ചയായും സാദൃശ്യത ഉണ്ടാവുമെന്ന് വിലയിരുത്താവുന്നതാണ്. എന്നാൽ ഇതു സംബന്ധമായി പൂർണ്ണമായ ഒരു നിരീക്ഷണം അസാധ്യമാണ്. ഈസാ(അ)ൽ മതപരമായ വീക്ഷണത്തിൽ പതിനാറ് സവിശേഷതകളുണ്ടായിരുന്നുവെന്ന് നാമിപ്പോൾ എഴുതിക്കഴിഞ്ഞുവല്ലോ. അവ ഇസ്ലാമിലെ അവസാനത്തെ ഖലീഫയിലും കാണപ്പെടേണ്ടത് അനിവാര്യമാണ്. അപ്പോൾ മാത്രമേ അദ്ദേഹവും ഹദ്റത്ത് ഈസാ(അ)യും തമ്മിലുള്ള പരിപൂർണമായ സാദൃശ്യത വ്യക്തമാവുകയുള്ളൂ.

ആകയാൽ ഒന്നാമത്തെ സവിശേഷത, വാഗ്ദത്തം ചെയ്യപ്പെട്ട ആൾ എന്നുള്ളതാണ്. ഇസ്ലാമിൽ ആയിരക്കണക്കിന് വലിമാരും ദൈവസാമീപ്യം കരസ്ഥമാക്കിയ ആളുകളും കഴിഞ്ഞു കടന്നുപോയിട്ടുണ്ടെങ്കിലും അവരിൽ വാഗ്ദത്തം ചെയ്യപ്പെട്ട ആളായി ആരും തന്നെ ഉണ്ടായിരുന്നില്ല. എന്നാൽ മസീഹി(അ)ന്റെ പേരിൽ വരാനുണ്ടായിരുന്ന ആൾ വാഗ്ദത്തം ചെയ്യപ്പെട്ട ആളായിരുന്നു. ഇതേപോലെ തന്നെ ഹദ്റത്ത് ഈസാ(അ)ന് മുമ്പും വാഗ്ദത്ത മസീഹ്(അ) ഒഴികെ മറ്റൊരു വാഗ്ദത്തം ചെയ്യപ്പെട്ട നബിയും ഉണ്ടായിരുന്നില്ല. രണ്ടാമത്തെ സവിശേഷത, ഭരണകൂടം തകർന്നു കഴിഞ്ഞതിന്റേതാണ്. ആകയാൽ ഹദ്റത്ത് ഈസബ്നു മറിയമിന് കുറച്ചു ദിവസം മുമ്പ് ആ രാജ്യത്ത് നിന്ന് ഇസ്റായേലി ഭരണം അസ്തമിച്ചു കഴിഞ്ഞിരുന്നു എന്നത് ആർക്കാണറിയാത്തത്. അതേപോലെ തന്നെ ഈ അവസാന മസീഹിന്റെ ജനനത്തിന് മുമ്പ് പല തരത്തിലുള്ള ദുർനടപ്പുകൾ കാരണമായി ഇന്ത്യാ രാജ്യത്ത് ഇസ്ലാമിക ഭരണം എടുക്കപ്പെട്ടുപോവുകയും ആ സ്ഥാനത്ത് ഇംഗ്ലിഷ് ഭരണം സ്ഥാപിതമാവുകയും ചെയ്തിരുന്നു. മൂന്നാമത്തെ

സവിശേഷതയായി ആദ്യ മസീഹിൽ കാണപ്പെട്ടത്, അദ്ദേഹത്തിന്റെ കാലത്ത് യഹൂദികൾ വളരെയധികം വിഭാഗങ്ങളായി പിരിഞ്ഞു പോയിരുന്നെന്നും സ്വാഭാവികമായും അവരിൽ വിധി കൽപിക്കാൻ പ്രാപ്തനായ ഒരു നീതിമാന്റെ ആവശ്യവുമുണ്ടായിരുന്നു എന്നതു മാണ്. ഇതേ പ്രകാരം തന്നെ അവസാന മസീഹിന്റെ കാലത്തും മുസ്‌ലിംകളിൽ നിരവധി വിഭാഗങ്ങൾ ഉണ്ടായിക്കഴിഞ്ഞിരുന്നു. നാലാമത്തെ സവിശേഷതയായി ആദ്യ മസീഹിൽ ഉണ്ടായിരുന്നത്, അദ്ദേഹം ജിഹാദിന് വേണ്ടി നിയോഗിക്കപ്പെട്ട ആളായിരുന്നില്ല എന്നതാണ്. അതേപോലെ അവസാന മസീഹും ജിഹാദിനുവേണ്ടി നിയോഗിക്കപ്പെട്ടിട്ടില്ല. നിയോഗിക്കപ്പെടാവുന്നതുമല്ല. അദ്ദേഹം നിയോഗിക്കപ്പെട്ടിരിക്കുന്ന കാലഘട്ടത്തിന്റെ ഗതി, സമുദായത്തിന് മുന്നറിയിപ്പ് നൽകിയിരിക്കുന്നത് വാളുകൊണ്ട് ഒരു ഹൃദയത്തേയും സംതൃപ്തമാക്കാൻ സാധിക്കുകയില്ല എന്നാണ്. ഇപ്പോൾ സംസ്കാ രസമ്പന്നരായ ആരും തന്നെ മതപരമായ കാര്യങ്ങൾക്കുവേണ്ടി വാളെടുക്കുന്നുമില്ല. രക്തദാഹിയായ മഹ്ദിയെയോ രക്തദാഹി യായ മസീഹിനെയോ പ്രതീക്ഷിച്ചിരിക്കുന്ന മുസ്‌ലിം വിഭാഗങ്ങളെ ല്ലാവരും അബദ്ധത്തിലാണ് ഉള്ളതെന്ന് ഈ കാലഘട്ടത്തിന്റെ സ്വഭാവം സ്വയം തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുകയാണ്. അവ രുടെ ചിന്തകളെല്ലാം അല്ലാഹുവിന്റെ ഇംഗിതത്തിന് വിരുദ്ധമാണ്. ബുദ്ധിയും അതുതന്നെയാണ് ശരിവെക്കുന്നത്. കാരണം മുസ് ലിംകൾക്ക് ദീനിന് വേണ്ടി യുദ്ധം ചെയ്യേണ്ടിയിരുന്നുവെങ്കിൽ ആധുനിക യുദ്ധതന്ത്രങ്ങളിൽ മുസ്‌ലിംകൾ ഏറ്റവും അഗ്രഗണ്യ ന്മാരാകുമായിരുന്നു. അവർ തന്നെ പീരങ്കികൾ കണ്ടുപിടിക്കുമാ യിരുന്നു. പുതിയ പുതിയ തോക്കുകൾ കണ്ടുപിടിച്ചവർ അവരാകു മായിരുന്നു. അങ്ങനെ യുദ്ധകലയിലുള്ള എല്ലാ രംഗത്തും അവ ർക്ക് പ്രാവീണ്യം നൽകപ്പെടുമായിരുന്നു. ഏതുവരെയെന്നാൽ ഭാവി കാലങ്ങളിലേക്കുള്ള യുദ്ധങ്ങൾക്ക് വേണ്ടി ബലൂണുകൾ ഉണ്ടാ ക്കാൻ തോന്നുകയും വെള്ളത്തിനടിയിൽ മുങ്ങിസഞ്ചരിക്കുന്ന അന്തർവാഹിനികൾ ഉണ്ടാക്കുകയും ചെയ്തുകൊണ്ട് ലോകത്തെ അത്ഭുതപ്പെടുത്തുമായിരുന്നു. എന്നാൽ അങ്ങനെ ഒന്നും തന്നെ യില്ല. മറിച്ച് ഓരോ ദിവസവും ക്രിസ്ത്യാനികൾ ഇത്തരം കാര്യങ്ങ ളിൽ മുന്നേറി കൊണ്ടേയിരിക്കുകയുമാണ്.

ഇതിൽ നിന്ന് വ്യക്തമാകുന്നത്, യുദ്ധങ്ങൾ മുഖേന ഇസ്‌ലാമിനെ പ്രചരിപ്പിക്കാൻ അല്ലാഹു ആഗ്രഹിക്കുന്നില്ല എന്നാണ്. അതേ

സമയം ക്രിസ്തീയമതം യുക്തിയുടെ അടിസ്ഥാനത്തിൽ ദിനംപ്രതി ദുർബലപ്പെട്ടുപോവുകയും ഉന്നതരായ സത്യാന്വേഷികൾ ത്രിയേകത്വവിശ്വാസത്തെ ഉപേക്ഷിച്ചുകൊണ്ടിരിക്കുകയുമാണ്. ഏതുവരെയെന്നാൽ ജർമ്മനിയിലെ രാജാവ് പോലും ഈ വിശ്വാസം ഉപേക്ഷിക്കുന്നത് സംബന്ധിച്ച് സൂചന നൽകിയിരിക്കുകയാണ്. ഇതിൽ നിന്ന് വ്യക്തമാകുന്നത്, അല്ലാഹു തെളിവുകളാകുന്ന ആയുധങ്ങൾ കൊണ്ട് ക്രിസ്തീയ ത്രിയേകത്വ വിശ്വാസത്തെ ഈ ഭൂമിയിൽ നിന്ന് നിഷ്കാസനം ചെയ്യാൻ ആഗ്രഹിക്കുന്നു എന്നതാണ്. യോഗ്യമായ കാര്യങ്ങൾ ആദ്യമേ തന്നെ അതിന്റെ ലക്ഷണങ്ങൾ പ്രകടമാക്കുന്നു എന്നത് ഒരു തത്വമാണ്. അതിനാൽ മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ആകാശത്ത് നിന്ന് യുദ്ധ വിജയങ്ങളെ സംബന്ധിച്ചുള്ള ഒരു അടയാളവും പ്രകടമായിട്ടില്ല. എന്നാൽ മതപരമായ തെളിവുകളുടെ അടയാളങ്ങൾ പ്രകടമായിട്ടുമുണ്ട്. ക്രിസ്തീയ മതം സ്വയം ഉരുകിത്തീരുകയാണ്. ഭൂമുഖത്ത് നിന്ന് അതിന്റെ പെട്ടെന്നുള്ള തിരോധാനം സമീപസ്ഥമായിരിക്കുകയാണ്. ആദ്യത്തെ മസീഹിലുണ്ടായിരുന്ന അഞ്ചാമത്തെ സവിശേഷത ആ കാലത്തെ യഹൂദികളുടെ ജീവിതരീതി വികൃതമായി പോയിരുന്നു എന്നതാണ്. പ്രത്യേകിച്ച് അവരുടെ പണ്ഡിതരായി അറിയപ്പെട്ടിരുന്നവരിൽ ഭൂരിപക്ഷവും അങ്ങേയറ്റത്തെ കപടന്മാരും ഭൗതീക മോഹികളും ലൗകീക ദുരാഗ്രഹങ്ങളിലും ലൗകീക അന്തസ്സുകളോടുള്ള മോഹങ്ങളിലും മുങ്ങിപ്പോയവരായിരുന്നു. അതേ പോലെ തന്നെയാണ് അവസാന മസീഹിന്റെ കാലത്ത് സാധാരണ ജനങ്ങളുടേയും ഭൂരിപക്ഷം മുസ്‌ലിം പണ്ഡിതന്മാരുടേയും അവസ്ഥ ആയിക്കൊണ്ടിരിക്കുന്നത്. ഇത് വിശദമായി എഴുതേണ്ട യാതൊരു ആവശ്യവുമില്ല. ആറാമത്തെ സവിശേഷത ഹദ്റത്ത് മസീഹ്(അ) റോമിലെ കൈസറിന്റെ അധികാര കാലത്തായിരുന്നു നിയോഗിതനായിരുന്നത്. ഈ സവിശേഷതയിലും അവസാന മസീഹിന് സാദൃശ്യതയുണ്ട്. കാരണം ഞാനും കൈസറിന്റെ ഭരണത്തിൻ കീഴിലെ പ്രജയായിരിക്കെയാണ് നിയോഗിതനായിരിക്കുന്നത്. ഹദ്റത്ത് മസീഹ്(അ)ന്റെ കാലത്തുണ്ടായിരുന്ന ആ കൈസറിനേക്കാൾ ഉത്തമനാണ് ഈ കൈസർ. കാരണം ചരിത്രത്തിൽ എഴുതിയിരിക്കുന്നത്, മസീഹിനെ കുരിശുമരണമാകുന്ന ശിക്ഷയിൽ നിന്ന് രക്ഷിക്കുകയും രഹസ്യമായി രക്ഷപ്പെടാൻ അവസരം ഒരുക്കുകയും ചെയ്തത് അവരുടെ ഗവർണർ പിലാത്തോസാണ് എന്ന വിവരം റോമിലെ കൈസറിന് ലഭിച്ചപ്പോൾ അവർ അങ്ങേയറ്റം കോപിഷ്ഠരായി. ഒരു കൈസർ

വിരുദ്ധന് രക്ഷപ്പെടാൻ വഴിയൊരുക്കിയത് പിലാത്തോസാണ് എന്ന് രഹസ്യവിവരം യഹൂദികളുടെ മൗലവിമാരാണ് നൽകിയത് എന്നത് തെളിയിക്കപ്പെട്ട കാര്യമാണ്. ഈ രഹസ്യ വിവരം ലഭിച്ച ഉടനെ തന്നെ പിലാത്തോസ് കൈസറിന്റെ കൽപനപ്രകാരം തടവിലാക്കപ്പെടുകയും അവസാനം തടവറയിൽ തന്നെ അദ്ദേഹത്തിന്റെ തലയറുക്കപ്പെടുകയും ചെയ്തു. ഇങ്ങനെ പിലാത്തോസ് മസീഹിനോടുള്ള സ്നേഹത്തിൽ രക്തസാക്ഷിയാവുകയുണ്ടായി. ഇതിൽ നിന്ന് മനസ്സിലാകുന്നത് ഭൂരിപക്ഷം ഭരണകർത്താക്കളും ഭരണകൂടങ്ങളും പലപ്പോഴും ദീനിൽ നിന്ന് ദൂരപ്പെട്ടവരായിരിക്കുമെന്നാണ്. ആ അജ്ഞനായ കൈസർ യഹൂദി പണ്ഡിതന്മാരെ അങ്ങേയറ്റം വിശ്വസ്തരായി മനസ്സിലാക്കുകയും അവരെ ആദരിക്കുകയും അവർ പറയുന്നതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് ഹദ്റത്ത് മസീഹിനെ വധിക്കുന്നത് രാജ്യത്തിന് ഗുണകരമാണെന്ന് പ്രഖ്യാപിച്ചു. എന്നാൽ ഞാൻ മനസ്സിലാക്കുന്നത് കാലം ഇപ്പോൾ വളരെയധികം മാറിയിരിക്കുന്നു. അതിനാൽ നമ്മുടെ കൈസർ അജ്ഞരും അക്രമികളുമായിരുന്നു ആ കൈസറിനേക്കാൾ എല്ലാ നിലയിലും ഉത്തമരാണ്. ഏഴാമത്തെ സവിശേഷത ക്രിസ്തീയമതം അവസാനം കൈസറീ സമുദായത്തിൽ കടന്നു കയറി എന്നതാണ്. ഈയൊരു സവിശേഷതയിലും അവസാനത്തെ മസീഹിന് സദൃശ്യതയുണ്ട്. കാരണം യൂറോപ്പിലും അമേരിക്കയിലും എന്റെ ദൗത്യപ്രഖ്യാപനവും തെളിവുകളും വളരെയധികം താല്പര്യപൂർവ്വമാണ് വീക്ഷിക്കപ്പെടുന്നത് എന്ന് ഞാൻ കാണുന്നു. അവിടെയുള്ള ജനങ്ങൾ സ്വയം തന്നെ നൂറുക്കണക്കിന് പത്രങ്ങളിൽ എന്റെ വാദവും തെളിവുകളും പ്രസിദ്ധീകരിക്കുകയും എന്നെ പിൻതുടർന്നുകൊണ്ടും സാക്ഷ്യപ്പെടുത്തികൊണ്ടുമുള്ള വാക്കുകൾ എഴുതുകയും ചെയ്തിട്ടുണ്ട്. ഇത്തരം വാക്കുകൾ ഒരു ക്രിസ്ത്യാനിയുടെ പേനയിൽ നിന്ന് പുറപ്പെടുക എന്നത് പ്രയാസമുള്ള കാര്യമാണ്. ഏതുവരെയെന്നാൽ ചിലർ വ്യക്തമായ വാക്കുകളിൽ എഴുതിയിരിക്കുന്നത്, ഈ വ്യക്തി സത്യവാനാണെന്ന് തോന്നുന്നു എന്നാണ്. യഥാർഥത്തിൽ യേശു മസീഹിനെ ദൈവമാക്കിയത് ഒരു വലിയ തെറ്റാണെന്ന് മറ്റു ചിലരും എഴുതുകയുണ്ടായി. വാഗ്ദത്ത മസീഹിന്റെ ഈ കാലത്തുള്ള വാദം തികച്ചും അതിന്റെ സമയത്താണെന്നും കാലം സ്വയം തന്നെ അതിനുള്ള തെളിവാണെന്നും ചിലർ എഴുതിയിരിക്കുന്നു. ചുരുക്കത്തിൽ അവരുടെ ഈ പ്രസ്താവനകളെല്ലാം തന്നെ വ്യക്തമാകുന്നത് അവ

ർ എന്റെ വാദത്തെ അംഗീകരിക്കാൻ ഒരുങ്ങുകയാണെന്നാണ്. അങ്ങനെ ആ രാജ്യങ്ങളിൽ നിന്ന് ദിനേനയെന്നോണം ക്രിസ്തുമതം മഞ്ഞുപോലെ ഉരുകിത്തീരുകയും ചെയ്യുകയാണ്. എട്ടാമത്തെ സവിശേഷത മസീഹിൽ ഉണ്ടായിരുന്നത് അദ്ദേഹത്തിന്റെ സമയത്ത് ഒരു നക്ഷത്രം വെളിപ്പെട്ടിരുന്നു എന്നാണ്. ഈ സവിശേഷതയിലും അവസാനത്തെ മസീഹായി തീരുന്നതിൽ ഞാൻ പങ്കാളിയാക്കപ്പെട്ടിട്ടുണ്ട്. കാരണം മസീഹിന്റെ കാലത്ത് വെളിപ്പെട്ട ആ നക്ഷത്രം വീണ്ടും എന്റെ കാലത്തും വെളിപ്പെട്ടു. ഈ കാര്യം ഇംഗ്ലീഷ് പത്രങ്ങളും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്ന് വ്യക്തമാകുന്നത്, മസീഹ് വെളിപ്പെടാനുള്ള കാലം സമീപസ്ഥമായിരിക്കുന്നു എന്നാണ്.

ഒമ്പതാമത്തെ സവിശേഷത യേശു മസീഹിൽ ഉണ്ടായിരുന്നത്, അദ്ദേഹത്തെ കുരിശിലേറ്റിയപ്പോൾ സൂര്യന് ഗ്രഹണം സംഭവിച്ചു എന്നതായിരുന്നു. ഈ സംഭവത്തിലും അല്ലാഹു എന്നെ പങ്കാളിയാക്കിയിട്ടുണ്ട്. കാരണം ഞാൻ കളവാക്കപ്പെട്ടപ്പോൾ, അതിന് ശേഷം സൂര്യൻ മാത്രമല്ല ചന്ദ്രനും ഒരേ മാസത്തിൽ -അത് റമളാൻ മാസമായിരുന്നു- ഗ്രഹണം സംഭവിച്ചിരുന്നു. അതും ഒരു പ്രാവശ്യമല്ല, ഹദീസ് പ്രകാരം രണ്ട് പ്രാവശ്യം ഈ സംഭവമുണ്ടായി. ഈ രണ്ട് ഗ്രഹണങ്ങളെ സംബന്ധിച്ചും ഇഞ്ചീലിൽ വിവരം നൽകപ്പെട്ടിട്ടുണ്ട്. വിശുദ്ധ ഖുർആനിലും അതുണ്ട്. 'ദാറുഖുത്നി' പോലുള്ള ഹദീസുകളിലുമുണ്ട്. പത്താമത്തെ സവിശേഷത ഇതാണ്. യേശു മസീഹിനെ കഷ്ടപ്പെടുത്തിയതിനു ശേഷം യഹൂദികളിൽ ശക്തമായി പ്ലേഗ് പടർന്നിരുന്നു. അതേപ്പോലെ എന്റെ കാലത്തും കഠിനമായി പ്ലേഗ് പരക്കുകയുണ്ടായി. പതിനൊന്നാമത്തെ സവിശേഷത യേശു മസീഹിലുണ്ടായിരുന്നത്, യഹൂദികളുടെ പണ്ഡിതന്മാർ അദ്ദേഹത്തെ രാജ്യദ്രോഹിയായി മുദ്ര കുത്താൻ ശ്രമിക്കുകയും അദ്ദേഹത്തിന്നെതിരിൽ കേസുണ്ടാക്കുകയും അദ്ദേഹത്തിന് മരണശിക്ഷ നൽകപ്പെടാൻ വേണ്ടി സമ്മർദ്ദം ചെലുത്തുകയും ചെയ്തു എന്നതാണ്. ഇത്തരത്തിലുള്ള കേസുകളിലും അല്ലാഹുവിന്റെ വിധി എന്നെ പങ്കാളിയാക്കിയിട്ടുണ്ട്. ഒരു വധക്കേസ് എനിക്കെതിരിൽ ഉണ്ടാക്കപ്പെടുകയും അതിന്റെ വെളിച്ചത്തിൽ എന്നെ രാജ്യദ്രോഹിയായി മുദ്ര കുത്താൻ ശ്രമം നടക്കുകയും ചെയ്തു. ഈ കേസിലാണ് എതിർകക്ഷിയുടെ ഭാഗത്ത് നിന്ന് മൗലവി അബൂ സഈദ് മുഹമ്മദ് ഹുസൈൻ ബട്ടാലവി സാക്ഷിയായി കൊണ്ട് ഹാജരായിരുന്നത്.

പന്ത്രണ്ടാമത്തെ സവിശേഷത യേശു മസീഹിൽ ഉണ്ടായിരുന്നത്, അദ്ദേഹം കുരിശിലേറ്റപ്പെട്ടപ്പോൾ അദ്ദേഹത്തോടൊപ്പം ഒരു കള്ള നും കുരിശിലേറ്റപ്പെട്ടിരുന്നു എന്നതാണ്. ഈ സംഭവത്തിലും എനി ക്ക് സാദൃശ്യം നൽകപ്പെട്ടിട്ടുണ്ട്. കാരണം വധകേസിൽ നിന്ന് അല്ലാ ഹു എനിക്ക് മോചനം നൽകിയ ദിവസം, ഞാൻ മോചിതനായത് അല്ലാഹുവിൽ നിന്ന് ദൃഢമായ വഹ്‌യുടെ അടിസ്ഥാനത്തിൽ നൂറു ക്കണക്കിന് ആളുകളുടെ മുമ്പിൽ ഞാൻ മുൻകൂട്ടി പ്രസിദ്ധീകരിച്ച ഒരു പ്രവചനപ്രകാരമായിരുന്നു. ആ ദിവസം എന്നോടൊപ്പം ഒരു ക്രിസ്ത്യാനി കള്ളനും കോടതിയിൽ ഹാജരാക്കപ്പെട്ടിരുന്നു. ഈ കള്ളൻ ക്രിസ്ത്യാനികളുടെ ഒരു പവിത്രവിഭാഗമായ 'മുക്തിഫൗജ്' ൽ പെട്ടതായിരുന്നു.അയാൾ കുറച്ച് രൂപ മോഷ്ടിച്ചിരുന്നു. ആ കള്ളന് മൂന്ന് മാസത്തെ ശിക്ഷ മാത്രമായിരുന്നു ലഭിച്ചത്. ആദ്യ മസീഹിന്റെ കൂടെയുണ്ടായിരുന്ന കള്ളനെ പോലെ അവനും മരണ ശിക്ഷ നൽകപ്പെട്ടിട്ടില്ല. പതിമൂന്നാമത്തെ സവിശേഷത മസീഹിൽ ഉണ്ടായിരുന്നത്, അദ്ദേഹത്തെ ഗവർണർ പിലാത്തോസിന്റെ മുമ്പാകെ ഹാജരാക്കി ക്കൊണ്ട് മരണശിക്ഷ നൽകണമെന്ന് അപേ ക്ഷിക്കപ്പെട്ടപ്പോൾ പിലാത്തോസ് പറഞ്ഞു, ഈ ശിക്ഷ നൽകുന്ന തിനായിട്ട് ഞാൻ ഇയാളിൽ ഒരു കുറ്റവും കാണുന്നില്ല എന്നാണ്. അതേ പോലെ ജില്ലാ മജിസ്ട്രേറ്റ് ക്യാപ്റ്റൻ ഡഗ്ളസ് സാഹിബും എന്റെ ഒരു ചോദ്യത്തിന്ന് മറുപടിയായി എന്നോട് പറഞ്ഞത്, ഞാൻ താങ്കളിൽ ഒരു കുറ്റവും ആരോപിക്കുന്നില്ല എന്നാണ്.

എന്റെ അഭിപ്രായത്തിൽ ക്യാപ്റ്റൻ ഡഗ്ളസ് തന്റെ സ്ഥിരചിത്ത തയിലും നീതിനിർവ്വഹണത്തിലുള്ള ധൈര്യത്തിലും പിലാത്തോ സിനേക്കാൾ വളരെയധികം മുന്നിലായിരുന്നു എന്നാണ്. കാരണം പിലാത്തോസ് അവസാനം ഭീരുത്വം കാണിക്കുകയും യഹൂദികളുടെ ദുഷ്ടന്മാരായ മൗലവിമാരെ ഭയപ്പെടുകയും ചെയ്തു. എന്നാൽ ഡഗ്ളസ് ഒരിക്കലും ഭയപ്പെട്ടില്ല. മൗലവി മുഹമ്മദ് ഹുസൈൻ കസേര ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹത്തോട് പറഞ്ഞത്, ലഫ്റ്റ നന്റ് ഗവർണർ ബഹാദൂറിന്റെ കത്തുകൾ എന്റെ പക്കലുണ്ടെന്നാണ്. എന്നിട്ടും ക്യാപ്റ്റൻ ഡഗ്ളസ് അയാളെ ഒരു തരത്തിലും പരിഗണി ച്ചില്ല. പ്രതിയായിരുന്നിട്ടുകൂടി എനിക്ക് ഇരിക്കാൻ കസേര നൽ കുകയും അയാൾ കസേര ആവശ്യപ്പെട്ടിട്ടും അയാളെ ശാസിച്ചു കൊണ്ട് കസേര നൽകിയില്ല. ആകാശത്ത് കസേര ലഭിക്കുന്നവർക്ക് ഭൂമിയിലെ കസേരയുടെ ആവശ്യമില്ല. എന്നിരുന്നാലും നമ്മുടെ

കാലത്തെ ഈ പിലാത്തോസിന്റെ ഉന്നതമായ ആ സ്വഭാവ ഗുണം എപ്പോഴും തന്നെ നമ്മുടെയും നമ്മുടെ ജമാഅത്തിന്റേയും ഓർമ്മയിൽ നിലനിൽക്കുന്നതും അദ്ദേഹത്തിന്റെ നാമം ലോകാവസാനം വരെ ആദരപൂർവ്വം സ്മരിക്കപ്പെടുന്നതുമായിരിക്കും.

യേശു മസീഹിൽ ഉണ്ടായിരുന്ന പതിനാലാമത്തെ സവിശേഷത അദ്ദേഹത്തിന് പിതാവില്ലാത്തത് കാരണത്താൽ അദ്ദേഹം ബനീ ഇസ്രായേലിൽപെട്ടതായിരുന്നില്ല. എന്നിരുന്നാലും അദ്ദേഹം മൂസാ നബിക്ക് ശേഷം പതിനാലാം നൂറ്റാണ്ടിൽ ആവിർഭൂതരായ മൂസവീ പരമ്പരയിലെ അവസാന നബിയായിരുന്നു. അതേപോലെ തന്നെ ഞാനും ഖുറൈശീ കുടുംബത്തിൽപെട്ടതല്ല. പതിനാലാം നൂറ്റാണ്ടിലാണ് നിയോഗിതനായത്. അതുപോലെ തന്നെ ഏറ്റവും അവസാനത്തിലുമാണ്. പതിനഞ്ചാമത്തെ സവിശേഷത ഹദ്റത്ത് മസീഹിലുണ്ടായിരുന്നത്, ലോകത്തിന്റെ അവസ്ഥ ആധുനികമായി തീർന്നിരുന്നു എന്നതാണ്. റോഡുകൾ കണ്ടുപിടിക്കപ്പെട്ടിരുന്നു. തപാലിന് മെച്ചപ്പെട്ട സംവിധാനം ഉണ്ടായിരുന്നു. സൈനിക സംവിധാനങ്ങളിൽ കാര്യക്ഷമത കൈവന്നിരുന്നു. യാത്രക്കാരുടെ സൗകര്യത്തിനായി പല കാര്യങ്ങളും കണ്ടുപിടിക്കപ്പെട്ടിരുന്നു. അതേപോലെ നീതിന്യായ വ്യവസ്ഥ മുൻപുള്ളതിനെ അപേക്ഷിച്ച് വളരെയധികം മെച്ചപ്പെട്ടിരുന്നു. അതേപോലെ തന്നെ എന്റെ കാലത്തും ലൗകീകമായ സുഖസൗകര്യങ്ങൾക്കുള്ള സംവിധാനങ്ങൾ വളരെയധികം പുരോഗതി പ്രാപിച്ചിട്ടുണ്ട്. ഏതുവരെയെന്നാൽ വിശുദ്ധ ഖുർആനിൽ വിവരം നൽകപ്പെട്ടതായി കാണപ്പെടുന്ന തീവണ്ടി യാത്രക്കുള്ള സൗകര്യവും ആരംഭിച്ചിരിക്കുകയാണ്. മറ്റു കാര്യങ്ങളെ കുറിച്ചെല്ലാം വായനക്കാരന് സ്വയം മനസ്സിലാക്കാവുന്നതേയുള്ളൂ. പതിനാറാമത്തെ സവിശേഷത ഹദ്റത്ത് മസീഹിലുണ്ടായിരുന്നത്, അദ്ദേഹം പിതൃരഹിതനായിരുന്നതു കൊണ്ട് ഹദ്റത്ത് ആദമിന് സദൃശ്യനായിരുന്നു എന്നതാണ്. അതേ പോലെ തന്നെ ഞാനും ഇരട്ടയായി ജനിച്ച കാരണത്താൽ ഹദ്റത്ത് ആദമിന് സദൃശ്യനാണ്. ഇത് സംബന്ധമായി ഹദ്റത്ത് മുഹിയുദ്ദീനുബ്നു അറബി എഴുതുന്നത്, ഖാത്തമുൽ ഖുലഫാ ചൈനീസ് വംശത്തിൽപ്പെട്ട ആളായിരിക്കുമെന്നാണ്. അതായത് മുഗളന്മാരിൽപെട്ടയാളും ഇരട്ടയായി ജനിക്കുന്ന ആളുമായിരിക്കും എന്നാണ്. ആദ്യം പെൺകുട്ടിയും അതിന് ശേഷമായിരിക്കും അദ്ദേഹം ജനിക്കുക. ഒരേ സമയത്ത്, ഇതുപോലെ തന്നെയാണ് എന്റെ ജനനവും ഉണ്ടായത്.

വെള്ളിയാഴ്ച രാവിലെ ഇരട്ടയായിട്ടായിരുന്നു ഞാൻ ജനിച്ചത്. ആദ്യം പെൺകുട്ടിയും അതിന് ശേഷം ഞാനും ജനിച്ചു. പൂർത്തിയായ ഈയൊരു പ്രവചനം ഇബ്നു അറബി സാഹിബ് എവിടെ നിന്നായിരുന്നു എടുത്തത് എന്നറിയില്ല. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ ഇപ്പോഴും ഈ പ്രവചനം ഉണ്ട്.

ഈ പതിനാറ് സാദൃശ്യങ്ങളാണ് എന്നിലും മസീഹിലും ഉള്ളത്. ഈ സംവിധാനം മനുഷ്യന്റേതായിരുന്നെങ്കിൽ എന്നിലും മസീഹ്ബ്നുമറിയമിലും ഇത്തരം സദൃശ്യതകൾ ഒരിക്കലും ഉണ്ടാകുമായിരുന്നില്ല. സൗഭാഗ്യത്തിൽ നിന്ന് പങ്ക് ലഭിക്കാത്ത ജനങ്ങളുടെ പ്രവൃത്തിയാണ് പണ്ടുകാലം മുതൽ തന്നെ കളാവാക്കുക എന്നുള്ളത്. എങ്കിലും ഈ കാലത്തെ മൗലവിമാരുടെ കളവാക്കൽ അതിശയകരമാണ്. ഖുർആനും ഹദീസും ഇഞ്ചീലും മറ്റു പ്രവാചന്മാരും വിവരം നൽകിയതനുസരിച്ച് റമളാൻ മാസത്തിൽ ആകാശത്ത് സൂര്യനും ചന്ദ്രനും ഗ്രഹണം സംഭവിച്ചത് ആർക്കു വേണ്ടിയാണോ, കൃത്യസമയത്ത് വെളിപ്പെട്ട ആ വ്യക്തി ഞാനാണ്.അതേപോലെ മുഴുവൻ നബിമാരുടേയും വിശുദ്ധ ഖുർആന്റേയും സന്ദേശമനുസരിച്ച് ഈ രാജ്യത്ത് അസാധാരണമായ നിലയിൽ പ്ലേഗ് പൊട്ടിപ്പുറപ്പെട്ടത് ആരുടെ കാലത്താണോ, ആ വ്യക്തി ഞാനാണ്. സഹീഹായ ഹദീസുകൾ പ്രകാരം ആരുടെ കാലത്താണോ ഹജ്ജ് തടയപ്പെട്ടത് ആ വ്യക്തി ഞാനാണ്. മസീഹിബ്നു മറിയമിന്റെ കാലത്ത് പ്രത്യക്ഷപ്പെട്ട ആ നക്ഷത്രം ആരുടെ കാലത്താണോ പ്രത്യക്ഷപ്പെട്ടത്, ആ വ്യക്തി ഞാനാണ്. ആരുടെ കാലത്താണോ ഈ രാജ്യത്ത് തീവണ്ടി ഗതാഗതം ആരംഭിക്കുകയും ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടുകയും ചെയ്തത്, ആ വ്യക്തി ഞാനാണ്. മക്കയുടേയും മദീനയുടേയും ഇടയിൽ തീവണ്ടി ഗതാഗതം വരികയും പതിമൂന്ന് നൂറ്റാണ്ട് കാലം ഈയൊരു അനുഗൃഹീത യാത്ര നിർവ്വഹിച്ചു കൊണ്ടിരുന്ന എല്ലാ ഒട്ടകങ്ങളും ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്ന കാലം അടുത്തിരിക്കുന്നു. അല്ല അത് ഏറ്റവും സമീപസ്ഥമാണ്. ആ അവസരത്തിൽ മാത്രമേ ആ കാലത്ത് ഈ ഒട്ടകങ്ങളെ സംബന്ധിച്ച സഹീഹ് മുസ്ലിമിൽ പറയപ്പെട്ട ഹദീസ് സത്യമായി പുലരുകയുള്ളൂ. ليترکنّ القلاص فلا يُسعٰى عليها അതായത് മസീഹിന്റെ കാലത്ത് ഒട്ടകങ്ങൾ പ്രയോജനമില്ലാത്തവയായി തീരുകയും അതിന്മേൽ ആരും യാത്ര ചെയ്യുകയുമില്ല. ഇതേ പ്രകാരം തന്നെ നൂറുക്കണക്കിന് അടയാളങ്ങൾ ആരുടെ കൈകളിലാണോ വെളിപ്പെട്ടത്,

ആ വ്യക്തി ഞാനാണ്. അടയാളങ്ങൾ കാണിക്കുന്നതിൽ എന്നെ നേരിടുവാനും എന്നെ പരാജയപ്പെടുത്തുവാനും കഴിവുള്ള ഏതെങ്കിലും മനുഷ്യൻ ഭൂമിയിൽ ജീവിച്ചിരിപ്പുണ്ടോ? എന്റെ ജീവൻ ആരുടെ കൈകളിലാണോ ഉള്ളത്, ഞാൻ ആ ദൈവത്തിൽ സത്യം ചെയ്ത് പറയുന്നു, ഇതു വരെ രണ്ട് ലക്ഷത്തിലധികം അടയാളങ്ങൾ എന്റെ കൈകളിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഏകദേശം പതിനായിരത്തോളമോ അതിൽ കൂടുതലോ ആളുകൾ നബി തിരുമേനി(സ) എന്നെ സാക്ഷ്യപ്പെടുത്തിയതായി സ്വപ്നത്തിൽ കണ്ടിട്ടുണ്ട്. മൂന്നും നാലും ലക്ഷത്തോളം ശിഷ്യന്മാരുള്ള ദിവ്യദർശനം ലഭിച്ചു കൊണ്ടിരിക്കുന്നവരായ ഈ രാജ്യത്തെ പേരെടുത്ത ചിലർക്ക്, ഈ മനുഷ്യൻ അല്ലാഹുവിൽ നിന്നാണെന്ന് സ്വപ്നത്തിൽ കാണിച്ചു കൊടുക്കപ്പെട്ടിട്ടുണ്ട്. അവരിൽ ചിലർ എന്റെ ആവിർഭാവത്തിന് മുപ്പത് വർഷത്തോളം മുമ്പ് ലോകത്ത് നിന്ന് കഴിഞ്ഞു കടന്നവരായിരുന്നു. ഉദാഹരണമായി ജില്ലാ ലുധിയാനയിൽ 'ഗുലാബ് ഷാ' എന്ന് പേരുള്ള ഒരു മഹാത്മാവ് ഉണ്ടായിരുന്നു. അദ്ദേഹം ജമാൽപൂർ നിവാസിയായ മർഹൂം മിയാൻ കരീം ബഖ്ഷിനോട് പറഞ്ഞിരുന്നത് ഖാദിയാനിൽ ഈസാ ജനിച്ചിരിക്കുന്നുവെന്നും അദ്ദേഹം ലുധിയാനയിൽ വരുമെന്നുമാണ്. മിയാൻ കരീം ബഖ്ഷ് സ്വാത്വികനായ ഏകദൈവവിശ്വാസിയും ഒരു വയോധികനായ ആളുമായിരുന്നു. അദ്ദേഹം ലുധിയാനയിൽ വെച്ച് എന്നെ കാണുകയും ഈ പ്രവചനം മുഴുവൻ എന്നെ കേൾപ്പിക്കുകയും ചെയ്തു. ഈ കാരണത്താൽ മൗലവിമാർ അദ്ദേഹത്തെ വളരെയധികം ബുദ്ധിമുട്ടിച്ചു. എന്നാൽ അദ്ദേഹം അതെല്ലാം നിസ്സാരമാക്കുകയാണ് ചെയ്തത്. എന്നിട്ട് എന്നോട് പറഞ്ഞു, ഈസബ്നു മറിയം ജീവിച്ചിരിപ്പില്ലെന്നും അദ്ദേഹം മരിച്ചു പോയെന്നും ഈ ലോകത്തേക്ക് അദ്ദേഹം മടങ്ങി വരികയില്ലെന്നും ഗുലാബ് ഷാ എന്നോട് പറയാറുണ്ടായിരുന്നു. ഈ ഉമ്മത്തിലേക്കുള്ള ഈസാ മിർസാ ഗുലാം അഹ്മദാണ്, അല്ലാഹുവിന്റെ ശക്തിയും ഗുണവും അദ്ദേഹത്തെ ആദ്യം ഈസാക്ക് സദൃശ്യനാക്കുകയും അങ്ങനെ ആകാശത്ത് അദ്ദേഹത്തിന്റെ പേർ ഈസാ എന്ന് വെക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞത്, 'അല്ലയോ കരീം ബക്ഷ്, ആ ഈസാ പ്രത്യക്ഷപ്പെടുമ്പോൾ മൗലവിമാരായ ആളുകൾ അദ്ദേഹത്തെ എതിർക്കുന്നതായി നീ കാണും. ശക്തമായി എതിർക്കുമെങ്കിലും അവർ പരാജിതരായിത്തീരുന്നതാണ്. അദ്ദേഹം ലോകത്ത് പ്രത്യക്ഷപ്പെടുന്നത് ഖുർആനിൽ എഴുതിച്ചേർക്കപ്പെട്ട വ്യാജമായ അടി

ക്കുറിപ്പുകൾ ദൂരീകരിക്കുവാനും ഖുർആന്റെ യഥാർഥ മുഖം ലോക ത്തിന് കാണിച്ചു കൊടുക്കുവാനും വേണ്ടിയിട്ടാണ്. ഈ പ്രവചന ത്തിൽ ആ മഹാത്മാവ് വ്യക്തമായി സൂചിപ്പിച്ചിരുന്നത്, ആ ഈ സായെ കാണുവാനുള്ള ആയുസ്സ് നിനക്ക് ലഭിക്കുമെന്നാണ്.

ഈ എല്ലാ സാക്ഷ്യങ്ങളും അത്ഭുത ദൃഷ്ടാന്തങ്ങളും മഹത്തായ അടയാളങ്ങളും ഉണ്ടായിരുന്നിട്ട് കൂടി മൗലവിമാർ എന്നെ കളവാക്കി കൊണ്ടിരിക്കുകയാണ്. തീർച്ചയായും അവർ അങ്ങനെ തന്നെ ചെ യ്യേണ്ടതായിരുന്നു. അപ്പോൾ മാത്രമേ 'غَيْرِ الْمَغْضُوبِ عَلَيْهِمْ' എന്ന ആയ ത്തിലെ പ്രവചനം പൂർത്തിയാവുകയുള്ളൂ. ഈ എതിർപ്പിന്റെയെ ല്ലാം യഥാർഥ അടിസ്ഥാനം ഒരു വിഡ്ഢിത്തം ആണ്. അതിതാണ്. മൗലവിമാർ ആഗ്രഹിക്കുന്നത്, അവരുടെ പക്കലുള്ള പഴയതും പുതിയതുമായ ശേഖരത്തിലെ എല്ലാ അടയാളങ്ങളും വാഗ്ദത്ത മസീഹിൽ പൂർത്തിയാകണമെന്നാണ്. അവരുടെ പക്കലുള്ള ഹദീ സുകളിൽ ഏതെങ്കിലും ഒന്ന് പോലും മസീഹ് വാദിയുടെയോ മഹ്ദി വാദിയുടെയോ മേൽ പൂർത്തിയാവുന്നില്ലെങ്കിൽ അയാളെ വിശ്വസിക്കേണ്ടതില്ല എന്നാണ്. എന്നാൽ ഇത് പണ്ട് കാലം മുതൽ തന്നെ അസാധ്യമായി നിലനിന്നു വരുന്ന ഒരു കാര്യമാണ്. യഹൂദി കൾ ഹദ്റത്ത് ഈസായെ സംബന്ധിച്ച് തങ്ങളുടെ ഗ്രന്ഥങ്ങളിൽ എഴുതി ചേർത്തിരുന്ന അടയാളങ്ങൾ പൂർത്തിയായിട്ടില്ല. അതിന് പുറമെ ഭാഗ്യഹീനരായ ആ ജനങ്ങൾ നമ്മുടെ യജമാനരായ മുഹ മ്മദ് മുസ്തഫാ(സ)നെ സംബന്ധിച്ച് വെച്ചുപുലർത്തിയിരുന്നതും പ്രസിദ്ധമാക്കിയിരുന്നതുമായ അടയാളങ്ങളിൽ വളരെ കുറച്ചു മാത്ര മേ പൂർത്തിയായിട്ടുള്ളൂ. അവർ മനസ്സിലാക്കിയിരുന്നത്, ഈ അവ സാന പ്രവാചകൻ ബനീ ഇസ്രായേലിൽ നിന്നായിരിക്കുമെന്നാണ്. എന്നാൽ നബി (സ)തിരുമേനി ബനീ ഇസ്മായീലിലാണ് ജനിച്ചത്. അല്ലാഹു ആഗ്രഹിച്ചിരുന്നെങ്കിൽ തൗറാത്തിൽ ആ നബിയുടെ പേർ മുഹമ്മദ്(സ) എന്നായി രിക്കുമെന്നും പിതാവിന്റെ പേര് അബ്ദു ള്ളാ എന്നും പിതാമഹന്റെ പേർ അബ്ദുൽ മുത്തലിബെന്നും മക്കയി ൽ ജനിക്കുമെന്നും മദീന അദ്ദേഹത്തിന്റെ പലായന ഗേഹമായി രിക്കുമെന്നും മറ്റും എഴുതി വെക്കാമായിരുന്നു. എന്നാൽ അല്ലാഹു അങ്ങനെ എഴുതിയില്ല. കാരണം ഇത്തരം പ്രവചനങ്ങളിൽ ഒരു തരത്തിലുള്ള പരീക്ഷണം സംഭവ്യമാണ്. എന്നാൽ യാഥാർഥ്യ മിതാണ്. വാഗ്ദത്ത മസീഹിനെ സംബന്ധിച്ച് മുമ്പേ തന്നെ വിവരം നൽകപ്പെട്ടിരുന്നത്, അദ്ദേഹം ഇസ്ലാമിലെ വിവിധ കക്ഷികൾ

ക്കായി ഒരു 'ഹക്കം' (വിധി കർത്താവ്) ആയി കൊണ്ടായിരിക്കും വരിക എന്നതാണ്. വിവിധ കക്ഷികളുടെ ഹദീസുകൾ വിഭിന്നങ്ങ ളാണ് എന്നത് പ്രകടമാണ് എന്നിരിക്കെ, എല്ലാവരുടേയും അഭിപ്രാ യത്തെ അദ്ദേഹത്തിന് എങ്ങനെയാണ് സാക്ഷ്യപ്പെടുത്താൻ സാധി ക്കുക? അഹ്‌ലെ ഹദീസുകാരുടെ ഹദീസിനെ സാക്ഷ്യപ്പെടുത്തുക യാണെങ്കിൽ ഹനഫികൾ കോപിക്കും. ഹനഫികളെ സത്യപ്പെടു ത്തുകയാണെങ്കിൽ ശാഫികൾ അലോഹ്യപ്പെടും. അതേപോലെ തങ്ങളുടെ വിശ്വാസപ്രകാരം അദ്ദേഹം ആവിർഭൂതനാകണമെന്ന ഒരു വ്യതിരിക്തമായ തത്വമായിരിക്കും ശിയാക്കൾ മുന്നോട്ടു വെ ക്കുക. ഈയൊരു സാഹചര്യത്തിൽ അദ്ദേഹത്തിന് എങ്ങനെയാണ് എല്ലാവരേയും തൃപ്തരാക്കാൻ സാധിക്കുക? ഇതിനു പുറമെ, 'ഹക്കം'(വിധി കർത്താവ്) എന്ന വാക്ക് വ്യക്തമാക്കുന്നത് എല്ലാ വിഭാഗങ്ങളും ഒന്നല്ലെങ്കിൽ മറ്റൊരു തരത്തിൽ സത്യത്തിൽ നിന്ന് ദൂരപ്പെട്ടു പോകുന്ന സമയത്താണ് അദ്ദേഹം വരിക എന്നാണ്. ഈ അവസ്ഥയിൽ അവരവരുടെ പക്കലുള്ള ഹദീസുകളുടെ അടി സ്ഥാനത്തിൽ അദ്ദേഹത്തെ വിലയിരുത്തുന്നത് കഠിനമായ തെ റ്റാണ്. അദ്ദേഹത്തിന്റെ കാലത്ത് പൂർത്തിയായതും മുൻപ് പ്രഖ്യാപി ക്കപ്പെട്ടതുമായ അടയാളങ്ങളെയും ദൃഷ്ടാന്തങ്ങളേയും സ്വീകരി ക്കുകയും ബാക്കിയുള്ളവ സ്വയംകൃതവും മനുഷ്യന്റെ കൈകട ത്തലുമാണെന്ന് മനസ്സിലാക്കുകയും ചെയ്യുക എന്നതായിരിക്കണം തത്വം. സൗഭാഗ്യവാന്മാരായ യഹൂദികൾ ഇതേ ഒരു തത്വം അനു വർത്തിച്ചത് കൊണ്ടാണ് അവർ മുസ്‌ലിമീംകളായി തീർന്നത്. കാരണം യഹൂദികൾ നിശ്ചയിച്ചു വിശ്വസിച്ചു പോന്ന ഹദീസുകൾ പൂർത്തിയാവുകയും അവ നബി(സ)തിരുമേനിയെ സാക്ഷ്യപ്പെടു ത്തുകയുമാണ് ചെയ്തത്. ആ ഹദീസുകളെ സത്യമാണെന്ന് അവർ മനസ്സിലാക്കുകയും പൂർത്തിയാകാത്തവയെ സ്വയംകൃതങ്ങളാണെ ന്ന് വിധിക്കുകയും ചെയ്തു. അങ്ങനെ ചെയ്യാത്ത പക്ഷം ഹദ്റത്ത് ഈസാ(അ)ന്റെ പ്രവാചകത്വവും നമ്മുടെ തിരുനബി(സ)യുടെ പ്രവാചകത്വവും യഹൂദികളുടെ പക്കൽ വ്യക്തമാക്കപ്പെടുമായിരു ന്നില്ല. അന്ന് മുസ്‌ലിമീംകളായി തീർന്നവർക്കെല്ലാം യഹൂദികളുടെ നൂറുക്കണക്കിന് വ്യാജ ഹദീസുകൾ ഉപേക്ഷിക്കേണ്ടതായി വന്നു. ഒരു വശത്ത് പ്രഖ്യാപിക്കപ്പെട്ട അടയാളങ്ങൾ പലതും പൂർത്തിയാ യതായി അവർ കാണുകയും മറുവശത്ത് അല്ലാഹുവിന്റെ സഹാ യങ്ങൾ അല്ലാഹുവിന്റെ റസൂലിന് വേണ്ടി ഒരു നദി കണക്കെ ഒഴു ക്കപ്പെടുകയും ചെയ്തപ്പോൾ അവർ പൂർത്തിയായ ആ ഹദീസു

കളെ പ്രയോജനപ്പെടുത്തുകയാണ് ചെയ്തത്. അവർ അന്ന് അങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ അവരിൽ ഒരു വ്യക്തിക്ക് പോലും മുസ്‌ലിമാകാൻ സാധിക്കുമായിരുന്നില്ല.

ഈ കാര്യങ്ങളെല്ലാമാണ് ഞാൻ പല സന്ദർഭങ്ങളിലും പല വശങ്ങളിലൂടെയുമായി മൗലവി അബ്ദുൽ ലത്തീഫ് സാഹിബിന് പറഞ്ഞു കൊടുത്തിരുന്നത്. അത്ഭുതമെന്ന് പറയട്ടെ, അദ്ദേഹം എന്നോട് പറഞ്ഞത്, ഈ കാര്യങ്ങളെല്ലാം ആദ്യമേ തന്നെ എനിക്കറിയാമായിരുന്നു എന്നും ഹദ്‌റത്ത് മസീഹിന്റെ മരണത്തെ കുറിച്ചും ഈ ഉമ്മത്തിൽ നിന്ന് ഈ കാലത്ത് തന്നേയാണ് വാഗ്ദത്ത മസീഹ് ഉണ്ടാവേണ്ടത് എന്നതിനെ സംബന്ധിച്ചും അത്ഭുതകരമായ പല തെളിവുകളും എന്നെ കേൾപ്പിക്കുകയും ചെയ്തു. എനിക്ക് വളരെയധികം ആശ്ചര്യം തോന്നി. ആ സമയത്ത് ഹബ്ശയിൽ നിന്നുള്ള ബിലാലിനെ സംബന്ധിച്ച ഹസ്സൻ ബസറയുടെ കവിതാ ശകലമാണ് ഓർമ്മ വന്നത്. അദ്ദേഹം കൂടുതലും തെളിവുകൾ നൽകിയിരുന്നത് വിശുദ്ധ ഖുർആനിൽ നിന്നായിരുന്നു. ഈസാ മരിച്ചു പോയെന്നും വാഗ്ദത്ത മസീഹ് ഈ ഉമ്മത്തിൽ നിന്ന് തന്നെ വരേണ്ട ആളാണെന്നും വിശുദ്ധ ഖുർആനിൽ നിന്ന് വ്യക്തമാകുന്നത്ര ഹദീസുകളിൽ നിന്ന് തെളിവുകൾ ലഭിക്കുന്നില്ല എന്നിരിക്കെ, വാഗ്ദത്ത മസീഹിനെ കുറിച്ചുള്ള പ്രവചനം ഹദീസുകളിൽ മാത്രമാണുള്ളത് എന്ന് മനസ്സിലാക്കുന്ന ജനങ്ങൾ ഇത്രത്തോളം അറിവില്ലാത്തവരാണോ എന്ന് അദ്ദേഹം ഇടക്കിടെ പറയുമായിരുന്നു. ചുരുക്കത്തിൽ, അല്ലാഹു അദ്ദേഹത്തിന്റെ ഹൃദയത്തെ ഹഖുൽ യഖീനിനാൽ നിറച്ചിരുന്നു. അങ്ങിനെ പരിപൂർണജ്ഞാനത്തോടു കൂടി, യഥാർത്ഥത്തിൽ ഒരു വ്യക്തി ആകാശത്ത് നിന്ന് മലക്കുകളോടൊപ്പം ഇറങ്ങുന്നത് നേരിട്ട് കാണുന്നപോലെ എന്നെ അദ്ദേഹം തിരിച്ചറിയുകയായിരുന്നു. ആ സമയത്ത് എനിക്ക് ഒരു കാര്യം തോന്നിയത് ഹദീസുകളിൽ വാഗ്ദത്ത മസീഹ് ഇറങ്ങും എന്നാണല്ലോ പറഞ്ഞിരിക്കുന്നത്. ഈ വാക്ക് അറബി ഭാഷാ പ്രയോഗമനുസരിച്ച് ബഹുമാനത്തിനും ആദരവിനും ഉപയോഗിക്കുന്നതാണെങ്കിലും - ഉദാഹരണമായി ഇന്ന സൈന്യം ഇന്ന സ്ഥലത്ത് ഇറങ്ങിയെന്നും, പുതിയതായി ഒരാൾ പട്ടണത്തിൽ വന്നാൽ, താങ്കൾ എവിടെയാണ് ഇറങ്ങിയത് എന്നും മറ്റും പറയും പോലെ - അതേ പോലെ വിശുദ്ധ ഖുർആനിൽ നബി(സ)തിരുമേനിയെ കുറിച്ച് അല്ലാഹു പറയുന്നത്, ഞാനാണ് ഈ പ്രവാചകനെ ഇറക്കിയത് എന്നാണ്. അതേ

പോലെ തന്നെ ഇഞ്ചീലിൽ വന്നിരിക്കുന്നത്, ഈസയും യഹ്‌യയും ആകാശത്ത് നിന്ന് ഇറങ്ങി എന്നുമാണ്. എന്നാൽ 'നുസൂൽ' (ഇറങ്ങുക) എന്ന വാക്ക് ഒരു കാര്യം കൂടി സൂചിപ്പിക്കുന്നുണ്ട്. അതായത് വാഗ്ദത്ത മസീഹിന്റെ സത്യതക്കായി നിരവധി തെളിവുകൾ ലഭ്യമാവുകയും അതിന്റെ അടിസ്ഥാനത്തിൽ ബുദ്ധിമാന്മാരായ ജനങ്ങൾക്ക്, അദ്ദേഹം ആകാശത്ത് നിന്ന് അവരുടെ മുമ്പാകെ ഇറങ്ങിയത് പോലെയുള്ള പരിപൂർണ വിശ്വാസം ഉണ്ടായിത്തീരുകയും ചെയ്യും. ഇങ്ങിനെയുള്ള പരിപൂർണ വിശ്വാസത്തിന്റെ മാതൃകയാണ് ശഹ്സാദാ മൗലവി അബ്ദുൽ ലത്തീഫ് ശഹീദ് കാണിച്ചത്, ജീവൻ വെടിയുക എന്നതിൽ കവിഞ്ഞ് മറ്റൊരു കാര്യവുമില്ല തന്നെ. അങ്ങനെയുള്ള ഒരു സ്ഥിരചിത്തതയോടു കൂടി ജീവത്യാഗം ചെയ്തത് വ്യക്തമായി പറഞ്ഞു തരുന്നത്, അദ്ദേഹം എന്നെ ആകാശത്ത് നിന്ന് ഇറങ്ങിവരുന്നതായിട്ട് കണ്ടു എന്നാണ്. മറ്റുള്ള ജനങ്ങളെ സംബന്ധിച്ചും എന്റെ വാദത്തിന്റെ എല്ലാ വശങ്ങളും സൂര്യനെ പോലെ പ്രകാശിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. ഒന്നാമതായി ഈസബ്നു മറിയം മരിച്ചുപോയെന്നും വീണ്ടും ലോകത്തേക്ക് വരികയില്ലെന്നും വിശുദ്ധ ഖുർആൻ വിധി പറഞ്ഞിരിക്കുകയാണ്. വിശുദ്ധ ഖുർആന്ന് എതിരായി ഒരു ലക്ഷം ഹദീസുണ്ടെന്ന് സങ്കൽപിച്ചാൽ പോലും അവയെല്ലാം മിഥ്യയും കളവും, ഏതോ വ്യാജന്റെ സൃഷ്ടിയുമാണ്. ഖുർആൻ പറഞ്ഞത് മാത്രമാണ് സത്യമായിട്ടുള്ളത്. വിശുദ്ധ ഖുർആൻ പറഞ്ഞ വിവരണങ്ങൾക്ക് എതിരല്ലാത്ത വിവരണങ്ങൾ ഉള്ള ഹദീസുകൾ മാത്രമാണ് സ്വീകാര്യയോഗ്യമായിട്ടുള്ളത്. അതിന് പുറമെ സൂറ:നൂറിൽ 'മിൻക്കും' എന്ന വാക്ക് ഉപയോഗിച്ചുകൊണ്ട് വിശുദ്ധ ഖുർആന്റെ വിധിയും, ആ ഖലീഫമാരെല്ലാം ഈ ഉമ്മത്തിൽ നിന്ന് തന്നെ ആവിർഭൂതരാവുന്നതാണ് എന്നാണ്. ആ ഖലീഫമാർ മൂസവി പരമ്പരക്ക് സദൃശ്യരായിരിക്കും. ആ പരമ്പരയിൽപ്പെട്ട ഒരാൾ മാത്രമേ വാഗ്ദത്തം ചെയ്യപ്പെട്ട ആളായിട്ടുണ്ടായിരിക്കുകയുള്ളു. അയാൾ ഈസബ്നു മറിയമിന്ന് സദൃശ്യനായിരിക്കും. ബാക്കിയുള്ളവർ വാഗ്ദത്തം ചെയ്യപ്പെട്ടവരായിരിക്കുകയില്ല. പേരെടുത്ത് കൊണ്ട് അവരെ സംബന്ധിച്ച് ഒരു പ്രവചനവും ഉണ്ടായിരിക്കുകയില്ല. 'മിൻക്കും' എന്ന വാക്ക് ബുഖാരിയിലുമുണ്ട്, മുസ്‌ലിമിലുമുണ്ട്. അതിന്റെ അർത്ഥം വാഗ്ദത്ത മസീഹ് ഈ ഉമ്മത്തിൽ നിന്ന് തന്നെ ജനിക്കുമെന്നാണ്. ചിന്താശീലനായ ഒരാൾ, പരിപൂർണ്ണ ശ്രദ്ധയോടുകൂടി ചിന്തിക്കുകയും അവിശ്വാസ്യത അവലംബിക്കാതിരിക്കുകയും ചെയ്തു കൊ

ണ്ട് ഈ 'മിൻക്കും'എന്ന മൂന്ന് അക്ഷരങ്ങളെ നിരീക്ഷിക്കുകയാണെ ങ്കിൽ വാഗ്ദത്ത മസീഹ് ഈ ഉമ്മത്തിൽ നിന്ന് തന്നെയായിരിക്കും ഭൂജാതനാവുക എന്നത് വിധിക്കപ്പെട്ട കാര്യമാണെന്ന് അയാൾക്ക് ഉറച്ച വിശ്വാസം വരുന്നതാണ്. ഇനി എന്റെ വാദത്തിന്റെ കാര്യമാണ്. എന്റെ വാദത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ എന്റെ വാദ ത്തോടൊപ്പമുള്ള തെളിവുകൾ എത്രത്തോളമുണ്ടെന്ന് വെച്ചാൽ അതിന്റെ അടിസ്ഥാനത്തിൽ നിർലജ്ജനല്ലാത്ത ഒരു മനുഷ്യന്, നബി(സ)തിരുമേനിയുടെ നുബുവ്വത്തിനെ അംഗീകരിച്ച പോലെ എന്റെ വാദത്തെ അംഗീകരിക്കാതെ മറ്റൊരു വഴിയുമില്ല. ഈ തെളിവുകളെല്ലാം എന്റെ വാദത്തിന്റെ പ്രബലതക്ക് മതിയായതല്ലേ? എന്നെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ എത്രത്തോളം പൂർണ്ണ മായ തെളിവുകളും അടയാളങ്ങളും വിവരിച്ചിരിക്കുന്നു എന്നു വച്ചാൽ, ഒരു തരത്തിൽ എന്റെ പേര് തന്നെ എടുത്ത് പറഞ്ഞിട്ടുണ്ട്. ഹദീസുകളിൽ 'ഖദ്അ' എന്ന വാക്കിലൂടെ എന്റെ ഗ്രാമത്തിന്റെ പേരും ഉണ്ട്. ഹദീസുകളിൽ നിന്ന് വ്യക്തമാകുന്നത്, ഈ വാഗ്ദത്ത മസീഹ് പതിമൂന്നാം നൂറ്റാണ്ടിൽ ജനിക്കുമെന്നും പതിനാലാം നൂറ്റാ ണ്ടിൽ വെളിപ്പെടുമെന്നുമാണ്. സഹീഹ് ബുഖാരിയിൽ എന്റെ രൂപം പൂർണ്ണമായും എഴുതിയിട്ടുണ്ട്. ആദ്യത്തെ മസീഹിനെ സംബ ന്ധിച്ച് വലിയ കേന്ദ്രം എന്ന് പറഞ്ഞിരിക്കുന്നത് കിഴക്കിനെയാണ്, അതായത് ഇന്ത്യയാണ്. വാഗ്ദത്ത മസീഹ് ഡമാസ്കസിന് കിഴക്ക് ഭാഗത്ത് നിന്ന് വെളിപ്പെടും എന്ന കാര്യം കൂടി എഴുതിയിട്ടുണ്ട്. ഖാദിയാൻ ഡമാസ്കസിന് കിഴക്ക് ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ഇതിനെല്ലാം പുറമെ ഞാൻ വാദിച്ച സമയത്ത് ജനങ്ങൾ നിഷേധം പ്രകടിപ്പിച്ച ദിവസങ്ങളിൽ ആകാശത്ത് റമളാൻ മാസത്തിൽ സൂര്യ ചന്ദ്രഗ്രഹണങ്ങളുടെ വെളിപ്പെടലും, ഭൂമിയിൽ പ്ലേഗ് പരന്നതും, ഹദീസിന്റേയും ഖുർആന്റേയും അടിസ്ഥാനത്തിൽ റയിൽ ഗതാ ഗതം ആരംഭിച്ചതും, ഒട്ടകത്തെ ഉപേക്ഷിക്കപ്പെട്ടതും, ഹജ്ജ് തടയ പ്പെട്ടതും, കുരിശുമതത്തിന്റെ വിജയകാലം ഉണ്ടായതും, എന്റെ കൈകളിൽ നൂറുക്കണക്കിന് അടയാളങ്ങൾ വെളിപ്പെട്ടതും, നബി മാർ മുഖേന നിശ്ചയിക്കപ്പെട്ട സമയത്ത് തന്നെ വഗ്ദത്ത മസീഹിന്റെ ആഗമനം ഉണ്ടായതും, നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നേയുള്ള എന്റെ നിയോഗവും, എന്റെ സത്യതയെ വെളിപ്പെടുത്തികൊണ്ട് ആയിരക്കണക്കിന്ന് സാത്വികരായ ആളുകൾക്കുണ്ടായ സ്വപ്നങ്ങ ളും, വാഗ്ദത്ത മസീഹ് ഈ ഉമ്മത്തിൽ നിന്ന് തന്നെ ജനിക്കുമെ ന്നുള്ള വിശുദ്ധ ഖുർആന്റേയും നബി(സ)തിരുമേനിയുടേയും പരാ

മർശവും, അല്ലാഹുവിന്റെ സഹായങ്ങൾ എനിക്ക് ലഭ്യമായി കൊണ്ടിരിക്കുന്നതും, ആയിരക്കണക്കായ ആളുകൾ - അത് രണ്ട് ലക്ഷത്തോളം വരും - എന്റെ കയ്യിൽ ബൈഅത്ത് ചെയ്തുകൊണ്ട് വിശ്വസ്തതയും ഹൃദയ പരിശുദ്ധിയും കൈവരിച്ചതും, എന്റെ കാലത്ത് കൃസ്തീയ മതത്തിൽ പൊതുവായി ഒരു പ്രകമ്പനം കാണപ്പെട്ടതും ഏത്വരെയെന്നാൽ ത്രിയേകത്വത്തിന്റെ മറ മഞ്ഞു കണക്കെ അലിഞ്ഞു പോകാൻ തുടങ്ങിയതും, എന്റെ കാലത്ത് മുസ്‌ലിമീംകൾ വിവിധ കക്ഷികളായി പിരിഞ്ഞുകൊണ്ട് അധോഗതിയുടെ അവസ്ഥയിലായി തീർന്നതും, വിവിധ അനാചാരങ്ങളും ശിർക്കും മദ്യപാനവും നിഷിദ്ധകാര്യങ്ങൾ ചെയ്യുന്നതും, വിശ്വാസവഞ്ചന കാണിക്കുന്നതും, അസത്യം പറയുന്നതുമെല്ലാം ലോകത്ത് വ്യാപകമാവുകയും ഒരു പൊതുവിലുള്ള വ്യതിചലനം ലോകത്ത് സംഭവിക്കുകയും ചെയ്യുന്നതും, എല്ലാ നിലയിലും ഒരു മഹത്തായ പരിവർത്തനം ലോകത്ത് സംജാതമായതും, ഒരു ലോകപരിഷ്കർത്താവിന്റെ ആവശ്യം ബുദ്ധിമാന്മാരെല്ലാവരും സാക്ഷ്യപ്പെടുത്തിയതും, അമാനുഷികമോ ആകാശീയമോ ആയ അടയാളങ്ങളുടെ അടിസ്ഥാനത്തിൽ എന്നെ നേരിടുന്നതിൽ ജനങ്ങൾക്കുണ്ടായ പരാജയവും, എന്നെ പിൻതുണച്ചുകൊണ്ടുള്ള അല്ലാഹുവിന്റെ ലക്ഷക്കണക്കിന്ന് പ്രവചനങ്ങളുടെ പൂർത്തിയാകലും. ഈ എല്ലാ അടയാളങ്ങളും തെളിവുകളും രേഖകളും പ്രമാണങ്ങളുമെല്ലാം തന്നെ ഒരു ദൈവഭയമുള്ള ഒരാളെ സംബന്ധിച്ചിടത്തോളം എന്നെ സ്വീകരിക്കാൻ മതിയായതല്ലേ? ആഥമിന്റെ മരണത്തെ കുറിച്ചും അഹ്മദ് ബേഗിന്റെ ജാമാദാവിനെ കുറിച്ചുമുള്ള പ്രവചനത്തെ പോലുള്ള പ്രവചനങ്ങൾ പൂർത്തിയായിട്ടില്ല എന്ന് ചില വിവരദോഷികൾ ആക്ഷേപിക്കാറുണ്ട്. എന്നാൽ ഇവർ അല്ലാഹുവിനോട് ലജ്ജിക്കേണ്ടിയിരിക്കുന്നു. കാരണം ലക്ഷക്കണക്കായുള്ള പ്രവചനങ്ങൾ പകൽ പോലെ ഏതൊരവസ്ഥയിലാണ് പൂർത്തിയായിട്ടുള്ളതെന്നും ഓരോ ദിവസവും പുതിയ പുതിയ അടയാളങ്ങൾ വെളിപ്പെട്ടുകൊണ്ടിരിക്കുന്നു എന്നിരിക്കെ, ഒന്നോ രണ്ടോ പ്രവചനങ്ങൾ അവർക്ക് മനസ്സിലാകാതെ വന്നെങ്കിൽ ഇത് വ്യക്തമായും അവരുടെ തന്നെ കഴിവുകേടുകൊണ്ടാണ്. ഈയൊരു തെറ്റിദ്ധാരണ മൂലം അല്ലാഹുവിന്റെ ആയിരക്കണക്കായ അടയാളങ്ങളേയും തെളിവുകളേയും അത്ഭുതദൃഷ്ടാന്തങ്ങളേയും നിഷേധിക്കുക എന്നത് അവരുടെ തന്നെ കുറ്റമാണ്. ഇങ്ങനെ നിഷേധിക്കാമെങ്കിൽ ചില പ്രവചനങ്ങളെ കുറിച്ച് അവ പൂർത്തിയായിട്ടില്ലെന്ന് ആക്ഷേപി

ക്കപ്പെടാത്ത ഏതെങ്കിലും ഒരു പ്രവാചകനെ കുറിച്ചുള്ള വിവരം നമുക്ക് പറഞ്ഞു തരാൻ സാധിക്കുമോ? അങ്ങനെയെങ്കിൽ മലാക്കി പ്രവാചകന്റെ പ്രവചനം ബാഹ്യരൂപത്തിൽ ഇത് വരെ പുലർന്നിട്ടേയില്ല. യഹൂദികൾ ഇന്നും പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഇല്ല്യാസ് നബി ലോകത്ത് എവിടെയാണ് വന്നത്? മസീഹ് വന്നെങ്കിലും അതിന് മുമ്പായികൊണ്ട് അദ്ദേഹത്തിന്റെ വരവ് അനിവാര്യമായിരുന്നു. അക്കാലത്തുള്ള ജനങ്ങൾ ജീവിച്ചിരിക്കെ തന്നെ ഞാൻ മടങ്ങി വരുമെന്നുള്ള മസീഹിന്റെ പ്രവചനം എവിടെയാണ് പൂർത്തിയായത്? പത്രോസിന്റെ കൈകളിൽ ആകാശത്തിന്റെ താക്കോലുകൾ ഉണ്ടാകുമെന്ന മസീഹിന്റെ പ്രവചനം എവിടെയാണ് പൂർത്തിയായത്? ദാവൂദിന്റെ സിംഹാസനം സ്ഥാപിക്കുമെന്ന അദ്ദേഹത്തിന്റെ പ്രവചനം എവിടെയാണ് പൂർത്തിയായത്? അങ്ങനെ അദ്ദേഹത്തിന്റെ പന്ത്രണ്ട് ശിഷ്യന്മാർ പന്ത്രണ്ട് സിംഹാസനങ്ങളിൽ ഇരിക്കുമെന്ന പ്രവചനം പുലർന്നത് എപ്പോഴാണ്? കാരണം യൂദാസാണെങ്കിൽ മുർതദ്ദായികൊണ്ട് നരകപ്രാപ്തനായി. സിംഹാസനം ലഭിക്കുമെന്ന വാഗ്ദത്തമുള്ള അയാൾക്ക് പകരം മസീഹിന്റെ ഊഹാബോഹങ്ങളിൽ പോലുമില്ലാത്ത ഒരു പുതിയ ശിഷ്യനെ ഉണ്ടാക്കുകയായിരുന്നു. ഇതേപോലെ തന്നെ ഹദീസുകളിലും എഴുതപ്പെട്ടിട്ടുണ്ട്. നിനേവയിലെ നിവാസികളുടെ മേൽ നാൽപത് ദിവസത്തിനുള്ളിൽ ശിക്ഷ ഇറങ്ങുമെന്ന യൂനുസ് നബി(അ)യുടെ പ്രവചനം ഖണ്ഡിതവും യാതൊരു നിബന്ധനകളുമില്ലാത്തതായിരുന്നു എന്ന് ദുർറെ മൻസൂറിലുണ്ട്. ആ കാലാവധിക്കുള്ളിൽ തന്നെ അവർ നശിപ്പിക്കപ്പെടുമെന്നായിരുന്നു. എന്നാൽ യാതൊരു ശിക്ഷയുമിറങ്ങിയില്ല. അവർ നശിപ്പിക്കപ്പെടുകയും ചെയ്തില്ല. അവസാനം യൂനുസ്(അ)ന് ലജ്ജിതനായികൊണ്ട് ആ പ്രദേശം വിട്ട് ഓടേണ്ടി വന്നു. ഈ പ്രവചനങ്ങൾ ബൈബിളിൽ യോനാ പ്രവാചകന്റെ പുസ്തകത്തിലുണ്ട്. ഇതിനെ കൃസ്ത്യാനികൾ ദൈവത്തിൽ നിന്നുള്ളവയായിട്ട് തന്നേയാണ് മനസ്സിലാക്കുന്നത്. ഈ കാര്യങ്ങളെല്ലാം ഉണ്ടായിരുന്നിട്ട് കൂടി മുസ്ലിമീംകൾ ഈ പ്രവാചകന്മാരിൽ വിശ്വസിക്കുകയും ഈ ചില ആക്ഷേപങ്ങളെ അവഗണിക്കുകയുമാണ് ചെയ്യുന്നത്. മേൽ പറഞ്ഞ ആഥിമിനെ സംബന്ധിച്ചും അഹ്മദ് ബേഗിന്റെ ജാമാതാവിനെ കുറിച്ചുമുള്ള രണ്ട് പ്രവചനങ്ങളെ സംബന്ധിച്ചാണ് അവർക്ക് ആക്ഷേപമുള്ളത്. അവയെ സംബന്ധിച്ച് നാം പലപ്പോഴായി എഴുതിയിട്ടുള്ളത്, ആഥിമിന്റെ മരണത്തെ കുറിച്ചുള്ള പ്രവചനം എല്ലാവിധ വ്യക്തതകളോടും കൂടി പൂർത്തിയായിരി

ക്കുന്നു എന്നാണ്. ആഥിം എവിടെയാണെന്ന് ഇനി ഒന്ന് അന്വേഷിച്ചു നോക്കുക. അയാൾ ജീവിച്ചിരിപ്പുണ്ടോ? അല്ലെങ്കിൽ മരിച്ചു പോയോ? നാം ഇരുകക്ഷികളിൽ ആരാണോ അസത്യത്തിലുള്ളത് അവർ സത്യത്തിലുള്ളവരേക്കാൾ മുമ്പേ മരിച്ചു പോകും എന്നതായിരുന്നു ആ പ്രവചനത്തി ന്റെ രത്നച്ചുരുക്കം. അങ്ങിനെ ആഥിം മരിച്ചിട്ട് ഇപ്പോൾ കുറെ കാലമായിരിക്കുന്നു. ആഥം പതിനഞ്ച് മാസത്തിനുള്ളിൽ മരിക്കുമെന്ന പ്രവചനത്തിൽ തന്നെ സത്യത്തിലേക്ക് തിരിയാത്ത പക്ഷം എന്ന വാക്ക് കൂടി നിബന്ധനയായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടായിരുന്നു. എന്നാൽ ആഥിം സംവാദ സദസ്സിൽ വെച്ച് തന്നെ തന്റെ മര്യാദകേടിൽ നിന്ന് പിൻതിരിഞ്ഞിരുന്നു. കാരണം നിങ്ങൾ നബി(സ)തിരുമേനിയെ കുറിച്ച് തന്റെ ഗ്രന്ഥത്തിൽ ദജ്ജാൽ എന്ന് എഴുതിയത് കൊണ്ടാണ് ഞാൻ ഈ പ്രവചനം നടത്തിയിരിക്കുന്നത് എന്ന് പറഞ്ഞപ്പോൾ, കേട്ട ഉടനെ തന്നെ അയാളുടെ മുഖം വിളറിപ്പോവുകയും അങ്ങേയറ്റത്തെ താഴ്മയോടു കൂടി അയാൾ തന്റെ നാവ് വായിൽ നിന്ന് പുറത്തിടുകയും രണ്ട് കൈകളും കൊണ്ട് ചെവി പിടിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു, ഞാൻ നബി(സ)തിരുമേനിയുടെ അന്തസ്സിന്ന് വിരുദ്ധമായിട്ട് ഒരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല. അങ്ങനെ അങ്ങേയറ്റത്തെ വിനയവും താഴ്മയും പ്രകടിപ്പിച്ചു. ആ സമയത്ത് അറുപതിൽ അധികം മുസ്‌ലിമീംകളും ക്രിസ്ത്യാനികളും മറ്റും അവിടെ സന്നിഹിതരായിരുന്നു. ഈ വാക്കുകൾ അയാൾ തന്റെ ധാർഷ്ട്യവും മര്യാദകേടും ഉപേക്ഷിച്ചു എന്ന് മനസ്സിലാക്കാൻ മതിയായതല്ലേ? അതിന് ശേഷം അയാൾ പതിനഞ്ച് മാസക്കാലം ശത്രുതയുടെ കാര്യത്തിൽ പരിപൂർണ്ണമായും നിശബ്ദത പാലിക്കുകയും അധികവും കരഞ്ഞും വിലപിച്ചും കൊണ്ടിരിക്കുകയും, അങ്ങനെ തന്റെ നിലപാട് പരിപൂർണ്ണമായും മാറ്റുക തന്നെ ചെയ്തു. ഒരു സത്യഹൃദയനായ വിശ്വാസിയെ സംബന്ധിച്ചിടത്തോളം അയാൾ പതിനഞ്ച് മാസത്തിനുള്ളിൽ ഒരു പരിധി വരെ തന്നിൽ മാറ്റം വരുത്തിയിരുന്നു എന്നത് മതിയായ കാരണമാണ്. കാരണം അയാൾ അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടാണ് വിനയവും താഴ്മയും കൈക്കൊണ്ടതും ധാർഷ്ട്യവും മര്യാദകേടും പരിപൂർണ്ണമായും ഉപേക്ഷിച്ചതും. അതിനു പുറമെ അമൃത്സറിലുള്ള അയാളുടെ സുഹൃദ്‌വൃന്ദവുമായിട്ടുള്ള സഹവാസം ഉപേക്ഷിക്കുകയും ആ വീട് ഉപേക്ഷിച്ചുകൊണ്ട് അയാൾ ഫിറോസ്പൂരിൽ പോയി താമസമാക്കുകയും ചെയ്തു. ആകയാൽ അയാൾക്കുണ്ടായ ഈ ഭയത്തെ വേണ്ടവിധം ഉപയോഗപ്പെ

ടുത്തേണ്ടതായിരുന്നു.എന്നിട്ടും എന്നേക്കാൾ വളരെ മുമ്പ് ആ ദിവസങ്ങളിൽ തന്നെ മരിച്ച് പോകുന്നതിൽ നിന്ന് അയാൾ സുരക്ഷിതനായില്ല. എന്നാൽ ഒരു പരിധി വരെ ആ നിബന്ധനയുടെ ഗുണഫലം അയാൾക്ക് ലഭ്യമായി. ഇതിന് വിരുദ്ധമായിരുന്നു ലേഖ്റാം. അയാൾ പ്രവചന കാലാവധിക്കുള്ളിൽ ഒരു വിനയവും ഭയവും തന്നെ പ്രകടിപ്പിച്ചില്ല എന്ന് മാത്രമല്ല, ആദ്യത്തെക്കാൾ കൂടുതൽ ധിക്കാരം പ്രകടിപ്പിച്ചുകൊണ്ട് അങ്ങാടികളിലും തെരുവുകളിലും പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഇസ്‌ലാമിനെ അധിക്ഷേപിച്ചുകൊണ്ടേയിരുന്നു. അതിനാൽ കാലാവധിക്കുള്ളിൽ തന്നെ അയാൾ തന്റെ ദുഷ്ചെയ്തികളുടെ ഫലമായി പിടിക്കപ്പെട്ടു. അസഭ്യവർഷത്തിലും അധിക്ഷേപത്തിലും ഒരു കഠാര കണക്കെയായിരുന്നു അയാളുടെ നാവ് പ്രവർത്തിച്ചിരുന്നത്. അതേ കഠാര അയാളുടെ അന്തകനായി തീരുകയായിരുന്നു.

ഇനിയുള്ളത് അഹ്മദ് ബേഗിന്റെ ജാമാതാവാണ്. ഈ പ്രവചനം രണ്ട് വ്യക്തികളെ സംബന്ധിച്ചായിരുന്നു എന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഒന്ന് അഹ്മദ് ബേഗിനെ സംബന്ധിച്ചും, രണ്ടാമത്തേത് അയാളുടെ ജാമാതാവിനെ സംബന്ധിച്ചും. അങ്ങനെ ഈ പ്രവചനത്തിന്റെ ഒരു ഭാഗം കാലാവധിക്കുള്ളിൽ തന്നെ പൂർത്തിയായി. അതായത് അഹ്മദ് ബേഗ് കാലാവധിക്കുള്ളിൽ തന്നെ മരിച്ചുപോവുകയും അങ്ങനെ ഈ പ്രവചനത്തിന്റെ ഒരു പക്ഷം പൂർത്തിയാവുകയും ചെയ്തു. ഇപ്പോൾ ബാക്കിയുള്ള രണ്ടാമത്തെ പക്ഷത്തെ സംബന്ധിച്ചാണ് ആക്ഷേപമുള്ളത്. സങ്കടകരമെന്ന് പറയട്ടെ, ഈ കാര്യം സത്യസന്ധമായി ആരും തന്നെ സമർപ്പിക്കുന്നില്ല. ഈ പ്രവചനത്തിന്റെ ഒരു ഭാഗം പൂർത്തിയായി കഴിഞ്ഞെന്നും, അത് പൂർത്തിയായെന്ന് ഞങ്ങൾ സത്യഹൃദയത്തോടു കൂടി അംഗീകരിക്കുന്നെന്നും എന്നാൽ രണ്ടാമത്തെ ഭാഗം ഇതുവരെ പൂർത്തിയായില്ല എന്നുമുള്ള ആക്ഷേപം ഇന്ന് വരെ ഞാൻ ഒരു ആക്ഷേപകന്റെ വായിൽ നിന്നും കേട്ടിട്ടില്ല. മറിച്ച് യഹൂദികളെ പോലെ പൂർത്തിയായ ഭാഗത്തെ തികച്ചും മറച്ചുവെച്ചുകൊണ്ട് ആക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള മാർഗം സത്യവിശ്വാസത്തിന്നും ലജ്ജക്കും വിശ്വസ്തതക്കും ചേർന്നതാണോ? അവരുടെ വഞ്ചനാപരമായ ഈ സംസാര രീതിയെ മാറ്റി നിർത്തികൊണ്ട് ഇതിനുള്ള മറുപടി ഈ പ്രവചനവും ആഥമിനെ സംബന്ധിച്ചുള്ള പ്രവചനത്തെ പോലെ തന്നെ നിബന്ധനകൾക്ക് വിധേ

യമാണ് എന്നതാണ്. അതായത് ഇവർ രണ്ടുപേരിൽ ആരെങ്കിലും ഒരാൾ ദൈവഭയവും പേടിയും പ്രകടിപ്പിക്കുന്നില്ലെങ്കിൽ മാത്രം കാലാവധിക്കുള്ളിൽ തന്നെ പൂർത്തിയാകുമെന്ന നിബന്ധനയോടെ യായിരുന്നു അത് എഴുതപ്പെട്ടിരുന്നത്. അഹ്മദ് ബേഗിൽ ഈ ഭയാനകമായ അടയാളം കാണപ്പെട്ടില്ല. അയാൾ ഈ പ്രവചനം സംഭവിക്കാനുള്ളതല്ല എന്ന് മനസ്സിലാക്കികൊണ്ടിരുന്നു. എന്നാൽ അഹ്മദ് ബേഗിന്റെ ജാമാതാവിലും അയാളുടെ പ്രിയപ്പെട്ടവരിലും ഈ ഭയാനകമായ അവസ്ഥ ഉണ്ടായി. കാരണം അഹ്മദ് ബേഗിന്റെ മരണം അവരുടെ ഹൃദയങ്ങളെ പിടിച്ചു കുലുക്കിയിരുന്നു. എത്ര കാഠിന്യമുള്ള മനുഷ്യനായാൽ പോലും ഇത് പോലുള്ള ഒരു മാതൃക കണ്ടുകഴിഞ്ഞാൽ തീർച്ചയായും അവൻ ഭയചകിതനായിപ്പോകും എന്നുള്ളത് മനുഷ്യപ്രകൃതിയിൽപെട്ടതാണ്. അങ്ങനെ അയാൾക്കും അവധി നൽകപ്പെടേണ്ടത് അനിവാര്യമായിരുന്നു. അതിനാൽ ഈ ആക്ഷേപങ്ങളെല്ലാം തന്നെ അജ്ഞതയും അന്ധതയും പക്ഷപാതവും കാരണമായിട്ടുള്ളവയാണ്. വിശ്വാസ്യതയോ സത്യാന്വേഷണമോ ഇതിന് പിന്നിലില്ല. ഇത്വരെ പത്ത് ലക്ഷത്തിലധികം അടയാളങ്ങൾ ആരുടെ കയ്യിലാണോ വെളിപ്പെട്ടതും വെളിപ്പെട്ടുകൊണ്ടിരിക്കുന്നതും ചെയ്യുന്നത്, അവയിൽ ഒന്നോ രണ്ടോ പ്രവചനങ്ങൾ ഏതെങ്കിലും വിഡ്ഢിയും ബുദ്ധിശൂന്യനും മൂഢനുമായ ഒരാൾക്ക് മനസ്സിലാവുന്നില്ലെങ്കിൽ ആ പ്രവചനങ്ങളെല്ലാം തന്നെ അടിസ്ഥാനരഹിതമാണെന്ന നിഗമനത്തിൽ എത്തിച്ചേരാൻ സാധ്യമല്ല. ഞാൻ ഈ കാര്യം ദൃഢമായ വാക്കുകളിൽ ഇവിടെ എഴുതുകയാണ്. അതായത് ഏതെങ്കിലും എതിരാളികളായ ക്രിസ്ത്യാനിയോ, താൻ മുസൽമാൻ ആണെന്ന് പറയുന്ന മുസ്‌ലിമോ ആരായാലും എന്റെ പ്രവചനങ്ങൾക്ക് തത്തുല്യമായതും ആകാശത്ത് നിന്ന് ഇറങ്ങിയതാണെന്ന് മനസ്സിലാക്കുന്ന അയാളുടെ പ്രവചനങ്ങൾ വ്യക്തതയുടേയും ദൃഢതയുടേയും തെളിവിന്റേയും നിലവാരത്തിൽ കൂടുതൽ ഉന്നതമാണെന്ന് തെളിയിക്കുകയാണെങ്കിൽ ഞാൻ അയാൾക്ക് ആയിരം രൂപ രൊക്കം നൽകാൻ തയ്യാറാണ്. എന്നാൽ വിശുദ്ധ ഖുർആനെ സമർപ്പിച്ചുകൊണ്ട് ഖുർആൻ ഹദ്റത്ത് ഈസാ(അ)നെ നബിയാണെന്ന് സമ്മതിച്ചിരിക്കുന്നു അല്ലെങ്കിൽ അദ്ദേഹത്തെ നബിയായി പ്രഖ്യാപിച്ചിരിക്കുന്നു എന്ന മാർഗത്തിലല്ല അത് തെളിയിക്കേണ്ടത്. കാരണം അങ്ങനെയാണെങ്കിൽ, വിശുദ്ധ ഖുർആൻ എന്റെ സത്യതക്കുള്ള സാക്ഷിയാണ് എന്ന് ഞാനും ശക്തമായി വാദിക്കുകയാണ്. മുഴുവൻ വിശുദ്ധ ഖുർആനി

ലും ഒരിടത്തും തന്നെ 'യസൂഅ്' (യേശു) എന്ന വാക്ക് ഇല്ല തന്നെ. എന്നാൽ എന്നെ സംബന്ധിച്ച് 'മിൻക്കും' എന്ന വാക്ക് ഉണ്ട് താനും. അതിന് പുറമെ മറ്റ് ധാരാളം അടയാളങ്ങളും അതിലുണ്ട്. എന്നാൽ ഇവിടെ ഞാൻ ഉദ്ദേശിക്കുന്നത് ഇത്രമാത്രമാണ്. വിശുദ്ധ ഖുർആനെ മാറ്റി നിർത്തി കൊണ്ട് എന്റെ പ്രവചനങ്ങളേയും യേശുവിന്റെ പ്രവചനങ്ങളേയും സാധാരണ കോടതി നിരീക്ഷണങ്ങളുടെ രൂപത്തിൽ വിലയിരുത്തി കൊണ്ട് ഇവ രണ്ടിലും ഏത് പ്രവചനങ്ങളാണ്, അല്ലെങ്കിൽ അവയുടെ എത്രത്തോളം ഭാഗങ്ങളാണ് ബുദ്ധിക്ക് അനുസൃതമായ രൂപത്തിൽ പൂർണ്ണ വ്യക്തതയോടു കൂടി പൂർത്തിയായത് എന്നും ഏതാണ് ആ നിലവാരത്തിൽ എത്താത്തത് എന്നുമാണ്. അതായത് ഈ അന്വേഷണങ്ങളും ഈ താരതമ്യപഠനവും, വിശുദ്ധ ഖുർആനെ നിഷേധിക്കുന്ന ഒരാൾക്ക് പോലും, തെളിവ് ആരുടെ ഭാഗത്താണ് എന്ന് വ്യക്തമായി അഭിപ്രായപ്രകടനം നടത്തുവാനുള്ള  രൂപത്തിലായിരിക്കണമെന്നാണ്.

ഇതിനു പുറമെ, ഇവിടെ എനിക്ക് ദു:ഖം തോന്നുന്ന ഒരു കാര്യം നമ്മുടെ എതിരാളികൾ മുസ്‌ലിംകൾ എന്ന് പറയപ്പെടുന്നുണ്ടെങ്കിലും അവർക്ക് ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങളെ കുറിച്ച് വിവരമൊന്നുമില്ല എന്നതാണ്. മുന്നറിയിപ്പുമായി ബന്ധപ്പെട്ട പ്രവചനങ്ങൾ അല്ലാഹു പൂർത്തിയാക്കുന്നത് നിർബന്ധമല്ല എന്നത് ഇസ്‌ലാമിൽ അംഗീകരിക്കപ്പെട്ട കാര്യമാണ്. അതായത് ഏതെങ്കിലും വ്യക്തിക്കോ സമൂഹത്തിനോ ഇന്ന നാശം വരുമെന്ന വിഷയം അടങ്ങിയ പ്രവചനങ്ങളിൽ അല്ലാഹു ആ നാശത്തെ അകറ്റി കളയാനുള്ള സാധ്യത കൂടി നിലനിൽക്കുന്നതാണ്. ഏത് പോലെയെന്നാൽ 40 ദിവസത്തിനുള്ളിൽ സംഭവിക്കുമെന്ന് പറഞ്ഞ യൂനുസ് നബിയുടെ പ്രവചനത്തിലെ ശിക്ഷ അകറ്റപ്പെടുകയുണ്ടായി. എന്നാൽ ഏതെങ്കിലും തരത്തിലുള്ള അനുഗ്രഹങ്ങളെ സംബന്ധിച്ച വാഗ്ദത്തമടങ്ങിയ പ്രവചനങ്ങൾ ഒരിക്കലും മാറ്റപ്പെടുകയില്ല. അതാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്, اِنَّ اللّٰهَ لَا يُخْلِفُ الْمِيْعَادَ (തീർച്ചയായും അല്ലാഹു വാഗ്ദത്തം ലംഘിക്കുകയില്ല (3:10) എന്നാൽ ഒരിടത്തും തന്നെ اِنَّ الله لا يخلف الوعيد എന്ന് പറഞ്ഞിട്ടില്ല. (തീർച്ചയായും അല്ലാഹു മുന്നറിയിപ്പ് ലംഘിക്കുകയില്ല. അതായത് ഇതിൽ അടങ്ങിയിരിക്കുന്ന രഹസ്യം, മുന്നറിയിപ്പായി കൊണ്ടുള്ള പ്രവചനങ്ങൾ ഭയം കൊണ്ടും പ്രാർഥനകൊണ്ടും ദാന ധർമ്മങ്ങൾ കൊണ്ടും നീക്കപ്പെടാവുന്നതാണ് എന്നാണ്. ഏതെങ്കിലും വ്യക്തിയുടെമേൽ

വന്നേക്കാവുന്ന അല്ലാഹുവിന്റെ അറിവിൽപ്പെട്ട നാശങ്ങൾ ദാനം, പ്രാർഥന, ഭയഭക്തി എന്നിവ കൊണ്ട് നീക്കപ്പെടാവുന്നതാണ് എന്ന കാര്യത്തിൽ എല്ലാ പ്രവാചകന്മാരും ഏകാഭിപ്രായക്കാരാണ്. അല്ലാഹുവിന്റെ അറിവിലുള്ളതും ഏതെങ്കിലും നബിമാർക്കോ വലിമാർക്കോ വിവരം നൽകപ്പെട്ടതുമായ നാശങ്ങളെ കുറിച്ച്, ആ നബിമാരോ വലിമാരോ മറ്റുള്ളവരോട് പറയുകയാണെങ്കിലാണ് അത് പ്രവചനമെന്ന് പറയപ്പെടുക എന്ന് മനസ്സിലാക്കണം. ഇത്തരം നാശങ്ങൾ അകറ്റപ്പെടാവുന്നതാണ് എന്നത് തെളിയിക്കപ്പെട്ട കാര്യമാണ്. ആകയാൽ ഇത് പോലുള്ള നാശങ്ങളെ സംബന്ധിച്ച പ്രവചനങ്ങളുടെ പുലർച്ചയിൽ കാലതാമസം വരാവുന്നതാണ് എന്ന നിഗമനമാണ് ലഭ്യമാകുന്നത്.

ഇനി നാം ആദ്യം പറഞ്ഞ കാര്യത്തിലേക്ക് മടങ്ങികൊണ്ട് എഴുതുകയാണ്. മൗലവി സാഹിബ് സാദാ അബ്ദുലത്തീഫ് സാഹിബ് ഖാദിയാനിൽ വന്നത് കൊണ്ട് അദ്ദേഹത്തിന് എന്റെ വാദങ്ങളെ കുറിച്ചുള്ള വിശദമായ തെളിവുകൾ മനസ്സിലാക്കാൻ സാധിച്ചു എന്ന് മാത്രമല്ല, ഖാദിയാനിൽ എന്റെ കൂടെ അദ്ദേഹം കഴിച്ചുകൂട്ടിയ അൽപം മാസങ്ങളടങ്ങിയ കാലത്തും, അത് പോലെതന്നെ 'ജഹ്ലം' എന്ന സ്ഥലത്തേക്ക് എന്റെ കൂടെ നടത്തിയ ഒരു യാത്രയിലും എന്നെ പിന്തുണച്ചു കൊണ്ടുള്ള ചില ആകാശീയ അടയാളങ്ങളും അദ്ദേഹത്തിന് കാണുവാനും സാധിച്ചു. ഈ എല്ലാ തെളിവുകളും പ്രകാശങ്ങളും അത്ഭുത ദൃഷ്ടാന്തങ്ങളും നോക്കി കണ്ടതിനാൽ, അദ്ദേഹം അനിതരസാധാരണമായ ദൃഢവിശ്വാസത്താൽ നിറക്കപ്പെട്ടു. അങ്ങനെ ഉന്നതമായ ഒരു ശക്തി അദ്ദേഹത്തെ വലിച്ചു കൊണ്ടു പോയി. ഒരവസരത്തിൽ ഒരാക്ഷേപത്തിനുള്ള മറുപടി ഞാൻ അദ്ദേഹത്തിന് മനസ്സിലാക്കി കൊടുത്തു. അതിൽ അദ്ദേഹം വളരെയധികം സന്തോഷിച്ചിരുന്നു. അതിതാണ്. നബി (സ) തിരുമേനി മൂസാ(അ)ന് സാദൃശ്യനായ പോലെ തന്നെ അദ്ദേഹത്തിന്റെ ഖലീഫമാർ ബനീ ഇസ്റായേലിലെ നബിമാർക്ക് തുല്ല്യരാണ്. എന്നിരിക്കെ വാഗ്ദത്ത മസീഹിന്റെ പേര് ഹദീസുകളിൽ 'നബി' എന്ന് പറയപ്പെടാൻ കാരണമെന്താണ്? എന്നാൽ മറ്റുള്ള ഖലീഫമാർക്കാർക്കും തന്നെ ഈ പേര് നൽകപ്പെട്ടിട്ടുമില്ല. അപ്പോൾ ഇതിനു മറുപടിയായി ഞാൻ അദ്ദേഹത്തോട് പറഞ്ഞു, നബി(സ) തിരുമേനി ഖാത്തമുൽ അമ്പിയാ ആയിരുന്നു. അദ്ദേഹത്തിനു ശേഷം മറ്റൊരു നബിയുമില്ലായിരുന്നു. അതിനാൽ ഖലീഫമാരെല്ലാം

'നബി' എന്നപേരിൽ വിളിക്കപ്പെട്ടിരുന്നെങ്കിൽ ഖത്തമുന്നുബുവ്വത്ത് എന്ന വിഷയം സംശയാസ്പദമാകുമായിരുന്നു. അത് പോലെ ഒരാളെപ്പോലും 'നബി' എന്ന പേരിൽ വിളിക്കപ്പെട്ടിരുന്നില്ലെങ്കിൽ സാദൃശ്യതക്ക് ഭംഗം വന്നു എന്ന ആക്ഷേപം ശേഷിക്കുമായിരുന്നു. കാരണം മൂസാ നബി(അ)ന്റെ ഖലീഫമാർ നബിമാരാണ്. അതിനാൽ ഖത്തമുന്നുബുവ്വത്തിനെ പരിഗണിച്ചുകൊണ്ട് ആദ്യം കുറെ ഖലീഫമാരെ അയക്കുകയും അവർക്ക് 'നബി' എന്ന് പേര് നൽകാതിരിക്കുകയും ചെയ്തത് അല്ലാഹുവിന്റെ യുക്തിഭദ്രമായ ഒരു പ്രവൃത്തിയായിരുന്നു. അങ്ങനെ ഖത്തമുന്നുബുവ്വത്തിന്ന് ഭംഗം വരാതിരിക്കാൻ വേണ്ടിയാണ് ഈയൊരു സ്ഥാനം അവർക്ക് നൽകാതിരുന്നത്. പിന്നീട് അവസാനത്തെ ഖലീഫ, അതായത് വാഗ്ദത്ത മസീഹിനെ 'നബി' എന്ന പേരിൽ വിളിക്കപ്പെട്ടത് ഖിലാഫത്തിന്റെ കാര്യത്തിൽ ഈ രണ്ട് പരമ്പരകളും തമ്മിലുള്ള സാദൃശ്യം സ്ഥാപിക്കാൻ വേണ്ടിയുമായിരുന്നു. വാഗ്ദത്ത മസീഹിന്റെ നുബുവ്വത്ത് പ്രതിഛായാപരമായിട്ടുള്ളതാണെന്ന് നാം പലപ്പോഴും തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കാരണം അദ്ദേഹം നബി(സ) തിരുമേനിയുടെ പരിപൂർണ പ്രതിഛായയയാണ് എന്നതിനാൽ, നബിത്വത്തിന്റെ ആത്മാവിനാൽ പ്രഭാവനായികൊണ്ട് 'നബി' എന്ന് വിളിക്കപ്പെടാൻ അർഹനായിത്തീരുകയാണ് ഉണ്ടായത്. ഏത് പോലെയെന്നാൽ ഒരു വഹ്‌യിൽ അല്ലാഹു എന്നെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞിരിക്കുന്നത്, يا احمد جُعلتَ مُرسلا അല്ലയോ അഹ്മദ്, നീ മുർസലാക്കപ്പെട്ടിരിക്കുന്നു. അതായത് ഏത് പോലെ പ്രതിഛായാരൂപത്തിൽ നീ അഹ്മദ് എന്ന പേരിന് അർഹനായോ അത് പോലെ. എന്നാൽ നിന്റെ പേര് ഗുലാം അഹ്മദ് എന്നായിരുന്നു വല്ലോ. അങ്ങനെ ഇതേ പ്രകാരം തന്നെ പ്രതിഛായാപരമായ രൂപത്തിൽ ഞാൻ 'നബി' എന്ന പേരിന് അർഹനായി. കാരണം അഹ്മദ് നബിയാണ്. അദ്ദേഹത്തിൽ നിന്ന് നുബുവ്വത്തെടുത്ത് മാറ്റപ്പെടാൻ സാധ്യമല്ല. വാഗ്ദത്ത മസീഹ് മഞ്ഞ നിറത്തിലുള്ള രണ്ട് പുതപ്പുകളുമായിട്ടായിരിക്കും ഇറങ്ങുക എന്ന കാര്യം ഹദീസുകളിൽ ഉണ്ടല്ലോ എന്ന് ഒരിക്കൽ പരാമർശമു ണ്ടായി. ഒരു പുതപ്പ് ശരീരത്തിന്റെ മേൽഭാഗത്തും രണ്ടാമത്തേത് ശരീരത്തിന്റെ കീഴ്ഭാഗത്തുമായിരിക്കുമെന്നാണ്. വാഗ്ദത്ത മസീഹ് രണ്ട് രോഗമുള്ള അവസ്ഥയിലായിരിക്കും വെളിപ്പെടുക എന്ന സൂചനയാണ് ഇതിലുള്ളത് എന്ന് അപ്പോൾ ഞാൻ പറഞ്ഞു. കാരണം സ്വപ്ന ശാസ്ത്രപ്രകാരം മഞ്ഞവസ്ത്രം കൊണ്ടുള്ള വിവക്ഷ രോഗമാണ്. ആ രണ്ട് രോഗ

ങ്ങളും എനിക്കുണ്ട്. അതായത് ഒന്ന് ശിരസ്സുസംബന്ധമായ രോഗവും, രണ്ടാമത്തേത് മൂത്രാധിക്യവും വയറ് സംബന്ധമായ രോഗവും. അദ്ദേഹം ഈയൊരു അവസ്ഥയിൽ തന്നെയായിരിക്കെ അധികമായ ദൃഢവിശ്വാസവും കനപ്പെട്ട പരിവർത്തനവും ഉണ്ടായതിന്റെ ഫലമായി അദ്ദേഹത്തിനു മേൽ ഇൽഹാമിന്റേയും വഹ്‌യിന്റേയും കവാടം തുറക്കപ്പെട്ടു. അങ്ങനെ അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് വ്യക്തമായ വാക്കുകളിൽ എന്റെ സത്യതയെ സംബന്ധിച്ചുള്ള സാക്ഷ്യങ്ങൾ അദ്ദേഹത്തിന് ലഭിച്ചു. അതിന്റെ ഫലമായി അവസാനം ഈ സാക്ഷ്യങ്ങളാകുന്ന പാനീയം തനിക്കായി അദ്ദേഹം സ്വീകരിക്കുകയും ചെയ്തു. അതെല്ലാം വിശദമായി എഴുതുവാനുള്ള സമയമാണ് ഇപ്പോൾ വന്നെത്തിയിരിക്കുന്നത്. അദ്ദേഹം എന്റെ സത്യതയെ അംഗീകരിക്കുന്ന മാർഗത്തിൽ മരണത്തെ സ്വീകരിച്ച ആ രീതി, ഇസ്‌ലാമിന്റെ ആയിരത്തി മുന്നൂറു വർഷത്തെ പാരമ്പര്യത്തിൽ സഹാബാക്ക(റ)ളിലല്ലാതെ ഈ തരത്തിലുള്ള മരണത്തിന്റെ മാതൃക മറ്റൊരിടത്തും തന്നെ ദൃശ്യമല്ല എന്ന കാര്യം നിങ്ങൾ തീർച്ചയായും മനസ്സിലാക്കിയിരിക്കേണ്ടതാണ്. ആകയാൽ അദ്ദേഹത്തിന്റെ ഇങ്ങനെയുള്ള മരണവും എന്നെ സാക്ഷ്യപ്പെടുത്തികൊണ്ട് തന്റെ ജീവൻ അല്ലാഹുവിനു സമർപ്പിച്ചതും എന്റെ സത്യതക്കുള്ള മഹത്തായ ഒരു അടയാളമാണ് എന്നതിൽ യാതൊരു സംശയവുമില്ല. എന്നാൽ ഇത് കാര്യം മനസ്സിലാക്കുന്നവർക്ക് മാത്രമേ ഗ്രഹിക്കാൻ കഴിയൂ. സംശയങ്ങളിലും സന്ദേഹങ്ങളിലും ഉൾപ്പെട്ട അവസ്ഥയിൽ മനുഷ്യൻ തന്റെ ജീവൻ നൽകുകയും തന്റെ ഭാര്യയേയും തന്റെ മക്കളേയും നാശത്തിലേക്ക് തള്ളുകയും ചെയ്യുന്നത് എങ്ങനെയാണ്? അതിലും അദ്ഭുതകരമായ കാര്യം എന്തെന്നാൽ ഈ മനുഷ്യൻ ഒരു സാധാരണ മനുഷ്യനായിരുന്നില്ല! കാബൂൾ നാട്ടു രാജ്യത്ത് ലക്ഷങ്ങളുടെ സ്വത്തുക്കൾ അദ്ദേഹത്തിന് സ്വന്തമായിട്ടുണ്ടായിരുന്നു. അതിനു പുറമെ ഇംഗ്ലീഷുകാരുടെ ഭരണത്തിൻ കീഴിലും അദ്ദേഹത്തിന് വളരെയധികം ഭൂമിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വൈജ്ഞാനികമായ കഴിവിന്റെ സ്ഥാനം കാരണത്താൽ അദ്ദേഹത്തെ നാട്ടുരാജ്യത്തിലെ മുഴുവൻ മൗലവിമാരുടേയും നേതാവായി പ്രഖ്യാപിക്കപ്പെട്ടിരുന്നു. വിശുദ്ധ ഖുർആൻ, ഹദീസ്, ഫിഖ്ഹ് എന്നിവയിലുള്ള പാണ്ഡിത്യത്തിലായിരുന്നു അദ്ദേഹം ഏറ്റവും കൂടുതൽ അറിയപ്പെട്ടിരുന്നത്. പുതിയ അമീർമാരുടെ 'തലപ്പാവ് ധാരണ ചടങ്ങ്' അദ്ദേഹത്തിന്റെ കൈകൊണ്ടായിരുന്നു നടത്തപ്പെട്ടിരുന്നത്. ഏതെങ്കിലും അമീർ

മരിച്ചാൽ അവരുടെ ജനാസ നമസ്ക്കരിപ്പിക്കുവാനും അദ്ദേഹത്തെ തന്നെയായിരുന്നു നിശ്ചയിച്ചിരുന്നത്. ഈ കാര്യങ്ങളെല്ലാം തന്നെ വളരെ വിശ്വാസയോഗ്യമായ മാർഗത്തിലൂടെയാണ് നമുക്ക് ലഭിച്ചത്. അതിനു പുറമെ അദ്ദേഹത്തിന്റെ നാവിൽ നിന്ന് തന്നെ നാം പ്രത്യേകമായി കേട്ടിരുന്നത്, കാബൂൾ രാജ്യത്ത് മാത്രം അമ്പതിനായിരത്തോളം അദ്ദേഹത്തിന്റെ അനുയായികളും ശിഷ്യരുമുണ്ടെന്നും അവയിൽ തന്നെ ചിലർ നാട്ടുരാജ്യഭരണാധികാരികളിൽപ്പെട്ടവരുമായിരുന്നെന്നുമാണ്. ചുരുക്കത്തിൽ, ഈ മഹാൻ കാബൂൾ രാജ്യത്തിലെ എങ്ങനെയുള്ള വ്യക്തിയായിരുന്നുവെന്നാൽ, വൈജ്ഞാനികപരമായിട്ടാകട്ടെ, തഖ്‌വയുടെ അടിസ്ഥാനത്തിലാകട്ടെ, സ്ഥാനമാനങ്ങളിലാകട്ടെ, കുടുംബമഹിമയിലാകട്ടെ ആ രാജ്യത്ത് അദ്ദേഹത്തിന്ന് തുല്യനായി ആരും തന്നെ ഉണ്ടായിരുന്നില്ല. കൂടാതെ മൗലവി എന്ന സ്ഥാനപേരിന് പുറമെ സാഹിബ് സാദാ, ഇഖ്‌വാൻ സാദാ, ശഹ്സാദാ എന്നീ ഉപനാമങ്ങളിലും അദ്ദേഹം ആ രാജ്യത്ത് പ്രസിദ്ധനായിരുന്നു. ഹദീസ്, തഫ്സീർ, ഫിഖ്ഹ്, ചരിത്രം എന്നിവയുടെ ഒരു വലിയ ഗ്രന്ഥശേഖരം ആ മഹാനായ രക്തസാക്ഷിയുടെ പക്കലുണ്ടായിരുന്നു. എപ്പോഴും തന്നെ പുതിയ ഗ്രന്ഥങ്ങൾ വാങ്ങുവാനുള്ള തൃഷ്ണ അദ്ദേഹത്തിൽ പ്രകടമായിരുന്നു. എല്ലായിപ്പോഴും ദർസുകളിലും പഠനസദസ്സുകളിലും മുഴുകിയിരിക്കുക പതിവായിരുന്നു. നൂറുക്കണക്കിന് ആളുകൾ അദ്ദേഹത്തിന്റെ ശിഷ്യത്വമാകുന്ന അഭിമാനം കരസ്ഥമാക്കികൊണ്ട് മൗലവീയ്യത്ത് പദവി സ്വായത്തമാക്കാറുണ്ടായിരുന്നു. എന്നാൽ ഇതൊക്കെയായിരുന്നിട്ടും അദ്ദേഹം എത്തിയിരുന്ന നിസ്വാർത്ഥയുടേയും വിനയത്തിന്റേയും സ്ഥാനം എത്രത്തോളം പാരമ്യത്തിലായിരുന്നു എന്ന് വച്ചാൽ, മനുഷ്യൻ 'ഫനാഫില്ലാഹ്'(ദൈവത്തിൽ ലയിച്ചു ചേരുക)യുടെ അവസ്ഥയിൽ എത്തിയാലല്ലാതെ ഈയൊരു പദവി കരസ്ഥമാക്കാൻ സാധ്യമല്ല. എല്ലാ ഓരോ വ്യക്തിയും ഏതെങ്കിലും തരത്തിലുള്ള പ്രസിദ്ധിയിലും ജ്ഞാനത്തിലും പലപ്പോഴും ആകൃഷ്ടനായി പോവുകയും താൻ എന്തോ ഒന്നായിരിക്കുന്നു എന്ന് മനസ്സിലാക്കുകയും അങ്ങനെ അതേ അറിവും പ്രസിദ്ധിയും തന്നെ, സത്യാന്വേഷണ മാർഗത്തിൽ അവന് തടസ്സമായി ഭവിക്കുകയും ചെയ്യാറുണ്ട്. എന്നാൽ ഈ വ്യക്തി എല്ലാവിധ മഹത്വങ്ങളുടേയും സങ്കലനമായിരുന്നിട്ടു കൂടി, തന്റെ വൈജ്ഞാനികവും കർമ്മപരവും കുടുംബപരവുമായ പ്രതാപങ്ങളൊന്നും ഒരു സത്യത്തെ സ്വീകരിക്കുന്നതിന്ന് തടസ്സമാവാത്ത നിസ്വാർത്ഥനായിരുന്നു. അവസാനം

ആ സത്യത്തിനു വേണ്ടി തന്റെ ജീവൻ ബലി നൽകുകയും അങ്ങനെ നമ്മുടെ ജമാഅത്തിനു വേണ്ടി ദൈവീക ഇച്ഛയനുസരിച്ച് മഹത്തായ ഒരു മാതൃക കാണിച്ചിരിക്കുകയാണ്. ഇനി നാം താഴെ, ആ മഹാനുഭവന്റെ രക്തസാക്ഷിത്വത്തെ സംബന്ധിച്ചുള്ള സംഭവം എഴുതുകയാണ്. എത്ര വേദനാജനകമായ രീതിയിലാണ് അദ്ദേഹം വധിക്കപ്പെട്ടതെന്നും ആ മാർഗത്തിൽ അദ്ദേഹം പ്രകടിപ്പിച്ച സ്ഥിര ചിത്തത, പരിപൂർണ്ണ വിശ്വാസത്തിന്റെ ഉൾകരുത്ത് ഇല്ലാതെ ഈ ഭൗതിക ലോകത്ത് ആർക്കും തന്നെ പ്രകടിപ്പിക്കാൻ സാധ്യമല്ല. ഇങ്ങനെ സംഭവിക്കേണ്ടത് അനിവാര്യമായിരുന്നു എന്ന കാര്യവും നാം അവസാനം എഴുതുന്നതാണ്. കാരണം ഇന്നേക്ക് 23 വർഷം മുമ്പ് അദ്ദേഹത്തിന്റേയും അദ്ദേഹത്തിന്റെ ശിഷ്യന്റേയും രക്തസാക്ഷിത്വത്തെ കുറിച്ച് അല്ലാഹു എനിക്ക് വിവരം നൽകിയിരിക്കുന്നു. അത് അക്കാലത്ത് തന്നെ ഞാൻ എന്റെ 'ബറാഹീനെ അഹ്മദിയ്യാ' എന്ന ഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു. അങ്ങനെ പരേതനായ ഈ മഹാൻ മുഖേന തന്റെ പരിപൂർണ ദൃഢ ചിത്തതയുടെ ഒരടയാളം പ്രകടമായി എന്ന് മാത്രമല്ല ഈ രണ്ടാമത്തെ അടയാളവും അദ്ദേഹം മുഖേന വെളിപ്പെടുകയും ചെയ്തിരിക്കുകയാണ്. ഒരു ദീർഘകാലമായുള്ള പ്രവചനം അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം മുഖേന പൂർത്തിയായിരിക്കുകയാണ്. ഇത് സംബന്ധമായുള്ള ആ പ്രവചനം ഇൻശാ അല്ലാഹ് നാം അവസാനത്തിൽ രേഖപ്പെടുത്തുന്നതാണ്.

ബറാഹീനെ അഹ്മദിയ്യായിലുള്ള പ്രവചനത്തിൽ രണ്ട് രക്തസാക്ഷിത്വങ്ങളെ കുറിച്ചാണ് പരാമർശമുള്ളത് എന്ന് ഇവിടെ വ്യക്തമാക്കുകയാണ്. ആദ്യത്തെ രക്തസാക്ഷിത്വം, മൗലവി സാഹിബിന്റെ ശിഷ്യനായിരുന്ന മിയാൻ അബ്ദുർറഹ്മാൻ സാഹിബിന്റേതായിരുന്നു. അത് നടപ്പാക്കിയത് അവിടുത്തെ ഇപ്പോഴത്തെ അമീറിന്റെ ബാപ്പയായിരുന്ന അമീർ അബ്ദുർറഹ്മാൻ ആയിരുന്നു. അതിനാൽ കാലക്രമം പരിഗണിച്ച് കൊണ്ട് നാം ആദ്യം മിയാൻ അബ്ദുർ റഹ്മാൻ സാഹിബിന്റെ രക്തസാക്ഷിത്വത്തെ കുറിച്ചാണ് വിവരിക്കുന്നത്.

## *അഫ്ഗാനിസ്ഥാൻ രാജ്യത്തെ ഖോസ്തിലെ ഉന്നതനേതാവായിരുന്ന മൗലവി സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബിന്റെ ശിഷ്യൻ മിയാൻ അബ്ദുർറഹ്മാൻ സാഹിബ് മർഹൂമിന്റെ രക്തസാക്ഷിത്വത്തെ കുറിച്ചുള്ള വിവരണം*

മൗലവി സാഹിബ് സാദാ അബ്ദുലത്തീഫ് സാഹിബ് മർഹൂമിന്റെ രക്തസാക്ഷിത്വത്തിന് ഏകദേശം രണ്ട് മൂന്ന് വർഷം മുമ്പ് അദ്ദേഹത്തിന്റെ നിർദേശവും ഉപദേശവും അനുസരിച്ച്, അദ്ദേഹത്തിന്റെ പ്രമുഖ ശിഷ്യനായ മിയാൻ അബ്ദുർറഹ്മാൻ സാഹിബ് രണ്ടോ മൂന്നോ പ്രാവശ്യമാണെന്ന് തോന്നുന്നു ഖാദിയാനിൽ വന്നിട്ടുണ്ട്. ഓരോ പ്രാവശ്യവും മാസങ്ങളോളം അദ്ദേഹം അവിടെ തങ്ങി. തുടർച്ചയായ സഹവാസം കൊണ്ടും അധ്യാപനങ്ങളും തെളിവുകളും കേട്ടുകൊണ്ടിരുന്നതിനാലും അദ്ദേഹത്തിന്റെ വിശ്വാസം ശുഹദാക്കളുടെ തലത്തിലെത്തിയിട്ടുണ്ടായിരുന്നു. അവസാനത്തെ പ്രാവശ്യം അദ്ദേഹം കാബൂളിലേക്ക് തിരിച്ചുപോകുമ്പോൾ എന്റെ അധ്യാപനങ്ങൾ അദ്ദേഹം പൂർണമായും ഉൾകൊണ്ടിട്ടുണ്ടായിരുന്നു. അദ്ദേഹം ഇവിടെയുണ്ടായിരുന്ന ദിവസങ്ങളിൽ തന്നെ യാദൃശ്ചികമായി ജിഹാദ് നിരോധനത്തെ സംബന്ധിച്ചുള്ള എന്റെ ചില പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു. ഈ പ്രസ്ഥാനം ജിഹാദിനെതിരാണ് എന്ന ഒരു ദൃഢവിശ്വാസം ഇത് മുഖേന അദ്ദേഹത്തിൽ ഉണ്ടായിത്തീർന്നിരുന്നു. എന്നോട് വിട പറഞ്ഞ് പിരിഞ്ഞതിന് ശേഷം ഉണ്ടായ മറ്റൊരു യാദൃശ്ചികത, അദ്ദേഹം പെശവാറിൽ എത്തിയപ്പോൾ, പെശവാറിൽ ഉണ്ടായിരുന്ന എന്റെ ശിഷ്യൻ ഖാജാ കമാലുദ്ദീൻ സാഹിബ് പ്ലീഡറുമായി യാദൃശ്ചികമായി അദ്ദേഹം കണ്ടുമുട്ടി. ആ ദിവസങ്ങളിൽ തന്നെയായിരുന്നു ഖാജാ കമാലുദ്ദീൻ സാഹിബും ജിഹാദ് നിരോധനത്തെ സംബന്ധിച്ചുള്ള ഒരു ചെറു പുസ്തകം പ്രസിദ്ധീകരിച്ചത്. ഈ കാര്യം അദ്ദേഹവും അറിയുകയുണ്ടായി, അങ്ങനെ ഈയൊരു വിഷയം അദ്ദേഹത്തിന്റെ ഹൃദയത്തെ എത്രത്തോളം സ്വാധീനിച്ചു എന്നാൽ, അദ്ദേഹം കാബൂളിൽ എത്തിയ ശേഷം ഇംഗ്ലീഷുക്കാർക്കെതിരിൽ ജിഹാദ് ചെയ്യുന്നത് ശരിയല്ല എന്ന് എല്ലായിടത്തും അറിയിക്കാൻ തുടങ്ങുകയും ചെയ്തു. കാരണം അവർ മുസ്‌ലിമീംകളുടെ ഒരു വലിയ സംഘ

ത്തെ പിന്തുണക്കുന്നവരും, മാത്രമല്ല കോടിക്കണക്കിന് മുസ്ലി മീംകൾ അവരുടെ തണലിൽ സമാധാനത്തോടെയും ആരോഗ്യ ത്തോടെയും ജീവിതം നയിച്ചു വരികയും ചെയ്യുന്നുണ്ട്. അപ്പോൾ ഈ വാർത്ത പതുക്കെ പതുക്കെ അമീർ അബ്ദുർറഹ്മാന്റെ പക്ക ലുമെത്തി. അതിനുപുറമെ അയാളുടെ കീഴിൽ ഉദ്യോഗം വഹിച്ചി രുന്ന ദുഷ്ടന്മാരായ ചില പഞ്ചാബികൾ, താൻ വാഗ്ദത്ത മസീ ഹാണെന്ന് വാദിക്കുന്ന ഒരു പഞ്ചാബിയായ ഒരാളുടെ ശിഷ്യനാണ് ഇയാൾ എന്നും കൂടി അയാളോട് വ്യക്തമാക്കുകയുണ്ടായി. ഇംഗ്ലീ ഷുകാരോട് ജിഹാദ് ചെയ്യുന്നത് ശരിയല്ല എന്ന് മാത്രമല്ല, ഈ കാലത്ത് ജിഹാദ് ഒരിക്കലും തന്നെ അനുവദനീയമല്ല എന്നതും അയാളുടെ അധ്യാപനമാണ് എന്നും കൂടി അവർ പറഞ്ഞു കൊടു ക്കുകയുണ്ടായി. ഈ കാര്യം കേട്ടപ്പോൾ അമീർ വളരെയധികം കോപിഷ്ഠനാവുകയും തുടർന്ന് അദ്ദേഹത്തെ കുറിച്ചുള്ള കൂടുതൽ അന്വേഷണങ്ങളിലൂടെ മറ്റു കാര്യങ്ങൾ കൂടുതൽ മനസ്സിലാക്കാൻ വേണ്ടി അദ്ദേഹത്തെ ജയിലിലടക്കാൻ കൽപന നൽകുകയും ചെയ്തു. അവസാനം ഈ വ്യക്തി തീർച്ചയായും ഖാദിയാനി മസീ ഹിന്റെ ശിഷ്യനാണെന്നും ജിഹാദിന് എതിരാണെന്നുമുള്ള കാര്യം പൂർണമായും വ്യക്തമാവുകയുണ്ടായി. തുടർന്ന് ആ നിരപരാധിയെ കഴുത്തിൽ തുണിയിട്ട് മുറുക്കി ശ്വാസം മുട്ടിച്ച് ശഹീദാക്കുകയാ ണുണ്ടായത്. അദ്ദേഹത്തിന്റെ ശഹാദത്ത് സമയത്ത് ചില ആകാ ശീയ അടയാളങ്ങൾ വെളിപ്പെട്ടതായിട്ട് പറയപ്പെടുന്നുണ്ട്.

ഇത് മിയാൻ അബ്ദുർറഹ്മാൻ ശഹീദിനെ സംബന്ധിച്ചുള്ള വിവ രണമാണ്. ഇനി നാം മൗലവി സാഹിബ് സാദാ അബ്ദുലത്തീഫിന്റെ ശഹാദത്തിന്റെ വേദനാജനകമായ കാര്യങ്ങൾ വിവരിക്കുകയും, ഇത്തരത്തിലുള്ള ദൃഢവിശ്വാസം കരസ്ഥമാക്കാൻ വേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കണമെന്ന് നമ്മുടെ ജമാഅത്തിനെ ഉപദേശി ക്കുകയുമാണ് ചെയ്യുന്നത്. കാരണം മനുഷ്യൻ ഏത് വരെ, കുറച്ച് അല്ലാഹുവിനും കുറച്ച് ഭൗതിക ലോകത്തിനുമായി നില കൊള്ളു ന്നുവോ, അത് വരെ അവന്റെ പേർ ആകാശത്ത് 'മുഅ്മിൻ' ആയി രിക്കില്ല.

## *കാബൂൾ പ്രദേശത്തെ ഖോസ്തിലെ ഉന്നതനേതാവായിരുന്ന മൗലവി സാഹിബ് സാദാ അബ്ദുൽലത്തീഫ് സാഹിബ് മർഹൂമി(ഗഫറല്ലാഹുലഹു)ന്റെ രക്തസാക്ഷിത്വ സംഭവത്തിന്റെ വിവരണം*

മൗലവി സാഹിബ് കാബൂൾ പ്രദേശത്തെ ഖോസ്തിൽ നിന്ന് ഖാദിയാനിൽ വന്നു മാസങ്ങളോളം എന്റെ അടുത്ത് എന്റെ സഹവാസത്തിൽ കഴിഞ്ഞിരുന്നു എന്ന കാര്യവും നാം മുമ്പ് വിവരിച്ചിട്ടുണ്ട്. അതിനു ശേഷം അദ്ദേഹത്തിന് ശഹാദത്തിന്റെ ഉന്നത സ്ഥാനം ലഭ്യമാകണമെന്നുള്ള അന്തിമ തീരുമാനം ആകാശത്ത് നടന്നതിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെയൊരു സാഹചര്യം സംജാതമാവുകയുണ്ടായി. അദ്ദേഹം എന്നോട് വിട പറഞ്ഞു കൊണ്ട് തന്റെ രാജ്യത്തേക്ക് മടങ്ങി പോവുകയാണുണ്ടായത്. ഇപ്പോൾ വിശ്വാസയോഗ്യമായ മാർഗങ്ങളിലൂടേയും പ്രത്യേക ദൃക്സാക്ഷികൾ മുഖേനയും അറിഞ്ഞതിൽ നിന്ന് മനസ്സിലാകുന്നത്, ദൈവ വിധി കാരണമാണ് ഈയൊരു അവസ്ഥ സംജാതമായത് എന്നാണ്. മൗലവി സാഹിബ് കാബൂൾ പ്രവിശ്യയുടെ ഭൂപ്രദേശത്തിന് സമീപം എത്തിയപ്പോൾ ഇംഗ്ലീഷുകാരുടെ (ഭരണത്തിൻ കീഴിലുള്ള) ഒരു പ്രദേശത്ത് തങ്ങുകയും അവിടെ നിന്ന് അദ്ദേഹത്തിന്റെ ശിഷ്യനും പോലീസ് ഓഫീസറുമായ ബ്രിഗേഡിയർ മുഹമ്മദ് ഹുസൈന് ഒരു കത്തെഴുതുകയും ചെയ്തു. അതായത് താങ്കൾ അമീർ സാഹിബിൽ നിന്ന് എന്റെ ആഗമനത്തിനുള്ള അനുവാദം വാങ്ങി എന്നെ അറിയിക്കുകയാണെങ്കിൽ ഞാൻ കാബൂളിൽ അമീർ സാഹിബിന്റെ സന്നിധിയിൽ ഹാജരാവുന്നതാണ്. ഞാൻ ഹജ്ജിന് പോവുകയാണ് എന്ന് അമീർ സാഹിബിനെ അറിയിച്ചു കൊണ്ടായിരുന്നു അദ്ദേഹം യാത്ര പുറപ്പെട്ടത്. അത് കൊണ്ടാണ് അനുവാദം കിട്ടാതെ അങ്ങോട്ട് പോകാതിരുന്നത്. എന്നാൽ ഖാദിയാനിൽ കൂടുതൽ സമയം തങ്ങിയത് കൊണ്ട് ആ ഉദ്ദേശം പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്ന് മാത്രമല്ല സമയം കഴിഞ്ഞു പോകുകയും ചെയ്തു. വാഗ്ദത്ത മസീഹ് ഞാൻ തന്നെയാണെന്ന് എന്ന കാര്യം എന്നെ കുറിച്ച് മനസ്സിലാക്കിയിരുന്നതിനാൽ എന്റെ സഹവാസത്തിൽ കഴിഞ്ഞു കൂടുന്നതിനാണ് അദ്ദേഹം മുൻഗണന നൽകിയത്. അങ്ങനെ ഖുർആന്റെ കൽപനയായ اَطِيْعُوا اللّٰهَ وَاَطِيْعُوا الرَّسُوْلَ എന്നത് പ്രകാരം ഹജ്ജിന്റെ

ഉദ്ദേശം അദ്ദേഹം അടുത്ത വർഷത്തേക്ക് നീട്ടി വെക്കു കയാണ് ചെയ്തത്. ഹജ്ജിന്റെ ഉദ്ദേശത്തോടുകൂടി പുറപ്പെട്ട ഒരാൾ, 13 നൂറ്റാണ്ട് കാലം മുസ്ലിമീംകൾ പ്രതീക്ഷയോടെ കാത്തിരുന്ന വാഗ്ദത്ത മസീഹിനെ കണ്ടു മുട്ടുകയാണെങ്കിൽ ആ അവസര ത്തിൽ വിശുദ്ധ ഖുർആന്റേയും ഹദീസിന്റേയും കൽപന പ്രകാരം അദ്ദേഹത്തിന്റെ അനുവാദത്തോടെയല്ലാതെ അയാൾക്ക് ഹജ്ജിന് പോകാൻ സാധ്യമല്ല എന്നത് എല്ലാവർക്കും ഉൾകൊള്ളാൻ കഴി യുന്ന കാര്യമാണ്. എന്നാൽ അദ്ദേഹത്തിന്റെ അനുവാദത്തോടു കൂടി അയാൾക്ക് മറ്റൊരവസരത്തിൽ പോകാവുന്നതുമാണ്. ചുരു ക്കത്തിൽ സയ്യിദുശ്ശുഹദാ ആയ ആ മർഹൂമിന് ഈ സദുദ്ദേശം കാരണത്താൽ ഹജ്ജ് ചെയ്യാൻ സാധിച്ചില്ല. അങ്ങനെ ദിവസങ്ങൾ ഖാദിയാനിൽ തന്നെ കഴിഞ്ഞു പോയി. കാബൂൾ ഭൂപ്രദേശത്ത് എത്തുന്നതിനും ആ പ്രവിശ്യയുടെ അതിർത്തിക്കുള്ളിൽ കാല് കുത്തുന്നതിനും മുമ്പേ തന്നെ മുൻകരുതൽ എന്ന നിലക്ക്, ഇംഗ്ലീ ഷുകാരുടെ ഭൂപ്രദേശത്ത് നിന്ന് കൊണ്ട് കാബൂൾ അമീറിനോട് തന്റെ കഥകൾ തുറന്നുപറയുകയും, അതുകൊണ്ട് ഹജ്ജ് ചെയ്യാൻ സാധിച്ചില്ല എന്ന കാര്യവും അദ്ദേഹത്തെ അറിയിക്കുന്നത് സന്ദർ ഭോചിതമായിരിക്കുമെന്ന് അദ്ദേഹം മനസ്സിലാക്കി. കാര്യങ്ങളുടെ യാഥാർത്ഥ്യം അനുയോജ്യമായ വാക്കുകളിൽ അമീറിനെ കേൾപ്പിച്ച് കൊള്ളട്ടെ എന്നതാണ് ഉത്തമം എന്ന് മനസ്സിലാക്കിയത് കൊണ്ടാ ണ് അദ്ദേഹം ബ്രിഗേഡിയർ മുഹമ്മദ് ഹുസൈന് കത്തെഴുതിയത്. ഞാൻ ഹജ്ജ് ചെയ്യുവാൻ വേണ്ടിയാണ് പുറപ്പെട്ടിരുന്നതെങ്കിലും വാഗ്ദത്ത മസീഹിനെ സന്ദർശിക്കുവാനുള്ള അവസരം കൈവരി കയും, മസീഹിനെ കാണണമെന്നും അദ്ദേഹത്തെ അനുസരിക്കണ മെന്നുമുള്ള അല്ലാഹുവിന്റേയും റസൂലിന്റേയും കൽപനക്ക് മുൻ ഗണന നൽകിയത് കൊണ്ട് ഈയൊരു നിർബന്ധിതാവസ്ഥ വരിക യും, അങ്ങനെ എനിക്ക് ഖാദിയാനിൽ നിൽക്കേണ്ടി വരികയും ചെയ്തു എന്നും അദ്ദേഹം ആ കത്തിൽ എഴുതി. അതിനാൽ ഞാൻ സ്വന്തം അഭിപ്രായത്തിലല്ല ഇത് ചെയ്തത്. മറിച്ച് ഖുർആന്റേയും ഹദീസിന്റേയും വെളിച്ചത്തിൽ ഈ കാര്യം തന്നെയാണ് പ്രധാനപ്പെ ട്ടതെന്ന് ഞാൻ മനസ്സിലാക്കി. ഈ കത്ത് പൊലീസ് ഓഫീസർ ബ്രിഗേഡിയർ മുഹമ്മദ് ഹുസൈന് ലഭിച്ചപ്പോൾ അയാൾ ആ കത്ത് ഇരിപ്പിടത്തിന് അടിയിൽ വെക്കുകയും അപ്പോൾ അത് സമർപ്പി ക്കുകയും ചെയ്തില്ല. എന്നാൽ അയാളുടെ കീഴുദ്യോഗസ്ഥനും ശത്രുവും ദുഷ്ടനുമായ ഒരാൾക്ക് ഇത് സാഹിബ് സാദാ അബ്ദുൽ

ലത്തീഫ് സാഹിബിന്റെ കത്താണെന്നും അദ്ദേഹം ഖാദിയാനിൽ തങ്ങിയിരുന്നെന്നുമുള്ള കാര്യം മനസ്സിലായി. അപ്പോൾ അയാൾ സൂത്രത്തിൽ ആ കത്ത് കൈക്കലാക്കുകയും അമീർ സാഹിബിന്റെ മുമ്പിൽ സമർപ്പിക്കുകയും ചെയ്തു. അമീർ സാഹിബ്, പോലീസ് ഓഫീസർ ബ്രിഗേഡിയർ മുഹമ്മദ് ഹുസൈനോട് ഈ കത്ത് നിങ്ങളുടെ പേരിൽ വന്നതാണോ എന്ന് ചോദിച്ചു. അമീറിന്റെ അപ്പോഴത്തെ കോപതാപങ്ങൾ കണ്ട് ഭയപ്പെട്ട അയാൾ അത് നിഷേധിച്ചു. എന്നാൽ ഇവിടെ മറുവശത്ത് മൗലവി സാഹിബ് ശഹീദ് തന്റെ ആദ്യത്തെ കത്തിന് മറുപടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും, മറ്റൊരു കത്ത് തപാൽ മാർഗം പോലീസ് ഓഫീസർ മുഹമ്മദ് ഹുസൈന് അയക്കുകയും ചെയ്തു. ആ കത്ത് പോസ്റ്റോഫീസിലെ ഉദ്യോഗസ്ഥൻ തുറക്കുകയും അമീർ സാഹിബിന് എത്തിക്കുകയും ചെയ്തു. ദൈവസന്നിധിയിൽ മൗലവി സാഹിബിന്റെ ശഹാദത്ത് നിർണയിക്കപ്പെട്ടിട്ടുണ്ടായിരുന്നു. ആകാശത്ത് ആ പരിശുദ്ധൻ ശുഹദാക്കളുടെ ഗണത്തിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ടായിരുന്നു. അതിനാൽ അമീർ സാഹിബ് തന്ത്രപൂർവ്വം അദ്ദേഹത്തെ വിളിച്ചുവരുത്തുവാനുള്ള നീക്കം നടത്തികൊണ്ട് അദ്ദേഹത്തിന് ഒരു കത്തെഴുതി. താങ്കൾ ഭയലേശമന്യേ വന്നുകൊള്ളുക. ഈയൊരു വാദം സത്യമാണെങ്കിൽ ഞാനും വിശ്വാസിയാവുന്നതാണ്. വിവരിക്കുന്നവർ പറയുന്നു, ഈ കത്ത് അമീർ സാഹിബ് തപാലിൽ അയച്ചതാണോ അല്ലെങ്കിൽ കയ്യിൽ കൊടുത്തയച്ചതാണോ എന്ന് ഞങ്ങൾക്കറിയില്ല. ഏതായാലും ഈ കത്ത് കിട്ടിയപ്പോൾ മൗലവി സാഹിബ് കാബൂളിലേക്ക് യാത്ര തിരിച്ചു. അങ്ങനെ ദൈവവിധിയുടെ ഇറക്കം ആരംഭിച്ചു. ശഹീദ് മർഹൂം കാബൂളിലെ അങ്ങാടിയിലൂടെ സഞ്ചരിച്ചത് കുതിരപ്പുറത്തായിരുന്നു എന്ന് നിവേദകർ വിവരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പിന്നിലായി കൊണ്ട് എട്ട് സർക്കാർ ഉദ്യോഗസ്ഥന്മാരും അപ്പോൾ അദ്ദേഹത്തെ അനുഗമിക്കുന്നുണ്ടായിരുന്നു. അദ്ദേഹം അവിടെ എത്തുന്നതിന്ന് മുമ്പ് തന്നെ അമീർ സാഹിബ് അദ്ദേഹത്തെ ചതിയിലൂടെ വിളിച്ചുവരുത്തുകയായിരുന്നു എന്ന കാര്യം കാബൂളിലെ പൊതുജനങ്ങളിൽ പ്രസിദ്ധമായി കഴിഞ്ഞിരുന്നു. അതിനു ശേഷം ദൃക്സാക്ഷികൾ വിവരിക്കുന്നത് ഇപ്രകാരമാണ്. അഖ്വന്ദ് സാദാ സാഹിബ് അങ്ങാടിയിലൂടെ കടന്നുപോകുമ്പോൾ ഞങ്ങളും അങ്ങാടിയിലെ മറ്റു ജനങ്ങളും കൂടെ കൂടി. അതോടൊപ്പം പറയപ്പെടുന്നത്, അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന ആ എട്ട് സർക്കാർ ഉദ്യോഗസ്ഥരും ഖോസ്തിൽ നിന്നുള്ള

വരായിരുന്നു എന്നാണ്. കാരണം അദ്ദേഹം ഖോസ്തിൽ എത്തുന്ന തിന്നു മുമ്പേ തന്നെ അദ്ദേഹത്തെ അറസ്റ്റ് ചെയ്യാനുള്ള സർക്കാ റിന്റെ കൽപന ഖോസ്ത് ഭരണാധികാരിക്ക് ലഭിച്ചിട്ടുണ്ടായിരുന്നു. അങ്ങിനെ അദ്ദേഹത്തെ അമീർ സാഹിബിന്റെ മുമ്പിൽ ഹാജരാക്കി. എന്നാൽ അതിന്ന് മുമ്പേ തന്നെ ശത്രുക്കൾ അയാളുടെ പ്രകൃത ത്തെ കൂടുതൽ പ്രകോപിതമാക്കി വച്ചിട്ടുണ്ടായിരുന്നു. അതിനാൽ അയാൾ വളരെയധികം ക്രൂരത നിറഞ്ഞ ആവേശത്തോടെ അദ്ദേഹ ത്തോട് പെരുമാറുകയും, ഇയാളിൽ നിന്ന് ദുർഗന്ധമാണ് വമിക്കു ന്നത് എന്ന് പറഞ്ഞു കൊണ്ട് അയാളെ അൽപം മാറ്റി നിർത്തൂ എന്ന് കൽപിക്കുകയും ചെയ്തു. അൽപസമയത്തിനു ശേഷം അമീർ സാഹിബ് സ്വയം താമസിച്ചിരുന്ന കോട്ടയിലെ ജയിലറയിൽ അദ്ദേഹത്തെ അടക്കുവാനും ഒരു പ്രത്യേക ചങ്ങലയിൽ ബന്ധിക്കാ നും കൽപന നൽകി. ഈ ചങ്ങലയുടെ തൂക്കം ഇംഗ്ലീഷുകണക്ക് പ്രകാരം ഒരു മന്നും 24 സേറുമാണ്. കഴുത്ത് മുതൽ അര വരെ ചുറ്റി കെട്ടുന്നതായിരുന്നു അത്. ഇതിൽ കയ്യാമവും ഉൾപ്പെടുന്ന താണ്. അതിനു പുറമെ കാലുകളിൽ ഇംഗ്ലീഷ് അളവ് പ്രകാരം എട്ട് സേർ തൂക്കമുള്ള കാൽ ചങ്ങലയും ഇടാൻ കൽപന നൽകി. അതിന് ശേഷം മൗലവി സാഹിബ് മർഹൂം നാല് മാസം ആ ജയി ലറയിൽ കഴിഞ്ഞു. ഇതിനിടെ പല പ്രാവശ്യം അമീർ സാഹിബിന്റെ ഭാഗത്ത് നിന്ന്, ഖാദിയാനി യഥാർഥത്തിലുള്ള വാഗ്ദത്ത മസീ ഹാണ് എന്ന വിശ്വാസത്തിൽ നിന്ന് നിങ്ങൾ പശ്ചാത്തപിച്ചു മട ങ്ങുകയാണെങ്കിൽ നിങ്ങളെ ഞാൻ മോചിതനാക്കും എന്ന രീതി യിലുള്ള പ്രലോഭനങ്ങൾ ഉണ്ടായികൊണ്ടിരുന്നു. അപ്പോഴെല്ലാം ഓരോ പ്രാവശ്യവും അദ്ദേഹം മറുപടി നൽകിയത്, 'ഞാൻ ഒരു അറിവുള്ള ആളാണ്, സത്യവും അസത്യവും തിരിച്ചറിയുവാനുള്ള കഴിവ് അല്ലാഹു എനിക്ക് നൽകിയിട്ടുണ്ട്. ഞാൻ പൂർണമായ അന്വേ ഷണത്തിനു ശേഷമാണ് ഈ വ്യക്തി തന്നെയാണ് യഥാർഥ ത്തിലുള്ള വാഗ്ദത്ത മസീഹ് എന്ന് മനസ്സിലാക്കിയത്. ഈയൊരു വിശ്വാസം കൈകൊള്ളുന്നത് നിമിത്തം എന്റെ ജീവൻ അപകടത്തി ലാവുമെന്നും എന്റെ കുടുംബം നശിപ്പിക്കപ്പെട്ടു പോകുമെന്നുമെ ല്ലാം എനിക്കറിയാം. എന്നിരുന്നാലും ഇപ്പോൾ ഞാൻ എന്റെ ജീവ നെക്കാളും എല്ലാ വിധ ഭൗതിക സുഖങ്ങളെക്കാളും മുൻഗണന നൽകുന്നത് എന്റെ ഈ വിശ്വാസത്തിനാണ്.' ശഹീദ് മർഹൂം ഒരി ക്കലല്ല, ജയിലിലടക്കപ്പെട്ടതിന് ശേഷം പലപ്പോഴും തന്നെ ഈ മറുപടിയാണ് നൽകിയത്. ഈ ജയിൽ മനുഷ്യന്റെ ബലഹീനത

കൾക്ക് അൽപമെങ്കിലും പരിഗണന നൽകുന്ന ഇംഗ്ലീഷുകാരുടെ ജയിൽ പോലെയായിരുന്നില്ല. മറിച്ച് മരണത്തേക്കാൾ ക്രൂരമായ, കഠിനാവസ്ഥയിലുള്ള ഒരു ജയിലറയായിരുന്നു അത്. അതിനാൽ ജനങ്ങൾ ഈ ശഹീദിന്റെ ദൃഢചിത്തതയേയും സ്ഥിരചിത്തതയേയും അങ്ങേയറ്റത്തെ അദ്ഭുതത്തോടെയാണ് നോക്കി കണ്ടത്. യഥാർഥത്തിൽ ഇത് അദ്ഭുതാവഹമായ ഒരു സംഭവം തന്നെയാണ്. കാരണം ഉന്നതസ്ഥാനീയനും ലക്ഷക്കണക്കിന് രൂപ മൂല്യമുള്ള സ്വത്തുക്കൾ സ്വന്തമായി കാബൂളിൽ ഉണ്ടായിരുന്ന ആളും, തന്റെ വൈജ്ഞാനിക മഹത്വം കൊണ്ടും തഖ്‌വ കൊണ്ടും കാബൂൾ ഭൂപ്രദേശത്തെയാകമാനം നേതാവും, അമ്പത് വർഷകാലത്തെ ആയുസ്സ് തികച്ചും സുഖാഡംബരങ്ങളിൽ കഴിഞ്ഞു കൂടിയ ആളും, പുത്രകളത്രാതികളുൾപ്പെടെ വലിയ ഒരു കുടുംബമുള്ള വ്യക്തിയുമായിരുന്നു അദ്ദേഹം. അങ്ങനെയുള്ള ഒരാളെ പെട്ടെന്നൊരിക്കൽ ദുരിത പൂർണ്ണവും മരണത്തേക്കാൾ ക്രൂരവും, അതിനെ കുറിച്ച് സങ്കൽപിക്കുമ്പോൾ തന്നെ മനുഷ്യശരീരം വിറകൊള്ളുന്ന തരത്തിലുള്ളതുമായ ഒരു ജയിലറയിൽ ഇട്ടിരിക്കുകയാണ്. ഇങ്ങനെയുള്ള കോമളനും ഐശ്വര്യങ്ങളിൽ വളർന്ന ആളുമായ ഒരു മനുഷ്യൻ, ആത്മാവിനെപ്പോലും ഉരുക്കിക്കളയുന്ന ഇത്തരത്തിലുള്ള ഒരു കാരാഗൃഹത്തെ സഹിക്കുകയും ജീവനെ തന്റെ വിശ്വാസത്തിനുമേൽ സമർപ്പിക്കുകയും ചെയ്യുമോ? പ്രത്യേകിച്ച് ആ ഖാദിയാനി വ്യക്തിയുടെ വാദത്തെ സാക്ഷീകരിക്കുന്നതിനെ നിഷേധിക്കുകയാണെങ്കിൽ ഇപ്പോഴും അന്തസ്സോടെ മോചിതനാക്കപ്പെടാമെന്നുള്ള സന്ദേശം കാബൂൾ അമീർ വീണ്ടും വീണ്ടും അയച്ചുകൊണ്ടിരിക്കുന്ന ആ അവസ്ഥയിലും. എന്നാൽ ദൃഢ വിശ്വാസിയായ ആ മഹാൻ വീണ്ടും വീണ്ടുമുള്ള ഈ പ്രലോഭനങ്ങൾക്ക് യാതൊരു വിലയും കൽപിച്ചില്ല. ഈ ഭൗതിക ലോകത്തിന് എന്റെ ഈ വിശ്വാസത്തിനുമേൽ ഞാൻ മുൻഗണന നൽകുമെന്ന പ്രതീക്ഷ നിങ്ങൾക്ക് വേണ്ട, കാരണം ഈയൊരു സത്യത്തെ വേണ്ടുവോളം ഞാൻ മനസ്സിലാക്കുകയും എല്ലാതരത്തിലും അതിൽ ഞാൻ സംതൃപ്തനാവുകയും ചെയ്തിട്ടുണ്ട്. മരണത്തെ ഭയപ്പെട്ടുകൊണ്ട് അതിനെയാണോ ഞാൻ നിഷേധിക്കേണ്ടത്? അങ്ങനെയുള്ള ഒരു നിഷേധം എനിക്ക് സാധ്യമല്ല. സത്യത്തെയാണ് ഞാൻ കണ്ടെത്തിയത് എന്ന് എനിക്ക് ഉത്തമ ബോധ്യമുണ്ട്. ചില ദിവസങ്ങൾക്ക് വേണ്ടിയുള്ള ജീവിതത്തിനായി ഈ തെളിയിക്കപ്പെട്ട സത്യത്തെ ഉപേക്ഷിച്ചുകൊണ്ട് വിശ്വാസവഞ്ചന കാണിക്കാൻ എനിക്ക് സാധ്യ

മല്ല. ജീവൻ ത്യജിക്കാൻ ഞാൻ സന്നദ്ധനാണ്. അങ്ങനെയൊരു തീരുമാനം ഞാൻ എടുത്തു കഴിഞ്ഞിരിക്കുന്നു. എന്നാൽ ഈ പരമമായ സത്യവും എന്നോടൊപ്പം ഉണ്ടാകുന്നതാണ് എന്ന മറുപടിയാണ് അദ്ദേഹം എപ്പോഴും തന്നെ അവർക്ക് നൽകിയിരുന്നത്. ആ മഹാനായ മനുഷ്യന്റെ തുടരെത്തുടരെയുള്ള ഈ മറുപടിയെ കാബൂൾ പ്രദേശത്തിന് ഒരിക്കലും തന്നെ മറക്കാൻ സാധ്യമല്ല. കാബൂളിലെ ജനങ്ങൾ അവരുടെ ജീവിതകാലത്തൊരിക്കലും തന്നെ ഇത് പോലുള്ള വിശ്വസ്തതയുടേയും സ്ഥിരചിത്തതയുടേയും മറ്റൊരു മാതൃക കണ്ടിട്ടുണ്ടായിരിക്കുകയില്ല. ഒരു വിശ്വാസത്തിൽ നിന്ന് ഒരാളെ പിന്തിരിപ്പിക്കാനായി പ്രത്യേക താൽപര്യത്തോടുകൂടി വീണ്ടും വീണ്ടും അയാളെ പ്രേരിപ്പിക്കുക എന്നത് കാബൂളിലെ അമീർമാരുടെ രീതി ആയിരുന്നില്ല എന്ന് ഇവിടെ പ്രത്യേകം പരാമർശിച്ചു കൊള്ളട്ടെ. എന്നാൽ മൗലവി അബ്ദുൽ ലത്തീഫ് സാഹിബ് മർഹൂമിന്റെ കാര്യത്തിൽ ഈ പരിഗണന ലഭിച്ചത്, അദ്ദേഹം കാബൂൾ നാട്ടു രാജ്യത്തിന്റെ വലംകയ്യായിരുന്നു എന്നത് കൊണ്ടാണ്. മാത്രമല്ല, ആയിരക്കണക്കിന് മനുഷ്യർ അദ്ദേഹത്തിന്റെ അനുയായികളായിട്ടുണ്ടായിരുന്നു. നാം മുമ്പ് എഴുതിയപോലെ അദ്ദേഹം കാബൂൾ അമീറിന്റെ ദൃഷ്ടിയിൽ ശ്രേഷ്ഠനായ ഒരു തികഞ്ഞ പണ്ഡിതനായിരുന്നു. എല്ലാ പണ്ഡിതന്മാരിലും ഒരു സൂര്യന്റെ സ്ഥാനമായിരുന്നു അദ്ദേഹത്തിന് നൽകപ്പെട്ടിരുന്നത്. അതിനാൽ ഈ പരിശുദ്ധനായ മനുഷ്യൻ പണ്ഡിതന്മാരുടെ കൂട്ടായ തീരുമാനപ്രകാരം തീർച്ചയായും വധിക്കപ്പെട്ടു പോയേക്കുമോ എന്നൊരു ദു:ഖവും അമീറിനുണ്ടായിരുന്നിരിക്കാം. ഇന്നും ആ ഒരു അവസ്ഥ വ്യക്തമാണ്. കാബൂളിലെ ഭരണം ഇന്നും മൗലവിമാരുടെ കൈകളിലാണ്. മൗലവിമാരുടെ ഐകകണ്ഠേനയുള്ള കാര്യങ്ങൾക്കെതിരിൽ അമീറിന്ന് ഒന്നും ചെയ്യാൻ സാധ്യമല്ല. ഒരു വശത്ത് അമീർ മൗലവിമാരെ ഭയപ്പെടുകയായിരുന്നു എങ്കിൽ മറുവശത്ത് ശഹീദ് മർഹൂം നിരപരാധിയാണെന്ന ഉത്തമ ബോധ്യവും അദ്ദേഹത്തിനുണ്ടായിരുന്നു എന്നതും ഈ സാഹചര്യങ്ങളിൽ നിന്ന് വ്യക്തമാണ്. ആ ഖാദിയാനി വ്യക്തിയെ താങ്കൾ വാഗ്ദത്ത മസീഹായി അംഗീകരിക്കരുതെന്നും, ഈ വിശ്വാസത്തിൽ നിന്ന് പിൻതിരിയുന്ന പക്ഷം താങ്കളെ ബഹുമാനപൂർവ്വം മോചിപ്പിക്കുന്നതാണെന്നും അയാൾ, അദ്ദേഹം തടവിലുണ്ടായിരുന്ന കാലമത്രയും അദ്ദേഹത്തെ ഉപദേശിച്ചുകൊണ്ടിരുന്നത് ഈയൊരു കാരണം കൊണ്ടുതന്നെയായിരുന്നു. ഇതേ ഉദ്ദേശത്തോടുകൂടി തന്നെയായി

രുന്നു ശഹീദ് മർഹൂമിനെ താൻ താമസിച്ചിരുന്ന കോട്ടയിലെ ജയിലിൽ ബന്ധനസ്ഥനാക്കിയിരുന്നത്. അതോടൊപ്പം തുടർച്ചയായി അദ്ദേഹത്തെ ഉപദേശിക്കാൻ സന്ദർഭം ഉണ്ടാകുമെന്നും അയാൾ മനസ്സിലാക്കിയിരുന്നു. ഈ കഠിന സാഹചര്യങ്ങൾക്കെല്ലാം യഥാർഥ കാരണമായതും ഇവിടെ പ്രത്യേകം പരാമർശിക്കപ്പെടേണ്ടതുമായ ഒരു കാര്യം ഇതാണ്. അതായത് അബ്ദുർറഹ്മാൻ ശഹീദിന്റെ സമയത്ത് തന്നെ, വാഗ്ദത്ത മസീഹാണെന്ന് വാദിക്കുന്ന ഖാദിയാനി, ജിഹാദിന്റെ കഠിന വിരോധിയാണെന്നും ഈ കാര്യം തുടർച്ചയായി അയാൾ തന്റെ ഗ്രന്ഥങ്ങളിൽ ശക്തമായി പരാമർശിക്കപ്പെടാറുണ്ടായിരുന്നെന്നും ഇക്കാലത്ത് വാളുകൊണ്ടുള്ള ജിഹാദ് അനുയോജ്യമല്ലെന്നുമുള്ള അയാളുടെ വാദത്തെ കുറിച്ചും അമീറിനും മൗലവിമാർക്കും നല്ലവണ്ണം അറിയാമായിരുന്നു. യാദൃശ്ചികമായി ആ സമയത്ത് ഇപ്പോഴത്തെ അമീറിന്റെ പിതാവ് ജിഹാദ് നിർബന്ധമാണ് എന്ന വിഷയത്തെ സംബന്ധിച്ചും ഞാൻ പ്രസിദ്ധീകരിച്ച പുസ്തകങ്ങളിലെ വിഷയങ്ങൾക്ക് തികച്ചും വിരുദ്ധമായികൊണ്ടുള്ള ഒരു ചെറു പുസ്തകം എഴുതുകയുണ്ടായി. 'മുഅഹ്ഹിദ്' എന്നോ 'അഹ്ലെ ഹദീസ്' എന്നോ തങ്ങളെ കുറിച്ച് പറയുന്ന കുഴപ്പക്കാരായ പഞ്ചാബിൽ നിന്നുള്ള ചിലർ ആ സമയത്ത് അമീറിന്റെ അടുക്കൽ പോയിട്ടുണ്ടായിരുന്നു. ഇപ്പോഴത്തെ അമീറിന്റെ പിതാവായ അമീർ അബ്ദുർ റഹ്മാൻ എന്റെ പുസ്തകങ്ങളിൽ പരാമർശിക്കപ്പെട്ട ഈ വിഷയം കേൾക്കാൻ ഇടയായത് ചിലപ്പോൾ അവരിൽ നിന്നായിരിക്കും. ജിഹാദ് ഹറാമാണെന്ന് വിശ്വസിക്കുന്നവരുടെ കൂട്ടത്തിൽപ്പെട്ട ആളാണ് ഇതെന്ന് അമീർ അബ്ദുർ റഹ്മാൻ മനസ്സിലാക്കിയിരുന്നതാണ് അബ്ദുർറഹ്മാൻ ശഹീദിന്റെ വധത്തിനു കാരണമായി തീർന്നത്. ദൈവവിധിയുടെ പ്രേരണയാൽ മൗലവി അബ്ദുൽ ലത്തീഫ് സാഹിബ് മർഹൂമിൽ നിന്നും ഈ പിഴവ് സംഭവിച്ചു. അതായത് ഈ കാലം ജിഹാദിനുള്ളതല്ലെന്നും യഥാർത്ഥ മസീഹായ ആ വാഗ്ദത്ത മസീഹിന്റെ അധ്യാപനം ഇത് തന്നെയാണെന്നും ഈ കാലത്ത് തെളിവുകളാണ് സമർപ്പിക്കേണ്ടതെന്നും വാളുകൾ മുഖേനയുള്ള മതപ്രചരണം അനുവദനീയമല്ലെന്നും ഇങ്ങനെയുള്ള ചെടികൾ ഒരിക്കലും തന്നെ വളരുകയില്ലെന്നും മറിച്ച് ഉടനെ തന്നെ ഉണങ്ങി പോകുമെന്നുള്ള കാര്യങ്ങൾ അദ്ദേഹം ആ ബന്ധനാവസ്ഥയിൽ പോലും തുറന്നു പറഞ്ഞു. കാരണം ശഹീദ് മർഹൂം സത്യം പ്രഖ്യാപിക്കുന്ന കാര്യത്തിൽ ആരേയും തന്നെ വകവെച്ചില്ലായിരുന്നു. യഥാർത്ഥത്തിൽ സത്യം പ്രചരി

പ്പിക്കുന്ന അവസരങ്ങളിൽ അദ്ദേഹത്തിന് തന്റെ മരണത്തെ കുറിച്ചുള്ള ആശങ്ക പോലും ഇല്ലായിരുന്നു. അത്കൊണ്ട് തന്നെയാണ് ഇത്തരം വാക്കുകൾ അദ്ദേഹത്തിന്റെ വായിൽ നിന്നും പുറപ്പെട്ടത്. അദ്ഭുതകരമെന്ന് പറയട്ടെ, അദ്ദേഹത്തിന്റെ ചില ശിഷ്യന്മാർ പറയുന്നത്, അദ്ദേഹം തന്റെ നാട്ടിലേക്ക് യാത്ര തിരിക്കുമ്പോൾ അദ്ദേഹം വീണ്ടും വീണ്ടും പറയാറുണ്ടായിരുന്നത്, കാബൂളിന്റെ ഭൂമി തന്റെ സംസ്കരണത്തിനായി എന്റെ രക്തമാണ് ആഗ്രഹിക്കുന്നത്. യഥാർത്ഥത്തിൽ അദ്ദേഹം പറഞ്ഞിരുന്നത് സത്യമായ കാര്യമാണ്. കാരണം കാബൂൾ ദേശത്ത് ഞാൻ വാഗ്ദത്ത മസീഹാണെന്ന് സ്ഥാപിക്കുന്ന ശക്തമായ തെളിവുകൾ സമർപ്പിച്ചുകൊണ്ട് ഒരു കോടി വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചാലും, ആ വിജ്ഞാപനങ്ങൾക്കൊന്നും ഈ ശഹീദിന്റെ രക്തം കൊണ്ടുണ്ടായത്ര പ്രതികരണം സൃഷ്ടിക്കാൻ ഒരിക്കലും സാധിക്കുമായിരുന്നില്ല. കാബൂൾ ഭൂമിയിൽ ആ രക്തം ഒരു ബീജമായിട്ടാണ് പതിച്ചത്. അത് ചുരുങ്ങിയ കാലം കൊണ്ട്തന്നെ ഒരു വടവൃക്ഷമായി മാറുകയും ആയിരക്കണക്കിന് പറവകൾ അതിൽ തങ്ങളുടെ കൂടുകൂട്ടുകയും ചെയ്യുന്നതാണ്. ഇനി നാം ആ വേദനാജനകമായ സംഭവത്തിൽ ശേഷിച്ച ഭാഗം കൂടി എന്റെ ജമാഅത്തിനു വേണ്ടി എഴുതികൊണ്ട് ഈ വിഷയം അവസാനിപ്പിക്കുകയാണ്. അത് ഇപ്രകാരമാണ്. കാരാഗൃഹത്തിൽ നാല് മാസം പിന്നിട്ടപ്പോൾ അമീർ, ശഹീദ് മർഹൂമിനെ തന്റെ മുന്നിൽ വിളിച്ചുവരുത്തി തന്റെ പൊതു കച്ചേരിയിൽ വെച്ച് തൗബാ ചെയ്യണമെന്ന് ആവശ്യപ്പെട്ടു. അതോടൊപ്പം നിങ്ങൾ ഇപ്പോഴെങ്കിലും എന്റെ മുമ്പിൽ വച്ച് ഖാദിയാനിയെ സത്യപ്പെടുത്തുന്നതിനേയും അയാളുടെ തത്വങ്ങളെ അംഗീകരിക്കുന്നതിനേയും നിഷേധിക്കുകയാണെങ്കിൽ നിങ്ങളുടെ ജീവൻ രക്ഷിക്കുന്നതാണെന്നും ആദരപൂർവ്വം നിങ്ങളെ മോചിതനാക്കുന്നതാണെന്നും മറ്റും പറഞ്ഞ് അദ്ദേഹത്തെ ശക്തമായി പ്രലോഭിപ്പിക്കുകയും ചെയ്തു. ശഹീദ് മർഹൂം മറുപടി പറഞ്ഞു, ‘സത്യത്തിൽ നിന്ന് പശ്ചാത്തപിച്ചു മടങ്ങുക എന്നത് എനിക്ക് അസാധ്യമാണ്. ഈ ഭൗതിക ലോകത്തെ ഭരണകർത്താക്കളുടെ ശിക്ഷ മരണത്തിൽ ചെന്ന് അവസാനിക്കുന്നതാണ്. എന്നാൽ ആരുടെ ശിക്ഷയാണോ ഒരിക്കലും അവസാനിക്കാത്തത്, ഞാൻ അവനെയാണ് ഭയപ്പെടുന്നത്. ഞാൻ സത്യത്തിലാണ് നിലകൊള്ളുന്നത്. അത്കൊണ്ട് എന്റെ വിശ്വാസത്തെ എതിർക്കുന്നവരായ മൗലവിമാരുമായി സംവാദം നടക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.’ തെളിവു

കളുടെ വെളിച്ചത്തിൽ ഞാൻ അസത്യത്തിലാണെന്ന് തെളിയുന്ന പക്ഷം എനിക്ക് ശിക്ഷ നൽകാവുന്നതാണ്. ഈ സംഭവങ്ങൾ വിവരിച്ച നിവേദകൻ പറയുകയാണ്, ഈ സംസാരം നടക്കുമ്പോൾ ഞങ്ങൾ അവിടെ ഉണ്ടായിരുന്നു. അമീറിന് ഈ സംസാരം ഇഷ്ടപ്പെടുകയും ശാഹീ മസ്ജിദിലെ ഖാൻ മുല്ലാ ഖാനേയും എട്ട് മുഫ്തിമാരേയും ഈ സംവാദത്തിനായി തെരഞ്ഞെടുക്കുകയും ചെയ്തു. അതോടൊപ്പം ലാഹോറിലെ ഒരു ഡോക്ടറെ-അദ്ദേഹം പഞ്ചാബിയായിരുന്നതിനാൽ കടുത്ത ശത്രുവുമായിരുന്നു- മധ്യസ്ഥനായി നിയമിച്ചുകൊണ്ട് അയക്കുകയും ചെയ്തു. സംവാദ സമയത്ത് വലിയ ഒരു ജനക്കൂട്ടം തന്നെ ഉണ്ടായിരുന്നു. അത് കണ്ടവർ പറയുകയാണ്, സംവാദ സമയത്ത് ഞങ്ങളെല്ലാവരും അവിടെ ഉണ്ടായിരുന്നു. വാദപ്രതിവാദം എഴുത്തിലായിരുന്നു. എഴുത്ത് മാത്രമാണ് നടന്നിരുന്നത്. ഒരു കാര്യവും തന്നെ ശ്രോതാക്കളെ കേൾപ്പിച്ചിട്ടില്ലായിരുന്നു. അതിനാൽ ആ വാദപ്രതിവാദത്തിന്റെ ഒരവസ്ഥയും തന്നെ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. രാവിലെ ഏഴ് മണി മുതൽ ഉച്ചക്ക് ശേഷം മൂന്ന് മണി വരെ വാദപ്രതിവാദം തുടർന്നുകൊണ്ടിരുന്നു. അങ്ങിനെ അസറിനുള്ള അവസാനസമയമായപ്പോൾ കുഫ്റ് ഫത്‌വ ചാർത്തപ്പെട്ടു. വാഗ്ദത്ത മസീഹ്, ഖാദിയാനിലെ ഈ വ്യക്തി തന്നെയാണെങ്കിൽ പിന്നെ, നിങ്ങൾ ഈസാ(അ)നെ സംബന്ധിച്ച് എന്താണ് പറയുന്നതെന്നും അദ്ദേഹം വീണ്ടും ലോകത്തേക്ക് മടങ്ങി വരുമോ ഇല്ലയോ എന്ന കാര്യവും കൂടി വാദപ്രതിവാദത്തിന്റെ അവസാനത്തിൽ ശഹീദ് മർഹൂമിനോട് ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം വളരെ സ്ഥൈര്യപൂർവ്വം മറുപടി പറഞ്ഞു, ഈസാ നബി(അ) മരിച്ചു പോയിരിക്കുന്നു. അദ്ദേഹം ഇനി ഒരിക്കലും മടങ്ങി വരികയില്ല. വിശുദ്ധ ഖുർആൻ അദ്ദേഹം മരിച്ചു എന്നുള്ളതിനും, മടങ്ങി വരികയില്ല എന്നുള്ളതിനും സാക്ഷിയാണ്. ഈസാ(അ)ന്റെ വാക്കുകൾ കേട്ടപ്പോൾ തങ്ങളുടെ വസ്ത്രങ്ങൾ വലിച്ചു കീറിയ മൗലവിമാരെപോലെ, അവിടെ കൂടിയിരുന്ന ജനങ്ങളും അസഭ്യങ്ങൾ പറയാൻ തുടങ്ങുകയും, ഈ വ്യക്തി കാഫിറാണെന്നതിൽ ഇനിയും വല്ല സംശയവും ശേഷിക്കുന്നുണ്ടോ എന്ന് ചോദിക്കുകയും ചെയ്തു. അങ്ങനെ അത്യന്തം കോപകലുഷിതമായ അന്തരീക്ഷത്തിൽ ഈ കുഫ്റ് ഫത്‌വ എഴുതപ്പെടുകയും ചെയ്തു. അതിന് ശേഷം എന്റെ പ്രിയ സഹോദരൻ ഹദ്റത്ത് ശഹീദ് മർഹൂമിനെ കാലുകൾ ചങ്ങലയിൽ ബന്ധിക്കപ്പെട്ട അവസ്ഥയിൽ കാരാഗൃഹത്തിലേക്ക് അയച്ചു. ഇവിടെ ഒരു കാര്യം വിട്ടു

പോയത് ശഹ്സാദാ മർഹൂം ആ ഭാഗ്യം കെട്ട മൗലവിമാരുമായി വാദപ്രതിവാദം നടത്തികൊണ്ടി രുന്നപ്പോൾ എട്ട് പേർ ഊരിപ്പിടിച്ച വാളുമായി ശഹീദ് മർഹൂമിന്റെ സമീപത്ത് തന്നെ നിലയുറപ്പിച്ചിട്ടുണ്ടായിരുന്നു. അതിന് ശേഷം രാത്രി ആ കുഫ്റ് ഫത്വ അമീറിന്റെ സന്നിധിയിലേക്ക് അയക്കപ്പെട്ടു. വാദപ്രതിവാദത്തിന്റെ കടലാസുകൾ ബോധപൂർവ്വം അമീറിന് അയച്ചു കൊടുക്കാതിരുന്നതും പൊതുജനങ്ങൾക്ക് അതിലെ വിഷയങ്ങൾ വെളിപ്പെടുത്തികൊടുക്കാതിരുന്നതും, ഇതുമായി ബന്ധപ്പെട്ട് ചെയ്ത ഒരു തന്ത്രമായിരുന്നു. ശത്രുക്കളായ മൗലവിമാർക്ക് ശഹീദ് മർഹൂം സമർപ്പിച്ച തെളിവുകളെ ഖണ്ഢിക്കാൻ സാധിച്ചില്ല എന്നതിനുള്ള വ്യക്തമായ ഒരു ദൃഷ്ടാന്തമായിരുന്നത്. എന്നാൽ അമീറിനെ സംബന്ധിച്ച് കഷ്ടമെന്ന് പറയട്ടെ, അയാൾ കുഫ്റ് ഫത്വക്ക് അനുകൂലമായി കൽപന പുറപ്പെടുവിച്ചു. വാദപ്രതിവാദത്തിന്റെ കടലാസുകൾ ആവശ്യപ്പെട്ടതുമില്ല. സമീപഭാവിയിൽ തന്നെ എല്ലാ സമ്പത്തുകളും ഭരണവും ഉപേക്ഷിച്ചുകൊണ്ട് ആരുടെ സന്നിധിയിലേക്കാണോ മടങ്ങി പോകേണ്ടത്, ആ യഥാർത്ഥ നീതിമാനെ ഭയപ്പെട്ടുകൊണ്ട് പ്രത്യേകിച്ച് നിഷ്കളങ്കനും നിരപരാധിയുമായ ഒരു ജീവൻ ഈ വാദപ്രതിവാദത്തിന്റെ ഫലമായി നഷ്ടപ്പെടുമെന്ന് അയാൾക്ക് വ്യക്തമായി അറിയാമെന്നിരിക്കെ അയാൾ ചെയ്യേണ്ടിയിരുന്നത്, സ്വയം ആ വാദപ്രതിവാദവേളയിൽ പങ്കെടുക്കുക എന്നുള്ളതായിരുന്നു. ആ സാഹചര്യത്തിൽ ദൈവത്തെ ഭയന്നുകൊണ്ട് എങ്ങനെയെങ്കിലും ആ സദസ്സിൽ അയാൾ പങ്കെടുക്കുകയും എന്തെങ്കിലും തരത്തിലുള്ള കുറ്റം തെളിയുന്നതിന്ന് മുമ്പേ ആ ദ്രോഹിതനായ രക്തസാക്ഷിയുടെ മേൽ കാഠിന്യം പ്രവർത്തിക്കാതിരിക്കുകയുമായിരുന്നു വേണ്ടിയിരുന്നത്. അകാരണമായി ദീർഘകാലം കാരാഗൃഹത്തിന്റെ ശിക്ഷയിൽ അദ്ദേഹത്തെ വെച്ചുകൊണ്ട് ചങ്ങലകളിലും കയ്യാമങ്ങളിലും ബന്ധിതനാക്കി അദ്ദേഹത്തെ സമ്മർദ്ദത്തിലാക്കുകയും ഊരിപ്പിടിച്ച വാളുമായി എട്ട് ഭടന്മാരെ അദ്ദേഹത്തിന്റെ തലക്ക് മീതെ നിർത്തുകയും ഒരു തരത്തിലുള്ള ശിക്ഷയും ഭീകരാന്തരീക്ഷവും സൃഷ്ടിച്ചു കൊണ്ട് അദ്ദേഹത്തെ തെളിവുകൾ നൽകുന്നതിൽ നിന്ന് തടയുകയുമാണ് ചെയ്തത്. ഇനി അയാൾ അങ്ങിനെ ചെയ്തില്ലായിരുന്നെങ്കിൽ പോലും, ഒരു നീതിപരമായ കൽപന പുറപ്പെടുവിക്കാനായി അയാൾ ആ വാദപ്രതിവാദത്തിന്റെ കടലാസുകൾ ആവശ്യപ്പെട്ട് കൊണ്ട് തന്റെ സന്നിധിയിൽ വരുത്തേണ്ടത് അയാളുടെ നിർബന്ധ കടമയായിരുന്നു. അത് മാത്രമല്ല, വാദപ്രതി

വാദത്തിന്റെ കടലാസുകൾ എന്റെ പക്കൽ എത്തിക്കണമെന്ന് മുമ്പേ തന്നെ നിർദ്ദേശം നൽകാമായിരുന്നു. ആ കടലാസുകൾ സ്വയം പരിശോധിച്ച് തൃപ്തനാവുക മാത്രമല്ല മറിച്ച്, സർക്കാർ തലത്തിൽ ആ കടലാസുകൾ പ്രസിദ്ധീകരിച്ചുകൊണ്ട് ഈ വ്യക്തിയെ നമ്മുടെ മൗലവിമാർ എങ്ങനെയാണ് പരാജയപ്പെടുത്തിയതെന്നും ഈ ഖാദിയാനി, വാഗ്ദത്ത മസീഹാണെന്നതിനും അതേപ്പോലെ ജിഹാദ് നിരോധത്തിനും ഈസാനബി(അ)യുടെ മരണത്തെ സംബന്ധിച്ചും അയാൾക്ക് ഒരു തെളിവും തരാൻ സാധിച്ചില്ല എന്നും വ്യക്തമാക്കുകയുമാണ് ചെയ്യേണ്ടിയിരുന്നത്. കഷ്ടമെന്ന് പറയട്ടെ, ആ നിരപരാധി അയാളുടെ കൺമുമ്പിൽ ഒരു ആടിനെ പോലെ അറുക്കപ്പെടുകയുണ്ടായി. സത്യത്തിലായിരുന്നിട്ടും തെളിവുകളെല്ലാം പൂർണ്ണമായും സമർപ്പിച്ചിട്ടും ഔലിയാക്കൾക്ക് മാത്രം ലഭ്യമാകുന്ന ആ സ്ഥിരചിത്തത പ്രകടിപ്പിച്ചിട്ടും അദ്ദേഹത്തിന്റെ ശരീരം കല്ലുകൾ കൊണ്ട് തുണ്ടം തുണ്ടമാക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഭാര്യയേയും അനാഥരായ മക്കളേയും ഖോസ്തിൽ നിന്ന് അറസ്റ്റ് ചെയ്ത് അത്യന്തം നിന്ദ്യതയോടെയും യാതനയോടെയും മറ്റേതോ സ്ഥലത്തേക്ക് കസ്റ്റഡിയിലയക്കുകയുണ്ടായി. അല്ലയോ, വിവരമില്ലാത്തവനെ, മുസ്‌ലിമീംകളിൽ മതപരമായ അഭിപ്രായവ്യത്യാസത്തിന് ഇങ്ങനെയുള്ള ശിക്ഷ തന്നെയാണോ നൽകപ്പെടുന്നത്? നീ എന്ത് മനസ്സിലാക്കികൊണ്ടാണ് ഈ കൊല നടത്തിയത്? ഇംഗ്ലീഷ് ഭരണകൂടം, ആ അമീറിന്റെ ദൃഷ്ടിയിലും അതേപോലെ അയാളുടെ മൗലവിമാരുടെ അഭിപ്രായത്തിലും ഒരു കാഫിർ ഭരണകൂടമാണ്. ആ ഭരണകൂടത്തിന് കീഴിൽ എത്രയോ തരത്തിലുള്ള വിഭാഗങ്ങൾ കഴിഞ്ഞുകൂടുന്നുണ്ട്. ഈ ഭരണകൂടം ഏതെങ്കിലും മുസ്‌ലിമിനേയോ ഹിന്ദുവിനേയോ അവരുടെ വിശ്വാസം, പാതിരിമാരുടെ വിശ്വാസത്തിൽ നിന്ന് വിഭിന്നമാണെന്ന കുറ്റത്തിന് ഇത് വരെ എപ്പോഴെങ്കിലും വധശിക്ഷ നൽകിയിട്ടുണ്ടോ? അഹോ കഷ്ടം! ആകാശത്തിൻ കീഴിൽ ഒരു വലിയ അതിക്രമമാണ് നടന്നിരുന്നത്. ഒരു നിരപരാധിയും നിഷ്കളങ്കനുമായ, അദ്ദേഹം സത്യവാനായിരിക്കെ തന്നെ, സത്യമാർഗ്ഗത്തിലായിരിക്കെ തന്നെ ഭയഭക്തിയുടേയും പരിശുദ്ധതയുടേയും പവിത്രതകൊണ്ട് അലങ്കൃതനാണെന്ന് ആയിരക്കണക്കിന് ബഹുമാന്യരായ ജനങ്ങൾ സാക്ഷ്യപ്പെടുത്തിയ ആ മഹാ മനുഷ്യൻ, മതപരമായ അഭിപ്രായവ്യത്യാസം കൊണ്ട് മാത്രം ഇത്ര നിഷ്കരുണമായി കൊല ചെയ്യപ്പെട്ടിരിക്കുകയാണ്. ബൈബിളിൽ നിന്നും പരാമർശം നിലനിൽക്കുന്ന ആ ഗവർണർ

അതായത് പിലാത്തോസ് ആരുടെയോ രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ഈസാ നബി(അ)യെ അറസ്റ്റ് ചെയ്തെങ്കിലും അയാൾ ഈ അമീറിനെക്കാൾ ആയിരം മടങ്ങ് നല്ലവനായിരുന്നു. കാരണം യഹൂദി മൗലവിമാർ ഈസാനബിക്കെതിരിൽ കുഫ്റ് ഫത്‌വ പുറപ്പെടുവിച്ചു കൊണ്ട് അദ്ദേഹത്തെ ക്രൂശിക്കണമെന്ന് അപേക്ഷിച്ചപ്പോൾ അതിന് മറുപടിയായികൊണ്ട് പിലാത്തോസ് പറഞ്ഞത്, ഞാൻ അദ്ദേഹത്തിൽ ഒരു കുറ്റവും കാണുന്നില്ല എന്നാണ്. ദു:ഖകരമെന്ന് പറയട്ടെ, ഈ എറിഞ്ഞു കൊല്ലാനുള്ള ഫത്‌വ ഏത് കുഫ്റിന്റെ അടിസ്ഥാനത്തിലാണ് നൽകപ്പെട്ടത് എന്നെങ്കിലും കുറഞ്ഞപക്ഷം ആ അമീറിന് തന്റെ മൗലവിമാരോട് ചോദിക്കാമായിരുന്നു. ഈ അഭിപ്രായ വ്യത്യാസത്തെ എന്തിനാണ് കുഫ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും നിങ്ങളിലുള്ള വിഭാഗങ്ങൾ തമ്മിൽ പോലും പല അഭിപ്രായവ്യത്യാസങ്ങളുമുണ്ടല്ലോ എന്നും അങ്ങനെയെങ്കിൽ ഒരു വിഭാഗത്തെയൊഴിച്ച് ബാക്കിയുള്ള വരെയെല്ലാം കല്ലെറിഞ്ഞു കൊല്ലേണ്ടതല്ലേ എന്നും ചോദിക്കാമായിരുന്നു. എന്നാൽ ഇങ്ങനെ പ്രവർത്തിച്ച ആ അമീർ അല്ലാഹുവിനു മുമ്പിൽ എന്ത് മറുപടിയാണ് നൽകുക എന്നറിയില്ല.

അതിന് ശേഷം കുഫ്റ് ഫത്‌വ ചാർത്തികൊണ്ട് ശഹീദ് മർഹൂമിനെ ജയിലിലേക്ക് അയക്കുകയുണ്ടായി. തിങ്കളാഴ്ച രാവിലെ അദ്ദേഹത്തെ 'സലാം ഖാന' അതായത് അമീറിന്റെ പ്രത്യേക ദർബാറിലേക്ക് വിളിപ്പിക്കപ്പെട്ടു. അപ്പോഴും വലിയ ജനക്കൂട്ടം ഉണ്ടായിരുന്നു. അമീർ സാഹിബ് 'അറക്ക്' അതായത് കോട്ടയിൽ നിന്ന് പുറപ്പെട്ടുവന്നപ്പോൾ വഴിയിൽ ഒരിടത്ത് ശഹീദ് മർഹൂം ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അടുത്ത് കൂടെ കടന്നുപോയപ്പോൾ അയാൾ ചോദിച്ചു, അഖ്‌വന്ദ് സാദാ സാഹിബ്, എന്ത് തീരുമാനിച്ചു? ശഹീദ് മർഹൂം ഒന്നും തന്നെ പറഞ്ഞില്ല. കാരണം ഇവരെല്ലാം അതിക്രമത്തിന്നായി തുനിഞ്ഞിരിക്കുകയണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. എന്നാൽ ഭടന്മാരിൽ നിന്ന് ആരോ പറഞ്ഞു, കുഫ്റ് ഫത്‌വ ചാർത്തപ്പെട്ടിരിക്കുന്നു. പിന്നീട് അമീർ സാഹിബ് തന്റെ സഭയിൽ വന്നു. സഭയിൽ വന്ന് ഇരുന്ന ഉടനെ തന്നെ, ആദ്യം അഖ്‌വന്ദ് സാദാ സാഹിബിനെ വിളിപ്പിച്ചു. എന്നിട്ട് പറഞ്ഞു, താങ്കളുടെ മേൽ കുഫ്റ് ഫത്‌വ ചാർത്തപ്പെട്ടിരിക്കുകയാണ്. ഇനി പറയുക, തൗബ ചെയ്യുന്നുണ്ടോ? അതോ ശിക്ഷ അനുഭവിക്കാൻ പോകുകയാണോ? അപ്പോൾ അദ്ദേഹം വ്യക്തമായ

വാക്കുകളിൽ അത് നിഷേധിച്ചുകൊണ്ട് പറഞ്ഞു, 'എനിക്ക് സത്യത്തിൽ നിന്ന് തൗബ ചെയ്യാൻ സാധ്യമല്ല. ജീവനിൽ ഭയന്നുകൊണ്ട് അസത്യത്തെ സ്വീകരിക്കുകയോ? അതെന്നെകൊണ്ട് കഴിയുകയില്ല.' അപ്പോൾ അമീർ വീണ്ടും തൗബ ചെയ്താലുള്ള അവസ്ഥയെ കുറിച്ച് പല പ്രലോഭനങ്ങളും നൽകുകയും മാപ്പ് നൽകപ്പെടുമെന്ന് വാഗ്ദത്തം ചെയ്യുകയും ചെയ്തു. എന്നാൽ അദ്ദേഹം വളരെ ശക്തമായി ഇതെല്ലാം നിഷേധിച്ചുകൊണ്ട് പറഞ്ഞു, സത്യത്തിൽ നിന്ന് തൗബ ചെയ്യുമെന്ന് എന്റെ കാര്യത്തിൽ നിങ്ങൾ പ്രതീക്ഷിക്കേണ്ട. ഈ കാര്യങ്ങളെല്ലാം വിവരിച്ചവർ പറയുകയാണ്, ഈ കാര്യങ്ങളൊന്നും കേട്ടുകേൾവികളല്ല. ഞങ്ങൾ സ്വയം ആ ജനക്കൂട്ടത്തിലുണ്ടായിരുന്നു. അതൊരു വലിയ ജനക്കൂട്ടമായിരുന്നു. ശഹീദ് മർഹൂം അപ്പോൾ ഓരോ നിർദേശത്തേയും ശക്തമായി നിരാകരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ മാർഗത്തിൽ താൻ തീർച്ചയായും ജീവൻ വെടിയുമെന്ന് അദ്ദേഹം തീരുമാനിച്ചു കഴിഞ്ഞിരുന്നു. എന്നെ വധിച്ച് കഴിഞ്ഞാൽ ആറ് ദിവസത്തിനകം ഞാൻ വീണ്ടും ജീവിക്കുമെന്നും കൂടി അദ്ദേഹം അപ്പോൾ അവിടെ പറയുകയുണ്ടായി. ഇത് എഴുതിയ ആൾ പറയുന്നത്, അദ്ദേഹം പറഞ്ഞ ഈ വാക്കുകൾ അപ്പോൾ അദ്ദേഹത്തിന്ന് ലഭിച്ച വഹ്‌യുടെ അടിസ്ഥാനത്തിലായിരിക്കും എന്നാണ്. കാരണം ആ സമയത്ത് ശഹീദ് മർഹൂം മുൻഖത്തിയീങ്ങളിൽ (ഭൗതീക ബന്ധം വിച്ഛേദിച്ചു കഴിഞ്ഞവരിൽ) പ്രവേശിച്ചു കഴിഞ്ഞിട്ടുണ്ടായിരുന്നു. മലക്കുകൾ അദ്ദേഹവുമായി ഹസ്തദാനം ചെയ്തു കൊണ്ടിരിക്കുകയായിരുന്നു. മലക്കുകളിൽ നിന്ന് ഈ വിവരം അപ്പോൾ ലഭിച്ചത് കൊണ്ടാണ് അപ്പോൾ അദ്ദേഹം അങ്ങനെ പറഞ്ഞത്. ആ വാക്കുകളുടെ അർഥം ഇതായിരുന്നു. അതായത് ഔലിയാക്കൾക്കും അബ്ദാലുകൾക്കും ലഭ്യമാക്കപ്പെടുന്ന ജീവിതം ആറ് ദിവസത്തിനകം എനിക്കും ലഭിക്കുമെന്നും, അല്ലാഹുവിന്റെ ദിവസം, അതായത് ഏഴാം ദിവസം വരുന്നതിന് മുമ്പ് ഞാൻ പുനരുജ്ജീവിക്കപ്പെടുമെന്നുമാണ്. അല്ലാഹുവിന്റെ ഔലിയാക്കളും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ശഹീദാക്കപ്പെടുന്ന പ്രത്യേക ആളുകളും ചില ദിവസങ്ങൾക്ക് ശേഷം പുനരുജ്ജീവിക്കപ്പെടുമെന്ന കാര്യം മനസ്സിലാക്കേണ്ടതാണ്.

അതാണ് അല്ലാഹു പറയുന്നത്, وَلَا تَحْسَبَنَّ الَّذِيْنَ قُتِلُوْا فِيْ سَبِيْلِ اللّٰهِ اَمْوَاتًا ؕ بَلْ اَحْيَآءٌ അതായത് നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുന്നവരെ മരിച്ചവരാണെന്ന് മനസ്സിലാക്കരുത്. അവർ ജീവിക്കുന്നവ

രാണ്. ശഹീദ് മർഹൂം സൂചിപ്പിച്ചിരുന്നത് ഈയൊരു സ്ഥാനത്തെ കുറിച്ചായിരുന്നു. ഞാൻ ഒരു കശ്ഫിൽ കണ്ട കാഴ്ച, ഒരു വലിയ വൃക്ഷത്തിന്റെ ഒരു നീളമുള്ള, വളരെ ഭംഗിയും പച്ചളിപ്പുള്ളതുമായ ഒരു കൊമ്പ് നമ്മുടെ തോട്ടത്തിൽ നിന്ന് വെട്ടിമാറ്റപെട്ടിരിക്കുന്നു, അത് ഒരാളുടെ കൈയ്യിലാണ് ഉള്ളത്. അപ്പോൾ ആരോ പറഞ്ഞു, ആ കൊമ്പ് എന്റെ വീടിന്റെ അടുത്തുള്ള ഭൂമിയിൽ ഇതിന് മുമ്പ് വെട്ടിമാറ്റപ്പെട്ട ഇലന്തമരത്തിനടുത്ത് കുഴിച്ചിടാം, അത് വീണ്ടും വളരുന്നതാണ്. അതോടൊപ്പം എനിക്ക് വഹ്‌യ് ഉണ്ടായി. '*കാബൂൾ സെ കാട്ടാ ഗയാ, ഔർ സീധാ ഹമാരി തരഫ് ആയാ.*' (കാബൂളിൽ നിന്ന് മുറിച്ച് മാറ്റപ്പെട്ടു, നേരെ നമ്മുടെ അടുത്തേക്ക് വന്നു) ഇതിന് ഞാൻ നൽകിയ വ്യാഖ്യാനം, ശഹീദ് മർഹൂമിന്റെ രക്തം ഒരു ബീജമായി കൊണ്ട് ഭൂമിയിൽ പതിച്ചിരിക്കുന്നു. അത് അങ്ങേയറ്റം ഫലദായകമായികൊണ്ട് നമ്മുടെ ജമാഅത്തിനെ വളർത്തുന്നതാണ്. ഒരു ഭാഗത്ത് ഞാനീ സ്വപ്നം കാണുകയും മറുഭാഗത്ത് ശഹീദ് മർഹൂം, ഞാൻ ആറ് ദിവസത്തിനുള്ളിൽ പുനർ ജീവിക്കുമെന്ന് പറയുകയും ചെയ്തു. എന്റെ സ്വപ്നത്തിന്റേയും ശഹീദ് മർഹൂമിന്റെ വാക്കുകളുടേയും അന്ത്യഫലം ഒന്നുതന്നെയാണ്. മരണം വരിച്ചുകൊണ്ട് ശഹീദ് മർഹൂം എന്റെ ജമാഅത്തിന് ഒരു മാതൃകയായി തീർന്നിരിക്കുകയാണ്. യഥാർത്ഥത്തിൽ എന്റെ ജമാഅത്തിന് ഒരു വലിയ മാതൃക ആവശ്യമായിരുന്നു. എന്തെങ്കിലും നിസ്സാരമായ സേവനങ്ങൾ ചെയ്താൽ താൻ വലിയ ഒരു കാര്യമാണ് ചെയ്തത് എന്ന് ധരിക്കുന്നവർ ഇപ്പോഴും അവരിൽ (ജമാഅത്തിൽ) കണ്ടുവരുന്നുണ്ട്. അവർ എന്റെ മേൽ ഔദാര്യം ചെയ്തതായി തോന്നിപ്പോകും. എന്നാൽ ആ സേവനത്തിനുള്ള സൗഭാഗ്യം നൽകികൊണ്ട് അല്ലാഹുവാണ് അവർക്ക് മേൽ ഔദാര്യം ചെയ്തിരിക്കുന്നത്. എന്നാൽ അവരിൽ ചിലർ പരിപൂർണ്ണമായ ശക്തിയോടെയും പൂർണ്ണ സത്യഹൃദയത്തോടെയും ഇതിലേക്ക് വന്നവരല്ല. സത്യവിശ്വാസത്തിന്റെ കരുത്തിനെ കുറിച്ചും ഉന്നതതലത്തിലുള്ള സത്യത്തിന്റേയും പരിശുദ്ധതയേയും കുറിച്ചുള്ള അവരുടെ വാദത്തിൽ അവർക്ക് അവസാനം വരെ ഉറച്ചുനിൽക്കാനും സാധിക്കുന്നില്ല. അങ്ങനെ ഭൗതീക ലോകത്തോടുള്ള ആസക്തിയിൽ അവർ ദീനിനെ നഷ്ടപ്പെടുത്തികളയുന്നു. നിസ്സാരമായ ഒരു പരീക്ഷണത്തെ പോലും സഹിക്കാൻ അവർക്ക് സാധിക്കുന്നില്ല. ദൈവീക പ്രസ്ഥാനത്തിൽ പ്രവേശിച്ചിട്ടു കൂടി ഭൗതീകത അവരിൽ ഒട്ടും തന്നെ കുറഞ്ഞിട്ടില്ല. എന്നാൽ അല്ലാഹുവിനോട് ആയിരമായിരം നന്ദി പറയുകയാണ്. സത്യഹൃദ

യത്തോടു കൂടി വിശ്വസിച്ചവരും സത്യഹൃദയത്തോടു കൂടി ഇതിനെ അംഗീകരിച്ചവരുമുണ്ട്. ഈ മാർഗ്ഗത്തിൽ ഏത് തരത്തിലുള്ള ദു:ഖങ്ങൾ സഹിക്കാനും അവർ തയ്യാറാണ്. എന്നാൽ ഈയൊരു യോദ്ധാവ് പ്രകടിപ്പിച്ച മാതൃകയാകുന്ന ശക്തി ഈ ജമാഅത്തിൽ ഗോപ്യമായി കിടക്കുകയായിരുന്നു. ശഹീദ് മർഹൂം, തന്റെ ഈ മാതൃക മുഖേന സമർപ്പിച്ച സത്യവിശ്വാസം അല്ലാഹു എല്ലാവർക്കും പഠിപ്പിച്ചു കൊടുക്കുമാറാകട്ടെ. ആ ഒരു സ്ഥിരചിത്തത എല്ലാവർക്കും നൽകുമാറാകട്ടെ. ഈ ഭൗതീക ജീവിതം പൈശാചികമായ ആക്രമങ്ങളുമായി കൂടിചേർന്ന് മനുഷ്യനെ പരിപൂർണനാകുന്നതിൽ നിന്ന് തടയുകയാണ്. കൂടുതലും അങ്ങിനെയുള്ളവരാണ് ഈ പ്രസ്ഥാനത്തിൽ പ്രവേശിക്കുന്നത്. എന്നാൽ കഷ്ടമെന്ന് പറയട്ടെ, ഈയൊരു മാതൃക പ്രകടിപ്പിക്കുന്നവർ കുറച്ച് മാത്രമേയുള്ളൂ.

ഇനി നാം യഥാർത്ഥ സംഭവത്തിലേക്ക് മടങ്ങികൊണ്ട് എഴുതുകയാണ്. ശഹീദ് മർഹൂം എല്ലാ പ്രാവശ്യവും തൗബ ചെയ്യാനുള്ള പ്രലോഭനത്തെ നിരാകരിച്ചപ്പോൾ അമീർ നിരാശനായി, തന്റെ സ്വന്തം കൈകൊണ്ട് ഒരു വലിയ കടലാസിൽ ആ മൗലവിമാരുടെ ഫത്വ ചേർത്തുകൊണ്ട് ഇപ്രകാരം എഴുതി. ഇത്പോലെയുള്ള കാഫിറിനുള്ള ശിക്ഷ കല്ലെറിഞ്ഞു കൊല്ലലാണ്. അങ്ങനെ ആ ഫത്വ അഖ്‌വന്ത് സാദാ മർഹൂമിന്റെ കഴുത്തിൽ കെട്ടിത്തൂക്കി. പിന്നീട് ശഹീദ് മർഹൂമിന്റെ മൂക്ക് തുളച്ച് കയറിട്ട്, ആ കയർ വലിച്ചുകൊണ്ട് ശഹീദ് മർഹൂമിനെ വധസ്ഥലത്ത് അതായത് കല്ലെറിഞ്ഞു കൊല്ലേണ്ട സ്ഥലത്ത് എത്തിക്കുക എന്ന് അമീർ കൽപിച്ചു. ആകയാൽ ദ്രോഹിയായ അമീറിന്റെ കൽപനപ്രകാരം അങ്ങനെ ചെയ്യപ്പെട്ടു. മൂക്ക് തുളച്ച് കഠിനമായ യാതനയോടെ അതിൽ കയറിടപ്പെട്ടു. എന്നിട്ട് ആ കയർ വലിച്ചുകൊണ്ട് ശഹീദ് മർഹൂമിനെ അങ്ങേയറ്റം പരിഹസിച്ചും അപഹസിച്ചും അസഭ്യങ്ങളും ശാപവചനങ്ങളും ചൊരിഞ്ഞുകൊണ്ട് വധസ്ഥലത്ത് എത്തിച്ചു. തന്റെ സഹചരരോടും ഖാളിമാരോടും മുഫ്തികളോടും മറ്റ് സഹവാസികളോടുമൊപ്പം ഈ വേദനാജനകമായ കാഴ്ച കണ്ട് കൊണ്ട് അമീറും വധസ്ഥലത്ത് എത്തി. പട്ടണത്തിലെ ആയിരക്കണക്കിന്, എണ്ണി തിട്ടപ്പെടുത്താൻ കഴിയാത്ത അത്ര ജനങ്ങൾ ഈ ക്രൂരവിനോദം കാണുവാനായി അവിടെ എത്തിയിട്ടുണ്ടായിരുന്നു. വധസ്ഥലത്ത് എത്തിയപ്പോൾ ശഹ്സാദാ മർഹൂമിനെ 'അര' വരെ ഭൂമിയിൽ കുഴിച്ചിട്ടു. അദ്ദേഹത്തെ ഭൂമിയിൽ 'അര' വരെ കുഴിച്ചിട്ടിരുന്ന ആ

അവസ്ഥയിലും അമീർ, അദ്ദേഹത്തിന്റെ അടുത്ത് പോയി പറഞ്ഞു, "വാഗ്ദത്ത മസീഹാണെന്ന് വാദിക്കുന്ന ആ ഖാദിയാനിയെ നീ തള്ളിപ്പറയുകയാണെങ്കിൽ നിന്നെ രക്ഷിക്കാൻ എനിക്ക് ഇപ്പോഴും സാധിക്കുന്നതാണ്. ഇത് നിനക്ക് നൽകപ്പെടുന്ന അവസാനത്തെ സമയവും അവസാനത്തെ അവസരവുമാണ്. നിന്റെ ജീവനോടും നിന്റെ ഭാര്യാമക്കളോടും കാരുണ്യം കാണിക്കൂ." അപ്പോൾ ശഹീദ് മർഹൂം മറുപടിയായികൊണ്ട് പറഞ്ഞു, "നഊദുബില്ലാഹ്, സത്യത്തെ എങ്ങനെ നിഷേധിക്കാൻ സാധിക്കും? ജീവന്റെ യാഥാർത്ഥ്യമെന്താണ്? ഭാര്യാമക്കൾക്ക് വേണ്ടി സത്യവിശ്വാസം ഉപേക്ഷിക്കാൻ മാത്രം അവർക്ക് എന്ത് വിലയാണുള്ളത്? എനിക്ക് ഒരിക്കലും അങ്ങനെ ചെയ്യുവാൻ സാധ്യമല്ല. ഞാൻ സത്യത്തിന് വേണ്ടി മരിക്കുക തന്നെ ചെയ്യും". അപ്പോൾ ഖാളിമാരും മതപണ്ഡിതന്മാരും, ഇയാൾ കാഫിറാണ്, കാഫിറാണ്, ഉടനെ എറിഞ്ഞു കൊല്ലുക എന്ന് പറഞ്ഞു കൊണ്ട് ബഹളം വച്ചു. ആ സമയത്ത് അമീറും അയാളുടെ സഹോദരൻ നസറുള്ളാഹ്ഖാനും ഖാളിയും അബ്ദുൽ അഹദ് കമീദാനും കുതിരപ്പുറത്തും ബാക്കിയുള്ളവരെല്ലാം നടക്കുകയുമായിരുന്നു. ഇത്രയും സന്നിഗ്ധമായ അവസ്ഥയിൽ പോലും ശഹീദ് മർഹൂം, 'ഞാൻ സത്യവിശ്വാസത്തിന് എന്റെ ജീവനെക്കാൾ മുൻഗണന നൽകുന്നു എന്ന് വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരുന്നു.' അപ്പോൾ അമീർ 'നിങ്ങളാണല്ലോ കുഫ്റ് ഫത്‌വ പുറപ്പെടുവിച്ചത്, അതിനാൽ ആദ്യത്തെ കല്ല് നിങ്ങൾ എറിയുക' എന്ന് ഖാളിക്ക് കൽപന കൊടുത്തു. ഖാളി പറഞ്ഞു, ഇപ്പോൾ താങ്കളാണല്ലോ രാജാവ്, അത്കൊണ്ട് താങ്കൾ തന്നെ എറിയുക.' അപ്പോൾ അമീർ മറുപടി പറഞ്ഞു, 'ശരീഅത്തിന്റെ രാജാവ് നിങ്ങൾ തന്നെയാണ്. നിങ്ങളുടെതാണ് ഫത്‌വ. ഇതിൽ എനിക്ക് യാതൊരു പങ്കുമില്ല.' അപ്പോൾ ഖാളി തന്റെ കുതിരയിൽ നിന്ന് ഇറങ്ങികൊണ്ട് ഒരു കല്ലെറിഞ്ഞു. ആ കല്ല് കൊണ്ട് ശഹീദ് മർഹൂമിന് ആഴത്തിലുള്ള മുറിവേൽക്കുകയും അദ്ദേഹത്തിന്റെ കഴുത്ത് ഒരു ഭാഗത്തേക്ക് ചെരിയുകയും ചെയ്തു. അതിന് ശേഷം ഭാഗ്യംകെട്ട ആ അമീറും കല്ലെടുത്തെറിഞ്ഞു. ഇനി എന്ത് പറയാൻ. അതിനെ തുടർന്ന് ആയിരക്കണക്കിന് കല്ലുകൾ ആ ശഹീദിന്റെ മേൽ പതിക്കാൻ തുടങ്ങി. അവിടെ കൂടിയിരുന്നവരിൽ ശഹീദ് മർഹൂമിന്റെ നേരെ കല്ലെറിയാത്തവരായി ആരും തന്നെ ഉണ്ടായിരുന്നില്ല. ഏത്‌വരെ എന്നാൽ ശഹീദ് മർഹൂമിന്റെ തലക്ക് മീതെയായി ഒരു വലിയ കല്ലുകളുടെ കൂമ്പാരം ഉയർന്നു വന്നു. അങ്ങനെ അമീർ അവിടെ നിന്ന് മടങ്ങാൻ ഒരു

ങ്ങിയപ്പോൾ പറഞ്ഞു, 'ഇയാൾ പറയാറുണ്ടായിരുന്നു, ഞാൻ ആറ് ദിവസത്തിനകം പുനർജീവിക്കുമെന്ന്. അതിനാൽ ആറ് ദിവസത്തേക്ക് ഇവിടെ കാവൽ ഉണ്ടായിരിക്കേണ്ടതാണ്.' പറയപ്പെട്ടിരിക്കുന്നത്, ഈ ക്രൂരത അതായത് കല്ലെറിഞ്ഞു കൊല്ലൽ നടന്നത് ജൂലായ് 14ാം തീയതി ആയിരുന്നു എന്നാണ്. ഈ വിവരണങ്ങളിലധികവും ജമാഅത്തിന്റെ ശത്രുക്കളായിരുന്നവരുടേതാണ്. അവരും കല്ലേറിൽ പങ്കെടുത്തിരുന്നു എന്ന് ഏറ്റുപറഞ്ഞിട്ടുണ്ട്. ശഹീദ് മർഹൂമിന്റെ രഹസ്യ ശിഷ്യന്മാരായിരുന്ന ചിലരുടെ വിവരണവും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ വിവരിക്കപെട്ടതിലും വേദനാജനകമായ ഒരു സംഭവമായിരുന്നു അതെന്നാണ് മനസ്സിലാവുന്നത്. കാരണം അമീറിന്റെ ദ്രോഹങ്ങളെ പൂർണമായ രീതിയിൽ വിവരിക്കാൻ പലരും തയ്യാറായിട്ടില്ല. നാമിവിടെ എഴുതിയത് എല്ലാം തന്നെ പല കത്തുകളുടേയും ഉള്ളടക്കം സമ്മിശ്രമായി ചുരുക്കി എഴുതിയതാണ്. പലപ്പോഴും തന്നെ ഇത്തരം വിവരണങ്ങളിൽ അതിശയോക്തി കലർന്ന് പോകാറുണ്ട്. എന്നാൽ ഈ സംഭവത്തിൽ അമീറിനെ ഭയപ്പെട്ടുകൊണ്ട് ജനങ്ങൾ ആ അതിക്രമത്തിന്റെ പൂർണരൂപം വെളിപ്പെടുത്താതെ പലതും തന്നെ മറച്ചുവക്കാനാണ് ശ്രമിച്ചത്. ശഹ്സാദാ അബ്ദുൽ ലത്തീഫിനെ സംബന്ധിച്ചിടത്തോളം നിശ്ചയിക്കപ്പെട്ട ശഹാദത്ത് സംഭവിച്ചു കഴിഞ്ഞു. ഇനി ആ ആക്രമിക്കുള്ള ശിക്ഷയാണ് ശേഷിക്കുന്നത്.

اِنَّهٗ مَنْ يَّاْتِ رَبَّهٗ مُجْرِمًا فَاِنَّ لَهٗ جَهَنَّمَ ؕ لَا يَمُوْتُ فِيْهَا وَلَا يَحْيٰى ۝٧٥

(യാഥാർത്ഥ്യമിതാണ്, ഏതൊരാൾ തന്റെ നാഥന്റെ അടുക്കൽ കുറ്റ വാളിയായും കൊണ്ട് ഹാജരാവുന്നുവോ, തീർച്ചയായും അവന് നരകമായിരിക്കും ലഭിക്കുക. അവനതിൽ മരിക്കുകയുമില്ല, ജീവിക്കുകയുമില്ല, വിശുദ്ധ ഖുർആൻ 20:75) കഷ്ടമെന്ന് പറയട്ടെ, ഈ അമീർ مَنْ يَّقْتُلْ مُؤْمِنًا مُّتَعَمِّدًا (ഇനി ആരെങ്കിലും ഒരു സത്യവിശ്വാസിയെ മന:പൂർവ്വം വധിക്കുന്നതായാൽ,വിശുദ്ധ ഖുർആൻ 4:94) എന്ന ആയ ത്തിൽ പറഞ്ഞ പ്രകാരം ഉൾപ്പെട്ടിരിക്കുകയാണ്. അയാൾ അൽപം പോലും ദൈവത്തെ ഭയപ്പെട്ടില്ല. അയാൾ(വധിച്ച) സത്യവിശ്വാസിയെ കുറിച്ച് പറയുകയാണെങ്കിൽ കാബൂൾ ദേശത്ത് മുഴുവനും അങ്ങനെയുള്ള ഒരാളെ കണ്ടെത്തുക അസാധ്യമാണ്. അങ്ങനെയുള്ളവർ ഉന്നതരായ മഹത്തുക്കളിൽ ഉൾപ്പെട്ടവരാണ്. അവർ സത്യഹൃദയത്തോടെ സത്യത്തിനും സത്യവിശ്വാസത്തിന്നും വേ ണ്ടി ജീവാർപ്പണം ചെയ്യുന്നവരും തന്റെ ഭാര്യാമക്കൾക്ക് ആ

കാര്യത്തിൽ ഒരു പരിഗണനയും നൽകാത്തവരുമാണ്. അല്ലയോ അബ്ദുൽ ലത്തീഫ്, നിന്റെ മേൽ ആയിരക്കണക്കിന് അനുഗ്രഹങ്ങൾ വർഷിക്കട്ടെ. നീ എന്റെ ജീവിതത്തിൽ തന്നെ തന്റെ ആത്മാർത്ഥയുടെ മാതൃക പ്രകടിപ്പിച്ചിരിക്കുകയാണ്. എന്റെ മരണത്തിന് ശേഷം എന്റെ ജമാഅത്തിലുള്ളവർ എങ്ങനെ പ്രവർത്തിക്കുന്നവരായിരിക്കുമെന്ന് എനിക്കറിയില്ല.

## *ഹദ്റത്ത് മസീഹ് മൗഊദ്(അ) സാഹിബ് സാദാ അബ്ദുല്ലത്തീഫ്(റ)ന്റെ സ്മരണയിൽ രചിച്ച് ഉപര്യുക്ത ശഹാദത്ത് വൃത്താന്തത്തിന് ചുവടെ രേഖപ്പെടുത്തിയ ഒരു പാർസി കവിതയിലെ ചില വരികളുടെ ആശയവും ഭാവാർത്ഥവും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിഭാഷ*

ദൈവത്തിന്റെ അങ്ങേയറ്റം പ്രിയപ്പെട്ടവനായ
ആ ധീരപുരുഷൻ തന്റെ മാഹാത്മ്യം തെളിയിച്ചുകാട്ടിയിരിക്കുന്നു.

ഈ നശ്വര ഗേഹത്തിൽനിന്ന് ഹൃദയത്തെ പൂർണമായും
വേർപെടുത്തിക്കൊണ്ട് പ്രിയതമനുവേണ്ടി
പ്രാണനാകുന്ന ദ്രവ്യം മൊത്തമായി സമർപിച്ചിരിക്കുന്നു.

ജീവിതത്തിന്റെ രംഗഭൂമി എങ്ങേയറ്റം അത്യാപൽക്കരമാകുന്നു!
അതിൽ ലക്ഷക്കണക്കിനു ഉഗ്രസർപ്പങ്ങൾ വസിക്കുന്നു!

വാനോളം മുട്ടുന്ന സഹസ്രങ്ങളായ തീനാളങ്ങൾ അതിലുണ്ട്!
ലക്ഷക്കണക്കിനു ജീവഹാനിയായ പ്രളയങ്ങൾ വന്നുകൊണ്ടിരിക്കുന്നു!

പ്രിയ സ്നേഹിതന്റെ വീഥിയിലെത്തും വരെ ആയിരക്കണക്കിനു
മൈലുകളോളം ഈ വനഭൂമികൾനീളെ അത്യാപത്തുകൾ പതിയിരിക്കുന്നു.

ഈ അന്യദേശക്കാരനായ മഹാനുഭാവന്റെ സാഹസം ഒന്നു നോക്കിയാലും!
അദ്ദേഹം ആ ഘോര വനത്തിലൂടെയുള്ള ഗമനം ഒരൊറ്റ കാൽവെപ്പിനു
പൂർത്തിയാക്കിയിരിക്കുന്നു!

ദൈവത്തിന്റെ ദാസനായാൽ ആയിത്തീരേണ്ടത് ഇവ്വിധമാണ്.
പ്രീതനു വേണ്ടി തന്റെ ശിരസ്സ് സദാ നമ്രശിരസ്കനായി ഭവിക്കണം.

ആ മഹാനുഭാവൻ പ്രിയതോഴനു വേണ്ടി സ്വയം നാശമേറ്റുവാങ്ങി.
മൃതസഞ്ജീവനി കരഗതമാക്കാൻ സ്വയം പാഷാണം ഭക്ഷിക്കുകയുണ്ടായി.

ഈ വിഷലിപ്ത ചഷകം നുകരാതെ നിസ്സാര മർത്ത്യൻ
മൃത്യുവിൽനിന്ന് എങ്ങനെ മുക്തി നേടും.

ഈ മൃത്യുവിനുള്ളിൽ ശതകണക്കിനു ജീവിതങ്ങൾ
ഗോപ്യമായി കുടികൊള്ളുന്നു.

നിനക്ക് ജീവിതത്തോട് ആർത്തിയുണ്ടെങ്കിൽ
മൃത്യുവെന്ന പിയൂഷം ആദ്യം നുകർന്നുകൊൾക!

എന്നാൽ നീയാകട്ടെ, ദുരാഗ്രഹങ്ങളുടെയും
ദുർമോഹങ്ങളുടെയും ദാസനായിത്തീർന്നിരിക്കുന്നു.
അതുകാരണം നിന്റെ നിന്ദ്യമായ ഹൃത്തടത്തിൽ ഈ ത്വര എവിടെ!

നിൻ ഹൃദയത്തെ നീ നീചലോകവുമായി ബന്ധിച്ചിരിക്കുന്നു!
പാപപങ്കിലതക്കായി തന്റെ അന്തസ്സിനെ കാറ്റിൽ പരത്തിയിരിക്കുന്നു!

നിന്നെ തീകുണ്ഠത്തിലിട്ട് ചപ്പുചവറുകൾ കണക്കെ
എരിച്ചുകളയാൻ സഹസ്രങ്ങളായ സാത്താനിക സൈന്യം
നിന്നെ പിന്തുടർന്നുകൊണ്ടിരിക്കുന്നു!

ഏതൊക്കെയോ മോഹങ്ങളും ഭീതികളും കാരണം നിന്റെ ഈമാൻ
താറുമാറായിപ്പോകുന്നു. ഈ വിശ്വാസവിഹീനമായ ഐഹികജീവിതത്തിനു
വേണ്ടി അല്ലാഹുവിന്റെ ദീനിനെ കാൽക്കീഴിൽ ചവിട്ടിഞെരിച്ചിരിക്കുന്നു.

ആ പ്രീതൻ കേവലം അധരവ്യായാമത്താൽ പ്രീതിപ്പെടുകയില്ല.
നീ സ്വയം മൃത്യു വരിക്കുന്നത് വരെ ജീവിതം അപ്രാപ്യമാകുന്നു.

അല്ലയോ ദുസ്സ്വഭാവിയായ മർത്ത്യാ!
അഹന്തയും വിദ്വേഷവും വർജ്ജിക്കുവിൻ! തദ്വാര നിന്നിൽ
മഹാപ്രതാപവാനായ ദൈവത്തിന്റെ പ്രകാശകിരണങ്ങൾ പതിഞ്ഞിടട്ടെ!

നീയെന്തിനാണ് ദിവാസ്വപ്നങ്ങളിൽ
മേലേക്ക് മേലേക്ക് പറക്കാൻ ഒരുമ്പെടുന്നത്?
നിനക്ക് ആ അനുപമമായ അസ്തിത്വത്തിൽ വിശ്വാസം വരുന്നില്ലേ?.

ഈ നശ്വരഗേഹം ഇത്ര സമ്മോഹനമായി തോന്നാൻ നിനക്കെന്തുപറ്റി? ഈ
ലൗകിക സൗധത്തിന്റെ അസ്തിവാരം സുദൃഢമാണെന്ന് നീ കരുതുന്നുവോ?

ഒരു സുപ്രഭാതത്തിൽ ഇതിനെ നീ കൈവെടിയേണ്ടതുണ്ട്.
അങ്ങനെയിരിക്കെ, ഹൃദയങ്ങളെ ഇതുമായി ബന്ധിപ്പിക്കുവാൻ
വിവേകശാലികൾക്ക് കാരണങ്ങളെന്തുണ്ട്?

ലൗകികതക്ക് വേണ്ടി ദൈവികബന്ധം വിച്ഛേദിക്കുന്നത്
ഹതഭാഗ്യരുടെ ലക്ഷണമാകുന്നു. ഒരാളിൽ ദൈവത്തിന്റെ
അനുഗ്രഹകടാക്ഷം വർഷിക്കപ്പെടുകയാണെങ്കിൽ
അവന്റെ ഹൃദയം ലൗകികതയോട് ഇണങ്ങിച്ചേരുകയില്ലതന്നെ.

അവനു ചുട്ടുപഴുത്ത മരുക്കാട് എത്രയും പ്രീതമത്രെ. കാരണം അവനവിടെ തന്റെ പ്രിയതമന്റെ തിരുസന്നിധിയിൽ ദീനരോദനം നടത്താൻ സാധിക്കുന്നു.

ജ്ഞാനിയായ മനുഷ്യൻ മരണം വന്നെത്തും
മുമ്പേ മരണം വരിച്ചവനായിരിക്കും.

അറിഞ്ഞുകൊൾവിൻ! ഈ ലോകം നശ്വരമാകുന്നു.
ദൈവത്തിന്റേതായിത്തീരുവിൻ! കാരണം ഒടുക്കം
എല്ലാത്തിനും ദൈവത്തിനേയാണ് ആശ്രയിക്കേണ്ടത്!

നോക്കുവിൻ! അബ്ദുല്ലത്തീഫ് എന്ന ഈ പരിശുദ്ധനായ മഹാനുഭാവൻ
ഏതുവിധമാണ് അല്ലാഹുവിൽ തന്നെ വിലയം ചെയ്ത് സംഹരിച്ചത്!

ആ പുണ്യ പുംഗവൻ ദൈവത്തോട് കൂറ് പുലർത്തിക്കൊണ്ട്
തന്റെ പ്രാണനെ കാഴ്ച്ച വച്ചു .
ഇപ്പോൾ അദ്ദേഹം ആ കൽകൂനക്കടിയിൽ അമർന്നുകിടക്കുന്നു.

സത്യസന്ധതയുടെയും ആത്മാർപ്പണത്തിന്റേയും
മകുടോദാഹരണം ഇതുതന്നെയാകുന്നു!

ദൈവവഴിയിൽ അടരാടുന്ന യോദ്ധാവിന്റെ
പരിണാമഗുപ്തി ഇതുതന്നെയാകുന്നു!

ആ ജീവൽദൈവത്തിനായി അദ്ദേഹം തന്റെ ജീവനെ പരിത്യജിച്ചു! ദൈവിക മാർഗത്തിൽ പ്രാണൻ അർപ്പിച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടുകഴിഞ്ഞു!

നിലയും വിലയും അന്തസ്സും ആഭിജാത്യവുമെല്ലാം അദ്ദേഹം
തൃണവൽഗണിച്ചു. ഹൃദയം നുറുങ്ങിക്കൊണ്ടിരുന്നു. കിരീടം നിലം
പതിച്ചുകൊണ്ടിരുന്നു. ഇവക്കൊന്നിനും അദ്ദേഹത്തെ തകർക്കാനായില്ല.

സ്വന്തത്തിൽ നിന്ന് വിദൂരസ്ഥനും
സ്നേഹിതന്റെ സമീപസ്ഥനുമായിത്തീർന്നു.
ഒരു സുന്ദരവദനത്തിനു വേണ്ടി അന്തസ്സ് പരിത്യജിച്ചുകളഞ്ഞു.

അദ്ദേഹത്തെ കുറിച്ചുള്ള ഓർമ്മകൾ പോലും
ദൈവസ്മരണയിലേക്ക് കൊണ്ടെത്തിക്കുന്നു. അദ്ദേഹം
അല്ലാഹുവിന്റെ സന്നിധാനത്തിലെ വിശ്വസ്തനായ ദാസനാകുന്നു.

നീ വിശ്വാസത്തെ അന്വേഷിക്കുന്നവനാണെങ്കിൽ ഓർമിച്ചുകൊൾവിൻ!
ആ വിശ്വാസം ഇതുതന്നെയാകുന്നു.
ഇത് ദൈവപന്ഥാവിലെ പഥികനു തന്റെ വഴി സരളമാക്കുന്നു.

ഏ മനുഷ്യാ നീ ദുനിയാവിന്റെ അനുരാഗത്തിൽ ബന്ധനസ്ഥനാണ്.
മരണത്തെ പുൽകാത്തിടത്തോളം ഈ കുഴപ്പമാർന്ന ലോകത്തുനിന്ന്
എങ്ങനെ മോചിതനാകും?

അല്ലയോ ലൗകികപൂജകനായ ശ്വാവേ! മരണം വരിക്കാതെ
നിനക്കെങ്ങനെ പ്രേമിയുടെ മടിത്തട്ടിൽ ചെന്നിരിക്കാനാകും?

തന്റെ അസ്തിത്വത്തെ സംഹരിച്ചുകൊൾവിൻ! തന്മൂലം ദൈവത്തിന്റെ
അനുഗ്രഹാശിസ്സുകൾ വർഷിക്കുമാറാകട്ടെ! പ്രാണനെ കൈവെടിയൂ
അതുമൂലം നിങ്ങൾക്ക് മറ്റൊരു ജീവൻ ലഭിച്ചിടട്ടെ!

നീയാകട്ടെ നിന്റെ ജീവിതം അഹംഭാവത്തിലും വിദ്വേഷത്തിലും
കഴിച്ചുകൂട്ടുകയാണ്. സത്യതയുടേയും ദൃഢബോധത്തിന്റേയും
മാർഗത്തിനു നേരെ കണ്ണടച്ചുവെച്ചിരിക്കുകയാണ്.

പരിശുദ്ധ ഹൃദയം പരിശുദ്ധരോടൊപ്പമാണ് കൂട്ടുകൂടുന്നത്.
പക്ഷേ സംസ്കാരഹീനൻ മുത്തുകൾക്കു മേലെയും തുപ്പിക്കളയുന്നു.

ദീനെന്നാൽ എന്താണ്? അത് സ്വയം ഇല്ലാതായിത്തീരാനുള്ള
ബീജാവാപവും ജീവപരിത്യാഗവുമാകുന്നു.

നീ ശതക്കണക്കിനു രോദനങ്ങളാലും നിലവിളികളാലും നിലംപതിക്കുമ്പോൾ
നിനക്ക് സഹായഹസ്തവുമായൊ നിശ്ചയമായും ഒരാൾ വന്നെത്തുന്നതാണ്.

അവിവേകികൾക്കായി വിവേകികളുടെ ഹൃദയം തുടിക്കുന്നു.
കണ്ണുള്ളവർ കുരുടരോട് തീർച്ചയായും കനിവ് കാട്ടുന്നു.

നിശ്ചയമായും ശക്തർ അശക്തരെ ഓർക്കുന്നപോലെത്തന്നെയാണ്
ദൈവിക നിയമവും നടപ്പിലാകുന്നത്.

*(ഹദ്റത്ത് മീർ മുഹമ്മദ് ഇസ്മായീൽ(റ) ഉർദുവിലേക്ക്
പരിഭാഷപ്പെടുത്തിയതിൽ നിന്നുള്ള വിവർത്തനം)*

# എന്റെ ജമാഅത്തിനോട് ചില ഉപദേശങ്ങൾ

എന്റെ ജമാഅത്തംഗങ്ങളെ, അല്ലാഹു നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ. നബി(സ)തിരുമേനിയുടെ സഹാബക്കൾ തയ്യാറാക്കപ്പെട്ട പോലെ ഖാദിറും കരീമുമായ അവൻ ആഖിറത്തിലേക്കുള്ള യാത്രക്കായി നിങ്ങളേയും ഒരുക്കുമാറാകട്ടെ. ഭൗതീക ലോകം ഒന്നും തന്നെയല്ലെന്ന് നിങ്ങൾ നല്ലവണ്ണം മനസ്സിലാക്കി കൊള്ളുക. ഈ ദുനിയാവിന് വേണ്ടി മാത്രമുള്ള ജീവിതം ശാപഗ്രസ്തമായ ജീവിതമാണ്. തന്റെ എല്ലാവിധ ദു:ഖങ്ങളും പ്രയാസങ്ങളും ദുനിയാവിന് വേണ്ടി മാത്രമായിട്ടുള്ളവൻ ഭാഗ്യം കെട്ടവനാണ്. അങ്ങനെയുള്ള മനുഷ്യൻ എന്റെ ജമാഅത്തിലുണ്ടെങ്കിൽ, അവൻ വ്യർഥമായിട്ടാണ് തന്നെ എന്റെ ജമാഅത്തിൽ പ്രവേശിപ്പിച്ചിരിക്കുന്നത്. കാരണം ഒരിക്കലും തന്നെ കായ്ക്കാത്ത ഉണങ്ങിയ ശാഖ പോലെയാണവൻ.

അല്ലയോ സൗഭാഗ്യവാന്മാരെ, നിങ്ങളുടെ മോക്ഷത്തിനായി എനിക്ക് നൽകപ്പെട്ടിരിക്കുന്ന അധ്യാപനത്തിലാണ് നിങ്ങൾ ആവേശപൂർവ്വം പ്രവേശിച്ചിരിക്കുന്നത്. നിങ്ങൾ അല്ലാഹുവിനെ 'വാഹിദ് ലാ ശരീക്ക്' (ഏകനും പങ്കുകാരനില്ലാത്തവനും) എന്ന് മനസ്സിലാക്കികൊണ്ട് അവനുമായി ഒന്നിനേയും തന്നെ പങ്കാളികളാക്കാതിരിക്കുക. ആകാശത്തിലും ഭൂമിയിലുമുള്ള സാധനസാമഗ്രികളെ ഉപയോഗപ്പെടുത്തുന്നതിൽ നിന്ന് ദൈവം നിങ്ങളെ തടയുന്നില്ല. എന്നാൽ ദൈവത്തെ വിട്ടുകൊണ്ട് സാധനസാമഗ്രികളിൽ മാത്രം വിശ്വാസമർപ്പിക്കുന്ന വ്യക്തി മുശ്രിക്കാണ്. പരിശുദ്ധഹൃദയനായിത്തീരാതെ കണ്ട് മോക്ഷം ലഭ്യമല്ല എന്നത് അല്ലാഹു മുമ്പേ തന്നെ പറഞ്ഞു വന്ന കാര്യമാണ്. അതിനാൽ നിങ്ങൾ ശുദ്ധ ഹൃദയരായി തീരുകയും വ്യക്തിപരമായ പകകളിൽ നിന്നും വിദ്വേഷങ്ങളിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുക. മനുഷ്യന്റെ നഫ്സെ അമ്മാറ (ദോഷ പ്രവണമായ ആത്മാവ്) യിൽ പലതരത്തിലുള്ള മാലിന്യങ്ങളും കാണപ്പെടുന്നുണ്ട്. എന്നാൽ ഏറ്റവും കൂടുതലായുള്ളത് അഹംഭാവമാകുന്ന മാലിന്യമാണ്. അഹംഭാവം ഇല്ലാതിരുന്നെങ്കി

ൽ ഒരാളും തന്നെ കാഫിറാ (അവിശ്വാസി)യി നിലനിൽക്കുകയില്ല. അതിനാൽ നിങ്ങൾ ഹൃദയം കൊണ്ട് വിനയാന്വിതരായി തീരുക. സ്വർഗം കരസ്ഥമാക്കി കൊടുക്കാൻ വേണ്ടിയുള്ള ഉപദേശങ്ങൾക്ക് പകരം പൊതുവായി മനുഷ്യകുലത്തോട് സഹാനുഭൂതി പ്രകടിപ്പിക്കുക. ഇഹലോകത്തുള്ള ചില ദിവസങ്ങൾ, നിങ്ങൾ അവരുടെ ദുഷ്ചിന്തകരായി കഴിയുകയാണെങ്കിൽ പിന്നെ നിങ്ങളുടെ ഈ ഉപദേശങ്ങൾ എങ്ങനെയാണ് സ്ഥാനത്താവുക. അല്ലാഹുവിനോടുള്ള കടമകൾ, അതിനെ കുറിച്ച് നിങ്ങളോട് ചോദിക്കപ്പെടുമെന്നുള്ള ഹൃദയഭയത്തോടു കൂടി നിർവ്വഹിക്കുക. അല്ലാഹു നിങ്ങളെ തന്നിലേക്ക് വലിച്ചടുപ്പിക്കുവാനും നിങ്ങളുടെ ഹൃദയങ്ങളെ പരിശുദ്ധമാക്കുവാനുമായി നിങ്ങൾ നമസ്ക്കാരങ്ങളിൽ കൂടുതലായി ദുആ ചെയ്യുക. കാരണം മനുഷ്യൻ ബലഹീനനാണ്. അവനിൽ നിന്ന് അകന്നു പോകുന്ന ഓരോ തിന്മയും അല്ലാഹുവിന്റെ കഴിവ് കൊണ്ടാണ് അകന്നു പോകുന്നത്. മനുഷ്യൻ അല്ലാഹുവിൽ നിന്ന് കഴിവ് സ്വായത്തമാക്കാത്തിടത്തോളം ഒരു തിന്മയേയും അകറ്റാൻ അവന്ന് സ്വന്തമായി സാധ്യമാവുന്നതല്ല. ഇസ്‌ലാം എന്നത് ആചാരപരമായി നാം കലിമ ചൊല്ലുന്നവരാണ് എന്ന് പറയപ്പെടലല്ല. മറിച്ച് നിങ്ങളുടെ ആത്മാക്കൾ അല്ലാഹുവിന്റെ സന്നിധിയിൽ സമർപ്പിക്കപ്പെടുക എന്നുള്ളതാണ് ഇസ്‌ലാമിന്റെ യാഥാർത്ഥ്യം. അല്ലാഹുവും അവന്റെ കൽപനകളും എല്ലാ വശത്തിലൂടേയും നിങ്ങളുടെ ഭൗതീക ലോകത്തിനുമേൽ മുൻഗണനയുള്ളതായി തീരേണ്ടതാണ്.

അല്ലയോ എന്റെ പ്രിയ ജമാഅത്തെ, കാലം അതിന്റെ അവസാന ഘട്ടത്തിൽ എത്തിയിരിക്കുകയാണെന്ന് നിങ്ങൾ മനസ്സിലാക്കി കൊള്ളുക. ഒരു വ്യക്തമായ വിപ്ലവം പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്. അതിനാൽ തങ്ങളുടെ ആത്മാവിനെ വഞ്ചിക്കാതെ വളരെ വേഗം തന്നെ നേർമാർഗ്ഗത്തിൽ പൂർണ്ണരായി തീരുക. വിശുദ്ധ ഖുർആനെ നിങ്ങളുടെ ഗുരുവായി സ്വീകരിക്കുക. ഓരോ കാര്യത്തിലും അതിൽ നിന്ന് പ്രകാശം കരസ്ഥമാക്കുക. ഹദീസുകളെയും അനാവശ്യ വസ്തുവിനെ പോലെ വലിച്ചെറിയരുത്. അത് വളരെ ഘനപ്പെട്ട ഒരു വസ്തുവാണ്. വളരെ അധ്വാനത്തോടു കൂടിയാണ് അവ ശേഖരിച്ചു ക്രോഡീകരിക്കപ്പെട്ടത്. എന്നാൽ നിങ്ങൾ വഴികേടിലാകാതിരിക്കാൻ വേണ്ടി, വിശുദ്ധ ഖുർആനിലെ വിവരണങ്ങൾക്ക് വിരുദ്ധമായി വരുന്ന ഹദീസിലെ വിവരങ്ങളെ നിങ്ങൾ ഉപേക്ഷിച്ചു കളയുക. വളരെ സുരക്ഷിതമായിട്ടാണ് അല്ലാഹു വിശുദ്ധ ഖുർആനെ

നിങ്ങളിൽ എത്തിച്ചിരിക്കുന്നത്. അതിനാൽ നിങ്ങൾ ഈ പരിശുദ്ധ വചനങ്ങളെ വിലമതിക്കുക. എല്ലാ സന്മാർഗവും സാത്വികതയും ഇതിൽ മാത്രമാണ് നിക്ഷിപ്തമായിട്ടുള്ളത് എന്ന് മനസ്സിലാക്കി കൊണ്ട് ഇതിനു മേൽ മറ്റൊന്നിനും മുൻഗണന നൽകാതിരിക്കുക. ഒരാളുടെ ജ്ഞാനത്തെ കുറിച്ചും തഖ്‌വയെ കുറിച്ചും ജനങ്ങൾക്ക് എത്രത്തോളം വിശ്വാസമുണ്ടോ, അതനുസരിച്ചായിരിക്കും അയാളുടെ വാക്കുകൾ ജനഹൃദയങ്ങളിൽ പ്രതിഫലനം സൃഷ്ടിക്കുന്നത്.

എന്റെ വാദത്തിന്നനുകൂലമായി ആയിരകണക്കിന് തെളിവുകൾ സ്ഥാപിച്ചുകൊണ്ട്, നിങ്ങളെ ഈ പ്രസ്ഥാനത്തിലേക്ക് ക്ഷണിക്കുന്ന വ്യക്തി, എത്രത്തോളം ജ്ഞാനം ഉൾകൊള്ളുന്ന ആളാണെന്നും എത്രത്തോളം തെളിവുകൾ സമർപ്പിക്കുന്നുണ്ടെന്നും വിലയിരുത്താനുള്ള അവസരം നൽകികൊണ്ട് അല്ലാഹു ഈ കാര്യത്തിൽ തന്റെ ന്യായപൂർത്തി വരുത്തിയിരിക്കുകയാണ്. ഇയാൾ മുമ്പേ തന്നെ കളവും കറ്റുകെട്ടും ശീലമാക്കിയ ആളാണെന്നും, ഇതും ഇയാൾ കളവാണ് പറഞ്ഞിരിക്കുന്നതെന്നും, നിങ്ങൾക്ക് തോന്നുമാറ് നിങ്ങൾക്ക് എന്റെ മുൻകാല ജീവിതത്തിൽ ഒരു തരത്തിലുള്ള കളങ്കവും കറ്റുകെട്ടും കളവും വഞ്ചനയും കണ്ടെത്താൻ സാധ്യമല്ല. എന്റെ ജീവിതത്തിൽ എന്തെങ്കിലും കുറ്റം കണ്ടുപിടിക്കാൻ കഴിവുള്ളവർ നിങ്ങളിൽ ആരാണുള്ളത്? ഇത് അല്ലാഹുവിന്റെ അനുഗ്രഹം മാത്രമാണ്. ചിന്തിക്കുന്നവർക്ക് ഒരു തെളിവായിത്തീരാൻ വേണ്ടി അവൻ എന്നെ തുടക്കം മുതൽ തന്നെ തഖ്‌വയിൽ നിലനിർത്തിയിരിക്കുകയാണ്.

ഇതിനെല്ലാം പുറമെ എന്റെ ദൈവം കൃത്യമായി നൂറ്റാണ്ടിന്റെ തലക്കൽ തന്നെ എന്നെ നിയോഗിച്ചു. ഞാൻ സത്യവാനാണെന്ന് തെളിയിക്കാൻ അനിവാര്യമായിരുന്ന എല്ലാ തെളിവുകളും നിങ്ങൾക്കായി അവൻ ലഭ്യമാക്കി തന്നു. ആകാശം മുതൽ ഭൂമി വരെ എനിക്ക് വേണ്ടി അടയാളങ്ങൾ വെളിപ്പെടുത്തി. എല്ലാ നബിമാരും തുടക്കം മുതൽ ഇന്ന് വരെ എനിക്കായി വിവരങ്ങൾ നൽകി. ഇത് മനുഷ്യന്റെ ഏർപ്പാടായിരുന്നുവെങ്കിൽ ഇത്രത്തോളം തെളിവുകൾ ഒരിക്കലും തന്നെ സമ്മേളിക്കുകയില്ലായിരുന്നു. ഇതിന് പുറമെ കള്ളവാദിയെ ദൈവം ഉടനെ തന്നെ പിടിക്കുമെന്നും അങ്ങേയറ്റം നികൃഷ്ടമായ രീതിയിൽ നശിപ്പിക്കുമെന്നും ദൈവത്തിന്റെ എല്ലാ ഗ്രന്ഥങ്ങളും തന്നെ സാക്ഷി പറഞ്ഞിരിക്കുകയാണ്. എന്നാൽ ഞാൻ അല്ലാഹുവിൽ നിന്നുള്ളവനാണെന്ന വാദത്തിനുമേൽ 23

വർഷത്തിലധികം കഴിഞ്ഞിരിക്കുന്നു എന്നത് നിങ്ങൾ തന്നെ കാണുന്നില്ലേ? ആ കാര്യം ബറാഹീനെ അഹ്മദിയ്യായുടെ ഒന്നാം ഭാഗം പരിശോധിക്കുകയാണെങ്കിൽ നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്. ഇത്രത്തോളം ദുസ്വഭാവിയും തന്ത്രശാലിയും മര്യാദ കെട്ടവനും കറ്റുകെട്ടുക്കാരനുമായ ഒരു വ്യക്തി 23 വർഷത്തോളം ഓരോ ദിവസവും രാത്രിയും പകലും അല്ലാഹുവിന്റെ പേരിൽ കറ്റ്കെട്ട് നടത്തികൊണ്ട്, പുതിയ വഹ്യ്കളും പുതിയ ഇൽഹാമുകളും തന്റെ മനസ്സ് കൊണ്ട് കൃതിച്ചുണ്ടാക്കുക എന്നത് അല്ലാഹുവിന്റെ നടപടിക്രമത്തിനും, അവൻ മനുഷ്യനെ സൃഷ്ടിച്ചത് മുതൽക്കുള്ള അവന്റെ പ്രവൃത്തിയിലും ഉണ്ടായിട്ടുണ്ടോ എന്നുള്ളത് ഓരോ ബുദ്ധിയുള്ള മനുഷ്യനും ചിന്തിക്കാൻ സാധിക്കുന്നതാണ്. എന്നിട്ട് ഇന്ന വഹ്യ് അല്ലാഹുവിൽ നിന്ന് ഇറങ്ങിയിരിക്കുന്നു എന്ന് ജനങ്ങളോട് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഒരാളെ നശിപ്പിക്കുന്നതിന്ന് പകരം അല്ലാഹു തന്റെ മഹത്തായ അടയാളങ്ങൾ കൊണ്ട് അയാളെ സഹായിക്കുകയും അയാളുടെ വാദത്തിന് ഉപോൽഫലകമായി ആകാശത്ത് പ്രവചനങ്ങൾക്കനുസൃതമായി സൂര്യചന്ദ്ര ഗ്രഹണങ്ങൾ ഉണ്ടാക്കുകയും അങ്ങനെ പൂർവ്വഗ്രന്ഥങ്ങളിലും ഖുർആനിലും ഹദീസുകളിലും അയാളുടെ ഗ്രന്ഥമായ ബറാഹീനെ അഹ്മദിയ്യായിൽ പോലും പറയപ്പെട്ടിരുന്ന ആ പ്രവചനം പൂർത്തിയാക്കുകയും ചെയ്തുകൊണ്ട് ലോകത്തിനു കാണിച്ചിരിക്കുകയാണ്. അതിനു പുറമെ സത്യവാദിയെ പോലെ തികച്ചും നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ അയാളെ നിയോഗിക്കുകയും, കുരിശിനെ ഉടക്കുന്നവനായ വാഗ്ദത്ത മസീഹ് വരേണ്ടിയിരുന്ന, കുരിശിന്റെ വിജയകാലത്ത് തന്നെ വന്നുകൊണ്ട് ആ ഒരു വാദത്തോടുകൂടി അയാളെ അവതരിപ്പിക്കുകയും ചെയ്തിരിക്കുകയാണ്. അതുപോലെ തന്നെ ഓരോ ഘട്ടത്തിലും അയാളെ സഹായിക്കുകയും അയാളെ പിൻതുണച്ചുകൊണ്ട് 10 ലക്ഷത്തിലധികം അടയാളങ്ങൾ കാണിക്കുകയും അയാൾക്ക് ലോകത്ത് ആദരവ് നൽകുകയും ഭൂമിയിൽ അയാളുടെ സ്വീകാര്യത പരത്തുകയും നൂറുക്കണക്കിന് പ്രവചനങ്ങൾ അയാൾക്കനുക്കൂലമായി പൂർത്തിയാക്കുകയും ചെയ്തിരിക്കുകയാണ്. വാഗ്ദത്ത മസീഹിന്റെ ആവിർഭാവത്തിന്നായി നിശ്ചയിക്കപ്പെട്ട, നബിമാർ പറഞ്ഞ ആ കാലത്ത് തന്നെ അയാളെ ജനിപ്പിച്ചിരിക്കുകയാണ്. അതേപോലെ അയാളുടെ ദുആകൾ സ്വീകരിക്കുകയും അയാളുടെ വാക്കുകൾക്ക് സ്വാധീനം നൽകുകയും അതേപോലെ തന്നെ എല്ലാ വശത്തിലൂ

ടേയും അയാളെ പിൻതുണക്കുകയും ചെയ്തിരിക്കുകയാണ്. എന്നാൽ അയാൾ കള്ളവാദിയാണെന്നും അനാവശ്യമായി അവന്റെ (അല്ലാഹുവിന്റെ) മേൽ കറ്റുകെട്ട് നടത്തികൊണ്ടിരിക്കുകയും ചെയ്യുകയാണെന്ന് അവന് അറിയാം. ഇങ്ങനെയുള്ള ഒരു കള്ളവാദിയെ അല്ലാഹു തന്റെ പ്രത്യേക കാരുണ്യം കൊണ്ടും അനുഗ്രഹം കൊണ്ടും സഹായിച്ച ഒരു സംഭവം എനിക്ക് മുമ്പ് നടന്നതായി ആർക്കെങ്കിലും പറഞ്ഞു തരാൻ സാധിക്കുമോ?

അതിനാൽ അല്ലയോ ദൈവത്തിന്റെ അടിയാറുകളെ, (അശ്രദ്ധരാകാതിരിക്കുക) ശയ്ത്വാൻ നിങ്ങളെ ദുർമന്ത്രണത്തിൽ പെടുത്താതിരിക്കട്ടെ. അല്ലാഹുവിന്റെ പരിശുദ്ധ നബിമാർ പുരാതനകാലം മുതൽ തന്നെ ചെയ്തുപോന്ന അതേ വാഗ്ദത്തമാണ് പൂർത്തിയായിരിക്കുന്നതെന്ന് നിങ്ങൾ തീർച്ചയായും മനസ്സിലാക്കികൊള്ളുക. ഇന്ന് ദൈവനിയോഗിതനും ശൈത്താനും തമ്മിലുള്ള അവസാനത്തെ യുദ്ധമാണ്. ദാനിയാൽ നബി സൂചിപ്പിച്ചിരുന്ന അതേ സമയവും അതേ കാലവും തന്നെയാണിത്. ഞാനൊരു അനുഗ്രഹം പോലെ അഹ്‌ലെ ഹക്കിന്നായി(സത്യത്തിന്റെ ആൾക്കാർ) വന്നു. എന്നാൽ ഞാൻ പരിഹസിക്കപ്പെടുകയാണുണ്ടായത്. എന്നെ കാഫിറും ദജ്ജാലുമായി മുദ്ര കുത്തി. ഈമാനില്ലാത്തവരിൽ ഉൾപ്പെട്ടവനാണെന്ന് എന്നെ മനസ്സിലാക്കുകയും ചെയ്തു. غَيْرِالْمَغْضُوْبِ عَلَيْهِمْ എന്ന ആയത്തിൽ അടങ്ങിയിരിക്കുന്ന ആ പ്രവചനം പൂർത്തിയാവാൻ ഇങ്ങനെ സംഭവിക്കേണ്ടത് അനിവാര്യമായിരുന്നു. കാരണം അല്ലാഹു, അനുഗ്രഹത്തിനു പാത്രീഭൂതരായവരെ കുറിച്ചുള്ള വാഗ്ദത്തം നൽകികൊണ്ട്, ഹദ്റത്ത് ഈസാനബി (അ)നെ ക്രൂശിക്കാൻ തുനിഞ്ഞവരും, അദ്ദേഹത്തെ കാഫിറും ദജ്ജാലും നാസ്തികനുമാണെന്ന് പ്രഖ്യാപിച്ച യഹൂദി പണ്ഡിതന്മാരോട് സാദൃശ്യമുള്ള യഹൂദികളും ഈ ഉമ്മത്തിലും ഉണ്ടായിരിക്കുമെന്നാണ് ഈ ആയത്തിൽ പറഞ്ഞിരിക്കുന്നത്. ഇത് ഏത് കാര്യത്തിലേക്കാണ് സൂചന നൽകിയതെന്ന് ഇനി ചിന്തിക്കുക. വാഗ്ദത്ത മസീഹ് ഈ ഉമ്മത്തിൽ നിന്നാണ് വരികയെന്നും അതിനാൽ അദ്ദേഹത്തിന്റെ കാലത്ത് തങ്ങൾ പണ്ഡിതന്മാരാണെന്ന് നടിക്കുന്ന യഹൂദികൾക്ക് സദൃശ്യരായ ജനങ്ങളും ഈ ഉമ്മത്തിൽ നിന്ന് ആവിർഭവിക്കുമെന്ന കാര്യത്തിലേക്ക് തന്നെയാണ് ഇതിൽ സൂചിപ്പിച്ചിരിക്കുന്നത്. അങ്ങനെ ഇന്ന് നിങ്ങളുടെ നാട്ടിൽ ആ പ്രവചനം പുലർന്നിരിക്കുകയാണ്. ഈ പണ്ഡിതന്മാർ ഇല്ലായിരുന്നുവെങ്കിൽ മുസ്‌ലിമീംകളാണെന്ന്

പറയപ്പെടുന്ന ഈ നാട്ടുകാരായ എല്ലാവരും എന്നെ സ്വീകരിക്കുമായിരുന്നു. എല്ലാ നിഷേധികളുടേയും പാപം അവരുടെ കഴുത്തിൽ തന്നെയാണ്. ഇവർ സത്യമാർഗത്തിൽ സ്വയം പ്രവേശിക്കുകയില്ല എന്ന് മാത്രമല്ല, വിവരം കുറഞ്ഞ ജനങ്ങളെ പ്രവേശിക്കാൻ അനുവദിക്കുകയുമില്ല. എന്തെല്ലാം കുതന്ത്രങ്ങളാണ് ഇവർ ചെയ്തുകൊണ്ടിരിക്കുന്നത്. എന്തെല്ലാം ആസൂത്രണങ്ങളാണ് രഹസ്യമായി അവരുടെ വീടുകളിൽ നടന്നുകൊണ്ടിരിക്കുന്നത്. എന്നാൽ അവർ അല്ലാഹുവിന്റെ മേൽ വിജയികളാകുമോ? എല്ലാ നബിമാരുടേയും നാവുകൾ മുഖേന വെളിപ്പെടുത്തപ്പെട്ട ആ സർവശക്തന്റെ തീരുമാനത്തെ ഇവർ തടയുമോ? അവർ ഈ നാട്ടിലെ ദുഷ്ടരായ മുതലാളിമാരിലും ഭാഗ്യം കെട്ടവരും ധനാഢ്യരുമായ ഭൗതീകരിലുമാണ് വിശ്വാസം അർപ്പിച്ചിരിക്കുന്നത്. എന്നാൽ അല്ലാഹുവിന്റെ കണ്ണിൽ അവർക്ക് ഒരു ചത്ത കീടത്തിന്റെ വില മാത്രമേയുള്ളൂ.

അല്ലയോ ജനങ്ങളെ, നിങ്ങൾ കേട്ടുകൊള്ളുക. തന്റെ ഈ ജമാഅത്തിനെ എല്ലാ രാജ്യത്തും വ്യാപിപ്പിക്കുമെന്നത് ആകാശഭൂമികളെ സൃഷ്ടിച്ചവനായ അവന്റെ പ്രവചനമാണ്. ന്യായപൂർത്തികൾ കൊണ്ടും തെളിവുകൾ കൊണ്ടും എല്ലാവരുടെ മേലും അവർക്ക് അവൻ വിജയം നൽകുന്നതാണ്. ആ ദിവസങ്ങൾ വന്നുകൊണ്ടിരിക്കുന്നു, അല്ല അത് സമീപത്തെത്തിയിരിക്കുന്നു. അതായത് ലോകത്ത് ആദരപൂർവ്വം സ്മരിക്കപ്പെടുന്ന ഒരേയൊരു മതം ഇത് മാത്രമായിരിക്കും. അല്ലാഹു ഈ മതത്തിലും ഈ പ്രസ്ഥാനത്തിലും അനിതരസാധാരണമായ നിലയിൽ അങ്ങേയറ്റത്തെ അനുഗ്രഹം ചൊരിയുന്നതാണ്. അതോടൊപ്പം ഇതിനെ ഇല്ലായ്മ ചെയ്യാൻ ആഗ്രഹിക്കുന്ന ഒരോരുത്തരേയും അവൻ പരാജയപ്പെടുത്തുന്നതാണ്. ഈയൊരു വിജയം ഖിയാമം നാൾ വരുന്നത് വരെ എപ്പോഴും നിലനിൽക്കുന്നതാണ്. ഇനി ഞാൻ പരിഹസിക്കപ്പെടുന്നെങ്കിൽ തന്നെ ആ പരിഹാസം കൊണ്ട് എന്ത് നഷ്ടം വരാനാണ്. കാരണം പരിഹസിക്കപ്പെടാത്ത ഒരു നബിയും തന്നെ ഉണ്ടായിട്ടില്ല. അത് കൊണ്ട് വാഗ്ദത്ത മസീഹും പരിഹസിക്കപ്പെടേണ്ടത് അനിവാര്യമാണ്. അല്ലാഹു ഇത് സംബന്ധമായി ഇപ്രകാരം പറയുന്നു,

يٰحَسْرَةً عَلَى الْعِبَادِ ۚ مَا يَأْتِيْهِمْ مِّنْ رَّسُوْلٍ اِلَّا كَانُوْا بِهٖ يَسْتَهْزِءُوْنَ ۝٣١

(മനുഷ്യർക്ക് അഹോ കഷ്ടം! അവരുടെ പരിഹാസത്തിന് പാത്രമായിട്ടല്ലാതെ ഒരു ദൈവദൂതനും അവരുടെ അടുക്കൽ വരുന്നില്ല.)

(വി:ഖുർആൻ 36:31) എല്ലാ നബിമാരും പരിഹസിക്കപ്പെടാറുണ്ട് എന്നത് അല്ലാഹുവിന്റെ പക്കൽ നിന്നുള്ള തെളിവാണിത്. എന്നാൽ മുഴുവൻ ജനങ്ങളും കാൺകെ തന്നെ ആകാശത്ത് നിന്ന് മലക്കുകളോടൊപ്പം ഇറങ്ങി വരുന്ന ഒരാളെ ആരാണ് പരിഹസിക്കുക? വാഗ്ദത്ത മസീഹ് ആകാശത്ത് നിന്ന് ഇറങ്ങി വരുമെന്നത് തികച്ചും അടിസ്ഥാനരഹിതമായ ചിന്തയാണെന്ന് ഈയൊരു തെളിവ് കൊണ്ട് ബുദ്ധിയുള്ള ആർക്കും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ആകാശത്ത് നിന്ന് ആരും തന്നെ ഇറങ്ങിവരികയില്ലെന്ന കാര്യം ഓർമ്മിച്ചു കൊള്ളുക. ഇന്ന് ജീവിച്ചിരിപ്പുള്ള നമ്മുടെ എല്ലാ എതിരാളികളും മരിച്ച് പോകും. എന്നാൽ അവരിൽ ആരും തന്നെ ഈസബ്നു മറിയം ആകാശത്ത് നിന്ന് ഇറങ്ങുന്നതായി കാണുകയില്ല. പിന്നീട് അവരുടെ ശേഷിക്കുന്ന സന്താനങ്ങളും മരിച്ച് പോകും. അവരിൽപ്പെട്ട ഒരാളും തന്നെ ഈസബ്നു മറിയം ആകാശത്ത് നിന്ന് ഇറങ്ങുന്നതായി കാണുകയില്ല. അതിന് ശേഷം സന്താനങ്ങളുടെ സന്താനങ്ങളും മരിച്ച് പോകും. അവരും മറിയമിന്റെ മകനെ ആകാശത്ത് നിന്ന് ഇറങ്ങുന്നതായി കാണുകയില്ല. കുരിശിന്റെ വിജയകാലം കഴിഞ്ഞു പോയിട്ടും ലോകം മറ്റൊരവസ്ഥയിൽ എത്തിയിട്ടും ഇതുവരെയായിട്ടും മറിയമിന്റെ മകൻ ഈസാ ആകാശത്ത് നിന്ന് ഇറങ്ങിയില്ല എന്ന പരിഭ്രമം അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ജനിപ്പിക്കും. ആ അവസരത്തിൽ ചിന്താശീലരായവർ ഈ വിശ്വാസത്തെ തൊട്ട് നിരാശരായിത്തീരുന്നതാണ്. ഇന്നു മുതൽ മൂന്ന് നൂറ്റാണ്ട് പൂർത്തിയാകുമ്പോഴേക്കും ഈസയെ കാത്തുകൊണ്ടിരുന്ന മുസ്‌ലിമീംകളാകട്ടെ കൃസ്ത്യാനികളാകട്ടെ കഠിനമായ നിരാശരായി കൊണ്ടും മനം മടുത്തുകൊണ്ടും ഈ തെറ്റായ വിശ്വാസത്തെ ഉപേക്ഷിക്കുകയും ചെയ്യും. അപ്പോൾ ലോകത്ത് ഒരേ ഒരു മതവും ഒരേ ഒരു നേതാവും മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഞാനൊരു ബീജാവാപത്തിനായിട്ടാണ് വന്നിരിക്കുന്നത്. അങ്ങനെ എന്റെ കൈകൊണ്ട് ആ വിത്ത് വിതക്കപ്പെട്ടിരിക്കുകയാണ്. ഇനി അത് വളരുകയും പുഷ്പിക്കുകയും ചെയ്യും. അതിനെ തടയാൻ ആർക്കും തന്നെ സാധ്യമല്ല.

ആര്യസമാജക്കാർ അതായത് ഹിന്ദുക്കളിലെ ദയാനന്ദ മതക്കാർ, എന്തെങ്കിലുമാണെന്ന് നിങ്ങൾ ധരിക്കേണ്ടതില്ല. അവർ കുത്തുന്ന കടന്നലുകളെ പോലെ മാത്രമാണ്. തൗഹീദ് എന്താണെന്ന് അവർക്കറിയുകയില്ല. ആധ്യാത്മികതയിൽ നിന്ന് തികച്ചും ദൂരപ്പെട്ടവരാ

ണവർ. ദൂഷ്യങ്ങൾ കണ്ടെത്തലും അല്ലാഹുവിന്റെ പരിശുദ്ധ പ്രവാചകന്മാരെ ചീത്തപറയലുമാണ് അവരുടെ ജോലി. പൈശാചിക പ്രേരണയോടെ ആക്ഷേപങ്ങൾ സമാഹരിച്ച് കൊണ്ടിരിക്കുക എന്നതാണ് അവരുടെ ഏറ്റവും വലിയ യജ്ഞം. തഖ്‌വയുടേയും പരിശുദ്ധിയുടേയും ആത്മാവ് അവരിൽ ഇല്ലതന്നെ. എന്നാൽ ആധ്യാത്മികത ഇല്ലാതെ കണ്ട് ഒരു മതത്തിനും തന്നെ മുന്നേറാൻ സാദ്ധ്യമല്ല എന്ന് മനസ്സിലാക്കി കൊള്ളുക. ആധ്യാത്മികതയില്ലാത്ത മതം ഒന്നും തന്നെയല്ല. ആദ്ധ്യാത്മികതയും ദൈവീക ഭാഷണവുമായിട്ടുള്ള ബന്ധവും സത്യത്തിന്റേയും നീതിയുടേയും ആത്മാവും ആകാശീയ ആകർഷണവും അസാധാരണമായ പരിവർത്തനത്തിന്റെ മാതൃകയുമൊന്നും കൂടെയില്ലാത്ത മതം മരിച്ച മതമാണ്. അതിനെ ഭയപ്പെടേണ്ടതില്ല. നിങ്ങളിലുള്ള ലക്ഷക്കണെക്കിനും കോടിക്കണക്കിനും മനുഷ്യർ ജീവിച്ചിരിക്കെ തന്നെ ആ മതം നാമാവശേമാകുന്നത് നിങ്ങൾ കാണുന്നതാണ്. കാരണം ഈ ആര്യമതം ഭൂമിയിൽ നിന്നുള്ളതാണ്. ആകാശത്ത് നിന്നുള്ളതല്ല. ഭൂമിയിൽ നിന്നുള്ള കാര്യങ്ങളാണ് അത് സമർപ്പിക്കുന്നത്. ആകാശത്ത് നിന്നുള്ളവയല്ല. അതിനാൽ നിങ്ങൾ സന്തോഷിക്കുക. അല്ലാഹു നിങ്ങളുടെ കൂടെയാണെന്നുള്ളതിനാൽ നിങ്ങൾ സന്തോഷം കൊണ്ട് തുള്ളിചാടുക. നിങ്ങൾ സത്യതയിലും വിശ്വാസത്തിലും നിലകൊള്ളുകയാണെങ്കിൽ മലക്കുകൾ നിങ്ങൾക്ക് ശിക്ഷണം നൽകുകയും ആകാശത്ത് നിന്നുള്ള സമാധാനം നിങ്ങളിൽ ഇറങ്ങുന്നതുമാണ്. പരിശുദ്ധാത്മാവിനാൽ നിങ്ങൾ സഹായിക്കപ്പെടുകയും അല്ലാഹു ഓരോ ഘട്ടത്തിലും നിങ്ങളുടെ കൂടെയുണ്ടായിരിക്കുകയും ചെയ്യും. ആർക്കും തന്നെ നിങ്ങളുടെ മേൽ വിജയി ആവാൻ സാധിക്കുകയില്ല. ക്ഷമയോടു കൂടി അല്ലാഹുവിന്റെ അനുഗ്രഹത്തെ പ്രതീക്ഷിച്ചു കൊണ്ടിരിക്കുക. ചീത്ത പറച്ചിൽ കേട്ട് കൊണ്ട് മൗനം പാലിക്കുക. മർദ്ദനങ്ങൾ ഏറ്റുവാങ്ങികൊണ്ട് സഹനം കൈകൊള്ളുക. ആകാശത്ത് നിങ്ങളുടെ സ്വീകാര്യത എഴുതപ്പെടുമാറ് നിങ്ങൾ കഴിവിന്റെ പരമാവധി തിന്മകളിൽ അകപ്പെടുന്നതിൽ നിന്ന് വിട്ടുനിൽക്കുക. അല്ലാഹുവിനെ ഭയപ്പെടുകയും അവനോടുള്ള ഭയത്താൽ ഹൃദയം ഉരുകി ഒലിക്കുകയും ചെയ്യുന്നവരുടെ കൂടെയാണ് അല്ലാഹു ഉണ്ടാവുക എന്ന കാര്യം നിങ്ങൾ തീർച്ചയായും ഓർമ്മിച്ചു കൊള്ളുക. അവൻ അവരുടെ ശത്രുക്കളുടെ ശത്രുവായി തീരുന്നതാണ്. സത്യവാനെ ലോകം കണ്ടെത്തുന്നില്ല. എന്നാൽ അലീമും ഖബീറുമായ അല്ലാഹു സത്യവാനെ

തിരിച്ചറിയുകയും തന്റെ കൈകൾകൊണ്ട് അവനെ രക്ഷിക്കുകയും ചെയ്യുന്നു. സത്യഹൃദയത്തോടുകൂടി നിങ്ങളെ സ്നേഹിക്കുകയും സത്യമായും നിങ്ങൾക്ക് വേണ്ടി മരിക്കാൻ തയ്യാറാവുകയും നിങ്ങളുടെ ഇഷ്ടാനുസരണം നിങ്ങളെ അനുസരിക്കുകയും നിങ്ങൾക്ക് വേണ്ടി എല്ലാം തന്നെ ഉപേക്ഷിക്കാൻ തയ്യാറാവുകയും ചെയ്യുന്ന ഒരാളെ, നിങ്ങൾ സ്നേഹിക്കുകയും ഏറ്റവും പ്രിയപ്പെട്ടവനായി ഗണിക്കുകയും ചെയ്യുകയില്ലേ? നിങ്ങൾ ഒരു മനുഷ്യനായി കൊണ്ട് സ്നേഹത്തിന്ന് പകരം സ്നേഹം നൽകുമ്പോൾ, പിന്നെ എന്ത് കൊണ്ട് അല്ലാഹു അങ്ങനെ ചെയ്യുകയില്ല? യഥാർത്ഥത്തിൽ അവനോട് കൂറുപുലർത്തുന്ന സ്നേഹിതൻ ആരാണെന്നും അവനോട് വിശ്വാസവഞ്ചന കാണിച്ചുകൊണ്ട് ഭൗതീകതക്ക് മുൻഗണന നൽകുന്നവൻ ആരാണെന്നും അല്ലാഹു കൃത്യമായി അറിയുന്നു. അതിനാൽ നിങ്ങൾ അങ്ങിനെയുള്ള കൂറുപുലർത്തുന്നവരായി തീരുകയാണെങ്കിൽ നിങ്ങളിലും മറ്റുള്ളവരിലും അല്ലാഹുവിന്റെ കൈകൊണ്ട് ഒരു പ്രകടമായ വ്യത്യാസം സ്ഥാപിച്ചു കാണിക്കുന്നതാണ്.

## സാഹിബ് സാദാ മൗലവി അബ്ദുൽ ലത്തീഫ് സാഹിബ് മർഹൂമിന്റേയും മിയാം അബ്ദുർറഹ്മാൻ സാഹിബ് മർഹൂമിന്റേയും രക്തസാക്ഷിത്വത്തെ സംബന്ധിച്ചും എന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ചും ബറാഹീനെ അഹ്മദിയ്യായുടെ 510ഉം 511ഉം പേജിൽ പരാമർശിക്കപ്പെട്ട പ്രവചനങ്ങൾ സംബന്ധമായ വിവരണം

ബറാഹീനെ അഹ്മദിയ്യായുടെ 510, 511 പേജുകളിലാണ് ഈ പ്രവചനങ്ങൾ ഉള്ളത്.

وان لـم يـعـصـمک الـناس يعصمک الله من عنده. يعصمک اللّٰه من عنده وان لم
يـعـصمک الناس. شاتان تذبحان. وكلّ من عليها فان. ولا تهنوا ولا تحزنوا. اليس
اللّٰه بكافٍ عبده. الم تعلم انّ اللّٰه علٰى كلّ شَىْءٍ قدير. وجئنابک على هٰؤلاء شهيدا.
وفـى الـلّٰـه اجرک. ويـرضٰى عنک ربّک. ويتمّ ا سمک وعسٰـى ان تـحبّـوا شيئـا
وهوشرّلكم. وعسى ان تكرهوا شيئا وهو خير لكم واللّٰه يعلم وانتم لا تعلمون.

**അർഥം:** നീ വധിക്കപ്പെടുന്നതിൽ നിന്ന് ജനങ്ങൾ നിന്നെ രക്ഷിക്കുന്നില്ലെങ്കിലും അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്. നീ വധിക്കപ്പെടുന്നതിൽ നിന്ന് അല്ലാഹു തീർച്ചയായും നിന്നെ രക്ഷിക്കുന്നതാണ്. ജനങ്ങൾ നിന്നെ രക്ഷിച്ചില്ലെങ്കിലും ശരി. ജനങ്ങൾ നിന്നെ വധിക്കുവാനായി പല ശ്രമങ്ങളും നടത്തും എന്നുള്ളതിലേക്കുള്ള സൂചനയാണ് ഇത്. സ്വന്തം നിലക്കോ ഗവൺമെന്റിനെ തെറ്റിദ്ധരിപ്പിച്ചു കൊണ്ടോ ആണെങ്കിലും അല്ലാഹു അവരുടെ തന്ത്രങ്ങളെ പരാജയപ്പെടുത്തുന്നതാണ്. സത്യവിശ്വാസി വധിക്കപ്പെടുന്നത് ശഹാദത്താണെങ്കിൽ പോലും ഇത് അല്ലാഹുവിന്റെ ഒരു തീരുമാനമാണ്. എന്നാൽ രണ്ട് തരത്തിലുള്ള ദൈവ നിയോഗിതർ വധിക്കപ്പെടുകയില്ല എന്നുള്ളത് അല്ലാഹുവിന്റെ ഒരു നടപടി ക്രമമാണ്. 1. ഒരു പരമ്പരയുടെ ആരംഭത്തിൽ വരുന്ന നബി. ഉദാഹരണമായി മൂസവീ പരമ്പരയിൽ ഹദ്റത്ത് മൂസായും മുഹമ്മദീ പരമ്പരയിൽ നമ്മുടെ യജമാനരായ നബി(സ) തിരുമേനിയും. 2. ഒരു പരമ്പരയുടെ അവസാനത്തിൽ വരുന്ന നബിമാരും ദൈവ നിയോഗിതരുമാണ് ആ രണ്ടാമത്തവർ. മൂസവീ പരമ്പരയിൽ ഹദ്

റത്ത് ഈസാ(അ)യും മുഹമ്മദീ പരമ്പരയിൽ ഈ വിനീതനും വന്നപോലെ. നബി(സ) തിരുമേനിയെ സംബന്ധിച്ച് വിശുദ്ധ ഖുർ ആനിൽ يعصمك الله എന്ന സുവിശേഷം നൽകിയിരിക്കു ന്നതിന്റെ രഹസ്യവും ഇത് തന്നെയാണ്. അതേപോലെ അല്ലാഹു വിന്റെ വഹ്‌യിൽ എനിക്ക് വേണ്ടിയും يعصمك الله എന്ന സുവിശേഷമുണ്ട്. പരമ്പരയിലെ ആദ്യത്തേയും അവസാനത്തേയും നിയോഗിതരെ വധിക്കപ്പെടുന്നതിൽ നിന്ന് സംരക്ഷിക്കുക എന്നത് ദൈവീക യുക്തിയുടെ ആവശ്യമാണ്. പരമ്പരയിലെ ആദ്യത്തെ നിയോഗി തൻ ആ പരമ്പരയുടെ അധ്യക്ഷനായിരിക്കെ ശഹീദാക്ക പ്പെടുക യാണെങ്കിൽ പൊതുജനങ്ങളിൽ ആ നിയോഗിതനെ സംബ ന്ധിച്ച് പല സംശയങ്ങളും ഉടലെടുക്കാവുന്നതാണ്. കാരണം ഇപ്പോൾ അദ്ദേഹം ആ പരമ്പരയിലെ ആദ്യത്തെ ഇഷ്ടികയാണ്. പരമ്പരക്ക് അടിസ്ഥാനമിട്ട ഉടനെ ആ പരമ്പരയുടെ സ്ഥാപകൻ തന്നെ വധി ക്കപ്പെടുക എന്ന ദുര്യോഗം ആ പരമ്പരക്ക് ഉണ്ടാവുകയാണെങ്കിൽ ഈയൊരു പരീക്ഷണം പൊതു ജനങ്ങൾക്ക് സഹിക്കാവുന്നതി ലും അപ്പുറമായിരിക്കും. അങ്ങനെ അവർ തീർച്ചയായും സംശയ ങ്ങളിൽ അകപ്പെട്ടുപോവുകയും അങ്ങനെയുള്ളൊരു സ്ഥാപകനെ നഊദുബില്ലാഹ് കള്ളവാദിയാണെന്ന് മുദ്ര കുത്തു കയും ചെയ്യും. ഉദാഹരണമായി ഹദ്റത്ത് മൂസാ(അ) ഫിർഔന്റെ മുമ്പാകെ ഹാജ രായ അന്ന് തന്നെ വധിക്കപ്പെടുകയാണെങ്കിൽ, അതേപോലെ നബി(സ) തിരുമേനിയെ വധിക്കാനായി മക്കയിൽ അദ്ദേഹത്തിന്റെ വീട് വളഞ്ഞ അവസരത്തിൽ അവിശ്വാസികളുടെ കൈകളാൽ ശഹീദാക്കപ്പെട്ടിരുന്നുവെങ്കിൽ, ശരീഅത്തും ആ പ്രസ്ഥാനവും അവിടെ തന്നെ അവസാനിച്ചുപോവുകയും അതിന്റെ നാമം ഉച്ച രിക്കാൻ പോലും ആരും ശേഷിക്കാതിരിക്കുകയും ചെയ്യുമായി രുന്നു. ആയിരക്കണക്കിന് പ്രാണശത്രുക്കൾ ഉണ്ടായിരുന്നിട്ടും ഹദ്റത്ത് മൂസാ(അ) ശഹീദാക്കപ്പെട്ടില്ല എന്നതിലും, അതേപോലെ തന്നെ നമ്മുടെ നബി(സ) തിരുമേനിയും ശഹീദാക്കപ്പെട്ടില്ല എന്നതിലും ഈയൊരു യുക്തി തന്നെയാണ് ഉണ്ടായിരുന്നത്. ഇതേ പ്രകാരം ഒരു പരമ്പരയുടെ അവസാനത്തിലെ നിയോ ഗിതൻ ശഹീദാക്കപ്പെടുകയാണെങ്കിൽ, പൊതുജനങ്ങളുടെ ദൃഷ്ടി യിൽ ആ പരമ്പരയുടെ അവസാനത്തിൽ പരാജയവും അധ:പതനവും സംഭവിച്ചു എന്ന കളങ്കമാണ് ദൃശ്യമാവുക. അല്ലാഹു ആഗ്രഹിക്കു ന്നത്, പരമ്പരയുടെ അവസാനവും വിജയത്തിലും പുരോഗതിയി ലും ആയിരിക്കണമെന്നാണ്. കാരണം അവസാന ഭാഗം പരിഗണ

നീയമാണ്. ഏതു പോലെയെന്നാൽ ഒരു പരമ്പരയുടെ ആരംഭ ത്തിൽ ആദ്യത്തെ ഇഷ്ടിക തന്നെ തകർന്നു പോവുകയും അങ്ങ നെ ശപിക്കപ്പെട്ട ശത്രുക്കൾ സന്തോഷം ആഘോഷിക്കുകയും ചെയ്യുക എന്നത് അല്ലാഹു ആഗ്രഹിക്കാത്ത പോലെ തന്നെ പരമ്പരയുടെ അവസാന ഘട്ടത്തിലും ശപിക്കപ്പെട്ട ശത്രുക്കൾക്ക് സന്തോഷിക്കുവാനുള്ള വക ഒരിക്കലും ഉണ്ടാകരുതെന്നുമാണ് അല്ലാഹു ആഗ്രഹിക്കുന്നത്. അങ്ങനെ ദൈവീകയുക്തി മൂസവീ പരമ്പരയുടെ അവസാനത്തിൽ ഹദ്റത്ത് ഈസാ(അ)നെ കുരിശു മരണത്തിൽ നിന്ന് രക്ഷിക്കുകയും മുഹമ്മദീ പരമ്പരയുടെ അവ സാനത്തിലും ഇതേ ഉദ്ദേശത്തോടു കൂടി ശ്രമം നടത്തുകയും ചെയ് തിരിക്കുകയാണ്. അതായത് ഇവിടെ മുഹമ്മദീ മസീഹിനെ കൊല കുറ്റത്തിന്ന് കുരിശിലേറ്റാനാണ് ശ്രമിച്ചത്. എന്നാൽ അല്ലാഹുവി ന്റെ അനുഗ്രഹത്താൽ ആദ്യത്തെ മസീഹിനെ അപേക്ഷിച്ച് ഈ മസീഹിന്റെ മേൽ അല്ലാഹുവിന്റെ പ്രഭാവം കൂടുതൽ പ്രകടമാ വുകയും മരണശിക്ഷയിൽ നിന്നും മറ്റെല്ലാ ശിക്ഷകളിൽ നിന്നും രക്ഷപ്പെടുത്തുകയും ചെയ്തു. ചുരുക്കത്തിൽ ആദ്യവും അവസാ നവും പരമ്പരയുടെ രണ്ട് ചുമരുകളും രണ്ട് അതിരുകളുമാണ്. അതി നാൽ പരമ്പരയുടെ ആദ്യത്തിലും അവസാനത്തിലുമുള്ള നിയോഗി തനെ വധിക്കപ്പെടുന്നതിൽ നിന്ന് രക്ഷിക്കുക എന്നുള്ളത് അല്ലാ ഹുവിന്റെ ഒരു നടപടിക്രമമാണ്. ദുഷ്ടന്മാരും തോന്ന്യവാസികളും അവരെ വധിക്കാനായി എത്ര തന്നെ പരിശ്രമിച്ചാലും അല്ലാഹു വിന്റെ കരം അവരോടൊപ്പം തന്നെ ഉണ്ടായിരിക്കും. യഹൂദി പണ്ഡിതന്മാരും പുരോഹിതന്മാരും ധരിച്ചിരുന്ന പോലെ തന്നെ, ചിലപ്പോൾ ബുദ്ധിഹീനനായ ശത്രു സ്വയം തന്നെ കുറിച്ച് മനസ്സി ലാക്കുന്നത്, ഞാൻ നമസ്കാരവും നോമ്പും മറ്റും കൃത്യമായി പാലി ക്കുന്ന സ്വാത്വികനായ ഒരു മനുഷ്യനല്ലേ എന്നാണ്. അത് മാത്രമല്ല ഹദ്റത്ത് ഈസാ(അ)ന്റെ കാലത്ത് ഉണ്ടായിരുന്ന അത് പോലുള്ള ചിലർ തങ്ങൾ ദൈവഭാഷണം സിദ്ധിക്കുന്നവരാണെന്ന് പോലും വാദിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അല്ലാഹുവിന്റെ സത്യദാസന്മാ ർക്ക് അവനുമായി അഗാധമായ ഒരു ബന്ധമാണുള്ളതെന്നും ആ സത്യത്തിന്റേയും കൂറിന്റേയും ദൈവീക പ്രേമത്തിന്റേയും നിറം ആവാഹിച്ച അവരെ ദൈവം സഹായിക്കുമെന്നും അവരുടെ ശത്രു ക്കളെ അവൻ നശിപ്പിക്കുമെന്നുള്ള കാര്യം ഈ ബുദ്ധിഹീനർ മന സ്സിലാക്കുന്നില്ല. അഹങ്കാരവും അഹന്തയും നിമിത്തം ബൽ അമും, മൂസാ എന്നെക്കാൾ ഉയർന്നവനാണോ എന്നാണ് ചിന്തിച്ചിരുന്നത്.

എന്നാൽ മൂസാക്ക് ദൈവവുമായുള്ള ബന്ധം വാക്കുകൾക്കും വിവരണങ്ങൾക്കും അതീതമായിരുന്നു. അതിനാൽ ബൽഅ മിന്റെ ഈ അന്ധത നിമിത്തം ആ ബന്ധത്തെ കുറിച്ചും അദ്ദേഹം തന്നെക്കാൾ എത്രയോ വലിയവനാണെന്ന കാര്യത്തെ കുറിച്ചും അജ്ഞനായിരുന്നു. അങ്ങനെ അദ്ദേഹത്തെ അവൻ നേരിടുകയും നശിപ്പിക്കപ്പെടുകയും ചെയ്തു. ഇങ്ങനെയാണ് എപ്പോഴുമുള്ള ഈ യാഥാർത്ഥ്യം പ്രകടമാകുന്നത്. അല്ലാഹുവിന്റെ പ്രത്യേക പ്രിയപ്പെട്ടവരും കൂറുള്ളവരുമായ ദാസന്മാരുടെ അല്ലാഹുവുമായിട്ടുള്ള ആ ആത്മാർത്ഥ ബന്ധത്തെ കുറിച്ച് അന്ധരായ ജനങ്ങൾക്ക് കണ്ടറിയാൻ സാധ്യമല്ല. അത് കൊണ്ട് തന്നെയാണ് സിദ്ധപീഠത്തിലിരിക്കുന്നവരും മൗലവിമാരും അവരെ നേരിടാനായി മുന്നോട്ടു വരുന്നത്. എന്നാൽ അവർ നേരിടുന്നത് ഇങ്ങനെയുള്ളവരെയല്ല, മറിച്ച് അല്ലാഹുവിനെയാണ്. ഒരു മഹത്തായ ലക്ഷ്യത്തിനു വേണ്ടിയും ലോകത്ത് വ്യാപകമായ ഒരു പരിവർത്തനം പ്രകടമാക്കാൻ വേണ്ടിയും അല്ലാഹു സൃഷ്ടിച്ച ഒരു വ്യക്തിയെ ചില വിഡ്ഢികളും ഭീരുക്കളും പക്വതയും പൂർണതയുമില്ലാത്ത യോഗികൾക്കും വേണ്ടി ഇങ്ങനെ നശിപ്പിച്ചു കളയുമോ? രണ്ട് തോണികൾ കൂട്ടിമുട്ടുന്ന സന്ദർഭം വന്നെന്ന് കരുതുക. ഒരു തോണിയിൽ നീതിമാനും കാരുണ്യപ്രകൃതനും ഔദാര്യവാനും സ്വാത്വിക മനസ്കനുമായ അവിടുത്തെ രാജാവും അദ്ദേഹത്തിന്റെ പ്രത്യേക അനുചരരുമാണ്. മറ്റേ തോണിയിൽ കുറച്ച് അധമരും, നീചരും അലങ്കോലമായി വസ്ത്രം ധരിച്ചവരും തെമ്മാടികളുമാണ് ഇരിക്കുന്നത്. അങ്ങനെയുള്ള സമയത്ത് ഒരു തോണിയെ രക്ഷപ്പെടുത്തുകയും മറ്റെ തോണിയിലുള്ളവർ നശിച്ചുപോവുകയും ചെയ്യുകയാണെങ്കിൽ അപ്പോഴുള്ള സന്ദർഭോചിതമായ നടപടി എന്തായിരിക്കും? ആ നീതിമാനായ രാജാവിന്റെ തോണിയാണോ നശിപ്പിക്കപ്പെടുക, അതോ ആ തെമ്മാടികളും നിന്ദ്യരും നികൃഷ്ടരുമായവരുടെ തോണിയാണോ നശിപ്പിക്കപ്പെടുക? ഞാൻ സത്യമായിട്ടും നിങ്ങളോട് പറയുന്നു, ആ അവസരത്തിൽ രാജാവിന്റെ തോണി എല്ലാ വിധ പരിശ്രമങ്ങളോടേയും രക്ഷിക്കപ്പെടുകയും ആ അധമരുടെയും, നീചരുടെയും തോണി യാതൊരു പരിഗണനയുമില്ലാതെ നശിപ്പിക്കപ്പെടുകയും ചെയ്യുന്നതാണ്. അങ്ങനെ അവർ നശിച്ചു പോകുന്നതിൽ സന്തോഷമാണ് തോന്നുക. കാരണം നാട്ടിന് നീതിമാനായ ആ രാജാവിന്റെ സാന്നിധ്യമാണ് അത്യാവശ്യമായിട്ടുള്ളത്. അദ്ദേഹത്തിന്റെ മരണം ഒരു ലോകത്തിന്റെ മരണമാണ്. കുറച്ചു അധമരും, നീചരും മരിച്ചു പോ

യെങ്കിൽ അതു മൂലം ലോകസംവിധാനത്തിൽ ഒരു ഭംഗവും തന്നെ സംഭവിക്കുകയില്ല. താൻ നിയോഗിച്ചവർക്കെതിരിൽ പുറപ്പെട്ടു വരുന്ന വിഭാഗത്തെ - അവരുടെ ചിന്തയിൽ സ്വയം തങ്ങളെ എത്ര സ്വാത്വികരെന്ന് മനസ്സിലാക്കിയാലും - അല്ലാഹു തകർത്തു കള യുന്നു. അങ്ങനെ അവരുടെ നാശത്തിന്റെ സമയം അവർക്ക് വന്നെ ത്തുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ഏതൊരു ഉദ്ദേശത്തി ന്ന് വേണ്ടിയാണോ ഏതെങ്കിലും ദൂതനെ നിയോഗിക്കുന്നത്, അതി നെ നഷ്ടപ്പെടുത്തി കളയാൻ അവൻ ആഗ്രഹിക്കുന്നില്ല. കാരണം അങ്ങിനെ ചെയ്യുകയാണെങ്കിൽ അവൻ തന്റെ തന്നെ ലക്ഷ്യത്തിന് എതിര് പ്രവർത്തിക്കുന്നവനായി തീരുന്നു. അപ്പോൾ പിന്നെ അവ നെ ഭൂമിയിൽ ആരാണ് ആരാധിക്കുക? ലോകം ഭൂരിപക്ഷത്തെ യാണ് നോക്കുന്നത്. ഇതൊരു വലിയ വിഭാഗമാണ്. അതിനാൽ ഇവർ നല്ലവരായിരിക്കുമെന്ന് ചിന്തിക്കുന്നു. പള്ളികളിൽ ഇവർ ആയിരക്കണക്കിനും ലക്ഷക്കണക്കിനും ഒത്തുകൂടുന്നവരാണ്. ഇവർ എങ്ങനെയാണ് മോശക്കാരാവുക എന്നും വിഡ്ഢികൾ ചിന്തിക്കുന്നു. എന്നാൽ അല്ലാഹു ഭൂരിപക്ഷത്തെയല്ല നോക്കുന്നത്. ഹൃദയങ്ങളെയാണ് നോക്കുന്നത്. അല്ലാഹുവിന്റെ പ്രത്യേക ദാസ ന്മാരിലുള്ള ദൈവീക സ്നേഹത്തിന്റേയും സത്യത്തിന്റേയും ആത് മാർത്ഥതയുടേയും ആ പ്രത്യേക പ്രകാശത്തെ കുറിച്ച് എനിക്ക് കഴിയുമായിരുന്നെങ്കിൽ ഞാൻ വിവരിക്കുമായിരുന്നു. എന്നാൽ എങ്ങനെയാണ് ഞാൻ അതിനെ വിവരിക്കേണ്ടത്? ലോകം സൃഷ്ടി ക്കപ്പെട്ടത് മുതൽ ഈ രഹസ്യത്തെ വിവരിക്കുവാൻ ഒരു ദൂതനും തന്നെ സാധിച്ചിട്ടില്ല. അല്ലാഹുവിനോട് യഥാർത്ഥ കൂറു പുലർത്തു ന്നവരായ ദാസന്മാരുടെ ആത്മാവ് അവന്റെ സന്നിധിയിൽ വീഴുന്ന അവസ്ഥയെ കുറിച്ച് കാണിച്ചു തരാൻ അനുയോജ്യമായ വാക്ക് നമ്മുടെ പക്കൽ ഇല്ല. ഇനി ഇതിന് ശേഷം ബാക്കിയുള്ള ഭാഗം തർജ്ജുമ ചെയ്ത് കൊണ്ട് ഈ വിഷയം ഇവിടെ അവസാനിപ്പി ക്കുകയാണ്. അല്ലാഹു പറയുന്നു, വധിക്കുന്നതിൽ നിന്ന് നിന്നെ നാം രക്ഷിക്കുമെങ്കിലും നിന്റെ ജമാഅത്തിൽപ്പെട്ട രണ്ട് ആടുകൾ അറുക്കപ്പെടുകയും ഭൂമിയിലുള്ളതെല്ലാം അവസാനം നശിച്ചു പോ വുകയും ചെയ്യുന്നതാണ്. നിരപരാധികളും നിഷ്കളങ്കരുമായ അവ സ്ഥയിലായിരിക്കും അവർ വധിക്കപ്പെടുക. അല്ലാഹുവിന്റെ ഗ്രന്ഥ ങ്ങളിൽ നിരപരാധികളേയും നിഷ്കളങ്കരേയും കുറിച്ച് ആടുകളോട് ഉപമിച്ചുകൊണ്ട് പറയുന്ന ഒരു ഭാഷാ പ്രയോഗമുണ്ട്. ചിലപ്പോൾ പശുക്കളും ഈ രൂപത്തിൽ ഉപമിക്കപ്പെടാറുണ്ട്. അതിനാൽ

അല്ലാഹു ഇവിടെ 'മനുഷ്യൻ' എന്ന് ഉപേക്ഷിച്ചുകൊണ്ട് 'ആട്' എന്ന വാക്കാണ് ഉപയോഗിച്ചിട്ടുള്ളത്. കാരണം ആടുകളിൽ രണ്ട് ഗുണങ്ങളാണുള്ളത്. ഒന്ന് അവ പാൽ നൽകുന്നു, മറ്റൊന്ന് അതിന്റെ മാംസം ഭക്ഷിക്കപ്പെടുന്നു. ഈ പ്രവചനം ശഹീദ് മർഹൂം മൗലവി അബ്ദുൽ ലത്തീഫിനേയും അദ്ദേഹത്തിന്റെ ശിഷ്യൻ അബ്ദുർറഹ്മാനേയും സംബന്ധിച്ചുള്ളതാണ്. ബറാഹീനെ അഹ്മദിയ്യാ എഴുതി 23 വർഷത്തിന് ശേഷമാണ് അത് പുലർന്നിരിക്കുന്നത്. ഇത് വരെ ലക്ഷങ്ങളും കോടികളും മനുഷ്യർ ആ പ്രവചനം എന്റെ ഗ്രന്ഥമായ ബറാഹീനെ അഹ്മദിയ്യായുടെ 511ാം പേജിൽ വായിച്ചിട്ടുണ്ടായിരിക്കും. ഞാനിപ്പോൾ എഴുതിയ പോലെ ആടുകളിൽ കാണപ്പെടുന്ന പാൽ നൽകുക എന്നതും അതിന്റെ മാംസം ഭക്ഷിക്കപ്പെടുക എന്നതുമായ ഈ രണ്ട് സവിശേഷ ഗുണങ്ങളും മൗലവി അബ്ദുൽ ലത്തീഫ് സാഹിബ് മർഹൂമിന്റെ രക്ത സാക്ഷിത്വത്തോടുകൂടി പൂർത്തിയായിരിക്കുകയാണ്. എങ്ങനെയെന്നാൽ വാദപ്രതിവാദ വേളയിൽ മൗലവി സാഹിബ് വിവിധങ്ങളായ വൈജ്ഞാനിക സത്യങ്ങൾ വിവരിച്ചു കൊടുത്തുകൊണ്ട് ശത്രുക്കൾക്ക് പാൽ ആണ് നൽകിയത്. എന്നാൽ ഭാഗ്യം കെട്ടവരായ ശത്രുക്കൾ ആ പാൽ കുടിക്കാതെ എറിഞ്ഞു കളയുകയാണ് ചെയ്തത്. അതേ പോലെ ശഹീദ് മർഹൂം തന്റെ ജീവൻ നൽകി കൊണ്ട് തന്റെ മാംസം കൊടുക്കുകയും അതേ പോലെ രക്തം ഒഴുക്കുകയുമാണ് ചെയ്തത്. ശത്രുക്കൾ ആ മാംസം ഭക്ഷിക്കുകയും ആ രക്തം കുടിക്കുകയും ചെയ്യട്ടെ. അതായത് സ്നേഹരൂപത്തിൽ അങ്ങനെ പവിത്രമായ ത്യാഗത്തെ അവർ പ്രയോജനപ്പെടുത്തട്ടെ. ഏതൊരു മതത്തിലും ഏതൊരു വിശ്വാസത്തിലുമാണ് അവർ നില കൊള്ളുന്നതും അവരുടെ പൂർവ്വ പിതാക്കന്മാർ ഏതൊന്നിലാണ് ജീവിച്ചു മരിച്ചതും, അതിൽ ഇത്തരത്തിലുള്ള ത്യാഗം എപ്പോഴെങ്കിലും അവർ സമർപ്പിച്ചിട്ടുണ്ടോ എന്നവർ ചിന്തിക്കട്ടെ. ഇത് പോലുള്ള സത്യസന്ധതയും ആത്മാർത്ഥതയും എപ്പോഴെങ്കിലും ആരെങ്കിലും പ്രകടിപ്പിച്ചിട്ടുണ്ടോ? മനുഷ്യൻ ദൃഢവിശ്വാസത്താൽ നിർഭരനായി കൊണ്ട് ഏത്വരെ അല്ലാഹുവിനെ കാണുന്നില്ലയോ അത് വരെ ഇത്തരം ത്യാഗങ്ങൾ സമർപ്പിക്കാൻ അവന് സാധിക്കുമോ? ലോകം നിലനിൽക്കുന്നിടത്തോളം കാലം ഇത്തരം രക്തവും മാംസവും എപ്പോഴും തന്നെ സത്യാന്വേഷികളെ ആകർഷിച്ചുകൊണ്ടിരിക്കുന്നതാണ്. ചുരുക്കത്തിൽ സാഹിബ് സാദാ മൗലവി അബ്ദുൽ ലത്തീഫ് സാഹിബിലുണ്ടായിരുന്ന ഈ രണ്ട് സവിശേഷ ഗുണ

ങ്ങൾ കാരണത്താൽ അദ്ദേഹത്തിന് ആടിന്റെ പ്രകൃതവുമായി വള രെയധികം സാമ്യതയുണ്ടായിരുന്നു. അതേപോലെ മിയാൻ അബ്ദുർറഹ്മാനും ആടിന്റെ പ്രകൃതത്തോട് സാമ്യതയുണ്ടായിരുന്നു. അത്കൊണ്ടാണ് അവരെ സംബന്ധിച്ച് 'ആട്' എന്ന നാമം കൊണ്ട് വിശേഷിപ്പിച്ചത്. ഇത് എഴുതുന്ന ആൾക്കും അയാളുടെ ജമാഅത്തിനും ഈ നീതികരമല്ലാത്ത വധത്തിൽ അങ്ങേയറ്റം ദു:ഖമുണ്ടാകുമെന്ന് അല്ലാഹുവിന് അറിവുണ്ടായിരുന്നതിനാൽ ഈ ദൈവീക വെളിപാടിനു തൊട്ട് ശേഷം വന്ന വാക്കുകൾ സമാധാനപ്പെടുത്തുന്നവയും അനുശോചനം രേഖപ്പെടുത്തുന്ന വിധത്തിലുമാണ് ഇറക്കിയത്. ഇപ്പോൾ ഞാൻ അറബിയിൽ എഴുതിയതിന്റെ അർത്ഥം ഇപ്രകാരമാണ്, ആ കഷ്ടപ്പാടും ആ കഠിനമായ പ്രയാസങ്ങളും നിങ്ങളെ ദു:ഖിതനും വ്യസനിക്കുന്നവനുമാക്കരുത്. കാരണം നിങ്ങളിൽപ്പെട്ട രണ്ടു പേർ വധിക്കപ്പെട്ടെങ്കിലും അല്ലാഹു നിങ്ങളോടൊപ്പമുണ്ട്. അവൻ രണ്ടിനു പകരം ഒരു സമൂഹത്തെ തന്നെ നിങ്ങളുടെ അടുക്കൽ കൊണ്ടു വരുന്നതാണ്. അവൻ തന്റെ അടിയാറിന് മതിയായവനാണ്. അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാണെന്ന് നിങ്ങൾക്കറിയുകയില്ലേ? ഈ ജനങ്ങൾ ആ രണ്ട് നിരപരാധികളെ രക്തസാക്ഷികളാക്കിയിട്ടുണ്ടെങ്കിൽ ഖിയാമത്ത് നാളിൽ നാം എന്ത് കുറ്റത്തിനാണ് അവർ ശഹീദാക്കിയത് എന്നതിന് അവർക്കെതിരിൽ നിന്നെ സാക്ഷിയാക്കി കൊണ്ടുവരുന്നതാണ്. അല്ലാഹു നിനക്ക് പ്രതിഫലം നൽകുകയും നിന്നിൽ തൃപ്തനാവുകയും ചെയ്യുന്നതാണ്. നിന്റെ പേരിനെ പൂർത്തിയാക്കുന്നതാണ്. അതായത് 'അഹ്മദ്' എന്ന പേരിനെ. അതിന്റെ അർത്ഥം 'അല്ലാഹുവിനെ ഏറ്റവും സ്തുതിക്കുന്നവൻ' എന്നാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കാരുണ്യങ്ങളും ഏറ്റവും കൂടുതൽ ആരിലാണോ ഇറങ്ങുന്നത് ആ വ്യക്തി തന്നെയാണ് ഏറ്റവും കൂടുതൽ അല്ലാഹുവിനെ സ്തുതിക്കുന്നത്. നിന്റെ മേൽ അല്ലാഹു അനുഗ്രഹങ്ങളും കാരുണ്യങ്ങളും വർഷിക്കുമെന്നാണ് ഇത്കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. അതിനാൽ ഏറ്റവും വലിയ സ്തുതിപാഠകൻ നീ തന്നെയായിരിക്കും. അപ്പോൾ നിന്റെ 'അഹ്മദ്' എന്ന പേര് പൂർത്തിയാവുന്നതാണ്. അതിനു ശേഷം പറഞ്ഞത്, ഈ രക്ത സാക്ഷികൾ വധിക്കപ്പെട്ടതിൽ ദു:ഖിക്കരുത് എന്നാണ്. അവരുടെ രക്തസാക്ഷിത്വത്തിൽ ദൈവീക യുക്തിയുണ്ട്, സംഭവിക്കണമെന്ന് നീ ആഗ്രഹിക്കുന്ന പല കാര്യങ്ങളുമുണ്ട്. എന്നാൽ അവ സംഭവിക്കുന്നത് നിനക്ക് നല്ലതല്ല. എന്നാൽ പല കാര്യങ്ങളും സംഭവിക്ക

രുതെന്ന് നീ ആഗ്രഹിക്കുന്നു. എന്നാൽ അവ സംഭവിക്കുന്നത് നിനക്ക് നല്ലതായിരിക്കും. നിനക്ക് ഏതാണ് ഉത്തമമായിട്ടുള്ളത് എന്ന് ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹുവാണ്. എന്നാൽ നീ അത് അറിയുകയില്ല. ഈ ദൈവീക വെളിപാടുകളെല്ലാം കൊണ്ട് മനസ്സിലാക്കി തന്നിരിക്കുന്നത് സാഹിബ് സാദാ മൗലവി അബ്ദുൽ ലത്തീഫ് മർഹൂമിന്റെ നിഷ്ഠൂരമായ വധം അത്യന്തം വേദനാജന കമായ ഒരു കാര്യമാണെങ്കിലും, (وما رأينا ظلمًا اغيظ من هذا) ഈ വധത്തോടനുബന്ധിച്ച് പിന്നീട് വെളിപ്പെടുവാനുള്ള നിരവധി അനുഗ്രഹങ്ങളുണ്ട്. ഈ രക്തം എന്തെല്ലം തരത്തിലുള്ള ഫലങ്ങ ളാണ് ഉളവാക്കുക എന്ന് കാബൂൾ ഭൂമി കാണുന്നതാണ്. ഈ രക്തം ഒരിക്കലും തന്നെ വൃഥാവിലായി പോവുകയില്ല. ഇതിനു മുമ്പ് എന്റെ ജമാഅത്തിൽപ്പെട്ട പാവം അബ്ദുർറഹ്മാൻ ക്രൂരമായി വധിക്കപ്പെട്ടു. അപ്പോൾ അല്ലാഹു മൗനം പാലിച്ചു. എന്നാൽ ഈ വധത്തിൽ ഇനി അവൻ മൗനം പാലിക്കുകയില്ല. വലിയ വലിയ ഫലങ്ങൾ ഉളവാക്കുന്നതാണ്. അങ്ങനെ ശഹീദ് മർഹൂമിനെ ആയിരക്കണക്കിന് കല്ലുകൾ കൊണ്ട് വധിച്ചതിന് ശേഷമുള്ള ദിവസങ്ങളിൽ കാബൂളിൽ മാരകമായ രീതിയിൽ കോളറ പടർന്ന് പിടിക്കുകയും ആ പ്രദേശത്തെ വലിയ വലിയ പേരെടുത്ത ആളു കൾ ഉൾപ്പെടെ പലരും അതിന് ഇരയാവുകയും ചെയ്തു എന്ന് കേൾക്കുകയുണ്ടായി. ചില അമീർമാരുടെ ബന്ധുക്കളും പ്രിയപ്പെ ട്ടവരും അതിൽ, ഈ ലോകത്ത് നിന്ന് യാത്രയാക്കപ്പെട്ടു. എന്നിരു ന്നാലും വളരെ നിഷ്ഠൂരമായ ഒരു വധമാണ് നടന്നിരിക്കുന്നത്. ആകാശത്തിൻ കീഴിൽ ഇക്കാലത്ത് ഈ വധത്തിനു തുല്യമായി മറ്റൊന്ന് കാണാൻ സാധ്യമല്ല. അഹോ കഷ്ടം! ആ വിഡ്ഢിയായ അമീർ എന്താണ് ചെയ്തു കൂട്ടിയത്? ഇങ്ങനെയുള്ള നിർദോ ഷിയായ ഒരു മനുഷ്യനെ അങ്ങേയറ്റം ക്രൂരമായി വധിച്ചു കൊണ്ട് തന്നെ സ്വയം നശിപ്പിച്ചിരിക്കുകയാണ് അയാൾ. അല്ലയോ കാബൂൾ ഭൂമിയെ, നിന്റെ മേൽ അതികഠിനമായ അപരാധമാണ് അനുവർത്തിക്കപ്പെട്ടിരിക്കുന്നത് എന്നതിനു നീ സാക്ഷി നിൽക്കുക. അല്ലയോ ഭാഗ്യംകെട്ട ഭൂമിയെ, നീ അല്ലാഹുവിന്റെ ദൃഷ്ടിയിൽ നിന്ന് ഇകഴ്ത്തപ്പെട്ടിരിക്കുന്നു. കാരണം നീ ഈ മഹാ അപരാധം നടന്ന സ്ഥലമായി തീർന്നിരിക്കുകയാണ്.

# മൗലവി അബ്ദുൽ ലത്തീഫ് സാഹിബ് മർഹൂമിന്റെ ഒരു പുതിയ അത്ഭുത പ്രവൃത്തി

ഞാൻ ഈ ഗ്രന്ഥം എഴുതാൻ ആരംഭിച്ചപ്പോൾ എന്റെ ഉദ്ദേശം, ഒരു ശത്രു എനിക്കെതിരിൽ നൽകിയ കേസിൽ ഹാജരാവാനായി 1903 ഒക്ടോബർ 16ാം തീയ്യതി ഗുർദാസ്പൂരിലേക്ക് പോകുന്നതിന്നു മുമ്പായി ഈ പുസ്തകം എഴുതി പൂർത്തിയാക്കി ഇത് കൂടെ കൊണ്ടു പോകണമെന്നുമായിരുന്നു. എന്നാൽ പെട്ടെന്ന് എനിക്ക് കഠിനമായ വൃക്ക വേദന ഉണ്ടാവുകയും ഇനി മൂന്നുനാലു ദിവസമേ ഉള്ളൂ എന്നും അത് അപൂർണ്ണമായി പോകുമെന്നും മാരകരോഗമായ ഈ വൃക്ക വേദന നിലനിൽക്കുകയാണെങ്കിൽ ഇതെഴുതി പൂർത്തിയാക്കാൻ സാധിക്കുകയില്ലെന്നും ഞാൻ കരുതി. അപ്പോൾ അല്ലാഹു ദുആ ചെയ്യുന്നതിലേക്ക് എന്നിൽ പ്രത്യേകം ഒരു ശ്രദ്ധയുണ്ടാക്കി. രാത്രി പന്ത്രണ്ട് മണിക്ക് ശേഷം ഒരു മൂന്നു മണിക്കൂർ എങ്കിലും കഴിഞ്ഞിട്ടുണ്ടായിരിക്കും, ഞാൻ വീട്ടിലുള്ളവരോട് പറഞ്ഞു, ഞാൻ ദുആ ചെയ്യാം, നിങ്ങളെല്ലാവരും 'ആമീൻ' എന്ന് പറയണം. അങ്ങനെ ഞാൻ ആ വേദനാപൂർണ്ണമായ അവസ്ഥയിൽ സാഹിബ് സാദാ അബ്ദുൽ ലത്തീഫിനെ കുറിച്ചുള്ള ചിന്തയോടു കൂടി ദുആ ചെയ്തു. 'അല്ലാഹുവേ, ആ പരേതാത്മാവിന് വേണ്ടിയാണ് ഞാൻ ഇത് എഴുതാൻ ആഗ്രഹിച്ചത്.' അപ്പോൾ തന്നെ എനിക്ക് ഒരു മയക്കം അനുഭവപ്പെടുകയും, ഈ ഇൽഹാം ഉണ്ടാവുകയും ചെയ്തു. سَلٰمٌ قَوْلًا مِّنْ رَّبٍّ رَّحِيْمٍ അതായത് 'രക്ഷയും സുഖവുമുണ്ട്. ഇത് കാരുണ്യവാനായ അല്ലാഹുവിന്റെ വചനമാണ്'. എന്റെ ജീവൻ ആരുടെ കയ്യിലാണോ അവന്റെ അസ്തിത്വമാണെ സത്യം, അപ്പോൾ രാവിലെ ഒരു ആറു മണി പോലും ആയിട്ടുണ്ടായിരിക്കുകയില്ല. ഞാൻ പൂർണമായും ആരോഗ്യവാനായി തീർന്നു. അന്നേ ദിവസം പകുതിയാകുമ്പോഴേക്കും ഞാൻ ഈ ഗ്രന്ഥം എഴുതി പൂർത്തിയാക്കി. *അൽഹംദുലില്ലാഹ് അലാ ദാലിക്.*

# എന്റെ ജമാഅത്തിന്റെ ശ്രദ്ധയിലേക്കായി ഒരു പ്രത്യേക കാര്യം

ജമാഅത്തിലെ ചില വ്യക്തികൾക്ക് തങ്ങളുടെ വാഗ്ദത്തങ്ങളിൽ ഉറച്ചു നിൽക്കുന്നതു പോലും പ്രയാസകരമാണ് എന്ന തരത്തിൽ അവരുടെ ആത്മീയാവസ്ഥ ബലഹീനമാണെന്ന് എനിക്ക് അറിയാവുന്നതാണ്. എന്നാൽ സാഹിബ് സാദാ മൗലവി മുഹമ്മദ് അബ്ദുൽ ലത്തീഫ് മർഹൂം മുഖേന പ്രകടമായ ഈ സ്ഥിരചിത്തതയും ത്യാഗമനോഭാവവും കാണുമ്പോൾ എനിക്ക് എന്റെ ജമാഅത്തിനെ സംബന്ധിച്ചുള്ള പ്രതീക്ഷകൾ വളരെയധികം വർദ്ധിക്കുകയാണ് ചെയ്യുന്നത്. കാരണം അല്ലാഹു ജമാഅത്തിലെ ചില വ്യക്തികൾക്ക് അവരുടെ ധനം മാത്രമല്ല ജീവനും അവന്റെ മാർഗത്തിൽ ത്യാഗം ചെയ്യാൻ തൗഫീഖ് നൽകിയത് മുഖേന അല്ലാഹുവിന്റെ വ്യക്തമായിട്ടുള്ള ഉദ്ദേശം, സാഹിബ് സാദാ മൗലവി അബ്ദുൽ ലത്തീഫിന്റെ ആത്മാവുള്ളവരേയും അദ്ദേഹത്തിന്റെ ആത്മീയതയിലുള്ള പുതുനാമ്പുകളേയും ഈ ജമാഅത്തിൽ സൃഷ്ടിക്കണമെന്നാണ്. മൗലവി സാഹിബിന്റെ രക്ത സാക്ഷിത്വ സംഭവത്തിന് തൊട്ട് മുമ്പ് ഞാൻ ആത്മീയ ദർശനത്തിൽ കാണുകയുണ്ടായി, നമ്മുടെ തോട്ടത്തിൽ നിന്ന് ഒരു ഉയരമുള്ള വലിയ ശാഖ വെട്ടിമാറ്റപ്പെട്ടിരിക്കുന്നു എന്ന്. **അപ്പോൾ ഞാൻ പറഞ്ഞു, ആ ശാഖ ഭൂമിയിൽ വീണ്ടും കുഴിച്ചിടുക. അത് വളർന്ന് വലുതാകു

**കുറിപ്പ്: സാഹിബ് സാദാ മൗലവി അബ്ദുൽ ലത്തീഫ് സാഹിബ് മർഹൂമിനെ സംബന്ധിച്ച് അദ്ദേഹം ഖാദിയാനിലുണ്ടായിരുന്നപ്പോൾ ഒരു വ്യക്തമായ ദൈവീക വെളിപാട് ഇതിന് മുമ്പ് ഉണ്ടായിരുന്നു. ഈ ദൈവീക വെളിപാട് ഇംഗ്ലിഷ് മാസികയിൽ 1903 ഫെബ്രുവരി 9ാം തീയ്യതിയും അൽ ഹക്കമിൽ 1903 ജനുവരി 17ാം തീയ്യതിയും അൽ ബദറിൽ 1903 ജനുവരി 16ാം തീയ്യതിയും രണ്ടാം കോളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു. അത് മൗലവി സാഹിബിന്റെ വധത്തെ സംബന്ധിച്ച് തന്നെയായിരുന്നു. അത് ഇതാണ്, قُتِـلَ خَيْبَةً وَ زِيْـدَ هَيْبَةً അതായത്, അയാളുടെ വാക്ക് ആരും തന്നെ ശ്രദ്ധിക്കാത്ത അവസ്ഥയിൽ അയാൾ വധിക്കപ്പെട്ടു. അയാളുടെ വധം ഒരു ഭയാനകമായ കാര്യമായിരുന്നു. ജനങ്ങൾക്ക് അത് വളരെ ഭയാനകമായി തോന്നുകയും അത് അവരുടെ ഹൃദയങ്ങളിൽ പ്രതികരണമുണ്ടാക്കുകയും ചെയ്തു.

ന്നതാണ്. ഇതിന്റെ വ്യാഖ്യാനമായി ഞാൻ മനസ്സിലാക്കിയത്, അല്ലാഹു അദ്ദേഹത്തിന് ഒരു പാട് പകരക്കാരെ സൃഷ്ടിക്കുമെന്നാണ്. ഏതെങ്കിലും അവസരത്തിൽ എന്റെ ഈ ആത്മീയ ദർശനത്തിന്റെ വ്യാഖ്യാനം പ്രകടമാകുമെന്ന് തന്നെയാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നത്. എന്നാൽ ഈ പ്രസ്ഥാനത്തെ നിലനിർത്തുന്നതിന്ന് വേണ്ടി എന്തെങ്കിലും ചെറിയ കാര്യം പോലും ജമാഅത്തിനു മുമ്പിൽ സമർപ്പിക്കുമ്പോൾ, ഇത് ആരെയെങ്കിലും പരീക്ഷണത്തിൽ അകപ്പെടുത്തുമോ എന്ന ചിന്ത എന്റെ ഹൃദയത്തിൽ ഉണ്ടാകുന്ന അവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്. ഇപ്പോൾ ഒരു പ്രധാനപ്പെട്ട കാര്യം ഞാൻ ജമാഅത്തിന്റെ മുമ്പിൽ സമർപ്പിക്കാൻ ആഗ്രഹിക്കുന്നത്, എന്റെ ജമാഅത്ത് ഇടക്കിടെ ഇവിടുത്തെ ലങ്കർഖാനക്ക് വേണ്ടി ഇത്രത്തോളം സഹായങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു എന്നുള്ളത് വളരെയധികം ശ്ലാഘനീയമാണ്. ഈ സഹായത്തിൽ പഞ്ചാബിന്റെ ഒരു വലിയ പങ്കാണ് ഉള്ളത് എന്നത് ഒരു സത്യമാണ്. അതിനുള്ള കാരണം പഞ്ചാബിൽ നിന്നുള്ളവരാണ് എന്റെ അടുക്കൽ കൂടുതലായും വന്നു പോകാറുള്ളത്. അശ്രദ്ധ നിമിത്തം ഹൃദയങ്ങളിൽ കാഠിന്യമുണ്ടാകുമ്പോൾ സഹവാസം മുഖേനയും ഇടക്കിടെയുള്ള കൂടിക്കാഴ്ചകളുടെ ഫലമായി കൊണ്ടും ആ കാഠിന്യം വളരെ വേഗം തന്നെ ദൂരപ്പെട്ടു പോകുന്നു. അത്കൊണ്ട് പഞ്ചാബിലുള്ള ആളുകളിൽ ചിലർ പ്രത്യേകിച്ച് അവരുടെ സ്നേഹത്തിലും സത്യത്തിലും ആത്മാർത്ഥയിലും മുന്നേറി കൊണ്ടിരിക്കുന്നവരും അതേപോലെ എല്ലാ വിധ ആവശ്യഘട്ടത്തിലും വളരെയധികം ആവേശം കാണിക്കുന്നവരും സത്യമായ അനുസരണത്തിന്റെ അടയാളങ്ങൾ അവരിൽ നിന്ന് പ്രകടമാക്കുന്നവരുമാണ്. ഈ ദേശം മറ്റു ദേശങ്ങളെ അപേക്ഷിച്ച് മാർദ്ദവ ഹൃദയമുള്ളതുമാണ്. എന്നാൽ ദൂരെയുള്ള മുഴുവൻ ശിഷ്യന്മാരേയും സംബന്ധിച്ച് അവർ ആത്മാർത്ഥതയിലും ആവേശത്തിലും ഒന്നും തന്നെ കരസ്ഥമക്കിയിട്ടില്ല എന്ന് ഞാൻ മനസ്സിലാക്കുകയാണെങ്കിൽ അത് നീതിയിൽപ്പെട്ടതാവുകയില്ല. കാരണം സാഹിബ് സാദാ മൗലവി അബ്ദുൽ ലത്തീഫ് പ്രകടിപ്പിച്ച ഈ ജീവത്യാഗത്തിന്റെ മാതൃക നോക്കുക. അദ്ദേഹം വിദൂരപ്രദേശത്തുള്ള ആളായിരുന്നു. അദ്ദേഹത്തിന്റെ സത്യത്തിന്റെയും കൂറിന്റേയും ആത്മാർത്ഥതയുടേയും സ്ഥിരചിത്തതയുടേയും മുമ്പിൽ പഞ്ചാബിലെ വലിയ വലിയ മുഖ്ലിസീങ്ങൾ പോലും ലജ്ജിതരാവുകയും അദ്ദേഹം ഏകനായി കൊണ്ട് നമുക്കെല്ലാവർക്കും ശേഷം വരികയും എല്ലാവരേ

ക്കാളും മുന്നിൽ കടക്കുകയും ചെയ്തു എന്ന് പറയേണ്ടി വരികയും ചെയ്യുന്നതാണ്. ഇതേപ്രകാരം ചില ദൂരരാജ്യങ്ങളിലുള്ള മുഖ്‌ലിസീങ്ങൾ വലിയ വലിയ സാമ്പത്തീക ത്യാഗങ്ങൾ ചെയ്തവരായിട്ടുണ്ട്. അവരുടെ സത്യത്തിലും ആത്മാർത്ഥതയിലും ഒരിക്കലും തന്നെ ഒരു കുറവും വന്നിട്ടില്ല. എന്റെ ആത്മ മിത്രം മദ്രാസിലെ വാണിജ്യപ്രമുഖൻ സേട്ട് അബ്ദുർറഹ്മാനും അതു പോലുള്ള മറ്റു ചില സുഹൃത്തുക്കളും അങ്ങനെയുള്ളവരാണ്. എന്നാൽ എണ്ണത്തിലുള്ള ആധിക്യം പരിഗണിച്ചുകൊണ്ട് പഞ്ചാബിന് മുൻഗണന നൽകിയിരിക്കുകയാണ്. കാരണം എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും ദീനിയായ സേവനത്തിൽ വളരെയധികം പങ്കാളികളാകുന്നുണ്ട്. നമ്മുടെ പ്രസ്ഥാനത്തിൽ അംഗങ്ങളാണെങ്കിലും ദൂരെയുള്ളവരിൽ അധികം പേർക്കും സഹവാസത്തിനുള്ള സന്ദർഭം ലഭിക്കുന്നത് വിരളമായതിനാൽ, അവരുടെ ഹൃദയങ്ങൾ പരിപൂർണമായും ഭൗതീകതയുടെ മാലിന്യത്തിൽ നിന്ന് പരിശുദ്ധമായിട്ടില്ല. അവസാനം അവരും ഈ മാലിന്യത്തിൽ നിന്ന് ശുദ്ധരാവുകയോ അല്ലെങ്കിൽ അല്ലാഹു അവരെ ഈ പരിശുദ്ധ പ്രസ്ഥാനത്തിൽ നിന്ന് വെട്ടിക്കളയുകയോ ചെയ്യുമെന്നാണ് തോന്നുന്നത്. അങ്ങനെ അവർ ഒരു ശവത്തെ പോലുള്ള മരണം വരിക്കുന്നതാണ്. ഐഹീക പ്രേമമാണ് മനുഷ്യന്റെ ഏറ്റവും വലിയ വീഴ്ച. ഭാഗ്യംകെട്ടതും ലക്ഷണംകെട്ടതുമായ ഈ ഐഹീക ലോകം ചിലപ്പോൾ ഭയപ്പെടുത്തി കൊണ്ടും മറ്റു ചിലപ്പോൾ പ്രതീക്ഷകൾ നൽകികൊണ്ടും ജനങ്ങളിൽ ഭൂരിപക്ഷം പേരേയും തന്റെ വലയിൽ അകപ്പെടുത്തുകയും അങ്ങനെ അവർ അതിൽ തന്നെ മരിച്ചൊടുങ്ങുകയും ചെയ്യുന്നു. ബുദ്ധിഹീനനായ അവൻ ചോദിക്കുന്നത്, ഞങ്ങൾ ഐഹീക ലോകത്തെ ഉപേക്ഷിക്കണമെന്നാണോ? ഈയൊരു തെറ്റായ ചിന്ത മനുഷ്യനെ ഈമാനില്ലാത്തവനാക്കികൊണ്ട് നശിപ്പിച്ചേ അടങ്ങുകയുള്ളൂ. അല്ലയോ വിഡ്ഢിയായ മനുഷ്യാ, ജീവിത വിഭവങ്ങളെ പരിഗണിക്കുന്നത് ഉപേക്ഷിക്കണമെന്ന് ആരാണ് പറയുന്നത്? എന്നാൽ നിന്റെ ഹൃദയത്തെ ഭൗതീക ലോകത്തിൽ നിന്നും, ഭൗതീക ലോകത്തിന്റെ വഞ്ചനകളിൽ നിന്നും മുക്തമാക്കാത്തിടത്തോളം നീ നാശം ഭവിച്ചവൻ തന്നെയാണ്. ഏതൊരു ഭാര്യാമക്കൾക്ക് വേണ്ടിയാണോ നീ പരിധികൾ ലംഘിച്ച് മുന്നേറി കൊണ്ട് അല്ലാഹുവിനോടുള്ള കടമകളെ പോലും ഉപേക്ഷിക്കുകയും വിവിധങ്ങളായ കാപട്യങ്ങൾ അനുവർത്തിച്ചുകൊണ്ട് ഒരു ശൈത്താനായി തീരുകയും ചെയ്യുന്നത്, അത് മുഖേന ആ ഭാര്യാമക്കൾക്ക് വേണ്ടി തിന്മയു

ടെ ബീജം വിതച്ചുകൊണ്ട് അവരെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. അതിനാൽ നീ അല്ലാഹുവിന്റെ ശരണത്തിലല്ല ഉള്ളത്. കാരണം നീ സ്വാത്വികനല്ല. അല്ലാഹു നിന്റെ ഹൃദയത്തിന്റെ അടിവേരുകളെ പോലും കണ്ടുകൊണ്ടിരിക്കുന്നു. അതിനാൽ നീ അസമയത്ത് മരിക്കുകയും നിന്റെ ഭാര്യാമക്കളെ നാശത്തിലേക്ക് തള്ളുകയും ചെയ്യുന്നതാണ്. എന്നാൽ അല്ലാഹുവിലേക്ക് കുനിയുന്നവന്റെ ഭാര്യാമക്കൾക്ക് അവന്റെ സൗഭാഗ്യത്താൽ അതിൽ നിന്ന് പങ്ക് ലഭിക്കുന്നതാണ്. അവന്റെ മരണത്തിന് ശേഷം അവർ ഒരിക്കലും നശിക്കുകയും ചെയ്യുന്നില്ല. ഞാനുമായി ആത്മാർത്ഥമായ ബന്ധം വച്ച് പുലർത്തുന്നവൻ ആയിരം കാതം അകലെയാണെങ്കിലും, അല്ലാഹു അവർക്ക് സഹവാസം മുഖേനയുള്ള അനുഗ്രഹങ്ങൾക്ക് അവസരം നൽകേണമേ എന്ന് അവർ എനിക്ക് എപ്പോഴും എഴുതി കൊണ്ടിരിക്കുന്നവരും ദുആ ചെയ്യുന്നവരുമാണ്. എന്നാൽ കഷ്ടമെന്ന് പറയട്ടെ, ചിലരെ ഞാൻ കാണുന്നുണ്ട്. അവർ വന്ന് കൂടിക്കാഴ്ച നടത്തി എന്നതൊഴിച്ചാൽ വർഷങ്ങളോളം കടന്നു കഴിഞ്ഞാലും ഒരു പോസ്റ്റ് കാർഡ് പോലും അവരുടെ ഭാഗത്ത് നിന്ന് വരുന്നില്ല. അങ്ങനെയുള്ളവരുടെ ഹൃദയങ്ങൾ മരിച്ചു പോയെന്നും അവരുടെ അന്തരാളമാകുന്ന മുഖത്ത് കുഷ്ഠത്തിന്റെ കറ പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്നുമാണ് ഞാൻ ഇതിൽ നിന്ന് മനസ്സിലാക്കുന്നത്. എന്റെ ജമാഅത്തിലുള്ള എല്ലാവരും അല്ലാഹുവിനെ ഭയപ്പെടുന്നവരും, നമസ്ക്കാരം നിലനിർത്തുന്നവരും, രാത്രി കാലങ്ങളിൽ എഴുന്നേറ്റ് നിലത്ത് വീണുകൊണ്ട് കരയുന്നവരും, അല്ലാഹുവിനോടുള്ള കടമകൾ പാഴാക്കാത്തവരും, പിശുക്കരും ലുബ്ധരും അശ്രദ്ധരും ഐഹീക ജീവിതത്തിലെ കീടങ്ങളുമായിത്തീരരുതെന്നും ഞാൻ ദുആ ചെയ്തുകൊണ്ടിരിക്കാറുണ്ട്. അല്ലാഹു എന്റെ ഈ ദുആകളെല്ലാം സ്വീകരിക്കുമെന്നും അങ്ങിനെയുള്ളവരാണ് എന്റെ പിൻഗാമികളായിട്ടുള്ളവരെന്ന് അല്ലാഹു എനിക്ക് കാണിച്ചുതരുമെന്നും ഞാൻ പ്രത്യാശിക്കുന്നു. എന്നാൽ ആരുടെ കണ്ണുകളാണ് വ്യഭിചരിക്കുന്നത്, ആരുടെ ഹൃദയങ്ങളാണ് അമേധ്യത്തെക്കാൾ മലീമസമായത്, ആരാണോ മരണത്തെ ഒരിക്കലും ഓർക്കാത്തത്, അങ്ങനെയുള്ളവരെ തൊട്ട് ഞാനും എന്റെ അല്ലാഹുവും നീരസത്തിലാണ്. അങ്ങനെയുള്ളവർ ഈ ബന്ധം വിഛേദിക്കുകയാണെങ്കിൽ അതിൽ ഞാൻ എറ്റവും സന്തോഷിക്കുന്നവനാണ്. കാരണം നിങ്ങളെ കണ്ടാൽ അല്ലാഹുവിനെ ഓർക്കുന്ന മാതൃകയിലുള്ളവരും തഖ്‌വയിലും പരിശുദ്ധിയിലും ഒന്നാം സ്ഥാനത്ത് നിലകൊള്ളുന്നവരും യഥാർ

ത്ഥത്തിൽ ദീനിനു ദുനിയാവിനേക്കാൾ മുൻഗണന നൽകിയവരു മായ ഒരു സമുദായമാക്കി തീർക്കാനാണ് അല്ലാഹു ഈ ജമാഅ ത്തിനെ കൊണ്ട് ആഗ്രഹിക്കുന്നത്. എന്നാൽ എന്റെ കൈകൾക്ക് താഴെ കൈവച്ചുകൊണ്ട് ഞങ്ങൾ ദീനിന്ന് ദുനിയാവിനേക്കാൾ മുൻഗണന നൽകിയിരിക്കുന്നു എന്ന് പറഞ്ഞിട്ടും, അത് ലംഘിക്കു ന്നവരായ ആളുകൾ പിന്നീട് തങ്ങളുടെ വീടുകളിൽ ചെന്ന് കൊണ്ട് ഭൗതീക ലോകം മാത്രം അവരുടെ ഹൃദയങ്ങളിൽ നിലകൊള്ളുന്ന രൂപത്തിലുള്ള പല കുഴപ്പമേറിയ പ്രവൃത്തികളിലും മുഴുകി പോ കുന്നു. അവരുടെ ദൃഷ്ടികൾ പരിശുദ്ധമല്ല. അവരുടെ ഹൃദയങ്ങൾ പവിത്രവുമല്ല. അവരുടെ കൈകളിൽ നിന്ന് ഒരു നന്മയും തന്നെ ഉണ്ടാകുന്നില്ല. അവരുടെ കാലുകൾ ഏതെങ്കിലും നന്മയായ പ്രവൃ ത്തിയിലേക്ക് ചലിക്കുന്നില്ല. അന്ധകാരങ്ങളിൽ ജനിച്ച് വളർന്ന് അതിൽ തന്നെ ജീവിച്ച് അതിൽ തന്നെ ചത്തൊടുങ്ങുന്ന എലി കളെ പോലെയാണവർ. അവർ ആകാശത്ത് നമ്മുടെ പ്രസ്ഥാനത്തി ൽ നിന്ന് വെട്ടിമാറ്റപ്പെട്ടവരാണ്. ഞങ്ങൾ ഈ ജമാഅത്തിൽ പ്രവേ ശിച്ചിരിക്കുന്നു എന്ന് അവർ പറയുന്നത്, തികച്ചും അടിസ്ഥാന രഹിതമാണ്. കാരണം അവർ പ്രവേശിച്ചവരാണെന്ന് ആകാശത്ത് മനസ്സിലാക്കപ്പെടുന്നില്ല. യഥാർത്ഥത്തിൽ ദീനിനെ ദുനിയാവിനേ ക്കാൾ മുന്തിക്കണമെന്നും, യഥാർത്ഥത്തിൽ ഒരു പരിശുദ്ധ പരിവർ ത്തനം തന്റെ അസ്തിത്വത്തിൽ വരുത്തണമെന്നും, യഥാർത്ഥ ത്തിൽ പരിശുദ്ധ ഹൃദയവും പരിശുദ്ധ നിശ്ചയവും ഉള്ളവനായി തീരണമെന്നും, മാലിന്യങ്ങളും നിഷിദ്ധങ്ങളുമാകുന്ന മുഴുവസ്ത്ര ങ്ങളും തന്റെ ശരീരത്തിൽ നിന്ന് ഊരി എറിയണമെന്നും, മനുഷ്യ കുലത്തിനോട് സഹാനുഭൂതിയുള്ളവനും അല്ലാഹുവിന്റെ യഥാ ർത്ഥ അനുയായിയുമായി തീരണമെന്നും, തന്റെ എല്ലാ വിധ സ്വാർ ത്ഥതകളോടും യാത്രപറഞ്ഞ് എന്റെ പിന്നിൽ അണിചേരുക എന്നു മുള്ള എന്റെ ഈ വസിയ്യത്തിനെ കൈകൊള്ളാത്ത വ്യക്തിയെ സംബ ന്ധിച്ച് ശവങ്ങൾ കൊണ്ടിടപ്പെടുന്ന പ്രദേശത്ത് നിന്ന് മാറി പ്പോകാത്ത പട്ടിക്ക് സമാനനായിട്ടാണ് ഞാൻ കാണുന്നത്. അവിടെ ചീഞ്ഞു നാറിയ ശവങ്ങൾ മാത്രമാണുണ്ടാവുക. നാവുകൊണ്ട് മാത്രം എന്റെ കൂടെയുള്ളവരും, ഇതുപോലെ കാണുവാൻ വേണ്ടി മാത്രമുള്ള ഒരു ജമാഅത്തും മതി എന്ന ദാരിദ്രാവസ്ഥയിലാണോ ഞാൻ? ഞാൻ സത്യമായും പറയുന്നു, ആളുകളെല്ലാവരും എന്നെ ഉപേക്ഷിക്കുകയും ഒരാൾ പോലും എന്റെ കൂടെ ഇല്ലാതിരിക്കുക യും ചെയ്താലും, എന്റെ അല്ലാഹു സത്യത്തിലും കൂറിലും ഇവരെ

ക്കാൾ മികച്ചവരായ ഒരു സമുദായത്തെ എനിക്ക് വേണ്ടി സൃഷ്ടിച്ചു തരുന്നതാണ്. ഇവിടെ ആകാശീയമായ ആകർഷണമാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. എന്നിലേക്ക് ഓടി വരുന്ന സത്യഹൃദയരായ ആളുകളെ ഈ ആകാശീയ ആകർഷണത്തിൽ നിന്ന് തടയാൻ ആർക്കും സാധ്യമല്ല. തങ്ങളുടെ ചതികളിലും വഞ്ചനകളിലും അല്ലാഹുവിനേക്കാൾ കൂടുതൽ വിശ്വാസമർപ്പിക്കുന്ന ചിലരുണ്ട്. നുബുവ്വത്തും രിസാലത്തും മനുഷ്യന്റെ കുതന്ത്രങ്ങളാണെന്നും യാദൃശ്ചികമായിട്ടാണ് അതിന് പ്രശസ്തിയും സ്വീകാര്യതയും ലഭിച്ചത് എന്നുമുള്ള തോന്നൽ ചിലപ്പോൾ അങ്ങനെയുള്ള അവരുടെ ഹൃദയങ്ങളിൽ ഗോപ്യമായിട്ടുണ്ടായിരിക്കാം. ഈ ഒരു ചിന്തയെക്കാൾ മലിനതരമായിട്ടുള്ള വേറെ ചിന്തയില്ല. ആരുടെ ഇച്ഛ കൂടാതെ ഒരു ഇല പോലും കൊഴിയുന്നില്ലയോ, അങ്ങനെയുള്ള അല്ലാഹുവിന്റെ മേൽ ഇത്തരം മനുഷ്യന് യാതൊരു വിശ്വാസവും ഉണ്ടായിരിക്കുകയില്ല. ഇങ്ങനെയുള്ള ഹൃദയങ്ങൾ ശപിക്കപ്പെട്ടവയും ഇങ്ങനെയുള്ള പ്രകൃതങ്ങൾ ശാപഗ്രസ്തങ്ങളുമാണ്. അല്ലാഹു അവരെ നിന്ദ്യതയോടെ മരിപ്പിക്കുന്നതാണ്. കാരണം അല്ലാഹുവിന്റെ സംവിധാനങ്ങളുടെ ശത്രുക്കളാണവർ. ഇങ്ങനെയുള്ള ആളുകൾ യഥാർത്ഥത്തിൽ നാസ്തികരും ആന്തരീകമായി അവിശുദ്ധരാണ്. (ബാക്കി) ജീവിതത്തിന്റെ ദിനങ്ങളാണവർ കഴിച്ചു കൂട്ടുന്നത്. മരണശേഷം നരകത്തിലെ അഗ്നിയല്ലാതെ അവർക്ക് പങ്കായിട്ട് ഒന്നും തന്നെ ലഭിക്കുകയില്ല.

ഇനി ചുരുക്കത്തിൽ പറയാനുള്ളത്, ലങ്കർഖാനക്കും ഇംഗ്ലീഷിലും ഉറുദുവിലുമായി പ്രസിദ്ധീകരിക്കപ്പെടുന്ന മാസികക്കും പുറമെ വളരെയധികം സുഹൃത്തുക്കൾ ഉത്സാഹം പ്രകടിപ്പിച്ചതനുസരിച്ച് ഒരു മദ്രസയും ഖാദിയാനിൽ തുറന്നിട്ടുണ്ട്. ഒരു ഭാഗത്ത്, ചെറിയ പ്രായത്തിലുള്ള കുട്ടികൾ വിദ്യ ആർജ്ജിക്കുന്നതോടൊപ്പം മറുഭാഗത്ത് നമ്മുടെ പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്വങ്ങളെ കുറിച്ച് അറിവ് കരസ്ഥമാക്കുകയും ചെയ്യുന്നു എന്നുള്ളതാണ് ഇത് കൊണ്ടുള്ള ഗുണം. ഇങ്ങനെ വളരെ എളുപ്പത്തിൽ ഒരു ജമാഅത്ത് തയ്യാറായി വരുന്നു എന്ന് മാത്രമല്ല, ചിലപ്പോൾ അവരുടെ മാതാപിതാക്കളും ഈ പ്രസ്ഥാനത്തിൽ പ്രവേശിക്കുന്നതുമാണ്. എന്നാൽ ഇപ്പോൾ നമ്മുടെ ഈ മദ്രസ വളരെയധികം പ്രയാസങ്ങളിലൂടെയാണ് കടന്നു പോകുന്നത്. എന്റെ പ്രിയപ്പെട്ട സഹോദരനും മാലേർ കോട്ട്ല നാട്ടു പ്രമാണിയുമായ നവാബ് മുഹമ്മദലി ഖാൻ സാഹിബ്

തന്റെ വകയായി എല്ലാ മാസവും 80 രൂപ നൽകികൊണ്ട് ഈ മദ്രസയെ സഹായിക്കുന്നുണ്ടെങ്കിലും മാസാമാസം ഉസ്താദുമാരുടെ ശമ്പളം കൊടുക്കാൻ സാധിക്കുന്നില്ല. നൂറുക്കണക്കിന് രൂപ കടമായി പോകാറുണ്ട്. ഇതിനുപുറമെ മദ്രസക്ക് വേണ്ടി കെട്ടിടം അത്യാവശ്യമാണെങ്കിലും അതും ഇപ്പോൾ തയ്യാറാക്കാൻ സാധിച്ചിട്ടില്ല. ഈ സങ്കടവും മറ്റു സങ്കടങ്ങളോടൊപ്പവും എന്നെ ശല്യപ്പെടുത്തി കൊണ്ടിരിക്കുകയാണ്. ഇത് സംബന്ധമായി എന്താണ് ചെയ്യേണ്ടതെന്ന് ഞാൻ വളരെയധികം ചിന്തിച്ചു. എന്റെ ജമാഅത്തിലെ ആത്മാർത്ഥരായ സഹോദരന്മാർ, അവർക്ക് കഴിയുമെങ്കിൽ പരിപൂർണ്ണ ശ്രദ്ധയോടുകൂടി ഈ മദ്രസക്ക് വേണ്ടിയും ഒരു മാസാന്ത വരിപ്പണം നിശ്ചയിക്കണമെന്ന കാര്യത്തിലേക്ക് ശക്തമായി ഇപ്പോൾ അവരെ ഉദ്ബോധിപ്പിക്കുക എന്ന ഉപായമാണ് അവസാനം എന്റെ ചിന്തയിൽ വന്നത്. അങ്ങനെ അവരിൽ എല്ലാവരും ഒരു നിശ്ചയദാർഢ്യത്തോടുകൂടി എന്തെങ്കിലും ഒന്ന് നിശ്ചയിച്ചു കൊണ്ട് ഒരിക്കലും പിന്മാറാത്ത രൂപത്തിൽ ചെയ്യണമെന്നാണ്. എന്നാൽ ദൈവ വിധികൊണ്ട് സംബന്ധിച്ചേക്കാവുന്ന ഏതെങ്കിലും നിർബന്ധിതാവസ്ഥ മുഖേന, അങ്ങനെ ചെയ്യാൻ ഏതെങ്കിലും സഹോദരന് സാധിക്കാതെ വരികയാണെങ്കിൽ അങ്ങനെയുള്ളവർക്കായി നിർബന്ധ ഘട്ടത്തിൽ അവർ ലങ്കർഖാനക്കായി എന്തൊന്ന് അയച്ചു കൊടുക്കുന്നുവോ അതിന്റെ നാലിലൊന്ന് ഭാഗം നേരിട്ട് മദ്രസക്ക് വേണ്ടി നവാബ് സാഹിബിന്റെ പേരിൽ അയച്ചുകൊടുക്കണമെന്ന ഒരു നിർദേശവും ആലോചിച്ചിട്ടുണ്ട്. ഇത് ലങ്കർഖാനക്കുള്ള സംഖ്യയിൽ ഒരിക്കലും ഉൾപ്പെടുത്താതെ വേറെ തന്നെ മണിഓഡർ ആയികൊണ്ടാണ് അയക്കേണ്ടത്. ലങ്കർഖാനയുടെ കാര്യങ്ങൾ എല്ലാ ദിവസവും എനിക്ക് തന്നെയാണ് ചെയ്യേണ്ടി വരുന്നത്. അത് സംബന്ധമായ സങ്കടങ്ങൾ എന്നെ നേരിട്ട് ബാധിക്കുകയും എന്റെ സമയങ്ങളെ അത് അലോസരപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ ഈ ദു:ഖവും എനിക്ക് കണ്ടു നിൽക്കാൻ സാധിക്കുന്നില്ല. അത് കൊണ്ടാണ് ഞാൻ എഴുതുന്നത്, ഞാൻ എല്ലാ വിധ പ്രതീക്ഷകളും അർപ്പിക്കുന്ന ഈ പ്രസ്ഥാനത്തിലെ ധീരരായിട്ടുള്ള ആളുകൾ എന്റെ ഈ അപേക്ഷയെ ഉപയോഗശൂന്യവസ്തുവിനെ പോലെ എറിഞ്ഞുകളയാതെ പൂർണ ശ്രദ്ധയോടുകൂടി പ്രാവർത്തികമാക്കേണ്ടതാണ്. ഞാൻ തന്നിഷ്ട പ്രകാരം ഒന്നും തന്നെ പറയുന്നില്ല. അല്ലാഹു എന്റെ ഹൃദയത്തിൽ ഇട്ടുതരുന്നത് മാത്രമാണ് ഞാൻ പറയുന്നത്. ഞാൻ വളരെയധികം ചിന്തിക്കുക

യും വീണ്ടും വീണ്ടും നിരീക്ഷണം നടത്തുകയും ചെയ്തിട്ടുണ്ട്. ഞാൻ മനസ്സിലാക്കിയതനുസരിച്ച് ഖാദിയാനിലെ ഈ മദ്രസ നിലനിൽക്കുകയാണെങ്കിൽ വളരെയധികം അനുഗ്രഹങ്ങൾക്ക് കാരണമായി തീരുകയും അത് മുഖേന അഭ്യസ്തവിദ്യരായവരുടെ ഒരു സൈന്യം തന്നെ നമ്മുടെ ഭാഗത്തേക്ക് വരുന്നതുമാണ്. വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും ദീനിനു വേണ്ടിയല്ല, ദുനിയാവിനു വേണ്ടിയാണ് പഠിക്കുന്നത് എന്നും അവരുടെ മാതാപിതാക്കളുടെ ചിന്തകളും അത്രത്തോളം തന്നെ പരിമിതമാണെന്നും എനിക്ക് അറിയാമെങ്കിലും, എന്നിരുന്നാലും നിത്യേനയുള്ള സഹവാസം മുഖേന തീർച്ചയായും അതിന്റെ ഒരു സ്വാധീനം ഉണ്ടാകുന്നതാണ്. 20 വിദ്യാർത്ഥികളിൽ ഒരാളെങ്കിലും ദീനികാര്യങ്ങളിലേക്ക് താൽപര്യമുള്ള പ്രകൃതത്തിലായി തീരുകയും, നമ്മുടെ പ്രസ്ഥാനവും അധ്യാപനവും അനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്യുകയാണെങ്കിലും ഈ മദ്രസക്ക് അടിസ്ഥാനമിട്ടുകൊണ്ട് നാം നമ്മുടെ ലക്ഷ്യം കരസ്ഥമാക്കിയിരിക്കുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നതാണ്. ഈ മദ്രസ എപ്പോഴും ഈ രോഗാവസ്ഥയിലും ബലഹീനാവസ്ഥയിലും തന്നെ നിലനിൽക്കുമെന്ന് മനസ്സിലാക്കരുത്. മറിച്ച് അവിടെ പഠിക്കുന്നവരുടെ ഫീസ് മുഖേന വളരെയധികം സഹായം ലഭിക്കുമെന്നോ അത് തന്നെ മതിയാവുന്നതുമാണെന്നോ ഉറപ്പാണ്. ആ അവസരത്തിൽ ലങ്കർഖാനയുടെ അത്യാവശ്യത്തിനുള്ള പണം വെട്ടിക്കുറച്ചുകൊണ്ട് മദ്രസക്ക് നൽകേണ്ട ഒരു സാഹചര്യവും നിലനിൽക്കുകയില്ല. അങ്ങനെ ഈയൊരു വിശാലത കൈവന്നു കഴിഞ്ഞാൽ, അപ്പോൾ നമ്മുടെ ഈയൊരു നിർദ്ദേശം കാലഹരണപ്പെട്ടുപോവുന്നതാണ്, ലങ്കർഖാനയും യഥാർത്ഥത്തിൽ ഒരു മദ്രസ തന്നെയാണ്. അങ്ങനെ അതിനു, അതിന്റെ നാലിലൊരു ഭാഗം സംഖ്യയും തിരിച്ചു ലഭിക്കുന്നതാണ്. ലങ്കർഖാനക്ക് ക്ഷതം സംഭവിക്കുന്ന ഈയൊരു പ്രയാസകരമായ മാർഗ്ഗം ഞാൻ സ്വീകരിച്ചത്, പുതിയ വരി സംഖ്യ മുഖേന നമ്മുടെ ആവശ്യങ്ങൾ വേണ്ട രൂപത്തിൽ പൂർത്തിയാക്കാൻ സാധിക്കുകയില്ല എന്ന് ഞാൻ ബാഹ്യമായി മനസ്സിലാക്കിയത് കൊണ്ടാണ്. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പൂർത്തിയാവുകയാണെങ്കിൽ പിന്നെ ഇങ്ങനെയൊരു നീക്കിയിരുപ്പിന്റെ ആവശ്യം വരികയില്ല. ലങ്കർഖാനയും ഒരു മദ്രസ തന്നെയാണെന്ന് ഞാൻ പറഞ്ഞത്, എന്റെയടുത്ത് വരുകയും പോവുകയും ചെയ്യുന്ന അതിഥികൾക്ക് വേണ്ടിയിട്ടാണ് ലങ്കർഖാന തുടങ്ങിയത്. അവർ എന്റെ അധ്യാപനങ്ങൾ കേട്ടു കൊണ്ടി

രിക്കുന്നവരാണ്. എപ്പോഴും എന്റെ അധ്യാപനങ്ങൾ കേട്ടു കൊണ്ടിരിക്കുന്നവർക്ക് അല്ലാഹു ഹിദായത്ത് നൽകുമെന്നും അവരുടെ ഹൃദയങ്ങൾ തുറന്നു കൊടുക്കുമെന്നുമാണ് ഞാൻ ഉറച്ചു വിശ്വസിക്കുന്നത്. ഇനി ഞാൻ ഇത്രയും കൊണ്ട് മതിയാക്കുകയാണ്. ഞാൻ സമർപ്പിച്ച എന്റെ ഉദ്ദേശങ്ങൾ എന്റെ ജമാഅത്തിനു പൂർത്തിയാക്കാൻ അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ എന്നും അവരുടെ സമ്പത്തിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ എന്നും ഈ സൽകർമ്മത്തിനായി അവരുടെ ഹൃദയങ്ങളെ തുറന്നു കൊടുക്കട്ടെ എന്നും ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. ആമീൻ. സുമ്മ ആമീൻ. വസ്സലാമു അലാ മനിത്തബഅൽ ഹുദാ. 1903 ഒക്ടോബർ 16.

*(അറബി ഭാഗത്തിന്റെ തർജ്ജുമ)*

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ
نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ

## ഇത് ദുആയുടെ സമയമാണ്. യുദ്ധം ചെയ്യാനും ശത്രുക്കളെ വധിക്കാനുമുള്ള സമയമല്ല.

അല്ലാഹു നിങ്ങൾക്ക് ഹിദായത്ത് നൽകുമാറാകട്ടെ. സമുദായം ജിഹാദിനു വേണ്ടി ഒരുങ്ങുവാനും, അതിനായി കഴിവുള്ളവരെ വിളിക്കുവാനും പട്ടണങ്ങളിലും ഗ്രാമങ്ങളിലുമുള്ള ജനങ്ങളെ വിശുദ്ധ യുദ്ധത്തിനു വേണ്ടി ഹാജരാക്കുവാനും സൈന്യത്തിന്റെ സഹായം കരസ്ഥമാക്കുവാനും ജനങ്ങളെ ഒരുമിച്ചു കൂട്ടുവാനും സിംഹങ്ങളെ മൈതാനത്ത് ഇറക്കുന്നതിൽ വിജയിക്കുവാനുമുള്ള അവസ്ഥ അതിക്രമിച്ചിരിക്കുന്നു. കാരണം മുസ്ലിമീംകൾ ഏറ്റവും ബലഹീനരായ സമുദായമായിട്ടാണ് നാം കാണുന്നത്. അവരിൽ യുദ്ധം ചെയ്യുവാനുള്ള ശക്തി ഇല്ലതന്നെ. ശൂലം പ്രയോഗിക്കുവാനും വാൾ ഉപയോഗിക്കുവാനും പരിചയമില്ലതന്നെ. എന്നാൽ അവിശ്വാസികൾ യുദ്ധകലയിൽ സമർത്ഥരാണ്. അവർ മുസ്ലിമീംകളെ വേരോടെ പിഴുതെറിയാനുള്ള എല്ലാ വിധ ഒരുക്കങ്ങളും ചെയ്തിരിക്കുകയാണ്. ശത്രുക്കൾ ഉയർന്ന പ്രദേശങ്ങൾ ചാടി കൊണ്ട് വരുന്നതായി നാം കാണുന്നു. എപ്പോഴെങ്കിലും ഈ രണ്ട് സൈന്യങ്ങൾ ഏറ്റുമുട്ടുകയാണെങ്കിൽ വിജയം അവർക്ക് തന്നെയായിരിക്കും. ഈ സമയം ദുആയുടേയും, മഹത്വവാനും ഉന്നതനുമായ ദൈവത്തിന്റെ സന്നിധിയിൽ വിനയത്തോടെ പൊട്ടിക്കരയാനുമുള്ള സമയമാണെന്നും യുദ്ധത്തിന്റേയും ശത്രുക്കളെ വധിക്കുന്നതിന്റേയും സമയമല്ലെന്നുമാണ് ഈ നിരീക്ഷണത്തിൽ നിന്ന് വ്യക്തമായത്. സമയത്തിന്റെ ശോചനീയത മനസ്സിലാക്കാത്തവൻ തന്നെ തന്നെ നശിപ്പിച്ചു കളയുന്നതാണ്. എല്ലാതരത്തിലുള്ള ദൗർഭാഗ്യവും നിന്ദ്യതയും അവൻ കാണുന്നതാണ്. മുസ്ലിമീംകളുടെ യുദ്ധപതാക അധോമുഖമാക്കപ്പെട്ടിരിക്കുന്നത് നിങ്ങൾ കാണുന്നില്ലേ?

കുന്തങ്ങളും വാളുകളും കൈകരുത്തും കാണിക്കുന്നവർ എവി

ടെ? വാളുകൾ ഉറകളിൽ ഇടപ്പെടുകയും കുന്തങ്ങൾ തകർക്കപ്പെടുകയും മുസ്‌ലിമീംകളുടെ ഹൃദയങ്ങളിൽ ഭയം ജനിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. എല്ലാ മൈതാനങ്ങളിലും പുറംതിരിഞ്ഞ് ഓടുന്നതായിട്ട് നീ അവരെ കാണുകയാണ്. യുദ്ധങ്ങൾ അവരുടെ ജീവിതങ്ങളെ തട്ടിയെടുക്കുകയും അവരുടെ മുതലും ധനവും സ്വത്തുക്കളും നശിപ്പിക്കുകയും ചെയ്തിരിക്കുകയാണ്. ഈ യുദ്ധങ്ങൾ മുഖേന ദീനിന്റെ ഒരു കാര്യവും പരിഹരിക്കപ്പെടാൻ സാധിച്ചിട്ടില്ല എന്ന് മാത്രമല്ല, കുഴപ്പങ്ങളാകുന്ന തിരമാലകൾ ഒന്നിനുമേൽ ഒന്നായികൊണ്ട് ഉയർന്നു വരികയും കലഹങ്ങളാകുന്ന കൊടുങ്കാറ്റ് സമുദായത്തെ തകർത്ത് തരിപ്പണമാക്കിയിരിക്കുകയും ചെയ്തിരിക്കുകയാണ്. ഇസ്‌ലാമാകുന്ന കൊട്ടാരം തകർന്ന് അതിന്റെ മഹത്വങ്ങൾ മണ്ണോടു ചേർന്നു പോയതായി നിങ്ങൾ കാണുന്നു. എന്നിട്ടും വാളുകളും കുന്തങ്ങളും തൂക്കിയിട്ടത് കൊണ്ട് എന്ത് ഗുണമാണ് ഉണ്ടായത്? രക്തം ഒഴുക്കപ്പെടുകയും സമ്പത്ത് നശിപ്പിക്കപ്പെടുകയും സമയം നഷ്ടപ്പെടുകയും നിരാശകൾ വർദ്ധിക്കുകയുമല്ലാതെ എന്ത് പ്രതീക്ഷകളാണ് പൂർത്തിയായത്. യുദ്ധം കൊടുമ്പിരി കൊണ്ടപ്പോൾ നിങ്ങൾ ചവിട്ടിയരക്കപ്പെട്ടു എന്നല്ലാതെ എന്ത് ഗുണമാണ് സൈന്യങ്ങൾ നിങ്ങൾക്ക് ചെയ്തത്.

ഈ കാലത്തെ ജയിച്ചടക്കുന്നതിനുവേണ്ടി ആകാശത്ത് നിന്ന് എനിക്കായി നൽകപ്പെട്ട ആയുധമാണ് 'ദുആ' എന്ന് നിങ്ങൾ അറിഞ്ഞു കൊള്ളുക. സുഹൃത്തുക്കളെ! ഈയൊരു ആയുധമില്ലാതെ ഒരിക്കലും തന്നെ നിങ്ങൾക്ക് ജയിക്കാൻ സാധ്യമല്ല. ആദ്യം മുതൽ അവസാനം വരെയുള്ള എല്ലാ പ്രവാചകന്മാരും ഈയൊരു ആയുധത്തെ കുറിച്ചാണ് വിവരം നൽകിയത്. യുദ്ധങ്ങൾ കൊണ്ടും സമുദായത്തിന്റെ രക്തം ചിന്തിയുമല്ല, മറിച്ച് ദുആകൊണ്ടും അല്ലാഹുവിന്റെ സന്നിധിയിൽ കേണപേക്ഷിച്ചു കൊണ്ടുമായിരിക്കും വാഗ്ദത്ത മസീഹ് ഈ വിജയം കരസ്ഥമാക്കുക എന്നാണ് അവരെല്ലാവരും പറഞ്ഞിട്ടുള്ളത്. പൂർണ്ണമായ ആത്മവിശ്വാസവും സത്യ ഹൃദയവും ക്ഷമയും മുഖേന അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടു കൊണ്ട് പ്രയാസങ്ങളെ ദൂരീകരിക്കുവാൻ ശ്രമിക്കുക എന്നതാണ് ദുആയുടെ യാഥാർത്ഥ്യം. അല്ലാഹുവിന്റെ ഔലിയാക്കന്മാർക്ക് എന്തെങ്കിലും തരത്തിലുള്ള ഉപദ്രവകരമായ കാര്യങ്ങൾ നേരിടുമ്പോൾ അതിനെ ദൂരീകരിക്കാനായി അവർ താഴ്മയോടേയും വിനയത്തോടേയും തങ്ങളുടെ രക്ഷിതാവിങ്കലേക്ക് തിരിയുമ്പോൾ തീർച്ചയാ

യും അവരുടെ ദുആ അൽപം കഴിഞ്ഞിട്ടാണെങ്കിലും ഉടനെയാണെങ്കിലും അല്ലാഹു കേൾക്കുന്നു എന്നതാണ് അവന്റെ നടപടിക്രമം അവർ അല്ലാഹുവിനെ പരിപൂർണമായും അംഗീകരിച്ച ശേഷം, സർവ്വാധിനാഥനായ അല്ലാഹുവിന്റെ ഔദാര്യങ്ങൾ അവരുടെ മേൽ ഇറങ്ങുന്ന പരീക്ഷണങ്ങളേയും പ്രയാസങ്ങളേയും ദൂരീകരിക്കുന്നതിന്നായി തിരിയുന്നു. ആപത്തുകൾ ഇറങ്ങുന്ന സമയത്തുള്ള ദുആ സ്വീകാര്യത ഏറ്റവും വലിയ അത്ഭുത ദൃഷ്ടാന്തമാണ്. അതേപ്രകാരം അവസാന കാലത്ത് അതായത് കാരുണ്യവാനായ അല്ലാഹുവിന്റെ വരിഷ്ഠദാസൻ വാഗ്ദത്ത മസീഹിന്റെ കാലത്ത്, യുദ്ധഭൂമികൾ കൊട്ടിയടക്കപ്പെടുമെന്നും വാക്കുകൾ മുഖേന ഹൃദയങ്ങൾ തുറക്കപ്പെടുമെന്നും സന്മാർഗദർശനം മുഖേന നെഞ്ചകങ്ങൾ വിശാലമാക്കപ്പെടുമെന്നുമാണ് വിധിക്കപ്പെട്ടിരിക്കുന്നത്. അല്ലെങ്കിൽ പ്ലേഗോ ഏതെങ്കിലും തരത്തിലുള്ള, മറ്റേതെങ്കിലും കഠിനമായ ആപത്തുകളോ മുഖേന ജനങ്ങളെ ഖബറുകളിലേക്ക് അയക്കപ്പെടുന്നതുമാണ്. അതേപ്രകാരം അവിശ്വാസത്തി ന്ന് പരാജയമാണ് വിധിക്കപ്പെട്ടിരിക്കുന്നതെന്നും ആകാശങ്ങളിൽ ഔന്നത്യം പ്രാപിച്ച ഈ ദീനിന് ഭൂമിയിലും വിജയം നൽകുമെന്നുമാണ് അല്ലാഹു തീരുമാനിച്ചിരിക്കുന്നത്. നിർവ്വിശങ്കം എന്റെ പാദങ്ങൾ നിഷേധികളുടെ വധസ്ഥലത്താണുള്ളത്. എനിക്ക് എന്റെ രക്ഷിതാവിന്റെ ഭാഗത്ത് നിന്ന് തീർച്ചയായും സഹായം ലഭിക്കുകയും ദൈവീക കൽപന നടപ്പിലാവുകയും എന്റെ രക്ഷിതാവിന്റെ വചനം പൂർത്തിയാവുകയും ചെയ്യും. ആകാശത്ത് നിന്നുള്ള എന്റെ ഇറക്കത്തിന്റെ യാഥാർത്ഥ്യം ഇത് തന്നെയാണ്. ഭൂമിയിലെ സൈന്യങ്ങൾ മുഖേനയല്ല, മറിച്ച് പ്രതാപവാനും ശ്രേഷ്ഠനുമായ ദൈവത്തിന്റെ മാലാഖമാർ മുഖേനയാണ് ഞാൻ വിജയിക്കുക. മാറ്റപ്പെടാത്ത വിധികളും നീക്കപ്പെടാത്ത ദൈവനിശ്ചയങ്ങളുമാണെങ്കിൽ പിന്നെ ദുആ കൊണ്ട് എന്ത് കാര്യമെന്ന് പറയപ്പെടാറുണ്ട്. ഇത് ഒരു രഹസ്യമാണെന്ന് ഓർമ്മിച്ചുകൊള്ളുക. ഇതിൽ ബുദ്ധികൾ പിഴച്ചു പോവുകയും ഭൂതങ്ങൾ നശിച്ചുപോവുകയും ചെയ്യുന്നതാണ്. ഇതിനെ (രഹസ്യത്തെ) തൗബ ചെയ്യുന്നവൻ മാത്രമേ കണ്ടെത്തുകയുള്ളൂ. തൗബ മുഖേന അത് ഉരുകി പോകുന്നതാണ്. അതിനാൽ അല്ലയോ നീചന്മാരെ, നിങ്ങൾ ശണ്ഠകളെ ദീർഘിപ്പിക്കരുത്. ഞാൻ പറയുന്നത് ഹൃദിസ്ഥമാക്കി കൊള്ളുക. കാരണം ഞാൻ അറിവുള്ള ആളാണ്. ഇസ്‌ലാമുമായുള്ള നിങ്ങളുടെ ബന്ധം പേരിനും ആളുകളെ കാണിക്കാനും ആചാരപരമായിട്ടുള്ളതുമാണ്. അതിനാൽ ഞാൻ പറയുന്ന

ഈ സത്യങ്ങളെ സ്വബോധത്തോടുകൂടി കേൾക്കുകയും ഒരു പ്രത്യേക താൽപര്യമുള്ള അസ്വസ്ഥചിത്തനായ ഒരാളെ പോലെ നമ്മിലേക്ക് ശരവേഗത്തിൽ ഓടിവരികയും ചെയ്യുകയാണെങ്കിൽ, ഞാൻ അയാളുടെ എല്ലാ സംശയങ്ങളും ദൂരീകരിക്കുന്ന വിധത്തിൽ അയാൾക്ക് ശാന്തി നൽകുകയും അത് അയാളുടെ ഹൃദയത്തെ നിറക്കുകയും ചെയ്യുന്നതാണ്. പണ്ടു മുതലേ തന്നെ അല്ലാഹു ചില വസ്തുക്കളെ ചില വസ്തുക്കളുമായി ബന്ധിച്ചിരിക്കുന്നു എന്നതാണ് ഇതിലടങ്ങിയിരിക്കുന്ന രഹസ്യം. അതേ പ്രകാരം അവന്റെ വിധികളേയും വേദനിക്കുന്നവനും അസ്വസ്ഥചിത്തനുമായ ഒരു മനുഷ്യന്റെ ദുആയുമായിട്ടാണ് ബന്ധിപ്പിച്ചിരിക്കുന്നത്. കൂടാതെ പരവശനായി കണ്ണീരിൽ മുങ്ങികൊണ്ട് നെരിപ്പോടിനു മുകളിൽ ഇരിക്കുന്ന പോലെ അസ്വസ്ഥ ഹൃദയത്തോടുകൂടി മഹത്വവാനായ തന്റെ റബ്ബിങ്കലേക്ക് ഒരാൾ ഓടി വരുമ്പോൾ അല്ലാഹുവിന്റെ സന്നിധിയിൽ നിന്നും അയാൾക്കായി ദുആ സ്വീകാര്യതയുടെ തിരമാലകൾ അലയടിച്ചു വരുന്നതാണ്. അങ്ങനെ ആ വ്യക്തിക്ക് വേദനാജനകമായ പ്രയാസങ്ങളിൽ നിന്ന് മോചനം നൽകുന്നതാണ്. എന്നാൽ ഈ ഒരു സ്ഥാനം അല്ലാഹുവിന്റെ അസ്തിത്വത്തിൽ ലയിച്ചു ചേർന്നവനും അല്ലാഹുവിന്റെ അസ്തിത്വത്തെ തന്റെ ഏറ്റവും പ്രിയപ്പെട്ട എല്ലാ വസ്തുക്കളെ ക്കാളും മുൻഗണന നൽകുന്നവനും മാത്രമേ ലഭ്യമാവുകയുള്ളൂ. അവൻ ബിംബങ്ങൾക്ക് സമാനമായ എല്ലാ വസ്തുക്കളേയും ഉപേക്ഷിക്കുന്നവനും വിശുദ്ധ ഖുർആന്റെ വിളിക്ക് ഉത്തരം നൽകുന്നവനും തന്റെ രാജാവിന്റെ സന്നിധിയിൽ ഹാജരാവുന്നവനും തന്റെ യജമാനനിൽ ലയിക്കുന്ന രൂപത്തിൽ അവനും അവനെ അനുസരിക്കുന്ന എല്ലാ തരത്തിലുള്ള ദേഹേച്ഛകളിൽ നിന്നും തന്നെ രക്ഷിച്ചു നിർത്തുന്നവനും ജനങ്ങൾ ഉറങ്ങുന്ന കാലത്ത് സ്വയം ഉണർന്നിരിക്കുന്നവനും ദുർമന്ത്രണങ്ങൾ ചെയ്യുന്നവരിൽ നിന്ന് അകന്ന് നിൽക്കുന്നവനും തന്റെ റബ്ബിലും അവന്റെ വിധികളിലും തൃപ്തനാകുന്നവനുമായിക്കണം. പ്രിയപ്പെട്ടവന്റെ ഗേഹത്തിൽ പ്രവേശിപ്പിക്കപ്പെട്ടതിന് ശേഷം ശാരീരിക പ്രലോഭനങ്ങളുടെ ഫലമായിട്ടുള്ള തന്റെ നഗ്നതകളേയും എല്ലാ വിധ പാപങ്ങളേയും പരിശുദ്ധ ഹൃദയത്തോടേയും ദൃഢനിശ്ചയത്തോടേയും സത്യഹൃദയത്തോടേയും അവന്റെ സന്നിധിയിൽ സമർപ്പിച്ചൊഴിയേണ്ടവനുമായിരിക്കണം. ഇങ്ങനെയുള്ള ആളുകളുടെ പ്രാർഥനകൾ വൃഥാവിലാവുകയില്ലെന്ന് മാത്രമല്ല, അവരുടെ വാക്കുകൾ തിരസ്ക്കരിക്കപ്പെടുകയില്ല. തന്റെ രക്ഷിതാ

വിനുവേണ്ടി മരണത്തിനു മുൻഗണന നൽകിയ വന്ന് ജീവിതം നൽകപ്പെടുന്നതാണ്. അവനുവേണ്ടി നഷ്ടങ്ങൾ വരിക്കുന്നതിൽ തൃപ്തനായവന് അനുഗ്രഹങ്ങൾ പകരം നൽകപ്പെടുന്നതാണ്. വാതിലിനു പുറത്ത്നിന്ന് കൊണ്ട് നിങ്ങൾ അതിനെ പ്രതീക്ഷിക്കരുത്. ഈയൊരു അറിവ് എല്ലാവരുടേയും യജമാനനായവന്റെ മുമ്പിൽ ഹാജരാവുന്നവനു മാത്രമാണ് നൽകപ്പെടുന്നത്. അതേ പോലെ ഈയൊരു ദൃഢവിശ്വാസം അനുഭവങ്ങളിലൂടെയും കരസ്ഥമാക്കാവുന്നതാണ്. അനുഭവങ്ങളെന്നാൽ ജനങ്ങൾക്കായി അത്ഭുതങ്ങളുടെ കവാടങ്ങൾ തുറക്കപ്പെടുന്ന ഒരു വസ്തുവാണ്. സുലൂക്കിന്റെ മാർഗ്ഗത്തിലേക്ക് കടന്നു ചെല്ലാത്തവനും രാജാക്കന്മാരുടെ രാജാവായ അല്ലാഹുവിന്റെ ദർശനത്തിനായി പരദേശീയതയാകുന്ന മരുഭൂമി മുറിച്ചു കടക്കാത്തവനുമായ ഒരാൾക്ക്, അറിവില്ലായ്മയും അനുഭവമില്ലായ്മയും ഉണ്ടായിരിക്കെ ദൈവീക രഹസ്യങ്ങൾ എങ്ങനെ വെളിപ്പെടാനാണ്? എന്നാൽ ജ്ഞാനികളുടെ മാർഗം അവലംബിക്കുന്ന ആൾക്ക് സർവ്വലോക രക്ഷിതാവിന്റെ അഭികാമ്യവും അപൂർവ്വവുമായ വചനങ്ങളിൽ നിന്ന് തീർച്ചയായും പങ്ക് ലഭിക്കുന്നതാണ്. ഒരു സാലിക്കിനു ലഭ്യമാകുന്ന ഏറ്റവും വലിയ ദർശനം ദുആ സ്വീകാര്യതയാണ്. ഔലിയാക്കളുടെ ദുആകൾ സ്വീകരിക്കുന്നവനായ അവൻ പരിശുദ്ധനാണ്. നിങ്ങൾ അന്യോന്യം സംസാരിക്കുന്നപോലെ അവൻ അവരോട് സംസാരിക്കും. അല്ല, അവന്റെ ആ സംസാരം ആത്മീയ ശക്തി നിമിത്തം നിങ്ങളുടെ സംസാരത്തേക്കാൾ എത്രയോ കൂടുതൽ പരിശുദ്ധവും സ്പഷ്ടവുമായിരിക്കുന്നതാണ്. അവൻ തന്റെ പ്രശോഭിതവും രസകരവുമായ വചനങ്ങൾ മുഖേന തന്നിലേക്ക് വലിച്ചടുപ്പിക്കുന്നതാണ്. അതിന്റെ ഫലമായി അവർ (അല്ലാഹുവിന്റെ ഔലിയാക്കൾ) തങ്ങളുടെ മുഴുവൻ കുടുംബങ്ങളോടും സ്വത്ത് സമ്പത്തിനോടും വിട പറഞ്ഞുകൊണ്ട് തങ്ങളുടെ ഏകനായ ദൈവത്തിലേക്ക് യാത്ര തിരിക്കുന്നു. വഴക്കാളികളും ഒറ്റപ്പെട്ടതുമല്ലാത്ത ഉന്നത ഇനത്തിൽപ്പെട്ട കുതിരപ്പുറത്താണവൻ. അവന്റെ അസ്തിത്വത്തിനു മാത്രം മുൻഗണന നൽകുമെന്നും അവന്റെ അടയാളങ്ങളെ മാത്രം അന്വേഷിക്കുന്നവരായിരിക്കുമെന്നും ആ അടയാളങ്ങളെ മാത്രം പിന്തുടരുന്നവരായിരിക്കുമെന്നും ആണയിട്ടുകൊണ്ട് അല്ലാഹുവിനോട് വാഗ്ദത്തം ചെയ്തവരാണ് ഈ കൂട്ടർ. അവർ ദൈവീക ഗ്രന്ഥത്തിൽ വിവരിക്കപ്പെട്ട നിബന്ധനകൾക്ക് തികച്ചും അനുസൃതമായിട്ടുള്ളവരാണെന്ന് പിന്നീട് അല്ലാഹു കാണുമ്പോൾ തന്റെ ജ്ഞാനത്തിന്റെ

എല്ലാവിധ കവാടങ്ങളും അവർക്കായി തുറന്നിട്ടു കൊടുക്കുന്നു. ആത്മീയ ജ്ഞാനത്തിൽ കൂടുതൽ വർദ്ധനവ് ലഭ്യമാകുന്ന ഏറ്റവും മഹത്തായ കാര്യം പിന്നീട് മനസ്സിലാക്കാനുള്ളത്, ദാസന്റെ ഭാഗത്ത് നിന്നുള്ള ദുആയുടെ കവാടവും രക്ഷിതാവിങ്കൽ നിന്നുള്ള വഹ്യു ടെ കവാടവുമാകുന്നു. കാരണം ദുആയുടേയും വിലാപങ്ങളുടേയും സമയത്ത് അല്ലാഹുവിന്റെ ഉത്തരമായികൊണ്ട് ലഭിക്കുന്ന ദൈവീക ദർശനം കൂടാതെ കണ്ണുകൾ തുറക്കപ്പെടുന്നതല്ല. അല്ലാഹുവിന്റെ കവാടം ആർക്ക് വേണ്ടിയാണോ തുറക്കപ്പെടാത്തത് അവൻ വ്യാജ മായ കാര്യങ്ങൾ മുഖേന വഞ്ചിക്കപ്പെട്ടവനും മഹത്വവാനായ റബ്ബി ന്റെ മുഖത്തെ കുറിച്ച് അജ്ഞനുമായവനാണ്. അതിനാൽ അവൻ തന്റെ റബ്ബിനെ ഉപേക്ഷിക്കുകയും ഈ നികൃഷ്ട ഭൗതിക ലോക ത്തിലെ സ്ഥാനമാനങ്ങളിലേക്ക് ആപതിക്കുകയും അവന്റെ ഹൃദ യം നശ്വരമായ ഭൗതീക വിഭവങ്ങളിൽ ആസക്തമാവുകയും ചെയ്യു ന്നു. അവൻ ജീവിതത്തിന്റെ പര്യവസാനത്തെ കുറിച്ചും ആഗ്രഹ ങ്ങളെ ത്യജിച്ചുകൊണ്ടും നിരാശയോടുകൂടി ഈ നശ്വരലോക ത്തിൽ നിന്ന് വിട പറയുന്നതിനെ കുറിച്ച് വിവരമില്ലാത്തവനാണ്. അവന്റെ ഭവനത്തെ നിരാശകളുടേയും ആശാഭംഗങ്ങളുടേയും ഗേഹവും ചിലന്തിവലയെക്കാൾ കൂടുതൽ ബലഹീനവും സുഖാ ഡംബര സാമഗ്രികളിൽ നിന്ന് വിദൂരവുമാക്കി തീർക്കുന്ന മരണ ത്തെ അവൻ ഓർമ്മിക്കുന്നില്ല. അല്ലാഹു തന്റെ ഏതെങ്കിലും ദാസ ന്ന് വേണ്ടി നന്മ ഇച്ഛരിക്കുമ്പോൾ വിജയത്തിന്റെ വിളിക്കാരൻ (മലക്ക്) അവന്റെ ഹൃദയത്തിൽ ഒരു ഉൾവിളി ഉണ്ടാക്കുന്നു. അ പ്പോൾ അന്ധകാരനിബിഡമായ രാത്രി പ്രഭാതത്തെക്കാൾ കൂടു തൽ പ്രകാശമാനമായിത്തീരുന്നു. പരിശുദ്ധമാക്കപ്പെടുന്ന ഓരോ ആത്മാവും കരുണാമയനായ രക്ഷിതാവിന്റെ ഔദാര്യങ്ങളുടെ നിർ മ്മിതിയാണ്. സ്രഷ്ടാവും പരമകാരുണികനുമായ അല്ലാഹുവിന്റെ ശിക്ഷണമില്ലെങ്കിൽ മനുഷ്യന്റെ അവസ്ഥ ഒരു കീടത്തെ പോലെ മാത്രമാണ്. സ്വാതികരുടെ ഹൃദയങ്ങളിൽ ആദ്യമായി തുടക്കം കുറി ക്കുന്ന കാര്യം ഭൗതീക ലോകത്തോടുള്ള വിരക്തിയും സർവ്വലോക രക്ഷിതാവിങ്കലേക്കുള്ള പരിപൂർണ സമർപ്പണവുമാണ്. ഈയൊരു മഹത്തായ ലക്ഷ്യം തന്നേയാണ് സാലിക്കുകളെ അവശരാക്കുന്ന ത്. ഇത് അവരുടെ മേൽ ദു:ഖത്തിന്റേയും രോദനങ്ങളുടേയും വിലാ പങ്ങളുടേയും മഴ വർഷിപ്പിക്കുന്നു. കാരണം ദോഷപ്രവണമായ ആത്മാവ് ഒരു പെരുമ്പാമ്പാണ്. അത് ദേഹേച്ഛകളാകുന്ന വല വിരിച്ചുകൊണ്ട് മുഴുവൻ ആളുകളേയും നശിപ്പിക്കുകയാണ് ചെയ്യു

ന്നത്. എന്നാൽ അവരുടെ രക്ഷിതാവ് കരുണ ചൊരിയുകയും തന്റെ കാരുണ്യത്തിന്റേയും സന്മാർഗത്തിന്റേയും ചിറക് വിരിക്കുകയും ചെയ്തവരൊഴികെ. ദുആ ഒരു വിത്താണ്. അതിനെ അല്ലാഹു വിനയം കൊണ്ടാണ് കൃഷിയുടെ സമയത്ത് വളർത്തുന്നത്. ദാസന്റെ പക്കൽ ഈ ഒരു മുതൽ മുടക്കല്ലാതെ മറ്റൊരു മൂല ധനവുമില്ല തന്നെ. മോക്ഷത്തെ പ്രതീക്ഷ വച്ച് പുലർത്തുവാനും ആപത്തുകൾ ദൂരീകരിക്കപ്പെടുവാനുമുള്ള ഏറ്റവും വലിയ നിമിത്തമാണ് ഇത്. അബ്ദാലുകളുടെ സതീർത്ഥ്യരും സാത്വികരുടെ സൗഹൃദരുമായവരുടെ നയനങ്ങൾ ഈ പ്രകാശം കാണുന്നതിനായി തുറക്കപ്പെടുകയും അതിൽ മറഞ്ഞിരിക്കുന്ന രഹസ്യങ്ങളെ കാണുകയും ചെയ്യുന്നതാണ്. അല്ലാഹുവിന്റെ ഔലിയാക്കളുടെ സഹവാസികൾ ഒരിക്കലും തന്നെ പരാജിതരാവുകയില്ല. അവർ നാൽക്കാലികളെ പോലെ ആയിരുന്നാലും അല്ലെങ്കിൽ യൗവ്വനാരംഭത്തിന്റെ ലഹരിയിലായിരുന്നാലും അവർ പരിവർത്തന വിധേയരാക്കപ്പെട്ടു കൊണ്ട് യൗവ്വനം നഷ്ടപ്പെട്ട പടുവൃദ്ധരാക്കപ്പെടുന്നതാണ്. അല്ലാഹുവിനാൽ സ്വീകരിക്കപ്പെട്ടവരുടെ സ്ഥാനത്ത് നിലകൊള്ളുന്നവർക്ക് സുവിശേഷം. അവരുടെ വാക്കുകളെ ശുദ്ധമായ ദിർഹമിനേയും ദീനാറുകളേയും പോലെ അവർ സൂക്ഷിച്ചു വെയ്ക്കുകയും അതിനെ ലുബ്ധന്മാരെ പോലെ ശേഖരിച്ചു വെക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ ദാസന്മാരെ അവഹേളിക്കുന്നതിൽ തങ്ങളുടെ ഹൃദയങ്ങളെ ധൈര്യശാലികളാക്കുന്നവരും മനസ്സിൽ തോന്നുന്നതിനെയെല്ലാം തെറിപറച്ചിലിന്റേയും അസഭ്യവർഷത്തിന്റെയും രൂപത്തിൽ പുലമ്പുന്നവരുമുണ്ട്. ഇങ്ങനെയൊരു ധിക്കാരം കാണിക്കുന്നതിന്റെ ഫലമായി തങ്ങളേയും തങ്ങളുടെ ഭാര്യമാരേയും തങ്ങളുടെ സന്താനങ്ങളേയും നശിപ്പിക്കുന്നവർ തീർച്ചയായും ഈ കൂട്ടർ തന്നേയാണ്. അവർ സ്വയം മരിച്ചു പോകുന്നു. എന്നാൽ അവർക്ക് ശേഷം ശാപമാകുന്ന കണ്ഠവളയം അവശേഷിപ്പിച്ചു പോകും. അല്ലാഹുവിന്റെ പ്രകാശത്തെ കെടുത്തി കളയുവാനാണ് അവർ ആഗ്രഹിക്കുന്നത്. എന്നാൽ സത്യത്തിന്റെ സൂര്യനെ എങ്ങനെ തടയാൻ സാധിക്കുന്നതാണ്, അല്ലാഹുവിന്റെ പ്രകാശത്തിന്റെ മേൽ എങ്ങിനെ മറയിടാനാണ്? സത്യത്തെ മറച്ചു കളയാനാണ് അവർ പരിശ്രമിക്കുന്നത്. എന്നാൽ അല്ലാഹുവിന്റെ പ്രകാശത്തെ മറച്ചു കളയാൻ സാധിക്കുമോ? ഇത് കള്ളമാണോ? അല്ല! അവരുടെ ഹൃദയങ്ങളുടെ മേലുള്ള ഒരു മുദ്രയാണ്. എന്നെ സ്വീകരിക്കാത്തവർ തങ്ങളെ കുറിച്ച് പറയുന്നത്, ഞങ്ങൾ ഈ കാലഘട്ടത്തിലെ

പണ്ഡിതന്മാരാണെന്നാണ്. യഥാർഥത്തിൽ അവർ കാരുണ്യവാനായ അല്ലാഹുവിന്റെ ശത്രുക്കളും ഖഹ്ഹാറായ അല്ലാഹുവിന്റെ കോപത്തെ സമീപിച്ചു കൊണ്ടിരിക്കുന്നവരുമാണ്. അവർ തങ്ങളുടെ വായ കൊണ്ട് 100 വചനങ്ങൾ പുറപ്പെടുവിച്ചാലും അവയിൽ ഒരു വചനം പോലും തഖ്‌വയിൽ അധിഷ്ഠിതമായിട്ടുള്ളത് ഉണ്ടായിരിക്കുകയില്ല. ഞങ്ങൾ പണ്ഡിതന്മാരാണ് എന്ന് പറയുന്ന ആളുകളുടെ അവസ്ഥ ഇതാണ്. യഥാർഥത്തിൽ സത്യത്തോടും സന്മാർഗത്തോടും ശത്രുത കാണിക്കുന്നവരും നാശത്തിന്റെ മാർഗത്തിൽ ചരിച്ചു കൊണ്ടിരിക്കുന്നവരുമാണ്. അവർ മരിക്കുകയില്ലെന്നും അല്ലാഹുവിങ്കലേക്ക് മടക്കപ്പെടുകയില്ലെന്നും അവരോട് അവരുടെ ചെയ്തികളെ കുറിച്ച് ചോദിക്കപ്പെടുകയില്ലെന്നും അവരോട് ആരാണ് പറഞ്ഞത്? തങ്ങൾ ഏത് വശത്തിലൂടെയാണ് മടക്കപ്പെടുക എന്നത് അക്രമകാരികൾക്ക് ഉടൻ തന്നെ ബോധ്യപ്പെടുന്നതാണ്. അത്കൊണ്ട് അല്ലയോ ദാസന്മാരെ, എഴുന്നേൽക്കുക. അവൻ നിങ്ങളെ തെളിച്ചുകൊണ്ട് ആഖിറത്തിലേക്ക് കൊണ്ടുപോകുന്ന ആ ദിനത്തിന്നു മുമ്പായികൊണ്ട്. അതിനാൽ നിങ്ങളുടെ റബ്ബിനെ ആർദ്രത നിർഭരമായ ശബ്ദത്തോടെയും തേങ്ങലോടേയും ഏങ്ങലടികളോടേയും വിളിക്കേണ്ടിയിരിക്കുന്നു. ഖബറുകളിലേക്ക് കൊണ്ടുപോകപ്പെടുന്നതിനു മുമ്പായി തങ്ങളുടെ ഗഫൂറായ റബ്ബിന്റെ മുമ്പിൽ തൗബ ചെയ്യുന്നവരായികൊണ്ട് സമർപ്പിതരായി തീരുക. ദുഷ്ടന്മാരുടെ പ്രദേശത്തു കൂടി യാത്ര ചെയ്യാതിരിക്കുക. സാത്വികരുമായി മാത്രം കൂട്ടുകൂടുകയും സത്യവാന്മാരുമായുള്ള സഹവാസം സ്വായത്തമാക്കുകയും ചെയ്യുക. തൗബ ചെയ്യുന്നവരോടൊപ്പം തൗബ ചെയ്യുക. അല്ലാഹുവിന്റെ കാരുണ്യത്തെ തൊട്ട് നിരാശരാവരുത്. അവിശ്വാസികളെ പോലെ തങ്ങളുടെ ഊഹങ്ങൾക്ക് ദൈർഘ്യം നൽകാതിരിക്കുക. അഹങ്കാരികളായ ആളുകളെ പോലെ മുഖം തിരിക്കാതിരിക്കുക. നീചന്മാരായ ആളുകളെ പോലെ അസത്യകാര്യങ്ങളിൽ ശാഠ്യം പിടിക്കാതിരിക്കുക. ഞാൻ സത്യത്തിലായിരിക്കുകയും നിങ്ങൾ എന്നെ സ്വീകരിക്കുകയും ചെയ്തില്ലെങ്കിൽ പിന്നെ നിഷേധികളുടെ പര്യവസാനം എന്താകുമെന്ന് നിങ്ങൾ കാണുന്നില്ലേ? ഞാൻ എന്റെ കാര്യങ്ങൾ അല്ലാഹുവിങ്കലേക്ക് സമർപ്പിക്കുകയാണ്. എന്റേയും നിങ്ങളുടേയും ഹൃദയാവസ്ഥകൾ ഏറ്റവും നന്നായി അറിയുന്നവൻ അവനാണ്. ഏതായാലും ഞാനോ അല്ലെങ്കിൽ നിങ്ങളോ ആരെങ്കിലും ഒരാൾ തീർച്ചയായും സന്മാർഗ്ഗത്തിൽ നിലകൊള്ളുന്നവരോ അല്ലെങ്കിൽ സ്പഷ്ടമായ

മാർഗഭ്രംശത്തിൽ വീണു കിടക്കുന്നവരോ ആണ്.

ശത്രുക്കൾ അഹങ്കാരം കൊണ്ടും കുഴപ്പം ഉദ്ദേശിച്ചുകൊണ്ടും മാത്രമാണ് എന്നെ നിഷേധിക്കുന്നതെന്ന് ഞാൻ തീർച്ചയായും കാണുന്നുണ്ട്. അവർ എന്റെ റബ്ബിന്റെ അടയാളങ്ങൾ നിശ്ചയമായും കണ്ടിട്ടുണ്ട്. എന്നിട്ടും അവർ ശത്രുതയിൽ മുന്നേറി കൊണ്ടേ പോയി. ഇപ്പോഴുള്ള അവസ്ഥയും നഷ്ടപ്പെട്ടുപോയ അനുഗ്രഹ ങ്ങളും അവർ കാണുന്നില്ലേ? തന്റെ അവസ്ഥ പരിഷ്കരിക്കുവാനും തന്റെ മേൽ വന്നുപ്പെട്ട (ക്ലേശത്തെ) അകറ്റുന്നവനുമായ ഒരു പരിഷ് കർത്താവിനെ കാലം തന്റെ അവസ്ഥയിലൂടെ വിളിച്ചുകൊണ്ടിരി ക്കുകയാണ്. വ്യക്തമായ അടയാളങ്ങൾ പ്രകടമായില്ലേ? സ്പഷ്ട മായ ദൃഷ്ടാന്തങ്ങൾ പ്രകാശിതമായില്ലേ? നഷ്ടപ്പെട്ടിരുന്നതെല്ലാം തിരിച്ചു നൽകപ്പെടേണ്ടതായ സമയം ഇതാ വന്നെത്തിയിരിക്കുന്നു. അവരുടെ ഹൃദയം അന്ധകാര നിബിഡവും അവരുടെ നെഞ്ചകം ഇടുങ്ങിയതുമാണെന്നതാണ് യാഥാർഥ്യം. ഈ സമൂഹം അങ്ങേ യറ്റം ദു:സ്വഭാവികളും കഠിനപ്രകൃതരുമാണ്. അവരുടെ സ്വഭാവം കത്തിപടരുന്ന അഗ്നിയാണ്. അത് വാക്കുകളുടെ രൂപത്തിൽ പ്രകട മാകുന്നു. അവരുടെ സംസാരങ്ങൾ തീജ്വാലകളെ പോലെ കത്തി യാളുന്നവയാണ്. അവരുടെ ഉള്ളിൽ ഒരു മൃദുല ഹൃദയമുള്ളതിന്റെ ലാഞ്ഛന പോലും ശേഷിച്ചിട്ടില്ല. വിനയത്തിന്റെ അശ്രുകണങ്ങൾ അവരുടെ കവിളുകളെ സ്പർശിച്ചിട്ടു പോലുമില്ല. ഞാൻ കാഫിറാ ണെന്നാണ് അവർ ഉൽഘോഷിക്കുന്നത്. ഏത് അടിസ്ഥാനത്തി ലാണ് എന്നെ കാഫിറാക്കുന്നത് എന്നെനിക്കറിയില്ല. ഖുർആനിൽ പറയപ്പെട്ടത് മാത്രമാണ് ഞാൻ പറഞ്ഞത്. കാരുണ്യവാനായ അല്ലാ ഹുവിന്റെ ആയത്തുകൾ മാത്രമാണ് അവരുടെ മുമ്പിൽ ഞാൻ വായി ച്ചു കേൾപ്പിച്ചത്. ഇതൊരു കറ്റുകെട്ടല്ല. അല്ലാഹു കൃത്യസമയത്ത് പ്രകടമാക്കിയ ഒരു യാഥാർഥ്യമാണിത്. അല്ലാഹുവിന്റെ അനുഗ്ര ഹങ്ങളെ അവന്റെ യഥാർഥ സ്ഥാനത്തോടു കൂടി മനസ്സിലാക്കുന്ന വ്യക്തിക്ക് മാത്രമേ അവനെ കുറിച്ചുള്ള ജ്ഞാനം ലഭ്യമാവുകയു ള്ളൂ. ഈ വിനീതൻ രചിച്ച ബറാഹീനെ അഹ്മദിയ്യായിൽ അല്ലാഹു വാഗ്ദത്തം ചെയ്തിരിക്കുന്നത്, ജനങ്ങൾ കൂട്ടംകൂട്ടമായി എന്റെ അടുക്കൽ വരുമെന്നും എന്റെ അടുക്കൽ ഒരുമിച്ചു കൂടുമെന്നും എനിക്ക് ഉപഹാരങ്ങൾ അയച്ചുതരുമെന്നും ഞാൻ ഏകനായി ഉപേ ക്ഷിക്കപ്പെടുകയില്ലെന്നും, മാത്രമല്ല ജനങ്ങൾ സംഘങ്ങളായി എന്നിലേക്ക് ഓടി വരുമെന്നുമാണ്. അവർ എന്നെ സ്വീകരിക്കുകയും

ചെയ്യുന്നതാണ്. ജനങ്ങളിൽ നിന്നും അതുപോലെ തന്നെ ജനങ്ങൾ അറിയാത്ത പല മാർഗങ്ങളിലൂടേയും എനിക്കായി കൊണ്ട് ഖജനാവുകൾ തുറക്കപ്പെടുന്നതാണ്. ശത്രുക്കളുടെ ഉപദ്രവങ്ങളിൽ നിന്നും അവരുടെ രഹസ്യ കുതന്ത്രങ്ങളിൽ നിന്നും ഞാൻ രക്ഷിക്കപ്പെടുന്നതാണ്. അല്ലാഹു ഉദ്ദേശിച്ച കാര്യങ്ങളെല്ലാം പൂർത്തിയാക്കാൻ കഴിയുമാറുള്ള ഒരു ആയുസ്സ് എനിക്ക് നൽകപ്പെടുന്നതാണ്. അതിൽ ശത്രുക്കൾ കോപിഷ്ഠരായാലും അനിഷ്ടം കാണിച്ചാലും ശരി. എനിക്ക് ഭൂമിയിൽ സ്വീകാര്യത നൽകപ്പെടുകയും സന്മാർഗം പ്രാപിച്ച ആളുകൾ എന്റെ മേൽ സമർപ്പിതരാവുകയും ചെയ്യുന്നതാണ്. നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന പോലെതന്നെ അല്ലാഹു പറഞ്ഞതെല്ലാം പൂർത്തിയായിരിക്കുകയാണ്. ഇത് ഇന്ദ്രജാലമാണോ? അതോ നിങ്ങൾ കാണുന്നതല്ലേ? ഈയൊരു സംവിധാനം അല്ലാഹു അല്ലാത്ത മറ്റാരിൽ നിന്നായിരുന്നുവെങ്കിൽ ഈ പ്രവചനങ്ങളൊന്നും തന്നെ പൂർത്തിയാവുകയില്ലെന്ന് മാത്രമല്ല, നിശ്ചയമായും ഞാൻ കള്ളവാദികളെ പോലെ നശിപ്പിക്കപ്പെടുകയും ചെയ്യുമായിരുന്നു.

എന്റെ ജമാഅത്ത് ഓരോ വർഷവും വളരുന്നതായിട്ട് നിങ്ങൾ കാണുന്നില്ലേ? അല്ലാഹുവിന്റെ പ്രകാശത്തെ കെടുത്തി കളയാനായി ശത്രുക്കൾ ഒന്നും തന്നെ ഒഴിവാക്കിയിട്ടില്ല. എന്നിട്ടും അല്ലാഹുവിന്റെ പ്രകാശം പൂർണതയിലെത്തുകയും അവർ പരിഭ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. അങ്ങനെ അവർ അവരുടെ മാളങ്ങളിൽ പോയി ഒളിച്ചിരിക്കുകയാണ്. അവർ എല്ലാം അറിഞ്ഞിട്ടും അവരുടെ വിരോധം വെടിഞ്ഞില്ല. ഇത് ദൈവേതരമായതിൽ നിന്നുള്ളതാണോ? നിങ്ങൾക്ക് എന്താണ് സംഭവിച്ചിരിക്കുന്നത്? നിങ്ങൾക്ക് ലജ്ജ തോന്നുന്നില്ലേ? അൽപം പോലും നിങ്ങൾ ചിന്തിക്കുന്നില്ലേ? തകർന്ന ആയുധങ്ങളും ബന്ധിതമായ കരങ്ങളുമായിട്ടാണോ നിങ്ങൾ അല്ലാഹുവിനോട് യുദ്ധം ചെയ്യുന്നത്? നിങ്ങളിലും നിങ്ങളുടെ പ്രവൃത്തികളിലും നാശം. ഇത് ഒരു കറ്റുകെട്ടുകാരനും കള്ളവാദിയുമായ ഒരാളുടെ പ്രവൃത്തിയാണോ? എപ്പോഴെങ്കിലും ഇങ്ങിനെ ഒരു കള്ളവാദി സഹായിക്കപ്പെട്ടിട്ടുണ്ടോ? ഇത് ഒരു കള്ളവാദിയുടെ വചനങ്ങളാണോ? നിങ്ങൾക്ക് എന്താണ് സംഭവിച്ചത്? നിങ്ങൾ തഖ്‌വ കൈകൊള്ളാത്തതെന്താണ്? നിങ്ങൾ അല്ലാഹുവിങ്കലേക്ക് മടക്കപ്പെടുകയില്ലേ? അല്ലെങ്കിൽ നിങ്ങളെ നിങ്ങളുടെ ആഗ്രഹങ്ങളിൽ മാത്രം അവൻ വിട്ടുകളയുമോ? അവർ

അഗ്നി ജ്വലിപ്പിച്ചപ്പോഴെല്ലാം തന്നെ അല്ലാഹു അതിനെ കെടുത്തി കളഞ്ഞു. എന്നിട്ടും അവർ ചിന്തിക്കുകയും ബുദ്ധി ഉപയോഗി ക്കുകയും ചെയ്യുന്നില്ല. ഞങ്ങളുടെ നബി(സ)യുടെ ഖലീഫമാർക്ക് നിങ്ങൾ കരുതുന്നത് പോലെ, എന്ത്കൊണ്ട് നബി എന്ന പേർ നൽകിയില്ല എന്നവർ ചോദിക്കുന്നു. ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യത്തെ കുറിച്ച് ജനങ്ങളിൽ സംശയമുണ്ടാവാതിരിക്കാ നും ആ കാര്യത്തിൽ അവർ മര്യാദ പാലിക്കാനും വേണ്ടിയിട്ടാണ് അങ്ങനെ സംഭവിച്ചത്. ആക്ഷേപകർ, ആക്ഷേപിക്കാതിരിക്കാൻ വേണ്ടി, ദീർഘകാലം കഴിഞ്ഞുകടന്നപ്പോൾ ഖലീഫമാരുടെ നുബു വ്വത്ത് കാര്യത്തിൽ ഈ രണ്ട് പരമ്പരകളും തമ്മിലുള്ള സാദൃശ്യം വെളിപ്പെടുത്തുവാൻ വേണ്ടിയിട്ടാണ് അല്ലാഹു ഇങ്ങനെ ഉദ്ദേശി ച്ചത്. നുബുവ്വത്തിന്റെ കാര്യത്തിൽ സാദൃശ്യത കാണുവാനാഗ്രഹി ക്കുന്നവരും അതിൽ ശഠിച്ചുനിൽക്കുന്നവരുമായവരുടെ ആശയ കുഴപ്പങ്ങൾ ദൂരീകരിക്കുവാൻ വേണ്ടിയിട്ടുമായിരുന്നു അല്ലാഹു അങ്ങനെ  ചെയ്തത്. അങ്ങനെ അല്ലാഹു എന്നെ അയക്കുകയും ഞാൻ ഇതിനുമുമ്പ് വിശദമായി വിവരിച്ചത് പോലെയുള്ള അർ ഥത്തിൽ എന്റെ പേര് 'നബി' എന്ന് വയ്ക്കുകയും ചെയ്തു. ദുഷ്ചി ന്തകർ മനസ്സിലാക്കുന്നത് പോലുള്ള അർഥത്തിലല്ല. അങ്ങിനെ ഈ രണ്ട് ആക്ഷേപങ്ങളേയും ദൂരികരിച്ചിരിക്കുകയാണ്. ഈ വശ ത്തേയും ആ വശത്തേയും പരിഗണിച്ചിരിക്കുകയാണ്. ഇതിൽ ചിന്തിക്കുന്നവർക്ക് മാർഗ്ഗദർശനമുണ്ട്. ഞാൻ ഒരു വശത്തിലൂടെ നബിയും മറ്റൊരു വശത്തിലൂടെ ഉമ്മത്തിയുമാണ്. എന്നെ കുറിച്ച് പറയപ്പെട്ടിരിക്കുന്നതും അങ്ങനെ തന്നെയാണ്. ഇത് അവർ വായി ക്കുന്നില്ലേ? ആ ആൾ നിങ്ങളിൽ നിന്നുള്ളവനും നബിയും ആയിരി ക്കുമെന്നത് അവർ അവരുടെ പക്കലുള്ള ആ (നിവേദനങ്ങളിൽ) വായിക്കുന്നില്ലേ? ഈ രണ്ട് വിശേഷണങ്ങളും ഈസയിൽ കാണ പ്പെടുന്നുണ്ടോ? അല്ലെങ്കിൽ ഇവ രണ്ടും വിശുദ്ധ ഖുർആനിൽ അദ്ദേഹത്തെ കുറിച്ച് പറയപ്പെട്ടിട്ടുണ്ടോ? നിങ്ങൾ സത്യവാന്മാരാ ണെങ്കിൽ അത് നമുക്ക് കാണിച്ചു തരിക. എന്നാൽ നിങ്ങൾ അവി ശ്വാസത്തിന്ന് സത്യവിശ്വാസത്തിനുമേൽ മുൻഗണന നൽകിയിരി ക്കുന്നു എന്നതാണ് യാഥാർഥ്യം. വിശുദ്ധഖുർആനു യാതൊരു വിലയും കൽപ്പിക്കാതെ പിൻപുറം തള്ളിയിരിക്കുന്നവർക്ക് എനി ക്കെങ്ങനെയാണ് മാർഗ്ഗദർശനം നൽകാൻ കഴിയുക?. മസീഹിന്റെ കൈകളാൽ കുരിശ് ഉടക്കുക എന്ന കർമ്മം അല്ലാഹു വിധിച്ചിരുന്ന താണ്. അതിന്റെ അടയാളങ്ങളും പ്രത്യക്ഷമായിട്ടുണ്ട്. എന്നിട്ടും

ആക്ഷേപകർ ചിന്തിക്കുന്നില്ല എന്നത് അത്ഭുതകരമായ കാര്യ മാണ്. ക്രിസ്തുമതം ഓരോ ദിവസവും ഉരുകിത്തീരുകയാണെ ന്നത് അവർ കാണുന്നില്ലേ? ഒരു ജനവിഭാഗത്തിന്ന് ശേഷം മറ്റൊരു ജനവിഭാഗം അവരെ ഉപേക്ഷിച്ചു കൊണ്ടിരിക്കുകയാണ്. അവർക്ക് ഈ വിവരങ്ങളൊന്നും ലഭിക്കുന്നില്ലേ, അല്ലെങ്കിൽ അവർ കേൾക്കു ന്നില്ലേ? ഇവരുടെ (ക്രിസ്ത്യാനികളുടെ) പണ്ഡിതന്മാർ സ്വന്തം കരങ്ങളാൽ തന്നെ തങ്ങളുടെ കൂടാരങ്ങൾ തകർക്കുകയാണ്. അവ രിലുള്ള ആദരണീയരായവർ പലരും ഏകദൈവ വിശ്വാസത്തിലേ ക്ക് മാർഗദർശനം പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ മതം ദിനേനയെന്നോണം ഉരുകിത്തീരുകയും അവരുടെ ശരങ്ങൾ ഒടി ഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുകയാണ്. ഏത്‌വരെയെന്നാൽ ജർ മ്മനിയിലെ കൈസറും ഈ വിശ്വാസം വെടിഞ്ഞിരിക്കുന്നു എന്നും സൽപ്രകൃതം പ്രകടിപ്പിച്ചിരിക്കുന്നു എന്നും നാം കേൾക്കുകയു ണ്ടായി. അതേപ്രകാരം സത്യാന്വേഷകരായ അവരുടെ പണ്ഡിത ന്മാർ തങ്ങളുടെ ഭവനങ്ങൾ സ്വന്തം കരങ്ങളാൽ ശൂന്യമാക്കികൊ ണ്ടിരിക്കുകയാണ്. അവർ പ്രവേശിച്ചിരുന്ന പോലെ തന്നെ പുറത്ത് പോയിക്കൊണ്ടിരിക്കുകയാണ്. ഇതൊന്നും കാണാത്ത കണ്ണുകൾ ക്കും കേൾക്കാത്ത കാതുകൾക്കും നാശം. ദൈവീക ഗ്രന്ഥം വായി ക്കുന്നുണ്ടെങ്കിലും അത് മനസ്സിലാക്കാത്തവർക്കും നാശം.

ഈസാ നബി ആകാശത്ത് നിന്ന് ഇറങ്ങുന്ന കാര്യം വിശുദ്ധ ഖുർആൻ തടഞ്ഞുവച്ചിരിക്കെ അദ്ദേഹം ഇനിയും ഇറങ്ങുമോ? നിങ്ങൾ ഊഹിക്കുന്ന ഈ കാര്യം ബുദ്ധിപരമായി അങ്ങേയറ്റം വിദൂരസ്ഥമാണ്. വിശുദ്ധ ഖുർആന്റെ വിലങ്ങ് ഉരുക്കുവിലങ്ങിനേ ക്കാളും കഠിനതരമാണ്. അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ കാര്യങ്ങളെ കുറിച്ച് ചിന്തിക്കാത്തവർക്കും വിനയം കൈകൊള്ളാത്തവർക്കും നാശം സംഭവിക്കട്ടെ. (ഈസായുടെ) മരണം അവർക്കും (മുസ്‌ലി മീംകൾക്കും) അവരുടെ ദീനിനും ഉത്തമമാണ് എന്ന കാര്യം അവർ ഗ്രഹിച്ചിരുന്നെങ്കിൽ എത്ര നന്നായേനെ. റസൂലുല്ലാഹി സല്ലല്ലാ ഹു അലൈഹി വസല്ലം ഈസാക്ക് ശേഷം 7ാം നൂറ്റാണ്ടിലാണ് നിങ്ങളുടെ അടുക്കൽ ആഗതരായത്. ഞാൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നത് ആ നൂറ്റാണ്ടിന്റെ (ഏഴിന്റെ) ഇരട്ടി (അതായത് 14ാം നൂറ്റാണ്ട്) യിലാണ്. ചിന്തിക്കുന്ന ജനങ്ങൾക്ക് ഇതിൽ തീർ ച്ചയായും വലിയൊരു സുവിശേഷമുണ്ട്. അങ്ങനെ ഈസാക്ക് ആറ് നൂറ്റാണ്ടിന് ശേഷമാണ് ഏറ്റവും വലിയ 'ഹക്ക' (അതായത് നമ്മുടെ

നബി തിരുമേനി(സ))മിനെ അയച്ചിരിക്കുന്നത് എന്ന് നിങ്ങൾ അറിഞ്ഞുകൊള്ളുക. അപ്പോൾ അതിന്റെ ഇരട്ടി കാലയളവിൽ (14ാം നൂറ്റാണ്ടിൽ) സൃഷ്ടികളിൽ പ്രചരിച്ചിരുന്ന കുഴപ്പങ്ങളെ ദൂരികരി ക്കാനായാണ് ഈ ഹക്കമിനെ അയച്ചിരിക്കുന്നത് എന്ന കാര്യം നിങ്ങളുടെ ബുദ്ധിക്ക് വിദൂരമാണോ? അത് കൊണ്ട് അല്ലയോ ബുദ്ധിമാന്മാരെ, നിങ്ങൾ ചിന്തിക്കുക. ഈ കാലത്തുള്ള കുഴപ്പങ്ങൾ എല്ലാ മുസ്‌ലിം അമുസ്‌ലിം വിഭാഗങ്ങളിലും ഒരുപോലെ പരന്നിരി ക്കുന്നതായി കാണപ്പെടുന്നു എന്ന് നിങ്ങൾക്കറിയാമല്ലോ? നമ്മുടെ നബി തിരുമേനി(സ)ന് മുമ്പ് വഴിപിഴച്ചു പോയ ക്രിസ്ത്യാനികളിൽ പ്രകടമായിരുന്നതിനേക്കാൾ വലിയ കുഴപ്പമാണ് (ആ വഴികേട്). മാത്രമല്ല ആദ്യത്തേതിൽ നിന്ന് എത്രയോ അധികം വഴിപിഴച്ചവരും നിഷ്കൃതരുമായിട്ട് ഇന്ന് നിങ്ങൾക്കവരെ കാണാവുന്നതാണ്. നമ്മുടെ ഈ കാലഘട്ടം എല്ലാ അനാചാരം, ശിർക്ക്, മാർഗഭ്രംശം എന്നിവയുടെ കൊടുങ്കാറ്റിനു സമാനമായ കാലഘട്ടമാണ്. എന്നെ വാളുമായല്ല അയച്ചിരിക്കുന്നത് എങ്കിലും ഒരു മഹത്തായ യുദ്ധ ത്തിനുള്ള കൽപന എനിക്ക് നൽകപ്പെട്ടിരിക്കുന്നു.ആ മഹത്തായ യുദ്ധം എന്താണെന്ന് നിങ്ങൾക്കെന്തറിയാം? ആ യുദ്ധത്തിനുള്ള ആയുധം ഇരുമ്പു കൊണ്ടുള്ള പേനയാണ്. വാളോ പരിചയോ അല്ല. ഈ ആയുധം മാത്രം ധരിച്ചു കൊണ്ടാണ് നാം ശത്രുവിനെ നേരിടാനായി എത്തിയിരിക്കുന്നത്. അതിനാൽ പ്രതാപവാനും മഹോന്നതനും ഉന്നതനുമായ അല്ലാഹുവിൽ നിന്ന് കൃത്യസമയത്ത് നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്ന ആളെ നിങ്ങൾ നിഷേ ധിക്കരുത്. ഞാൻ അല്ലാഹുവിന്റെ മേൽ കറ്റു കെട്ടാണോ ചെയ്തി രിക്കുന്നത്? കറ്റ്കെട്ടുചെയ്യുന്നവർ എപ്പോഴും തന്നെ പരാജിതരും നഷ്ടപ്പെട്ടവരുമായി തീരുന്നതാണ്. അവിശ്വാസികളോട് ജിഹാദ് ചെയ്യാത്തതിലും അവരെ വാള് കൊണ്ട് വധിക്കാത്തതിലും നിങ്ങ ൾ എന്നെ പഴിക്കുകയാണോ? നിങ്ങൾക്ക് എന്ത് പറ്റി? കാലത്തിനെ (ഗതിയെ) മനസ്സിലാക്കാതെ വെളിവില്ലാത്തവരെ പോലെയാണോ നിങ്ങൾ സംസാരിക്കുന്നത്. ഇതിനെല്ലാം പുറമെ നിങ്ങൾ അല്ലാഹു വിന്റെ പക്കൽ ഏറ്റവും വലിയ നിഷേധികളാണ്. നിങ്ങൾ അല്ലാഹു വിന്റെ ഗ്രന്ഥത്തെ ഉപേക്ഷിച്ചുകൊണ്ട് ഇതര മാർഗങ്ങൾ അവ ലംബിച്ചിരിക്കുകയാണ്. അല്ലയോ, കൊല്ലാനും മരിക്കാനും ഒരുങ്ങി യവരേ, നിങ്ങളുടെ അഭിപ്രായപ്രകാരം ജിഹാദ് നിർബന്ധമാ ണെങ്കിൽ പിന്നെ വധിക്കപ്പെടുവാൻ ഏറ്റവും അർഹരായിട്ടുള്ളവർ നിങ്ങൾ തന്നെയാണ്. നിങ്ങൾ അല്ലാഹുവിന്റെ നബിയോട് അനു

സരണക്കേട് കാണിച്ചിരിക്കുന്നത് കൊണ്ടാണ് ഇത്. അതിന്നായി നിങ്ങളുടെ പക്കൽ വ്യക്തമായ ഗ്രന്ഥത്തിൽ നിന്ന് ഒരു തെളിവും നിരത്താനില്ല. അല്ലയോ സ്വേഛരകളെ ആരാധിക്കുന്നവരെ, നിങ്ങളിൽ ദീനിന്റെ എന്ത് കാര്യമാണ് ഇനി അവശേഷിക്കുന്നത്? നിങ്ങൾ ഈ ഭൗതീക ലോകമാകുന്ന ശവശരീരത്തിൽ നിന്ന് എന്താണ് ഉപേക്ഷിച്ചത്? ഭരണകർത്താക്കളുടെ സാമീപ്യം കരസ്ഥമാക്കുവാനായി നിങ്ങൾ എല്ലാ സൂത്രങ്ങളും പ്രയോഗിക്കുകയും ഈ ഭൂമിയേയും ഉന്നതമായ ആകാശത്തേയും സൃഷ്ടിച്ചവനായ നിങ്ങളുടെ യജമാനനായ അല്ലാഹുവിനെ മറന്നു കളയുകയും ചെയ്തിരിക്കുകയാണ്. ഈ ഭൗതീക ലോക ജീവിതത്തിന്ന് ദീനിന്നുമേൽ മുൻഗണന നൽകുകയും ഇസ്‌ലാമിക അടയാളങ്ങളായ ചില ബാഹ്യമായ രൂപങ്ങൾ മാത്രം അല്ലാതെ മറ്റൊന്നും തന്നെ ശേഷിച്ചിട്ടില്ലാത്ത നിങ്ങൾക്ക്, ഏകനായ അല്ലാഹുവിന്റെ തൃപ്തിയുടെ സമീപത്തുപോലും എങ്ങിനെയാണ് എത്താൻ സാധിക്കുക? നിങ്ങൾ അല്ലാഹുവിന്റെ വിധിവിലക്കുകളെ പരിപൂർണ്ണമായും മറന്നുകളയുകയും ഇസ്‌ലാമിന്റേയും ഋജുവായ ദീനിന്റേയും കെട്ടിടത്തെ നിങ്ങൾ സ്വന്തം കരങ്ങളാൽ തകർത്തുകളയുകയും ചെയ്തിരിക്കുകയാണ്. കാരണം നിങ്ങൾ ദാരിദ്ര്യത്തേയും ഏകാന്തവാസത്തേയും വിനയത്തിന്റെ മാർഗ്ഗങ്ങളേയും ഉപേക്ഷിച്ചിരിക്കുകയാണ്. നിങ്ങൾ ജനങ്ങളിൽ നിന്ന് മഹത്വം കരസ്ഥമാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ ഭൗതീക ലോകമാകുന്ന വിഷം ഭക്ഷിക്കുകയും ദുരാഗ്രഹം, സ്വേഛ, പ്രകടനാത്മകത, അഹങ്കാരം എന്നിവയിലേക്ക് കുനിയുകയും ചെയ്തിരിക്കുകയാണ്. രാജാക്കന്മാരുടെ സാമീപ്യവും അവരിൽ നിന്നുള്ള സ്ഥാനമാനങ്ങളും കരസ്ഥമാക്കുന്നതിലാണ് നിങ്ങൾ സന്തോഷം കണ്ടെത്തുന്നത്. യഹൂദികളുടെ സ്വഭാവങ്ങളിൽ നിന്ന് ഒരു സ്വഭാവം പോലും നിങ്ങൾ ഉപേക്ഷിച്ചിട്ടില്ല. നിങ്ങൾ അവരുടെ പര്യവസാനം കാണുകയും ചെയ്തിട്ടുണ്ട്. അല്ലയോ ബുദ്ധിമാന്മാരെ, ഇങ്ങിനെയുള്ള ഒരു പവിത്രതയുമായിട്ടാണോ നിങ്ങൾ അവിശ്വാസികളെ നേരിടുന്നത്? നിങ്ങൾ സന്തോഷിക്കേണ്ട. തീർച്ചയായും അല്ലാഹു ഇതെല്ലാം കാണുന്നുണ്ട്. അവിശ്വാസികളുമായി നിങ്ങൾ യുദ്ധം ചെയ്യണമെന്ന് അല്ലാഹു ഇഛിച്ചിരുന്നെങ്കിൽ, അവൻ തീർച്ചയായും അവരെക്കാൾ എത്രയോ കൂടുതലായി നിങ്ങൾക്ക് നൽകുകയും, നിങ്ങളെ നേരിടാനായി നിങ്ങളുടെ മുമ്പിൽ വരുന്ന ഓരോ ആളേയും നിങ്ങൾ ജയിച്ചടക്കുകയും ചെയ്യുമായിരുന്നു. യുദ്ധകലയിലുള്ള എല്ലാം തന്നെ അവിശ്വാസികൾക്കാണ്

നൽകപ്പെട്ടത് എന്ന ദൈവീക തന്ത്രം നിങ്ങൾ കാണുന്നുവല്ലോ? അതിനാൽ കടലിലും കരയിലുമുള്ള എല്ലാ യുദ്ധരംഗത്തും അവർ നിങ്ങളെക്കാൾ മുൻപന്തിയിലാണ്. അവരുടെ ദൃഷ്ടിയിൽ നിങ്ങൾ ഒരു കണികയെ പോലെ മാത്രമാണ്. അതിനാൽ അല്ലാഹു തുറന്ന തിനെ അടക്കുക എന്നതും അല്ലാഹു അടച്ചു പൂട്ടിയതിനെ തുറ ക്കുക എന്നതും നിങ്ങളുടെ കഴിവിൽപ്പെട്ടതല്ല. അത്കൊണ്ട് അല്ലാ ഹുവിന്റെ കാരുണ്യത്തിലേക്ക് അതിന്റെ കവാടങ്ങളിലൂടെ നിങ്ങൾ പ്രവേശിച്ചു കൊള്ളുക. തന്റെ റബ്ബിനെ കോപിഷ്ഠനാക്കുകയും ദേഷ്യപ്പെടുത്തുകയും ചെയ്തവനെ പോലെ നിങ്ങൾ ആയിത്തീര രുത്. അല്ലാഹുവിനോട് യുദ്ധം ചെയ്യുകയും അവനെ ധിക്കരിച്ചവ നെ പോലെയും നിങ്ങൾ ആയിത്തീരരുത്. ആകാശത്ത് നിന്ന് ഇറ ങ്ങുകയും സമസൃഷ്ടികളുടെ രക്തം ചിന്തുകയും വിവിധങ്ങളായ യുദ്ധ വിജയങ്ങളിൽ നിന്ന് കരസ്ഥമാക്കുന്ന 'ഗനീമത്ത് മുതലുകൾ' നിങ്ങൾക്ക് നൽകുകയും ചെയ്യുന്ന ഒരു മസീഹിനെ നിങ്ങൾ കാ ത്തിരിക്കേണ്ട. നിങ്ങൾക്ക് മുമ്പ് ഇത്തരം ചിന്തകളുമായി കഴിഞ്ഞി രുന്ന ആളുകളെ പോലെയാണോ നിങ്ങൾ ആയിത്തീരുന്നത്? മറ്റു ള്ളവരിൽ നിന്ന് പാഠം ഉൾകൊള്ളുകയും കാണുന്നതിനെയെല്ലാം പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതാണ് സത്യവിശ്വാസിക ളുടെ സ്വഭാവം. മറ്റൊരാൾക്ക് നാശം സംഭവിച്ച കൊടും കാട്ടിലേക്ക് പ്രവേശിക്കരുത്. പ്രതീക്ഷിച്ചു കൊണ്ടിരുന്ന ആ കാലത്ത് തന്നെ നിങ്ങളിൽ നിന്ന് തന്നെയുള്ള നിങ്ങളുടെ മസീഹിനെ അല്ലാഹു അയച്ചു എന്ന കാര്യം നിങ്ങൾക്ക് മതിയായതല്ലേ? നിങ്ങൾ ഒരു ഗർത്തത്തിന്റെ അരികിൽ നിൽക്കുകയായിരുന്നു. അപ്പോൾ അല്ലാ ഹു നിങ്ങളെ ആ ഗർത്തത്തിൽ നിന്ന് രക്ഷിക്കാൻ ആഗ്രഹിക്കുക യും അങ്ങനെ അവൻ തന്റെ മഹത്തായ കാരുണ്യത്താൽ നിങ്ങളെ താങ്ങി നിർത്തുകയും ചെയ്തു. എങ്ങനെയാണ് അടയാളങ്ങൾ ഇറങ്ങിയതെന്നും ദൃഷ്ടാന്തങ്ങൾ സ്വരൂപിക്കപ്പെട്ടതെന്നുമുള്ള കാര്യത്തെ കുറിച്ച് നിങ്ങൾ ചിന്തിക്കാത്തതെന്താണ്? അല്ലാഹു വിന്റെ അടയാളങ്ങളെ നിങ്ങളുടെ കണ്ണുകൾ നിന്ദ്യമായിട്ടാണോ മനസ്സിലാക്കുന്നത്? അല്ലെങ്കിൽ സത്യം വെളിപ്പെട്ടതിനു ശേഷവും നിങ്ങൾ അതിൽ നിന്ന് മുഖം തിരിച്ചുകളയുകയാണോ ചെയ്യുന്നത്? നിങ്ങളിൽ നിന്ന് തന്നെ നിങ്ങളുടെ അടുക്കൽ ഒരു മുന്നറിയിപ്പു കാരൻ വന്നു എന്നതിൽ നിങ്ങൾ അത്ഭുതപ്പെടുകയാണോ ചെയ്യു ന്നത്? നിങ്ങൾ അദ്ദേഹത്തെ നിരാകരിക്കുകയും നിങ്ങളുടെ മഹത്വ വാനും ഉന്നതനുമായ അല്ലാഹുവിനോട് നന്ദികേട് കാണിക്കുകയും

അല്ലാഹുവിന്റെ തെളിവുകളെ അവിശ്വസിക്കുകയുമാണ് ചെയ്തത്. അതേപ്രകാരം തന്നെ അല്ലാഹുവും അവരുടെ ഹൃദയത്തിന്റെ ഗതി ദൗർഭാഗ്യത്തെ ആശ്ളേഷിച്ചവരെ പോലെ ആക്കുകയുണ്ടായി. വരാനുള്ള ഇമാമിനെ സംബന്ധിച്ചുള്ള നിങ്ങളുടെ അഭിപ്രായം തെറ്റിപ്പോയിരിക്കുകയാണ്. അദ്ദേഹം യഹൂദികളിൽ നിന്നായിരിക്കുമെന്ന് നിങ്ങൾ മനസ്സിലാക്കുകയും അദ്ദേഹം നിങ്ങളിൽ നിന്ന് തന്നെയായിരിക്കുമെന്ന കാര്യം നിങ്ങൾ അവിശ്വസിക്കുകയും ചെയ്തു. നിങ്ങൾക്ക് മുമ്പുള്ള സംഘങ്ങളെ നശിപ്പിച്ച അതേ അന്ധത തന്നേയാണ് നിങ്ങളേയും നശിപ്പിച്ചിരിക്കുന്നത്. അവരുടെ കാര്യങ്ങൾ നിങ്ങളുടെ അടുക്കൽ എത്തിയതാണ്. എന്നാൽ നിങ്ങൾ അത് മറന്നുകളയുകയും നിങ്ങളുടെ പൂർവ്വികർക്ക് സാദൃശ്യമാവുമെന്ന നമ്മുടെ റബ്ബിന്റെ വചനം പൂർത്തിയാക്കുമാറ് നിങ്ങൾ അവരുടെ മാർഗ്ഗം തന്നെ അവലംബിക്കുകയും ചെയ്തിരിക്കുകയാണ്. സന്മാർഗ്ഗം പുതിയ രൂപത്തിൽ ജനങ്ങളുടെ പക്കൽ എത്തിയപ്പോഴെല്ലാം അത് സ്വീകരിക്കാൻ അവർക്ക് തടസ്സങ്ങളൊന്നും തന്നെ ഇല്ലായിരുന്നു. ഞങ്ങൾക്ക് മുമ്പുള്ളവരി(പൂർവ്വപിതാക്കൾ)ൽ നിന്ന് ലഭിച്ച കാര്യങ്ങളൊന്നും തന്നെ ഈ വ്യക്തിയിൽ കാണുന്നില്ല എന്ന് അവർ പറഞ്ഞതൊഴികെ. അതിനാൽ ഞങ്ങൾക്ക് നൽകപ്പെട്ട കാര്യങ്ങളനുസരിച്ച് വരുന്ന ഒരു ആളെ മാത്രമേ ഞങ്ങൾ വിശ്വസിക്കുകയുള്ളൂ, ഞങ്ങൾ പുതിയ കാര്യങ്ങൾ പറയുന്ന ആരേയും തന്നെ പിൻപറ്റുകയില്ല. മുൻപുള്ളവരുടേയും പിന്നീട് വന്നവരുടേയും രീതി ഇത് തന്നേയായിരുന്നു. ഈ ആളുകളെല്ലാം അന്യോന്യം ഈ രീതി തന്നെ അവലംബിക്കണമെന്ന് വസിയ്യത്ത് ചെയ്തിരിക്കുകയാണോ? അല്ല, ഇവർ തന്നേയാണ് പ്രവാചകന്മാരിൽ വിശ്വസിക്കാത്ത ജനങ്ങൾ. അല്ലാഹു നിയോഗിച്ച ആ വ്യക്തിയിലും അവൻ (അല്ലാഹു) അദ്ദേഹത്തിനു നൽകിയ ജ്ഞാനത്തിലും നിങ്ങൾ വിശ്വസിക്കണമെന്ന് അവരോട് പറയപ്പെടുമ്പോൾ അവർ പറയുന്നത്, ഇതിനു മുമ്പ് ഞങ്ങളുടെ പണ്ഡിതന്മാരോട് - അവരുടെ പണ്ഡിതന്മാർ തെറ്റുകാരായിരുന്നാൽ പോലും - എതിർപ്പ് കാണിച്ച ആളെയാണോ ഞങ്ങൾ വിശ്വസിക്കേണ്ടത് എന്നാണ്. യഥാർഥത്തിൽ ഇവർ ഭൗതീക ജീവിതത്തിൽ തൃപ്തിയടഞ്ഞവരും (പരലോകത്തെ കുറിച്ച്) ഭയമില്ലാത്ത ജനതയുമാണ്. അവർ പറയുന്നത്, നീ അല്ലാഹുവിനാൽ അയക്കപ്പെട്ട ആളല്ല എന്നാണ്. എന്നാൽ ഈ അക്രമികൾ അല്ലാഹുവിങ്കലേക്ക് മടക്കപ്പെടുന്ന ആ ദിവസം, അതിക്രമികളുടെ പര്യവസാനം എന്തായിരിക്കുമെന്ന കാര്യം അവ

ർക്ക് ബോധ്യം വരുന്നതാണ്. ഇത് കെട്ടിച്ചമക്കപ്പെട്ട കാര്യമാണെന്നുമാണവർ പറയുന്നത്. ഒരിക്കലും അങ്ങിനെയുള്ള കാര്യമല്ല. എന്നാൽ അവരുടെ (ദുഷ്)പ്രവൃത്തികൾ അവരുടെ ഹൃദയങ്ങളെ തുരുമ്പിപ്പിച്ചിരിക്കുകയാണ്. അത്കൊണ്ട് അവർ ശത്രുതയിൽ മുന്നേറിയിരിക്കുകയാണ്. അവർ സസൂക്ഷ്മം നോക്കി കാണുകയും ചെയ്യുന്നവരല്ല. ഇതിനുമുമ്പ് യഥാർത്ഥത്തിൽ അവർക്കുള്ള ചികിത്സ, അവർ രാത്രി സമയങ്ങളിൽ നമസ്ക്കാരങ്ങൾക്കായി എഴുന്നേൽക്കുകയും തങ്ങളുടെ മുറികളിൽ ഏകാന്തതയിൽ ഇരുന്നുകൊണ്ട് വാതിലുകൾ അടച്ച് കണ്ണുനീർ ഒഴുക്കുകയും തങ്ങളുടെ മോക്ഷത്തിന്നായി വേവലാതിപ്പെടുകയും വളരെയധികം താഴ്മ കൈകൊള്ളുന്നവരായി കൊണ്ട് നമസ്ക്കരിക്കുകയും വിനയാന്വിതരായികൊണ്ട് സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുക എന്നതാണ്. എന്നാൽ ഒരു പക്ഷെ അല്ലാഹു അവരുടെമേൽ കരുണ ചൊരിഞ്ഞേക്കാം. അവൻ തന്നേയാണ് എല്ലാവരേക്കാളും ഏറ്റവും കൂടുതൽ കാരുണ്യം ചൊരിയുന്നവൻ.

ഈയൊരു അവസ്ഥ അവർക്ക് എങ്ങനെ സ്വായത്തമാക്കാൻ സാധിക്കും. അവരാണെങ്കിൽ ഭയത്തിനും കരച്ചിലിനും പകരം പരിഹാസവും അപഹാസവും കൈകൊള്ളുകയും കഠിനമായി നിരാകരിക്കുകയുമാണ് ചെയ്യുന്നത്. അവരെ ദൂരെ നിന്ന് വിളിക്കപ്പെടുകയാണ് ചെയ്യുന്നത്. അതിനാൽ ആ വിളിയുടെ ഒരു അക്ഷരം പോലും അവരുടെ കാതുകളിൽ ചെന്നുപ്പെടുന്നില്ല. സമുദായത്തിന്ന് വന്നുപ്പെട്ട, പ്രയാസങ്ങളേയും ശത്രുക്കളുടെ കരങ്ങളാൽ അതിനേറ്റ മുറിവുകളേയും അവർ കാണുന്നില്ല. ഇക്കാലത്ത് ഇസ്ലാമിന്റെ അവസ്ഥ, എല്ലാ പുരുഷന്മാരെക്കാളും ഭംഗിയുള്ള ശക്തനും സുന്ദരനും സുമുഖനുമായിരുന്ന ആളെപോലെയാണ്. പിന്നീട് അധികമായി കരഞ്ഞത് കാരണം കാലചംക്രമണം അതിന്റെ കണ്ണുകളെ ക്ഷയിപ്പിക്കുകയും കവിളുകളിൽ ചുളിവുകൾ വരുത്തുകയും ചെയ്തു. പല്ലുകളിൽ അടിഞ്ഞു കൂടിയ മഞ്ഞനിറവും പല്ലുകളെ വിരൂപമാക്കുന്ന രോഗവും കാരണം അതിന്റെ പല്ലുകളുടെ തിളക്കം നഷ്ടപ്പെടുത്തിയിരിക്കുകയാണ്. അതിനാൽ ഇസ്ലാമിന്റെ സൗന്ദര്യവും മനോഹാരിതയും അതിന്റെ തിളക്കവും വിളക്കവും അതിന്ന് തിരിച്ചു കിട്ടുന്ന രൂപത്തിലുള്ള തന്റെ കാരുണ്യം ഈ കാലത്ത് പ്രകടിപ്പിക്കണമെന്ന് അല്ലാഹു നിശ്ചയിച്ചിരിക്കുകയാണ്. ജനങ്ങളിൽ മുഖ്‌ലിസീങ്ങളുടെ ആത്മാവും സ്വാലിഹീങ്ങളിലുള്ള സത്യ

വും, അതേപോലെ അല്ലാഹുവിങ്കലേക്ക് സമർപ്പിതരാവുന്നവരെ പോലുള്ള പ്രേമവും ശേഷിച്ചിരുന്നില്ല. അവർ അമിതമായും അത്യൽപമായും പ്രവർത്തിച്ചുകൊണ്ട് നാസ്തികരെ പോലെയായി തീർന്നു. ഉൾകാഴ്ചയും കാര്യജ്ഞാനവും, ആകാശത്ത് നിന്ന് ഇറങ്ങിയ മന:ശാന്തിയും കൂടാതെ തങ്ങളുടെ പൂർവ്വികന്മാരിൽ നിന്ന് കരസ്ഥമാക്കിയ ആചാരങ്ങൾ മാത്രമാണ് അവരുടെ ഇസ്ലാം.

എന്റെ റബ്ബ് തന്റെ അസ്തിത്വത്തിനായി, എന്നെ തെളിവാക്കുന്നതിനു വേണ്ടിയും തന്റെ അസ്തിത്വമാകുന്ന ആരാമത്തിലെ വിടർന്ന് പരിലസിക്കുന്ന മനോഹരമായ ഒരു പുഷ്പമാക്കുന്നതിനു വേണ്ടിയുമായിട്ടാണ് എന്നെ അയച്ചിരിക്കുന്നത്. ആകയാൽ ഞാൻ വന്നിരിക്കുന്നു. ഞാൻ മുഖേന അവന്റെ മാർഗം പ്രകടമായിരിക്കുന്നു. അവന്റെ മാർഗദർശനം സുവ്യക്തമായിരിക്കുന്നു. അവന്റെ അജ്ഞാതമായ ഓരങ്ങളെ കുറിച്ച് ഞാൻ മനസ്സിലാക്കിയിരിക്കുന്നു. അവന്റെ പാനകേന്ദ്രങ്ങളിലേക്ക് ഞാൻ എത്തിയിരിക്കുന്നു. നിശ്ചയമായും ആകാശവും ഭൂമിയും അടച്ചുപൂട്ടപ്പെട്ടവയായിരുന്നു. എന്നാൽ എന്റെ വരവോടുകൂടി അത് തുറക്കപ്പെട്ടിരിക്കുന്നു. അന്വേഷകർക്ക് എന്റെ ജ്ഞാനങ്ങൾ മുഖേന പഠിപ്പിക്കപ്പെട്ടിരിക്കുന്നു. ആകയാൽ ഞാൻ സന്മാർഗത്തിലേക്ക് പ്രവേശിക്കുവാനുള്ള കവാടമാണ്. ഞാൻ മാർഗദർശനത്തിനായിട്ടുള്ള പ്രകാശമാണെങ്കിലും സ്വയം കാണപ്പെടുന്നവനല്ല. ഞാൻ കാരുണ്യവാന്റെ ഏറ്റവും അനുഗ്രഹങ്ങളിൽപ്പെട്ട ഒന്നാണ്. എല്ലാം നൽകുന്നവനായ അല്ലാഹുവിന്റെ മഹത്തായ പാരിതോഷികങ്ങളിൽ ഒന്നാണ് ഞാൻ. ദീനിന്റെ ബാഹ്യവും ആന്തരീകവുമായിട്ടുള്ള ജ്ഞാനങ്ങൾ എനിക്ക് നൽകപ്പെട്ടിരിക്കുന്നു. എനിക്ക് സുഹ്ഫെ മുത്വഹ്ഹറയും അതിലെ ജ്ഞാനങ്ങളും കരഗതമാക്കപ്പെട്ടിരിക്കുന്നു. എന്റെ സ്ഥാനത്തെ കുറിച്ച് അറിവില്ലാത്തവനും എന്റെ സൽക്കാരത്തിൽ നിന്നും എന്റെ ഭക്ഷണങ്ങളിൽ നിന്നും മുഖം തിരിച്ചുകളയുന്നവനുമായവനെക്കാൾ ദൗർഭാഗ്യവാൻ മറ്റാരും തന്നെ ഇല്ല. ഞാൻ സ്വയം ആഗതനായതല്ല, മറിച്ച് ഇസ്ലാമിനെ സംരക്ഷിക്കുവാനും അതിന്റെ കാര്യങ്ങളും കൽപനകളും സംരക്ഷിച്ച് നിർത്തുവാനും വേണ്ടി എന്റെ റബ്ബാണ് എന്നെ അയച്ചിരിക്കുന്നത്. ചിന്തകളെല്ലാം നിലച്ചു പോവുകയും ആഗ്രഹങ്ങൾ ശിഥിലമായി പോവുകയും അന്ധകാരങ്ങളെ സ്വായത്തമാക്കുകയും പ്രകാശങ്ങളെ പരിത്യജിക്കുകയും ചെയ്തിരുന്ന അവസരത്തിലാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. ഗുരുജനങ്ങളേ

യും പണ്ഡിതവർഗത്തേയും നഗ്നശരീരരും ഉടുതുണി ഇല്ലാത്തവരുമായിട്ടാണ് നീ കാണുന്നത്. അവരുടെ പക്കൽ ഖുർആന്റെ പുറം തൊലികളും ഫുർഖാന്റെ ഒരു നേരിയ നാരുമല്ലാതെ ഒന്നും തന്നെ ശേഷിച്ചിട്ടില്ല. അവരുടെ പാൽ വറ്റി വരണ്ടിരിക്കുകയാണ്. വില പിടിച്ച അവരുടെ മുത്തുകൾ അവർക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. ഇതോടൊപ്പം അവരുടെ അജ്ഞതയുടേയും ദൂഷ്യങ്ങളുടേയും ദുർഗന്ധത്തോടു കൂടിയുള്ള അവരുടെ അഹങ്കാരം എന്നെ അത്ഭുതപ്പെടുത്തുകയാണ്. അവർ സത്യവാന്മാരെ തെറി പറയുകയും തള്ളിപ്പറയുകയും ഗുരുതരമായ ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തുകൊണ്ട് അവരെ ദ്രോഹിക്കുകയാണ്. ഇതിന്റെയെല്ലാം (ഈ ദ്രോഹങ്ങളുടെയെല്ലാം) പ്രതിഫലം അനുഗ്രഹപൂർണമായ സ്വർഗമാണെന്നാണവർ കരുതുന്നത്. എന്നാൽ ആ (സത്യവാൻ) അവരിലേക്ക് വന്നത് അവരെ ഖന്നാസിൽ നിന്ന് രക്ഷിക്കാനും ജനങ്ങളെ അവരുടെ തൂങ്ങിയുറക്കത്തിൽ നിന്ന് മോചിപ്പിക്കാനുമാണ്. അവർ സ്ഥാനമാനങ്ങളെ പ്രണയിച്ചവരും എല്ലാം അറിയുന്നവനും കണക്കെടുക്കുന്നവനുമായ(അല്ലാഹു)വനെ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്. കാരുണ്യവാനായ ദൈവത്തിൽ നിന്ന് വന്ന ആളിൽ നിന്ന് മുഖം തിരിക്കുകയാണ്. അദ്ദേഹം അവരുടെ അടുക്കൽ വന്നിരിക്കുന്നത് കാരുണ്യവാനായ ദൈവത്തിൽ നിന്നാണ്. രോഗിയുടെ അടുക്കൽ സഹതാപത്തോടെ വരുന്ന ഒരാളെ പോലെയാണ് അദ്ദേഹം വന്നിരിക്കുന്നത്. ആ (സത്യവാൻ)ന്റെ മേൽ കഠിനഹൃദയരായി കൊണ്ട് അവർ നാശം ചൊരിയുകയാണ്. സഹതാപം പ്രകടിപ്പിക്കുന്ന അദ്ദേഹത്തിന് അവർ നൽകുന്ന സമ്മാനമാണിത്. രാജാക്കന്മാരുടെ അടുക്കൽ വലിയ വലിയ സ്ഥാനങ്ങൾ മുഖേന ആദരിക്കപ്പെടണമെന്നാണ് അവർ ആഗ്രഹിക്കുന്നത്. ഈ നിന്ദ്യമായ ഭൗതീകലോകത്തിലെ ബന്ധങ്ങളെ തിരസ്കരിച്ചുകൊണ്ട് പ്രകാശമാനമായ ദീനിന്റെ മാർഗത്തിലുള്ള തടസ്സങ്ങളെ അകറ്റണമെന്ന കൽപനയായിരുന്നു അവർക്ക് നൽകപ്പെട്ടിരുന്നത്. സ്വേച്ഛകളിലേക്ക് അവർ ഒട്ടകപക്ഷിയുടെ വേഗത്തിലാണ് ഓടികൊണ്ടിരിക്കുന്നത്. ആ സ്വേച്ഛകളെ അവർ അവരുടെ താവളങ്ങളാക്കി വെച്ചിരിക്കുകയാണ്. ഒരു യാത്രക്കാരനെ പോലെ ഭൗതീക ലോകത്തിലൂടെ കടന്ന് പോകണമെന്നും പരദേശിയായ ഒരു വിനീതനെ പോലെ സ്വയം ആയിത്തീരണമെന്നുമുള്ള കൽപനയായിരുന്നു അവർക്ക് നൽകപ്പെട്ടിരുന്നത്. എന്നാൽ ഭരണകർത്താക്കളുടെ സന്നിധിയിൽ ആദരം ആഗ്രഹിക്കുന്നവരായിട്ടാണ് ഇന്ന് നീ അവരെ കാണുന്നത്. യഥാർ

ഥ ആദരവ് എല്ലാം അറിയുന്നവനായ അല്ലാഹുവിന്റെ സന്നിധിയിൽ നിന്നാണ് ലഭിക്കുന്നത്. കാരുണ്യവാന്റെ ദിനങ്ങളെ (അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടേയും ശിക്ഷകളുടേയും ദിനങ്ങൾ) കുറിച്ച് ജനങ്ങളെ ഓർമപ്പെടുത്തുകയും ശൈത്താനിൽ നിന്ന് അല്ലാഹുവിങ്കലേക്ക് അവരെ വലിച്ചടുപ്പിക്കുകയും ചെയ്യുമ്പോൾ പെട്ടെന്ന് നാം കാണുന്നത്, അവർ ഒരു ചെന്നായയെ പോലെ ആക്രമിക്കുന്നതും ഒരു സർപ്പത്തെ പോലെ തന്റെ ശീല്ക്കാരത്താൽ ഞങ്ങളെ ഭയപ്പെടുത്തുന്നതുമായിട്ടാണ്. അവർ ഒരിക്കലും തന്നെ നമ്മുടെ സദസ്സുകളിൽ സദുദ്ദേശത്തോടെയും സത്യഹൃദയത്തോടെയും വന്നിട്ടില്ല. എന്നിട്ടും അവർ എല്ലാം അറിയുന്നവരെ പോലെ ആക്ഷേപങ്ങൾ ഉന്നയിക്കുകയാണ് ചെയ്യുന്നത്. അവരുടെ അവസ്ഥ എന്താണെന്ന് നമുക്കറിയുകയില്ല. കത്തിജ്വലിക്കുന്ന അഗ്നിയെ സഹിക്കാനുള്ള കരുത്ത് അവർക്ക് നൽകിയത് ആരാണ്? ഭൗതീകലോകത്താൽ അവരുടെ മനം നിറയുന്നില്ല. അതിനോടുള്ള അടങ്ങാത്ത പ്രേമമാണ് അവരുടെ ഹൃദയങ്ങളിൽ കുടികൊള്ളുന്നത്. അതോടൊപ്പം അവർക്ക് ദീനുമായി നാമമാത്ര ബന്ധമേയുള്ളൂ. غَيْرِ الْمَغْضُوبِ عَلَيْهِمْ എന്ന് ഓതുന്നുണ്ടെങ്കിലും കാരുണ്യവാന്റെ കോപങ്ങളുടെ മാർഗങ്ങളിലാണ് അവർ ചരിക്കുന്നത്. പ്രതിഫലം നൽകുന്നവനായ അവ(അല്ലാഹു)നിൽ നിന്ന് വന്നവനെ അനുസരിക്കുകയില്ല എന്ന് ആണയിട്ട് സത്യം ചെയ്ത പോലെയാണവർ. അവരുടെ പക്കൽ വന്നിരിക്കുന്ന സത്യത്തെ അവർ നിരാകരിക്കുന്നതിൽ വിലപിക്കുകയാണ് ഞാൻ. അവരുടെ അന്ധത നിമിത്തം എന്നെ അവർ കാഫിറാണെന്ന് മുദ്ര കുത്തുകയാണ്. എന്തൊരു അത്ഭുതകരമായ ബുദ്ധിയാണ് അവരുടേത്? തീരുമാനം കൽപിക്കുന്നവൻ അല്ലാഹു തന്നെയാണ്. എന്റെ ദു:ഖത്തിന്റേയും വിഷമത്തിന്റേയും ജ്വലനം നന്നായി അറിയുന്നവൻ അവനാണ്. ഞാൻ വേരടക്കം പിഴുതെറിയപ്പെടണമെന്നാണ് അവർ തങ്ങളുടെ റബ്ബിനോട് ദുആ ചെയ്യുന്നത്. എന്റെ ഹൃദയത്തിലുള്ളത് അവർ അറിയുന്നില്ല. കാഴ്ചയില്ലാത്ത പെണ്ണൊട്ടകത്തിന്റെ നടത്തം പോലെയാണ് അവരുടെ ദുആകൾ. എനിക്ക് പ്രയാസങ്ങളും ക്ലേശങ്ങളും വരണമെന്നാണ് അവർ ആഗ്രഹിക്കുന്നത്, അത് അവരിലേക്ക് തന്നേയാണ് മടക്കപ്പെടുക. കാരുണ്യവാന്റെ കൈകളാൽ നടപ്പെട്ട ഒരു പരിശുദ്ധ വൃക്ഷത്തിന് എതിരുള്ള അവരുടെ ദുആ എങ്ങനെ സ്വീകരിക്കപ്പെടുവാനാണ്? അതിന്റെ തണൽ ആഗ്രഹിക്കുന്ന

ഓരോ പറവയും അതിനെ ശരണം പ്രാപിക്കുകയും അതിന്റെ ഫലങ്ങൾ ഭക്ഷിച്ചുകൊണ്ട് വിശപ്പടക്കാൻ ആഗ്രഹിക്കുകയും പൈശാചിക പ്രകൃതമുള്ള പരുന്തിൽ നിന്ന് സുരക്ഷ ആഗ്രഹിക്കുകയുമാണ് ചെയ്യുന്നത്. അവർ ഖുർആനിൽ വിശ്വസിക്കുന്നുണ്ടോ? ഒരിക്കലുമില്ല. ഭൗതീകലോകത്തിന്റെ പച്ചപ്പിലും ശ്യാമളതയിലും തിളക്കത്തിലും തൃപ്തിയടഞ്ഞ ജനങ്ങളാണ് അവർ. അതിലേക്ക് അവർ വേഗത്തിൽ മുന്നേറികൊണ്ടിരിക്കുകയാണ്. ആ മലമ്പാമ്പിൽ നിന്ന് വരുന്ന അപകടത്തെ കുറിച്ച് അവർ അശ്രദ്ധരാണ്. ഭൗതീക ആഗ്രഹങ്ങൾ കരഗതമാകുന്ന അവസരങ്ങളിൽ അവർ സന്തോഷം കൊള്ളുകയും അതിനെ ഗർവ്വും അഹങ്കാരവും നിറഞ്ഞ വാക്കുകളിൽ പ്രകടിപ്പിക്കുകയും ചെയ്യുന്നവരാണവർ. എന്നാൽ ജീവിതം വ്യർഥമാവുകയും പാരത്രീക സ്ഥാനങ്ങൾ നഷ്ടമായിപ്പോവുകയും ചെയ്യുന്നതിൽ അവർക്ക് ഒരു വേദനയും തന്നെ തോന്നുന്നില്ല. തീർച്ചയായും ഭൗതീക ലോകം ശപിക്കപ്പെട്ടതാണ്. അതിൽ വീണു കിടക്കുന്നവനും ശപിക്കപ്പെട്ടവനാണ്. അതിന്റെ ബാഹ്യം മധുരതരവും അതിന്റെ ആന്തരീകം വിഷമയവുമാണ്.

പുതിയ ഈന്തപ്പഴങ്ങൾക്ക് പകരം കത്തിക്കാനുള്ള വിറക് വാങ്ങുന്ന ഈ ജനങ്ങളുടെ കാര്യം കഷ്ടം തന്നെ. തങ്ങളുടെ ഖുത്ബകളിൽ ഉപദേശങ്ങളായി പറയുന്ന കാര്യങ്ങൾ വീട്ടിലെത്തുമ്പോൾ ഇവർ മറന്നു പോകുന്നു. അവർ പറയുന്നതൊന്നും തന്നെ അവർ പ്രവർത്തിക്കുന്നില്ല. ജനങ്ങൾക്ക് (അധ്യാപനങ്ങളായി) നൽകുന്ന കാര്യങ്ങളെ അവർ സ്പർശിക്കുക പോലും ചെയ്യുന്നില്ല. അവർ സ്വയം ചരിക്കാത്ത മാർഗങ്ങളിലേക്ക് മറ്റുള്ളവരെ വഴി നടത്തുകയും അവർക്ക് അറിയാത്ത മാർഗങ്ങളിലേക്ക് അവരെ നയിക്കുകയുമാണ് ചെയ്യുന്നത്. സത്യത്തിന് മുൻഗണന നൽകണമെന്ന് ഉപദേശിക്കുന്നുവെങ്കിലും അവർ സ്വയം അതിന്ന് മുൻഗണന നൽകുന്നില്ല. ശവത്തിലേക്ക് നായ്ക്കൾ എന്ന പോലെയാണ് ഇവർ ഭൗതീക ലോകത്തിലേക്ക് വീഴുന്നത്. നീചമായ ആശകൾ നിമിത്തം അവർ ആഗ്രഹിക്കുന്നത്, ചെയ്യാത്ത കാര്യങ്ങളിൽ അവരെ പുകഴ്ത്തി പറയണമെന്നാണ്. അവരെ അബ്ദാൽ, മുത്തഖി, പരിശുദ്ധർ എന്നീ ഗണങ്ങളിൽ ഉൾപ്പെടുത്തണമെന്നാണ് അവരുടെ ആഗ്രഹം. എന്നാൽ ദുനിയാവിനു ദീനുമായും മലക്കുകളെ ശൈത്താനുമായും കൂട്ടി ചേർക്കാൻ സാധ്യമല്ല.

ഇതിനുമുമ്പ് അല്ലാഹു ഏതൊന്ന് മുഖേനയാണോ യഹൂദികളെ

പരീക്ഷണത്തിൽ അകപ്പെടുത്തിയിരുന്നത്, ആ കാര്യത്തെ കുറിച്ച് ശത്രുക്കളെ അവസാനമായി ഉപദേശിക്കുവാനാണ് ഞാൻ ആഗ്രഹിച്ചതും, ഈ കാര്യങ്ങൾ വെളിപ്പെടുത്തി കൊടുക്കാൻ നിഷേധികളെ വിളിക്കാനുമാണ് ഞാൻ ഉദ്ദേശിച്ചതും. അങ്ങനെ അവർ പിഴച്ചു പോവുകയും അവരുടെ ഹീന ഹൃദയങ്ങളെ കറുപ്പിക്കുകയും ചെയ്തിരിക്കുകയാണ്. കാരണം അല്ലാഹു അവരോട് ഇല്ല്യാസ് ആകാശത്ത് നിന്ന് മടങ്ങി വരുമെന്ന വാഗ്ദത്തമായിരുന്നു ചെയ്തത്. എന്നാൽ ഈസാക്ക് മുമ്പായി കൊണ്ട് അവരുടെ പക്കൽ അദ്ദേഹം വന്നില്ല. അതുകൊണ്ട് ഈ പരീക്ഷണത്തിന്റെ ഫലമായി അവർ ഈസായെ നിരാകരിച്ചു കളഞ്ഞു. ആകാശത്ത് നിന്ന് ഇറങ്ങുക എന്നത് കൊണ്ട് യഥാർഥത്തിലുള്ള 'ഇറങ്ങൽ' തന്നെയാണെന്ന് നാം സങ്കൽപിക്കുകയാണെങ്കിൽ പിന്നെ ഈസാ കള്ളവാദി തന്നെ ആയി തീരുന്നതാണ്. എന്നാൽ ഈയൊരു കുറ്റാരോപണത്തിൽ നിന്ന് നാം അല്ലാഹുവിനെ അഭയം പ്രാപിക്കുകയാണ്. പണ്ഡിതന്മാരിൽപ്പെട്ട നമ്മുടെ ശത്രുക്കൾ യഹൂദികളുടേത് പോലുള്ള രീതി അവലംബിക്കുന്നത് എന്ത് കൊണ്ടാണ് എന്ന് ഞാൻ അത്ഭുതപ്പെടുകയാണ്. അവർ ഈ (യഹൂദി) സമുദായത്തിന്റെ കഥകളും, ഏറ്റവും സ്നേഹിക്കുന്നവനായ അല്ലാഹു അവരുടെ മേൽ ഇറക്കിയ കോപങ്ങളും മറന്നു കളഞ്ഞിരിക്കുകയാണോ? ഈസായുടെ നാവ് കൊണ്ട് യഹൂദികളുടെ മേൽ ശാപം ചൊരിഞ്ഞത് പോലെ തന്നെ എന്റെ നാവ് കൊണ്ടും അവരുടെ മേൽ ശാപം ചൊരിയപ്പെടണമെന്നാണോ അവർ ആഗ്രഹിക്കുന്നത്? പൂർവ്വകാലത്ത് ഇല്ല്യാസിന്റെ ഇറക്കം നിർബന്ധമല്ലായിരുന്നു. എന്നാൽ ഈസായുടെ ഇറക്കം അവരുടെ പക്കൽ യഥാർഥത്തിൽ എങ്ങനെയാണ് നിർബന്ധമായി തീരുന്നത്? ഇത് ഒരു ഗുരുതരമായ വിഭജനമാണ്. നമ്മുടെ നബി മുസ്തഫ(സ)യുമായി ബന്ധപ്പെട്ട് വിശുദ്ധ ഖുർആനിൽ പറഞ്ഞ പരാമർശം എന്താണെന്ന് ഇവർ വായിക്കുന്നില്ലേ? "അല്ലയോ മുഹമ്മദ്(സ), നീ പറയുക, എന്റെ റബ്ബ് പരിശുദ്ധനാണ്. ഞാൻ മനുഷ്യനായ ഒരു റസൂൽ മാത്രമാണ്." ഈസാ മനുഷ്യനായിരുന്നില്ല എന്നാണോ നിങ്ങൾ മനസ്സിലാക്കുന്നത്? അതുകൊണ്ട് അദ്ദേഹം ആകാശത്തേക്ക് കയറിപ്പോവുകയും നമ്മുടെ നബി മുജ്തബയെ അനുവദിക്കുകയും ചെയ്തില്ല എന്നാണോ? മസീഹിന്റെ ഇറക്കവും ഇല്ല്യാസിന്റെ ഇറക്കവും താരതമ്യം ചെയ്യുന്ന ഒരാളെ സംബന്ധിച്ചിടത്തോളം ഈ രണ്ട് പ്രവചനങ്ങളുടേയും വിവക്ഷ ഒന്നുതന്നേയാണ് എന്ന കാര്യത്തിൽ ഒരു സംശയ

വും തന്നെ ശേഷിക്കുകയില്ല. മസീഹിന്റെ കാലത്ത് ഇല്ല്യാസ് ഇറക്കപ്പെട്ടിരുന്നോ എന്ന് ഗ്രന്ഥാനുസാരികളോട് ചോദിച്ചു നോക്കുക? അല്ലാഹുവിനെ ഭയപ്പെടുക. വ്യക്തമായ അസത്യത്തിന്റെ കാര്യത്തിൽ ദു:ശ്ശാഠ്യം അവലംബിക്കരുത്. അല്ലാഹുവിന്റെ നടപടിക്രമത്തിൽ ഒരിക്കലും തന്നെ വ്യത്യാസം ഉണ്ടായിട്ടില്ല. ചുരുക്കത്തിൽ കാര്യം വ്യക്തമാണ്. ഇതിൽ ഒരുതരത്തിലുള്ള വൈരുദ്ധ്യവുമില്ല. ആദമിന്റെ ആവിർഭാവം മുതൽ ഇന്ന് വരെയും ആരും തന്നെ ആകാശത്ത് നിന്ന് വന്നിട്ടില്ല. സംശയവും തെറ്റിദ്ധാരാണാജനകമായ ഊഹങ്ങളേയും അകറ്റുന്നതിന്നായി ഇല്ല്യാസിന്റെ ഇറക്കം അത്യന്തം നിർബന്ധമായിരുന്നിട്ടു കൂടി അദ്ദേഹം ഇറങ്ങിയിരുന്നില്ല.

ഈ ഇറക്കത്തേയും ആ ഇറക്കത്തേയും വിവേചനപരമായി കാണുകയും ഒരു സ്ഥലത്ത് ആലങ്കാരികതയുടെ മാർഗം അവലംബിക്കുകയും മറ്റെ(സ്ഥലത്ത്)തിൽ ആലങ്കാരികത സ്വീകരിക്കുന്നത് അവലംബിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ഇതൊരു അതിക്രമമായിരിക്കും. ഇതിൽ വിശേഷബുദ്ധിയുള്ള ആരും തന്നെ സംതൃപ്തനാവുകയില്ല. നീതിബോധമുള്ള ആരും തന്നെ ഇതിനെ അംഗീകരിക്കുകയില്ല. വിരുദ്ധ പ്രവർത്തനങ്ങൾ മുഖേന അല്ലാഹു ജനങ്ങളെ വഴികേടിലാക്കി എന്ന് അവനെ കുറിച്ച് എങ്ങനെ പറയാൻ സാധിക്കും? ഒരിടത്ത് ഒരു മാർഗം അവലംബിക്കുകയും മറ്റൊരിടത്ത് മറ്റൊന്നും. നീ സത്യാന്വേഷിയാണെങ്കിൽ നല്ലവണ്ണം ചിന്തിക്കുക. നീ ശത്രുവാണെങ്കിൽ നീ ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യുകയില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നിനക്കെന്താണ് (സംഭവിച്ചത്)? നീ ഒരറിവുമില്ലാതെ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും മുമ്പിൽ അതിരു കടന്ന് സംസാരിക്കുകയാണ്. അല്ലെങ്കിൽ നിന്റെ പക്കൽ വ്യക്തമായ വല്ല തെളിവും ഉണ്ടോ? ഇത് തഖ്‌വയുടെ മാർഗമാണോ? നീ തഖ്‌വ ഉൾകൊള്ളുന്ന ആളാണെങ്കിൽ നീ ആഗ്രഹിക്കുന്ന ഈ വിജയത്തേക്കാൾ നിനക്ക് പരാജയമാണ് ഏറ്റവും ഉത്തമമായിട്ടുള്ളത്. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും സാക്ഷ്യമുദ്രകൾ പതിഞ്ഞിട്ടില്ലാത്ത ചില നിവേദനങ്ങൾ അല്ലാതെ നിന്റെ പക്കൽ ഒന്നും തന്നെ ഇല്ല. ഇതെല്ലാം സയ്യിദുൽവറാ(സ)ന് നൂറ്റാണ്ടുകൾ ശേഷം എഴുതപ്പെട്ട താളുകൾ മാത്രമാണ്. ഉന്നതനും മഹത്വവാനുമായ അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ വിവരണങ്ങളുമായി യോജിക്കാത്ത വിവരണങ്ങളിൽ നാം വിശ്വസിക്കുന്നില്ല. ഇങ്ങനെയുള്ള വിശ്വാസങ്ങൾ നിമിത്തമായിട്ടാണ് ഇതിന് മുമ്പ് യഹൂദികൾ പിഴച്ചു പോയത്. അതുകൊണ്ട്

നിങ്ങൾ അവരുടെ കാലടികളിൽ നിങ്ങളുടെ കാലുകൾ വെക്കരുത്. അത്യാഗ്രഹങ്ങളാകുന്ന ആ മാർഗങ്ങളെ നിങ്ങൾ അവലംബിക്കരുത്. അല്ലാഹുവിന്റെ കോപം നിങ്ങളുടെ മേൽ ഇറങ്ങുന്നതിനെ തൊട്ട് ഭയപ്പെടുക. അല്ലാഹുവിന്റെ കോപം ആരുടെ മേലാണോ ഇറങ്ങിയത്, തീർച്ചയായും അവൻ നാശമടഞ്ഞു.

മഹത്വവാനായ റബ്ബിന്റെ ഗ്രന്ഥം യഹൂദികളുടെ പക്കൽ ഉണ്ടായിരുന്നു എന്നതിൽ യാതൊരു സംശയവുമില്ല. അവർ തങ്ങളുടെ ഭാവനക്കനുസൃതമായി അതിനെ പിൻതുടരുകയാണ് ചെയ്തത്. അവർ ഈ ആയത്തിന്റെ സാരം മനസ്സിലാക്കിയതിനെ പിൻതുടരുകയും, വിശദീകരണമൊന്നുമില്ലാതെ അല്ലാഹുവിന്റെ ആയത്തുകളെ ബാഹ്യമായ അർഥത്തിൽ നിന്ന് ഞങ്ങൾ മാറ്റുകയില്ല എന്ന് അവർ പറയുകയും ചെയ്തു. അങ്ങനെ അവർ, തങ്ങൾക്കായി ഒരു ഒഴിവ് കഴിവ് കണ്ടെത്തിയിരിക്കുകയാണ്. അത് ബാഹ്യത്തിൽ നിങ്ങളുടെ ഒഴിവ് കഴിവുകളെക്കാൾ എത്രയോ നല്ലതാണ്. അവർ ഗ്രഹിച്ചതെല്ലാം തന്നെ വ്യക്തമായി അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ ഉള്ളവതന്നെയാണ്. നിങ്ങളുടെ അടുക്കൽ ഒരു ഗ്രന്ഥവും തന്നെ ഇല്ല. മറിച്ച് ഇതിനു വിപരീതമായി അല്ലാഹുവിന്റെ ഗ്രന്ഥം നിങ്ങളെ കളവാക്കുകയും നിങ്ങളുടെ മുഖത്തടിക്കുകയുമാണ് ചെയ്തു കൊണ്ടിരിക്കുന്നത്. ഈ കാരണം കൊണ്ട് തന്നെ നിങ്ങൾ അല്ലാഹുവിന്റെ ഗ്രന്ഥത്തെ ഒരു തിരസ്കൃത വസ്തുവാക്കി കൊണ്ടിരിക്കുകയും ദൗർഭാഗ്യത്തിന്റെ മാർഗത്തിലൂടെ അതിനെ പിൻപുറം തള്ളുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. യഹൂദികളാണെങ്കിൽ അവരുടെ ഗ്രന്ഥത്തെ പിൻപുറം തള്ളിയിരുന്നില്ല എന്ന് മാത്രമല്ല, അവർ തങ്ങളുടെ രചനകളിൽ ഒരു കാര്യവും തന്നെ മെനഞ്ഞുണ്ടാക്കി എഴുതിയിട്ടുമില്ല. അതുകൊണ്ട് തന്നെയാണ് ഈസാ അവരുടെ ആദ്യത്തെ വാക്കുകളായിരുന്നിട്ടു കൂടി അവരുടെ വാക്കുകളെ ശരിവച്ചത്. എന്നാൽ അതിനെ വ്യാഖ്യാനിക്കുകയും, ഇറങ്ങാനുള്ള ആൾ ഇറങ്ങിയിരിക്കുന്നു, അത് യഹ്‌യാ ആണ് എന്ന് പറയുകയും ചെയ്തു. എന്നാൽ നിങ്ങളാവട്ടെ അങ്ങേയറ്റം സ്നേഹിക്കുന്നവനായ അല്ലാഹുവിന്റെ ഗ്രന്ഥത്തിനു വിരുദ്ധമായിക്കൊണ്ട് ആ പരാമർശത്തിൽ തന്നെ ഉറച്ചു നിൽക്കുകയാണ്. ആകയാൽ സംശയലേശമന്യേ നിങ്ങളുടെ അവസ്ഥ, യഹൂദികളേക്കാൾ ഏറ്റവും നിന്ദ്യമാണ്. ഇത് പോലെ അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങളിൽ അല്ലാഹുവിന്റെ നടപടിക്രമത്തെ കുറിച്ചുള്ള അറിവാണ് ഈ സംഭവത്തിൽ നിന്ന്, കുറഞ്ഞപക്ഷം ഗുണകരമായി ലഭ്യമാകുന്നത്. നിങ്ങ

ൾക്കെന്താണ് സംഭവിച്ചത്? നിങ്ങൾ മഹത്വവാനായ റബ്ബിനെ ഭയപ്പെടുന്നില്ലേ? അല്ലാഹുവിന്റെ നടപടിക്രമങ്ങളിൽ എന്തെങ്കിലും വ്യത്യാസം നിങ്ങൾ കാണുന്നുണ്ടോ? അല്ലാഹു നിങ്ങളുടെ മേൽ കരുണ ചൊരിയുന്നതിന്നു വേണ്ടിയും നിങ്ങൾക്ക് മാർദർഗശനം നൽകുന്നതിന്നു വേണ്ടിയുമായി നിങ്ങൾ, നിങ്ങളുടെ മുറികളിൽ പോയി കരയാത്തതും അധികമായി വിലപിക്കാത്തതും എന്ത് കൊണ്ടാണ്? അല്ലാഹു ആവശ്യഘട്ടത്തിൽ എന്റെയും നിങ്ങളുടേയും ഇടയിൽ തീരുമാനം കൽപിക്കുന്നതാണ്. അതിനാൽ ഈ കാര്യത്തിൽ ധൃതി കാണിക്കേണ്ട. നല്ല ക്ഷമയോടു കൂടി പെരുമാറുക. അല്ലയോ ജനങ്ങളെ, തഖ്‌വ കൈകൊള്ളാതിരിക്കാനും തങ്ങളുടെ ആന്തരീക രോഗത്തിന്ന് ചികിത്സ ചെയ്യാതിരിക്കാനും മാത്രം നിങ്ങൾക്കെന്താണ് സംഭവിച്ചത്? ഞാൻ അല്ലാഹുവിന്റെ മേൽ കറ്റുകെട്ട് നടത്തുകയാണെന്നാണോ നിങ്ങൾ കരുതുന്നത്? ഏറ്റവും ഭാരമേറിയ ആ ദിവസത്തെ കുറിച്ച് നിങ്ങൾ ഭയപ്പെടാത്തത് എന്ത് കൊണ്ടാണ്?

അല്ലാഹുവിന്റെ മേൽ കറ്റുകെട്ട് നടത്തുന്നവരുടെ പര്യവസാനം ശുഭകരമായിരിക്കുകയില്ല എന്നത് നിശ്ചയം തന്നെ. അല്ലാഹു അവരുടെ ശത്രുവായി തീരുകയും അവർ തുണ്ടം തുണ്ടമാക്കപ്പെടുകയും വേഗം തന്നെ അവരുടെ പ്രസ്ഥാനം പൊളിച്ചടുക്കപ്പെടുകയും ചെയ്യുന്നതാണ്. അതിന് ശേഷം വളരെ കുറച്ച് മാത്രമേ അവർ സ്മരിക്കപ്പെടുകയുള്ളൂ. എന്നാൽ തങ്ങളുടെ റബ്ബിന്റെ പക്കൽ നിന്ന് വന്ന സത്യവാന്മാരായ ആളുകളെ നശിപ്പിക്കുവാനോ നിന്ദ്യതയിലാക്കുവാനോ ആർക്കാണ് സാധിക്കുന്നത്? അവരുടെ പ്രഭാതത്തിലും മദ്ധ്യാഹ്നത്തിലും സായാഹ്നത്തിലും പ്രദോഷത്തിലും അവരോടൊപ്പം തന്നെ ഉണ്ടാകുന്നതാണ്. എന്നാൽ അല്ലാഹുവിന്റെ റസൂൽമാരെ തള്ളിപ്പറയുകയും അല്ലാഹു സ്നേഹിതരാക്കി വെച്ചവരോട് ശത്രുത കാണിക്കുകയും ചെയ്തവരായ ജനങ്ങൾക്ക് ആഖിറത്തിൽ അഗ്നി മാത്രമായിരിക്കും, അവർക്ക് ഇടതൂർന്ന തണൽ ലഭ്യമാവുകയില്ല. നരകത്തിൽ പ്രവേശിക്കപ്പെടുമ്പോൾ അവർ പറയും, ഞങ്ങൾക്കെന്താണ് സംഭവിച്ചത്? ദുഷ്ടന്മാരിൽ ഉൾപ്പെട്ടവരാണെന്ന് ഞങ്ങൾ മനസ്സിലാക്കിയിരുന്ന ആളുകളെ ഇവിടെ ഞങ്ങൾ കാണുന്നില്ലല്ലോ? ആ അവസരത്തിൽ കാര്യത്തിന്റെ യാഥാർഥ്യം അവരുടെ മേൽ പൂർണമായും തുറക്കപ്പെടുന്നതാണ്.

നാം വീണ്ടും ആദ്യം പറഞ്ഞ കാര്യത്തിലേക്ക് മടങ്ങികൊണ്ട് പറയുകയാണ്, ഇല്ല്യാസ് ഇറങ്ങുന്ന കാര്യവും ഈസാ(അ) അതി

നെ ജനങ്ങളുടെ മുമ്പിൽ വ്യാഖ്യാനിച്ച കാര്യവും യഹൂദികളിലും ക്രിസ്ത്യാനികളിലുംപ്പെട്ട എല്ലാ വിഭാഗങ്ങളുടെ ഇടയിലും പ്രസിദ്ധമായ കാര്യമാണ്. ഇത് സംബന്ധമായി അവരിൽപ്പെട്ട ആരും തന്നെ എതിർക്കുകയോ അഭിപ്രായവ്യത്യാസം പ്രകടിപ്പിക്കുകയോ ചെയ്തിട്ടില്ല. മറിച്ച് അവരെല്ലാവരും തന്നെ ഒരു അഭിപ്രായ വ്യത്യാസവുമില്ലാതെ ഇതിൽ പൂർണമായും യോജിപ്പുള്ളവരാണ്. അവരുടെ പണ്ഡിതരിൽ ആരും തന്നെ ഈ സംഭവത്തെ കുറിച്ച് അറിയാത്തവരോ അല്ലെങ്കിൽ ഹൃദയത്തിൽ ഏതെങ്കിലും തരത്തിലുള്ള സംശയം ഉള്ളവരോ ഇല്ല. യഹൂദികൾ നബിമാരിൽ നിന്ന് അധ്യാപനമുൾകൊണ്ടവരായിരുന്നിട്ടും, അതേപോലെ അല്ലാഹുവിങ്കൽ നിന്നുള്ള നബിമാർ അവരുടെ ഇടയിൽ ഇല്ലാത്ത ഒരു കാലവും ഇല്ലാതിരുന്നിട്ടു കൂടി, അവർ ഈ കാര്യത്തിന്റെ യാഥാർഥ്യത്തെ കുറിച്ച് അജ്ഞരാവുകയും ഇതിന്റെ രഹസ്യം മനസ്സിലാക്കാതെ അതിനെ ബാഹ്യത്തിൽ തന്നെ ഉൾകൊള്ളുകയും ചെയ്തു എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഈസാ അവരുടെ അടുത്ത് വന്നപ്പോൾ അവരുടെ ബുദ്ധിയിൽ പതിഞ്ഞിരുന്നതും അവരുടെ ഹൃദയങ്ങളിൽ ഉറച്ചു പോയിരുന്നതുമായ അടയാളങ്ങൾ അദ്ദേഹത്തിൽ കണ്ടില്ല. അതിന്റെ ഫലമായി അവർ അദ്ദേഹത്തെ നിഷേധിക്കുകയും അദ്ദേഹം വ്യാജന്മാരിൽപ്പെട്ടവനാണെന്ന് മനസ്സിലാക്കുകയും അദ്ദേഹത്തോട് അത് പോലെ തന്നെ പെരുമാറുകയും അദ്ദേഹത്തെ കുറ്റുകെട്ടുക്കാരിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഇറക്കം എന്നത് കൊണ്ട് ബാഹ്യത്തിലും യഥാർഥത്തിലുമുള്ള ഇറക്കമാണ് വിവക്ഷിതമെങ്കിൽ പിന്നെ, ഈ അടിസ്ഥാനത്തിൽ ഈസാ സത്യവാനല്ലെന്നും അല്ലാഹു ശാപവാക്കുകളോടെ പരാമർശിക്കപ്പെട്ട യഹൂദികളോടൊപ്പമാണ് സത്യമുള്ളത് എന്നും സമ്മതിക്കേണ്ടി വരുന്നതാണ്. ഗ്രന്ഥത്തിലെ വചനങ്ങളിലും ജനങ്ങളുടെ റബ്ബിന്റെ വ്യക്തവും സ്പഷ്ടവുമായ വാക്കുകളിലും ശാഠ്യം പിടിച്ച ഒരു ജനതയുടെ അവസ്ഥയാണിത്. ഈസാ നബിയുടെ ഇറക്കം സംബന്ധമായി നിങ്ങളുടെ വിശ്വാസത്തെ കുറിച്ചുള്ള അഭിപ്രായമെന്താണ്? നിങ്ങളുടെ പക്കലാണെങ്കിൽ തികച്ചും ഊഹപരവും മാലിന്യങ്ങളിൽ കുഴഞ്ഞുമറിഞ്ഞതും, ഞങ്ങളുടെ റബ്ബിന്റെ വാക്കുകൾക്ക് (വിശുദ്ധ ഖുർആൻ) വിരുദ്ധവുമായ ചില വൃത്താന്തങ്ങള് മാത്രമാണുള്ളത്.

നിങ്ങൾക്കെന്താണ് സംഭവിച്ചത്? നിങ്ങൾ യഹൂദികളെ പിൻതുട

ർന്നു കൊണ്ടിരിക്കുകയും നിങ്ങളുടെ പ്രകൃതത്തെ അവരുടെ പ്രകൃതവുമായി സാദൃശ്യപ്പെടുത്തി കൊണ്ടിരിക്കുകയുമാണ് ചെയ്യുന്നത്. അവരുടെ ശാപത്തിൽ നിങ്ങളും പങ്കാളികളാകാനാണോ ആഗ്രഹിക്കുന്നത്? പാശ്ചാത്തപിക്കുക, വീണ്ടും പാശ്ചാത്തപിക്കുക. അല്ലാഹുവിങ്കലേക്ക് തിരിഞ്ഞുകൊണ്ട് കഴിഞ്ഞുപോയ കാര്യത്തെ തൊട്ട് ലജ്ജ കൈകൊള്ളുക. കാരണം മരണം സമീപസ്ഥമാണ്. അല്ലാഹു കണക്കെടുപ്പ് നടത്തുന്നവനാണ്. അല്ലയോ ജനങ്ങളെ, നിങ്ങൾ വലിയൊരു പരീക്ഷണത്തിൽ അകപ്പെട്ടിരിക്കുകയാണ്. അതിനാൽ മുറികളിൽ നിന്നുകൊണ്ട് പ്രപഞ്ചനാഥന്റെ സന്നിധിയിൽ വിലപിക്കുക. അല്ലാഹു കരുണാമയനും കാരുണ്യവാനുമാണ്. ശുദ്ധഹൃദയനായി കൊണ്ട് വരുന്നവനു വേണ്ടി അവന്റെ കാരുണ്യം അവന്റെ കോപത്തിന്റെ മേൽ മുൻകടന്നിരിക്കുകയാണ്. നിങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ ഈ കാലത്തെ യഹൂദികളോട് ചോദിച്ചു നോക്കൂ. അല്ലെങ്കിൽ തഖ്‌വയോടെയുള്ള കാൽപാടുകളോടു കൂടി നടന്ന് എന്റെ അടുക്കൽ വരുവിൻ. നിങ്ങളുടെ ഹൃദയത്തിൽ കുടികൊള്ളുന്ന സന്ദേഹത്തെ എന്റെ മുന്നിൽ സമർപ്പിക്കുവിൻ. നിങ്ങൾക്കെന്താണ് സംഭവിച്ചത്? ഈയൊരു പരീക്ഷണത്തെ തൊട്ട് നിങ്ങൾ ഭയപ്പെടുന്നില്ലേ? അല്ലാഹുവിൽ നിന്നുള്ള വ്യക്തമായ തെളിവുകളൊന്നും കൂടാതെ അല്ലാഹുവന്റെ നടപടിക്രമത്തെ നിങ്ങൾ ഉപേക്ഷിക്കുകയാണോ? വ്യക്തമായ തെളിവുകളൊന്നും കൂടാതെ ഇറങ്ങിയതും വിശുദ്ധ ഖുർആനിൽ ഉള്ളതായി നിങ്ങൾ കാണാത്തതുമായ വചനങ്ങളിൽ നിങ്ങൾ ശാഠ്യം കൈകൊള്ളുകയാണ്. നിങ്ങൾ തികച്ചും ഊഹങ്ങളെയാണ് പിൻപറ്റുന്നത് എന്ന് മനസ്സിലാക്കി കൊള്ളുക. സത്യത്തിനെതിരിൽ ഊഹം ഒരു ഗുണവും ചെയ്യുകയില്ല. അത് മുഖേന സമാധാനം ലഭ്യമാവുകയുമില്ല. അല്ലാഹുവിന്റെ (നിശ്ചയിക്കപ്പെട്ട) ഹകം, അദ്ദേഹത്തിന്ന് അല്ലാഹുവിൽ നിന്നുള്ള അറിവ് ലഭിച്ചതിന്ന് ശേഷവും അദ്ദേഹം നിങ്ങളുടെ ഊഹങ്ങളെ പിൻതുടരണമെന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത്? നിങ്ങൾക്കെന്താണ് സംഭവിച്ചത്? നിങ്ങൾ ശത്രുതയുടെ മാർഗ്ഗത്തിൽ അതിര് ലംഘിച്ചിരിക്കുകയാണ്. നിങ്ങൾ സംശയത്തിനു വേണ്ടി ദൃഢവിശ്വാസത്തെ ഉപേക്ഷിച്ചിരിക്കുകയാണ്. ഇത് തന്നെയാണോ സത്യവിശ്വാസം? ഭൗതീക ലോകം കളിയും വിനോദവും മാത്രമാണ്. അതിനാൽ ആരോഗ്യവും സമാധാനപൂർണവുമായ ജീവിതവും നിങ്ങളെ വഞ്ചനയിൽ അകപ്പെടുത്താതിരിക്കട്ടെ. ശക്തമായ കോട്ടകളിൽ താമസിക്കുന്നവരായിരുന്നാലും മരണം നിങ്ങളെ പെട്ടെന്ന്

റാഞ്ചി എടുക്കുന്നതാണ്. അപ്പോൾ കഹ്ഹാറായ അല്ലാഹുവിന്റെ കരങ്ങളിൽ നിന്ന് ഒരു സഹായിക്കും തന്നെ നിങ്ങളെ രക്ഷിക്കാൻ സാദ്ധ്യമല്ല. നിങ്ങൾ സംശയങ്ങൾക്കാണോ ഖുർആന്റെ മേൽ മുൻഗണന നൽകുന്നത്? നിങ്ങൾ അവലംബിച്ച മാർഗം അങ്ങേയറ്റം ചീത്തയാണ്. നിങ്ങളുടെ കണ്ണുകൾ അന്ധമായി തീർന്നതുകൊണ്ട് കാരുണ്യവാനിൽ നിന്ന് വന്ന (അടയാളങ്ങളെ) നിങ്ങൾ കാണുന്നില്ല. സർവ്വജ്ഞനായ റബ്ബ് എന്നെ മസീഹായി നിയോഗിച്ചിട്ട് 20 വർഷമായി. ഈയൊരു സ്ഥാനത്തിനായി തിരഞ്ഞെടുക്കപ്പെടണമെന്ന ആഗ്രഹം എനിക്കുണ്ടായിരുന്നില്ല. പൊതുജനങ്ങളിലുള്ള പ്രസിദ്ധിയെ ഞാൻ ഇഷ്ടപ്പെട്ടിരുന്നില്ല. എന്നിട്ടും എന്റെ റബ്ബ് ബലാൽക്കാരപൂർവ്വം എന്റെ മുറിയിൽ നിന്ന് എന്നെ പുറത്തേക്ക് കൊണ്ടുവന്നു. അപ്പോൾ ഞാൻ എല്ലാം അറിയുന്നവനായ എന്റെ റബ്ബിന്റെ കൽപനകൾ അനുസരിച്ചു. ഇതെല്ലാം തന്നെ എന്റെ ദാതാവായ റബ്ബിന്റെ ദാനമാണ്. എല്ലാ വിധത്തിലുള്ള പദവികളിൽ നിന്നും ഞാൻ എന്നെ അകറ്റി നിർത്തുകയാണ്. പ്രസിദ്ധി എന്റെ ലക്ഷ്യമേയല്ല. എന്റെ റബ്ബ് എനിക്കുവേണ്ടി മതിയായവനാണ്. എന്റെ ഹൃദയത്തിലുള്ളത് അവൻ അറിയുന്നു. ഈ ലോകത്തും കണക്കെടുപ്പിന്റെ ആ ദിവസത്തിലും അവൻ തന്നെയാണ് എന്റെ രക്ഷയും സ്വർഗ്ഗവും. ഞാൻ ഇല്ല്യാസിന്റെ ഇറക്കത്തിന്റെ കാര്യം ബുദ്ധിയും വിവേകവും ഉള്ളവർക്ക് വേണ്ടിയിട്ടാണ് എഴുതിയിരിക്കുന്നത്. ഞാൻ ചില ശത്രുക്കളായ പണ്ഡിതന്മാരുമായി കൂടിക്കാഴ്ച നടത്തുകയും നിങ്ങളുടെ മുമ്പിൽ സമർപ്പിച്ച ഈ കാര്യം അവരുടെ മുമ്പിൽ വയ്ക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അപ്പോൾ അവർ തികച്ചും മൗനം പാലിക്കുകയും ജ്ഞാനപരമായ ഒരു സംഗതി പോലും പറയുകയും ചെയ്തില്ല. അവർക്ക് ഉത്തരം മുട്ടുകയും ലജ്ജിതരേയും ഭത്സിതരേയും പോലെ ഓടി പോവുകയുമാണ് ചെയ്തത്.

# വഹ്‌യുടെ യാഥാർഥ്യവും അത് കരസ്ഥമാക്കാനുള്ള മാർഗങ്ങളെ കുറിച്ചുള്ള വിവരണവും

ഇനി നാം വഹ്‌യുടെ പ്രഭാവങ്ങളേയും മഹത്വങ്ങളേയും അത് കരസ്ഥമാക്കാനുള്ള മാർഗങ്ങളേയും മാധ്യമങ്ങളേയും കുറിച്ച് പരാമർശിച്ചുകൊണ്ട് ഈ പുസ്തകം അവസാനിപ്പിക്കുകയാണ്. അല്ലാഹു നിങ്ങൾക്ക് ഹിദായത്ത് നൽകുമാറാകട്ടെ. 'വഹ്‌യ്' എന്നാൽ അബ്ദാലുകളുടെ ഹൃദയങ്ങളാകുന്ന ചക്രവാളത്തിൽ ഉദിച്ചുയരുന്ന അല്ലാഹുവിന്റെ കലാമായ സൂര്യനാണ്. അത് മുഖേന, മാർഗഭ്രംശത്തിന്റെ തിന്മയാകുന്ന അന്ധകാരത്തെ അകറ്റുക എന്ന ഉദ്ദേശമാണ് അല്ലാഹുവിനുള്ളത് എന്ന് നിങ്ങൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഉറവിടങ്ങൾ വറ്റിപ്പോകാത്ത ഒരു അരുവിയാണിത്. അതിന്റെ പ്രവാഹം നിലച്ചു പോകുന്നില്ല. വഹ്‌യ് ഒരു ദീപസ്തംഭമാണ്. അതിലുള്ള ദീപം ഒരു ശത്രു മുഖേനയും അണയുകയില്ല. ആയുധ സജ്ജമായ ഒരു കോട്ടയാണിത്. അതിലുള്ള സൈന്യം എണ്ണമറ്റതാണ്. ഇത് ഒരു പരിശുദ്ധ ഭൂമിയാണ്. അതിലുള്ള രാജവീഥികൾ പരിചയപ്പെടുത്തേണ്ട ആവശ്യമുള്ളവയല്ല. ഇതൊരു പൂങ്കാവനമാണ്. അത് മുഖേന കണ്ണുകളുടെ കുളിർമയിലും ആനന്ദത്തിലും വർദ്ധനവുണ്ടാകുന്നു. മാനുഷികമായ മാലിന്യങ്ങളിൽ നിന്ന് പരിശുദ്ധരാക്കപ്പെടുകയും ദൈവീകമായ സ്വഭാവഗുണങ്ങൾ നൽകപ്പെടുകയും ചെയ്ത ആളുകൾക്കേ അത് കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ. അവർ തഖ്‌വയെ വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അതിനെ ഛിന്നഭിന്നമാക്കിയിട്ടില്ല. തഖ്‌വയാകുന്ന കേശത്തെ അവർ അലങ്കരിച്ചിരിക്കുകയാണ്. അതിനെ അലങ്കോലമാക്കിയിട്ടില്ല. അത് ഒരു പരിശുദ്ധ വൃക്ഷത്തെ പോലെ പുഷ്പിക്കുകയും കായ്ക്കുകയും ചെയ്തിരിക്കുകയാണ്. അത് ഒരു വേഗതയുള്ള പെണ്ണൊട്ടകത്തെ പോലെ തന്റെ റബ്ബിലേക്ക് പ്രയാണം ചെയ്തിരിക്കുകയാണ്. കാരുണ്യവാന്റെ മാർഗങ്ങളിൽ അവർ അമിതത്വത്തോടെയോ അതിമിതത്വത്തോടെയോ പ്രവർത്തിച്ചിട്ടില്ല. അവനെ ഭയപ്പെട്ട് കൊണ്ട് വിനയം കൈകൊള്ളുകയും അവനു വേണ്ടി നാവിന്റെ സൗമ്യതയെ തങ്ങളുടെ ഹൃദയവികാരങ്ങളുടെ കാവലാളാക്കുകയും സുദൃഢമായ

ആത്മധൈര്യത്തോടുകൂടി അല്ലാഹുവിന്റെ മാർഗങ്ങളിൽ എപ്പോഴും സന്നദ്ധരായി നിലകൊള്ളുകയും ചെയ്തു. മാനുഷികമായ എല്ലാ കഴിവുകളോടേയും സത്യത്തിൽ ഒരുമിച്ചുകൂടുകയും ചെയ്തു. അവർ സംശയങ്ങളുടെ നടുവൊടിക്കുകയും ആകാശീയ ജലം കരസ്ഥമാക്കുന്നതിന്നു വേണ്ടി വരണ്ടുണങ്ങിയ മരുഭൂമിയിലേക്ക് നടന്നു പോവുകയും ചെയ്തു. അല്ലാഹുവിന്റെ മാർഗത്തിൽ അലംഭാവം കാണിക്കാത്തവരും ചാഞ്ചല്യം അനുവർത്തിക്കാത്തവരും ഭൂമിയിൽ നൈർമ്മല്യത്തോടെ സഞ്ചരിക്കുന്നു. അഹങ്കാരത്തോടെ നടക്കുന്നില്ല. ശേഷിച്ച ഭക്ഷണത്തിൽ മാത്രം തൃപ്തരാകാത്തവരും (എപ്പോഴും) അഭിലാഷിയായി നിലകൊള്ളുന്നവരുമാണ്. അവർ ദീനിന്റെ പരിശുദ്ധ ഭൂമിയിൽ ഒരിക്കലും നിന്നു പോകാതെ മുന്നേറി കൊണ്ടിരിക്കുന്നു. അവരുടെ നെഞ്ചകങ്ങൾ കോപാവേശത്താൽ കത്തിജ്വലിക്കുകയില്ല. നീ അവരിൽ സ്ഥിരചിത്തത കാണുന്നതാണ്. അവർ ധൃതി കാണിക്കുകയില്ല. അവരുടെ സംഭാഷണങ്ങൾ ദുർഗന്ധപൂർണമായ ജലത്തെ പോലെ ആയിരിക്കുകയില്ല. അവർ സംസാരിക്കുമ്പോഴെല്ലാം ഉന്നതമായ ആത്മവിശ്വാസം പ്രകടിപ്പിക്കുന്നു. അല്ലാഹുവിങ്കലേക്ക് തബത്തുൽ(ലൗകിക വിരക്തി നേടി ദൈവത്തിലേക്ക് സർവസ്വവും സമർപ്പിക്കൽ) കൈകൊള്ളുകയും മൗനം അവലംബിക്കുകയും ചെയ്യുന്നു. സംസാരിക്കാൻ പറയാത്തിടത്തോളം അവർ സംസാരിക്കുകയില്ല. അവർ വിരൂപരല്ല. പ്രകാശിതരും പ്രശോഭിതരുമാണ്. ഒരു പ്രയാസത്തിനും തന്നെ അല്ലാഹുവിനോടുള്ള പ്രേമത്തിൽ അവരെ തടയാൻ സാധ്യമല്ല. ഓരോ നിമിഷവും അവർ അല്ലാഹുവിങ്കലേക്ക് ത്വരിതഗമനം ചെയ്യുകയാണ്. അവരുടെ ഹൃദയങ്ങളും കണ്ണുകളും കാതുകളും അവന്റെ സന്നിധിയിൽ സർവ്വാത്മനാ സമർപ്പിക്കപ്പെട്ടുകൊണ്ട് അവന്റെ കാൽപാടുകളിൽ ചരിക്കുകയാണ്. അവരുടെ തണുപ്പിനെ അകറ്റുവോളം (തന്റെ പ്രേമമാകുന്ന അഗ്നിയാൽ) അല്ലാഹു അവർക്ക് ചൂട് പകർന്നു കൊണ്ടിരിക്കുന്നു. അതിനെ അവർ ഓരോ നിമിഷവും (ദൈവപ്രേമമാകുന്ന അഗ്നിയാൽ) ചൂടു പിടിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇബ്ലീസിനെ ആട്ടിയകറ്റുന്നവരും സത്യത്തിന്ന് ശക്തി പകരുന്ന വരും അതിന്നു വേണ്ടി പ്രതികാരം ചെയ്യുന്നവരുമാണവർ. ഭൗതീക ലോകത്തിൽ മതിമറക്കുന്നവരല്ല. അവർ അതിനെ നിസ്സാരമായി പരിഗണിക്കുകയും അതിന്റെ ഭാഗത്തേക്ക് കണ്ണുയർത്തി നോക്കുക പോലും ചെയ്യുന്നില്ല. അവർ ഒരേ അവസ്ഥയിൽ നിലകൊള്ളാതെ ഓരോ നിമിഷവും അല്ലാഹുവിങ്കലേക്ക്

പ്രയാണം ചെയ്തുകൊണ്ടിരിക്കുകയുമാണ്. അവർ അല്ലാഹുവിനെ ഭയപ്പെടുകയും അവനുവേണ്ടി നിന്ദ്യത കൈകൊള്ളുകയും ചെയ്യുന്നു. തങ്ങളുടെ നഫ്സിനെ കടിഞ്ഞാൺ വലിച്ചു പിടിക്കുന്നവരും സുഖലോലുപതയുടെ കവാടങ്ങളെ തങ്ങൾക്ക് വേണ്ടി സങ്കുചിതപ്പെടുത്തുകയും അവയെ തുറന്നിടുകയും ചെയ്യുന്നില്ല. തങ്ങളുടെ റബ്ബിന്റെ അഗ്നിയുടെ ഭാഗത്തേക്ക് വിളിക്കപ്പെടുമ്പോൾ അവർ ഭയചകിതരാകുന്നില്ല. അവർ തങ്ങളുടെ പാകമാകാത്ത വിളവ് വിൽക്കുന്നില്ല, മറിച്ച് അതിനെ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവിന്റെ കാര്യത്തിൽ മുജാഹിദ ചെയ്യുകയും പൊട്ടിക്കരയുകയും ചെയ്യുന്നവരാണവർ. പ്രയാസങ്ങൾ അവരെ മലർത്തിയടിച്ചാലും സന്താനങ്ങളുടെ മരണത്തിൽ അവർ ഭയപ്പെടുന്നില്ല. അല്ലാഹുവിനു വേണ്ടി കാഠിന്യങ്ങൾ സഹിക്കുകയും ചെയ്യുന്നു. ആരുടെ പക്കലാണോ (ജ്ഞാനമാകുന്ന) ജലസമൃദ്ധിയുള്ളത്, അവരുടെ ജ്ഞാനം ഊറൽ പോലെയായിരിക്കുകയില്ല. അവർക്ക് അറിവുകൾ നൽകപ്പെടുകയും അതിൽ അവർ മുന്നേറികൊണ്ടിരിക്കുകയും ലോകത്തെ അതിജയിച്ചു കൊണ്ട് അതിനെ അവർ തറ പറ്റിക്കുകയും ചെയ്യുന്നു. അവർ അതിനോട് കോപം കാണിക്കുകയും വലിയ കോടാലി കൊണ്ട് അതിന്റെ നടുവൊടിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ അവർ അതിന്റെ (ലോകത്തിന്റെ) ശബ്ദകോലാഹലങ്ങളിൽ നിന്ന് അകന്ന് നിൽക്കുന്നു. വിശാലമായ മരുഭൂമികളെ മുറിച്ചു കടക്കുകയും ഒരിക്കലും തളരാത്ത ശക്തരായ ഒട്ടകങ്ങളെ പോലെ അവരുടെ ആത്മധൈര്യത്തെ നീ കാണുന്നതുമാണ്. അവർ തങ്ങളുടെ റബ്ബിന്റെ കൽപനകളിൽ നിന്ന് മുഖം തിരിച്ചു കളയാതെ അവയ്ക്ക് മുമ്പിൽ തല കുനിച്ചുകൊണ്ട് അംഗീകരിക്കുകയാണ് ചെയ്യുന്നത്. ആരുടെ ഭൂമിയാണോ ഹരിതാഭവും സസ്യശ്യാമളവുമായിട്ടുള്ളത്, അതിന്റെ ഫലഭൂയിഷ്ഠത അല്ലാഹുവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ആ കാരണം കൊണ്ട് തന്നെ അവർ പരിശുദ്ധ വൃക്ഷത്തിൽ സ്ഥിരമായി രാപാർക്കുന്നവരാണ്. അല്ലാഹുവിന്റെ പുതപ്പ് അവരുടെ മുഖങ്ങളെ മറച്ചിരിക്കുകയാണ്. അങ്ങനെ അവർ അവന്റെ പുതപ്പിനു താഴെ മറഞ്ഞിരിക്കുന്നവരും ലോകത്തേയും അതിലുള്ളതിനെയെല്ലാം നിസ്സാരമായി കാണുന്നവരുമാണ്. അവരുടെ അവസ്ഥ നിഷ്കളങ്കനായ ഒരു നവജാത ശിശുവിന്റേതു പോലെയായി പരിവർത്തിക്കപ്പെടുന്നു, അവർ ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്നില്ല. അവരിൽ അനീതിയും ബുദ്ധിപരമായ ബലഹീനതയും അഹങ്കാരവും കാണപ്പെടുന്നില്ല. എല്ലാ ഓരോ

വിഷമഘട്ടത്തിലും അല്ലാഹുവിങ്കലേക്കാണ് അവർ തിരിയുന്നത്. അവർ അകാരണമായി ആരുടേയും അഭിമാനത്തെ ഹനിക്കുന്നില്ല. അതേപോലെ ആരോടും മോശമായി സംസാരിക്കുകയും ചെയ്യുന്നില്ല. അവർ അംബര ചുംബിയായ കൊടുമുടിയെ തൊട്ടും തരിശായി കിടക്കുന്ന മരുഭൂമികളെ തൊട്ടും ഭയം കൊള്ളുന്നില്ല. അതേപോലെ ദു:ഖിക്കുകയും ചെയ്യുന്നില്ല. അവർ പ്രകൃതത്തിൽ മറഞ്ഞിരിക്കുന്ന കഴിവുകളെ പ്രചോദിപ്പിക്കുന്നതിനായി പ്രകൃതത്തിലെ നീരുറവുകളെ തുറന്നു വിടുന്നവരാണ്. അവർ ഐഹീക ലോകത്ത് നിന്ന് പാരത്രീക ലോകത്തേക്ക് പാഥേയം ശേഖരിക്കുന്നവരാണ്. അവർ കാലമാകുന്ന സൂത്രശാലിയേയും അവർ കാലമാകുന്ന അക്രമിയേയും വിലവെക്കുന്നേയില്ല. അവർ അല്ലാഹുവിനെ മാത്രമേ തങ്ങളുടെ സുഹൃത്തും സഹായിയുമാക്കുകയും ചെയ്യുന്നുള്ളൂ. അവനിൽ മാത്രമേ തവക്കുൽ ചെയ്യുന്നുമുള്ളൂ. അവർ തന്നെയാണ് തങ്ങളുടെ ആന്തരീകത്തിൽ നിന്ന് സ്വാർഥതയുടെ വേരുകളെ പിഴുതെറിഞ്ഞവർ. അവരിൽ നീ സന്നദ്ധത കാണുന്നതാണ്. അവർ അല്ലാഹുവിങ്കലേ ക്ക് മുന്നേറുന്നവരാണ്. അല്ലാഹുവിന്റെ സുഗന്ധത്തിലും അവന്റെ സ്വന്തം പ്രേമത്തിലും പൂരിതരായവരാണ്. അവർ ഉറങ്ങിക്കിടക്കുന്നവരാണെങ്കിൽ പോലും നീ അവരെ ഉണർന്നവരായിട്ടാണ് കാണുക. ബാഹ്യമായിട്ടുള്ള പവിത്രതയുടെ കുരുക്കിൽ നിന്ന് രക്ഷിക്കപ്പെട്ടവരും യഥാർഥ തഖ്‌വയുടെ നിറങ്ങളാൽ അലങ്കരിക്കപ്പെട്ടവരും ഇവർ തന്നേയാണ്. (ദൈവീക) പ്രേമമാകുന്ന അഗ്നി അവരെ നാമാവശേഷമാക്കിയിരിക്കുകയാണ്. അവർ കിതച്ചവശരാകുന്ന ആളുകളെ പോലെയല്ല. അവരുടെ വാക്കുകൾ വെട്ടിമുറിക്കുന്ന വാളുകളെ പോലെയല്ല. അവരുടെ മേൽ കാഠിന്യം വരുമ്പോൾ അവർ സഹനം കൈകൊള്ളുന്നു. അവരെ ദ്രോഹിക്കുന്ന തോന്ന്യവാസികളായ (ആളുകൾ)വരോട് ഔദാര്യത്തോടെ പെരുമാറുന്നവരാണവർ. അവർ കൊള്ളസംഘത്തിൽപ്പെട്ടവരായിരുന്നാലും ശരി. അല്ലാഹുവിന്റെ സന്നിധാനത്തിൽ നിലകൊള്ളുന്നവരും അവനെ പിരിയാ ത്തവരും അവന്റെ ഉമ്മറപ്പടിയിൽ കുത്തിയിരിക്കുന്നവരുമാണവർ. അവർ തങ്ങളുടെ വിശ്വാസത്തെ സംബന്ധിച്ച് ഭയം കൊള്ളുന്നവരാണ്. സത്യവിശ്വാസം ഒരു പക്ഷിയെക്കാൾ വേഗത്തിൽ പറന്നു പോകുന്നതാണെന്നാണ് അവർ മനസ്സിലാക്കുന്നത്. വിശുദ്ധി കൈ വരിക്കുന്നതിൽ 'ഭയം' മിസ്‌വാക്കിനേക്കാൾ മുൻപന്തിയിലാണ്. ആകയാൽ അവർ ചാറ്റൽ മഴ കൊണ്ട് മാത്രം തൃപ്തിയടയുന്നവരല്ല.

അവർ (നഫ്സാകുന്ന) ഉറച്ച ഭൂമിയെ മൃദുലമാക്കുവാനും നിരപ്പാക്കുവാനും വേണ്ടി അതിനെ ഉഴുതു മറിക്കുന്നു. അതേപോലെ തന്നെ ആ സമതലഭൂമിയിൽ അവർ പരിചയമുള്ളവരാണ്. അവർ രാത്രിയുടെ ആദ്യത്തിലും അവസാനത്തിലും സഞ്ചരിക്കുമ്പോൾ പരീക്ഷണങ്ങളാകുന്ന ശക്തമായ കൊടുങ്കാറ്റിനെ ഭയപ്പെടുന്നു. അവർ പ്രഭാതത്തിലും പ്രദോഷത്തിലും ഉറക്കമില്ലാത്ത കണ്ണുകളാലും പരിശുദ്ധ ഹൃദയത്താലും കരഞ്ഞുകൊണ്ടിരിക്കുന്നു. അവർ സഹതാപം പ്രകടിപ്പിക്കുമ്പോൾ അതിൽ ലുബ്ദ്ദോടെ പെരുമാറുന്നില്ല. തങ്ങളോട് കടം വാങ്ങിയവരോട് അവർ ഇളവ് ചെയ്തു കൊടുക്കുന്നു. അവരുടെ ധനം പിടിച്ചെടുക്കുന്നില്ല. അവർ ലുബ്ധരും ദു:സ്വഭാവമുള്ളവരുമായിരിക്കില്ല. അതേ പോലെ അവർ വീമ്പടി ക്കുകയുമില്ല. അവർ കലഹങ്ങളിൽ നിന്നും കുഴപ്പങ്ങളിൽ നിന്നും നശീകരണ പ്രവർത്തനങ്ങളിൽ നിന്നും വിട്ടു നിൽക്കുന്നവരാണ്. അവരിൽ നീ മതപരമായ ബലഹീനത കാണുകയില്ല. അവർ മുഖസ്തുതി പറയുന്നവരുമല്ല. അവർ സുലൂക്കിന്റെ മാർഗങ്ങളിൽ ചലിക്കുന്നവരും അതിൽ മുന്നേറി കൊണ്ടിരിക്കുന്നവരുമാണ്. അവർ തങ്ങളുടെ പ്രിയപ്പെട്ട (അല്ലാഹു) വന് വേണ്ടി തങ്ങളുടെ യാത്രാ മൃഗങ്ങളുടെ മേൽ ഇരിപ്പിടം മുറുക്കിയിരിക്കുകയാണ്. അവർ ഭൗതീക ലോകവുമായുള്ള എല്ലാ ബന്ധവും വിഛേദിച്ചിരിക്കുകയാണ്. അവർ അല്ലാഹുവിൽ മാത്രം അത്യാഗ്രഹം വച്ചു പുലർത്തുന്നവരുമാണ്. പരലോകത്തെ തൊട്ട് നിരാശ പൂണ്ട ആളുകളെ പോലെ ഇരിക്കുന്നവരല്ല അവർ. മറിച്ച് അവർ അല്ലാഹുവിങ്കലേക്ക് ഓടി കൊണ്ടേ പോകുന്നവരാണ്. അവർ തങ്ങളുടെ യാത്രാ വാഹനത്തിൽ നിന്ന് ഇറങ്ങുന്നവരല്ല, തങ്ങളുടെ ഒട്ടകങ്ങളെ വിശ്രമിക്കാൻ അനുവദിക്കുന്നവരുമല്ല. അവർ ജനങ്ങളെ ആശ്രയിക്കുന്നതിൽ നിന്ന് വിട്ടു നിൽക്കുകയും എവിടേയും തന്നെ തങ്ങുകയും ചെയ്യുകയില്ല.

അവർ തങ്ങളുടെ റബ്ബിന്റെ തൃപ്തിക്കു വേണ്ടി സാഷ്ടാംഗ പ്രണമിതരായി കൊണ്ടും നിന്നുകൊണ്ടും രാത്രി കഴിച്ചു കൂട്ടുന്നവരാണ്. സുഖലോലുപമായ ജീവിതം നയിക്കുന്നവരല്ല. എല്ലാവിധ മറകളും നീക്കികൊണ്ട് അല്ലാഹുവിനെ ദർശിക്കുന്നതിന്നു വേണ്ടി അസ്വസ്ഥചിത്തരായി നിലകൊള്ളുന്നവരാണവർ. അവരുടെ മേൽ കരുണ ചൊരിയപ്പെടാൻ വേണ്ടി അങ്ങേയറ്റം പരിശ്രമിക്കുന്നവരാണവർ. തങ്ങളുടെ രക്തം ഒഴുക്കപ്പെട്ടാൽ പോലും അവർ അല്ലാഹു

വിന്റെ കാര്യത്തിൽ തങ്ങളുടെ നഫ്സിനെ സംതൃപമാക്കുന്നവരല്ല. ദൈവീക പ്രേമമാകുന്ന അഗ്നി തങ്ങളുടെ നഫ്സുകളിൽ ജ്വലിപ്പിക്കുകയും എല്ലായിപ്പോഴും അതിനെ പ്രകാശിതമായി നില നിർത്തുകയും ചെയ്യുന്നവരാണവർ. അവർ തുണ്ടം തുണ്ടമാക്കപ്പെട്ടാലും തങ്ങളുടെ പ്രതിബദ്ധതയുടെ കെട്ടിനെ ശക്തമായി ഉറപ്പിച്ചു നിർത്തുകയും അതിൽ നിലകൊള്ളുകയും ചെയ്തവരാണ്. അല്ലാഹു കരുണ ചൊരിയുന്നതും എല്ലാ കവാടത്തിലൂടേയും അവർക്കായി തന്റെ മുഖം വെളിപ്പെടുത്തുന്നതും അവരുടെ ഊഹങ്ങളിൽ പോലുമില്ലാത്ത ഇടങ്ങളിലൂടെ ആർക്കാണോ എല്ലാം നൽകുന്നത്, ആ ആളുകൾ ഇവർ തന്നെയാണ്. കാരണം അവർ അല്ലാഹുവിനെ സ്നേഹിക്കുകയും പരിപൂർണ്ണമായി അവന്റെ തഖ്വ കൈകൊള്ളുകയും അവനെ മാത്രം ഭയപ്പെടുകയും ചെയ്യുന്നു. ഭൗതീക ലോകമാകുന്ന മാംസകഷ്ണങ്ങളിലും അതിന്റെ ഊറി വരുന്ന നീരിലും വീഴുന്നവരും അല്ലാഹുവിന്റെ വിശാലമായ ദാനങ്ങളെ തൊട്ട് നിരാശപ്പെടുന്നവരുമായ ആളുകളോട് നിശ്ചയമായും അല്ലാഹു സംസാരിക്കുകയില്ല എന്ന് മാത്രമല്ല, അവർ ഏതെങ്കിലും ശൂന്യമായ വനാന്തരങ്ങളിലേക്ക് എറിയപ്പെടുന്നവരും അന്ധരായി കൊണ്ടുള്ള അവസ്ഥയിൽ തന്നെ മരിച്ചു പോകുന്നവരുമാണ്. അവരുടെ മേൽ ഉദിച്ചുയർന്ന സൂര്യന്റെ പ്രകാശമുണ്ടായിട്ടും അവർ കണ്ണുകൾ തുറക്കുന്നില്ല, കണ്ണുകളെ ചലിപ്പിക്കുന്നുമില്ല. അവരുടെ മേൽ സൂര്യൻ ഉദിച്ചിട്ടില്ലാത്തതുപോലെ അവർ അറിയാത്തതുപോലെ നടിക്കുന്നു. തൃപ്തി കരസ്ഥമാക്കാനായി അവന്റെ സന്നിധിയിൽ വരുന്നവനായ ഒരു വ്യക്തി അനുസരണക്കേട് കാണിക്കുകയും വഴി പിഴച്ച് പോവുകയും ചെയ്തവനെ പോലെ ആവുകയില്ല എന്നതാണ് അല്ലാഹുവിന്റെ നടപടിക്രമം. നിസ്സംശയം അവൻ (അല്ലാഹു) അശ്രദ്ധയിലകപ്പെട്ടവരെ പരിഗണിക്കുന്നില്ല. അവനിലേക്ക് നടന്നു വരുന്നവന്റെ ഭാഗത്തേക്ക് അവൻ ഓടിചെല്ലുന്നു. അവൻ മുത്തഖികളെ സ്നേഹിക്കുന്നു. വെള്ളപൊക്കത്തിനു ശേഷം അവശേഷിക്കുന്ന നുരകളെപ്പോലെ ഗോപ്യമല്ല അവന്റെ നടപടിക്രമം. കേട്ടുകൊള്ളുക! അവന്റെ നടപടിക്രമം എപ്പോഴും തന്നെ ദൃശ്യമാവുന്ന തരത്തിൽ പ്രകാശമാനമായ പ്രഭാതത്തെ പോലെ പ്രകടമാണ്. കളവ് പറയുന്നവൻ നശിച്ചുപോയിരിക്കുന്നു. സത്യവാൻ ഉന്നതശീർഷരും മഹോന്നതവുമായ സ്ഥാനത്ത് ഉപവിഷ്ടനായിരിക്കുന്നു. അല്ലാഹുവിങ്കലേക്ക് മടങ്ങുകയും അവനു വേണ്ടി പ്രതീക്ഷയർപ്പിക്കുകയും അവന്റെ ഉമ്മറപ്പടിയിൽ ഇരുന്നു കളയുകയും

അവനെ മാത്രം സ്നേഹിക്കാൻ തുടങ്ങുകയും ചെയ്തവനു സുവാർത്ത. അവനു വേണ്ടി ഭസ്മീകരിപ്പെടുന്ന വ്യക്തിയെ നിസ്സംശയം അവൻ (അല്ലാഹു) സ്നേഹിക്കുന്നു. അവൻ സ്ഥൂലനായ മനുഷ്യനെ ഇഷ്ടപ്പെടുന്നില്ല. ആകയാൽ അന്ധനായ എലിയെ പോലെ ശ്വാസം പിടിച്ചിരിക്കുന്നവർക്ക് നാശം തന്നെ. അവരുടെ ദുർമന്ത്രണങ്ങൾ, കൂടുതൽ മക്കളുള്ള സ്ത്രീയുടെ സന്താനങ്ങളെ പോലെ നിരവധിയാണ്. അല്ലാഹുവിനെ അന്വേഷിക്കുന്നതിൽ അവർക്ക് യാതൊരു ദാഹവുമില്ല. അവരുടെ ഹൃദയങ്ങളെ വിവിധ വർണ്ണങ്ങളിലുള്ള ഭൗതീക ലോകത്തിലെ ഗുണഗണങ്ങളാണ് ഭരിച്ചുകൊണ്ടിരിക്കുന്നത്. അവരുടെ നഫ്സുകൾ ബലഹീനമായി പോയി. അങ്ങനെ സത്യവിശ്വാസമാകുന്ന ഭാരം (അവരുടെ മേൽ) അസഹ്യമായി തീരുകയും ആ ഭാരത്തിനടിയിൽ അവർ ഞെരി ഞ്ഞമർന്നിരിക്കുകയുമാണ്. എപ്പോഴും തന്നെ അവർ ഭൗതീകലോകത്തെ കുറിച്ചുള്ള ചിന്തയിൽ മുഴുകിയിരിക്കുകയും അവരുടെ എല്ലാ വിധ അസ്വസ്ഥതകളും ഭൗതീക ലോകത്തിന് വേണ്ടി മാത്രം ആവുകയും ചെയ്തിരിക്കുകയുമാണ്. ഉടനെ തന്നെ അവർ ദീനാകുന്ന വസ്ത്രം വലിച്ചു കീറിയേക്കാം. ബോധപൂർവ്വം അവർ അല്ലാഹുവിനെ സംബന്ധിച്ച് തെറ്റായ കാര്യങ്ങളാണ് പറയുന്നത്. അവർ സ്വായത്തമാക്കിയിരിക്കുന്ന കാപട്യം മുഖേന അവർ തങ്ങളുടെ കണ്ണുകളെ കുത്തിപൊട്ടിച്ചിരിക്കുകയാണ്. എന്നിട്ടും അവർ പറയുന്നത്, ഞങ്ങൾ കാഴ്ചയുള്ള ജനങ്ങളാണെന്നാണ്. അവർ തങ്ങളുടെ ഗ്രാഹ്യശക്തിയാകുന്ന (ഒട്ടകത്തെ) കിടത്തുകയും അതിനെ അറുക്കുകയും ചെയ്തിരിക്കുകയാണ്. വിശുദ്ധ ഖുർആൻ അവരെ കൊണ്ട് അനുസരിപ്പിക്കുകയാണെങ്കിലും അവർ അതിൽ നിന്ന് മുഖം തിരിച്ചു കളയുകയാണ്. മഴയുടെ ആധിക്യം നശിപ്പിച്ചു കളഞ്ഞ ഒരു കൃഷിയിടത്തെ പോലെയാണ് അവരുടെ അവസ്ഥ. അഥവാ ശൈത്യത്തിന്റെ കാഠിന്യമോ ജലത്തിന്റെ ദൗർലഭ്യമോ മുഖേന നഷ്ടം സംഭവിച്ച കൃഷിയെ പോലെയാണ്. അവരുടെ ജ്ഞാനത്തിൽ വർദ്ധനവുണ്ടാകണമെന്ന് തന്നെയായിരുന്നു അല്ലാഹുവിന്റെ ഇച്ഛ. എന്നാൽ അവർ തങ്ങളുടെ പാഠങ്ങൾ മറന്നുകളയുകയാണ് ചെയ്തത്. അല്ലെങ്കിൽ അവരുടെ അവസ്ഥ, ഒരിക്കലും തന്നെ വെയിലു വരാത്ത ഒരു സ്ഥലത്തിരിക്കുന്ന ആളെപോലെയാണ്. സൂര്യൻ ഉദിച്ചുയർന്ന് അയാളുടെ തലക്ക് മുകളിൽ എത്തിയെങ്കിലും അയാൾ, അന്ധകാരത്തിൽ തന്നെ നിലകൊണ്ടു. മറ്റു ചില ആളുകൾ ഉഷ്ണത്തിന്റെ കാഠിന്യത്തിൽ തൃപ്തിപ്പെടുന്ന

വരാണ്. ഇവർ അന്യോന്യം മുഖാമുഖം നിൽക്കുന്നവരാണ്. തീർച്ചയായും ഞാൻ ദുൽഖർനൈനിനെ പോലെ ശരവേഗം ഉള്ളവനാണ്. ഞാൻ ഒരു ജനതയെ അത്യുഷ്ണത്തിലും മറ്റൊരു ജനതയെ കണ്ണുകൾ നഷ്ടപ്പെട്ടത് കാരണം അതിശൈത്യത്തിലും മലിനമായ ഉറവിടത്തിലുമാണ് കണ്ടത്. ഞാൻ നിർദ്ദേശങ്ങൾ നൽകുന്നവനാണ്. ഞാൻ അല്ലാഹു (കാണിക്കുന്നത് കൊണ്ട്) കാണുന്നവനാണ്. ദൈവീകവിധി തന്റെ ശരം പുറത്തെടുക്കുകയും അത് തൊടുത്തു വിടുകയും ചെയ്തിരിക്കുന്നു എന്ന് എനിക്ക് നന്നായിട്ടറിയാം. അതിനാൽ അല്ലയോ ബുദ്ധിമാന്മാരെ, കണ്ണീരൊഴുകുന്ന കണ്ണുകളാൽ അല്ലാഹുവിനെ നിങ്ങൾ ഓർക്കുക. അങ്ങനെ അവന്റെ ഔദാര്യത്തിൽ നിന്നും കാരുണ്യത്തിൽ നിന്നും കുറവോ കൂടുതലോ ആയി നിങ്ങൾക്ക് പങ്ക് ലഭിക്കട്ടെ. സന്മാർഗ്ഗത്തെ പിൻതുടരുന്നവരാരോ അവനിൽ രക്ഷയുണ്ടാവട്ടെ. ഞാനാണ് അല്ലാഹുവിന്റെ വിനീതനായ ദാസൻ.

ഗുലാം അഹ്മദ് ഖാദിയാനി അൽ മസീഹു റബ്ബാനി.

# ദൈവസാമീപ്യം നേടിയവരുടെ അടയാളങ്ങൾ

بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ

نَحْمَدُهُ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ

അല്ലയോ ജനങ്ങളെ, ഒരുമിച്ചു കൂടുക. ഞാൻ നിങ്ങൾക്കായി ഏറ്റവും സമീപസ്ഥരുടെ അടയാളങ്ങൾ വിവരിക്കാൻ പോവുകയാണ്. ഈ ആളുകളുടെ ആത്മാവിന്റെ ശ്യാമളതയെ അല്ലാഹു സംരക്ഷിച്ചിരിക്കുന്നു. അവർ ശുഷ്ക്കിച്ചവരും വിവേകശൂന്യരുമായ ആളുകളെ പോലെ ആയിരിക്കുകയില്ല. സുന്ദരരൂപത്തിലും മനോഹര പ്രകൃതിയിലും നിറഞ്ഞ യുവത്വത്തിലും നീ അവരെ കാണുന്നതാണ്. ക്ഷയരോഗം നിമിത്തം മെലിഞ്ഞുണങ്ങിയ ആളെപ്പോലെ നീ അവരെ കാണുകയില്ല. നെഞ്ചകങ്ങൾ തുറന്ന് വിശാലമാക്കപ്പെട്ട ആളുകളാണവർ. അവരുടെ അരക്കെട്ടുകൾ ശക്തമാക്കപ്പെട്ടവയായിരിക്കും. അവരുടെ പ്രകാശങ്ങൾക്ക് കൂടുതൽ തിളക്കം നൽകപ്പെട്ടവയായിരിക്കും. അവർ തങ്ങളെ ദൈവത്തിന്ന് ഭരമേൽപ്പിച്ചിരിക്കുകയാണ്. അവരുടെ ജീവനാഡി തന്നേയും അറുക്കപ്പെട്ടാൽ പോലും അവർ അല്ലാഹുവിന്റെ മാർഗത്തിൽ ഒരുതരത്തിലുള്ള പ്രയാസങ്ങളേയും വകവെക്കുന്നവരല്ല. അവർ റബ്ബുൽ ആലമീനു വേണ്ടി മാത്രമാണ് മരണത്തിൽ നിന്ന് രക്ഷപ്പെടുന്നത്. പാല് കൊണ്ടാണ് അവരുടെ ഉന്നതസ്വഭാവഗുണങ്ങൾ പരിപോഷിപ്പിക്കപ്പെടുന്നത്. കാരുണ്യത്താലാണ് അവരുടെ ഹൃദയങ്ങൾ ശക്തമാക്കപ്പെടുന്നത്. രോഗം കൊണ്ട് പാലിൽ ചുവപ്പ് നിറം കലർന്ന ആടിനെ പോലെയല്ല അവർ. അതേപോലെ രോഗകാരണത്താൽ കൺപോളകൾ എന്നെന്നേക്കുമായി മറഞ്ഞുപോയ ആളെ പോലെയുമല്ല അവർ. ചെന്നായ്ക്കളും തേളുകളും കുറുനരികളും ഉള്ള ഭൂതലത്തിലാണ് അവർ നിയോഗിക്കപ്പെടുന്നത്. താന്തോന്നികളുടെ ആധിക്യമുള്ള അവസരങ്ങളിലാണ് അവർ നിയോഗിക്കപ്പെടുന്നത്. മാലിന്യങ്ങളിൽ നിന്ന് ഏറ്റവും കൂടുതൽ രക്ഷപ്പെടുന്നവരായിട്ട് നീ അവരെ കാണുന്നതാണ്. അവരിൽ ശുഷ്ക്കന്മാരായി ആരേയും നീ കാണുകയില്ല. അതേപോലെ പിശുക്കന്മാരെ പോലെയുള്ളവരായും നീ അവരെ കാണുകയില്ല. അല്ലാഹുവിനു വേണ്ടിയും അവ

നോടുള്ള കറകളഞ്ഞ സ്നേഹത്തിനു വേണ്ടിയും തങ്ങളുടെ ജീവനുകളെ വിൽക്കുന്നവരും അവന്റെ തൃപ്തിക്കായി അവന്റെ സൃഷ്ടികളോട് സഹാനുഭൂതി പുലർത്തുന്നവരുമായിട്ടായിരിക്കും നീ അവരെ കാണുക. നീ അവരെ ദല്ലാളുമാരെ പോലേയും കാണുകയില്ല. നീചരും നികൃഷ്ടനുമായ (ആൾ) അവരെ കുറിച്ച് വ്യാജരെന്ന് ധരിക്കുന്നു. എന്നാൽ അവർ ആകാശത്തിലെ പ്രകാശവും ഭൂമിയിലെ ശാന്തിയും സാത്വികരുടെ നേതാക്കളുമായിരിക്കും. ഭൂമി അവരുമായുള്ള കൂടികാഴ്ചയെ വെറുക്കുകയും ആകാശം അവരുടെ തെളിവുകൾക്ക് പ്രകാശം നൽകുകയും ചെയ്യുന്നു. അവർ ധിക്കാരികളായ ജനങ്ങളുടെ മേൽ അല്ലാഹുവിന്റെ ന്യായപൂർത്തിയായിരിക്കുന്നതാണ്. തങ്ങളുടെ നഫ്സിന്റെ ഇച്ഛകളെ പിൻ തുടർന്ന് കൊണ്ട് മാത്രം ആരേയും സ്നേഹിക്കുകയില്ലെന്നും ആരോടും ശത്രുത പുലർത്തുകയില്ലെന്നും സത്യം ചെയ്ത് കൊണ്ട് അല്ലാഹുവിനോട് കരാർ ചെയ്തവരാണ് അവർ. ഈ കാര്യത്തിൽ നിന്ന് കുതിരകളെ പോലെ തിരിഞ്ഞോടുന്നവരുമാണ് അവർ. തങ്ങളുടെ ആന്തരീകത്തേയും ബാഹ്യത്തേയും തങ്ങളുടെ പരിപാലകന്റെ സന്നിധിയിൽ സമർപ്പിച്ചവരും ബാഹ്യലോകവുമായിട്ടുള്ള ബന്ധം വിച്ഛേദിച്ചുകൊണ്ട് അവന്റെ സന്നിധാനത്തിൽ വന്നവരുമാണവർ. സൗഭാഗ്യങ്ങളാകുന്ന ഫലങ്ങൾ സ്വായത്തമാക്കാനായി തങ്ങളെ തന്നെ നാമാവശേഷമാക്കിയവരും ഒരു പുതിയ ജനത്തിനു വേണ്ടി മരണത്തെ സ്വീകരിച്ചവരുമാണവർ. ദൈവവിധിയുടെ അടിസ്ഥാനത്തിലുള്ള എല്ലാവിധ അപകടങ്ങളിലേക്കും കടന്ന് ചെന്ന് കൊണ്ട് അവയിൽ സഹനം പ്രകടിപ്പിച്ച് തങ്ങളുടെ റബ്ബിനെ സംതൃപരാക്കിയവരാണവർ. ആത്മാർഥതയുടെയും ആത്മാർഥരുടേയും എല്ലാവിധ നിബന്ധനകളും അവയുടെ ആവശ്യത്തിനനുസൃതമായി പൂർത്തിയാക്കിയവരുമാണവർ. ആരേയാണോ അല്ലാഹു തന്റെ അസ്തിത്വത്തെ പോലെ ഗോപ്യമാക്കി വെച്ചതും തന്റെ പ്രകാശങ്ങൾ ആരുടെ മേലെയാണോ വർഷിച്ചതും, ഈ (സമീപസ്ഥർ), നിസ്സംശയം അങ്ങിനെയുള്ള ആളുകളാണ്. അതോടൊപ്പം അവർ തങ്ങളുടെ രൂപം കൊണ്ടും തങ്ങളുടെ നെറ്റിത്തടങ്ങൾ കൊണ്ടും അടയാളങ്ങൾ കൊണ്ടും തിരിച്ചറിയപ്പെടുന്നു. അല്ലാഹുവിന്റെ പ്രകാശം അവരുടെ മുഖങ്ങളിൽ വെട്ടിത്തിളങ്ങുകയും അവരുടെ മുഖങ്ങളുടെ ശോഭ ദൃശ്യമാവുകയും ചെയ്യുന്നു. അവരിലുള്ള തിളക്കം എല്ലാ അസഭ്യഭാഷികളായ ജനങ്ങളേയും നിന്ദ്യരാക്കുന്നു. അവരുടെ ശത്രുക്കളുടെ ഒരു ദൗർഭാഗ്യം എന്താണെന്നു വച്ചാൽ

അവർ ഈ (സമീപസ്ഥരെ) സംബന്ധിച്ച് ദുർധാരണ വച്ചു പുലർത്തുന്നു എന്നുള്ളതാണ്. എന്നാൽ അവർക്ക് തങ്ങളുടെ ഈ ദുർധാരണയെ സ്ഥാപിക്കാൻ സാധിക്കുന്നുമില്ല, അവർ മുത്തഖീങ്ങളുമായിരിക്കില്ല. അവർ കോങ്കണ്ണരും കുഴിഞ്ഞ കണ്ണുള്ളവരോ അല്ലെങ്കിൽ അന്ധന്മാരെ പോലെയോ മാത്രമായിരിക്കും. അവർ കാഴ്ചയുള്ള ആളുകളിൽപ്പെട്ടവരായിരിക്കുകയില്ല. അവരുടെ നെറ്റിത്തടങ്ങൾ വളരെയധികം പരുപരുത്തതാണ്. അവരുടെ നഫ്സ് മെലിഞ്ഞ ഒട്ടകത്തെ പോലെയാണ്. അവരുടെ ഹൃദയങ്ങൾ ഇരുണ്ടവയാണ്. അവരുടെ ഉടുമുണ്ട് 'ഖർജാ'യെ പോലെ തൂവെള്ളയാണെങ്കിലും (ഖർജാ=പിൻകാലുകൾ രണ്ടും അടിവയറ് വരെ മാത്രം വെള്ള നിറമുള്ള ആട്) അവർ പെരുമ്പാമ്പിനെ പോലെയാണ്. അവർ അല്ലാഹുവിന്റെ ആളുകളോട് ശത്രുത വെച്ച് പുലർത്തുന്നവരും തങ്ങളുടെ മേൽ തന്നെ അതിക്രമം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവരുമാണ്. ജനിച്ചില്ലായിരുന്നുവെങ്കിൽ അവർക്ക് അത് ഉത്തമമായേനെ. അവർ തങ്ങളുടെ കാലഘട്ടത്തിലെ ഇമാമിനെ തിരിച്ചറിഞ്ഞില്ല. അങ്ങിനെ ജാഹിലീയ്യത്തിന്റെ മരണത്തിൽ തൃപ്തരായി തീരുകയാണുണ്ടായത്. ആകയാൽ ഈ അന്ധ സമുദായത്തിനു മേൽ നാശം! ആനന്ദപൂർണ്ണമായ ജീവിതത്തിലെ സന്തോഷങ്ങൾ അവരെ വഞ്ചനയിലകപ്പെടുത്തിയിരിക്കയാണ്. ആകയാൽ അവർ അസ്വസ്ഥതകളിലെ ഭയാനകങ്ങളേയും കയ്പേറിയ അനുഭവങ്ങളേയും മറന്നു കളഞ്ഞിരിക്കുകയാണ്. കാലഘട്ടത്തിന്റെ ആഘാതങ്ങൾ മുഖേനയുള്ള ഒരു പ്രയാസവും അവർ അനുഭവിച്ചിട്ടില്ല. ഈ കാരണം കൊണ്ട് തന്നെയാണ് അവർ ഭൂമിയിൽ അഹങ്കരിച്ചുകൊണ്ട് നടക്കുന്നതും, കാരുണ്യവാന്റെ ദാസരുടെ സമീപത്തു കൂടി ഞെളിഞ്ഞുകൊണ്ടും പൊങ്ങച്ചം കാണിച്ചുകൊണ്ടും കടന്നു പോകുന്നതും. അല്ലാഹുവിന്റെ ഔലിയാക്കൾ ഈ ഭൗതീക ജീവിതത്തിന്റെ സുഖഭോഗങ്ങളിൽ യാതൊരു താൽപര്യവും കാണിക്കാത്തവരും അല്ലാഹുവിനു വേണ്ടി മാത്രം ദാരിദ്ര്യത്തിനു മുൻഗണന നൽകുന്നവരും തങ്ങളുടെ നഫ്സുകളെ പരിശുദ്ധവും പാവനവുമായി നിലനിർത്തുന്നവരുമാണ്. അവർ ഈ ലോകത്തിലെ കഷ്ടപ്പാടുകളെ സ്വീകരിക്കുകയും പരലോകത്തിലെ നരകത്തിൽ നിന്ന് രക്ഷ പ്രാപിക്കുകയും ആ (പരലോകത്തിനു) വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നവരുമാണ്. അവരുടെ മേൽ എപ്പോഴെല്ലാം പ്രയാസങ്ങൾ വന്നു വീഴുന്നുവോ അപ്പോൾ അവർ ദൈവജ്ഞാനത്തിൽ കൂടുതൽ പുരോഗതി പ്രാപിക്കുകയാണ് ചെയ്യുന്നത്. അവരുടെ മേൽ ഓരോ

സൂര്യനും ഉദിച്ചുയരുമ്പോഴും അവരുടെ ഇന്ന്, അവരുടെ ഇന്നലെയെക്കാൾ എത്രയോ ഉത്തമമായിട്ടുള്ള അവസ്ഥയിലായിരിക്കും നീ അവരെ കാണുക. അവർ പിന്നോട്ട് പോവുകയില്ല. മറിച്ച് ഓരോ നിമിഷവും മുന്നേറികൊണ്ട് തന്നെയായിരിക്കും. അങ്ങനെ അവർ തിരിച്ചറിയാൻ പറ്റാത്ത വിധം അല്ലാഹു അവരുടെ പ്രകാശത്തിൽ കൂടുതൽ പ്രകാശം വർദ്ധിപ്പിച്ചു കൊണ്ടിരിക്കും. വിവരദോഷികൾ അവരെ കുറിച്ച് അവർ മാലിന്യത്തിൽ കുഴഞ്ഞു കിടക്കുന്ന മനുഷ്യരാണെന്നാണ് ധരിക്കുന്നത്. എന്നാൽ അവർ തങ്ങളുടെ നഫ്സുകളിൽ നിന്ന് ദൂരെയാക്കപ്പെട്ടവരാണ്. അവർക്ക് എപ്പോഴെങ്കിലും ശൈത്താനിക ചതിയെ കുറിച്ച് ചെറിയ തോതിലെങ്കിലുമുള്ള അറിവ് ലഭിക്കുമ്പോൾ, അവർ വിനയം കാണിച്ചുകൊണ്ട് തങ്ങളുടെ ദിശ അല്ലാഹുവിന്റെ ഭാഗത്തേക്ക് തിരിക്കുകയും അങ്ങനെ അവന്റെ (അല്ലാഹു) ശരണത്തിലേക്ക് ഓടിപ്പോവുകയും, പെട്ടെന്ന് അവർ ഉൾകാഴ്ച ഉള്ളവരായി തീരുകയും ചെയ്യുന്നു. അവർ അലസാവസ്ഥയിൽ ദുആക്ക് വേണ്ടി ഒരുങ്ങുകയില്ല. മറിച്ച് ദുആ ചെയ്തുകൊണ്ടേ തന്നെ അവർ ജീവൻ വെടിയുന്നിടത്തോളം എത്തുകയാണ് ചെയ്യുന്നത്. അവരുടെ ഈ തഖ്വ കാരണത്താൽ അവരുടെ (ദുആ) സ്വീകരിക്കപ്പെടുകയും അവർ സഹായം നൽകപ്പെട്ടവരായി തീരുകയും ചെയ്യുന്നു. ദുആയുടെ അവസരത്തിൽ അവർക്ക് ബലഹീനതക്ക് ശേഷം ശക്തി നൽകപ്പെടുകയും അവരുടെ മേൽ ശാന്തി ഇറക്കപ്പെടുകയും ചെയ്യുന്നു. മലക്കുകൾ അവർക്ക് ശക്തി നൽകുന്നു. അവർ ഓരോ തെറ്റിൽ നിന്നും സംരക്ഷിതരാക്കപ്പെടുകയും അല്ലാഹുവിന്റെ ഭാഗത്തേക്ക് പ്രയാണം ചെയ്യുകയും അവന്റെ തൃപ്തിയിൽ വിലയം പ്രാപിക്കുകയും ചെയ്യുന്നു. ആകയാൽ അല്ലാഹുവല്ലാതെ അവരെ ആരും തന്നെ അറിയുന്നില്ല. അവർ ജനങ്ങളുടെ ദൃഷ്ടിയിൽ നിന്ന് മറക്കപ്പെട്ടവരായിരിക്കും. അവർ ഒരു അദൃശ്യമായ ജനവിഭാഗമാണ്. ഈ കാരണം കൊണ്ടുതന്നെയാണ് അവരുടെ കാര്യത്തിൽ നശിക്കുന്നവർ നശിച്ചത്. ഈ ലോകത്തെ അന്ധന്മാർ അവരെ കണ്ടു കൊണ്ട് അവരെ പരിഹസിക്കുന്നു. (എന്നിട്ട് അവർ പറയുന്നു) ഇവരെയാണോ അല്ലാഹു ഇറക്കിയിരിക്കുന്നത്? യാഥാർഥ്യം ഇതാണ്, അവർ (പരിഹസിക്കുന്നവർ) അന്ധരാണ്. അവർ (അല്ലാഹുവിന്റെ സമീപസ്ഥർ)ക്ക് ചില അടയാളങ്ങളുണ്ട്. അത് മുഖേനയാണ് അവർ തിരിച്ചറിയപ്പെടുന്നത്. എന്നാൽ ഉൾകാഴ്ചയുള്ളവരും പരിശുദ്ധരായ ആളുകളും മാത്രമേ അവരെ  തിരിച്ചറിയുകയുള്ളൂ.

അവരുടെ ഒരടയാളം, അവരെ ഭൗതീക ലോകത്ത് നിന്ന് അകറ്റി നിർത്തുന്നു എന്നതാണ്. അവരുടെ ഹൃദയങ്ങളിൽ ഒരു തരി പോലും ഭൗതീക ലോകം ശേഷിക്കാത്ത വിധം അവരെ ഭൗതീക കാര്യങ്ങൾ കേൾക്കുന്നതിൽ നിന്നും മാറ്റി നിർത്തപ്പെടുന്നു. അവർ തോരാതെ പെയ്യുന്ന മേഘങ്ങളെ പോലെയാണ്. അല്ലാഹുവിനു വേണ്ടി കണക്കില്ലാതെ ചെലവഴിക്കുകയും അങ്ങനെ ഓരോ നിമിഷവും പ്രകാശം കൊണ്ട് അവർ കുളിപ്പിക്കപ്പെടുകയും ചെയ്യുന്നു.

അവരുടെ മറ്റൊരടയാളം, അല്ലാഹു അവരുടെ ഹൃദയങ്ങളിൽ സൃഷ്ടികളെ തങ്ങളിലേക്ക് ആകർഷിക്കുവാനുള്ള ഒരാകർഷണ ശക്തി നിക്ഷിപ്തമാക്കിയിരിക്കുന്നു എന്നുള്ളതാണ്. ശീതളജലം ശക്തമായി പ്രവഹിക്കുന്ന ഒരു നീരുറവ് പോലെയാണ് അവരുടെ അവസ്ഥ. അതിനാൽ സൃഷ്ടികൾ അവരിലേക്ക് ഓടിചെല്ലുകയാണ്. അവരുടെ മേൽ കാരുണ്യത്തിന്റെ വഹ്യ് ആകുന്ന ജലം തളിക്കപ്പെടുകയും അങ്ങിനെ ജനങ്ങൾ അവരുടെ ഈ ജലത്തിൽ നിന്ന് കുടിക്കുകയും ചെയ്യുന്നു.

അവർ സുഖാഡംബരങ്ങളിൽ വളർന്ന ആളെ പോലെയുള്ള ജീവിതം നയിക്കാത്തവരാണെന്ന് മാത്രമല്ല, അവർ പരീക്ഷണങ്ങളാകുന്ന സമുദ്രങ്ങൾ നീന്തി കടക്കുന്നവരാണ് എന്നതും കൂടി അവരുടെ മറ്റൊരടയാളമാണ്. അവരുടെ ജീവനാഡി എല്ലായ്പ്പോഴും അറുക്കപ്പെടാനും പിഴിഞ്ഞെടുക്കപ്പെടാനും സന്നദ്ധമായിരിക്കുകയും ജനങ്ങൾ അവരെ പിഴിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. അവരുടെ ഒരടയാളം, അവർ അല്ലാഹുവിനെ തസ്ബീഹ് ചെയ്തു കൊണ്ടിരിക്കുകയും എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്ന ഒരു മത്സ്യത്തെ പോലെ അവന്റെ ദിക്റിൽ നീന്തി തുടിച്ചുകൊണ്ടിരിക്കുകയും അവനിലേക്ക് പരിപൂർണമായി ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നു എന്നതാണ്. പ്രസവവേദനസമയത്ത് ആർത്തലക്കുന്ന ഒരു ഗർഭിണിയായ സ്ത്രീയെ പോലെ അവർ (അല്ലാഹുവിന്റെ സന്നിധിയിൽ) ആർത്തലക്കുകയും അതിൽ തന്നെ ആനന്ദം കണ്ടെത്തുകയും ചെയ്യുന്നവരുമാണ്. ഭൗതീക ജീവിതത്തെ ലാളിത്യത്തോടു കൂടിയും ദൈവേതരമായ വാക്കുകളിൽ നിന്ന് തങ്ങളുടെ കർണ്ണപുടങ്ങളെ അടച്ചുപിടിച്ചുകൊണ്ടും സഹായമർഥിക്കുന്നവരെ പോലെ (അല്ലാഹുവിനെ) നീട്ടി വിളിച്ചുകൊണ്ടും കഴിച്ചു കൂട്ടുക എന്നതും തങ്ങളുടെ കൂടുകളിൽ എത്തിപ്പെടാൻ സാധിക്കാത്ത പറവകളെ പോലെ (അല്ലാഹുവിനെ) ഓർത്തുകൊണ്ടിരിക്കുക എന്നതും അവ

ർക്കുള്ള അടയാളങ്ങളിൽപ്പെട്ടവയാണ്. അവർ അതിന്റെ (ദിക്റിന്റെ) സൗരഭ്യത്തിൽ മുഴുകി കഴിയുന്നവരാണ്. അവരുടെ ഒരടയാളം, അവർ എല്ലാവിധ അഴുക്കുകളിൽ നിന്നും ചൊറി ചിരങ്ങുകളിൽ നിന്നും പരിശുദ്ധരായി തീരുക എന്നതും, വളകൾ അണിഞ്ഞവളെ പോലെയല്ലാതെ അടർക്കളത്തിലെ യോദ്ധാവിനെ പോലെയായിരിക്കുക എന്നതുമാണ്. കാരണം അവർ അവരുടെ ശരീരത്തിൽ നിന്ന് ഭീരുത്വമാകുന്ന വസ്ത്രത്തെ അഴിച്ചുകളയുന്നവരും സത്യത്തെ പ്രബോധിക്കുന്നതിൽ ഭയം കൊള്ളാത്തവരുമാണ്.

അവരുടെ ഒരടയാളം, ഇഖ്ലാസോടുകൂടി അവരുടെ ബൈഅത്തിന്റെ വൃത്തത്തിൽ വരുന്ന ആളുകളെ അവർ കോഴികുഞ്ഞുങ്ങളെ പോലെ സംരക്ഷിക്കുന്നു എന്നതാണ്. അവർ അവരെ പൈശാചിക കുരുക്കുകളിൽ നിന്ന് മോചിപ്പിക്കുകയും അവർക്കായി അന്ധകാരനിബിഡമായ രാത്രികളിൽ അല്ലാഹുവിന്റെ മുമ്പിൽ നിൽക്കുകയും സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുന്നു. അതിന്റെ ഫലമായി അവരുടെ മേൽ അനുഗ്രഹവർഷം ഉണ്ടാവുകയും അവരുടെ മേൽ കരുണ ചെയ്യപ്പെടുകയും ചെയ്യുന്നു. അവരുടെ പ്രവർത്തനങ്ങൾ പൂർത്തിയാകാതെയും ഫലമുളവാക്കാതെയും അവരുടെ സംഘങ്ങൾ ഒത്തു ചേരാതേയും സത്യം പരിപൂർണ്ണമായും വ്യക്തമാകാത്ത സമയം വരേയും അവരുടെ മേൽ മരണം സംഭവിക്കുകയില്ല എന്നതും അവരുടെ ഒരടയാളമാണ്. അവരുടെ വെള്ളം കോരുന്ന തൊട്ടി(ബക്കറ്റ്) പൂർണ്ണമായും നിറക്കപ്പെടുകയും അതിലെ വെള്ളത്തിൽ ഒരു കുറവും വരുത്തപ്പെടുകയും ചെയ്യുന്നില്ല. അങ്ങനെ അവർ സുഗന്ധപൂർണമായ ശരീരങ്ങളോടെ പ്രത്യക്ഷപ്പെടുന്നു. മണവാട്ടിയുടെ ചമയപ്പെട്ടി, സൗന്ദര്യ വർദ്ധകവസ്തുക്കളാൽ നിറക്കപ്പെടുന്നതു പോലെ അവർ തങ്ങളുടെ സൗന്ദര്യത്തെ പരിപൂർണമാക്കുന്നു. അങ്ങിനെ സൃഷ്ടികൾ അവരെ കണ്ടുകൊണ്ട് അവരെ പ്രശംസിക്കുന്നു. ലോകത്തിനു തങ്ങളുടെ ചിന്തകളാൽ അവരെ കീഴ്പ്പെടുത്താൻ സാധിക്കുകയില്ല എന്ന് മാത്രമല്ല, അവർ അവരെ പരാജയപ്പെടുത്തുകയും അവർ അവരുടെ ആയുധങ്ങളുടെ മൂർച്ച കെടുത്തുകയും അല്ലാഹുവിന്റെ മേൽ തവക്കുൽ അർപ്പിക്കുകയും ചെയ്യുന്നവരാണ് എന്നതും അവരുടെ ഒരു അടയാളമാണ്. ഏകനായ മഹോന്നതന്റെ തൃപ്തി ആഗ്രഹിച്ചുകൊണ്ട് അന്ധകാരനിബിഡമായ രാത്രികളിൽ ആരാധനക്കായി നിൽക്കുന്നവരും നന്മയുടെ വിത്ത് വിതച്ചുകൊണ്ട് തങ്ങളുടെ വിളവിനെ സംരക്ഷിക്കാൻ

വേണ്ടി തഖ്‌വയാകുന്ന കാവൽ മാടങ്ങൾ പണിയുന്നവരും പിന്നീട് ഈ ദുനിയാവിലും ആഖിറത്തിലും അതിന്റെ വിളവ് കൊയ്യുന്നവരുമാണ് എന്നതും അവരുടെ ഒരടയാളമാണ്.

അവർ നെറ്റി ചുളിക്കുകയോ മോശമായി പെറുമാറുകയോ ജനങ്ങളെ അവഗണിക്കുകയോ ചെയ്യുന്നില്ല എന്നതും അവരുടെ ഒരു അടയാളമാണ്. സന്മാർഗമാകുന്ന മേച്ചിൽ പുറങ്ങളിൽ എല്ലായിടത്തും മേയുന്നവരാണവർ. അവർ ചിലയിടത്ത് പച്ചപ്പുള്ളതും ചിലയിടത്ത് ഇല്ലാത്തതുമായ നിലങ്ങൾ പോലെയായിരിക്കുകയില്ല. കാഠിന്യങ്ങളെ അഭിമുഖീകരിക്കുമ്പോൾ പിൻതിരിയാത്തവരാണവർ, അന്ധകാരങ്ങളിൽ നടക്കേണ്ടി വന്നാൽ പോലും. അവർ വധിക്കപ്പെടുമെങ്കിൽ പോലും അതിൽ നിന്ന് രക്ഷപ്പെട്ട് ഓടിപ്പോകുന്നവരല്ല. അവർ അകാരണമായി ആരുടേയും അന്തസ്സിനും അഭിമാനത്തിന്നും ക്ഷതം വരുത്താത്തവരും തങ്ങളുടെ നാവാകുന്ന വാളിനെ ഉറയിൽ തന്നെ സൂക്ഷിക്കുന്നവരും അതിൽ നിന്ന് പുറത്തെടുക്കാത്തവരുമാണ് എന്നത് അവരുടെ ഒരു അടയാളമാണ്. വ്യർഥമായ കാര്യങ്ങളിൽ ഇടപെടാത്തവരും എത്രതന്നെ പ്രകോപിതരാക്കപ്പെട്ടാലും തങ്ങളുടെ കോപമാകുന്ന അഗ്നിയെ ശാന്തമായി നിലനിർത്തുന്നവരും എന്തെങ്കിലും വിഷമം ഉണ്ടാക്കുന്ന കാര്യം അവർക്ക് വന്നുപെട്ടാൽ പുളിപ്പിച്ച മാവിനെ പോലെ കോപത്താൽ ചീർക്കുന്നവരുമല്ല അവർ. അവർ സ്ഥിരചിത്തതയെ ഉപേക്ഷിക്കുന്നില്ല എന്ന് മാത്രമല്ല, എപ്പോഴും അതിൽ ഉറച്ചുനിൽക്കുന്നവരുമാണ്. നീ അവരെ അന്തസ്സില്ലാത്തവരെ പോലെ കാണുകയില്ല. മറിച്ച് അവർ ആത്മാഭിമാനമുള്ള ആളുകളാണ്. അവർ അല്ലാഹുവിന്റെ വിശേഷഗുണങ്ങളെ അനുകരിക്കുന്നവരാണ്. അതേപോലെ അവർ തങ്ങളുടെ നബി(സ)തിരുമേനിയുടെ സ്വഭാവഗുണങ്ങളേയും അനുകരിക്കുന്നവരാണ്. ഒരു എഴുത്തിനെ എങ്ങനെയാണോ നിങ്ങൾ പകർത്തിയെഴുതുന്നത് അതേപോലെയാണ് അവർ ചെയ്യുന്നത്.

ബാഹ്യരൂപത്തിന്റെ അടിസ്ഥാനത്തിൽ അവർ സാധാരണ മനുഷ്യരെ പോലെയായിരിക്കുമെങ്കിലും ഗോപ്യമായ കഴിവുകളുടെ അടിസ്ഥാനത്തിൽ അവർ ഭിന്നരായിരിക്കുമെന്നതും അവരുടെ (അല്ലാഹുവിന്റെ സമീപസ്ഥരുടെ) ഒരടയാളമാണ്. തകർന്നടിഞ്ഞ പ്രദേശത്ത് ഉയർന്ന തലങ്ങൾ പ്രകടമായി കാണുന്ന പോലെ അല്ലാഹു അവർക്കായി, അവരെ തിരിച്ചറിയുവാനുള്ള പ്രത്യേക അടയാളം വച്ചിരിക്കുന്നു. അവരെ പച്ചളിപ്പുള്ളതും ഫലനിബിഡവുമാക്കു

കയും ചെയ്യുന്നു. അവർ ഒരു കുന്നിന്മേൽ വളർന്ന വൃക്ഷത്തെ പോലെ ഉയർന്നു നിൽക്കുന്നവരായിരിക്കും. ഒരു തരത്തിലുള്ള പ്രകടനാത്മകതയുടെ കലർപ്പുമില്ലാത്ത ശുദ്ധമായ സ്വഭാവ ഗുണങ്ങൾ നൽകപ്പെട്ടിരിക്കുന്നു എന്നതും അവരുടെ ഒരടയാളമാണ്. അവരുടെ ഹൃദയങ്ങളാകുന്ന ഭൂമിയെ ആ (ആത്മീയ) ജലത്തെ ഉൾകൊള്ളാവുന്ന തരത്തിൽ പാകപ്പെടുത്തുന്നു. അവരുടെ മുഖങ്ങളിലെ ശാലീനതയാൽ അവർ തിരിച്ചറിയപ്പെടുകയും അവരെ പരിശുദ്ധരും സുഗന്ധപൂരിതരുമാക്കപ്പെടുകയും ചെയ്യുന്നു.

എല്ലാ രംഗത്തും അവർ ഊർജ്ജസ്വലരായിരിക്കുകയും തടിച്ച അലസനായ ആളെ പോലെ ആയിരിക്കുകയുമില്ല എന്നതും അവരുടെ അടയാളമാണ്. ആകാശീയശക്തി അവരെ ആകർഷിക്കുകയും എല്ലാ തരത്തിലുമുള്ള മാലിന്യങ്ങളിൽ നിന്ന് അവർ ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു. അല്ലാഹുവിൽ നിന്നുള്ള ഒരൊറ്റ ആഘാതം കൊണ്ട് മാത്രം അവരുടെ സ്വേച്ഛകൾ ഉച്ചാടനം ചെയ്യപ്പെടുന്നു. ആകയാൽ പരിശുദ്ധത നിമിത്തം അവർ സ്വേച്ഛകളെ ഉപേക്ഷിക്കുന്നു. ഭൗതീക ലോകത്തിന്റെ മാലിന്യങ്ങളൊന്നും അവരെ സ്പർശിക്കുന്നില്ല, അവയെ ഉപേക്ഷിക്കുന്നതിൽ അവർക്ക് യാതൊരു വിഷമവും പ്രയാസവും അനുഭവപ്പെടുന്നുമില്ല.

പരീക്ഷണങ്ങൾ ഇറങ്ങുന്ന സമയത്ത് അവരുമായുള്ള സഹവാസം ഭൂമിയിൽ വസിക്കുന്നവർക്കായി ആകാശീയ സുരക്ഷ ഒരുക്കുന്നു എന്നതും അവരുടെ ഒരടയാളമാണ്. ഭൗതീകമായ ആശാഭിലാഷങ്ങൾ നിമിത്തം ഉൽഭൂതമാകുന്ന ഹൃദയ കാഠിന്യത്തിന്ന് അതൊരു ഔഷധമായി തീരുകയും ചെയ്യുന്നു. ആവശ്യത്തിനു വെള്ളം ഉപയോഗിക്കാത്തത് കൊണ്ട് ശരീരത്തിൽ അഴുക്ക് അടിഞ്ഞുകൂടുന്നത് പോലെ അല്ലാഹുവിന്റെ ഔലിയാക്കളുടെ സഹവാസത്തിന്റെ അഭാവം ഹൃദയങ്ങളെ മലിനമാക്കി തീർക്കുന്നു. ഈ കാര്യം അറിയുന്നവർ വേണ്ടുവോളം ഗ്രഹിക്കുന്നുണ്ട്, അവരുമായുള്ള സഹവാസം ഹൃദയങ്ങൾക്ക് ജീവിതം നൽകുകയും പാപങ്ങൾ കുറക്കുകയും ബലഹീനരും അവശരുമായവർക്ക് ശക്തി നൽകുകയും ചെയ്യുന്നു എന്നത് അവരുടെ അടയാളങ്ങളിൽപ്പെട്ട ഒന്നാണ്. അവരുമായുള്ള സഹവാസം നിമിത്തം ജനങ്ങൾ തങ്ങളുടെ മാർഗത്തിൽ ഉറച്ചുനിൽക്കുകയും ഭിന്നതകളിൽ അകപ്പെടുകയും ചെയ്യുന്നില്ല.

ഒട്ടകങ്ങൾ തമ്മിൽ ഏറ്റുമുട്ടുന്ന പോലെ അവർ ശത്രുക്കളെ നേരി

ടുന്നില്ല എന്നത് അവരുടെ ഒരടയാളമാണ്. അവരുടെ റബ്ബിന്റെ പക്കൽ യുദ്ധം സുനിശ്ചിതവും നിർബന്ധിതവുമായി വരുന്ന അവസരങ്ങളിൽ മാത്രമേ അവർ (അല്ലാഹുവിന്റെ സമീപസ്ഥർ) ഏറ്റുമുട്ടുകയുള്ളൂ. യാഥാർഥ്യം കൂടികലർന്നു പോകുന്ന സമയങ്ങളിൽ മാത്രമേ അവർ വാഗ്വാദം നടത്തുകയുള്ളൂ. ആരോഗ്യമുള്ള കുഞ്ഞാട് അറുക്കപ്പെടുന്ന പോലെ അവർ കൊല്ലപ്പെട്ടാലും ശരി. അല്ലാഹുവിന്റെ അനുമതി ഇല്ലാതെ കണ്ട് അവർ ഒരു അക്രമിയേയും തന്നെ ദ്രോഹിക്കുകയില്ല. അവർ അല്ലാഹുവിന്റെ സ്വഭാവഗുണങ്ങൾ സ്വായത്തമാക്കുന്നവരാണ്. കളവ്, പക, ദേഹേച്ഛകൾ, പ്രകടനാത്മകത, അസഭ്യം പറയൽ, ദ്രോഹിക്കൽ എന്നിവയിൽ നിന്ന് രക്ഷപ്പെട്ട് നിൽക്കുന്നവരാണ് എന്നതും അവരുടെ ഒരടയാളമാണ്. അല്ലാഹുവിന്റെ കൽപന ഉണ്ടെങ്കിൽ മാത്രമേ അവർ തങ്ങളുടെ കൈകളേയും കാലുകളേയും ചലിപ്പിക്കുകയുള്ളൂ. അവർ അതിനെതിരിൽ ധൈര്യം പ്രകടിപ്പിക്കുകയില്ല. ഭൗതീക ലോകത്തിന്റെ ശാപങ്ങളെ അവർ വക വയ്ക്കുകയില്ല. അല്ലാഹുവിന്റെ പക്കൽ ദുഷ്പേരിനും നിന്ദ്യതക്കും കാരണമാകുന്ന എല്ലാ കാര്യങ്ങളിൽ നിന്നും അവർ വിട്ടുനിൽക്കുകയും പ്രഭാതത്തിലും പ്രദോഷത്തിലും അല്ലാഹുവിനോട് പൊറുക്കൽ തേടികൊണ്ടിരിക്കുകയും ചെയ്യുന്നു. അനാസ്ഥയാകുന്ന അഴുക്ക് തങ്ങളുടെ മേൽ അടിഞ്ഞു കൂടുമ്പോൾ അവർ ദിക്റെ ഇലാഹി (ആകുന്ന വെള്ളം) കൊണ്ട് കഴുകി കളയുന്നു. അവരുടെ വസ്ത്രങ്ങൾ തഖ്‌വയാണ്. അതിനെ അവർ ശുഭ്രമായി തന്നെ നിലനിർത്തുന്നു. ജീർണിച്ച വസ്ത്രങ്ങളെ വെടിയുന്നവരും തഖ്‌വയിൽ അതിശീഘ്രം മുന്നേറുകയും ചെയ്യുന്നവരാണവർ. അന്യരുമായുള്ള സഹവാസത്തിൽ ഭയം അനുഭവിക്കുന്നവരാണവർ. പ്രതാപവാനായ റബ്ബിന്റെ ഉമ്മറപ്പടിയിൽ കുത്തിയിരിക്കുന്നവരും അവിടെ നിന്ന് മാറിപ്പോകാത്തവരുമാണവർ. ഭൗതീക ലോകത്തേയും ലോകരേയും ഉപേക്ഷിക്കുന്നതിനായി അവരെ ധൈര്യപ്പെടുത്തുന്ന കാര്യം, ആ അസ്തിത്വത്തിന്റെ തൃപ്തികാംക്ഷയും അതിനായി എല്ലായിപ്പോഴും ജാഗരൂകരായിരിക്കുക എന്നതുമാണ്.

വ്യർഥവും അനാവശ്യവുമായ കാര്യങ്ങൾ ചെയ്യുന്നില്ല എന്നത് അവരുടെ ഒരടയാളമാണ്. അപഹസിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കുന്നവരും പരിഹസിക്കാത്തവരുമാണവർ. ദു:ഖിതരെ പോലെ ജീവിതം നയിക്കുന്നവരാണവർ. അവരുടെ വായിൽ നിന്ന് പുറപ്പെടുന്ന ഏതെങ്കിലും ഒരു വാക്കോ, അവരുടെ ഏതെങ്കിലും പ്രവൃത്തി

യോ അവരുടെ (സൽ)കർമ്മങ്ങളെ പാഴാക്കി കളയുമോ എന്ന് ഭയപ്പെട്ടു കൊണ്ടിരിക്കുന്നവരുമാണവർ. അവരുടെ സംഭാഷണ ങ്ങൾ ശക്തമായ (അടിത്തറയിൽ)മാത്രം നിലകൊള്ളുന്നവയായി രിക്കും. അവർ വ്യർഥമായി സംസാരിക്കുന്നവരല്ല. അല്ലാഹു അവ ർക്ക് ബലഹീനതക്ക് ശേഷം ശക്തിയും ദാരിദ്ര്യത്തിനു ശേഷം സമ്പന്നതയും നൽകുന്നതായി നീ അവരെ കാണുന്നു എന്നതും അവരുടെ ഒരടയാളമാണ്. ഈ ആളുകൾ നിസ്സഹായരായി ഉപേ ക്ഷിക്കപ്പെടുന്നവരുമല്ല. ജനങ്ങളുടെ കൈകളിൽ നിന്ന് എല്ലാ തര ത്തിലുമുള്ള പ്രയാസങ്ങളും ദുഷ്ചെയ്തികളും അനുഭവിക്കുകയും എല്ലാ ഭാഗത്ത് നിന്നും നൈരാശ്യം ദർശിക്കുകയും ചെയ്യുന്നു എന്ന തും അവരുടെ ഒരടയാളമാണ്. എന്നിട്ട് അല്ലാഹു അവരെ താങ്ങി നിർത്തുകയും അവരെ സംരക്ഷിക്കുകയും ചെയ്യുന്നു. അവരുടെ മേൽ വല്ല ആപത്തും ഇറങ്ങുമ്പോൾ അല്ലാഹുവിന്റെ സന്നിധിയിൽ നിന്ന് അവർക്ക് നൽകപ്പെടുന്ന സഹനം എങ്ങനെയുള്ളതെന്നാൽ മലക്കുകളെ പോലും അത് അത്ഭുതപ്പെടുത്തുന്നു. അങ്ങനെ അനു ഗ്രഹങ്ങൾ വർഷിക്കപ്പെടുകയും ആ (ആപത്തിൽ നിന്ന്) രക്ഷപ്പെ ടുകയും ചെയ്യുന്നു.

അവർ സ്വയം സമ്പാദിച്ച സമ്പത്തിലോ പൈതൃകമായി ലഭിച്ച സമ്പത്തിലോ പിതാക്കളിലോ പുത്രരിലോ ഒന്നും വിശ്വാസമർ പ്പിക്കുന്നവരല്ല. മറിച്ച് തങ്ങളുടെ റബ്ബായ അല്ലാഹുവിൽ ആശ്രയമർ പ്പിക്കുന്നവരാണ് എന്നതും അവരുടെ ഒരടയാളമാണ്. അവർക്ക് നൽകപ്പെട്ട ജ്ഞാനങ്ങളൊഴികെയുള്ള ഒരു വസ്തുവും തന്നെ അവർക്ക് സന്തോഷം നൽകുന്നില്ല. അത് അവർക്ക് എപ്പോഴും തന്നെ ലഭ്യമായികൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ മാർഗങ്ങളിൽ അവർ സന്തോഷപൂർവ്വം പ്രയാസങ്ങൾ സഹിക്കു കയും അതിൽ ഒരുതരത്തിലുള്ള വിഷമവും അനുഭവിക്കുന്നില്ല എന്ന് മാത്രമല്ല അവർക്ക് ഒന്നും തന്നെ നൽകപ്പെട്ടിട്ടില്ലെങ്കിൽ പോലും അവർ അല്ലാഹുവിനെ ശുക്റ് ചെയ്തുകൊണ്ടിരിക്കുന്ന വരുമാണ്. അവർ അല്ലാഹുവിനോടുള്ള പ്രേമത്തിൽ സന്തോഷം കൊള്ളുന്നവരാണ്. അതിന് കാരണം വെള്ള മേഘപാളികളെ പോലെ അടുക്കടുക്കായി അവർക്ക് ജ്ഞാനങ്ങൾ നൽകപ്പെടുന്നു. ജ്ഞാനങ്ങളുടെ ഖജനാവ് തന്നെ അവർക്ക് ലഭ്യമാവുകയും ചെ യ്യുന്നു. അങ്ങനെ അവർ (ജ്ഞാനങ്ങളുടെ) എല്ലാ കവാടത്തിലൂ ടേയും പ്രവേശിക്കുന്നു. മലിനമായിപ്പോകുന്ന കിണറുകളിലെ അൽ

പം വെള്ളത്തെ പോലെയല്ല, ഒഴുകുന്ന നദികളെ പോലെയുള്ള ഹൃദയങ്ങളാണ് അല്ലാഹു അവർക്ക് നൽകുന്നത്. (അല്ലാഹുവിന്റെ) സഹായം അവരിൽ (സമീപസ്ഥർ) നിന്ന് വിഛേദിക്കപ്പെടുകയില്ല. എല്ലായ്പ്പോഴും അത് അവർക്ക് നൽകപ്പെട്ടുകൊണ്ടേയിരിക്കും.

ശത്രുക്കൾ അവരെ നേരിടുന്നതിൽ നിന്ന് പിൻതിരിഞ്ഞോടുകയും ഒളിച്ചുകഴിയുകയും ചെയ്യുമാറുള്ള ഗാംഭീര്യശക്തി അവരുടെ റബ്ബിൽ നിന്ന് നൽകപ്പെടുന്നു എന്നുള്ളതും അവരുടെ ഒരടയാളമാണ്. അവരുമായി കണ്ടുമുട്ടുന്ന അവസരത്തിൽ(ശത്രുക്കൾ) തങ്ങളെ അപരിചിതരെ പോലെ ആക്കുകയും ഓടി അകലുകയും ചെയ്യുന്നു. അങ്ങനെ ഏതെങ്കിലും കുറ്റം ചെയ്തത് കാരണമായി മൂക്ക് മുറിക്കപ്പെട്ട ആൾ ലജ്ജ നിമിത്തം ഒളിച്ചുകഴിയുന്നത് പോലെ ശത്രുക്കൾ ജനങ്ങളെ അഭിമുഖീകരിക്കുന്നതിൽ നിന്ന് ഒഴിഞ്ഞു മാറുന്നു. അല്ലാഹുവിന്റേത് മാത്രമായി തീർന്ന ആളുകൾക്കാണ് ഈയൊരു ഗാംഭീര്യശക്തി അവങ്കലിൽ നിന്ന് നൽകപ്പെടുന്നത്. നിറഞ്ഞ യൗവ്വനത്തിലുള്ള ബലിഷ്ഠ ശരീരത്തോടുകൂടിയുള്ള ഒരു യുവാവ് പരിശ്രമിക്കുന്നത് പോലെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പരിശ്രമിക്കുന്ന ആളുകളാണ് അവർ എന്നത് അവരുടെ ഒരു അടയാളമാണ്. അല്ലാഹുവിന്റെ കൽപനകൾ പ്രാവർത്തികമാക്കുവാനായി സന്നദ്ധരാവുമ്പോൾ ഊർജ്ജസ്വലതയോടേയും പ്രസന്നതയോടേയുമാണ് അവർ അത് നിർവ്വഹിക്കുന്നത്. നീ അവരിൽ ഒരുവിധത്തിലുള്ള ആലസ്യവും ബലഹീനതയും കാണുകയില്ല എന്ന് മാത്രമല്ല, അവരിൽ ഒരു ചാഞ്ചാട്ടവും ഉണ്ടാവുകയില്ല. ഭൂമി അവരുടെ പ്രകാശത്താൽ പ്രകാശപൂരിതമായി തീരുന്നു. ബോധപൂർവ്വം അജ്ഞത നടിക്കുന്ന ആളുകളൊഴികെയുള്ളവർ അവരുടെ സ്ഥാനത്തെ തിരിച്ചറിയാത്തവരായിട്ടുണ്ടാവുകയില്ല. അവരുടെ ശത്രുക്കൾ പോലും അവരെ മനസ്സിലാക്കുന്നു. എന്നാൽ ബോധപൂർവ്വം അവർ നിഷേധിക്കുകയാണ് ചെയ്യുന്നത്.

അല്ലാഹുവിന്റെ ഔദാര്യങ്ങളാകുന്ന നദി ആരുടെ സമീപത്തുകൂടിയാണോ ഒഴുകികൊണ്ടിരിക്കുന്നത് അത്തരം ആളുകളാണ് അവർ എന്നതും അവരുടെ ഒരു അടയാളമാണ്. അതിൽ നിന്ന് അവർ എല്ലായ്പ്പോഴും കൈകുമ്പിളിൽ കോരിക്കോരി പാനം ചെയ്തുകൊണ്ടിരിക്കുകയും ഒരു ബലവാനായ മനുഷ്യനെ പോലെ അതിലേക്ക് ശീഘ്രഗമനത്തോടെ ഓടിയടുക്കുകയും ചെയ്യുന്നു. അവരെ ഒരു ക്ഷീണവും ബാധിക്കുന്നില്ല, അവർക്ക് ബലഹീനത

അനുഭവപ്പെടുകയും ചെയ്യുന്നില്ല. അവരിൽ എപ്പോഴെങ്കിലും (ആത്മീയ) നിശ്ചലാവസ്ഥ (ഖബ്ള്) സംജാതമാകുമ്പോൾ ശക്തമായ പെണ്ണൊട്ടകത്തിന്റെ പ്രസവവേദനയെ പോലെയല്ല, അതിലും എത്രയോ കഠിനമായ പ്രയാസം അവർ അനുഭവിക്കുന്നു. ജ്ഞാനങ്ങൾ കൊണ്ട് ഒഴുകാൻ വെമ്പി നിൽക്കുന്ന മഞ്ഞു മൂടിയ ഭൂമി പോലെ അവരുടെ ഹൃദയങ്ങളെ നീ കാണുന്നതാണ്. ഏതെങ്കിലും ദുർനടപ്പുക്കാരനായ വ്യക്തിയുടെ സമീപത്തുകൂടി കടന്നുപോകുമ്പോൾ അവർ ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് കടന്നു പോവുകയും അവരിലുള്ള തഖ്‌വ കാരണത്താൽ അവരുടെ കണ്ണുകൾ ആരേയും തന്നെ അവജ്ഞരായി നോക്കി കാണുകയും ചെയ്യുകയില്ല, അവർ അഹങ്കരിക്കുകയുമില്ല എന്നതും അവരുടെ ഒരടയാളമാണ്. അവർ ഒരു പരദേശിയെ പോലെ ജീവിതം നയിക്കുന്നവരും ഉള്ളതിൽ തൃപ്തിയടയുന്നവരും പ്രയാസങ്ങളിലും കാഠിന്യങ്ങളിലും സന്തോഷത്തോടെ കഴിയുന്നവരുമാണ്. ഇങ്ങിനെയുള്ള ആളുകളായ ഇവർ തന്നേയാണ് തങ്ങളുടെ റബ്ബിനു മുൻഗണന നൽകിയവർ. ഇവർ മദ്ധ്യാവസ്ഥയിൽ നിലകൊള്ളുന്നവരുമാണ്.

അവരുടെ ജീവിതം ദുരിതപൂർണമായിരിക്കുകയില്ല എന്ന് മാത്രമല്ല അവരെ നിത്യവൃത്തിക്കായുള്ള കഷ്ടപ്പാടുകളിൽ അകപ്പെടുത്തുകയില്ല എന്നതും അവ ഊഹിക്കാത്ത ഇടങ്ങളിൽ നിന്നും അവർക്ക് നൽകപ്പെടുന്നു എന്നതും അവരുടെ ഒരു അടയാളമാണ്. അല്ലാഹു അവർക്ക് ജ്ഞാനങ്ങൾ നൽകുന്നു, അതിൽ അവർ സന്തോഷിക്കുകയും ചെയ്യുന്നു. അവർ കുറഞ്ഞ മൂലധന(ജ്ഞാനങ്ങൾ) ത്തിലും കുറഞ്ഞ കർമ്മങ്ങളിലും തൃപ്തിയടയുന്നവരല്ല എന്നതും അവരുടെ ഒരടയാളമാണ്.. അവർ യാത്ര ചെയ്യുമ്പോൾ മുന്തിയ തരത്തിലാണ് യാത്ര ചെയ്യുന്നത്. അവർ ജോലി ചെയ്യുമ്പോൾ പൂർണ രൂപത്തിൽ ചെയ്യുന്നവരും അലങ്കോലവും അപൂർണ്ണവുമായ ജോലിയിൽ നിന്ന് അകന്നു നിൽക്കുന്നവരുമാണ്. അവർ മറകളെ നീക്കുന്നതിന്നായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നവരും ആരോടെങ്കിലും ശത്രുതയോ സ്നേഹമോ പ്രകടിപ്പിക്കുകയാണെങ്കിൽ അത് പൂർണ സൗമ്യതയോടെ ചെയ്യുന്നവരും അതിൽ കാപട്യം കാണിക്കാത്തവരുമാണ്. അവരുടെ ഹൃദയങ്ങൾ ഏറ്റവും കൂടുതൽ അനുഗ്രഹ മേഘങ്ങൾ വർഷിക്കപ്പെട്ട ഭൂമി പോലെയാണെന്നതും അവർക്ക് അത്യധികമായി ബുദ്ധികൂർമ്മത ലഭ്യമായിരിക്കുന്നു എന്നതും അവരുടെ ഒരു അടയാളമാണ്. അവർ എല്ലാവിധ മാർഗഭ്രംശങ്ങളിൽ

നിന്നും കുഴപ്പങ്ങളിൽ നിന്നും രക്ഷപ്പെടുന്നവരാണ്. വ്യർഥമായ കാര്യങ്ങളിൽ അവർ ചെന്ന്പെടുകയില്ല. അന്ധകാരങ്ങളിൽ നിന്ന് അകറ്റിനിർത്തപ്പെടുന്നവരും (ദൈവീക പ്രകാശത്താൽ) പ്രാകാശ പൂരിതരാക്കപ്പെടുന്നവരുമാണവർ.

അവരുടെ കഴുത്തുകൾ എല്ലാ വിശ്വാസ്യതയുടേയും ഭാരം വഹിക്കുന്ന ആളെക്കാൾ കൂടുതലായി അല്ലാഹുവിനോടുള്ള വിശ്വാസ്യതയുടെ ഘനമേറിയ ഭാരം വഹിച്ച നിലയിലും ആ ഭാരത്താൽ അവരുടെ കഴുത്തുകൾ വളഞ്ഞു പോകുന്നില്ലെന്ന് മാത്രമല്ല, ആ (വിശ്വാസ്യതയുടെ ഭാരം) അവരെ നീളമേറിയ കഴുത്തുള്ള സ്ത്രീയെ പോലെ മനോഹരമാക്കുകയും അതിൽ നിന്ന് സ്ഥിരചിത്തതയാകുന്ന സൗന്ദര്യം പ്രഭവിച്ചുകൊണ്ടിരിക്കുന്നു എന്നതും അവരുടെ ഒരു അടയാളമാണ്. അത് ഒരു അത്ഭുത ദൃഷ്ടാന്തമായി കാണപ്പെടുകയും അല്ലാഹുവിന്റെ സന്നിധിയിലും ജനങ്ങളുടെ ഇടയിലും ആദരവ് നൽകപ്പെടുകയും ചെയ്യുന്നു. എല്ലാതരം നിരോധിക്കപ്പെട്ട കാര്യങ്ങളിൽ നിന്നും അകന്ന് നിൽക്കുന്നത് കാരണമായി അവർക്ക് (നന്മ ചെയ്യാനുള്ള) തൗഫീഖ് ലഭ്യമാക്കപ്പെടുകയും ദുർമന്ത്രങ്ങളെ അകറ്റാനുള്ള തടസ്സങ്ങൾ അവർക്ക് നൽകപ്പെടുകയും ചെയ്യുന്നു എന്നതും അവരുടെ ഒരു അടയാളമാണ്. അവർ തികച്ചും ഒറ്റപ്പെട്ടവരും അല്ലാഹുവിനായി എല്ലാം തന്നെ വിച്ഛേദിച്ചവരും തങ്ങളെ ഭൗതീക ലോകത്തിൽ നിന്ന് മാറ്റി നിർത്തിയവരുമായത് കൊണ്ട് അവർക്കായി അടിക്കടി സഹായങ്ങൾ വന്നുകൊണ്ടിരിക്കുന്നു. അവർ ഏകരായി കൊണ്ട് അല്ലാഹുവിന്റെ ഭാഗത്തേക്ക് ഓടിച്ചെല്ലുന്നതിനാൽ അവരെ പോലെയുള്ള ഏകാന്തവാസികളെ നീ കാണുകയില്ല. അവരുടെ (ആത്മാക്കളാകുന്ന) മുന്തിയ ഇനത്തിൽപ്പെട്ട ഒട്ടകങ്ങൾ തങ്ങളുടെ പ്രിയതമനിലേക്ക് മന്ദം മന്ദം ഗമനം ചെയ്തുകൊണ്ടിരിക്കുകയും അവർ (ഇലാഹി) സംഗമത്തിന്ന് എല്ലാ വസ്തുക്കളുടെ മേലും മുൻഗണന നൽകിയവരുമാണ്. അവർ വിരഹദു:ഖത്തെ കുറിച്ചുള്ള ആശങ്കയിൽ ഉരുകികൊണ്ടിരിക്കുന്നവരുമാണ്. യുക്തിജ്ഞാനങ്ങൾ അവരുടെ നാവുകളുടെ അടിവേരുകളിൽ നിന്ന് പൊട്ടിപ്പുറപ്പെടുകയും ബുദ്ധി കൂർമ്മത അവരുടെ നെറ്റിത്തടങ്ങളിൽ നിന്ന് പ്രകാശിച്ചു കൊണ്ടിരിക്കുകയും വെള്ളം നിറഞ്ഞ കിണറിനെ പോലെ ഔദാര്യം ചൊരിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നവരുമാണ് അവർ.

അല്ലാഹുവിനു വേണ്ടി ആപൽഘട്ടങ്ങളിലേക്ക് നുഴഞ്ഞുകയറി

ചെല്ലുന്നവരും അതിൽ സങ്കോചിക്കാത്തവരും ആണ് എന്നതും അവരുടെ ഒരു അടയാളമാണ്. ഈ കാര്യത്തിൽ അവർക്ക് പകരക്കാരില്ല തന്നെ. അതിൽ അവർ തികച്ചും ഏകരാണ്. മറഞ്ഞിരിക്കുന്ന ജനങ്ങളിൽ ഒരാളും തന്നെ അവർക്ക് സദൃശ്യരായിട്ടില്ല, അതിനോടവർക്ക് അത്യാഗ്രഹമാണെങ്കിൽ പോലും. അവരുടെ ഭക്ഷണ ശേഷിപ്പ് ഇല്ലായിരുന്നുവെങ്കിൽ ജനങ്ങൾ നശിച്ചുപ്പോവുകയും അവരുടെ അഭിനിവേശം ഇല്ലായിരുന്നുവെങ്കിൽ ജനങ്ങളുടെ ഹൃദയങ്ങളിൽ നിന്ന് അല്ലാഹുവിനോടുള്ള സ്നേഹം തണുത്തുറഞ്ഞു പോവുകയും അവർ ദുർമന്ത്രണം ചെയ്യുന്നവരിലേക്ക് ഓടിപ്പോവുകയും ചെയ്യുമായിരുന്നു. അങ്ങിനെ നിശ്ചയമായും അല്ലാഹു ജ്ഞാനികളുടെ സന്താനപരമ്പരയെ വിച്ഛേദിച്ചു കളയുകയും സത്യവിശ്വാസത്തെ അതിന്റെ മുരടിൽ വെച്ചു തന്നെ തകർത്തുകളയുകയും ചെയ്യുമായിരുന്നു. ആകയാൽ ഈ (അല്ലാഹുവിന്റെ സമീപസ്ഥർ) നിയോഗിക്കപ്പെട്ടിരിക്കുന്നു എന്നത് അല്ലാഹു തന്റെ സൃഷ്ടികളുടെ മേൽ ചെയ്ത മഹത്തായ ഒരു ഔദാര്യമാണ്. തീർച്ചയായും എല്ലാ ജനങ്ങളും കല്ല് നിറഞ്ഞ ഭൂമി പോലെയാണ്. ഇവരാണ് അവരെ സംസ്ക്കരിച്ചെടുക്കുന്നത്. ആരാണോ അവരെ നഷ്ടപ്പെടുത്തി കളയുന്നത് അവർ അനാഥരെ പോലെയാണ്. ശുദ്ധപ്രകൃതത്തെ നഷ്ടപ്പെടുത്തി കളഞ്ഞവർ മാതാവില്ലാത്ത കുഞ്ഞിനെ പോലെയാണ്. ഇത് രണ്ടിനേയും നഷ്ടപ്പെടുത്തി കളഞ്ഞ ആൾ മാതാവും പിതാവും (രണ്ടുപേരും) മരിച്ചുപോയ ആളെ പോലെയാണ്. അവർ നിർഭാഗ്യരിൽപെട്ടവരുമാണ്. ആകയാൽ എല്ലാ സൗഭാഗ്യങ്ങളും നൽകപെടുന്നവർക്കും എന്നിട്ട് അവയെല്ലാം സമാഹരിച്ചു കൂട്ടുന്നവർക്കും എല്ലാവിധ അനുഗ്രഹങ്ങളും ഉണ്ടായിരിക്കട്ടെ.

അട്ടകളെ പോലെയുള്ള അത്യാർത്തിയിൽ നിന്ന് വിട്ടു നിൽക്കുന്നവരാണ് അവർ എന്നതും അവരുടെ ഒരു അടയാളമാണ്. കാരണം അവർ തങ്ങളുടെ റബ്ബിന്റെ ഭാഗത്ത് നിന്നുള്ള ആത്മാവിൽ നിന്ന് പങ്ക് ലഭിക്കുന്നവരും അത് മുഖേന ഹൃദയവിശാലത കരസ്ഥമാക്കുന്നവരുമാണവർ. ഉന്നതസ്ഥാനങ്ങളിലേക്ക് ഉയർച്ച നൽകപ്പെടുന്നവരാണവർ. ആകയാൽ അവർ താഴ്ചകളിലേക്ക് വീഴുന്നവരല്ല. തഴ്ചയിൽ നിന്ന് രക്ഷപ്പെടുന്നവരും സംരക്ഷിക്കപ്പെടുന്നവരുമാണവർ. ജനങ്ങളുടെ അവസ്ഥ അനാഥരെ പോലെയായി തീരുകയും ആരും തന്നെ അവരുടെ സാഹചര്യ സംസ്ക്കരണത്തിന്നു വേണ്ടി

യും അവരോട് സഹാനുഭൂതി പ്രകടിപ്പിക്കുന്നതിനുമായിട്ട് ഇല്ലാതിരിക്കുകയും ജനങ്ങൾ അവിശ്വാസത്തിലും ദുഷ്കർമ്മങ്ങളിലും മരിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോഴാണ് അവർ നിയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് എന്നതും അവരുടെ ഒരടയാളമാണ്. നികൃഷ്ടരായ പണ്ഡിതന്മാർ ഈ ജനങ്ങളുടെ നാശത്തെ കുറിച്ച് വിവരമില്ലാത്തവരും അതിന് ഒരു പരിഗണനയും നൽകാത്തവരുമാണ്. ഇതെല്ലാം തന്നെ അവരുടെ സാന്നിദ്ധ്യത്തിലാണ് പ്രകടമാകുന്നത്. അതുമുഖേന തന്നേയാണ് അവർ തിരിച്ചറിയപ്പെടുന്നത്. ജനങ്ങൾ അന്ധകാരത്തിൽ അകപ്പെട്ടിരിക്കുകയാണന്നും കളവ് പറയുന്നുണ്ടെന്നും ശിർക്ക് ചെയ്യുന്നുണ്ടെന്നും പാപങ്ങളിലും ദുഷ്കർമ്മങ്ങളിലും ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യഭിചരിക്കുന്നുണ്ടെന്നും ഇസ്ലാം ദീനിൽ നിന്ന് പുറത്ത് പോയികൊണ്ടിരിക്കുകയാണെന്നും അതിൽ നിന്ന് പിൻതിരിയുന്നില്ലെന്നും നിങ്ങൾ കാണുകയാണെങ്കിൽ പ്രവാചകന്റെ നിയോഗത്തിനുള്ള സമയമായെന്നും സന്മാർഗ്ഗത്തെ മറന്നു കളഞ്ഞവർക്ക് ഉപദേശം നൽകപ്പെടേണ്ട സമയം വന്നിരിക്കുന്നെന്നും നിങ്ങൾ മനസ്സിലാക്കി കൊള്ളുക.

ആകയാൽ (അല്ലാഹുവിന്റെ വാക്കുകളെ) അതീവശ്രദ്ധയോടുകൂടി കേൾക്കുന്നവരായ ആളുകൾ അനുഗ്രഹീതർ. ജനങ്ങൾ തങ്ങളുടെതായ മാർഗങ്ങൾ വ്യതിരിക്തമാക്കുമ്പോൾ അവർ നിയോഗിക്കപ്പെടുന്നു എന്നതും അവരുടെ ഒരു അടയാളമാണ്. അവരോട് ശത്രുതയും വിദ്വേഷവും വെച്ചു പുലർത്തുന്നവരോട് അല്ലാഹു ശത്രുവായി തീരുകയും അവരുടെ ശത്രുക്കൾ തള്ളപ്പെടുകയും ദൈവീകദർബാറിൽ നിന്ന് പുറത്താക്കപ്പെടുകയും വിച്ഛേദിക്കപ്പെടുകയും, പിന്മാറുന്നില്ലെങ്കിൽ അവർ തികച്ചും നാമാവശേഷമാക്കപ്പെടുകയും ചെയ്യുന്നു. അല്ലാഹു തന്റെ ഔലിയാക്കളുടെ ഹൃദയങ്ങളിൽ ഒരു ആകർഷണം നിക്ഷിപ്തമാക്കുന്നു. അതു മുഖേന അവർ ജനങ്ങളെ തങ്ങളിലെ അസ്തിത്വത്തിലേക്ക് ഉൾക്കൊള്ളിക്കുകയും തങ്ങളുടെ ഭാഗത്തേക്ക് വലിച്ചടുപ്പിക്കുകയും ചെയ്യുന്നു. ജനങ്ങൾ അവരെ പിൻതുടരുന്നില്ലെങ്കിൽ കല്ലുകളും മൺക്കട്ടകളും അവരെ പിൻതുടരുകയും അവരെ മനുഷ്യരാക്കുകയും ചെയ്യുന്നു. അങ്ങിനെ അവ സത്യത്തിനു വേണ്ടി സാക്ഷ്യം വഹിക്കുകയും ചെയ്യുന്നതാണ്.

ഒരു കുന്തത്തിനും ഊരിപിടിച്ച വാളിനും കുറിക്ക് കൊള്ളുന്ന അമ്പിനും തടസ്സം സൃഷ്ടിക്കാൻ സാധിക്കാത്തത്ര സുദൃഢമായ

ദൈവീക ബന്ധങ്ങൾ ഉള്ള ആളുകളാണ് അവർ എന്നതും അവരുടെ ഒരു അടയാളമാണ്. ആജ്ഞാനുവർത്തികളായിരിക്കുന്ന അവസ്ഥയിലാണ് ഈ സമീപസ്ഥരുടെ മേൽ മരണം വരുന്നത്. അവരെ കളങ്കപ്പെടുത്തുന്ന എല്ലാ ഓരോ വസ്തുവിൽ നിന്നും തങ്ങളുടെ ആത്മാവിന്റെ മഹത്വം നിമിത്തം അവർ രക്ഷപ്പെടുന്നു എന്നത് അവരുടെ ഒരു അടയാളമാണ്. അതേപോലെ അവർക്ക് സൗന്ദര്യം നൽകുന്ന എല്ലാ ഓരോ വസ്തുവിനേയും അവർ ആദരിക്കുകയും കളങ്കപ്പെടുത്തുന്ന എല്ലാ പ്രവൃത്തികളിൽ നിന്നും അകന്നു നിൽക്കുകയും ചെയ്യുന്നു. അടയാളങ്ങൾ മുഖേന അവർക്ക് പിന്തുണ നൽകപ്പെടുകയും ആകാശവും ഭൂമിയും അവരുടെ സാക്ഷ്യങ്ങൾക്കായി സന്നദ്ധരായിരിക്കുകയും അവരുടെ മരണത്തിൽ കരയുകയും ഈ രൂപത്തിൽ അവർ ബഹുമാനിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നു. അല്ലാഹു അവരുടെ വീടുകളിലും വസ്ത്രങ്ങളിലും തലപ്പാവുകളിലും കുപ്പായങ്ങളിലും വിരിപ്പുകളിലും ചുണ്ടുകളിലും കൈകളിലും മുതുകുകളിലും ഇതേപ്രകാരം അവരുടെ എല്ലാ ശരീരഭാഗങ്ങളിലും അവരുടെ ബാക്കിയായ ഭക്ഷണങ്ങളിലും അവർ കുടിച്ചതിനു ശേഷമുള്ള വെള്ളത്തിലും ബർക്കത്ത് നിക്ഷിപ്തമാക്കുന്നു എന്നതും അവരുടെ ഒരു അടയാളമാണ്. അവരുടെ ബലഹീനാവസ്ഥയിലും അവർ വീണുപോകുന്ന ഘട്ടങ്ങളിലും അവൻ അവരോടൊപ്പമുണ്ടാവുകയും അവരുടെ പ്രാർത്ഥനകൾ സ്വീകരിക്കുകയും ചെയ്യുന്നു. അവരുടെ ആവനാഴിയിൽ നിന്ന് തൊടുക്കപ്പെടുന്ന ഒരമ്പും ഒരിക്കലും പാഴാവുകയില്ല. ദാരിദ്ര്യം അവരെ സ്പർശിക്കുകയില്ല. ദൈവം സ്വയം തന്റെ കരങ്ങളാൽ അവരുടെ സഞ്ചിയിൽ ധനം നിക്ഷേപിക്കുകയും വാർദ്ധക്യത്തിൽ അവരുടെ നിറയൗവ്വനത്തിലെ ആദരവിനെ വർദ്ധിപ്പിച്ചു കൊണ്ട് അവർക്ക് അന്തസ്സ് നൽകുകയും ചെയ്യുന്നു. അനിതരസാധാരണമായ ഒരു ആകർഷണീയത അവരിൽ ഉത്ഭൂതമാക്കുകയും അത് ഒരുപാട് സൃഷ്ടികളെ അവരുടെ സന്നിധിയിൽ കൊണ്ടുവരികയും ചെയ്യുന്നു. അവരോട് വല്ല ചോദ്യവും ഉന്നയിക്കപ്പെട്ടാൽ അതിനു മറുപടി നൽകാനായി അവൻ തയ്യാറാവുകയും അവരെ സഹായിക്കുകയും ചെയ്യുന്നു. അങ്ങനെ അവർ അവന്റെ സ്നേഹം മുഖേന തിരിച്ചറിയപ്പെടുകയും അത് കാരണമായി (ജനങ്ങളുടെ) നെഞ്ചകങ്ങൾ അവരുടെ സ്നേഹം കരസ്ഥമാക്കാനായി തുറക്കപ്പെടുകയും ചെയ്യുമാറാകണം. അവരുടെ കോപം അല്ലാഹുവിന്റെ കോപത്തെ ആളിക്കത്തിക്കുകയും അവരുടെ അസ്വസ്ഥത അവന്റെ റഹ്മത്തിനെ

ആവേശഭരിതമാക്കുകയും ചെയ്യുന്നു. ആകയാൽ അവനിലേക്കുള്ള തബത്തുൽ(പരിപൂർണ്ണമായ ആത്മ സമർപ്പണം) കൈകൊണ്ട അവന്റെ ഈ അടിയാറുകൾക്ക് ഔന്നത്യം നൽകിയ അവൻ പരിശുദ്ധനാണ്.

അവർ തങ്ങളുടെ റബ്ബിനെ ഒരിക്കലും അവസാനിക്കാത്ത ഖജ നാവായും ഒരിക്കലും അവസാനിച്ചു പോകാത്ത ഉറവിടമായും മന സ്സിലാക്കുന്നു എന്നത് അവരുടെ ഒരു അടയാളമാണ്. അവൻ ഒരി ക്കലും ഉറങ്ങാതെ സംരക്ഷിക്കുന്നവനും കർത്തവ്യ നിർവ്വഹണ ത്തിൽ നിന്ന് പിന്മാറാത്ത മേൽനോട്ടക്കാരനും തനിച്ചായി ഉപേ ക്ഷിക്കാത്ത രാജാവുമാണ്. ഒരിക്കലും നഷ്ടപ്പെടാത്ത പ്രിയതമനും അനാദരവ് കാണിക്കാത്ത സേവകനും ഒരുവിധ താഴ്ച്ചയുമില്ലാതെ ഔന്നത്യത്തിൽ വിരാജിക്കുന്നവനുമാണ്. ഒരിക്കലും ജലം കുറ ഞ്ഞു പോകാത്ത സമുദ്രവും ഒരു ഞെരുക്കവുമില്ലാത്ത ജീവിതമു ള്ളവനും ഒരുവിധ ബലഹീനതയുമില്ലാത്ത ശക്തനും പ്രവാചക ന്മാരെ അയക്കുകയും പ്രാതിനിധ്യത്തിന്റെ മഹത്വം പ്രധാനം ചെയ്യു ന്നവനുമായ ഭരണകർത്താവുമാണ്. ഈ മുഴുവൻ സൃഷ്ടികളും അവന്റെ വചനങ്ങളാലാണ് സൃഷ്ടിക്കപ്പെട്ടതെന്നും അവനിലേക്ക് അവ മടക്കപ്പെടുമെന്നും ഉറച്ചു വിശ്വസിക്കുന്നവരാണവർ. അവർ നിരവധി തവണ പരീക്ഷിക്കപ്പെടുന്നു എന്നതും അതിനു ശേഷം അവരുടെ റബ്ബ് അവരെ രക്ഷിക്കുകയും സഹായിക്കുകയും ചെയ്യു ന്നു എന്നതും അവരുടെ ഒരു അടയാളമാണ്. അവരുടെ മേൽ അല്ലാ ഹുവിന്റെ അനുഗ്രഹങ്ങൾ വെളിപ്പെടുകയും അത് വിവരമില്ലാത്ത വർ ഗ്രഹിക്കുകയും ചെയ്യണമെന്നുള്ള ഉദ്ദേശത്തോടു കൂടിയും മാത്രമാണ് അവർക്കുള്ള ഈ പരീക്ഷണങ്ങളെല്ലാം. പരിശുദ്ധമായ പാനീയം ആസ്വദിച്ചാസ്വദിച്ച് കുടിക്കുകയും അവരുടെ ഹൃദയങ്ങൾ പ്രകാശത്താൽ നിറഞ്ഞു തുളുമ്പുകയും ചെയ്യുന്നു എന്നതും അവ രുടെ ഒരു അടയാളമാണ്. അവരുടെ മുഖങ്ങളിൽ അല്ലാഹുവിന്റെ ആദരവിന്റേയും പ്രസന്നതയുടേയും അടയാളങ്ങൾ ദർശിക്കുകയും അല്ലാഹുവിന്റെ കരങ്ങളാൽ എല്ലാ തരത്തിലുമുള്ള സന്തോഷവും അവർക്ക് നൽകപ്പെടുന്നതുമാണ്.

ധൈര്യശാലികൾക്ക് മാത്രം കടന്നുചെല്ലാൻ പറ്റുന്ന ഭയാനക വിജനപ്രദേശങ്ങളിലേക്ക് കടന്നു കയറാവുന്ന വിധത്തിലുള്ള അ സാധാരണ ദൃഢഹൃദയമുള്ളവരാണ് അവർ എന്നത് അവരുടെ ഒരു അടയാളമാണ്. തങ്ങളുടെ ജീവനെ സർവ്വശക്തനായ അല്ലാഹു

വിന്റെ തൃപ്തി കരസ്ഥമാക്കുവാനായി ബലികഴിക്കുന്നവരാണവർ. തങ്ങൾ ചെയ്തുപോയതിൽ നിരാശ പ്രകടിപ്പിക്കുന്നവരായി അവരെ നീ കാണുകയില്ല. എന്നാൽ തങ്ങളുടെ സമ്പത്ത് ആകാശത്ത് സ്വരൂപിക്കുകയാണ് എന്ന് ഉറച്ചു വിശ്വസിക്കുന്നവരാണവർ. അവിടെയാണെങ്കിൽ ഒരു കള്ളനും തന്നെ മോഷ്ടിക്കുവാൻ സാധിക്കുകയുമില്ല, അത് അവരിൽ നിന്ന് ആർക്കും തന്നെ പിടിച്ചെടുക്കാനും സാധിക്കുകയില്ല. പൊറുത്തുതരുന്നവനായ ദൈവത്തിന്റെ കൈകളാൽ പിഴിഞ്ഞെടുക്കപ്പെട്ട തേൻ പോലെയുള്ള ആളുകളാണ് അവർ എന്നതും അവരുടെ ഒരു അടയാളമാണ്. അവർ മറ്റുള്ളവരുടെ മദ്ധ്യസ്ഥതയില്ലാതെ തന്നെ തങ്ങളുടെ റബ്ബിൽ നിന്ന് മാത്രം വിദ്യ കരസ്ഥമാക്കുന്നവരാണ്. അവർ ആഗ്രഹിക്കുന്നത് അവർക്ക് നൽകപ്പെടുന്നു. അല്ലെങ്കിൽ ഇടയൻ തന്റെ തോട്ടികൊണ്ട് താഴ്ത്തുന്ന ചില്ലകൾ നിറഞ്ഞ വൃക്ഷം പോലെയാണവർ. ഇടയന്റെ പരിശ്രമമില്ലാതെ തന്നെ സ്വയം ഇലകൾ പൊഴിഞ്ഞു വീഴുന്ന വൃക്ഷത്തെ പോലെയല്ല. അവരുടെ ദൃഷ്ടികൾ തങ്ങളുടെ റബ്ബിൽ തന്നെയാണ് എപ്പോഴും നിലകൊള്ളുന്നത്. അവർ മറകളിൽ നിർത്തപ്പെടുന്നവരുമല്ല.

അവർ അല്ലാഹുവിനെ കരസ്ഥമാക്കുന്നതിനുവേണ്ടി കടിഞ്ഞാണില്ലാതെ (ഒരു തടസ്സവുമില്ലാതെ) പരിപൂർണ്ണമായും പരിശ്രമിക്കുന്നവരാണ് എന്നത് അവരുടെ ഒരു അടയാളമാണ്. അവരുടെ ഹൃദയങ്ങളിൽ (അല്ലാഹുവിന്റെ പ്രേമമാകുന്ന) അഗ്നി ആളിക്കത്തി നിൽക്കുകയും അവർ അതിന്റെ കനലുകളെ കത്തിജ്വലിപ്പിച്ചു നിർത്തുകയും ചെയ്യുന്നു. ഈ (പ്രേമമാകുന്ന അഗ്നി)യുടെ പ്രയാസങ്ങളിൽ അകപ്പെട്ടുകൊണ്ട് വലിയ മഹത്തായ കാര്യങ്ങൾ അവർ നിർവ്വഹിക്കുകയും ആ അഗ്നിയുടെ കരുത്തിൽ അത്ഭുതകരമായ പ്രവൃത്തികൾ നിർവ്വഹിക്കുകയും ചെയ്യുന്നു. അവ സൃഷ്ടികളെ അത്ഭുതപരതന്ത്രരാക്കുന്നവയും അവരുടെ ബുദ്ധിയേയും വിവേകത്തേയും അത്ഭുതപ്പെടുത്തുന്നവയുമാണ്. നീ അവരുടെ പ്രവൃത്തികളിൽ ഉന്മേഷം മാത്രമേ കാണുകയുള്ളൂ. അലസതയും അലംഭാവവുമല്ല. അല്ലയോ കേൾക്കുന്നവനേ! നീ അത്ഭുതപ്പെടുകയാണെങ്കിൽ (അതിന്റെ അർത്ഥം) നീ ഉൾകാഴ്ചയുള്ളവരിൽപ്പെട്ടവനല്ല എന്നാണ്. അവർക്ക് ശിക്ഷ നൽകപ്പെടുകയില്ല എന്നതും അവർക്കായി ദു:ഖങ്ങളും പ്രയാസങ്ങളും അനുഗ്രഹങ്ങളെ പോലെ ആക്കിത്തീർക്കപ്പെടുകയും ചെയ്യുന്നു എന്നതും അവരുടെ ഒരു

അടയാളമാണ്. അവർക്ക്‌വേണ്ടി റഹ്മത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും അവരുടെ ഊഹങ്ങളിൽ പോലുമില്ലാത്ത ഇടങ്ങളിലൂടെ അവർക്ക് രിസ്ഖ് നൽകപ്പെടുകയും ചെയ്യുന്നു. ഇത് എന്ത് കൊണ്ടാണെന്നു വച്ചാൽ അവർക്ക് ജലീലും ജബ്ബാറുമായ റബ്ബിന്റെ അന്തഃപ്പുരത്തിൽ സാമീപ്യവും സ്ഥാനവും നൽകപ്പെട്ടിരിക്കുന്നു. ആകയാൽ (ദൈവത്തിന്റെ) അന്തഃപ്പുരവുമായി ബന്ധപ്പെട്ടവർ എങ്ങനെയാണ് അഗ്നിയിൽ എറിയപ്പെടുന്നത്? എങ്ങനെയാണ് അവർക്ക് ശിക്ഷ നൽകപ്പെടുന്നത്? അവരുടെ സന്താനങ്ങൾ മാത്രമല്ല, അവരുടെ സന്താനങ്ങളുടെ സന്താനങ്ങൾക്ക് പോലും ശിക്ഷ നൽകപ്പെടുകയില്ല. അവരിൽ ഓരോരുത്തരിലും കരുണ ചെയ്യപ്പെടുകയും അങ്ങനെ അല്ലാഹു അവരുടെ സന്താന പരമ്പരയിൽ അനുഗ്രഹം ചൊരിയുകയും ചെയ്യുന്നു. ആകയാൽ അവർ അനുഗ്രഹങ്ങളിൽ ഓരോ ദിവസവും തന്നെ മുന്നേറി കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്ത് കൊണ്ടാണ് അല്ലാഹു അവർക്കായി ഈ എല്ലാവിധ പ്രത്യേക പരിഗണനകളും നിർബന്ധമാക്കി കൊണ്ടിരിക്കുന്നതെന്നും അവരുടെ പുത്രന്മാർക്കും അവരുടെ പുത്രന്മാരുടെ പുത്രന്മാരിലും ആധിക്യം നൽകണമെന്നും അവർക്ക് ആശ്വാസം നൽകണമെന്നും എല്ലാവിധ പ്രയാസങ്ങളും അവരിൽ നിന്ന് അകറ്റണമെന്നും ആഗ്രഹിക്കുന്നതിനുള്ള കാരണം നാം പറഞ്ഞു തരാം. അതിനുള്ള കാരണം അവർ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി തങ്ങളെ തന്നെ ബലിയർപ്പിക്കുന്നവരും ജീവൻ അവന്റെ മാർഗ്ഗത്തിൽ അർപ്പിക്കണമെന്ന് ആഗ്രഹിക്കുന്നവരും ഭൗതീക ജീവിതത്തെ ആഗ്രഹിക്കുന്നവരുമല്ല എന്നതാണ്. ആകയാൽ എന്തൊന്നാണോ അവർ സമർപ്പിച്ചത് അതിനെ തന്റെ ഭാഗത്ത് നിന്ന് വർദ്ധിപ്പിച്ച് തിരിച്ചുകൊടുക്കുക എന്നുള്ളതും അവർ വിച്ഛേദിച്ചുകൊണ്ടിരുന്ന ബന്ധത്തെ യോജിപ്പിക്കുക എന്നുള്ളതുമാണ് അല്ലാഹുവിന്റെ കാരുണ്യം ആഗ്രഹിക്കുന്നത്. അതേപ്രകാരം നന്മ പ്രവർത്തിക്കുന്നവർക്കുള്ള പ്രതിഫലം ഒരിക്കലും നഷ്ടപ്പെടുത്തുകയില്ലെന്നതും അവനുവേണ്ടി എളിമ കൈകൊള്ളുന്നവരെ അവൻ നിന്ദ്യത കൊണ്ട് പ്രഹരിക്കുകയില്ലെന്നതും മാത്രമല്ല, അവർക്ക് ആദരവ് നൽകപ്പെടുകയും ചെയ്യുന്നു എന്നതുമാണ് തന്റെ അടിയാറുകൾക്കായുള്ള അവന്റെ നടപടിക്രമം. തന്റെ റബ്ബുമായി ആത്മാർത്ഥയോടുകൂടി പെരുമാറുന്ന (ഒരാൾ) വാഗ്ദത്തം പൂർത്തിയാക്കുകയും തന്റെ അവസ്ഥ ഗോപ്യവും രഹസ്യവുമായി വയ്ക്കുകയും ചെയ്താൽ പിന്നെ അല്ലാഹുവും അങ്ങനെയുള്ള ആളെ അജ്ഞാത

കോണുകളിൽ വിട്ടേച്ചുകളയുന്നില്ല. മറിച്ച് അവനു ആദരവും ബഹുമാനവും നൽകികൊണ്ട് പൊതുജനങ്ങളിലും തന്റെ സഹോദരന്മാരിലും അവനെ ആദരണീയനാക്കുന്നതിന്നു വേണ്ടി അവന്റെ (അല്ലാഹുവിന്റെ) ദയയും കാരുണ്യവും ആവേസം കൊള്ളുന്നതാണ്. വിശന്നവനായ ഒരാൾ ഭക്ഷണത്തെ കുറിച്ച് അത്യധികം പ്രസിദ്ധി നൽകുന്നതുപോലെ തന്നെ അവനും (അല്ലാഹു) അങ്ങനെയുള്ള ആളെ കുറിച്ചുള്ള പരാമർശത്തെ ദൂരെ ദൂരെയുള്ള രാജ്യങ്ങളിൽ ഔന്നത്യം നൽകാൻ ആഗ്രഹിക്കുന്നു. അല്ലാഹുവിന്റെ സമീപസ്ഥനായ ദാസൻ മസൂർ പരിപ്പ് കൊണ്ട് (മാത്രം) തൃപ്തിപ്പെട്ട് കഴിഞ്ഞുകൂടുകയും ആഡംബരങ്ങളേയും സുഖലോലുപതയേയും വെറുക്കുകയും ചെയ്യുന്നു. അപ്പോൾ അവന്റെ റബ്ബ് (അവനോട്) അതിനു വിപരീതമായിട്ട് പെരുമാറുകയും അവനു പഴങ്ങളുടെ കുലകളും ഉറുമാമ്പഴവും നൽകുന്നു. മരണം വരെ മറഞ്ഞ ജീവിതം നയിക്കാനായി അവൻ ഏകാന്തത കൈകൊണ്ടാലും അല്ലാഹു വഹ്യ് മുഖേന അവനെ അവന്റെ മുറിയിൽ നിന്ന് പുറത്ത് കൊണ്ടുവരികയും എന്നിട്ട് തന്റെ സൃഷ്ടികളെ അവനിലേക്ക് തിരിച്ചുവിടുകയും ചെയ്യുന്നു. അവർ ഉപഹാരങ്ങളും സമ്മാനങ്ങളുമായി അവന്റെ അടുക്കൽ വരികയും അവനെ സേവിക്കുകയും ചെയ്യുന്നു. അങ്ങിനെ ഭൂമിയിൽ അവനായി സ്വീകാര്യത നൽകപ്പെടുകയും ചെയ്യുന്നു. അല്ലാഹു സ്നേഹിക്കുന്നവരും അല്ലാഹുവിനെ സ്നേഹിക്കുകയും അവനോട് ആത്മാർഥത പുലർത്തുകയും ചെയ്യുന്നവരുമായ ആളുകളിൽപ്പെട്ട ആളാണ് ഇവൻ എന്ന് അപ്പോൾ ആകാശവാസികൾക്കിടയിൽ വിളംബരം ചെയ്യപ്പെടുന്നതാണ്. അല്ലാഹു അങ്ങനെയുള്ള ദൈവീക സമീപസ്ഥന്റെ കാണുന്ന കണ്ണായി തീരുന്നു. കേൾക്കുന്ന കാതായി തീരുന്നു. അവൻ പിടിക്കുന്ന അവന്റെ കൈയ്യായി തീരുന്നു. തങ്ങളുടെ പൂർണമായ അസ്തിത്വത്തോടെ അല്ലാഹുവിന്റേതായി തീരുന്നവരും ശിർക്ക് ചെയ്യാത്തവരുമായ ആളുകൾക്ക് ലഭിക്കുന്ന പ്രതിഫലമാണ് ഇത്. അവന്റേത് മാത്രമായിരിക്കുമെന്ന കാര്യം തീരുമാനിച്ചവരും അതിനു ശേഷം മരണം വരെ തങ്ങളുടെ വാക്കുകളും പ്രതിജ്ഞകളും മാറ്റാത്തവരുമാണ് അവർ. അങ്ങനെ അവർ അവനിലേക്ക് മടങ്ങിച്ചെല്ലുകയും ചെയ്യുന്നു.

അവർ തങ്ങളുടെ സ്വാർഥതകളിൽ നിന്ന് പാമ്പ് തന്റെ ഉറയിൽ നിന്ന് പുറത്ത് വരുന്നത് പോലെ പുറത്ത് വരുന്നവരാണ് എന്നതും

അവരുടെ ഒരു അടയാളമാണ്. അവരുടെ (ആഗ്രഹങ്ങളാകുന്ന) അഗ്നി കത്തിജ്വലിച്ച ശേഷം അണഞ്ഞു പോകുന്നു. തുടർന്ന് അവരുടെ ഉള്ളിൽ പുതിയതും പവിത്രവുമായ ആഗ്രഹങ്ങൾ ഉടലെടുക്കുകയും ചെയ്യുന്നു. അവരുടെ ശാന്തി പ്രാപിച്ച ആത്മാവുകൾ ഏതൊരു വസ്തുവിനെ ആഗ്രഹിക്കുന്നുവോ അത് അവർക്കായി തയ്യാറാക്കപ്പെടുന്നു. അതേപോലെ ക്ഷാമഗ്രസ്തമായ കാലത്ത് അവർക്കായി ആത്മീയ വിരുന്നുകൾ സംഘടിപ്പിക്കപ്പെടുമ്പോൾ അവർ അതിൽ ഭക്ഷിക്കുക മാത്രമല്ല, നല്ലവണ്ണം ചവച്ചരച്ച് തിന്നുകയാണ് ചെയ്യുന്നത്. എല്ലാ വർഷവും പ്രസവിക്കുന്ന സ്ത്രീയെ പോലെയാണ് അവർ നന്മകളെ സമാഹരിച്ചു കൂട്ടുന്നത്. അവർ ന്യൂനതയുള്ള കാര്യങ്ങളിൽ നിന്ന് അകന്നു നിൽക്കുകയും (അവയെ) സമീപിക്കുക പോലും ചെയ്യുന്നില്ല. അവർ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് പോവുകയും തങ്ങളുടെ നഫ്സിനെ ഇരുണ്ടതായി നിലനിർത്താതെ അവയെ ശുഭ്രമാക്കുകയും ചെയ്യുന്നു.

അവരെ അഗ്നിയിൽ ഇട്ടാൽ പോലും സത്യവചനത്തേയും കാലത്തിന്റെ ഇമാമിനേയും നിരാകരിക്കുകയില്ല എന്നത് അവരുടെ ഒരു അടയാളമാണ്. തേച്ചുമിനുക്കപ്പെട്ട വാളുകളാൽ അവർ വധിക്കപ്പെടുകയോ കല്ലെറിഞ്ഞുകൊല്ലപ്പെടുകയോ ചെയ്താൽ പോലും അവർ അവരുടെ സത്യവിശ്വാസത്തെ നഷ്ടപ്പെടുത്തി കളയുകയില്ല. അവരുടെ സത്യസന്ധത മലക്കുകളെ പോലും അത്ഭുതപ്പെടുത്തുകയും ആകാശത്ത് അവർ സ്തുതിക്കപ്പെടുകയും ചെയ്യുന്നു. എല്ലാ ധീരരേയും കവച്ചുവെക്കുന്നവരും ബലഹീനരും ഭീരുക്കളും അല്ലാത്തവരുമാണ് അവർ. അവർ പ്രാമുഖ്യം നൽകുന്ന ആ പ്രിയതമനു വേണ്ടി തങ്ങളുടെ അസ്തിത്വമാകുന്ന കൊട്ടാരത്തെ ഇടിച്ചുതകർത്തവരാണവർ. അല്ലാഹുവും അവന്റെ മലക്കുകളും സ്വാലിഹീങ്ങളും അബ്ദാലീങ്ങളും എല്ലാം അവർക്കായി അനുഗ്രഹപ്രാർഥന നടത്തുന്നു. അവർ എന്തൊന്ന് വാഗ്ദത്തം ചെയ്തുവോ അതിനെ അവർ യാഥാർഥ്യമായി കാണിച്ചു. ദൈവീക തൃപ്തിക്കായി അവർ തങ്ങളുടെ ജീവൻ ബലി കഴിച്ചിരിക്കുകയാണ്. ആകയാൽ ഈ വിശ്വാസമാണ് വിശ്വാസം. ഈയൊരു സത്യവിശ്വാസം കൊണ്ട് അലങ്കൃതരായ ഈ ആളുകൾ അനുഗൃഹീതരായിരിക്കട്ടെ.

ഈ (ദൈവീക സമീപസ്ഥരുടെ) ഉദാഹരണം അബ്ദുൽ ലത്തീഫിന്റെ ഉദാഹരണം പോലെയാണ്. അദ്ദേഹം ജമാഅത്തിൽപ്പെട്ട ഒരു വ്യക്തിയായിരുന്നു. കാബൂൾ പ്രദേശവുമായിട്ടായിരുന്നു അദ്ദേ

ഹത്തിന്റെ ബന്ധം. അദ്ദേഹം തന്റെ ജനതയുടെ നേതാവും തലവനും അവരിൽ എല്ലാവരേക്കാളും ഉന്നതനും എല്ലാവരേക്കാളും പാണ്ഡിത്യമുള്ളനും മുത്തഖിയും ധൈര്യശാലിയുമായിരുന്നു. നേതൃത്വത്തിൽ അദ്ദേഹം ഒന്നാം സ്ഥാനത്തായിരുന്നു. അവരിൽ എല്ലാവരിലും അദ്ദേഹം വെട്ടിത്തിളങ്ങുന്ന അസ്തിത്വമായിരുന്നു. സത്യത്തെ ഉപേക്ഷിച്ചുകളയാനായി കല്ലെറിഞ്ഞു കൊല്ലുമെന്നുള്ള ഭീഷണി ഉണ്ടായിരുന്നിട്ടുകൂടി അദ്ദേഹം ഈയൊരു വിശ്വാസമാണ് പ്രകടിപ്പിച്ചത്. എന്നിട്ടും അദ്ദേഹം മരണത്തിനു മുൻഗണന നൽകിക്കൊണ്ട് കാരുണ്യവാനെ തൃപ്തിപ്പെടുത്തി. അമീറിന്റെ കൽപന പ്രകാരം അദ്ദേഹം കല്ലെറിഞ്ഞു കൊല്ലപ്പെടുകയും അങ്ങനെ അല്ലാഹു അദ്ദേഹത്തെ തന്നിലേക്ക് ഉയർത്തുകയും ചെയ്തു. ഇതിൽ പാഠം ഉൾകൊള്ളാനാഗ്രഹിക്കുന്നവർക്ക് നിസ്സംശയം ഇതിൽ ഉത്തമമായൊരു മാതൃകയുണ്ട്.

അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുന്ന ആളുകളെ നിങ്ങൾ മരിച്ചവരെന്ന് പറയരുത്. മറിച്ച് അവർ ജീവിച്ചിരിക്കുന്നവരാണ്. അല്ലാഹുവിന്റെ സന്നിധിയിൽ നിന്ന് അവർക്ക് രിസ്ഖ് നൽകപ്പെടുന്നു. ബോധപൂർവ്വം ഒരു സത്യവിശ്വാസിയെ വധിക്കുന്നവനുള്ള പ്രതിഫലം നരകമാണ്. അതിൽ അവൻ ദീർഘകാലം കഴിയുന്നതാണ്.അല്ലാഹു അവനിൽ കോപിഷ്ടനാവുകയും അവന്റെ മേൽ ശാപം ചൊരിയുകയും ചെയ്യും. അങ്ങിനെയുള്ളവന്നായി അവൻ വേദനാജനകമായ ശിക്ഷയാണ് ഒരുക്കിവെച്ചിട്ടുള്ളത്. അവരെ ഏത് തരത്തിൽ കീഴ്മേൽ മറിച്ചുകളയുമെന്ന് അക്രമികൾക്ക് വേഗം തന്നെ മനസ്സിലാകുന്നതാണ്. ആ രക്തസാക്ഷിയുടെ (രക്തസാക്ഷിത്വത്തിൽ) ആകാശം കരഞ്ഞു. അദ്ദേഹത്തിനായി അത് അടയാളങ്ങൾ വെളിപ്പെടുത്തി. ആകാശങ്ങളുടെ സ്രഷ്ടാവായ അല്ലാഹുവിന്റെ പക്കൽ അങ്ങനെ തന്നെ സംഭവിക്കണമെന്നായിരുന്നു നിശ്ചയിക്കപ്പെട്ടിരുന്നത്. നിങ്ങൾ ബറാഹീനെ അഹ്മദിയ്യായിൽ വായിക്കുകയോ കേൾക്കുകയോ ചെയ്യുന്ന പോലെ എന്റെ റബ്ബ് ഈ സംഭവത്തെ കുറിച്ച് തന്റെ വ്യക്തമായ വഹ്‌യ് മുഖേന മുമ്പേ തന്നെ എനിക്ക് പറഞ്ഞുതന്നിട്ടുണ്ടായിരുന്നു. നിങ്ങൾക്ക് അനിഷ്ടകരമായ ഏതെങ്കിലും കാര്യം അത് നിങ്ങൾക്കായി ഉത്തമമായിരിക്കുവാൻ സാധ്യതയുണ്ട്. കാരണം അല്ലാഹുവാണ് അറിയുന്നവൻ. നിങ്ങൾ അറിയുന്നില്ല. പരേതനായ ആ രക്തസാക്ഷി ഈ നശ്വരലോകത്ത് നിന്ന് യാത്ര തിരിച്ചുകൊണ്ട് തന്റെ ആത്മാ

വിനെ സന്തോഷത്തോടേയും സംതൃപ്തിയോടേയും തന്റെ റബ്ബിന് ഭരമേൽപിക്കുകയും ചെയ്തപ്പോൾ ആ ആക്രമികളുടെമേൽ പ്രഭാതം പോലും വിടർന്നിരുന്നില്ല. അപ്പോൾ അവർ ഉറങ്ങുക തന്നെയായിരുന്നു. ആകാശീയ ശിക്ഷയിൽ അവർ അകപ്പെട്ടു. അങ്ങനെ കാബൂൾ പ്രദേശത്ത് നിന്ന് അവർ എവിടെയെല്ലാമായിരുന്നുവോ അല്ലാഹുവിന്റെ പിടുത്തത്തിൽ അവർ അകപ്പെട്ടുകൊണ്ടേയിരുന്നു. ദുർമാർഗികളായ ഇവർക്ക് എങ്ങോട്ട് ഓടിപോകാൻ കഴിയുമായിരുന്നു. നിസ്സംശയം ഈയൊരു സംഭവത്തിൽ (അല്ലാഹുവിനെ) ഭയപ്പെടുന്നവർക്ക് പാഠം ഉൾകൊള്ളാനുള്ള വിഭവങ്ങളുണ്ട്.

ഇവരുടെ (അല്ലാഹുവിന്റെ സമീപസ്ഥർ) ഒരു അടയാളം മലക്കുകൾ അവരുടെമേൽ ബർക്കത്തുകളുമായി ഇറങ്ങുകയും അല്ലാഹു സംഭാഷണങ്ങളും അഭിസംബോധനകളും മുഖേന അവർക്ക് ആദരവ് നൽകുന്നു എന്നതുമാണ്. അവർ സ്വർഗത്തിലെ നേതാക്കളിൽപ്പെട്ടവരാണെന്നും സമീപസ്ഥരാണെന്നുമുള്ള വഹ്‌യ് അവരുടെമേൽ അവൻ ഇറക്കുന്നു. അവരുടെ ഹൃദയം ഇച്ഛരിക്കുന്നതെന്തും അവർക്ക് അവിടെ ലഭിക്കുന്നതാണ്. അവർ ഏതൊരു വസ്തുവിനെ ആഗ്രഹിക്കുന്നുവോ അവിടെ (സ്വർഗത്തിൽ) അവരുടെതായി തീരുന്നതാണ്. മഹോന്നതനായ സ്രഷ്ടാവിൽ നിന്ന് അവരുടെമേൽ അനുഭൂതി നിറഞ്ഞ വചനങ്ങളും മഹത്വവാനായ റബ്ബിൽ നിന്ന് അവരുടെമേൽ ഭാഷാസമ്പുഷ്ടമായ വാക്കുകളും ഇറങ്ങുന്നു. എല്ലാറ്റിനും കഴിവുള്ളവനും കരുണാമയനുമായ ദൈവത്തിൽ നിന്ന് അവരെ മഹത്വമേറിയ വാർത്തകളും അദൃശ്യവചനങ്ങളും അറിയിച്ചുകൊണ്ടിരിക്കുന്നു. ക്ഷാമഗ്രസ്തമായ അവസരങ്ങളിൽ അവർ കാരണം കൊണ്ട് മാത്രം ജനങ്ങളുടെ വിലാപങ്ങൾക്ക് സങ്കട നിവൃത്തി വരുത്തപ്പെടുകയും അവരുടെ വൈഷമ്യങ്ങളിൽ നിന്ന് അവർക്ക് മോചനം നൽകപെടുകയും ചെയ്യുന്നു. അവരുടെ കേണപേക്ഷകളുടെ ഫലമായികൊണ്ട് സമൂഹത്തിന്റെ അവസ്ഥ തന്നെ മാറ്റിമറിക്കപ്പെടുന്നു. അവരുടെ ഭൂരിപക്ഷം ദുആകളും സ്വീകരിക്കപ്പെടുന്നു. അവരുടെ ആവശ്യപൂർത്തീകരണത്തിനായികൊണ്ട് അത്ഭുതകരമായ കാര്യങ്ങൾ വെളിപ്പെടുന്നു. തങ്ങളുടെ അഭിപ്രായങ്ങൾ മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുന്നതിനായി ഒരു കുറവും വരുത്താതിരുന്ന ജനങ്ങൾക്ക് ശിക്ഷ നൽകുന്നതിനെ കുറിച്ചുള്ള വിവരങ്ങളും ഇതോടൊപ്പം തന്നെ അവർക്ക് നൽകപെടുന്നു. ഈ രൂപത്തിൽ സമീപസ്ഥരായവർക്ക് പിന്തുണ നൽകപെടുന്നു, അവർക്ക്

സുവിശേഷങ്ങൾ നൽകപെടുന്നു, അവർക്ക് സഹായങ്ങൾ നൽക പെടുകയും അവർ പ്രകാശപൂരിതരും സഫലരുമാക്കപ്പെടുകയും ചെയ്യുന്നു. അവർ പല പ്രാവശ്യം നശിപ്പിക്കപെടുകയും ചെയ്യുന്നു. എന്നാൽ വീണ്ടും അവർക്ക് ജന്മം നൽകപ്പെടുകയും ഏത്വരെ യെന്നാൽ അവർ തങ്ങളുടെ റബ്ബിനെ ദർശിക്കുകയും അവരിൽ ദൃഢവിശ്വാസമുണ്ടാവുകയും ചെയ്യുന്നു. അവരുടെമേൽ ഉദിച്ചുയ രുന്ന ഒരോ സൂര്യനും അന്ധകാരം പരത്തുന്ന ഒരോ രാത്രിയും അവരെ അല്ലാഹുവുമായി കൂടുതൽ സമീപസ്ഥരായികൊണ്ടിരിക്കു ന്നു. അവർക്ക് മുമ്പുണ്ടായിരുന്ന അറിവിൽ എത്രയോ വർദ്ധന വോടുകൂടി അവർക്ക് അറിവ് നൽകപെടുകയും ചെയ്യുന്നു. അവർ വാർദ്ധക്യപ്രായത്തിലെത്തുമ്പോൾ അവരുടെ വിശ്വാസം യൗവ്വന ത്തിന്റെ പാരമ്യത്തിലായിരിക്കും. അവർ ഇളം പ്രായത്തിലുള്ള യു വാവെന്ന് തോന്നിക്കുമാറ് സുന്ദര പുരുഷനായി കാണപ്പെടുന്നു. അതേപോലെ പ്രായം കൂടുന്നതോടൊപ്പം അവരുടെ വിശ്വാസവും വിജ്ഞാനവും വർദ്ധിച്ചു കൊണ്ടിരിക്കുകയും തഖ്വയിൽ അവർ എത്രത്തോളം പുരോഗതി പ്രാപിക്കുന്നു എന്നാൽ അവരുടെതായി ഒന്നും തന്നെ ശേഷിക്കുന്നില്ല, അതിന്റെ അടയാളം പോലും. ഓരോ നിമിഷവും തന്നെ അവർ പരിവർത്തിക്കപ്പെടുന്നു. ഒരു ജ്ഞാന ത്തിൽ നിന്ന് അടുത്ത ജ്ഞാനത്തിലേക്ക് അവർ മാറ്റപ്പെടുന്നു. അത് അതിന്റെ തിളക്കത്തിൽ ആദ്യത്തെതിനേക്കാൾ ശക്തമായി രിക്കും. അങ്ങനെ അവരുടെ റബ്ബ് തന്റെ അനുഗ്രഹവും ഔദാര്യവും കൊണ്ട് അവരെ പരിപാലിക്കുന്നു. അവരെ ഒരു പഴയ അമ്പിന്റെ അവസ്ഥയിൽ വിട്ടേച്ചുകളയാതെ പുതിയ രൂപത്തിൽ അവരുടെ ഹൃദയത്തിലെ പ്രകാശത്തെ നവീകരിക്കുകയും ചെയ്യുന്നു. അവൻ അവരെ ഇടത്തോട്ടും വലത്തോട്ടും തിരിച്ചുകൊണ്ടിരിക്കുന്നു. അവ രുടെ മേൽ ദേഹേച്ഛകൾ ഇറങ്ങുമ്പോൾ സ്രഷ്ടാവിന്റെ മനോ ഹാരിത ദർശിക്കുന്നതിന്റെ ഫലമായി അവയിൽ നിന്ന് അവർ രക്ഷ പ്രാപിക്കുകയും ചെയ്യുന്നു. അവർ ഉണർന്നിരിക്കുന്നവരായി നിനക്ക് തോന്നുമെങ്കിലും അവർ ദൈവീക സമാഗമമാകുന്ന തൊ ട്ടിലുകളിൽ നിദ്രകൊള്ളുന്നവരായിരിക്കും. അവർ പാഴ്‌വസ്തുക്ക ളുടെ അവ സ്ഥയിൽ ഉപേക്ഷിക്കപ്പെടുന്നില്ല. മറിച്ച് അവരെ പൂമൊ ട്ടുകളിൽ നിന്ന് വിരിഞ്ഞ പൂക്കുലകളാക്കി മാറ്റുന്നു. അങ്ങനെ അവരിൽ പരിവർത്തനങ്ങളും മാറ്റങ്ങളും ഉത്ഭൂതമാക്കപ്പെടുന്നു. അവർ ഭൗതീക ലോകത്ത് നിന്ന് അകറ്റി നിർത്തപ്പെടുന്നു. ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്നവനായ അല്ലാഹുവിന്റെ കൽപന മുഖേന

അവർ തങ്ങളുടെ ആദ്യ നിലവാരത്തിൽ നിന്ന് എത്രയോ ഉന്നത സ്ഥാനങ്ങളിലേക്ക് എത്തിക്കപ്പെടുന്നു. അവരുടെ കാര്യങ്ങളുടെ പര്യവസാനം, അവർ മരണത്തിനു ശേഷവും ജീവിക്കപ്പെടുന്നു എന്നതും ഉടഞ്ഞതിനുശേഷം യോജിപ്പിക്കപ്പെടുന്നു എന്നതുമാണ്. അവരുടെ മേൽ മരണത്തിന്ന് ശേഷം മരണം ആഗതമാവുകയും തുടർന്ന് അവരുടെ ആത്മാർഥതയുടെ ഫലമായി അവർക്ക് നിത്യ ജീവിതം നൽകപെടുകയും ചെയ്യുന്നു. വഴികേടിലേക്കുള്ള ഇബ്‌ലീസിന്റെ വിളികളും ദൈവസ്മരണയിൽ നിന്ന് മുഖം തിരിച്ചു കളയുന്നവരും അതുപോലുള്ള മറ്റുള്ളവരുടേയും ശത്രുതയിൽ നിന്നും അവർ രക്ഷിക്കപ്പെടുന്നു. അവർ തങ്ങളുടെ ലക്ഷ്യം പ്രാപിച്ചു കഴിഞ്ഞാൽ പിന്നെ അവർക്ക് നൽകപെടുന്ന സ്ഥാനത്തെ കുറിച്ച് സൃഷ്ടികൾക്ക് അറിവുണ്ടായിരിക്കുകയില്ല. അവർ അവരുടെ അങ്കണങ്ങളിൽ നിന്ന് മാറി നിൽക്കുകയും അവർ കണ്ണുകൾ നിഷ്പ്രഭമായിപോകുന്ന രൂപത്തിലുള്ള പ്രകാശങ്ങളായി മാറുകയും ചെയ്യുന്നു. അവർ അല്ലാഹുവിന്റെ പ്രകാശത്തിൽ മുങ്ങി കാണാതായി പോവുകയും ചെയ്യുന്നു. അവരെ കുറിച്ച് അറിവ് നൽകപെട്ട ഒരു വ്യക്തിക്കല്ലാതെ മറ്റൊരാൾക്ക് അവരുടെ യാഥാർത്ഥ്യം അറിയാൻ സാധിക്കുകയില്ല. അവർ ഗോപ്യങ്ങളിൽ ഗോപ്യമായ ആത്മാവിന്റെ ആത്മാവും എല്ലാ മറഞ്ഞിരിക്കുന്നവയിൽ നിന്നും ഏറ്റവും മറഞ്ഞ അസ്തിത്വമായി തീരുകയും അങ്ങനെ അവരിൽ പതിക്കുന്ന ദൃഷ്ടികൾ അവരെ നോക്കാൻ കഴിയാതെ അവശരായി മടങ്ങുകയും ചെയ്യുന്നു. ആകാശത്തുള്ള അവരുടെ നാമം ഔന്നത്യവാനായ റബ്ബിന്റെ പക്കൽ അതിന്റെ പരിപൂർണതയിലെത്തുമ്പോഴും അല്ലാഹു ഉദ്ദേശിച്ചതും തീരുമാനിച്ചതുമായ അവരുടെ പ്രവൃത്തി പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്നു. അപ്പോൾ ആകാശങ്ങളിൽ അവരുടെ ആകാശത്തേക്കുള്ള മടക്കത്തെ കുറിച്ച് വിളംബരം ചെയ്യപ്പെടുകയും അങ്ങനെ അവർ തങ്ങളുടെ റബ്ബിലേക്ക് മടങ്ങിപോവുകയും ചെയ്യുന്നു. അവർ അല്ലാഹുവിൽ തൃപ്തിപ്പെട്ടവരായി കൊണ്ടും അല്ലാഹു അവരിൽ തൃപ്തിപ്പെട്ടവനായികൊണ്ടുമുള്ള അവസ്ഥയിൽ അവരുടെ ജീവനുകൾ വേർപ്പെട്ട് അല്ലാഹുവിങ്കലേക്ക് പോകുന്നു. ഉറയിൽ നിന്ന് വാൾ പുറത്തെടുക്കുന്നതുപോലെ അവരുടെ ജീവനുകൾ അവരുടെ ശരീരങ്ങളിൽ നിന്നും പുറത്ത് പോവുകയും യാതൊരു വ്യസനമോ നിരാശയോ ഇല്ലാത്ത അവസ്ഥയിൽ അവർ ഈ ഭൗതീക ലോകത്തെ ഉപേക്ഷിച്ചു പോവുകയും ചെയ്യുന്നു. വളരെ കുറച്ച് മാത്രം പാൽ തരുന്ന

ആടിനെ പോലേയും ദുർഗന്ധം വമിക്കുന്ന മാംസമുള്ള ശവത്തെ പോലെയുമാണ് അവർ ഈ ഭൗതീക ലോകത്തെ കാണുന്നത്. ഈ ഭൗതീക ലോകത്തെ അവർ കണ്ണുയർത്തി നോക്കുന്നില്ല എന്ന് മാത്രമല്ല, ഈ ലോകത്തെ ഉപേക്ഷിച്ചു പോകുന്നതിൽ അവർക്ക് ഒരു ദു:ഖവും തന്നെ തോന്നുന്നില്ല. അവർ തങ്ങളുടെ പ്രിയതമന്റെ വീട്ടിൽ താവളമടിച്ചിരിക്കുകയാണ്. അവർ മൂർച്ചകൂടിയ വാളുകൾ ഉണ്ടായിരുന്നിട്ടുപോലും (പ്രിയതമന്റെ വീടിനെ) ഉപേക്ഷിക്കുന്നില്ല. നിർലജ്ജനായ വ്യക്തിയല്ലാതെ അവരെ ആരും പഴിക്കുകയില്ല. അന്ധരായ സമൂഹമല്ലാതെ അവരെ ആരും നിരാകരിക്കുകയില്ല.

ചീത്ത പറയുന്നവരുടെ കാര്യം കഷ്ടം തന്നെ! നിശ്ചയമായും അവർ നശിപ്പിക്കപെടുന്നതാണ്. അന്ധകാരങ്ങളിൽ ഉഴലുന്നവരുടെ കാര്യവും കഷ്ടം തന്നെ. അവർ കൊള്ളയടിക്കപെടുന്നതാണ്. അസത്യം പരത്തുന്നവരുടെ കാര്യവും കഷ്ടം തന്നെ. അവർ ചോദ്യം ചെയ്യപ്പെടുന്നതാണ്. കാരുണ്യവാന്റെ ദാസന്മാരെ തങ്ങളുടെ കണ്ണുകൾകൊണ്ട് നിന്ദ്യതയോടെ വീക്ഷിക്കുന്നവർക്കും കഷ്ടം. തീർച്ചയായും അവർ അന്ധന്മാരായി മരിക്കുന്നതാണ്. സത്യമായ കാര്യങ്ങൾ കേൾക്കുമ്പോൾ കോപിഷ്ഠരായി തീരുന്ന ആളുകൾക്കും നാശം തന്നെ. അവർ അവരുടെ സ്വന്തം അഗ്നിയിൽ തന്നെ കത്തിയെരിക്കപ്പെടുന്നതാണ്.

അവരുടെ റബ്ബിന്റെ പക്കൽ നിന്ന് അവർക്ക് ഭാഷാവൈഭവം നിറഞ്ഞ വചനങ്ങൾ നൽകപ്പെടുന്നു എന്നതും അവരുടെ ഒരു അടയാളമാണ്. അങ്ങനെയുള്ളത് സംസാരിക്കാൻ ഒരു മനുഷ്യനും സാധ്യമല്ല എന്ന് മാത്രമല്ല അവരുമായി ആരേയും താരതമ്യപ്പെടുത്താൻ സാധിക്കുകയുമില്ല. മുന്തിയ ജ്ഞാനങ്ങളോടുള്ള ആഗ്രഹം വച്ചു പുലർത്തുന്ന ആളെ പോലെ തന്നെ പരമകാരുണ്യകന്റെ ദാസന്മാർ ഭാഷാവൈഭവം നിറഞ്ഞ വചനങ്ങളും ആഗ്രഹിക്കുന്നവരാണ്. അങ്ങനെ അവർ എന്തൊന്ന് ആവശ്യപ്പെടുന്നുവോ അത് അവർക്ക് നൽകപെടുന്നു. (പരിശുദ്ധ) ഹൃദയത്തെ പോലെ തന്നെ (സാഹിത്യ സമ്പുഷ്ടമായ) ഭാഷയും നൽകപെടുന്നു എന്നത് തന്റെ ഔലിയാക്കളെ സംബന്ധിച്ചുള്ള അല്ലാഹുവിന്റെ ഒരു നടപടിക്രമമാണ്. അല്ലാഹു തന്നെയാണ് അവരെ കൊണ്ട് സംസാരിപ്പിക്കുന്നത്. അവൻ സംസാരിപ്പിക്കുന്നത്കൊണ്ട് അവർ സംസാരിക്കുന്നു. ഗർഭിണിയായ അവസ്ഥയിലുള്ള ഒരു സ്ത്രീ ഏതെങ്കിലും ഭക്ഷണം കഴിക്കുന്നതിനായി ആഗ്രഹം പ്രകടിപ്പിക്കുമ്പോൾ അവളുടെ ഭർ

ത്താവ് അവളുടെ ആഗ്രഹമനുസരിച്ച് അവൾക്ക് വേണ്ടി ആ ഭക്ഷണ സാധനം ലഭ്യമാക്കി കൊടുക്കുന്നത് പോലെ തന്നെ തികച്ചും, ആ ദൈവീക സമീപസ്ഥരുടെ ഉള്ളിലും ആഗ്രഹങ്ങൾ ജനിപ്പിക്കപ്പെടുന്നു. അത് ദോഷപ്രവണമായ ആത്മാവിൽ നിന്നുള്ളതായിരിക്കുകയില്ല. അങ്ങനെയുള്ള അവരുടെ ആഗ്രഹങ്ങൾ അവർക്ക് നൽകപെടുകയും അവർ അതിൽ നിന്ന് ഒഴിച്ച് നിർത്തപെടുകയും ചെയ്യുന്നില്ല. ഇതേപോലെ തന്നേയാണ് എനിക്കും അല്ലാഹുവിൽ നിന്ന് വചനങ്ങൾ നൽകപെട്ടത്. നിങ്ങൾ സംശയിക്കുന്നു വെങ്കിൽ നമ്മുടെ ഈ ഗ്രന്ഥത്തിന്ന് തത്തുല്യമായതൊന്ന് കൊണ്ടു വന്ന് സമർപ്പിക്കുക.

ഊഷരഭൂമിയിലേക്ക് നയിക്കപ്പെടുന്ന, ആകാശത്ത് നിന്നിറങ്ങുന്ന കാരുണ്യവർഷത്തെ പോലെയാണ് അവർ എന്നതും അവരുടെ ഒരു അടയാളമാണ്. അവർ (സമീപസ്ഥർ) ജനങ്ങളെ തങ്ങളുടെ വസ്ത്രങ്ങൾ കൊണ്ട് സൂചന നൽകി വെള്ളത്തിന്നരികിലേക്ക് വിളിക്കുന്നു. അവർ തങ്ങളുടെ ആകർഷണശക്തികൊണ്ട് ജനങ്ങളുടെ ഹൃദയങ്ങളെ അവരുടെ നെഞ്ചകങ്ങളിൽ നിന്ന് വലിച്ചു കൊണ്ടുവരികയും അങ്ങനെ ജനങ്ങൾ അവരുടെ ഭാഗത്തേക്ക് ഓടി ചെല്ലുകയും അവരെ കൈയ്യോടെ പിടിക്കുകയും ചെയ്യുന്നു. മറ്റുള്ളവർക്ക് പ്രകാശമെത്തിച്ചുകൊടുക്കുന്ന കാര്യത്തിൽ അവർ ലുബ്ധനായ ആളെപോലെയായിരിക്കുകയില്ല എന്നതും കുറച്ച് പാൽ നൽകുന്ന പെണ്ണൊട്ടകത്തെ പോലെ ആയിരിക്കുകയില്ല എന്നതും അവർ പിശുക്ക് കാണിക്കുകയില്ല എന്നതും അവരുടെ ഒരു അടയാളമാണ്. അവരുടെ സഹായികളും സഹവാസികളും ലക്ഷ്യം പ്രാപിക്കാത്തവരാക്കപ്പെടുകയില്ല, അതേപോലെ അവരോട് മമത കാണിക്കുന്നവർ പോലും ഒരിക്കലും അപമാനിക്കപ്പെടുകയുമില്ല എന്നതുപോലുള്ള ആളുകളുമാണവർ. അവർ സ്വയം അനുഗ്രഹിക്കപ്പെട്ടവരും മറ്റുള്ളവർക്ക് അനുഗ്രഹങ്ങൾ നൽകുന്നവരും അവർക്ക് സൗഭാഗ്യങ്ങൾ നൽകുന്നവരുമാണ്. അവർ ഊഷരഭൂമികളെ ഹരിതാഭപൂർണമാക്കുകയും മൃതഹൃദയങ്ങളെ സജീവമാക്കുകയും നഷ്ടപ്പെട്ടുപോയ സമ്പത്തുകളെ വീണ്ടെടുക്കുകയും വന്നുപ്പെട്ട പ്രയാസങ്ങളെ അകറ്റുകയും ചെയ്യുന്നു. മുറിഞ്ഞുപോയ ബന്ധങ്ങളെ യോജിപ്പിക്കുകയും വെള്ളം പിൻവലിഞ്ഞ് ശൂന്യമായി പോയ നദികളെ നിറക്കുകയും ചെയ്യുന്നു. ശൂന്യമായി പോയ ദീനിന്റെ ഭാഗങ്ങളെ പൂർത്തിയാക്കുകയും അവരുടെ നെഞ്ചകങ്ങൾ

പ്രകാശം കൊണ്ട് നിറക്കുകയും ഹൃദയങ്ങൾ സന്തോഷം കൊണ്ട് മുഖരിതമാവുകയും ചെയ്യുന്നു. അവർ ആകാശത്തിലെ താരകങ്ങളും വരണ്ടഭൂമിയിലെ സമുദ്രങ്ങളും ശരീരത്തിലെ ആത്മാക്കളുമാണ്. ഭൂമിയെ സംബന്ധിച്ചിടത്തോളം അവർ ആണിക്കല്ലിന്റെ അവസ്ഥയിലുള്ളവരാണ്. അല്ലാഹുവിനോട് കൂറുപുലർത്തുമെന്നുള്ള അവരുടെ പ്രതിജ്ഞയെ അവർ മാറ്റുന്നില്ല. മറിച്ച് അവർ മാറ്റപ്പെടുകയാണ് ചെയ്യുന്നത്. അല്ലാഹു അവരിൽ സ്വയം മാറ്റങ്ങൾ ഉണ്ടാക്കുന്ന അബ്ദാലുകളാണവർ. അവർ ചാഞ്ചല്യം ഇല്ലാത്ത ഖുത്തുബുകളായിരിക്കും. അവർ അല്ലാഹുവിനു വേണ്ടി അരയും തലയും മുറുക്കി ഒരുങ്ങി നിൽക്കുന്നവരായിരിക്കുകയും ദോഷപ്രവണമായ ആത്മാവിനെ അതിന്റെ വേരിൽ തന്നെ വിച്ഛേദിച്ചുകളയുകയും അല്ലാഹുവിന്റെ എല്ലാ കൽപനകളിലും നിലകൊള്ളുകയും ചെയ്യുന്നു. അവർ ദു:ഖങ്ങളിൽ ജീവിതം നയിക്കുന്നവരും അമിതമായി ഭക്ഷണം കഴിക്കുന്ന ഒരാളെ പോലുള്ള ജീവിതം നയിക്കുന്നവരുമല്ല. അവർ പടുവൃദ്ധരെ പോലെ ബാഹ്യമായ സ്നാനത്തിൽ മാത്രം തൃപ്തിപ്പെടാത്തവരും അന്യോന്യം മത്സരിച്ചുകൊണ്ട് തങ്ങളുടെ നഫ്സിനെ പരിശുദ്ധവും പവിത്രവുമാക്കുന്ന ജലസ്രോതസ്സുകളിലേക്ക് ഓടിചെല്ലുന്നവരും മലിനജലത്തെ പരിഗണിക്കാത്തവരുമാണ്.

അവർ യുദ്ധവേളകളിൽ ജനങ്ങൾക്കായി അല്ലാഹുവിന്റെ ഭാഗത്ത് നിന്നുള്ള സംരക്ഷകരാണ്. അവർ സൃഷ്ടികളുടെ അസ്തിത്വത്തിൽ ശിരസ്സിന്റെ സ്ഥാനത്തുള്ളവരും ദൈവത്തിന്റെ സൃഷ്ടികളാകുന്ന സമുദ്രത്തിലെ മറഞ്ഞിരിക്കുന്ന മുത്തുകളുമാണ്. ദോഷപ്രവണമായ ആത്മാവുമായിട്ടുള്ള മഹായുദ്ധത്തിൽ അവർ വിജയം വരിക്കുകയും അതിനുശേഷം അവർ മഹത്വവാനായ റബ്ബാകുന്ന അല്ലാഹുവിന്റെ കൽപന പ്രകാരം ഹൃദയങ്ങളെ ജയിച്ചടക്കുകയും വിജയം വരിക്കുകയും ചെയ്യുന്നു. അവർക്ക് മരണത്തിനു ശേഷം പുതിയ ജീവിതം ലഭ്യമാകുന്നു. ജനങ്ങൾ അവരെ വെറുക്കുമ്പോൾ അവർ സ്നേഹമാകുന്ന സുഗന്ധം പരത്തുകയാണ് ചെയ്യുന്നത്. അവരെ പോലുള്ള തോണിക്കാരെ നിങ്ങൾ കാണുകയില്ല. വെള്ളം അതിന്റെ പ്രളയാവസ്ഥയിൽ ആവുകയും ആപത്ത് കാഠിന്യം കൈകൊള്ളുകയും ദീനരോദനങ്ങൾ ഉയരുകയും ചെയ്യുന്ന അവസരങ്ങളിൽ അവരെ ദൂതനായി അയച്ച, ദൈവത്തിന്റെ കൽപനപ്രകാരം അവർ ശുപാർശ ചെയ്യുന്നവരായി തീരുകയും ഹൃദയം തൊണ്ട

കുഴിയിൽ എത്തുമ്പോൾ അവർ വിനയാന്വിതരായി നിലകൊള്ളുകയും സുജൂദിലേക്ക് വീഴുകയും ചെയ്യുന്നു. അപ്പോൾ അവരുടെ ദുആകൾ ആകാശങ്ങളെ നിറക്കുകയും അവരുടെ രോദനങ്ങൾ മലക്കുകളെ പോലും കരയിപ്പിക്കുകയും ചെയ്യുന്നു. അവരുടെ തഖ്‌വ കാരണമായി അവരുടെ ദുആകൾ കേൾക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ ജനങ്ങൾ അസ്വസ്ഥചിത്തരായിരുന്ന ആ പരീക്ഷണാവസ്ഥയിൽ നിന്ന് മോചനം നൽകപെടുകയും ചെയ്യുന്നു. ഭൂമിയോട് ഒട്ടിചേർന്നു നിൽക്കുന്ന ജനങ്ങളാണ് ഇവർ. അടിക്കടിയായി വരുന്ന ആപത്തുകളുടെ അവസരങ്ങളിൽ അവർ തങ്ങളുടെ തുടർച്ചയായുള്ള സുജൂദുകളിൽ ഭൂമിയിൽ വീണു കിടക്കുന്നവരും കണ്ണുനീരുകൊണ്ട് ഭൂമിയെ കുതിർത്തുകളയുന്നവരുമാണ്. എല്ലാ പ്രയാസങ്ങളേയും ദൂരീകരിക്കുന്നവനായ അല്ലാഹുവിന്റെ മുമ്പിൽ അന്ധകാരനിബിഡമായ രാത്രികളിൽ നില കൊള്ളുന്നവരാണവർ. സത്യഹൃദയത്തോടെ തങ്ങളുടെ പരിപാലകനിലേക്ക് എത്രത്തോളം തിരിയുന്നു എന്നാൽ, ആ സർവ്വലോക സൃഷ്ടാവിനെ അവർ തൃപ്തിപ്പെടുത്തുന്നു. മരണത്തിന്റെ വക്കിൽ നിൽക്കുന്ന ജനങ്ങളെ ജീവിതത്തിലേക്ക് കൊണ്ടുവരാൻ വേണ്ടി അവർ സ്വയം മരണത്തെ സ്വീകരിക്കുന്നു. അങ്ങനെ അവർ വിധിയെ പോലും മാറ്റിമറിക്കുന്നു. മരണത്തെ സ്വീകരിച്ചുകൊണ്ട് ശുപാർശ ചെയ്യുന്നു. പ്രയാസങ്ങൾ സഹിച്ചുകൊണ്ട് സുഖം പ്രദാനം ചെയ്യുന്നു. അവർ കഷ്ടപ്പാടുകൾ സഹിച്ചുകൊണ്ട് പരസ്പര സ്നേഹവും പരസ്പര സൗഹൃദവും സ്ഥാപിക്കുകയും ചെയ്യുന്നു.

അവർ അല്ലാഹുവിന്റെ സൃഷ്ടികളോട് സഹാനുഭൂതി പ്രകടിപ്പിക്കുകയും ആപൽഘട്ടങ്ങളിൽ വരെ ശ്രദ്ധിക്കുകയും ചെയ്യുന്നു. അവർ ചെയ്യുന്ന പ്രവൃത്തികൾ ആകാശങ്ങളിൽ മലക്കുകളെ പോലും അത്ഭുതപ്പെടുത്തുന്നവയാണ്. അങ്ങനെ അവർ നന്മകളിൽ മുൻകടക്കുകയും ചെയ്യുന്നു. അവരുടെ ഹൃദയങ്ങളിൽ ധൈര്യം നിറക്കപ്പെടുന്നു. ആകയാൽ അവർ വിധിനാളുകളോളം (ഖിയാമത്ത്) നീണ്ടുനിൽക്കുന്ന കാഠിന്യങ്ങളിൽ പോലും എപ്പോഴും സജീവമായി നിലകൊള്ളുകയും ചെയ്യുന്നു. അതിൽ അവർ ഭയചകിതരായി തീരുന്നില്ല എന്ന് മാത്രമല്ല വായാടിയെ പോലെ മോശമായി സംസാരിക്കുന്നുമില്ല. മറിച്ച് ജനങ്ങളുടെ ദുർഭാഷണങ്ങളിൽ അവർ നിശബ്ദത കൈകൊള്ളുകയും തങ്ങളുടെ കോപങ്ങളെ അടക്കി നിർത്തുകയും ചെയ്യുന്നു. അവർ ഭൗതീക ലോകമാകുന്ന ശവത്തി

ലേക്ക് ആകർഷിതരാകുന്നില്ല, അതിനെ പട്ടികൾക്കായി വിട്ടുകൊടുക്കുകയാണ് ചെയ്യുന്നത്. അതിനെ അവർ ഒരു പിടി അസ്ഥികൾ മാത്രമായോ ഈച്ചകളുടെ കാഷ്ഠമായോ മാത്രമേ കണക്കാക്കുന്നുള്ളൂ. അവരുടെ ദൃഷ്ടികൾ ആ ഭാഗത്തേക്ക് ഉയരുന്നില്ല എന്ന് മാത്രമല്ല അവർ ആ ദിശയിലേക്ക് ശ്രദ്ധിക്കുക പോലും ചെയ്യുന്നില്ല. അവർ തങ്ങളെ സ്വയം ശാഖനിബിഡമായ വൃക്ഷത്തെ പോലെയാക്കി തീർക്കുന്നു. അതിന്റെ ഫലങ്ങൾ നാനാഭാഗത്ത് നിന്നും വിശന്ന് വലഞ്ഞ് വരുന്ന ആളുകൾ ഭക്ഷിക്കുന്നു. എത്ര നല്ല അതിഥികളും എത്ര നല്ല ആതിഥേയരുമാണവർ. ഈ ആളുകൾ പരിപൂർണ നന്മയുടെ ഉടമസ്ഥരും തിന്മയെ നന്മ കൊണ്ട് ദൂരീകരിക്കുന്നവരുമാണ്. സമസൃഷ്ടികളെ സേവിക്കുന്നവരുമാണ്. അവരെ ദ്രോഹിക്കുന്നവരെ അവർ ദ്രോഹിക്കുന്നില്ല. വിട്ടുവീഴ്ച ആഗ്രഹിക്കുന്നവർക്ക് വിട്ടുവീഴ്ച ചെയ്തുകൊടുക്കുന്നു. നീചരായ ശത്രുക്കളിൽ നിന്ന് അവരുടെ മേൽ അതിക്രമം കാണിക്കപ്പെടുമ്പോൾ അതിനു മറുപടിയായികൊണ്ട് അവർ ഔദാര്യങ്ങളാണ് കാണിക്കുന്നത്. അവർ ചീത്ത പറച്ചിലിനു പകരമായി ചീത്ത പറയാതെ, അതിനായി ശ്രമിക്കുക പോലും ചെയ്യാതെ അതിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നു. അവർ തങ്ങളുടെ ശത്രുക്കൾക്ക് വേണ്ടി അല്ലാഹുവിനോട് നന്മയും സുരക്ഷയും ആയുരാരോഗ്യവും സന്മാർഗത്തിനും വേണ്ടി ദുആ ചെയ്യുന്നു. അവർ തങ്ങളുടെ ഹൃദയങ്ങളിൽ ആരോടും അണു അളവ് പോലും ശത്രുത വച്ച് പുലർത്തുന്നില്ല. അവരുടെ മേൽ മോശമായ ആരോപണങ്ങൾ ഉന്നയിക്കുന്നവർക്കും അവരെ നിന്ദ്യരായി കാണുന്നവർക്കും വേണ്ടി അവർ ദുആ ചെയ്യുന്നു. എതിരാളികൾക്ക് പോലും തങ്ങളുടെ സംഘത്തിൽ അവർ അഭയം നൽകുന്നു. ആകയാൽ അല്ലാഹുവിന് അവർ മുൻഗണന നൽകുന്ന കാരണത്താലും അവന്റെ അടിയാറുകളുടെ മേൽ കരുണ കാണിക്കുന്നത് കൊണ്ടും അവർ ഇഖ്ലാസ് പ്രകടിപ്പിക്കുന്നത് കൊണ്ടും അവൻ അവരുടെ മേൽ വെളിപ്പെടുന്നു. യഥാർഥത്തിൽ ഈ ആളുകൾ തന്നേയാണ് അല്ലാഹുവിന്റെ അബ്ദാലുകളും ഔലിയാക്കളും. ഇവർ തന്നേയാണ് വിജയം പ്രാപിക്കുന്നവർ.

അവരുടെ ആഗമനം കൊണ്ട് ഭൂമിക്ക് അനുഗ്രഹം നൽകപെടുന്നു. ജനങ്ങൾക്ക് അവരുടെ ദു:ഖങ്ങളിൽ മോചനം നൽകപെടുന്നു. ആകയാൽ അവരുമായി ബന്ധം പുലർത്തുന്ന ആളുകൾ അനുഗൃഹീതർ. അല്ലയോ രക്ഷിതാവേ, ജനങ്ങൾ ഉയർത്തപ്പെടുകയും ഹാജരാക്ക

പ്പെടുകയും ചെയ്യുന്ന ദിനം വരെ എന്നെ അവരിൽ ഉൾപ്പെടുത്തു കയും നീ എന്റെതായി തീരുകയും എന്റെ കൂടെ ഉണ്ടാവുകയും ചെയ്യേണമേ. അല്ലയോ എന്റെ രക്ഷിതാവേ, എന്നോട് ശത്രുത പുലർത്തുന്ന ആളുകളെ നീ പിടിക്കരുതേ, കാരണം അവർ എന്നെ തിരിച്ചറിഞ്ഞിട്ടില്ല, അവർക്ക് ഉൾകാഴ്ചയും ലഭ്യമായിട്ടില്ല. ആക യാൽ അല്ലയോ എന്റെ രക്ഷിതാവേ, നിന്റെ സന്നിധിയിൽ നിന്ന് അവരുടെ മേൽ കരുണ ചൊരിയേണമേ. സന്മാർഗം സിദ്ധിച്ച ജന ങ്ങളിൽ അവരെ ഉൾപ്പെടുത്തേണമേ. അല്ലയോ നിഷേധികളെ, നിങ്ങൾ നന്ദി പ്രകടിപ്പിക്കുകയും സത്യവിശ്വാസം കൈ കൊള്ളുക യും ചെയ്യുകയാണെങ്കിൽ അല്ലാഹുവിനു നിങ്ങളെ ശിക്ഷിക്കേ ണ്ട എന്ത് ആവശ്യമാണുള്ളത്? നിങ്ങൾ അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കുകയില്ലേ? നിങ്ങൾ നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയും കൊള്ളയടിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്തിരുന്ന അവസര ത്തിൽ അവൻ നിങ്ങളെ കണ്ടെത്തിയിരിക്കുകയാണ്. നിങ്ങൾ കൃത ജ്ഞത പ്രകടിപ്പിക്കുകയാണെങ്കിൽ അവൻ നിങ്ങൾക്ക് കൂടുത ലായി നൽകുന്നതാണ്. നിങ്ങൾ പ്രകടിപ്പിക്കുന്ന ആഗ്രഹങ്ങളും അഭിലാഷങ്ങളുമെല്ലാം നിങ്ങൾക്ക് നൽകപ്പെടുന്നതാണ്. എന്നാൽ നിങ്ങൾ നന്ദികേടാണ് കാണിക്കുന്നതെങ്കിൽ നരകം നന്ദിക്കേട് കാണിക്കുന്ന ആളുകളെ വലയം ചെയ്യുന്നതാണ്.

അവരുടെ ഒരടയാളം അവർ ഏറ്റവും ചെറിയ വസ്തുക്കളെ പോ ലും - ഒരു ഉറുമ്പിനെ പോലും - ദ്രോഹിക്കുന്നില്ല എന്നതും ബല ഹീനരോട് കരുണ കാണിക്കുന്നു എന്നതുമാണ്. അവർ (ആരോടും തന്നെ) പൂർണമായി ബന്ധം വിച്ഛേദിക്കുന്നില്ല. ദുഷ്ടന്മാർ അവ രോട് ശത്രുത കാണിക്കുകയും അവരെ എല്ലാ നിലയിലും ദ്രോഹി ക്കുകയും അവരോട് അതിക്രമം കാണിക്കുകയും ചെയ്താലും അവർ തങ്ങളുടെ ശത്രുക്കൾക്ക് സന്മാർഗം ലഭിക്കണമെന്ന ഉദ്ദേശ ത്തോടു കൂടി അവർക്ക് വേണ്ടി ദുആ ചെയ്യുകയാണ് ചെയ്യുന്നത്. നീ അവരെ ദു:സ്വഭാവികളും കഠിനഹൃദയരെ പോലെയുമായി കാണുകയില്ല. നീ പൗരസ്ത്യ പശ്ചിമ ദിക്കുകളിൽ അന്വേഷിച്ചാലും അവരെ പോലുള്ള കാരുണ്യഹൃദയരും ജനങ്ങളുടെ ഗുണകാംക്ഷി കളുമായ ആളുകളേയും കാണുകയില്ല. പ്രയാസങ്ങളിൽ അകപ്പെട്ട ആളുകൾക്ക് വേണ്ടി അവർ ദുആ ചെയ്യുന്നു. ഏത്വരെയെന്നാൽ അതിനായി തങ്ങളുടെ ജീവനെ പോലും നാശത്തിൽ അകപ്പെടു ത്തുകയും ചെയ്യുന്നു. അങ്ങിനെ ഇതുപോലുള്ള ഒരവസ്ഥ അവ

രുടെ ആത്മാവിൽ സംജാതമായി കഴിഞ്ഞാൽ പിന്നെ അവരുടെ ദുആ ആ ഏകനായവന്റെ സന്നിധിയിൽ കേൾക്കപ്പെടുകയും പിന്നീട് അതിനെ കുറിച്ച് അവർക്ക് വിവരം നൽകപ്പെടുകയും ചെയ്യുന്നു. കാരണം അവർ തങ്ങളുടെ ദുആകളെ അതിന്റെ പാരമ്യത്തിലെത്തിക്കുകയും (അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള) സഹാനുഭൂതിയാകുന്ന കടമ പൂർണ്ണമായും നിർവ്വഹിക്കുകയും അതിൽ ഒരു തരത്തിലുള്ള അലംഭാവം അനുവർത്തിക്കുകയും ചെയ്യുന്നില്ല. അവർ തങ്ങളെ തന്നെ ഉരുക്കി കളയുകയും അവരുടെ ജീവനെ നാശത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നു. അങ്ങനെ അത് മുഖേന ഒരുപാട് ജീവിതങ്ങളെ അവർ നാശത്തിൽ നിന്ന് രക്ഷപ്പെടുത്തുന്നു. ഇതേ പ്രകാരമാണ് അവർക്ക് മഹത്തായൊരു (പരിശുദ്ധ) പ്രകൃതം നൽകപ്പെടുന്നത്. അത് പ്രകാരം അവർ പ്രവർത്തിക്കുന്നു. അന്ധകാരനിബിഡമായ രാത്രികളിൽ ജനങ്ങൾ ഉറങ്ങികൊണ്ടിരിക്കുമ്പോൾ അവർ ഉണർന്ന് നിൽക്കുകയാണ് ചെയ്യുന്നത്. അവർ തങ്ങളുടെ (സുകൃത) കർമ്മങ്ങളുടെ പ്രകാശം ഈ ലോകത്ത് തന്നെ ദർശിക്കുകയും നിത്യേനയെന്നോണം തങ്ങളുടെ ആ പ്രകാശത്തിൽ മുന്നേറികൊണ്ടിരിക്കുകയും ചെയ്യുന്നു. തങ്ങളുടെ ആത്മാവുകൾക്ക് വേണ്ടി ഒരുക്കിവെച്ച (സൽകർമ്മങ്ങളുടെ) ശ്യാമളത അവർ നോക്കി കാണുകയും ചെയ്യുന്നു. അവർ ലഹരിക്കടിമപ്പെട്ടവരെ പോലെയായിരിക്കുകയില്ല. അവർ എത്ര ചെറിയതാണെങ്കിൽ പോലും എല്ലാ പാപങ്ങളിൽ നിന്നും വിട്ടുനിൽക്കുന്നവരാണ്. അതിന്റെ അയലത്തുപോലും അവർ ചെല്ലുന്നില്ല എന്ന് മാത്രമല്ല അതിനെ നിസ്സാരമായി ഗണിക്കുകയും ചെയ്യുന്നില്ല. സൽകർമ്മങ്ങളെ അവർ ആദരിക്കുകയാണ് ചെയ്യുന്നത്. അതിനെ അനാദരിക്കുകയല്ല ചെയ്യുന്നത്. ഞാൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവന്റെ ഔലിയാക്കളിൽപ്പെട്ടവനാണ്. നിങ്ങളത് തിരിച്ചറിയുന്നില്ലേ? ഞാൻ നിങ്ങളുടെ പക്കൽ വ്യക്തമായ അടയാളങ്ങളുമായിട്ടാണ് വന്നിട്ടുള്ളത്. നിങ്ങളത് കാണുന്നില്ലേ? സൂര്യനും ചന്ദ്രനും ഗ്രഹണം സംഭവിച്ചു കഴിഞ്ഞില്ലേ? എല്ലാ രാജ്യങ്ങളിലും ഒട്ടകങ്ങൾ പ്രയോജനരഹിതമായി തീർന്നില്ലേ? നിങ്ങൾക്കെന്താണ് സംഭവിച്ചത്? നിങ്ങൾ ചിന്തിക്കുന്നില്ലേ? കാരുണ്യവാനായ ദൈവത്തിൽ നിന്ന് വ്യക്തമായിട്ടുള്ള അടയാളങ്ങൾ വന്നുകഴിഞ്ഞിരിക്കുന്നു. അവനിൽ നിന്ന് പ്രകടമായ തെളിവുകൾ ഇറങ്ങികഴിഞ്ഞിരിക്കുന്നു. അതിനുശേഷവും നിങ്ങളുടെ ഹൃദയങ്ങളിൽ ഏത് തരത്തിലുള്ള സംശയങ്ങളാണ് വ്യാകുലത സൃഷ്ടിക്കുന്നത്? അല്ലയോ മുഖം

തിരിച്ചുകളയുന്നവരെ, ഇനിയും നിങ്ങളുടെ പക്കൽ എന്ത് ഒഴിവു കഴിവാണ് ശേഷിച്ചിട്ടുള്ളത്? പ്ലേഗ് പരക്കുകയും നിരവധി മരണങ്ങൾ സംഭവിക്കുകയും ചെയ്തില്ലേ? കളവും പാപങ്ങളും ദുഷ്കർമ്മങ്ങളും സർവ്വസാധാരണമായി കഴിഞ്ഞില്ലേ? ബഹുദൈവവിശ്വാസികളായ സമുദായങ്ങൾ വിജയം പ്രാപിച്ചു കഴിഞ്ഞില്ലേ? ലോകത്ത് ഒരു മഹത്തായ വിപ്ലവത്തിന്ന് തുടക്കം കുറിച്ചു കഴിഞ്ഞില്ലേ? അതിനെ നിങ്ങൾ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അതിന്റെതായ ഒട്ടുമിക്ക (അടയാളങ്ങളും) പ്രകടമായി കഴിഞ്ഞില്ലേ? നിങ്ങൾക്കെന്താണ് സംഭവിച്ചിരിക്കുന്നത്. നിങ്ങൾ ശുഭചിന്തയോടെ പ്രവൃത്തിക്കുന്നില്ല. നിങ്ങൾ അതിരുകൾ ലംഘിക്കുകയാണ് ചെയ്യുന്നത്.

അല്ലയോ ജനങ്ങളെ, മുത്തഖീങ്ങളാണെങ്കിൽ പിന്നെ നിങ്ങൾ എന്തിനാണ് അല്ലാഹുവിനേയും അവന്റെ ഹകമിനേയും മറികടക്കുന്നത്. പരിപൂർണ്ണമായ അറിവ് ഇല്ലാതിരുന്ന അവസരത്തിൽ നിങ്ങൾ നിഷേധിച്ചു എന്നതാണോ നിങ്ങളുടെ തഖ്‌വ? നിങ്ങൾ നിർമ്മലഹൃദത്തോടെ സ്വയം ചോദിക്കുന്നില്ല. നിങ്ങളോട് ചോദിക്കുമ്പോഴാകട്ടെ, നിങ്ങൾ കോപിഷ്ഠരാകുന്നു. ഈ നൂറ്റാണ്ടിന്റെ തലക്കൽ എന്നെ നിയോഗിതനാക്കിയിരിക്കുന്നു എന്നതും അല്ലാഹുവിന്റെ ദീനിനെ ഉത്തമമായ രീതിയിൽ പുനരുദ്ധരിക്കുന്നതിന്നായി എന്നെ തിരഞ്ഞെടുത്തിരിക്കുന്നു എന്നതും നിങ്ങൾക്ക് അസഹ്യമാണോ? ഈസായെ ആരാധ്യനാക്കുന്നതിൽ അതിരു ലംഘിച്ച സമുദായത്തെ നിശബ്ദരാക്കുന്നതിനു വേണ്ടിയും അവർ ഉയർത്തിപ്പിടിക്കുകയും (ഏതൊന്നിനെ) ആരാധിക്കുകയും ചെയ്യുന്നുവോ ആ കുരിശിനെ ഉടക്കുന്നതിന്നുവേണ്ടിയുമാണ് ഇത്. അല്ലെങ്കിൽ എന്റെ റബ്ബ് അവന്റെ വഹ്‌യിൽ നിങ്ങളോട് എതിർപ്പ് കാണിച്ചിരിക്കുന്നു എന്നതാണോ നിങ്ങളെ കോപിഷ്ഠരാക്കിയത്? ഇതേപോലെ തന്നെയായിരുന്നു ഇതിനുമുമ്പ് യഹൂദികളും കോപിഷ്ഠരായത്? നിങ്ങൾക്കെന്താണ് സംഭവിച്ചത്? നിങ്ങൾ പാഠം ഉൾക്കൊള്ളുന്നില്ലേ?

അല്ലയോ ജനങ്ങളെ, (തക്കസമയത്ത് തന്നെ ആഗതനായ മസീഹാണ് ഞാൻ) ആകാശത്ത് നിന്നുള്ള തിളങ്ങുന്ന തെളിവുകളോടൊപ്പമാണ് ഇറങ്ങിയിരിക്കുന്നത്. അങ്ങനെ അദ്ദേഹം നിങ്ങൾക്ക് അല്ലാഹുവിന്റെ അടയാളങ്ങൾ കാണിച്ചു തന്നു, നിങ്ങളിലും തന്റെ അസ്തിത്വത്തിലും തന്റെ സഹായികളിലും. കാലം അതിനായി തന്റെ അവസ്ഥകൊണ്ട് സാക്ഷ്യം നൽകിയിരിക്കുന്നു. അതി

നായി അല്ലാഹു തന്റെ ഖുർആനിലും സാക്ഷ്യം നൽകിയിരിക്കുന്നു. ആകയാൽ അല്ലാഹുവിന്റെ സാക്ഷ്യത്തിനും അവന്റെ പ്രസ്താവനക്കും എതിരായികൊണ്ട് നിങ്ങൾ ഏതൊന്നിനെയാണ് വിശ്വസിക്കുക? അല്ലാഹുവിനെ കണ്ടുമുട്ടുന്നതിന്റേയും അവനെ ഭയപ്പെടുന്നതിന്റേയും ദിവസം വന്നെത്തിയിട്ടില്ലേ? തന്റെ അഗ്നികൊണ്ട് ചർമ്മങ്ങളെ ഉരുക്കികളയുന്ന ആ ദിനത്തെ തൊട്ടും നിങ്ങൾ ഭയപ്പെടുന്നില്ലേ? അല്ലാഹുവിന്റെ ആയത്തുകളെ സംബന്ധിച്ച് നിങ്ങൾ എന്ത് കൊണ്ടാണ് ചിന്തിക്കാത്തത്? അവന്റെ ഫുർഖാനെക്കാൾ മുന്നിട്ടു നിൽക്കുന്ന മറ്റെന്ത് സാക്ഷ്യമാണുള്ളത്? ഞാൻ അല്ലാഹുവിന്റെ ഭാഗത്ത്നിന്നുള്ള ആളാവുകയും നിങ്ങൾ എന്നെ നിരാകരിക്കുകയും ചെയ്യുകയാണെങ്കിൽ പിന്നെ നിങ്ങൾക്ക് അവന്റെ രക്ഷയിൽ എങ്ങനെ പങ്കു ലഭിക്കാനാണ് എന്ന കാര്യവും നിങ്ങൾ ചിന്തിക്കുന്നില്ലേ? നിങ്ങൾ യഹൂദികളുടെ സംഭവങ്ങൾ വായിക്കുന്നില്ലേ? അവർ എങ്ങനെയാണ് കുരങ്ങുകളാക്കപ്പെട്ടത്? നിങ്ങൾ ഇപ്പോൾ സമർപ്പിക്കുന്ന ആ ഒഴികഴിവുകൾ തന്നെയായിരുന്നുവല്ലോ അവരുടെ പക്കലും ഉണ്ടായിരുന്നത്? അതിനാൽ നിങ്ങൾ നിങ്ങളുടെ ജീവനിൽ കരുണ കാണിക്കുക. ഈ ശൂരത നിങ്ങൾ എത്രത്തോളം പ്രകടിപ്പിക്കും? അല്ലയോ വിവരദോഷികളെ, അല്ലാഹുവിനോട് യുദ്ധം ചെയ്യരുത്. നിങ്ങൾക്കെന്താണ് സംഭവിച്ചത്? നിങ്ങൾ നിങ്ങളുടെ മരണത്തെ ഓർക്കുകയും അതിനെ ഭയപ്പെടുകയും ചെയ്യുന്നില്ല. ആ ഗയ്യൂർ (അല്ലാഹു) ആണ് എന്നെ അയച്ചിരിക്കുന്നത്. അവനോടാണ് നിങ്ങൾ അനുസരണക്കേട് കാണിച്ചിരിക്കുന്നത്. നിസ്സംശയം അവൻ കഠിനമായി ശിക്ഷിക്കുന്ന ഒരുവനാണ്. അവന്റെ ശിക്ഷ അപരാധികളായ ജനങ്ങളിൽ നിന്ന് നീക്കപ്പെടുകയില്ല. തീർച്ചയായും അവൻ നിങ്ങളുടെ നാവുകളിൽ നിന്ന് പുറപ്പെടുന്ന വാക്കുകളെ കേൾക്കുകയും നിങ്ങളുടെ ഗൂഢാലോചനകളേയും എല്ലാ കുതന്ത്രങ്ങളേയും കാണുകയും ചെയ്യുന്നു. ഏത് തലത്തിലേക്കാണ് തങ്ങളെ തിരിച്ചുകൊണ്ടുപോകപ്പെടുക എന്ന് അതിക്രമികളായ ജനങ്ങൾ തീർച്ചയായും അറിയുന്നതാണ്. സത്യവാനും കള്ളനുമിടയിൽ വ്യത്യാസം കൽപിക്കാത്തവരും ഭയപ്പെടാത്തവരുമായ ആളുകൾക്ക് നാശം. സത്യവാന്മാരെ അവരുടെ മുഖങ്ങളിൽ തിരിച്ചറിയാത്തവരും സൂക്ഷ്മനിരീക്ഷണത്തോടെ പ്രവർത്തിക്കാത്തവരുമാണ് അവർ. സമീപസ്ഥരുടെ വചനങ്ങളിൽ അഭിരുചി പ്രകടിപ്പിക്കാത്തവരും അടയാളങ്ങളിൽ നിന്ന് ഗുണമെടുക്കാത്തവരുമാണ് അവർ. അല്ലാഹു അവരുടെ ഹൃദയങ്ങളിൽ മുദ്ര

ചെയ്തിരിക്കുകയാണ്. അവർ ബുദ്ധി ഉപയോഗിച്ച് പ്രവർത്തിക്കുന്നില്ല.

അല്ലയോ ജനങ്ങളെ, നിങ്ങൾ എന്നെ കളവാക്കുന്നതിൽ എന്തിനാണ് ധൃതി കാണിക്കുന്നത്? നിങ്ങൾക്കെന്താണ് സംഭവിച്ചത്? നിങ്ങൾ മുത്തഖീങ്ങളെ പോലെ നടക്കുന്നില്ല, നിരർഥകമായി സംസാരിക്കുന്നു. അന്തസ്സ് കൈകൊള്ളുന്നുമില്ല. നിങ്ങൾക്കെന്താണ് സംഭവിച്ചത്? ഈസായെ സംബന്ധിച്ച് പ്രതാപവാനായ അല്ലാഹുവിന്റെ വാക്കുകളായ 'ഫലമ്മാ തവഫ്ഫയ്ത്തനീ' എന്നതിനെ കുറിച്ച് നിങ്ങൾ ചിന്തിക്കുന്നില്ല. നിങ്ങൾ മരിക്കുകയില്ലേ? എന്നെന്നും ജീവിച്ചിരിക്കുമോ? ഈസാ ആകാശത്തേക്ക് കയറിപ്പോകുമ്പോൾ നിങ്ങൾ അദ്ദേഹത്തെ കണ്ടിരുന്നുവോ? അങ്ങനെയാണെങ്കിൽ ഞങ്ങൾ കാണുകയും സാക്ഷിയാവുകയും ചെയ്ത കാര്യത്തെ കുറിച്ച്, എങ്ങിനെ ഉപേക്ഷിക്കാനാണ് എന്ന് നിങ്ങൾക്ക് പറയാം. നിങ്ങൾക്ക് നാശം. അറിവില്ലാതെ കണ്ട് പൊതുജനങ്ങളെ നിങ്ങൾ എന്തിനാണ് വഴികേടിലാക്കുന്നത്? നിങ്ങൾ ആരിലേക്കാണോ മടക്കപ്പെടുന്നത്, ആ അസ്തിത്വത്തെ നിങ്ങൾ ഭയപ്പെടുന്നില്ല. നിങ്ങൾ അസത്യത്തിൽ ശാഠ്യപൂർവ്വം നിലകൊള്ളുകയാണ്. നിങ്ങൾ അസത്യമാണ് പറയുന്നതെന്ന് അറിഞ്ഞുകൊണ്ട് തന്നെ വീണ്ടും ആ അസത്യത്തിൽ ധാർഷ്ട്യം കാണിക്കുകയാണ്. ഞാൻ നിങ്ങളിൽ നിയോഗിക്കപ്പെട്ടില്ലായിരുന്നുവെങ്കിൽ നിങ്ങൾ ഒഴിവാക്കപ്പെടുമായിരുന്നേനെ. എന്നാൽ അല്ലാഹു എന്നെ നിയോഗിച്ചിരിക്കെ ഇനി നിങ്ങളുടെ പക്കൽ ഒരു വിധത്തിലുള്ള ഒഴികഴിവും തന്നെ ശേഷിക്കുന്നില്ല. നിങ്ങൾക്കെന്താണ് സംഭവിച്ചത്? നിങ്ങൾക്ക് ഭയം തോന്നുന്നില്ലേ? അല്ലാഹുവിന്റെ ഹകമി (നീതിമാനായ വിധികർത്താവ്)നോട് നിങ്ങൾ പ്രവർത്തിച്ചത് വളരെ മോശമാണ്. അതേ പോലെ നിങ്ങൾ കുറ്റാരോപണം നടത്തുന്നതും മോശമാണ്.

നിങ്ങളുടെ മേൽ കഷ്ടം തന്നെ. നിങ്ങൾ കാലഘട്ടത്തെ തിരിച്ചറിഞ്ഞില്ല. പ്രവാചകന്മാരുടെ പ്രഖ്യാപനങ്ങളെ നിങ്ങൾ ഓർത്തില്ല. അല്ലാഹു തന്റെ സന്നിധിയിൽ നിന്ന് അടയാളങ്ങൾ മുഖേന നിങ്ങളുടെമേൽ ഔദാര്യം ചെയ്തിരിക്കുകയാണ്. എന്നാൽ നിങ്ങൾ അവയുടെ മേൽ ദൃഷ്ടി പതിപ്പിക്കുക പോലും ചെയ്തില്ല. നിങ്ങൾ തങ്ങളെ തന്നെ അന്ധരും ബധിരരുമാക്കി തീർക്കുകയും മരിച്ചവരായ ജനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തു. നിങ്ങൾ തങ്ങളുടെ വഴികേടുകളിൽ നിന്ന് ഒരു അണുഅളവ് പോലും ഉപേക്ഷിച്ചില്ലെന്ന്

മാത്രമല്ല, അവയിൽ ദു:ശ്ശാഠ്യം കാണിക്കുകയും ചെയ്തു. അല്ലാഹു തന്റെ മസീഹിന്റെ ആഗമനത്തിനുള്ള സമയത്തെ കുറിച്ച് പൂർണ്ണമായ രൂപത്തിൽ നിങ്ങളുടെ മേൽ സ്പഷ്ടമാക്കുകയും ഒരു തെളിവുപോലും ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ടായിരുന്നില്ല. ബദറിൽ നിങ്ങൾ ബലഹീനരായിരുന്ന അവസ്ഥയിലാണ് അല്ലാഹു നിങ്ങളെ സഹായിച്ചിരുന്നത്. നിങ്ങൾ ആ ഒരു രഹസ്യം മനസ്സിലാക്കാത്തതും അതിലേക്ക് ശ്രദ്ധചെലുത്താത്തതും എന്ത് കൊണ്ടാണ്? ഈ നൂറ്റാണ്ട് ബദ്റിന്റെ(14ാം) നൂറ്റാണ്ടല്ലേ? എന്നിട്ടും നിങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾക്ക് മതിയായ പരിഗണന നൽകാത്തത് എന്ത്കൊണ്ടാണ്? അവയെ ഉപയോഗപ്പെടുത്താത്തതും അവയിൽ നിന്ന് പ്രയോജനമെടുക്കാത്തതും എന്ത് കൊണ്ടാണ്? അവിവേകികൾ പറയുന്നത് ഭിന്നിച്ചുപോയ ആ വ്യക്തിയെ ഞങ്ങൾ എങ്ങനെയാണ് പിൻതുടരുക എന്നും എങ്ങനെ ഞങ്ങൾ ഭൂരിപക്ഷത്തെ ഉപേക്ഷിക്കുക എന്നുമാണ്? ഭൂരിപക്ഷത്തിൽ നിന്ന് വിച്ഛേദിക്കപ്പെട്ടുകൊണ്ട് വഴികേടിൽ നിന്ന് പരിശുദ്ധമാക്കപ്പെട്ടവരല്ലാത്ത ഒരു നബിയും തന്നെ വന്നിട്ടില്ല. നാം അവരുടെ ദുർമന്ത്രണങ്ങളെ എങ്ങനെയാണ് ദൂരീകരിക്കുന്നതെന്നും എന്നിട്ടും അവർ എങ്ങനെ അന്ധരായി തീരുന്നുവെന്നും നീ നോക്കി കാണുക. അവർ ഓരോരുത്തരായി അവന്റെ സന്നിധിയിലേക്ക് തിരിച്ചയക്കപ്പെടുകയും എന്നിട്ട് അവരോട് അവരുടെ കർമ്മങ്ങളെ കുറിച്ച് ചോദിക്കപ്പെടുകയും ചെയ്യുന്ന ആ ദിവസത്തെ അവർ മറന്നു കളഞ്ഞിരിക്കുകയാണ്. അവർക്കെന്താണ് സംഭവിച്ചത്? അവർ മൂസ, ഈസാ, നമ്മുടെ നബി(സ) തിരുമേനി എന്നിവരിൽ ദൃഷ്ടി പതിപ്പിക്കുന്നില്ല. അവരൊക്കെ തങ്ങളുടെ ആരംഭഘട്ടത്തിൽ (ഭൂരിപക്ഷത്തിൽ നിന്ന്) ഏകരായികൊണ്ട് നിയോഗിക്കപ്പെടുകയും പിന്നീട് സാത്വികരുടെ ഒരു സംഘം അവർക്ക് ചുറ്റും ഒരുമിച്ചു കൂടുകയും എല്ലാവരും സാക്ഷ്യപ്പെടുത്തുകയും ചെയ്തു. ഏകാന്തനായ ആ വ്യക്തിയെ പരിപൂർണ്ണമായി സ്വീകരിക്കുകയും അവരെ വിശ്വസിക്കുകയും ചെയ്തു. അവർ തങ്ങളുടെ ഭൂരിപക്ഷത്തെ ഉപേക്ഷിച്ചു. നരകത്തിനായി സൃഷ്ടിക്കപ്പെട്ടവരൊഴികെ. ആകയാൽ തങ്ങളുടെ കാലഘട്ടത്തിലെ പ്രവാചകനെ ഉപേക്ഷിച്ചവർക്ക് നാശം തന്നെ. ഇവർ തന്നെയാണ് (ജമാഅത്തിൽ നിന്ന്) വേറിട്ടു പോയവരും അവർക്കാണ് നമ്മുടെ നബി ഫയ്ജെ അഅ്വജ് എന്നും അശുഭകരമെന്നും പേര് നൽകിയത്. എന്നിട്ട് പറഞ്ഞു, അവർ എന്നിൽ നിന്നുമല്ല, ഞാൻ അവരിൽ നിന്നുമല്ല. ഇവരാണ് ആദ്യം പറഞ്ഞ

പോലെ ഒറ്റപ്പെട്ടുപോയവർ. അവരുടെ അടുക്കൽ അവരുടെ റബ്ബിൽ നിന്ന് ഹകം (നീതിമാനായ വിധികർത്താവ്) വന്നപ്പോൾ അവർ തങ്ങളുടെ കണ്ണുകൾ കുത്തിപൊട്ടിച്ചുകളയുകയും തങ്ങളുടെ കാതുകളെ ബധിരമാക്കികളയുകയും അതിനെ കുറിച്ച് ഒരു അന്വേഷണവും തന്നെ നടത്താതെ അവർ ഊമകളെ പോലെ ആയിത്തീരുകയും ചെയ്തു. നിശ്ചയമായും അല്ലാഹു എന്നെ ഈ നൂറ്റാണ്ടിന്റെ തലക്കലാണ് നിയോഗിതനാക്കിയത്. കാരണം അവൻ ഇസ്ലാമിനെ ബലഹീനതകളുടെ ഗർത്തത്തിൽ ആപതിച്ചു കിടക്കുന്നതായി കണ്ടു. അവൻ അതിനെ ഒരു കൊള്ളരുതാത്ത ഇരുണ്ട ഭൂമിയായോ ചീഞ്ഞളിഞ്ഞ സസ്യമായോ ദുർഗന്ധം വമിക്കുന്ന മാംസത്തെ പോലെയോ ആണ് കണ്ടത്. അത് തികച്ചും ചീഞ്ഞളിഞ്ഞ് അങ്ങേയറ്റം അഴുകിയ അവസ്ഥയിലുള്ള ഒരു വൃക്ഷത്തെ പോലെ ആയി പോകുമായിരുന്നു. സത്യത്തിൽ നിലകൊള്ളുന്നവരെ, ക്രിസ്ത്യാനികൾ വഴിപിഴപ്പിച്ചുകൊണ്ട് ക്രിസ്തീയരാക്കുന്നതായും നമ്മുടെ നബി(സ)തിരുമേനിയെ ആക്രമത്തിന്റേയും അസത്യത്തിന്റേയും മാർഗത്തിലൂടെ ചീത്തപറഞ്ഞു കൊണ്ടിരിക്കുകയും അതിൽ നിന്ന് പിൻമാറാതിരിക്കുകയും ചെയ്യുന്നതായും അവൻ കണ്ടു. ഉത്തരം മുട്ടിക്കുവാനുള്ള കഴിവ് പണ്ഡിതന്മാരിൽ നഷ്ടപ്പെട്ടതായും ഭാഷാചാതുരി ഇല്ലാതിരിക്കുകയും അവരുടെ വാക്കുകൾ ഹൃദയത്തിലേക്ക് ഇറങ്ങിചെല്ലാതിരിക്കുന്നതായും അവൻ കണ്ടു. കാരണം അവർ അല്ലാഹുവിന്റെ ആത്മാവോടു കൂടിയിട്ടല്ല സംസാരിക്കുന്നത്. അവരിൽ ഭാഷാവൈഭവവും ഇല്ല. മറിച്ച് അവരിൽ തളർച്ചയാണ് കാണപ്പെടുന്നത്. അവർ വ്യക്തമല്ലാത്ത കാര്യങ്ങളാണ് സംസാരിക്കുന്നത്. അതിനുള്ള കാരണം അവർ പറയുന്നത് പ്രവൃത്തിക്കാതെ തങ്ങളുടെ റബ്ബിനോട് അനുസരണക്കേട് കാണിക്കുകയാണ്. അതേപോലെ പ്രകടനാത്മകതയോടെയാണ് പെരുമാറുന്നത്. ഞാൻ എന്റെ റബ്ബിന്റെ ഭാഗത്ത് നിന്ന് അവരുടെ അടുക്കൽ വന്നപ്പോൾ അവർ മുഖം തിരിക്കുകയും ഇവൻ കള്ളനോ ഭ്രാന്തനോ ആണെന്നാണ് പറഞ്ഞത്. ഞാൻ അവരുടെ അടുത്തേക്ക് വന്നപ്പോൾ അവർ നന്മകളെ മറന്നുകളയുകയും നന്മകളിൽ നിന്ന് ദൂരപ്പെട്ടുപോവുകയും ചെയ്തിരുന്ന അവസ്ഥയിലായിരുന്നു. സുഗന്ധം പരത്തുന്ന വൃക്ഷത്തെ പിൻപുറം തള്ളുകയും ചീഞ്ഞളിഞ്ഞ് ദുർഗന്ധം വമിക്കുന്ന വൃക്ഷത്തിൽ സന്തോഷിക്കുകയുമായിരുന്നു. ഞാൻ അവർക്ക് വേണ്ടി വ്യക്തമായ അടയാളങ്ങളോടുകൂടിയ ചില പുസ്തകങ്ങൾ രചിച്ചത്, അവർ ചിന്തിക്കുകയും മനസ്സിലാക്കു ക

യും ചെയ്യാൻ വേണ്ടിയിട്ടായിരുന്നു. എന്നാൽ അവയ്ക്കുള്ള മറു പടിയായികൊണ്ട് ചിരിയും പരിഹാസവുമല്ലാതെ മറ്റൊന്നുമുണ്ടാ യിരുന്നില്ല. അങ്ങനെ അവർ ബോധപൂർവ്വം അല്ലാഹുവിന്റെ അട യാളങ്ങളെ നിഷേധിക്കുകയും ഇതെല്ലാം തന്നെ കറ്റ്കെട്ട് മാത്രമാ ണെന്ന് പറയുകയും ചെയ്തു. ഇക്കാര്യത്തിൽ മറ്റുള്ളവരും അവരെ സഹായിക്കുകയും ചെയ്തു.

ചിലർ പറയുന്നത്, ഇയാൾ നാസ്തികനാണ്. അല്ലാഹുവിൽ വിശ്വസിക്കുന്നില്ല. അല്ലയോ കാണുന്നവരെ, നാം എഴുതിയതും പ്രസിദ്ധീകരിച്ചതും വായിക്കുക. എന്നിട്ട് ചിന്തിക്കുക. ഈ ആളുകൾ എത്രത്തോളം വ്യർഥമായ കാര്യങ്ങളാണ് പറയുന്നത് എന്നും ചിന്തിക്കുക. നിശ്ചയമായും കാതും കണ്ണും ഹൃദയവുമടക്കം എല്ലാ ഓരോന്നിനോടും ചോദിക്കപ്പെടുന്നതാണ്. ആകയാൽ അവർ അല്ലാഹുവുമായി കണ്ടുമുട്ടുകയും അവരോട് ചോദിക്കപ്പെടുകയും ചെയ്യുന്ന ദിവസം അവർക്ക് നാശം തന്നെ. അല്ലാഹുവിന്റെ മേൽ കള്ളം ചമക്കുകയോ അവന്റെ അടയാളങ്ങളെ കളവാക്കുകയോ ചെയ്യുന്നവനേക്കാൾ വലിയ ആക്രമിയായവൻ മറ്റാരാണ്? അക്രമി ഒരിക്കലും തന്നെ വിജയം കൈവരിക്കുകയില്ല എന്നതാണ് സത്യം. അവർ പറയുന്നു, നീ അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് ശക്തമായ ഒരു തെളിവും തന്നെ കൊണ്ടുവന്നിട്ടില്ല. അവർക്ക് കണ്ണുണ്ടെങ്കി ലും അവർ അത് മുഖേന കാണുന്നില്ല എന്നതും അവർക്ക് ഹൃദയമു ണ്ടെങ്കിലും അത് മുഖേന അവർ മനസ്സിലാക്കുന്നില്ല എന്നതും അവർക്ക് കാതുകൾ ഉണ്ടെങ്കിലും അത് മുഖേന അവർ കേൾക്കു ന്നില്ല എന്നതുമാണ് സത്യം. അവരുടെ അവസ്ഥ നാൽക്കാലിക ളുടേത് പോലെയാണ്. യാതൊരു കടിഞ്ഞാണുമില്ലാതെ അലഞ്ഞു തിരിഞ്ഞു മേഞ്ഞുകൊണ്ടിരിക്കുകയുമാണവർ. സത്യം വെളിപ്പെ ട്ടിരിക്കുകയാണ്. അവർ സത്യതിൽ നിന്ന് മുഖം തിരിച്ചുകളയു കയുമാണ്. സത്യത്തെ മറച്ചുവെക്കുക എന്ന ഉദ്ദേശത്തോടു കൂടി അവർ പുസ്തകങ്ങളെഴുതുകയാണ്. നാം അവരുടെ കരങ്ങളെ ബന്ധിച്ചിരിക്കുകയാണ്. അതിനാൽ അവർക്ക് എഴുതാൻ സാധ്യമല്ല. ഞാനെപ്പോഴും തന്നെ അവരോട് ശപഥം ചെയ്തു പറഞ്ഞത്, നിങ്ങൾ സത്യവാന്മാരാണെങ്കിൽ എതിരിടാനായി മുന്നോട്ടു വരിക എന്നാണ്. അപ്പോൾ അവർ തങ്ങളുടെ സ്ഥാനങ്ങളിൽ തന്നെ പുറത്ത് വരാതെ ഒട്ടിപ്പിടിച്ചിരിക്കുകയാണ് ചെയ്തത്. ഭൂമി അവരെ തന്റെ ഉള്ളിൽ ഒളിപ്പിച്ചുകളഞ്ഞപോലെ അവർ അപ്രത്യക്ഷരാവു

കയും ചെയ്തു. പിന്നീട് ഞാൻ അവർക്ക് വേണ്ടി അനുഗൃഹീത രാവുകളിൽ ഈയൊരു ചിന്തയോടുകൂടി നിൽക്കുകയും അവരുടെ മേൽ കരുണചെയ്യപ്പെടാൻ വേണ്ടി രാത്രിയുടെ യാമങ്ങളിൽ അവർക്കായി ദുആ ചെയ്യുകയും ചെയ്തു. തൗബ ചെയ്യുന്നവർക്ക് വേണ്ടിയല്ലാതെ അല്ലാഹു ആരിലേക്കും കാരുണ്യത്തോടു കൂടി മടങ്ങുന്നില്ല. അവരിൽ ചില ആളുകൾ അതിർലംഘിച്ചവരും ചിലർ അതിർലംഘിച്ചവരുടെ സമീപസ്ഥരുമായിട്ടുണ്ടായിരുന്നു. അവരുടെ മാർഗം ഉചിതമായിരുന്നില്ല. മാത്രമല്ല, അതിൽ ചലിക്കാൻ അവർ ആഗ്രഹിച്ചിരുന്നുമില്ല. ഏതൊരാൾ ഒരു ചാൺ അല്ലാഹുവുമായി അടുക്കുന്നുവോ അപ്പോൾ അല്ലാഹു ഒരു മുഴം അവനോട് അടുക്കുന്നു. എന്നാൽ അക്രമി ഇത് ശ്രദ്ധിക്കുന്നില്ല. അവർ അല്ലാഹുവുമായുള്ള ബന്ധം വിച്ഛേദിച്ചുകളയുകയും ഭൗതീക ലോകത്തേക്ക് കുമ്പിടുകയും ചെയ്തിരിക്കുകയാണ്. അവരെ അശ്രദ്ധരാക്കുന്ന അതിശൈത്യം ബാധിച്ചിരിക്കുകയാൽ അവർ ഉണങ്ങി പോയിരിക്കുകയാണ്. ഈ കാരണത്താൽ ഓരോ നിമിഷവും അവർ വീഴ്ത്തപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവർ നന്മയേയും തിന്മയേയും കൂട്ടികലർത്തുകയും സത്യവിശ്വാസമാകുന്ന വള്ളിയെ മുറിച്ചുകളയുകയും ചെയ്തിരിക്കുകയാണ്. അവർ തികച്ചും കൂസലില്ലാത്തവരായി കഴിഞ്ഞിരിക്കുന്നു. അല്ലാഹു നിങ്ങളുടെ മേൽ കോപിഷ്ഠനായിരിക്കുന്നുവെന്നും അവൻ പ്ലേഗിനെ അയച്ചിരിക്കുന്നുവെന്നും അവരോട് പറയപ്പെടുമ്പോൾ, ഇത് വന്നും പോയും കൊണ്ടിരിക്കുന്ന ഒരു രോഗമാണെന്നും ഞങ്ങൾക്ക് മരണം സംഭവിക്കുകയില്ലെന്നും അവർ പറയുന്നു. അവരെ ഏത് രൂപത്തിലാണ് ഉണർത്തികൊണ്ടിരിക്കുന്നതെന്ന് ചിന്തിക്കുക. എന്നിട്ടും നോക്കൂ, അവർ എങ്ങനെയാണ് കണ്ണുകൾ ചിമ്മിക്കളയുന്നത്. അവർ മരണത്തെ കാണുന്നുണ്ടെങ്കിലും ഗുണപാഠം കരസ്ഥമാക്കുന്നില്ല. ഭൗതീക ലോകത്തിന്റെ മനം കവരുന്ന കാര്യങ്ങളിൽ ആകൃഷ്ടരും അതിൽ മനം നിറയാത്തവരുമായിട്ട് നിനക്ക് അവരെ കാണാവുന്നതാണ്.

അല്ലാഹുവിൽ നിന്ന് ഇറക്കപ്പെട്ട വചനങ്ങൾ അവരുടെ മുമ്പിൽ വായിക്കപ്പെടുമ്പോൾ അവർ ഓടി കളയുകയും ചീത്ത പറഞ്ഞുകൊണ്ട് മുഖം തിരിച്ചു കളയുകയും ചെയ്യുന്നു. അവരുടെ രാത്രികളിൽ നീ അവരെ മരിച്ചവരായും അവരുടെ പകലുകളിൽ എപ്പോഴും തന്നെ ജോലിയിൽ മുഴുകിയിരിക്കുന്ന കീടങ്ങളെ പോലെയും നീ അവരെ കാണുന്നതാണ്. അവർ തങ്ങളുടെ ഭൗതീക ലോക

ത്തിന്നു വേണ്ടി അലഞ്ഞുതിരിയുന്നവരും പരലോകത്തെ കുറിച്ച് അശ്രദ്ധരുമാണ്. കാലഘട്ടത്തിലെ സംഭവവികാസങ്ങൾ അവരെ പിൻതുടർന്നുകൊണ്ടേയിരിക്കുന്നു. എന്നിട്ടും അവർ ഉണരുന്നില്ല. അവരുടെ മുമ്പിൽ സത്യത്തിന്റെ കാര്യങ്ങൾ സമർപ്പിക്കപ്പെടുമ്പോൾ കോപിഷ്ഠരായികൊണ്ട് അത് കേൾക്കുകയും, കേൾക്കുന്നതിനോട് അനിഷ്ടം പ്രകടിപ്പിക്കുകയും അവർക്ക് മുമ്പിൽ വായിച്ചുകേൾപ്പിക്കപ്പെടുന്നതിനെ നിന്ദ്യമായി കാണുകയും ചെയ്യുന്നു. മരിച്ചുപോകുന്നവരാണ് എന്ന് അവർക്കറിയാമെങ്കിലും അവർ ബോധപൂർവ്വം അശ്രദ്ധ കാണിക്കുകയാണ് ചെയ്യുന്നത്. അവർ ഒരു അന്ധനെ പോലെ കരയുകയും പരലോകത്തെ കുറിച്ച് അശ്രദ്ധരുമാണ്. പിശാച് അവരുടെ മുമ്പിൽ അവരുടെ ദേഹേച്ഛകളെ അലംകൃതമാക്കി സമർപ്പിക്കുകയും അവർ ആ ആഗ്രഹങ്ങളിലേക്ക് ആകർഷിക്കപ്പെട്ടുപോവുകയും ചെയ്യുന്നു. അപ്പോൾ അല്ലാഹു അവരുടെ കർമ്മങ്ങളെ വൃഥാവിലാക്കി കളയുകയും അവരുടെ വിഭവങ്ങളെ ഉപയോഗശൂന്യവും കൊള്ളരുതാത്തതുമാക്കി കളയുകയും ചെയ്തു. അവർ ശപിക്കപ്പെട്ടവരായിരിക്കുന്നു. എങ്കിലും അത് അവർ അറിയുന്നില്ല. കുഴികളിൽ അവശേഷിച്ച ദുർഗന്ധപൂർണമായ കുറഞ്ഞ വെള്ളത്തെ അവർ സ്വായത്തമാക്കുകയും ആഴമുള്ള ശുദ്ധവും തെളിഞ്ഞതുമായ ജലത്തെ ഉപേക്ഷിക്കുകയുമാണ് ചെയ്യുന്നത്. ഇതിനു കാരണം അവർ ഭീരുക്കളും അലസരുമാണ് എന്നതാണ്. അതിനാൽ അവർ തരംതാണ വസ്തുക്കളിലാണ് തൃപ്തരാവുന്നത്. അവർ കളങ്കരഹിതമായ നിറങ്ങളെ ഉപേക്ഷിച്ചുകൊണ്ട് കറകൾ നിറഞ്ഞതിനെയാണ് സ്വായത്തമാക്കുന്നത്. അവർ വെയിലിന്റേയും തണലിന്റേയും ഇടയിലാണിരിക്കുന്നത്. (അതായത് വ്യക്തമായ നിലപാട് സ്വീകരിക്കാത്ത അവസ്ഥയിൽ) ഇബ്‌ലീസിന്റെ സദസ്സുകളെ ഉപേക്ഷിക്കുകയോ അതിൽ നിന്ന് മാറി നിൽക്കുകയോ ചെയ്യുന്നില്ല. ഭൗതീക ലോകത്തിന്റെ കവാടങ്ങൾ അവർക്കായി തുറന്നിടപ്പെടണമെന്നും അവർക്ക് ലോകത്തിലെ എല്ലാവിധ ഫലങ്ങളിൽ നിന്നും ഫലം നൽകപ്പെടണമെന്നുമാണ് അവരുടെ ഹൃദയാഭിലാഷം. അങ്ങനെ അവരെ വേണ്ടുവോളം തിന്നിപ്പിക്കുകയും കുടിപ്പിക്കുകയും ചെയ്യപ്പെടുന്നു. എന്നെ തള്ളിപ്പറയുന്നുവെങ്കിലും എന്ത് അടിസ്ഥാനത്തിലാണ് അവർ എന്നെ തള്ളിപ്പറയുന്നതെന്ന് എനിക്കറിയുകയില്ല. അവർ മറച്ചുവെക്കുന്ന കാര്യത്തെ വെളിപ്പെടുത്തണമെന്ന് അവരോട് ശപഥം ചെയ്തെങ്കിലും അവർ ഒന്നും തന്നെ പറഞ്ഞില്ല. അവർ തങ്ങളുടെ വെള്ള

ത്തിന്റെ തോൽസഞ്ചിയെ ഒരു തുള്ളി പോലും ചോർന്നുപോകാത്ത വിധത്തിൽ ശക്തമായ ചരടുകൊണ്ട് ബന്ധിച്ചിരിക്കുകയാണ്. പ്രസവസമയം കഴിഞ്ഞിട്ടും പ്രസവം നടക്കാത്ത പെണ്ണൊട്ടകത്തിന്റെ അവസ്ഥ പോലെയാണ് അവർ മസീഹ് ഇറങ്ങുന്ന സമയത്തെ കുറിച്ച് കരുതുന്നത്. (മസീഹിന്റെ ഇറക്കത്തിനുള്ള) എല്ലാ (അടയാളങ്ങളും) വെളിപ്പെട്ടുകഴിഞ്ഞിരിക്കുന്നെന്ന് അവർ കാണുന്നുവെങ്കിലും അവർ ഉണരുന്നില്ല. സൂര്യനും ചന്ദ്രനും ഗ്രഹണം സംഭവിച്ചില്ലേ? റമളാൻ മാസത്തിലാണ് അത് സംഭവിച്ചത്. ഭൂമിയുടെ ഭാരങ്ങൾ (നിക്ഷേപങ്ങൾ) എങ്ങനെ വെളിപ്പെട്ടുകൊണ്ടിരിക്കുന്നെന്നും തീവണ്ടി ഓടികൊണ്ടിരിക്കുന്നതും കപ്പലുകൾ സമുദ്രങ്ങൾ കീറി മുറിച്ചുകൊണ്ടിരിക്കുന്നെന്നും ജനങ്ങളെ ഒരുമിച്ചു കൂട്ടികൊണ്ടിരിക്കുന്നെന്നും അവർ കാണുന്നില്ലേ? ഇളംപ്രായത്തിലുള്ള പെണ്ണൊട്ടകങ്ങൾ ഉപേക്ഷിക്കപ്പെടുകയും വാഹനങ്ങൾക്ക് മാറ്റങ്ങൾ സംഭവിക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ അവരുടെ ഊഹങ്ങളെല്ലാം തന്നെ വെളിപ്പെടുകയും ചെയ്തിരിക്കുന്നു.

'മർഹമെ ഈസാ' എന്നത് ഈസായുടെ മരണത്തിനുള്ള ഒരു വ്യക്തമായ തെളിവാണ്. എന്നിട്ടും ഈ തെളിവിനെ കുറിച്ച് അവർ ചിന്തിക്കാത്തതും അതിനെ ഉപയോഗപ്പെടുത്താത്തതും എന്ത് കൊണ്ടാണ്? വാഗ്ദത്ത മസീഹിന്റെ ഉദാഹരണം ദുൽഖർനൈനുമായി സാദൃശ്യമുള്ളതാണ്. അല്ലയോ കണ്ണുകൾ ഉള്ളവരെ, ഈ കാര്യത്തിലേക്ക് തന്നെയാണ് ഖുർആൻ സൂചന നൽകിയിരിക്കുന്നത്. നിങ്ങൾ ചിന്തിക്കുമെങ്കിൽ ഈ ഉദാഹരണം മാത്രം നിങ്ങൾക്ക് മതിയാകുമായിരുന്നു. ഞാൻ ദുൽഖർനൈനിനെ പോലെ സമർഥനും കാര്യഗ്രാഹ്യശക്തിയുള്ളവനുമാണെന്നതാണ് യാഥാർഥ്യം. ഭൂമിയുടെ എല്ലാ പ്രദേശങ്ങളിൽ നിന്നും ജനങ്ങളെ ഒരുമിച്ചുകൂട്ടുവാനുള്ള മാർഗ്ഗം എനിക്കായി ഒന്നിപ്പിച്ചിരിക്കുകയാണ്. ഞാൻ ഈ സ്ഥലത്ത് താമസിച്ചുകൊണ്ട് തന്നെ എന്റെ സഞ്ചാരങ്ങളുടെ കർത്തവ്യം പൂർത്തിയാക്കിയിരിക്കുകയാണ്. ഇസ്‌ലാമിൽ ഹറമൈയ്ൻ ശരീഫൈയ്നി(മക്കയും മദീനയും)ലേക്കുള്ള യാത്രക്കല്ലാതെ മറ്റൊരിടത്തേക്കുള്ള യാത്രക്കും മുൻകൂട്ടിയുള്ള ഒരുക്കങ്ങൾ നടത്തേണ്ടത് നിർബ്ബന്ധമില്ല. അതിനാൽ ഇരുലോകങ്ങളുടേയും നാഥൻ ഈ രീതിയിൽ എനിക്കായി യാത്രക്കുള്ള ഏർപ്പാടുകൾ ചെയ്തു തന്നു. അങ്ങനെ ഞാൻ എന്റെ ഈ യാത്രക്കിടയിൽ രണ്ട് വിരുദ്ധ സമുദായങ്ങളെ കണ്ടുമുട്ടി. അതിൽ ഒരു സമുദാ

യത്തിന്റെ മേൽ സൂര്യൻ കത്തിജ്വലിക്കുകയും അതിന്റെ തീക്ഷ്ണ മായ ജ്വാലകൾ അവരുടെ മുഖങ്ങളെ കരിച്ചുകളയുകയും അവർ പരാജിതരും വിഫലരുമായി മടങ്ങുകയും ചെയ്തു. രണ്ടാമത്തെ സമുദായം അതിശൈത്യത്തിലായിരിക്കും. ശുദ്ധമായ നീരുറവ വറ്റി പ്പോയത് കാരണം അവർ മലിന ജലസ്രോതസ്സുകളിലാണ് നില കൊള്ളുന്നത്. ഈ (ആദ്യത്തെ) ഉദാഹരണം ഞങ്ങൾ തന്നെയാണ് മുസ്‌ലിമീങ്ങളെന്ന് പറയുന്നവരുടേതാണ്. എന്നാൽ ഇസ്‌ലാമാകു ന്ന സൂര്യനിൽ നിന്നും അവർക്ക് ഒരു പങ്കും തന്നെ ലഭിച്ചിട്ടില്ല. അവർ തങ്ങളുടെ ശരീരങ്ങളെ ഉപയോഗപ്പെടുത്തുന്നതിന്ന് പകരം കത്തിക്കുകയും കരിച്ചുകളയുകയുമാണ് ചെയ്യുന്നത്. (രണ്ടാമത്തെ) ഉദാഹരണം തൗഹീദാകുന്ന സൂര്യന്റെ പ്രകാശത്തിൽ നിന്ന് ഒന്നും തന്നെ ശേഷിച്ചിട്ടില്ലാത്തവരുടേതാണ്. അവർ ഈസായെ ആരാധ്യ നാക്കുകയും ജീവിച്ചിരിക്കുന്ന(ദൈവം)തിന്ന് പകരം മരിച്ചതിനെ സ്വായത്തമാക്കുകയും ചെയ്തു. അവർ അതിന്റെ ആവശ്യക്കാ രാണെന്നാണ് മനസ്സിലാക്കുന്നത്.

ഈ രണ്ട് ഉദാഹരണങ്ങളും തങ്ങളെ നിരവധി ഛിന്നഭിന്നമായ വിഭാഗങ്ങളാക്കി വീതിച്ചു നൽകിയ സമുദായത്തിന്റേതാണ്. സൂര്യ ന്റെ പ്രകാശം അവർക്ക് ഒരു ഗുണവും തന്നെ ചെയ്തില്ല എന്ന് മാ ത്രമല്ല, ചൂടിന്റെ കാഠിന്യം അരുടെ മുഖങ്ങളെ കരിച്ചുകളയുകയാണ് ചെയ്തത്. ആകയാൽ അവർ നശിച്ചുകൊണ്ടിരിക്കുകയാണ്. സൂര്യ ന്റെ പ്രകാശത്തിൽ നിന്ന് ഓടിക്കളഞ്ഞുകൊണ്ട് അന്ധകാരത്തി ലേക്ക് തിരിച്ചുപോയവരുടെ ഉദാഹരണമാണ് ആ ആളുകളുടേത്. ഹിജ്റ, ക്രിസ്ത്വാബ്ദം മുതലായ പ്രചാരത്തിലുള്ള എല്ലാ കലണ്ട റുകൾ പ്രകാരവും ഞാൻ രണ്ട് നൂറ്റാണ്ട് കണ്ടിരിക്കുന്നു. ഇതേ പരിഗണനയിലാണ് അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ ദുൽഖർനൈൻ എന്ന് എനിക്ക് പേര് വെക്കപ്പെട്ടിരിക്കുന്നത്. ഇതിൽ ചിന്തിക്കുന്ന വർക്ക് മഹത്തായ ഒരു അടയാളമുണ്ട്.

യഅ്ജൂജ് മഅ്ജൂജിനെ തുറന്നുവിടപ്പെട്ട കൃത്യസമയത്താണ് ഞാൻ വന്നിരിക്കുന്നത്. അവൻ എല്ലാ ഉയരങ്ങളേയും സമുദ്ര തിര മാലകളേയും ചാടിക്കടന്നു പരന്നുകൊണ്ടിരിക്കുകയാണ്. വ്യക്ത മായ അടയാളങ്ങൾ കാണിച്ചുകൊണ്ടും ആകാശങ്ങളിൽ നിന്ന് മലക്കുകളെ ഭൂമിയിലേക്ക് വലിച്ചുകൊണ്ടുവരുമാറുള്ള ദുആകൾ പ്രയോഗിച്ചുകൊണ്ട് മുസ്‌ലിമീംകളെ അവന്റെ ആക്രമണത്തിൽ നിന്ന് രക്ഷിക്കുവാനും മുസ്‌ലിമീംകൾക്കായി ശക്തമായ സുരക്ഷാ

ഭിത്തി നിർമ്മിക്കുവാനും വേണ്ടിയിട്ടാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്.

തന്റെ ദാസനെ കൃത്യസമയത്ത് അയക്കുകയും കുഴപ്പവും നിരാശ്രയത്വത്തിന്റെ അവസ്ഥയുമുള്ള കാലഘട്ടത്തിൽ അവനെ ആകാശത്ത് നിന്ന് ഇറക്കുകയും ചെയ്ത അല്ലാഹുവിന്റെ അസ്തിത്വമാണ് യഥാർഥ സ്തുതികൾക്ക് അർഹമായത്. അവന്റെ വിധികളെ മാറ്റി മറിക്കുന്നവനും അതിന്റെ അസ്തിവാരങ്ങളെ തകർക്കുന്നവനുമായിട്ട് നിങ്ങളിൽ ആരെങ്കിലുണ്ടോ? അല്ലാഹുവിന്റെ അസ്തിത്വം അങ്ങേയറ്റം പരിശുദ്ധമാണ്. നിങ്ങളുടെ ചിന്തകൾക്കും ഊഹങ്ങൾക്കും അതീതമായ നിലയിൽ അവൻ ഉന്നതനുമാണ്.

നിങ്ങൾ എന്നെ നിരാകരിച്ചിരിക്കുകയാണ്. അങ്ങനെ നിങ്ങൾ നിങ്ങളുടെ മേൽ തന്നെ അതിക്രമം പ്രവർത്തിക്കുക മാത്രമാണ് ചെയ്തത്. ഞാൻ എന്റെ കാര്യങ്ങളെല്ലാം തന്നെ അല്ലാഹുവിൽ ഭരമേൽപ്പിക്കുകയാണ്. വേഗം തന്നെ നിങ്ങൾക്ക് അവസ്ഥിതിയുടെ യാഥാർഥ്യം മനസ്സിലാകുന്നതാണ്.

എല്ലാം തന്നെ നൽകുന്നവനായ റബ്ബിന്റെ സഹായത്താൽ ഈ ഗ്രന്ഥം അതിന്റെ പരിപൂർണ്ണതയിലെത്തിയിരിക്കുകയാണ്.

# ഹദ്റത്ത് സാഹിബ് സാദാ മൗലവി അബ്ദുലത്തീഫ് സാഹിബ് മർഹൂമിന്റെ ശഹാദത്തിനു ശേഷമുള്ള അവസ്ഥകൾ

ഹദ്റത്ത് സാഹിബ് സാദാ മൗലവി അബ്ദുലത്തീഫ് സാഹിബിന്റെ ഒരു പ്രാധാന ശിഷ്യൻ മിയാം അഹ്മദ് നൂർ 1903 നവംബർ 8ാം തീയ്യതി കുടുംബസമേതം ഖോസ്തിൽ നിന്ന് ഖാദിയാനിൽ എത്തുകയുണ്ടായി. അദ്ദേഹം വിവരിക്കുകയാണ്, മൗലവി സാഹിബിന്റെ ശവശരീരം പൂർണമായും നാൽപത് ദിവസം വരെ അദ്ദേഹത്തെ എറിഞ്ഞ് ശഹീദാക്കിയ ആ കല്ലിൻക്കൂനക്കുള്ളിൽ തന്നെ കിടക്കുകയായിരുന്നു. അതിനുശേഷം ഞാൻ എന്റെ ചില സുഹൃത്തുക്കളോടൊപ്പം ഒരു രാത്രി സമയത്ത് അവിടെ പോവുകയും ശവശരീരം പുറത്തെടുക്കുകയും ചെയ്തു. എന്നിട്ട് വളരെ രഹസ്യമായി അത് പട്ടണത്തിലേക്ക് കൊണ്ടുവന്നു. അമീറും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥന്മാരും ഇതിനു എന്തെങ്കിലും തടസ്സം സൃഷ്ടിക്കുമെന്ന ആശങ്ക ഉണ്ടായിരുന്നെങ്കിലും പട്ടണത്തിൽ കോളറ രോഗം വ്യാപകമായി പടർന്നിരുന്നതിനാൽ എല്ലാവരും തന്നെ അവരവരുടെ വിഷമങ്ങളിൽ അകപ്പെട്ടിരിക്കുകയായിരുന്നു. അതിനാൽ ഞങ്ങൾ വളരെ സമാധാനപൂർവ്വം മൗലവി സാഹിബ് മർഹൂമിന്റെ ജനാസ ഖബർസ്ഥാനിലേക്ക് കൊണ്ടുപോവുകയും അവിടെ ജനാസ നമസ്ക്കരിച്ചതിനുശേഷം ഖബറടക്കുകയും ചെയ്തു. വളരെ അത്ഭുതകരമെന്നു പറയട്ടെ, മൗലവി സാഹിബിന്റെ ശരീരത്തെ ആ കല്ലിൻക്കൂനക്കുള്ളിൽ നിന്നും പുറത്തെടുത്തപ്പോൾ അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്നും കസ്തൂരിയെ പോലുള്ള സുഗന്ധമായിരുന്നു വമിച്ചിരുന്നത്. അത് എല്ലാവരേയും വളരെയധികം ആശ്ചര്യപ്പെടുത്തുകയുണ്ടായി.

ഈ സംഭവത്തിനു മുമ്പ് കാബൂളിലുള്ള പണ്ഡിതന്മാർ അമീറിന്റെ കൽപന പ്രകാരം മൗലവി സാഹിബുമായി വാദപ്രതിവാദം നടത്താൻ ഒത്തുകൂടിയിട്ടുണ്ടായിരുന്നു. മൗലവി സാഹിബ് അവരോടു പറഞ്ഞു, നിങ്ങൾക്ക് രണ്ടു ദൈവങ്ങളാണുള്ളത്. കാരണം നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുന്നതുപോലെയാണ് അമീറിനെ ഭയപ്പെടുന്നത്. എന്നാൽ എനിക്ക് ഒറ്റ ദൈവമേയുള്ളൂ. അതിനാൽ

ഞാൻ അമീറിനെ ഭയപ്പെടുന്നില്ല. അദ്ദേഹത്തെ അറസ്റ്റു ചെയ്യുന്നതിനു മുമ്പ് അദ്ദേഹം വീട്ടിലായിരുന്നു. ഈ സംഭവത്തെ കുറിച്ച് അദ്ദേഹത്തിനു ഒരു വിവരവും തന്നെ ഇല്ലായിരുന്നു. ആ സമയത്ത് അദ്ദേഹം തന്റെ രണ്ട് കൈകളേയും അഭിസംബോധന ചെയ്തു കൊണ്ട് ഇങ്ങനെ പറഞ്ഞു, അല്ലയോ എന്റെ കൈകളേ, നിങ്ങൾക്ക് കൈവിലങ്ങുകളെ സഹിക്കാനുള്ള കെൽപുണ്ടോ? അദ്ദേഹത്തിന്റെ ഈ വാക്കുകൾ കേട്ടപ്പോൾ വീട്ടുകാർ ചോദിച്ചു, താങ്കൾ എന്താണ് ഈ പറഞ്ഞത്? അപ്പോൾ അദ്ദേഹം പറഞ്ഞു, അസറിനുശേഷം നിങ്ങൾക്ക് മനസ്സിലാകും കാര്യമെന്താണെന്ന്. അങ്ങനെ അസർ നമസ്ക്കാരത്തിനുശേഷം ഭരണാധികാരിയുടെ ഭടന്മാർ വരികയും അദ്ദേഹത്തെ അറസ്റ്റു ചെയ്യുകയും ചെയ്തു. അപ്പോൾ അദ്ദേഹം വീട്ടിലുള്ളവരെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു, ഞാൻ പോവുകയാണ്. നോക്കൂ, ഏതൊരു വിശ്വാസത്തിലും പ്രമാണത്തിലുമാണോ ഞാൻ ഉള്ളത്, അത് തന്നെയായിരിക്കണം നിങ്ങളുടെ വിശ്വാസവും പ്രമാണവും. മറ്റൊരു മാർഗം അവലംബിക്കുന്ന അവസ്ഥ നിങ്ങൾക്കുണ്ടാവരുത്. അറസ്റ്റിനു ശേഷം വഴിയിലൂടെ നടന്നു പോകുമ്പോൾ അദ്ദേഹം പറയുകയുണ്ടായി, ഈ ആൾക്കൂട്ടത്തിൽ ഇപ്പോൾ ഞാനൊരു മണവാളനാണ്. സംവാദ സമയത്ത് പണ്ഡിതന്മാർ ചോദിച്ചു, വാഗ്ദത്ത മസീഹാണെന്നു വാദിക്കുന്ന ഈ ഖാദിയാനി വ്യക്തിയെ കുറിച്ച് നിനക്കെന്താണ് പറയാനുള്ളത്? അപ്പോൾ മൗലവി സാഹിബ് മറുപടിയായി കൊണ്ട് പറഞ്ഞു, നാം ആ വ്യക്തിയെ കണ്ടിരിക്കുന്നു.അദ്ദേഹത്തിന്റെ എല്ലാ കാര്യങ്ങളിലും വളരെ ഗാഢമായി പരിചിന്തനം നടത്തുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തെ പോലെ ഒരാൾ ഈ ഭൂമിയിൽ ഇല്ല തന്നെ. നിസ്സംശയം അദ്ദേഹം വാഗ്ദത്ത മസീഹാണ്. അദ്ദേഹം മരിച്ചവരെ ജീവിപ്പിച്ചു കൊണ്ടിരിക്കുകയുമാണ് ചെയ്യുന്നത്. അപ്പോൾ മുല്ലാക്കൾ ആക്രോശിച്ചുകൊണ്ട് പറഞ്ഞു, അവൻ കാഫിറാണ്, നീയും കാഫിറാണ്. അങ്ങനെ അദ്ദേഹം തന്റെ നിലപാടിൽ നിന്ന് പശ്ചാത്തപിച്ച് മടങ്ങിയില്ല എന്ന കാരണത്താൽ അമീറിൽ നിന്ന് അദ്ദേഹത്തെ കല്ലെറിഞ്ഞു കൊല്ലുമെന്ന ഭീഷണി ഉണ്ടാവുകയും ചെയ്തു. അപ്പോൾ ഇനി താൻ കൊല്ലപ്പെടുമെന്ന് അദ്ദേഹം ഉറപ്പിക്കുകയും ഈ ആയത്ത് ഓതുകയും ചെയ്തു.

رَبَّنَا لَا تُزِغْ قُلُوْبَنَا بَعْدَ اِذْ هَدَيْتَنَا وَهَبْ لَنَا مِنْ لَّدُنْكَ رَحْمَةً ۚ اِنَّكَ اَنْتَ الْوَهَّابُ ۞

അതായത് ഞങ്ങളുടെ അല്ലാഹുവേ, ഞങ്ങളെ നീ നേർമാർഗ്ഗ

ത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ വ്യതിചലിച്ചു പോകുന്നതിൽ നിന്നും രക്ഷിക്കേണമേ. ഞങ്ങൾ വഴുതി പോകുന്നതിൽ നിന്നും സംരക്ഷിച്ച് നിർത്തേണമേ. നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. കാരണം എല്ലാ കാരുണ്യവും നൽകുന്നവൻ നീ മാത്രമാണ്. (3:9)

പിന്നീട് അദ്ദേഹത്തെ കല്ലെറിയാൻ തുടങ്ങിയപ്പോൾ അദ്ദേഹം ഈ ആയത്ത് ഓതുകയുണ്ടായി.

اَنْتَ وَلِيّٖ فِي الدُّنْيَا وَالْاٰخِرَةِ ۚ تَوَفَّنِيْ مُسْلِمًا وَّاَلْحِقْنِيْ بِالصّٰلِحِيْنَ

അതായത് അല്ലയോ എന്റെ ദൈവമേ, ഇഹത്തിലും പരത്തിലും നീ മാത്രമാണ് എന്റെ രക്ഷാകർത്താവ്. എനിക്ക് ഇസ്‌ലാമിൽ നിന്നുകൊണ്ട് മരണം നൽകുകയും നിന്റെ സുകൃതവാന്മാരായ ദാസന്മാരിൽ എന്നെ ഉൾപ്പെടുത്തുകയും ചെയ്യേണമേ.(12:102) അതിനുശേഷം കല്ലേറ് ശക്തി പ്രാപിക്കുകയും അങ്ങിനെ ഹദ്‌റത്ത് മർഹൂം ശഹീദാക്കപ്പെടുകയും ചെയ്തു. *ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.* അടുത്ത ദിവസം പ്രഭാതത്തോടുകൂടി തന്നെ കാബൂളിൽ കോളറ പൊട്ടിപുറപ്പെട്ടു. ഈ രക്തചൊരിച്ചിലിന്റെ മുഖ്യ കാരണക്കാരനും അമീർ ഹബീബുള്ളാഖാന്റെ യഥാർഥ സഹോദരനുമായ നസ്റുള്ളാഖാന്റെ വീട്ടിൽ കോളറ പടരുകയും അയാളുടെ ഭാര്യയും കുട്ടിയും മരിക്കുകയും ചെയ്തു. അങ്ങനെ ഓരോ ദിവസവും നാന്നൂറോളം പേർ മരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ശഹാദത്ത് നടന്ന ദിവസം രാത്രി ആകാശം ചുവപ്പുനിറം പ്രാപിച്ചിരുന്നു. മൗലവി സാഹിബ് അതിനുമുമ്പ് പറയാറുണ്ടായിരുന്നു, ഇടക്കിടെ اِذهب الٰى فرعون انّى معک أسمع و أرٰى و أنت محمّد معنبر معطّر (നീ ഫിർഔന്റെ അടുക്കലേക്ക് പോവുക. ഞാൻ നിന്നോടൊപ്പമുണ്ട്. ഞാൻ കേൾക്കുന്നുമുണ്ട്. കാണുന്നുമുണ്ട്. നീ സ്തുതിക്കപ്പെട്ടവനും സുഗന്ധം പരത്തുന്നവനും സുഗന്ധപൂരിതനുമാണ്.) എന്ന ഇൽഹാം ഉണ്ടാകാറുണ്ട്. തുടർന്നു പറഞ്ഞു, "ആകാശം ബഹളമയമാകുന്നു, കഠിനമായ ജ്വരം ബാധിച്ച ആളെ പോലെ ഭൂമി വിറകൊള്ളുന്നു, ഈ കാര്യങ്ങളെല്ലാം നടക്കുന്നവയാണ് എന്ന് ലോകം അറിയു ന്നില്ല" എന്ന ഇൽഹാമും എനിക്ക് ഉണ്ടാകാറുണ്ട്. "ഈ മാർഗത്തിൽ ഞാൻ എന്റെ ശിരസ്സ് നൽകണമെന്നും അതിൽ നീ സങ്കോചിക്കരുതെന്നും കാബൂൾ ഭൂമിയുടെ നന്മക്കായി അല്ലാഹു ഇത് തന്നെയാണ് ആഗ്രഹിച്ചത്" എന്നും എനിക്ക് എപ്പോഴും

ഇൽഹാം ഉണ്ടാകാറുണ്ട്. മിയാം അഹ്മദ് നൂർ പറയുന്നു, ബഹു മാന്യരായ മൗലവി സാഹിബ് ഒന്നരമാസം ജയിലിൽ കഴിഞ്ഞു. നാം മുമ്പ് എഴുതിയത് അദ്ദേഹം നാലുമാസം ജയിലിൽ കഴിഞ്ഞു വെന്നാണ്. ഇത് നിവേദനത്തിലുള്ള വ്യത്യാസമായിരിക്കാം. എന്നാൽ യഥാർഥ സംഭവത്തെ കുറിച്ച് എല്ലാവരും ഏകാഭിപ്രായ ക്കാരാണ്.

*വസ്സലാമു അലാ മനിത്തബഅൽ ഹുദാ.*